# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 10, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1358/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 77

II അടിയന്തരപ്രമേയം

അട്ടപ്പാടി ആദിവാസി ഊരിലെ പോലീസ് അതിക്രമം

—ശ്രീ. എൻ. ഷംസുദ്ദീൻ

(അവതരണാനുമതി നിഷേധിച്ചു) .. 418

III ശ്രദ്ധ ക്ഷണിക്കൽ

(1) നെല്ല് സംഭരണത്തിലെ അപാകതകൾ

—ശ്രീ. കെ. ഡി. പ്രസേനൻ .. 432

(2) ആദിവാസി ഗോത്രസമൂഹങ്ങളുടെ അവകാശസംരക്ഷണം

—ശ്രീ. ഐ. സി. ബാലകൃഷ്ണൻ .. 436

IV സബ്മിഷൻ

(1) പുനർഗേഹം പദ്ധതി

—പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) .. 440

(2) വടകര-മാഹി കനാൽ

—ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ .. 445

(3) കരമന-വെള്ളറട റോഡ് നിർമ്മാണം

—ശ്രീ. ഐ. ബി. സതീഷ് .. 447

(4) ഹൗസ് ബോട്ട് മേഖലയിലെ പ്രതിസന്ധി

—ശ്രീ. പി. പി. ചിത്തരഞ്ജൻ .. 448

(5) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ

—ശ്രീ. രമേശ് ചെന്നിത്തല .. 450

പേജ്

(6) ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം

— ശ്രീ. ഇ. കെ. വിജയൻ .. 452

(7) ഫാം തൊഴിലാളികളുടെ ശമ്പളവും ക്ഷാമബത്തയും സ്കാർക്കിലുൾപ്പെടുത്തൽ

—ശ്രീ. ഡി. കെ. മുരളി .. 454

(8) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

—ശ്രീ. സി. എച്ച്. കുഞ്ഞമ്പു .. 455

(9) പിറവം താലൂക്കാശുപത്രി

—ശ്രീ. അനൂപ് ജേക്കബ് .. 458

(10) മഞ്ചേരി ജനറൽ ആശുപത്രി

—ശ്രീ. യു. എ. ലത്തീഫ് .. 460

**V റിപ്പോർട്ട് സമർപ്പണം**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ .. 462

**VI ക്രമപ്രശ്നം**

ക്രമവിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്

—ശ്രീ. റോജി എം. ജോൺ .. 462

**റൂളിംഗ്** .. 464

**VII ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 466

ധനാഭ്യർത്ഥന നമ്പർ XVII — വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം .. 469

ധനാഭ്യർത്ഥന നമ്പർ XXV — തൊഴിലും തൊഴിലാളിക്ഷേമവും, പ്രവാസി ക്ഷേമവും .. 475

പേജ്

| | | | |
|---|---|---|---|
| | ധനാഭ്യർത്ഥന നമ്പർ XXV — പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമവും | .. | 479 |
| | ധനാഭ്യർത്ഥന നമ്പർ XXXI — മൃഗസംരക്ഷം | .. | 484 |
| | ധനാഭ്യർത്ഥന നമ്പർ XXXII — ക്ഷീരവികസനം | .. | 487 |
| | ധനാഭ്യർത്ഥന നമ്പർ XLVI — സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | .. | 491 |
| | **ചർച്ചകൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ** | .. | 639 |
| **VIII** | **അറിയിപ്പ്** | .. | 640 |
| | **അനുബന്ധം** | .. | 641 |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ആഗസ്റ്റ് 10, ചൊവ്വ*

| വാല്യം 185] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 14 |
|---|---|---|

നിയമസഭ 2021 ആഗസ്റ്റ് മാസം 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *391

### സർവ്വകലാശാലകളുടെയും കോളേജുകളുടെയും റാങ്കിംഗ്

1 (*391) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. എം. എസ്. അരുൺ കുമാർ:

ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും കോളേജുകൾക്കും മികവ് കൈവരിക്കാനായിട്ടുണ്ടോ; സംസ്ഥാനത്തെ സർവ്വകലാശാലകൾക്കെല്ലാം നാക് അക്രഡിറ്റേഷൻ ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സർവ്വകലാശാലകളുടെ സമ്പൂർണ്ണ മേന്മ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾക്കും പശ്ചാത്തല സൗകര്യ വർദ്ധനവിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനും ഉയർത്തുന്നതിനും സാക് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ) 2020-ലെ NIRF (National Institutional Ranking Framework) റാങ്കിംഗ് പ്രകാരം കേരള സർവ്വകലാശാല 23-ാം സ്ഥാനത്തും മഹാത്മാഗാന്ധി സർവ്വകലാശാല 30-ാം സ്ഥാനത്തും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 62-ാം സ്ഥാനത്തുമാണുള്ളത്. കേരള സർവ്വകലാശാലയ്ക്കും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്കും കാലിക്കറ്റ് സർവ്വകലാശാലയ്ക്കും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്കും 'A' ഗ്രേഡ് നാക് അക്രഡിറ്റേഷനും കണ്ണൂർ സർവ്വകലാശാലയ്ക്ക് 'B' ഗ്രേഡ് നാക് അക്രഡിറ്റേഷനും ലഭ്യമായിട്ടുണ്ട്. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, മലയാളം സർവ്വകലാശാല എന്നിവിടങ്ങളിൽ നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രാജ്യത്തെ കോളേജുകളുടെ NIRF റാങ്കിംഗ് കേരളത്തിലെ 20 കോളേജുകൾക്ക് (4 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ, 16 എയ്ഡഡ് കോളേജുകൾ) കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. NIRF റാങ്കിംഗ് പ്രകാരം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് രാജ്യത്ത് ഇരുപത്തിമൂന്നാം സ്ഥാനം നേടിയിട്ടുണ്ട്. നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 40 സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്.

(ബി) ഉന്നതവിദ്യാഭ്യാസരംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ.
2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം.
3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ.

4. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ.

5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതം, കിഫ്ബി, റൂസ എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ വിനിയോഗിച്ച് പശ്ചാത്തല സൗകര്യവർദ്ധനയ്ക്കുള്ള വിവിധ പദ്ധതികൾ സർവ്വകലാശാലകളിൽ നടന്നുവരികയാണ്.

(സി) 2007-ൽ നിലവിൽ വന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കൗൺസിലിലെ ഒരു കേന്ദ്രമാണ് അസസ്സ്മെന്റ് സെന്റർ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനോടൊപ്പം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്താനും സാക് (SAAC)-ന് ആകുന്നതാണ്.

നാക് അക്രഡിറ്റേഷൻ, ഗ്രേഡിംഗ് പ്രക്രിയകൾക്ക് വിധേയമാകാൻ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ തയ്യാറെടുപ്പിക്കൽ; സർവ്വകലാശാലകൾ, സർക്കാർ-എയ്ഡഡ് കോളേജുകൾ എന്നിവയ്ക്ക് പുറമേ, സ്വയംഭരണ കോളേജുകൾ, സ്വാശ്രയ കോളേജുകൾ തുടങ്ങിയവയുടെ പ്രവർത്തനവും മികവും വിലയിരുത്തി അക്രഡിറ്റേഷനും ഗ്രേഡിംഗും നൽകൽ; അന്താരാഷ്ട്ര-അന്തർദ്ദേശീയ തലങ്ങളിൽ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചും ഉദിച്ചു വരുന്ന പ്രവണതകളെക്കുറിച്ചും സർവ്വകലാശാലകൾക്കിടയിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിലും അവബോധമുണ്ടാക്കി കാലത്തിനൊത്ത് മാറാൻ സ്ഥാപനങ്ങളെ പ്രേരിപ്പിക്കൽ; അക്കാദമിക മികവ് വിലയിരുത്തുന്നതിന് ദേശീയ മാനദണ്ഡങ്ങൾക്ക് പുറമെ, സംസ്ഥാനത്തിന്റെ സവിശേഷതകൾക്കനുസൃതമായ മാനദണ്ഡങ്ങൾ കൂടി വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും. NAAC അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനൊപ്പം State specific മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വിലയിരുത്തലുമുണ്ടാകും. Digital Platform-ൽ ആയിരിക്കും SAAC-ന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത്. സംസ്ഥാന തലത്തിലുള്ള റാങ്കിംഗിന് Kerala Institutional Ranking Framework (KIRF) സംവിധാനവും SAAC

നടത്തിപ്പിന് തയ്യാറാക്കിവരുന്ന web portal-ൽ ഉണ്ടായിരിക്കും. NAAC-ൽ വിഭാവന ചെയ്തിട്ടുള്ള 5 core values-ന് പുറമേ, Social Inclusiveness, Equity and Excellence, Scientific temper and secular outlook എന്നീ 3 core values കൂടി സ്ഥാപനങ്ങളെ state specific ആയി വിലയിരുത്തുന്നതിന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കടകംപള്ളി സുരേന്ദ്രനുവേണ്ടി ശ്രീ. എം. വിജിൻ: സർ, ഒന്നാം പിണറായി സർക്കാർ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒട്ടനവധി ശ്രദ്ധേയമായ പരിഷ്കാരങ്ങൾ കൊണ്ടുവരികയുണ്ടായി. കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുമായും വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ ഇടപെടൽ നടത്തിയ വിദഗ്ദ്ധരുമായും നേരിട്ട് സംവദിച്ചുകൊണ്ട് നിരവധി പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുകയും കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുമെന്ന പ്രഖ്യാപനം നടത്തുകയും ഇതിനോടകംതന്നെ ആറിന കർമ്മപദ്ധതികൾ മുന്നോട്ടുവയ്ക്കുകയും ചെയ്തതിനെ അഭിനന്ദിക്കുകയാണ്. നിലവിലുള്ള സർവ്വകലാശാല നിയമങ്ങൾ കാലഹരണപ്പെട്ടതും ഒട്ടേറെ സങ്കീർണതകൾ നിറഞ്ഞതുമാണ്. ഇതിന്റെ പ്രധാന കാരണം സർവ്വകലാശാല നിയമങ്ങളിലെ ചില വ്യവസ്ഥകളും യു.ജി.സി. റെഗുലേഷനിലെ കഠിന നിബന്ധനകളുമാണ്. സർവ്വകലാശാല നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടിക്രമങ്ങൾ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, കാലഹരണപ്പെട്ട സർവ്വകലാശാല ചട്ടങ്ങളും നിയമങ്ങളും പരിശോധിച്ച് നിലവിലുള്ള യു.ജി.സി. റെഗുലേഷനുകൾക്ക് വിധേയമായി പരിഷ്കരിക്കുന്നതിലേയ്ക്കായി ഒരു നിയമ പരിഷ്കാര കമ്മിറ്റിയെ നിയോഗിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വൈകുന്നേരം ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി പറയുന്നതിന്റെ ഭാഗമായി പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. എം. വിജിൻ: സർ, കേരളത്തിൽ താറുമാറായിരിക്കുന്ന സർവ്വകലാശാല പരീക്ഷകൾ നേർവഴിയിലേയ്ക്ക് കൊണ്ടുവരുന്നതിനും സമയബന്ധിതമായി പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനും കഴിഞ്ഞ അഞ്ചുവർഷത്തിൽ സാധിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർക്കാരിന്റെ ഭാഗത്തുനിന്നും ശ്രദ്ധേയമായ ഇടപെടലുണ്ടായിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിലും കേരളത്തിൽ പരീക്ഷ നടത്താൻ സാധിച്ചത് മാതൃകാപരമാണ്. എന്നിരുന്നാലും വർഷങ്ങളായി നിലനിൽക്കുന്ന പരീക്ഷാരീതികൾ കാലോചിതമായി പരിഷ്കരിക്കേണ്ടത് സംബന്ധിച്ച് വിദ്യാഭ്യാസ വിദഗ്ദ്ധർ അക്കാദമിക സമൂഹത്തിൽ വലിയ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിൽ ഏതെങ്കിലും തരത്തിലുള്ള നടപടി സർക്കാർ സ്വീകരിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, പരീക്ഷ പരിഷ്കരണത്തിനും പ്രത്യേകിച്ച് ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് പരീക്ഷകൾ ക്രമീകരിക്കുന്നത് സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരീക്ഷ പരിഷ്കരണ കമ്മിറ്റിയെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ സർവ്വകലാശാലകളിൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും അതുമായി ബന്ധപ്പെട്ട വിശദാംശ ങ്ങളെക്കുറിച്ച് നന്നായി പരിചയമുള്ള വിദഗ്ദ്ധരെയുമാണ് ഈ കമ്മീഷനിലേയ്ക്ക് നിയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോവിഡിനെത്തുടർന്ന് വിദ്യാഭ്യാസ രീതിയിൽ മാറ്റം സംഭവിച്ചതിന്റെ ഫലമായി ഉന്നത വിദ്യാഭ്യാസരംഗത്തെ വിദ്യാർ ത്ഥികൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ഗവൺമെന്റ് കലാലയങ്ങളിലെ വിദ്യാർത്ഥികളുടെ മാനസിക സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എയ്ഡഡ് കലാലയങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള ആലോചന നടന്നുവരുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, കുട്ടികൾ ഉന്നത വിദ്യാഭ്യാസ ത്തിനായി വിദേശ രാജ്യങ്ങളിൽ പോകുന്നു. വിദേശരാജ്യങ്ങളിൽനിന്നും വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തേയ്ക്ക് വരുന്നതിന് വലിയ താൽപ്പര്യമാണ്. എന്റെ നിയോജകമണ്ഡലത്തിലെ രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജുൾപ്പെടെയുള്ള കോളേജുകളിൽ വിദേശ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. വിദ്യാർത്ഥികളെ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കൂടുതൽ ആകർഷിക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കാൻ തയാറാകുമോ?

ഡോ. ആർ. ബിന്ദു: സർ, സർവ്വകലാശാല വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങളിലും ഗുണമേന്മ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരികയാണ്. അതിനായി വ്യത്യസ്ത മേഖലകളിൽ പരിചയസമ്പന്നരായ വിദ്യാഭ്യാസ വിചക്ഷണരുടെ വിവിധ കമ്മീഷനുകൾ രൂപീകരിച്ച് കുട്ടികൾക്ക് ആവശ്യമായ തരത്തിൽ സീറ്റുകൾ ലഭ്യമാക്കി എൻറോൾമെന്റ് റേഷ്യോ ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സിലബസ്, കരിക്കുലം എന്നിവ പരിഷ്കരിക്കാനും നവ ജനറേഷൻ കോഴ്സുകൾ പുതിയതായി ആരംഭിക്കാനും സർക്കാർ നയം പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഒട്ടേറെ പുതുതലമുറ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്. തുടർന്നും തൊഴിലും വിദ്യാഭ്യാസവും നൈപുണ്യവും കൂട്ടിയിണക്കിക്കൊണ്ട് പുത്തൻ കോഴ്സുകൾ ആരംഭിക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: സർ, പഠിച്ച വിഷയത്തിനനുസരിച്ച് തൊഴിൽ ലഭിക്കുന്നതിന് യൂണിവേഴ്സിറ്റികളിലും കോളേജുകളിലും വ്യവസായ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് add-on course-കൾ തുടങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെയെങ്കിൽ ചവറ ഗവൺമെന്റ് കോളേജിൽ കരിമണൽ വ്യവസായവുമായി ബന്ധപ്പെട്ട കോഴ്സുകൾ തുടങ്ങാൻ സാധിക്കുമോ; Campus Placement Cell-കൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, കോളേജുകളിൽ കരിയർ ഗൈഡൻസ് സെല്ലും പ്ലേസ്മെന്റ് സെല്ലും ശക്തിപ്പെടുത്തുന്നതിന് ദിശാബോധത്തോടുകൂടി പ്രവർത്തിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതോടൊപ്പം ആവശ്യമായ additional skill നൽകി കുട്ടികളെ തൊഴിൽ മേഖലയിലേയ്ക്ക് കൊണ്ടുപോകാൻ കഴിയുന്ന വിധത്തിൽ നിരവധി പദ്ധതികൾ; ASAP (Additional Skill Acquisition Programme)-ന്റെ ആഭിമുഖ്യത്തിലും LBS(Lal Bahadur Shastri) Institute, IHRD (Institute of Human Resources Development) മുതലായ സ്ഥാപനങ്ങൾ മുഖേനയും നടപ്പാക്കി വരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് പ്രൊഡക്ഷൻ യൂണിറ്റുകൾ ആരംഭിക്കണമെന്ന തരത്തിൽ ആലോചന നടത്തിവരുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സെൽഫ് ഫിനാൻസിംഗ് കോളേജുകളിലടക്കം State Assessment and Accreditation Centre (SAAC) നടപ്പിലാക്കാൻ പോകുന്നുവെന്ന് മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കഴിഞ്ഞ അഞ്ച് വർഷമായി അത് പ്രാവർത്തികമാക്കാൻ സാധിക്കാത്തത് ഒരു പോരായ്മയാണ്. പുതിയ കരിക്കുലവും ക്വാളിറ്റി ഇംപ്രൂവ്മെന്റും നടത്താത്തതിന്റെ ഫലമായി കുട്ടികൾ പഠനത്തിനായി അന്യസംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. അതുകൊണ്ട് അത് പരിഷ്കരിക്കുന്നതിനും കോളേജുകളിൽ അത്തരത്തിലുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. നാഷണൽ എഡ്യൂക്കേഷൻ പോളിസി വരാൻ പോകുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഏകീകൃത സർവ്വകലാശാല നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു പോളിസി തയ്യാറാക്കുന്നതിന് നിലപാട് സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, 'സാക്' ' സംവിധാനം ഉപയോഗിച്ചുകൊണ്ട് സ്വാശ്രയ കോളേജുകളിലുൾപ്പെടെ ഗുണനിലവാര പരിശോധന നടപ്പാക്കേണ്ടതുണ്ട്. അത്തരം പരിശോധനകൾ സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതാണ്. യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ഐക്യരൂപമുണ്ടാകുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ പരിഷ്കാര കമ്മീഷന്റെ ഭാഗത്തുനിന്നുണ്ടാകും. എല്ലാ സർവ്വകലാശാലകൾക്കും അവയുടേതായ ജൈവ സ്വഭാവം നിലനിർത്തുന്നതിനും അക്കാദമിക് ഓട്ടോണമി ഉറപ്പുവരുത്തി ഓട്ടോണമസ് സ്ഥാപനങ്ങളായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമുള്ള അവസരമാണ് നൽകേണ്ടത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, രാജ്യത്തെ റാങ്കിംഗിൽ വളരെ ഉയർന്നു നിൽക്കുന്ന ഏറ്റവും മികച്ച വിവിധ യൂണിവേഴ്സിറ്റികളിൽനിന്ന് കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾ ഇക്വലൻസി സർട്ടിഫിക്കറ്റ് ലഭിക്കാതെ ബുദ്ധിമുട്ട് നേരിടുകയാണ്. ഏറ്റവും പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളിൽനിന്ന് പഠിച്ചിറങ്ങുന്നവർക്ക് വളരെ വേഗത്തിൽ ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകണമെന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു ഓർഡർ ഇറക്കിയിരുന്നു. എന്നാൽ JNU, HCU, IIT, IIM അടക്കമുള്ള യൂണിവേഴ്സിറ്റികളിൽനിന്ന് പഠിച്ചിറങ്ങിയവരിൽ പലരും ഇപ്പോഴും ഈ ബുദ്ധിമുട്ട് അനുഭവിക്കുന്നു; ആയതിനാൽ ഇക്വലൻസി സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങളാണ് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നൽകിയിട്ടുള്ളത്. മിക്കവാറും കേരളത്തിലെ സർവ്വകലാശാലകളിലെ അക്കാദമിക് കൗൺസിലുകളിലുംമറ്റും ഈ നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ഇക്വലൻസി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ കുട്ടികൾ നേരിടുന്നുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് അടിയന്തര പരിശ്രമമുണ്ടാകും. ദേശീയ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള ബിരുദ-ബിരുദാനന്തര ബിരുദ കോഴ്സുകൾ യാതൊരു പ്രയാസവും കൂടാതെ അംഗീകരിക്കാവുന്ന വിധത്തിലാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശങ്ങളിൽ വിശദീകരിച്ചിട്ടുള്ളത്.

ശ്രീ. സജീവ് ജോസഫ്: സർ, കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ പതിവിന് വിരുദ്ധമായി, കേരളത്തിലെ വിദ്യാർത്ഥികൾ കേരളത്തിൽത്തന്നെ ഉന്നതവിദ്യാഭ്യാസം നടത്താൻ ആഗ്രഹിക്കുകയാണ്. പക്ഷെ കോളേജുകളിൽ അവരെ ക്കൂടി ഉൾക്കൊള്ളിക്കാൻ കഴിയാത്ത തരത്തിൽ പരിമിതമായ കോഴ്സുകളാണുള്ളത്. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും. കേരളത്തിൽ പ്ലസ്ടു പാസ്സാകുന്ന എല്ലാ കുട്ടികൾക്കും ലഭ്യമാക്കാൻ കഴിയുന്നത്ര സീറ്റുകളും കോഴ്സുകളും ഇപ്പോൾ തന്നെയുണ്ട്. അതിനുപുറമെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് കോളേജുകൾ, ലാ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലും കുട്ടികൾക്ക് സീറ്റ് ലഭ്യതയുണ്ട്. സംസ്ഥാനത്ത് ലഭ്യമാകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിച്ചുകൊണ്ട് ലോകോത്തര നിലവാരത്തിലേയ്ക്ക് ഈ സ്ഥാപനങ്ങളെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി, മികച്ച പ്രതിഭാശാലികളായ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഏറ്റവും ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്.

ശ്രീ. വി. ജോയി: സർ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ ധാരാളം പുതിയ കോഴ്സുകൾ അനുവദിച്ചത് സ്വാഗതം ചെയ്യുകയാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് അറുപത് ശതമാനമായി ഉയർത്തുന്നതിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ്?

ഡോ. ആർ. ബിന്ദു: സർ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയുടെ ശരാശരി എൻറോൾമെന്റ് റേഷ്യോയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ റേഷ്യോ ഉയർന്നതാണെങ്കിലും സംസ്ഥാനത്തെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ 75 ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന ഉത്തരവാദിത്വമാണ് കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപന വേളയിൽ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. അതിനുള്ള പരിശ്രമങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ സംസ്ഥാനത്തെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിച്ചതും അല്ലാത്തതുമായ ബിരുദ-ബിരുദാനന്തര ബിരുദ, വിവിധ സാങ്കേതിക കോഴ്സുകൾ എന്നിവയ്ക്കായി ധാരാളം സീറ്റുകൾ ലഭ്യമാണ്. പ്രസ്തുത കോഴ്സുകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും മിഷൻ മോഡിൽ നടത്താനുദ്ദേശിക്കുകയും ചെയ്യുന്നു.

ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ ഉന്നതിക്ക് കളങ്കംചാർത്തുന്ന കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയിൽനിന്ന് കേൾക്കുന്ന വാർത്ത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ വൈസ് ചാൻസലർ തന്നെ ചാൻസലർക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്ത വാർത്തയാണ് വന്നിരിക്കുന്നത്. ഇതുസംബന്ധിച്ച് എന്താണ് വ്യക്തമാക്കാനുള്ളത്?

ഡോ. ആർ. ബിന്ദു: സർ, അത് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ചോദ്യമല്ല, കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി സാംസ്കാരിക വകുപ്പിനുകീഴിലാണ് പ്രവർത്തിക്കുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കോളേജുകളിലേയ്ക്കുള്ള നിയമനങ്ങൾ യു.ജി.സി. (യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ) മാനദണ്ഡമനുസരിച്ചാണ് നടത്താറുള്ളത്. യു.ജി.സി.-യുടെ മാനദണ്ഡമനുസരിച്ച് NET ആണ് അടിസ്ഥാന യോഗ്യതയായി തീരുമാനിച്ചിട്ടുള്ളത്. പക്ഷെ കേരളത്തിലെ രണ്ട് പ്രമുഖ യൂണിവേഴ്സിറ്റികളിൽ അദ്ധ്യാപകരുടെ നിയമനവും ഇന്റർവ്യൂവുമായി ബന്ധപ്പെട്ട് അക്കാദമിക് കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പി.എച്ച്.ഡി. നിർബന്ധമാക്കുകയും അടിസ്ഥാന യോഗ്യതയായ നെറ്റ്-ന് അപ്പുറത്തേയ്ക്ക് പി.എച്ച്.ഡി.-യുണ്ടാകണമെന്ന നിർദ്ദേശം വന്ന സാഹചര്യത്തിൽ രണ്ട് യൂണിവേഴ്സിറ്റി കളിലുമുള്ള അദ്ധ്യാപക നിയമനം പ്രതിസന്ധിയിലായിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ്; അക്കാദമിക് കൗൺസിലുകൾക്ക് അത്തരത്തിൽ പ്രത്യേക അധികാരമുണ്ടോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അടിയന്തര ഇടപെടൽ നടത്തി രണ്ട് യൂണിവേഴ്സിറ്റികളിലെയും നിയമനത്തിന് നടപടിയെടുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, നിയമനവുമായി ബന്ധപ്പെട്ട് 2018 യു.ജി.സി. റെഗുലേഷൻസ് മുന്നോട്ട് വയ്ക്കുന്നതും നിലവിൽ തുടർന്നുപോരുന്നതുമായ മാനദണ്ഡ ങ്ങളുണ്ട്. ഇത് സംബന്ധിച്ച കാര്യങ്ങൾ വിശദമായി പരിശോധിച്ച് നിർദ്ദേശം നൽകുന്നതിന് നിയമ വകുപ്പുമായി കൂടിയാലോചന നടത്തി എല്ലാ സർവ്വകലാ ശാലകളിലേയും നിയമനത്തിന് ഐകരൂപ്യമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി ഇതിനകം നിയമനങ്ങൾ നടത്തിവരുന്നുണ്ട്. അതിൽ കൃത്യത വരുത്തുന്നതിനുള്ള പരിശോധനകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, National Assessment and Accreditation Council (NAAC) അക്രഡിറ്റേഷനും ഗ്രേഡിംഗിനുംവേണ്ടി കേരളത്തിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷനില്ലാത്തതുകൊണ്ട് അപ്ലൈ ചെയ്യാൻ കഴിയുന്നില്ല. കേരളത്തിൽ എയ്ഡഡ് കോളേജുകളും പഴക്കം ചെന്ന ഗവൺമെന്റ് കോളേജുകളുമാണുള്ളത്. കോളേജുകളുടെ പല തരത്തിലുള്ള പെർഫോമൻസാണ് അക്രഡിറ്റേഷനും ഗ്രേഡിംഗിനുംവേണ്ടി പരിഗണിക്കുന്നത്. മാനേജ്മെന്റ് കോളേജുകൾക്കും ഗവൺമെന്റ് സപ്പോർട്ട് ഇല്ലാത്തതുകൊണ്ട് അപ്ലൈ ചെയ്യാൻ കഴിയുന്നില്ല. 2013-നുശേഷം കൊണ്ടോട്ടി ഗവൺമെന്റ് കോളേജ് മാത്രമാണ് NAAC accreditation-നുവേണ്ടി അപ്ലൈ ചെയ്തിട്ടുള്ളത്. ഗവൺമെന്റ് കോളേജുകൾക്ക് NAAC accreditation-നുവേണ്ടി അപ്ലൈ ചെയ്യുന്നതിന് ഗവൺമെന്റ് പ്രത്യേകം സപ്പോർട്ട് നൽകുമോ?

ഡോ. ആർ. ബിന്ദു: സർ, ഗവൺമെന്റ് കോളേജുകൾക്ക് NAAC accreditation-നുമായി ബന്ധപ്പെട്ട് ആവശ്യമായ സഹായം ചെയ്യുന്നതിന് മതിയായ തുക ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടിഡയറക്ടറുടെ ഓഫീസ് മുഖാന്തരം അതിനുള്ള സഹായം ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. പശ്ചാത്തല വികസനത്തിനും ഗുണമേന്മാ വർദ്ധനവിനുമുള്ള ഏകീകൃത ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനുള്ള സംവിധാനങ്ങൾ ഇനിയും ലഭ്യമാക്കു ന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ അക്കാഡമിക് വർഷാരംഭത്തിൽത്തന്നെ പ്രിൻസിപ്പൽമാരെ വിളിച്ചുചേർത്ത് ഇതുമായി ബന്ധപ്പെട്ട് ആശയവിനിമയം നടത്തിയിട്ടുണ്ട്. NAAC accreditation-നുവേണ്ടി ഇതിനകം ഗ്രേഡിംഗ് ലഭിക്കാത്ത ഗവൺമെന്റ് കലാലയങ്ങളുണ്ടെങ്കിൽ ഉടൻതന്നെ ആ പ്രക്രിയ ആരംഭിച്ച് പൂർത്തീകരിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

ശ്രീ. ജി. സ്റ്റീഫൻ : സർ, സർക്കാർ നിയന്ത്രണത്തിലുള്ള Institute of Human Resources Development (IHRD), LBS, Co-operative Academy of Professional Education (CAPE) തുടങ്ങിയ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവായതിനാൽ ഈ സ്ഥാപനങ്ങൾക്ക് NAAC accreditation ലഭിക്കുന്നതിന് തടസ്സമുണ്ടായതായി മനസ്സിലാക്കുന്നു. മാത്രമല്ല, accreditation ലഭിച്ച സ്ഥാപനങ്ങൾക്ക് അവ നിലനിർത്താൻ കഴിയാത്ത സാഹചര്യവുമുണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള കോളേജുകളിൽ പ്ലാൻ ഫണ്ട് വിഹിതം വർദ്ധിപ്പിച്ച് ഇത് മറികടക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, വിദ്യാഭ്യാസ മേഖലയിൽ IHRD പോലെയുള്ള സ്ഥാപനങ്ങൾ മികച്ച സേവനം നൽകുന്നുണ്ടെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ, ആവശ്യത്തിലധികമെന്ന രീതിയിൽതന്നെ തോന്നാവുന്ന ഒരു പ്രശ്നം പല കോളേജുകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ആവശ്യമായ പശ്ചാത്തല വികസനത്തിന് സർക്കാർ ധനസഹായം കൊടുത്തുവരുന്നുണ്ട്. അക്കാര്യങ്ങൾ ആവശ്യാനുസരണം പരിഗണി ക്കാവുന്നതാണ്.

**കേരഗ്രാമം പദ്ധതി**

2(*392) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. വി. ശശി :
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി അവലോകന വിധേയമാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം നാളികേര ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അത്യുൽപാദന ശേഷിയും ഉയർന്ന പ്രതിരോധ ശേഷിയുമുള്ള തെങ്ങിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നാളികേര ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീടബാധ നിയന്ത്രിക്കുന്നതിന് സംയോജിത കീട നിയന്ത്രണം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടു ത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കാലാവസ്ഥയും മണ്ണിന്റെ സ്വഭാവവും പരിഗണിച്ച് അനുയോജ്യമായ തെങ്ങിനങ്ങൾ കൃഷി ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഇത്തരത്തിലുള്ള തെങ്ങിനങ്ങളുടെ വിത്ത് ബാങ്ക് സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം നടപ്പിലാക്കുക, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതുവരെ 251 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വർഷം 84 കേരഗ്രാമങ്ങളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിക്കുകയും നാളികേരത്തിന്റെ വിസ്തൃതി, ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പു വരുത്തുക എന്നീ പ്രവർത്തനങ്ങൾ ലക്ഷ്യമിടുകയും ചെയ്യുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനം കേരഗ്രാമത്തിന്റെ പ്രവർത്തനമാണ്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി പുരോഗതി ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടറും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ഓരോ കേരഗ്രാമത്തിലും നടപ്പിലാക്കുന്ന വിവിധ പരിപാടികൾ അവലോകനം ചെയ്യുന്നതിനായി പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു "ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ്" രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് കേരഗ്രാമങ്ങളെക്കുറിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പ്രദേശത്തെ തെങ്ങിന്റെ ഉത്പാദനക്ഷമത 10,739 എണ്ണം നാളികേരം/ഹെക്ടർ എന്ന് വിലയിരുത്തിയിട്ടുണ്ട്. ആയത് സംസ്ഥാനത്തെ ഉല്പാദനക്ഷമതയേക്കാൾ 54 ശതമാനം കൂടുതലാണെന്നും കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതിലൂടെയാണ് ഉല്പാദനക്ഷമതയിൽ ഈ വർദ്ധനവ് ഉണ്ടായതെന്നുമാണ് പ്രസ്തുത പഠനത്തിൽ പറയുന്നത്.

(ബി) നാളികേര വികസന കൗൺസിലിന്റെ 2021-22 വർഷത്തിലെ പ്രവർത്തനങ്ങളിൽ ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉത്പാദനത്തിനായുള്ള വിത്തുതേങ്ങാ സംഭരണത്തിനും ആയതിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കും തൈകളുടെ ഉത്പാദന ചെലവുകൾക്കുമായി 1391 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി

പ്രകാരം 2021-22 വർഷത്തിൽ 1 ലക്ഷം എണ്ണം കുറിയ ഇനം, 12 ലക്ഷം എണ്ണം നെടിയ ഇനം (WCT), 3 ലക്ഷം എണ്ണം സങ്കരയിനം എന്നിങ്ങനെ ആകെ 16 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. കോഴിക്കോട് ജില്ലയിലെ വടകര വിത്തുവികസന യൂണിറ്റ്, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് വിത്തുവികസന യൂണിറ്റ്, കണ്ണൂർ ജില്ലയിലെ ചാലോട് ടിX ഡി പോളിനേഷൻ യൂണിറ്റ് എന്നിവയുടെ മേൽനോട്ടത്തിലാണ് കൃഷിവകുപ്പ് സംസ്ഥാനതലത്തിൽ വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നത്. കൂടാതെ മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്ത് തോട്ടത്തിൽനിന്നും വിത്തുതേങ്ങകൾ സംഭരിക്കുന്നു. 2020-21 വർഷത്തിൽ സംഭരിച്ച 14,15,212 എണ്ണം വിത്തുതേങ്ങ സംസ്ഥാനത്തെ വിവിധ കൃഷിവകുപ്പ് ഫാമുകളിൽ പാകി മുളപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇവയിൽ നിന്നും ഏകദേശം 10 ലക്ഷത്തോളം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ 2022 നടീൽ സീസണിൽ കർഷകർക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് കണക്കാക്കുന്നു.

ഉത്തരത്തിന്റെ (സി), (ഡി) പിരിവുകൾ മേശപ്പുറത്തുവയ്ക്കുന്നു.*

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, തെങ്ങുകൃഷിയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന കേരഗ്രാമം പദ്ധതി വളരെ മാതൃകാപരമാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ മാത്രമെ കാർഷിക മേഖലയെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ കേരഗ്രാമം പദ്ധതിയുടെ ഭാഗമായി ആരംഭിക്കാൻ പദ്ധതിയുണ്ടോ; അത് സംബന്ധിച്ച് വിശദീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരഗ്രാമം പദ്ധതിയുടെ ഭാഗമായി മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. കേരഗ്രാമം നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ നാളികേര അധിഷ്ഠിത ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഓരോ കേരഗ്രാമത്തിനും 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം ചകിരി, കയർ നിർമ്മാണ യൂണിറ്റുകൾ കയർ വികസന വകുപ്പിന്റെ പദ്ധതികളുമായി ചേർന്ന് സ്ഥാപിക്കാവുന്നതാണെന്നും ടി ആനുകൂല്യത്തിൽനിന്ന് 2 ലക്ഷം രൂപ വരെ വിനിയോഗിക്കാവുന്നതാണെന്നും പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള Small Farmers Agri business Consortium മുഖേനയും നാളികേര അധിഷ്ഠിത മൂല്യവർദ്ധിത നിർമ്മാണ സംരംഭങ്ങൾക്ക് പദ്ധതിയധിഷ്ഠിത സഹായം ലഭിക്കുന്നതാണ്. Farmers' Producer Organizations (FPO) രൂപീകരിക്കുന്നതിന് സർക്കാർ വളരെ വലിയ താൽപര്യത്തോടെ മുന്നോട്ടുനീങ്ങുകയാണ്. നാളികേരവുമായി ബന്ധപ്പെട്ടും FPO-കൾ രൂപീകരിക്കുന്നതിനും സർക്കാരിന്റെ എല്ലാവിധ സഹായങ്ങളുമുണ്ടാകുന്നതാണ്.

---

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u> : സർ, തെങ്ങ് കൃഷിക്കാരുടെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് തൊഴിലാളികളുടെ അപര്യാപ്തത. പട്ടണങ്ങളിൽ മാത്രമല്ല ഗ്രാമപ്രദേശങ്ങളിലടക്കം തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ നൽകി അവർക്ക് പരിശീലനം നൽകിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി നടപ്പാക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും മെക്കനൈസേഷൻ വളരെ അത്യന്താപേക്ഷിതമായ കാര്യമാണ്. കേരഗ്രാമവുമായി ബന്ധപ്പെടുത്തി തെങ്ങുകയറ്റത്തിനാവശ്യമായ യന്ത്രങ്ങൾ ഓരോ കേരഗ്രാമങ്ങളുടെ അടിസ്ഥാനത്തിലും വാങ്ങുന്നതിന് പ്രത്യേകമായി ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നുണ്ട്. അതിനുള്ള എല്ലാ സഹായവും പദ്ധതിയുടെ ഭാഗമായി നൽകുന്നതായിരിക്കും.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : സർ, ഉൽപാദനക്ഷമതയുള്ള കുറിയ ഇനം തൈകളുടെ മാതൃകാ ഫാമുകൾ സ്ഥാപിക്കാനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഉൽപാദനക്ഷമതയുള്ള കുറിയ ഇനം തെങ്ങുകളുടെ ഫാമുകൾ സ്ഥാപിക്കുന്നതിന് ഈ പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. കുറിയ ഇനം തെങ്ങുകളുടെ ന്യൂക്ലിയസ് ഗാർഡനുകൾ കർഷകരുടെ തോട്ടങ്ങളിൽതന്നെ സ്ഥാപിക്കുക, നേരത്തെ സൂചിപ്പിച്ചതുപോലെ തൊഴിലാളികളുടെ ക്ഷാമത്തിന് പരിഹാരം കാണുക, കരിക്കിനുവേണ്ടിയുള്ള കൃഷിക്ക് പ്രചാരം നൽകുക എന്നീ ഉദ്ദേശ്യങ്ങളോടു കൂടിയാണ് ഉൽപ്പാദനക്ഷമതയുള്ളതും കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും ശിപാർശ ചെയ്തതുമായ കുറിയ ഇനങ്ങൾ ഉപയോഗിച്ചുകൊണ്ട് മാതൃകാ തോട്ടങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതി നടപ്പിലാക്കുന്നത്. നാളികേര വികസന പദ്ധതിയിലെ ഒരു ഘടകമായ ഈ പദ്ധതി പ്രകാരം 50 സെന്റ് വീതമുള്ള 76 മാതൃകാ തോട്ടങ്ങൾ കണിക ജലസേചനമുൾപ്പെടെയുള്ള സംവിധാനത്തോടുകൂടി ഇക്കൊല്ലവും നടപ്പിലാക്കുന്നതാണ്.

<u>ശ്രീ. വി. ശശി</u>: സർ, തെങ്ങിൽനിന്ന് ലഭിക്കുന്ന പ്രധാന ഉൽപ്പന്നം തേങ്ങയും പ്രാധാന്യമുള്ള മറ്റൊരു ഉൽപ്പന്നം തൊണ്ടുമാണ്(husk). കൂടുതൽ ചകിരി നൽകുന്ന തൊണ്ട് കർഷർക്ക് പ്രയോജനം ചെയ്യും. 1000 തൊണ്ടിൽ നിന്നും ശരാശരി 60-70 കി.ഗ്രാം ചകിരിയാണ് കേരളത്തിന് ലഭിക്കുന്നത്. 90-100 കി.ഗ്രാം ചകിരിവരെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നതിന് അനുയോജ്യമായ തെങ്ങിൻതൈകൾ തെരഞ്ഞെടുക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. കയർ വ്യവസായത്തിന് അനിവാര്യമായ അസംസ്കൃത വസ്തുവായ ചകിരിയുടെ ഉൽപ്പാദനം കേരളത്തിൽ

വളരെ കുറവായ സാഹചര്യത്തിൽ 70 ശതമാനം ചകിരിയും കേരളത്തിന് പുറത്തു നിന്നാണ് ലഭ്യമാക്കുന്നത്. കേരളത്തിൽ കൂടുതൽ ചകിരി ഉൽപ്പാദിപ്പിക്കണമെങ്കിൽ ഗുണമേന്മയേറിയ തെങ്ങിൻതൈകൾ നട്ട് നല്ല തൊണ്ടുൽപ്പാദിപ്പിക്കാൻ സാധിക്കണം. കയർ വ്യവസായത്തിന് സഹായകമാകുന്ന രീതിയിൽ ആവശ്യമായ തൊണ്ട് ലഭ്യമാക്കുക എന്ന ലക്ഷ്യം കേരഗ്രാമം പദ്ധതിയിലുൾപ്പെടുത്താമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും. കേരഗ്രാമം മാത്രമല്ല, വർഷത്തിൽ 15 ലക്ഷം തെങ്ങിൻ തൈകൾ നട്ട് പരിപാലിക്കുന്ന ഒരു പദ്ധതികൂടി നാളികേര കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. കയർ, ചകിരി വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾക്ക് സഹായകരമാകുന്ന തരത്തിൽ അതിനെ വിനിയോഗിക്കുന്നതിനായി ആലോചന നടത്തുകയും ഓരോ കേരഗ്രാമം പദ്ധതിയിലും അതിലേയ്ക്കായി 2 ലക്ഷം രൂപവരെ വിനിയോഗിക്കാൻ വിഭാവന ചെയ്തിട്ടുമുണ്ട്. ഇത്തരത്തിൽ കൂടുതൽ തെങ്ങിൻ തൈകൾ നട്ട് വളർത്തുമ്പോൾ കൃഷിക്കാർക്ക് അത് പ്രയോജനപ്രദമാകുകയും വലിയ രീതിയിൽ ഗുണകരമാകുകയും ചെയ്യും.

ശ്രീമതി സി. കെ. ആശ: സർ, കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേരഗ്രാമം പദ്ധതിയിലൂടെ സാധ്യമാകുന്നുണ്ട്. എന്നാൽ പല സ്വകാര്യ നഴ്സറികളും പെട്ടെന്ന് വിളവെടുക്കാവുന്ന തെങ്ങിൻ ഇനങ്ങളെ സംബന്ധിച്ച് വലിയ പ്രചരണങ്ങൾ നടത്തി വിൽപ്പന നടത്തുന്നു. ഇക്കാര്യത്തിൽ ശരിയായ വിവരങ്ങളാണോ കർഷകർക്ക് ലഭ്യമാക്കുന്നതെന്ന് പരിശോധിക്കാൻ നിലവിൽ നടപടിയുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട പ്രശ്നമാണ്. സംസ്ഥാനത്തിന്റെ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമല്ലാത്തതും കീടരോഗങ്ങൾക്ക് വേഗത്തിൽ അടിമപ്പെടാൻ സാധ്യതയുള്ളതുമായ തെങ്ങിൻതൈകൾ മറ്റ് സ്ഥലങ്ങളിൽനിന്ന് കൊണ്ടുവന്ന് വിപണനം നടത്തുന്നതിനെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെ അധികം വിറ്റഴിക്കപ്പെടുന്ന ഇനങ്ങൾ സി.പി.സി. ആർ.ഐ. (The Central Plantation Crops Research Institute)-യുടെയോ കേരള കാർഷിക സർവ്വകലാശാലയുടെയോ ശിപാർശയിലുള്ളതല്ല. ഇതെല്ലാം കണക്കിലെടുത്ത് കർഷകനും ഉപഭോക്താവും വഞ്ചിക്കപ്പെടാതിരിക്കുന്നതിനും കർഷകരെയും ജനതയെയും സംരക്ഷിക്കുന്നതിനുംവേണ്ടി നഴ്സറി ആക്ട് രൂപീകരിക്കാനും സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്. ഈ വർഷം തന്നെ അതിനാവശ്യമായ നടപടികളുണ്ടാകും.

ശ്രീ. കെ. പി. എ. മജീദ്: സർ, കൃഷിഭവനിൽനിന്ന് വിതരണം ചെയ്യുന്ന തെങ്ങിൻതൈകൾ ഗുണനിലവാരമില്ലാത്തതാണെന്ന പരാതി കർഷകരിൽനിന്ന് ഉയർന്നുവരുന്നുണ്ട്. ഇത്തരത്തിൽ വിതരണം ചെയ്യുന്ന തെങ്ങിൻതൈകൾ ഗവൺമെന്റ് ഫാമിൽനിന്നാണോ പ്രൈവറ്റ് ഫാമിൽനിന്നാണോ ലഭ്യമാക്കുന്നത്; അവയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ കൃഷിഭവൻവഴി വിതരണം ചെയ്യുന്നത് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സി.പി.സി.ആർ.ഐ.-യുടെയും കേരള കാർഷിക സർവ്വകലാശാലയുടെയും ഫാമിലുള്ള തെങ്ങിൻതൈകൾ മാത്രമാണ്. ഇതിനായി പ്രത്യേക മാതൃവൃക്ഷങ്ങളുണ്ട്; അവയിൽനിന്ന് പ്രത്യേക പരിചരണത്തോടുകൂടി ഉല്പാദിപ്പിക്കുന്ന നാളികേരങ്ങൾ അഥവാ വിത്തുതേങ്ങകൾ സംഭരിച്ച് നാളികേര തൈകൾ ഉല്പാദിപ്പിക്കുകയാണ് ചെയ്യുന്നത്. ഒരു സ്വകാര്യ ഏജൻസിയുടെയും തൈകൾ കൃഷിഭവൻവഴി വിതരണം ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. അതെല്ലാം കർഷകൻ വഞ്ചിക്കപ്പെടരുതെന്ന അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽനിന്നുമാത്രമാണ് കൃഷിഭവൻവഴി തൈകൾ വിതരണം ചെയ്യുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കൃഷിയിടങ്ങളിലെ വില്ലനായി ആഫ്രിക്കൻ ഒച്ചുകൾ മാറിയിരിക്കുകയാണ്. കർഷകരും കൃഷിവകുപ്പും എന്ത് ചെയ്യണമെന്നറിയാത്ത അവസ്ഥയിലാണുള്ളത്. ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം കാരണം പലരും കൃഷി നിർത്തിയ സാഹചര്യമാണുള്ളത്. ഇതിനൊരു പരിഹാരം കാണാൻ കൃഷി വകുപ്പ് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പലപ്രദേശങ്ങളിലും നിലനിൽക്കുന്ന പ്രധാനപ്പെട്ട വിഷയത്തെക്കുറിച്ചാണ്. ആഫ്രിക്കൻ ഒച്ച് വ്യാപകമായി കടന്നുവരുകയും കൃഷിയില്ലാത്ത സ്ഥലങ്ങളിൽ ഇവയുടെ പ്രജനനം സംഭവിച്ച് അവ വർദ്ധിക്കുകയുമാണ് ചെയ്യുന്നത്. ഇക്കാര്യത്തെക്കുറിച്ച് പഠനം നടത്തണമെന്ന് കാർഷിക സർവ്വകലാശാലയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജനകീയ ക്യാമ്പയിനുകളിലൂടെ ഇവയെ ഇല്ലാതാക്കുന്നതിനുള്ള പരിശ്രമങ്ങൾ പലസ്ഥലങ്ങളിലും വ്യാപകമായി നടക്കുന്നുണ്ട്. അതിനായി പ്രാദേശികാടിസ്ഥാനത്തിൽ എല്ലാവരും മുൻകയ്യെടുത്ത് ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം ഇല്ലാതാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തി കൃഷിയേയും കർഷകരെയും രക്ഷിക്കുകയാണ് വേണ്ടത്.

ശ്രീമതി കെ. കെ. രമ: സർ, വടകരയുടെ വാണിജ്യ ചരിത്രത്തിലെ പ്രധാനപ്പെട്ട കച്ചവട ഉല്പന്നമാണ് കൊപ്ര. കൊപ്ര കച്ചവടത്തിന്റെ ഈറ്റില്ലമെന്ന് അറിയപ്പെടുന്ന വടകരയിലെ പെരുവാട്ടുംതാഴ, അടയ്ക്കാ തെരുവ് തുടങ്ങിയ പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ് കൊപ്ര കച്ചവടം നടക്കുന്നത്. ഏറെ പ്രശസ്തമായ കുറ്റ്യാടി തെങ്ങിൻതൈകളുൾപ്പെടെ വരുന്ന പ്രദേശം കൂടിയായ വടകര കൊപ്ര കയറ്റുമതിയിലും പ്രസിദ്ധമാണ്. പക്ഷെ വലിയ പ്രതിസന്ധിയിലായ ഈ മേഖലയ്ക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യമായ ഒരു സഹായവും ലഭിച്ചതായി കാണുന്നില്ല. വടകരയുടെ കൊപ്ര വാണിജ്യത്തെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ നാളികേര കർഷകനെ സഹായിക്കുന്നതിനാവശ്യമായ നിരവധി പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഒരു മേഖലയേയും അവഗണിക്കുന്ന പ്രശ്നം സർക്കാരിന്റെ മുമ്പിലില്ല. വടകരയെക്കുറിച്ച് പറഞ്ഞ പ്രത്യേക പ്രശ്നം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നമായി മുമ്പ് കണ്ടിരുന്നത് നീരയുടെ ഉല്പാദനമാണ്. പലസ്ഥലത്തും നീര ഉല്പാദനം തുടങ്ങിയെങ്കിലും പിന്നീട് പരാജയപ്പെട്ട സാഹചര്യത്തിൽ അത് വേണ്ടത്ര വിജയമാണെന്ന് പറയാൻ സാധിക്കില്ല. നീര ഉല്പാദനവുമായി ബന്ധപ്പെട്ട് കൃഷിക്കാരെ അംഗങ്ങളാക്കി കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ചെങ്കിലും അവരിൽ നിന്നും ഷെയർ ശേഖരിച്ച് രൂപീകരിച്ച കമ്പനികൾ ഇപ്പോൾ വേണ്ടത്ര പ്രവർത്തിക്കുന്നില്ല. നീര ഉല്പാദനം പുനരാരംഭിക്കാനും വിപണനം ചെയ്യാനും കമ്പനികളെ പുനരുജ്ജീവിപ്പിക്കാനും ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യം ഗൗരവമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, കർഷകർ വളരെ പ്രയാസത്തിലാണെന്ന് എടുത്തുപറയേണ്ട കാര്യമില്ല. കൃഷി വകുപ്പ് ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച വിളകളുടെ കാശ് ഇതുവരെയും നൽകിയിട്ടില്ല. കോവിഡ് കാലഘട്ടത്തിൽ മറ്റുപല വിഭാഗങ്ങൾക്കും ധനസഹായം നൽകിയപ്പോൾ കർഷകർക്ക് നൽകാനുള്ള കാശ് നൽകിയിട്ടില്ല. എന്റെ മണ്ഡലത്തിൽ മാത്രം ഒരു മാർക്കറ്റിൽനിന്നും വിളകൾ സംഭരിച്ചതിന് എട്ട് ലക്ഷം രൂപയിലധികം ഹോർട്ടികോർപ്പ് നൽകാനുണ്ട്. ഓണത്തിനും ഈ കർഷകരെ പട്ടിണിയിലാക്കുന്ന അവസ്ഥയായിരിക്കുമോ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് തീരുമാനമുണ്ടാകുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇത് ചോദ്യവുമായി ബന്ധപ്പെട്ട വിഷയമല്ലെങ്കിലും ഹോർട്ടികോർപ്പുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകുവാനുള്ള തുക ആഗസ്റ്റ് മാസത്തോടുകൂടി കൊടുത്തുതീർക്കുന്നതാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, തെങ്ങ് ഉല്പാദിപ്പിക്കുന്നത് അല്ലെങ്കിൽ തെങ്ങ് വളരുന്നത് പ്രത്യേകിച്ചും കായൽ പ്രദേശങ്ങളിലാണ്. 1978-ലാണ് മണ്ഡരി രോഗം വ്യാപകമായത്. ഇപ്പോഴും പലസ്ഥലങ്ങളിലെയും തെങ്ങുകളിൽ കണ്ടു വരുന്ന മണ്ഡരി രോഗം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാനുള്ള സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടാണ് കേരഗ്രാമം പദ്ധതിയിലൂടെ കീടത്തിന്റെ നിയന്ത്രണം, രോഗങ്ങളുടെ നിയന്ത്രണം തുടങ്ങിയവയ്ക്കായി പ്രത്യേകം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ മേഖലയിലും അത് പ്രത്യേകം നടപ്പിലാക്കുന്നതാണ്. ഇക്കൊല്ലം ഏഴ് ജില്ലകളിൽ ക്യാമ്പയിൻ അടിസ്ഥാനത്തിൽ അത്തരം കാര്യങ്ങൾ വ്യാപകമായി നടപ്പിലാക്കുന്നതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, രാസവള ലഭ്യതക്കുറവിന്റെ ഈ സമയത്ത് ശീമക്കൊന്നയുടെ പ്രാധാന്യത്തെ സംബന്ധിച്ച് അങ്ങ് വിശദമായി പറയുകയുണ്ടായി. മിശ്രവിള കൃഷിസമ്പ്രദായമില്ലാത്ത തെങ്ങിൻ തോട്ടങ്ങളിലെ മണ്ണൊലിപ്പ് തടയാനും കളകൾ നിയന്ത്രിക്കാനും ജൈവാംശത്തിന്റെ അളവ് വർദ്ധിപ്പിക്കാനും ആവരണ വിളകൾ കൃഷി ചെയ്യുന്നത് വളരെ പ്രയോജനകരമാണെന്ന് പറയുകയുണ്ടായി. ആവരണ വിള കൃഷി ചെയ്യുന്നതിനുവേണ്ടി, അത് ആവശ്യമായ കർഷകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും സഹായങ്ങളുമാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, തെങ്ങിൻ തോപ്പുകളുമായി ബന്ധപ്പെട്ട് നിരവധി ഇടവിളകൾ കൃഷി ചെയ്യുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കർഷകർക്ക് അത് വളരെയധികം ഗുണം ചെയ്യുന്നതാണ്. വിവിധങ്ങളായ വിളകളാണ് ഓരോ സ്ഥലങ്ങളിലും കൃഷി ചെയ്യുന്നത്. ഇന്നത് കൃഷി ചെയ്യണമെന്ന് പ്രത്യേകമായി സർക്കാർ നിർദ്ദേശിക്കുന്നില്ല. സർക്കാരിന്റെ ചില സഹായങ്ങളെല്ലാം (വിളകളുമായി ബന്ധപ്പെട്ടതെല്ലാം) തെങ്ങിൻ തോപ്പുകളുമായി ബന്ധപ്പെട്ട് ഇടവിളയായി കൃഷി ചെയ്യുന്നതിന് നൽകുന്നുണ്ട്. പ്രൈസസ് ബോർഡ് ഇതുമായി ബന്ധപ്പെട്ട പഠനം നടത്തിയിരുന്നു. കേരഗ്രാമത്തെക്കുറിച്ച് പഠനം നടത്തുന്ന അവസരത്തിൽ ഉല്പാദന ക്ഷമതയുടെ വർദ്ധനവിനെക്കുറിച്ചാണ് ആദ്യ ഭാഗത്ത് പറഞ്ഞിരിക്കുന്നത്. ഇടവിള കൃഷിയിൽനിന്നുള്ള ലാഭം ഒരു ഹെക്ടറിന് 20,972 രൂപ ഉണ്ടാകുന്നുണ്ടെന്ന് അറിയുമ്പോൾ നല്ലരീതിയിൽ തെങ്ങിൻ തോപ്പുകളിലെ ഇടവിള കൃഷിയിലേയ്ക്ക് കർഷകർ എത്തുന്നുണ്ടെന്ന് മനസ്സിലാകുന്നുണ്ട്. അത് തെങ്ങിനും മെച്ചമായിത്തീരുന്നുണ്ടെന്നുള്ളതും വലിയൊരു അനുഭവമാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, അത്യുല്പാദനശേഷിയുള്ള തെങ്ങിൻതൈകൾക്ക് പാരമ്പര്യ നാളികേരത്തിന്റെ ഗുണനിലവാരമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരഗ്രാമം പദ്ധതിയുടെ ഭാഗമായി ഗുണനിലവാരമുള്ള കുറ്റ്യാടി തെങ്ങിൻതൈകൾ വ്യാപകമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഏതെങ്കിലുമൊന്ന് ഗുണനിലവാരമില്ലെന്ന് പറയുന്നത് ശരിയല്ല. എങ്കിലും പരമ്പരാഗത തെങ്ങിനമായ West Coast Tall (WCT) തെങ്ങിൻ തൈകൾക്കാണ് ഏറ്റവുംകൂടുതൽ ഡിമാൻഡുള്ളത്. കരിക്കിനും മറ്റുകാര്യങ്ങൾക്കുമായി ഹൈബ്രിഡും ഡ്വാർഫും തൈകൾ കൂടുതലായി ഉപയോഗിക്കുന്നുണ്ട്. കൃഷിക്കാർക്ക് രണ്ടാമത്തെയോ മൂന്നാമത്തെയോ വർഷത്തിൽ വിളവെടുക്കാൻ കഴിയുന്നത് ആശ്വാസകരമാണ്. അതിന് നല്ല വിലയും കിട്ടുന്നുണ്ട്. ഒരു വർഷം 15 ലക്ഷം WCT തെങ്ങിൻതൈകൾ വിതരണം ചെയ്യാനുദ്ദേശിക്കുമ്പോൾ, പരമ്പരാഗത ഇനത്തിൽപ്പെട്ട WCT തെങ്ങിൻ തൈകളാണ് 60 ശതമാനവും വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, വളരെ മാതൃകാപരമായ 'കേരഗ്രാമം' പദ്ധതിക്ക് തുടർച്ചയുണ്ടാകണം. മൂന്നുവർഷത്തേയ്ക്കാണ് ഇപ്പോൾ നേതൃത്വം കൊടുക്കാൻ ഉദ്ദേശിക്കുന്നത്. ടെക്നിക്കൽ ഗ്രൂപ്പ് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പഞ്ചായത്തിൽ ഇത് നടപ്പാക്കുമെന്ന് സൂചിപ്പിച്ചു. എല്ലാ പഞ്ചായത്തുകളിലും ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ജനകീയ സമിതിയുടെ കൃത്യമായ പ്രവർത്തനത്തിന് സംവിധാനമൊരുക്കുന്നതോടൊപ്പം, ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ അതാത് പഞ്ചായത്തിലെ മാതൃവൃക്ഷങ്ങളിൽനിന്ന് ലഭ്യമാക്കുന്നതിനും തുടർച്ചയായ കീടനിയന്ത്രണംപോലുള്ള പരിപാടികൾ ഏകോപിപ്പിക്കുന്നതിനുമുള്ള സംവിധാനമെന്ന നിലയിൽ ജനകീയ സമിതിയെ മാറ്റിയെടുക്കുന്നതിനും അതിനെ കേരഗ്രാമം പദ്ധതിയുടെ തുടർച്ചയായി നടപ്പിലാക്കിക്കൊണ്ടുപോകാനും കഴിയുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട ചാത്തന്നൂർ അംഗം ജി. എസ്. ജയലാൽ സൂചിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. ഒരു ജനകീയ ക്യാമ്പയിനായി ഇതിനെ മാറ്റേണ്ടതുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും, കൃഷിഓഫീസർ കൺവീനറും, കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, മറ്റ് ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ എന്നീ മെമ്പർമാരു മടങ്ങുന്ന ടെക്നിക്കൽ റിസോഴ്സസാണ് പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിച്ചി രിക്കുന്നത്. മൂന്ന് കൊല്ലത്തേയ്ക്കാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ കൃഷിവകുപ്പ് പരീക്ഷണം നടത്തുമ്പോൾ ആദ്യം മൂന്ന് കൊല്ലവും 500 ഹെക്ടറും എന്ന് തീരുമാനിക്കുകയും പിന്നീടത് ഒരു കൊല്ലം

500 ഹെക്ടർ എന്ന തരത്തിൽ തീരുമാനിച്ചെങ്കിലും പ്രായോഗികമല്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് മൂന്ന് കൊല്ലമാക്കി. അതിന്റെ തുടർ പ്രവർത്തനങ്ങൾ അനിവാര്യമായതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇത്തരം കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണുദ്ദേശിക്കുന്നത്. ജനകീയ കമ്മിറ്റി ഒരു വലിയ ക്യാമ്പയിനായി ഇത്തരം കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൃഷിവകുപ്പ് അതിന് എല്ലാവിധ പിന്തുണയും പിൻബലവും നൽകുന്നതായിരിക്കും.

ശ്രീ. പി. ജെ. ജോസഫ്: സർ, വ്യാപകമായ തോതിൽ കൊമ്പൻചെല്ലി തെങ്ങിനെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കെണി വച്ചാൽ ഇതിനെ വീഴ്ത്താൻ സാധിക്കും. ഒറ്റ ദിവസംകൊണ്ട് കേരളത്തിലാകെ ഇത് നടപ്പിലാക്കുകയാണെങ്കിൽ കൊമ്പൻചെല്ലിയുടെ ആക്രമണത്തിൽനിന്നും തെങ്ങിനെ രക്ഷിക്കാൻ സാധിക്കും. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ കൊമ്പൻചെല്ലിപോലുള്ള ജീവികളെ നിയന്ത്രിക്കുന്നതിനും നശിപ്പിക്കുന്നതിനും ഒരേ ദിവസം ഒരേ സമയത്ത് വ്യാപകമായി കീടനാശിനി ഉപയോഗിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഏറ്റവും കൂടുതൽ കൊമ്പൻചെല്ലി ശല്യമുള്ള സ്ഥലങ്ങളെ ഹോട്ട് സ്പോട്ടുകളായി കൃഷിവകുപ്പുതന്നെ കണക്കാക്കിയിട്ടുണ്ട്. ജില്ലകളിലെ അത്തരം ഹോട്ട്സ്പോട്ടുകളുള്ള സ്ഥലങ്ങളിൽ നിശ്ചിത സമയം നിശ്ചയിച്ചുകൊണ്ട് വ്യാപകമായി ഇതിനെ നശിപ്പിക്കാനുള്ള പദ്ധതി ആരംഭിച്ച് പ്രവർത്തനം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ റെയിൽവേ വികസനം**

3 (*393) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽ പാത ഇരട്ടിപ്പിച്ച് ഓട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തിയാൽ സംസ്ഥാനത്ത് റെയിൽ ഗതാഗത രംഗത്ത് വൻ പുരോഗതി സാധ്യമാകുമെന്നതുകൊണ്ട് ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ബി) തിരുവനന്തപുരം സെൻട്രൽ സ്റ്റേഷന്റെ സ്ഥലപരിമിതി പരിഗണിച്ച് നേമം, കൊച്ചുവേളി ടെർമിനലുകൾ വിപുലീകരിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ട്രെയിൻ യാത്രാ ദുരിതം പരിഹരിക്കാൻ കൂടുതൽ ദീർഘദൂര പാസഞ്ചർ ട്രെയിനുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) പാതയിരട്ടിപ്പൽ, ഓട്ടോമാറ്റിക്ക് സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തൽ തുടങ്ങിയവയുടെ നടത്തിപ്പുചുമതല ഇന്ത്യൻ റെയിൽവേ അതത് സോണൽ റെയിൽവേയ്ക്കാണ് നൽകിയിരിക്കുന്നത്. എന്നിരുന്നാലും റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയത്തിന് കത്ത് നൽകുകയും ഇതുമായി ബന്ധപ്പെട്ട തുടർചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു.

(ബി) പ്രസ്തുത പദ്ധതി അതത് സോണൽ റെയിൽവേയാണ് ഏറ്റെടുത്ത് നടത്തി വരുന്നത്.

(സി) സംസ്ഥാനത്ത് ട്രെയിൻ യാത്രാ ദുരിതം പരിഹരിക്കാൻ കൂടുതൽ ദീർഘദൂര പാസഞ്ചർ ട്രെയിനുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന റെയിൽ വകുപ്പുമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇതിനായി ചർച്ചകൾ നടത്തിവരുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തിന്റെ റെയിൽ വികസനം ഉറപ്പാക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. റെയിൽവേ ഡബ്ലിംഗ് പൂർത്തീകരിക്കുന്നത് കേരളത്തിന്റെ എക്കാലത്തെയും വലിയ ആവശ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എൻ.എച്ച്. ഹൈവേ വൈഡനിംഗിനുവേണ്ടി മിഷൻ മോഡൽ പ്രവർത്തനങ്ങൾ നടത്തിവരികയും ആയത് കുറെയധികം വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചിരിക്കുകയുമാണ്. അതേ മാതൃകയിൽ റെയിൽവേ ഡബ്ലിംഗ് പൂർത്തീകരിക്കുന്നതിന് ഒരു മിഷൻ മോഡൽ പദ്ധതി കേരള ഗവൺമെന്റ് തയ്യാറാക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: റെയിൽവേയിൽ നിരവധി പദ്ധതികൾ പിങ്ക് ബുക്കിലും ഗ്രീൻ ബുക്കിലുമായി എഴുതിയിട്ടുണ്ട്. പക്ഷേ, കേരളത്തിലെ ഹരിപ്പാട്-അമ്പലപ്പുഴ സെക്ടറിൽ ഇരട്ടിപ്പിക്കൽ പൂർത്തീകരിച്ച് ട്രെയിനുകൾ ഓടിത്തുടങ്ങിയിട്ടുണ്ട്. ചിങ്ങവനം- ചങ്ങനാശ്ശേരി സെക്ടറിലെ ഇരട്ടിപ്പിക്കൽ പ്രവൃത്തി നടന്നുവരികയാണ്. എറണാകുളം-കുമ്പളം patch doubling 262 കോടി രൂപ, കുമ്പളം-തുറവൂർ patch doubling 248 കോടി രൂപ, തിരുവനന്തപുരം-കന്യാകുമാരി 600 കോടി രൂപ എന്നീ പ്രവൃത്തികൾ റെയിൽവേയുടെ ഗ്രീൻ ബുക്കിലുണ്ടെന്നത് മാത്രമാണ് അറിയാൻ സാധിച്ചത്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കഴക്കൂട്ടം-കൊച്ചുവേളി സ്റ്റേഷനുകൾ വിപുലീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പരിശ്രമം നടത്തേണ്ടതായിട്ടുണ്ട്. കഴക്കൂട്ടം കേന്ദ്രമാക്കി ടെക്നോപാർക്ക് അടക്കമുള്ള നിരവധി ഐ.ടി. സ്ഥാപനങ്ങൾ പ്രവർത്തിക്കുകയാണ്. അവിടെ കൂടുതൽ ആളുകളിറങ്ങി ടെക്നോപാർക്കിലേയ്ക്ക് യാത്ര ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും രണ്ട് സ്റ്റേഷനുകളുടെയും വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ തീവണ്ടികൾ നിർത്തിയിടാനുള്ള പരിമിതിയും കൂടുതൽ പ്ലാറ്റ്ഫോമുകളുടെ ആവശ്യകതയും കേരളത്തിൽ എല്ലാവർക്കും ബോദ്ധ്യമാണ്. ഇതുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമല്ലാത്തതാണ് പ്രധാന പ്രശ്നം. ഇത് പരിഗണിച്ച് കൊച്ചുവേളിയിലും നേമത്തും റെയിൽവേ സ്റ്റേഷനുകൾ വികസിപ്പിക്കാൻ നിശ്ചയിച്ചതാണ്. നേമത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പരിമിതമായ തോതിലെങ്കിലും ഇപ്പോൾ നടന്നു വരികയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, കേന്ദ്ര അവഗണന ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഒരു മേഖലയാണ് റെയിൽവേ. എന്നാലും, സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കുള്ളിൽനിന്ന് ROB (Railway Over Bridges) നിർമ്മാണമുൾപ്പെടെയുള്ള പല പദ്ധതികളും കിഫ്ബിയിലെ ധനസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് കിഫ്ബിയിലുൾപ്പെടുത്തിയുള്ള റെയിൽവേ മേൽപ്പാല നിർമ്മാണങ്ങൾക്ക് ഭരണാനുമതി ലഭ്യമായിട്ടും തുടർനടപടികളിലേയ്ക്ക് പോകാൻ കഴിയാത്ത സ്ഥിതിയുണ്ട്. സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുടെ അലൈൻമെന്റ് പൂർത്തീകരിക്കാൻ വൈകുന്നതിനാലാണ് തുടർ നടപടികളിലേയ്ക്ക് പോകാൻ സാധിക്കാത്തതെന്നാണ് Roads and Bridges Development Corporation of Kerala (RBDCK) അറിയിക്കുന്നത്. ഇതിന് വർഷങ്ങളുടെ കാത്തിരിപ്പ് വേണ്ടി വരികയാണ്. എന്റെ മണ്ഡലത്തിൽ മൂന്ന് പ്രോജക്ടുകളുള്ളതു പോലെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി പ്രോജക്ടുകളുണ്ട്. ഈ പ്രോജക്ടുകളുടെ പുനർനിർമ്മാണം ഉറപ്പുവരുത്താൻ അടിയന്തര ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ; അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്ത് റെയിവേ പാതകൾ റോഡിന് തടയിടുന്ന നിരവധി പ്രദേശങ്ങളുണ്ട്. ഇതിന്റെ ഭാഗമായാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മേൽപ്പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. മേൽപ്പാലം നിർമ്മിക്കുന്ന

ച്ചുമതലയുള്ള റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനും തമ്മിൽ നല്ലരീതിയിലുള്ള ചർച്ചകൾ നടക്കുകയാണ്. ഈ ആശയവിനിമയംകൊണ്ട് ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിച്ച് മേൽപ്പാലങ്ങളുടെ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിന്റെ അടിസ്ഥാന വികസനത്തിന് ഗതിവേഗം കൂട്ടുന്നതിന് കേരള സർക്കാർ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളിലൊന്നാണ് എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാതയുടെ നിർമ്മാണം പൂർത്തിയാക്കൽ. 2020-21 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാതയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; അതിന്റെ പുരോഗതി അറിയിക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാതയുടെ ട്രിപ്ലിംഗ് ജോലികൾ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. പ്രസ്തുത പ്രവൃത്തി നടപ്പാക്കുമെന്നായിരുന്നു ആദ്യം ലഭിച്ച വിവരം. പക്ഷേ, അത് പിങ്ക് ബുക്കിലാണ് റെയിൽവേ ഉൾപ്പെടുത്തിയിരിക്കുന്നത്. പിങ്ക് ബുക്കിൽനിന്നും ഗ്രീൻ ബുക്കിലേയ്ക്ക് വരുമ്പോഴാണ് ആ പ്രവൃത്തികൾക്ക് ആരംഭം കുറിക്കേണ്ടത്.

ശ്രീ. പി. വി. അൻവറിനുവേണ്ടി ശ്രീ. പി. വി. ശ്രീനിജിൻ: സർ, എറണാകുളത്ത് ഹൈക്കോടതിയോട് ചേർന്നുള്ള ഓൾഡ് റെയിൽവേ സ്റ്റേഷൻ ഇന്ന് പരിതാപകരമായ അവസ്ഥയിലാണ്. ഏകദേശം 50 ഏക്കറിൽ 1902-ൽ സ്ഥാപിതമായ ഈ റെയിൽവേസ്റ്റേഷൻ കഴിഞ്ഞ 30 വർഷമായി പ്രവർത്തന സജ്ജമല്ല. നഗരമധ്യത്തിലുള്ള ഈ 50 ഏക്കർ സ്ഥലത്ത് പൊതുജനങ്ങൾക്കുകൂടി പ്രയോജനം ലഭിക്കുന്ന തരത്തിൽ ഏതെങ്കിലും പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കൊച്ചി പട്ടണത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. കേരള ഹൈക്കോടതിക്ക് സമീപമുള്ള എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് കെ-റെയിൽ ഡിപ്പാർട്ടുമെന്റ് ഇന്ത്യൻ റെയിൽവേയ്ക്ക് പദ്ധതി സമർപ്പിച്ചെങ്കിലും പ്രവൃത്തി ഇതുവരെ ഏറ്റെടുത്തിട്ടില്ല. ദേശീയ ഗ്രീൻ ട്രൈബ്യൂണൽ ഇവിടെ വനേതര പ്രവർത്തനങ്ങൾ നടത്തിയിരിക്കുകയാണ്. മംഗളവനം പക്ഷി സങ്കേതത്തോട് ചേർന്നുനിൽക്കുന്ന പ്രദേശത്ത് കൊച്ചി നഗരത്തിന് ഏറ്റവും പ്രയോജനകരമായ ടെർമിനൽ നിർമ്മിക്കുന്ന കാര്യത്തിൽ കേരളത്തിന് അനുകൂലമായ തീരുമാനമാണുള്ളത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, റെയിൽവേ പല സ്റ്റേഷനുകളും ഇപ്പോൾ ഹാൾട്ട് സ്റ്റേഷനുകളാക്കി മാറ്റുന്നുണ്ട്. ഹാൾട്ട് സ്റ്റേഷനാക്കുമ്പോൾ സ്വാഭാവികമായും വരുമാനം കുറയുകയും പിന്നീട് ആ റെയിൽവേ സ്റ്റേഷൻ നിർത്തലാക്കുകയും ചെയ്യുമെന്ന ആശങ്കയാണ് ഉയർന്നുവരുന്നത്. എറണാകുളം ജില്ലയിലെ കാഞ്ഞിരമറ്റമടക്കം ഏതാണ്ട് 7 പുതിയ സ്റ്റേഷനുകളെ ഹാൾട്ട് സ്റ്റേഷൻ കാറ്റഗറിയിലേയ്ക്ക് റെയിൽവേ കൊണ്ടുവന്നിരിക്കുകയാണ്. ഇത് പഴയ നിലയിലേയ്ക്ക് തിരിച്ച് കൊണ്ടുവരാനും സീസൺ ടിക്കറ്റുകളടക്കം ലഭ്യമാക്കാനുമുള്ള നടപടികളുണ്ടാകുമോ; പലപ്പോഴും റെയിൽവേ ശ്രദ്ധിക്കുന്ന പ്രധാനപ്പെട്ട സ്റ്റേഷനുകൾ മാത്രമാണ് ഇതിലുൾപ്പെടുത്തി യിരിക്കുന്നത്. ഗ്രാമീണ പ്രദേശങ്ങളിലുള്ള റെയിൽവേ സ്റ്റേഷൻ അവഗണിക്കപ്പെടുന്നു. കൂടാതെ, കാലഹരണപ്പെട്ട കോച്ചുകളും സാധനങ്ങളുമാണ് തരുന്നതെന്ന ആശങ്കയും നമ്മൾ ഉയർത്തിയിട്ടുണ്ട്. അതേരീതിയിൽ തന്നെയാണ് റെയിൽവേ സ്റ്റേഷനുകളുടെ കാര്യവും. ആയതിനാൽ ഹാൾട്ട് സ്റ്റേഷനുകൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, റെയിൽവേയുടെ ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക കോർപ്പറേഷൻ നിലവിലുണ്ട്. ഈ കാര്യങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും അവരാണ്. കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് 26-7-2021-ൽ കേരളത്തിലെ ചീഫ് സെക്രട്ടറി റെയിൽവേ മാനേജരുമായി ചർച്ച നടത്തിയിരുന്നു. ഇപ്പോൾ ഉന്നയിക്കുന്ന മിക്ക ആശങ്കകളും അവരുമായി പങ്കുവച്ചിട്ടുണ്ട്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, റെയിൽവേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന സംസ്ഥാനമാണ് കേരളം. ആ രൂപത്തിലുള്ള പരിഗണന പലപ്പോഴും ഇന്ത്യൻ റെയിൽവേ കേരളത്തോട് കാണിക്കുന്നില്ല. ആയിരക്കണക്കിനാളുകൾ വന്നുപോകുന്ന ഏറ്റവും പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനായ നെയ്യാറ്റിൻകര റെയിൽവേ സ്റ്റേഷൻ അവഗണനയുടെ പാതയിലാണ്. അവിടെ ആവശ്യമായ വെയിറ്റിംഗ് ഷെഡ്ഡുകളില്ല; ടോയ്‌ലെറ്റില്ല; ഇക്കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കഴിഞ്ഞ ദിവസം ചീഫ് സെക്രട്ടറി ഇതുമായി ബന്ധപ്പെട്ട ചർച്ച നടത്തിയിട്ടുണ്ട്. പാലക്കാട് കോച്ച് ഫാക്ടറിയടക്കമുള്ള കാര്യങ്ങളിൽ റെയിൽവേ വലിയ തോതിലുള്ള വാഗ്ദാനങ്ങൾ കേരളത്തിന് നൽകിയിട്ടുണ്ടെങ്കിലും ഇന്നുവരെ ഇതൊന്നും നടപ്പിലാക്കിയതായി കാണുന്നില്ല. പ്രധാനമായ റെയിൽവേ ഡബ്ലിംഗ് ജോലികൾ വളരെ മന്ദഗതിയിലാണ് മുന്നോട്ടുപോകുന്നത്. മറ്റുള്ള

സംസ്ഥാനങ്ങളെയപേക്ഷിച്ച് സംസ്ഥാനത്ത് വളരെ കുറഞ്ഞ രീതിയിലാണ് റെയിൽവേയുടെ വികസനം നടക്കുന്നത്. അതിന് ഏറ്റവും നല്ല ഉദാഹരണം അങ്കമാലി-ശബരി പാതയാണ്. 1997-98-ലെ ബഡ്ജറ്റിലുൾപ്പെടുത്തിയ ആ പാതയ്ക്കുപോലും ഇപ്പോഴും അനുമതി നൽകാൻ കേന്ദ്ര റെയിൽവേ ബോർഡിനായിട്ടില്ല.

ശ്രീ. എം. വിൻസെന്റ്: സർ, തുറമുഖം യാഥാർത്ഥ്യമാകുന്നതോടുകൂടി ചരക്കുനീക്കം പ്രധാനമായും നടക്കേണ്ടത് റെയിൽ മാർഗ്ഗത്തിലൂടെയാണ്. തുറമുഖം മുതൽ ബാലരാമപുരം സ്റ്റേഷൻ വരെയുള്ള റെയിൽവേ ലൈൻ ആദ്യം ഉപരിതലത്തിലൂടെയാണെന്ന് പറഞ്ഞു. പിന്നീട് അത് ഭൂഗർഭ റെയിൽവേ ലൈനാണെന്ന് പറഞ്ഞു. പക്ഷേ ഇപ്പോൾ യാതൊരു പ്രവർത്തനങ്ങളും ഇതുവരെയും ആരംഭിച്ചിട്ടില്ല; ഇതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; ഇതിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കാൻ സാധിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, റെയിൽവേയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ച നടത്തിയ കാര്യം സൂചിപ്പിച്ചിരുന്നു. കെ-റെയിൽ നിർമ്മാണം പൂർത്തീകരിച്ചാൽ കേരളത്തിലെ വടക്കും തെക്കുമുള്ള ചരക്കുഗതാഗതത്തിന് ഏറ്റവും അനുയോജ്യ സംവിധാനമായി മാറുന്നതാണ്. ട്രെയിനുകളിൽ ട്രക്കുകൾ നേരിട്ട് കയറ്റുന്നതുകൊണ്ട് തിരുവനന്തപുരം മുതൽ എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മംഗലാപുരം വരെയുള്ള ചരക്കുഗതാഗതം കൂടുതൽ സുഗമമാക്കാൻ പ്രയോജനപ്പെടുന്ന ഒരു പദ്ധതിയാണ് കെ-റെയിൽ. അതോടൊപ്പം വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ചോദ്യത്തിന് കൃത്യമായ മറുപടി റെയിൽവേയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാഞ്ഞങ്ങാട് -കണിയൂർ പാത നിർദ്ദിഷ്ട പാതയാണ്. ഈ പാതയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടിയുൾപ്പെടെ സ്വീകരിക്കുന്നതിന് 2019-20 ബഡ്ജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് 20 കോടി രൂപ മാറ്റി വച്ചിരുന്നു. തുടർന്ന് കാഞ്ഞങ്ങാട്-കണിയൂർ പാത യാഥാർത്ഥ്യമാക്കുന്നതിന് കർണാടകയുമായി ബന്ധപ്പെട്ട് നടത്തുന്ന കാര്യങ്ങൾ വിശദീകരിക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ജനനിബിഡമായ പ്രദേശങ്ങളിലൂടെ ഈ പാത കടന്നുപോകുന്നുവെന്നുള്ളതാണ് കർണാടകയിലൂടെ കടന്നുപോകുന്ന പാതകൾ സംബന്ധിച്ച് ആദ്യം കർണാടക ഉന്നയിച്ച തടസം. അതിനുശേഷം പുതിയ അലൈൻമെന്റ് കണ്ടെത്തണമെന്ന് അഭ്യർത്ഥിച്ചതനുസരിച്ച് പുതിയ അലൈൻമെന്റ് തരാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും കൃത്യമായ മറുപടി കർണാടക ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ലഭിച്ചിട്ടില്ല. കേരളത്തിലെ റെയിൽവേയുമായി ബന്ധപ്പെട്ട് കിഫ്ബി മുഖാന്തരവും

വിദേശ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടമെടുത്തായാലും ഈ കാര്യങ്ങൾ നിർവ്വഹിക്കണമെന്നാണ് ഗവൺമെന്റിന്റെ തീരുമാനം. ഇപ്പോൾ നിരവധി പാതകൾ സർക്കാർ ഏറ്റെടുത്ത് നടപ്പാക്കാമെന്ന് പറഞ്ഞെങ്കിലും റെയിൽവേ അനുമതി നൽകുന്നില്ലെന്നതാണ് വസ്തുത.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കർണാടകയിലേയ്ക്കുള്ള ആ ലൈനാണ് സർക്കാർ പ്രൊപ്പോസ് ചെയ്ത ലൈനുകളിൽ ഏറ്റവും കൂടുതൽ സ്വീകാര്യമായിട്ടുള്ളത്. പ്രസ്തുത ലൈനുമായി ബന്ധപ്പെട്ട് മറ്റ് തർക്കങ്ങൾ അധികമില്ലാത്തതിനാൽ നടപ്പാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ സീറ്റുകൾ

4(*394) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി പരീക്ഷകളിൽ മികച്ച നേട്ടം കൈവരിച്ച വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അതിന് പര്യാപ്തമായ സീറ്റുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എപ്രകാരമാണ് ഇത് പരിഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ-സി) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി പരീക്ഷകളിൽ മികച്ച നേട്ടം കൈവരിച്ച വിദ്യാർത്ഥികൾക്ക്, ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് താഴെപ്പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 2021 മാർച്ച് മാസത്തെ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം, കേരളത്തിലെ 75 സർക്കാർ കോളേജുകളിൽ 462 വിഷയങ്ങളിലായി ഏകദേശം 16,008 വിദ്യാർത്ഥികൾക്കും 191 സർക്കാർ എയ്ഡഡ് കോളേജുകളിലായി

1637 വിഷയങ്ങളിൽ ഏകദേശം 69318 വിദ്യാർത്ഥികൾക്കും ബിരുദപഠനം നടത്തുവാൻ അവസരമുണ്ട്. കേരളത്തിലെ സർക്കാർ, സർക്കാർ എയ്ഡഡ്, സ്വാശ്രയ കോളേജുകളിൽ വിദ്യാർത്ഥികളുടെ താൽപര്യത്തിനനുസരിച്ചുള്ള ടി വിഷയങ്ങൾ ഐച്ഛികവിഷയമായി എടുത്തുകൊണ്ട് ബിരുദ പഠനം നടത്താവുന്നതാണ്. കേരളത്തിലെ എല്ലാ കോളേജുകളിലും ബിരുദപഠനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളാണ്. ഓരോ സർവ്വകലാശാലയും ഓൺലൈൻ പോർട്ടൽ വഴിയാണ് അതത് സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേയ്ക്ക് അഡ്മിഷൻ നടത്തുന്നത്. ഓരോ കോളേജിലെയും ഓരോ വിഷയത്തിന്റെയും സീറ്റ് മെട്രിക്സ് തീരുമാനിക്കുന്നതും ഓരോ കോഴ്സിനും വർഷാവർഷമുള്ള മാർജിനൽ ഇൻക്രീസ് തീരുമാനിക്കുന്നതും അതത് സർവ്വകലാശാലകൾ തന്നെയാണ്. പരീക്ഷാ കമ്മീഷണറുടെ കാര്യാലയം മുഖേന നടത്തുന്ന 2021-22 എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിലെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ കോഴ്സുകളിൽ നിലവിലുള്ള സീറ്റുകളിൽ പ്രവേശനത്തിന് അവസരമുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ എഞ്ചിനീയറിംഗ് ബിരുദ പഠനത്തിന് നിലവിലുള്ള സീറ്റുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ബി.ടെക്. കോഴ്സിന് 45,492 സീറ്റുകളാണ് 2020-21 അദ്ധ്യയന വർഷം ആകെ അനുമതി നൽകിയിട്ടുള്ളത്.

ഉത്തരത്തിന്റെ തുടർന്നുള്ള ഭാഗം മേശപ്പുറത്തുവയ്ക്കുന്നു.*

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്തിന് പുറത്തേയ്ക്കും രാജ്യത്തിനുപുറത്തേയ്ക്കും പോകുന്നതിനുള്ള സാധ്യതകൾ കുറഞ്ഞിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന് അവസരമൊരുക്കേണ്ട അത്യാവശ്യ സാഹചര്യമാണുള്ളത്. അതുകൊണ്ട് പുതിയ ബാച്ചുകൾ ആരംഭിക്കുന്നതിനും എല്ലാ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തുതന്നെ ഉപരിപഠനത്തിന് പരമാവധി അവസരം ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകുന്നതടക്കമുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഇതിനകംതന്നെ സംസ്ഥാനത്ത് ബിരുദ ബിരുദാന്തര കോഴ്സുകളിലേയ്ക്ക് പരമാവധി സീറ്റുകൾ ലഭ്യമാക്കിക്കൊണ്ട് ഉത്തരവ് ഇറങ്ങിക്കഴിഞ്ഞിട്ടുണ്ട്. ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റ്, പി.ജി. സയൻസ് വിഷയങ്ങൾക്ക് 25 സീറ്റ്, ആർട്സ് & കൊമേഴ്സ് വിഷയങ്ങൾക്ക് 30

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

സീറ്റ് എന്ന നിലയിലാണ് വർദ്ധനവ് വരുത്തിയിരിക്കുന്നത്. ഏറ്റവും ഗുണ മേന്മയോടുകൂടിയ കോഴ്സുകൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ക്രമീകരിച്ചുകൊണ്ട് കുട്ടികൾക്ക് മികച്ച പഠനസൗകര്യങ്ങൾ ഒരുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ചുരുക്കം ചില കോഴ്സുകൾക്ക് ഇവിടെ അവസരമില്ലാത്തതിനാൽ സംസ്ഥാനത്തിന് പുറത്തുപോയി പഠിക്കാൻ കഴിയുന്ന സാഹചര്യം വരുന്നുണ്ട്. ആയത് പരിശോധിച്ച് പുതിയ സാഹചര്യത്തിനനുസരിച്ചുള്ള കോഴ്സുകൾ കൂടി സംസ്ഥാനത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അത്തരം ന്യൂജനറേഷൻ കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും അതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടുതലായി ഏതെങ്കിലും മേഖലകളിൽ കോഴ്സുകൾ ആരംഭി ക്കേണ്ടതുണ്ടെങ്കിൽ ആയത് ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടനെ ഏറ്റെടുക്കാൻ കഴിയു ന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2 രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജലഗതാഗത വികസനം

5 (*395) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളിലെ വർദ്ധിച്ചുവരുന്ന തിരക്ക് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ താരതമ്യേന അന്തരീക്ഷ മലിനീകരണവും ചെലവും കുറഞ്ഞ ജലഗതാഗതം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ജലഗതാഗത വിപുലീകര ണത്തിന് മുൻ ഉപാധിയായ അതിവേഗ ബോട്ടുകളും സുരക്ഷിത യാത്രയും ഏർപ്പെടുത്താൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്. കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിലാണ് സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തുന്നത്. പാസഞ്ചർ സർവ്വീസുകൾക്ക് പുറമേ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകളും വകുപ്പ് നടത്തുന്നുണ്ട്. ജലഗതാഗത രംഗത്ത് നൂതന

സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽ തന്നെ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആരംഭിച്ച ടി സോളാർ ബോട്ടിന്റെ പ്രവർത്തനം വൻവിജയമായതിനെത്തുടർന്ന് കൂടുതൽ സോളാർ ബോട്ടുകൾ വകുപ്പിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വൈക്കത്തുനിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും, സ്വച്ഛമായും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും, സ്വദേശികളും, വിദേശികളുമായ ടൂറിസ്റ്റുകൾക്കും, യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ടി റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉദ്ഘാടനം 4-11-2018-ൽ നിർവ്വഹിച്ചു. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും കോട്ടയത്തുനിന്നും ആലപ്പുഴയ്ക്ക് വരുന്ന യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും, ആലപ്പുഴ- കുമരകം-കോട്ടയം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 8-3-2020-ൽ ഉദ്ഘാടനം നടത്തി. പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് വകുപ്പിന്റെ ബോട്ടുകൾ സർവ്വീസ് നടത്തുന്നത്. ബോട്ടപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കുമായി കേരളാ ഇൻലാന്റ് വെസൽ റൂൾ 2010 അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും വകുപ്പിലെ ബോട്ടുകൾ പാലിച്ചുവരുന്നു. യാത്രക്കാർക്കും ജീവനക്കാർക്കുമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയി, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിങ്ക്യൂഷർ എന്നിവ എല്ലാ ബോട്ടുകളിലും സജ്ജീകരിച്ചിട്ടുണ്ട്. കേരള തുറമുഖ വകുപ്പിന്റെ ഫിറ്റ്നസ് പരിശോധനയ്ക്കും അതുവഴി ലഭിക്കുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾക്കും വിധേയമായി മാത്രമാണ് വകുപ്പ് ബോട്ട്സർവ്വീസ് നടത്തിവരുന്നത്. സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി ബോട്ടുകൾ യഥാസമയം പരിശോധനകൾ നടത്തുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വകുപ്പിന്റെ മെക്കാനിക്കൽ വിഭാഗത്തിന്റെയും യാർഡുകളുടെയും സേവനം പ്രയോജനപ്പെടുത്തിവരുന്നു. ബോട്ടുകളും സ്റ്റേഷനുകളും തമ്മിൽ ആശയവിനിമയത്തിനും സുരക്ഷയ്ക്കുമായി ബോട്ടുകളിൽ സി.യു.ജി. ഫോൺ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്കും യാത്രക്കാർക്കും കേരള സ്റ്റേറ്റ്

ഇൻഷ്വറൻസ് വകുപ്പുവഴി ഇൻഷ്വറൻസ് പോളിസി പരിരക്ഷയും ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും വകുപ്പ് ഉറപ്പാക്കിയിട്ടുള്ളതാണ്. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്. ദേശീയ പാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കുന്നതിനായി ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം നടപ്പിൽവരുത്തുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷന്റെ കീഴിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉൾനാടൻ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം നടപ്പിൽവരുത്തുന്നതിനുള്ള പ്രവൃത്തികൾ ധ്രുതഗതിയിൽ നടപ്പിലാക്കിവരുന്നു. പശ്ചിമതീര കനാലിന്റെ കോവളം മുതൽ ബേക്കൽ വരെയുള്ള 616 കി. മീ. വികസനം 2025 ഓടുകൂടി പൂർത്തിയാകുന്നതോടെ 500 മെട്രിക് ടണ്ണിന് മുകളിലുള്ള ചരക്ക് ഗതാഗതം പ്രാവർത്തികമാകുന്നതാണ്. പ്രസ്തുത ഉൾനാടൻ ജലഗതാഗതംമൂലം ഹസാർഡസ് മെറ്റീരിയൽസിന്റെ ട്രാൻസ്പോർട്ടേഷൻ അപകടരഹിതമായ രീതിയിൽ നടത്തുവാനും ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് ഗണ്യമായി കുറയ്ക്കുവാനും സാധിക്കും.

(ബി) വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ബോട്ടുകളും വാട്ടർ ടാക്സി സംവിധാനവും ഏർപ്പെടുത്തുമോ?

വൈക്കത്ത് നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും സ്വച്ഛമായും സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ടി റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉദ്ഘാടനം 4-11-2018-ൽ നിർവ്വഹിച്ചു. വിനോദസഞ്ചാരവും അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു. പയ്യന്നൂർ മേഖലയിൽ അത്യാധുനിക സൗകര്യങ്ങളുള്ള ബോട്ട് ഏർപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന സർവ്വീസ് ടൂറിസ്റ്റ് ഫ്രണ്ട്ലി സർവ്വീസാക്കി നടത്തിവരുന്നു. ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 8-3-2020-ൽ ഉദ്ഘാടനം നടത്തി. ഇതുവഴി ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക

എന്ന ഉദ്ദേശത്തോടെയും കോട്ടയത്തുനിന്നും ആലപ്പുഴയ്ക്ക് വരുന്ന യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും സാധിക്കുന്നു. ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സി നിർമ്മാണം ആരംഭിക്കുകയും ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15-10-2020-ലും രണ്ടാമത്തെ ബോട്ടിന്റെ ഉദ്ഘാടനം 4-1-2021-ലും നടത്തുകയും ചെയ്തു. ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും, പറശ്ശിനിക്കടവിലും സർവ്വീസ് നടത്തിവരുന്നു. മൂന്നും,നാലും ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ജലഗതാഗത സാധ്യതകളും ടൂറിസം സാധ്യതകളും സംബന്ധിച്ച് അടിയന്തര പ്രാധാന്യത്തോടെ പഠനങ്ങൾ നടത്തിവരുന്നു. വേഗതയേറിയതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ആസിഡ് പോലുള്ള അപകടകരമായ ചരക്കുകളുടെ ഗതാഗതത്തിന് കൂടുതൽ സുരക്ഷിത മാർഗ്ഗമെന്ന നിലയിൽ ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ജലപാത പൂർണ്ണതോതിൽ സജ്ജമാകുന്നതോടെ ആസിഡ് പോലുള്ള ചരക്ക് ഗതാഗതത്തിന് ഏറ്റവും കൂടുതൽ സുരക്ഷിത പാതയായിരിക്കും. ചവറ, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ.) കമ്പനിക്ക് സമീപം ഹൈഡ്രോക്ലോറിക് ആസിഡും ഫർണസ് ഓയിലും അൺലോഡ് ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആസിഡ് കൊണ്ടുപോകുന്നതിന് ഒരു ബാർജ് നിലവിൽ കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ (കെ.എസ്.ഐ.എൻ.സി.)-ക്കുണ്ട്. മറ്റൊരെണ്ണം പണി പൂർത്തിയായിവരുന്നുണ്ട്. കൂടാതെ എഫ്.എ.സി.റ്റി.-ക്ക് വേണ്ടിയുള്ള അസംസ്കൃത വസ്തുക്കൾ കടത്തുന്നതിന് രണ്ടും പെട്രോളിയം ഉൽപ്പന്നങ്ങൾ കടത്തുന്നതിന് നാലും ബാർജുകൾ കമ്പനിക്കുണ്ട്.

## ആശ്വാസ കിരണം പദ്ധതി

6 (*396) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരാലംബരായ ജനങ്ങൾക്ക് ആശ്വാസം എത്തിക്കാൻ വേണ്ടി തുടങ്ങിയ ആശ്വാസ കിരണം പദ്ധതിയുടെ പ്രവർത്തനം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശാരീരിക വൈകല്യമുള്ളവർ, മാനസിക രോഗം ബാധിച്ചവർ, സെറിബ്രൽ പാൾസി ബാധിച്ചവർ, ബുദ്ധിമാന്ദ്യമുള്ളവർ തുടങ്ങിയവരെയെല്ലാം പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതി മുഖേന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ആശ്വാസ കിരണം പദ്ധതി പുനരാരംഭിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ബി&സി) തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും നൂറുശതമാനം അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യ മാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധന സഹായം അനുവദിക്കുന്ന ആശ്വാസ കിരണം പദ്ധതി നിലവിൽ തുടർന്നുവരുന്നു. നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസം വരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉടനെ വിതരണം ചെയ്യുന്നതാണ്.

## സർവ്വകലാശാല നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിഷ്കരണം

7 (*397) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

(എ&ബി) സർവ്വകലാശാല നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായി വരുത്തേണ്ട മാറ്റങ്ങൾ വരുത്തുന്നതിനായി നിയമപരിഷ്കാര കമ്മീഷനെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ

8 (*398) ശ്രീ. വി. ജോയി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് അറുപത് ശതമാനമെങ്കിലും ആയി ഉയർത്തുകയെന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്തണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അധിക പഠന സൗകര്യം, സീറ്റുവർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവ നടപ്പാക്കുന്നതിലൂടെ ഇത് നേടുവാനാണ് സർക്കാർ ആലോചിക്കുന്നത്. സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ 2021-22 അദ്ധ്യയന വർഷം സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും വിവിധ സർവ്വകലാശാലകളിലും 2020-21 അക്കാദമിക വർഷം New Generation Inter Disciplinary സ്വഭാവമുള്ള കോഴ്സുകളടക്കം നിരവധി കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സർക്കാർ കോളേജുകളിൽ അദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയാണ് നടത്തിവരുന്നത്. 30-12-2020-ലെ സ.ഉ.(കൈ)നമ്പർ 471/2020/ഉ.വി.വ. പ്രകാരം 721 പുതിയ അദ്ധ്യാപക തസ്തികകൾ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ സൃഷ്ടിച്ചിട്ടുണ്ട്.

## പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

9 (*399) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരം കുറഞ്ഞ പാൽ കേരളത്തിൽ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ വിപണനം നടത്തുന്ന പാലിലോ പാലുല്പന്നങ്ങളിലോ മായം കണ്ടെത്തുന്നപക്ഷം ആയത് ബന്ധപ്പെട്ട ചുമതലയുള്ള ഫുഡ്സേഫ്റ്റി ഓഫീസർമാർക്ക് കൈമാറുന്നു. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖാന്തരം നിരന്തര പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ ആഘോഷ വേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തിവരുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും ഇത്തരത്തിലുള്ള പരിശോധനകൾ നടത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന രാസവസ്തുക്കൾ പാലിൽ ചേർത്തിട്ടില്ലെന്ന് ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷാവസരങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണ നിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ളപക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. കൂടാതെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യ വസ്തുക്കളിലെ മായം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവിട ങ്ങളിലെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികൾ എന്നിവ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(സി) പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നടപ്പുവർഷം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പാലിന്റെയും പാലുൽപന്നങ്ങളുടെയും ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നടപ്പുവർഷം ചുവടെ ചേർക്കുന്ന ഉൽപ്പന്നങ്ങൾക്കെതിരെ 18 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

Cow Milk, Eranad - കൊല്ലം ജില്ല

Milk Thattu- തിരുവനന്തപുരം ജില്ല

Ghee 2 എണ്ണം- ആലപ്പുഴ ജില്ല

Butter Milk & Ghee, Milk Powder, Kulfi- കോഴിക്കോട് ജില്ല

തൈര്-വയനാട് ജില്ല

Milk-1, Dairy Whitener-2, Ghee-3-എറണാകുളം ജില്ല

Hima Milk, Menma Milk, Kerala Milk- ഇടുക്കി ജില്ല

(ഡി) ഗുണനിലവാരമില്ലാത്ത പാലിന്റെയും പാലുല്പന്നങ്ങളുടെയും കാര്യത്തിൽ ഭക്ഷ്യ സുരക്ഷ നിയമ പ്രകാരം നിയമനടപടി സ്വീകരിക്കുവാൻ ക്ഷീര വികസന വകുപ്പിന് അധികാരമുണ്ടോ; വിശദമാക്കുമോ?

ഇല്ല. ഗുണനിലവാരമില്ലാത്ത പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും കാര്യത്തിൽ ഭക്ഷ്യ സുരക്ഷ നിയമപ്രകാരം നിയമ നടപടി സ്വീകരിക്കുവാൻ ക്ഷീരവികസന വകുപ്പിന് നിലവിൽ അധികാരമില്ല, കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്.

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമനടപടി സ്വീകരിക്കാനുള്ള അധികാരം ക്ഷീരവികസന വകുപ്പിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം കേന്ദ്ര നിയമമായതിനാൽ ഭക്ഷ്യസുരക്ഷാ സംബന്ധിച്ചുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI)-യിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഇതിന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

**കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ നടപടി**

10 (*400) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാന വർദ്ധനവിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവുവന്നെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുക്കപ്പെട്ട ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ്

കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മറ്റുള്ള പ്രധാന ബസ് സ്റ്റേഷനുകളിലും ആധുനിക ബസ് ടെർമിനൽ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജന ങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗ പ്പെടുത്തി റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഔട്ട്ലെറ്റുകൾ വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഡീലർ കമ്മീഷൻ, പാട്ടവാടക എന്നിവ അധിക വരുമാനമായി ലഭിക്കുന്നതാണ്. ഇത്തരം ഔട്ട്ലെറ്റുകളിൽനിന്ന് അധിക വരുമാനത്തിന് സാധ്യതയുള്ള കഫറ്റേരിയ, എ.ടി.എം. കൗണ്ടറുകൾ എന്നിവ വഴിയുള്ള വരുമാനം പങ്കിടൽ, റീട്ടെയിൽ ഔട്ട്ലെറ്റുകൾക്ക് സമീപമായി കൂടുതൽ സൗകര്യങ്ങളോടുകൂടിയ ടോയ്‌ലെറ്റുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻ തന്നെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ് ' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. നേരിട്ട് ലൂബ്രിക്കന്റ് വിൽപ്പന നടത്തുന്നതിലൂടെ ഡീലർ കമ്മീഷൻ വഴി ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുകയും ഇതോടനുബന്ധിച്ച് ഓയിൽ ചെയ്ഞ്ച് തുടങ്ങിയ പ്രവർത്തന ങ്ങൾകൂടി ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം ലഭിക്കുന്നതുമാണ്. മൂന്നാറിൽ വിനോദ സഞ്ചാരികൾക്ക് ബസ്സുകളിൽ താമസസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 'സ്ലീപ്പ് ഇൻ ബസ്സ് ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെയും കോർപ്പറേഷന് അധിക വരുമാനം ലഭ്യമാകുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കാനാകാതെ കിടക്കുന്ന വാണിജ്യ സമുച്ചയങ്ങൾ, കടമുറികൾ, പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള സ്ഥലങ്ങൾ എന്നിവ ഗുണകരമായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ജീവനക്കാരിൽനിന്നും കൊമേഴ്സ് ബിരുദം ഉള്ളവരെ തെരഞ്ഞെടുത്ത് ഒരു മാർക്കറ്റിംഗ് വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ടിക്കറ്റേതര അധിക വരുമാനം ലഭ്യമാകുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസിനനുയോജ്യമല്ലാത്ത വാഹനങ്ങൾ മറ്റുതരത്തിൽ വിനിയോഗിക്കാൻ പരിപാടിയുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസിന് യോഗ്യമല്ലാത്ത 300 ബസ്സുകളിൽനിന്നും 43 ബസ്സുകളെ ഷോപ്പ്-ഓൺ-വീൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഏജൻസികൾക്കുവേണ്ടി രൂപമാറ്റം വരുത്തുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്.

| | | |
|---|---|---|
| മിൽമ | - | 22 |
| കെ.ടി.ഡി.സി. | - | 1 |
| ലൂബ് ഷോപ്പ് | - | 2 |
| കുടുംബശ്രീ | - | 2 |
| ഹോർട്ടികോർപ്പ് | - | 2 |
| എസ്.സി/എസ്.ടി. ഡിപ്പാർട്ട്മെന്റ് | - | 14 |

നിലവിൽ തിരുവനന്തപുരം സിറ്റി, തൃശ്ശൂർ, കണ്ണൂർ എന്നീ യൂണിറ്റുകളിൽ മിൽമയും തിരുവനന്തപുരം സിറ്റി യൂണിറ്റിൽ കുടുംബശ്രീയും ഓരോ ബസ്സ് വീതം ഷോപ്പ്-ഓൺ-വീൽസ് പദ്ധതി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാഫ് സ്ലീപ്പർ ആയി 21 ബസ്സുകളും, വിനോദ സഞ്ചാരികളുടെ താമസ സൗകര്യത്തിനായി 4 ബസ്സുകൾ റണ്ണിംഗ് സ്ലീപ്പർ ആയും രൂപമാറ്റം വരുത്തിനൽകിയിട്ടുണ്ട്.

(സി) ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളിൽനിന്നുള്ള വരുമാനം എത്രയെന്ന് അറിയിക്കാമോ?

കെ.റ്റി.ഡി.എഫ്.സി., ബി.ഒ.ടി. വ്യവസ്ഥയിൽ തിരുവനന്തപുരം, അങ്കമാലി, തിരുവല്ല, കോഴിക്കോട് എന്നിവിടങ്ങളിൽ പണികഴിപ്പിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നും 2012-13 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം (സാമ്പത്തിക വർഷം 2019-20 ഓഡിറ്റ് ചെയ്തിട്ടില്ല) വരെ ലഭിച്ച ആകെ വരുമാനം 31,36,35,921 രൂപയും ചെലവ് കഴിഞ്ഞ് ലഭിച്ചത് 12,27,24,899 രൂപയുമാണ്. ടി തുകയിൽനിന്നും കെ.എസ്.ആർ.ടി.സി.-യുടെ വിഹിതം അവരുടെ ലോൺ കുടിശ്ശികയിൽ കെ.ടി.ഡി.എഫ്.സി. വകയിരുത്തി വരുന്നു. മറ്റ് ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള കെ.എസ്.ആർ.ടി.സി.-യുടെ വരുമാന കണക്കുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കൊറിയർ സർവ്വീസ് വിപുലീകരിച്ച് ലാഭകരമായി നടത്തുവാൻ കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് ഡിവിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കൊറിയർ സർവ്വീസ് നടത്തി അധിക വരുമാനം നേടുന്നതിനായി കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ജീവനക്കാരിൽനിന്നും കൊമേഴ്സ് ബിരുദമുള്ളവരെ തെരഞ്ഞെടുത്ത് ഒരു മാർക്കറ്റിംഗ് വിഭാഗം ആരംഭിച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക ചോർച്ച തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക ചോർച്ച തടയുന്നതിന്റെ ഭാഗമായി അക്കൗണ്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും പ്രതിദിന വരുമാനം, ബാങ്ക് വായ്പ തിരിച്ചടവ്, മറ്റ് ബാങ്ക് ഇടപാടുകൾ എന്നിവ reconciliation ചെയ്യുന്നതിനുമായി പ്രൊഫഷണലുകളെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ നിലവിലുള്ള അക്കൗണ്ടിംഗ് സംവിധാനത്തെ സംബന്ധിച്ച് പഠിച്ച് കുറ്റമറ്റ രീതിയിൽ അക്കൗണ്ടിംഗ് സംവിധാനം പരിഷ്കരിക്കുന്നതിനും ഇന്റേണൽ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനും തദ്വാര വരുമാന ചോർച്ച തടയുന്നതിനുമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വർമ്മ ആന്റ് വർമ്മ എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ട്.

## മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ഗുണനിലവാര പരിശോധന

11 (*401) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാലുൽപ്പന്നങ്ങൾ, പക്ഷിമൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ചെക്ക് പോസ്റ്റുകളിലൂടെ കടന്നുവരുന്ന ഇറച്ചിക്കോഴി, പാലുൽപ്പന്നങ്ങൾ, പക്ഷിമൃഗാദികൾ, പാൽ, മുട്ട എന്നിവയുടെ കണക്കുകളും വിവര ശേഖരണവുമാണ് നടത്തുന്നത്. ഗുണനിലവാര പരിശോധന സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശമുണ്ട്. മൃഗങ്ങൾക്ക് രോഗമുണ്ടോയെന്നും പക്ഷികൾക്ക് രോഗലക്ഷണങ്ങളുണ്ടോ എന്നതുൾപ്പടെയുള്ള വിപുലമായ പരിശോധനയും നടത്തുന്നുണ്ട്.

(ബി) ചരക്കുസേവന നികുതി നടപ്പിലായതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന പല വാണിജ്യ നികുതി ചെക്പോസ്റ്റ് കെട്ടിടങ്ങളും ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉപയോഗശൂന്യമായ ചെക്പോസ്റ്റ് കെട്ടിടങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ ആവശ്യത്തിനായി ഏറ്റെടുക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ കുമളി, വാളയാർ, കോഴിപ്പാറ എന്നീ സ്ഥലങ്ങളിലെ വാണിജ്യ നികുതി വകുപ്പിന്റെ കെട്ടിടങ്ങൾ മൃഗസംരക്ഷണ വകുപ്പിന് കൈമാറി പ്രവർത്തനം തുടർന്നുവരുന്നു. മറ്റ് ചെക്ക് പോസ്റ്റുകളുടെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന പരിശോധനാ സംവിധാനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ആധുനികവത്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

**കാർഷിക മേഖലയിൽ ഭക്ഷ്യേതര വിളകളിലേക്കുള്ള മാറ്റം**

12 (*402) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ ഭൂവിനിയോഗ രീതിയിൽ വന്ന മാറ്റങ്ങൾ സംബന്ധിച്ച് സർക്കാർ, സർക്കാരിതര ഏജൻസികൾ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള കാർഷിക സർവ്വകലാശാല, കേരള ആസൂത്രണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലകൾ അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ (AEZ) ആയും 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ (AEU) ആയും വിഭജിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് ഉപഗ്രഹ ചിത്രങ്ങളുടെയും ഫീൽഡ് സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കിവരുന്നു. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് കാലാകാലങ്ങളിൽ പഠനം നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു. കേരളത്തിലെ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ www.kslublris.com എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഭക്ഷ്യ വിളകളിൽനിന്നും ഭക്ഷ്യേതര വിളകളിലേക്കുള്ള മാറ്റം കാർഷിക മേഖലയിൽ എപ്രകാരം സ്വാധീനം ചെലുത്തിയെന്നത് പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

പഠനവിധേയമാക്കുന്നതാണ്. എന്നാൽ കേരളത്തിലെ ഭക്ഷ്യവിളകളുടേയും ഭക്ഷ്യേതര വിളകളുടേയും വിസ്തൃതി പഠന വിധേയമാക്കിയിട്ടുണ്ട്. 2019-20-ലെ മൊത്തം കൃഷി വിസ്തൃതിയുടെ 9.88 ശതമാനം ഭക്ഷ്യ വിളകളായ നെല്ല്, കപ്പ, മധുരക്കിഴങ്ങ്, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയും 61.6 ശതമാനം നാണ്യ വിളകളായ കശുവണ്ടി, റബ്ബർ, കുരുമുളക്, നാളികേരം, തേയില, കാപ്പി എന്നിവയുമാണ്. മൊത്തം കൃഷി വിസ്തൃതിയിൽ 27.5 ശതമാനം റബർ, കാപ്പി, തേയില, ഏലം എന്നീ വിളകളാണ്. വിളകളിൽ ഏറ്റവും കൂടുതൽ കൃഷി വിസ്തൃതി തെങ്ങിനും (29.3 ശതമാനം) തുടർന്ന് റബ്ബറിനുമാണ് (21.28 ശതമാനം). കൃഷി വിസ്തൃതിയുടെ 7.37 ശതമാനം രേഖപ്പെടുത്തി നെൽകൃഷി മൂന്നാം സ്ഥാനത്താണ്. ഭക്ഷ്യ വിളകളുടെ വിസ്തൃതി കുറയുന്നത് തടയുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി കൃഷിവകുപ്പ് വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ തരിശുനില കൃഷി പ്രോത്സാഹിപ്പിച്ചു. നെല്ല്, പച്ചക്കറി, വാഴ, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ എന്നിവയുടെ ഉൽപ്പാദന വർദ്ധനവിന് ഊന്നൽ നൽകുന്നുണ്ട്. കൂടാതെ തരിശുനില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. നെൽ കൃഷി മേഖലയിലെ വിസ്തൃതി നിലനിർത്തുന്നതിനായി നിലം ഉടമകൾക്ക് ഹെക്ടറിന് 2,000/- രൂപ പ്രകാരം റോയൽറ്റി നൽകുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**ഓമനപ്പക്ഷികളുടെ വാണിജ്യ സാധ്യതകൾ**

13 (*403) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള ഓമനപ്പക്ഷികളുടെ വളർത്തലും പരിപാലനവും സംബന്ധിച്ച സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഓമനപക്ഷികളുടെ വളർത്തലിന് വളരെ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. നിരവധി യുവാക്കൾ ഈ രംഗത്ത് വാണിജ്യാടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് സാഹചര്യത്തിൽ ഒരു സ്വയം തൊഴിൽ സംരംഭമായി ഓമന പക്ഷിവളർത്തൽ മാറിയിട്ടുണ്ട്.

(ബി) ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വരുമാന വർദ്ധനവിന് സഹായകരമാകുന്ന വിധം ഓമനപ്പക്ഷികളുടെ വളർത്തലും പരിപാലനവും പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

മൃഗസംരക്ഷണ വകുപ്പ് ഈ രംഗത്ത് സംരംഭകർക്കാവശ്യമായ, ശാസ്ത്രീയമായ പരിശീലനം മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. ഇപ്രകാരമുള്ള ശാസ്ത്രീയ പരിശീലനത്തിലൂടെ സംരംഭങ്ങൾക്ക് മികച്ച പിന്തുണ നൽകാൻ മൃഗസംരക്ഷണ വകുപ്പിന് കഴിയും. കൂടാതെ ഓമനപക്ഷികൾക്കാവശ്യമായ രോഗനിർണ്ണയ ചികിത്സാ സേവനം മൃഗാശുപത്രികൾ, ലാബുകൾ എന്നിവ വഴി സൗജന്യമായി ചെയ്തുവരുന്നു.

(സി) വാണിജ്യാടിസ്ഥാനത്തിൽ ഓമനപ്പക്ഷികളെ വളർത്തുന്ന പദ്ധതി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നത് പരിഗണിച്ച് ഈ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനുള്ള പരിപാടികൾ പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ?

ഓമനപക്ഷിവളർത്തലിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ഡി) വിദ്യാർത്ഥികൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയെയും പങ്കാളികളാക്കി ഈ രംഗത്ത് പ്രവർത്തനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വിദ്യാർത്ഥികൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായസംഘങ്ങൾ എന്നിവയ്ക്കാവശ്യമായ ബോധവൽക്കരണം, പരിശീലനം കൂടാതെ പക്ഷികൾക്കാവശ്യമായ ചികിത്സ, രോഗനിർണ്ണയം എന്നിവ മൃഗസംരക്ഷണ വകുപ്പിന് നൽകാൻ കഴിയുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണം

14 (*404) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കി മൂന്നുവർഷത്തിനകം കെ.എസ്.ആർ.ടി.സി.-യുടെ വരവുചെലവുകൾ തുല്യമാകുമെന്നും ശമ്പളപരിഷ്കരണം ഉൾപ്പെടെ ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും കുടിശ്ശിക തീർത്ത് നൽകുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ മുൻ ധനമന്ത്രി പരാമർശിച്ചതുപ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

പ്രൊഫ. സുശീൽ ഖന്ന പഠന റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ കെ.എസ്.ആർ. ടി.സി.-യുടെ വരവും ചെലവും ബാലൻസ് ചെയ്യുകയും ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുമെന്നുമാണ് ബഡ്ജറ്റ് പ്രസംഗത്തിൽ മുൻ ധനകാര്യ വകുപ്പുമന്ത്രി പരാമർശിച്ചിരുന്നത്. പ്രൊഫ. സുശീൽ ഖന്ന പഠന റിപ്പോർട്ട് നടപ്പാക്കി കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ 3100 കോടി രൂപയുടെ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽനിന്ന് ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യിൽ 1984-ൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ സർക്കാർ പെൻഷൻ നൽകുന്നതിനായി ഒരു സഞ്ചിത നിധി ആരംഭിച്ചിരുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനത്തിൽനിന്ന് പെൻഷന് ആവശ്യമായ 65 കോടി രൂപ കണ്ടെത്താൻ കഴിയാത്തതിനാൽ സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് നിലവിൽ പെൻഷൻ നൽകിവരുന്നു. ഇത്തരത്തിൽ പെൻഷൻ നൽകുന്ന തുക സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും സഹകരണ സംഘങ്ങൾക്ക് പലിശ സഹിതം തിരികെ നൽകിവരുന്നു. കൂടാതെ ബസ്സ് സർവ്വീസുകൾ പുനഃക്രമീകരിച്ചുവഴി കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ അധികവരുമാനം നേടാൻ കഴിഞ്ഞതിനാലും വായ്പ തിരിച്ചടവിനത്തിലെ ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞതിനാലും ജീവനക്കാർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയുടെ ഒരു നിശ്ചിത ഭാഗം വിതരണം ചെയ്യാൻ കഴിഞ്ഞു. കൂടാതെ കുടിശ്ശികയുള്ള ക്ഷാമബത്തയിൽ 8 ശതമാനം ക്ഷാമബത്ത 2018 ഡിസംബർ മാസം മുതൽ ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഗുണ ഫലം ലഭ്യമായി വരുന്ന വേളയിലാണ് രാജ്യത്ത് 2020 മാർച്ച് മാസത്തോടുകൂടി കോവിഡ് വ്യാപനം ആരംഭിക്കുകയും തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുത്തനെ ഇടിയുകയും സാമ്പത്തിക പ്രതിസന്ധി ഗുരുതരമായ സ്ഥിതിവിശേഷവുമുണ്ടാക്കി. മാർച്ച് 2020 മുതൽ കോവിഡ്-19 വ്യാപിച്ചതിനാൽ KSRTC-യുടെ വരുമാനം ഗണ്യമായി കുറഞ്ഞെങ്കിലും ചെലവിൽ വ്യത്യാസം വന്നിട്ടില്ല. ആയതിനാൽ ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള ജീവനക്കാരുടെ ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് നൽകിയിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള ശമ്പളക്കരാറിലെ കാലാവധി എന്നുവരെ ആയിരുന്നു; ശമ്പള പരിഷ്കരണം നടത്താൻ കാലതാമസം നേരിടുന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

1-3-2011 മുതൽ 29-2-2016 വരെ ആയിരുന്നു ശമ്പള പരിഷ്കരണ കരാറിന്റെ കാലാവധി. ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റുമായി വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കുന്ന വ്യവസ്ഥകളും വേതനവും ഉൾപ്പെടുത്തി ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ കഴിയുമെന്ന തരത്തിൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണ്. അതിനായി മാനേജ്മെന്റ് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്. 20-3-2021, 24-3-2021 എന്നീ തീയതികളിൽ കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത തൊഴിലാളി സംഘടനകളുമായി മാനേജ്മെന്റ് തലത്തിൽ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയുണ്ടായി. 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ 1,500 രൂപ വീതം പ്രതിമാസം ഇടക്കാലാശ്വാസം അനുവദിച്ച് നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500 രൂപ വീതം ഇടക്കാലാശ്വാസമായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പൂർണ്ണമായും സർക്കാർ ധനസഹായം കൊണ്ടാണ് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നിലവിൽ വിതരണം ചെയ്യുന്നത്. വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ ഉൽപ്പാദനക്ഷമത കൂട്ടുന്ന രീതിയിൽ സർവ്വീസ് ക്രമീകരിച്ചും ചെലവ് കുറച്ച് മറ്റ് ടിക്കറ്റേതര വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ കോർപ്പറേഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശമ്പളപരിഷ്കരണ കരാറിനോടൊപ്പം സേവന വ്യവസ്ഥ സംബന്ധിച്ച ഒരു ദീർഘകാല കരാറും ഒപ്പിടേണ്ടതുണ്ട്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിൽ എത്തി നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം കെ.എസ്.ആർ.ടി.സി.-യിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

(സി) കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുന്നതിന് സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പര്യാപ്തമല്ലെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM കൽക്കട്ടയിലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റ് ആയി നിയമിക്കുകയും അദ്ദേഹം നടത്തിയ സമഗ്രപഠനത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ താഴെപ്പറയുന്ന വിധത്തിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയുണ്ടായി.

(i) കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫഷണലിസം നടപ്പാക്കുന്നതിനായി പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

(ii) കോർപ്പറേഷനെ സ്വയം പര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്നതിന് വേണ്ടി നടപടി സ്വീകരിച്ചു.

(iii) ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(iv) കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും സുതാര്യമായ അക്കൗണ്ടിംഗിന്റെയും മാനവവിഭവ ശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവിണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും IT, Accounts, HR, Commercial എന്നീ വിഭാഗങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി.

(v) കോർപ്പറേഷനിലെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിലേയ്ക്ക് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(vi) കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ നടപടികൾ കോർപ്പറേഷനിൽ ഒരു സമഗ്രമായ മാറ്റത്തിന് വഴിയൊരുക്കുകയും ആയതിന്റെ ഫലപ്രാപ്തിയെന്നോണം വരുമാനം വർദ്ധിക്കുകയും ചെയ്തതിലൂടെ കെ.എസ്.ആർ.ടി.സി. സാമ്പത്തിക അച്ചടക്കം കൈവരിച്ചു വന്നിരുന്ന കാലഘട്ടത്തിലാണ് ലോകമാകെ കീഴടക്കിയ കോവിഡ്-19 മഹാമാരി പൊതുഗതാഗതത്തെ ആകെ തകിടംമറിയ്ക്കുകയും കെ.എസ്.ആർ.ടി.സി.-യെ വൻപ്രതിസന്ധിയിലാക്കുകയും ചെയ്തിട്ടുള്ളത്. ആയതുകൊണ്ടുതന്നെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എത്രത്തോളമാണെന്ന് വിലയിരുത്താൻ നിലവിലെ സാഹചര്യത്തിൽ കഴിയാത്ത അവസ്ഥയിലാണ്.

## ഇലക്ട്രിക്, സി.എൻ.ജി. വാഹനങ്ങൾ

15 (*405) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) അടിക്കടി ഉയരുന്ന പെട്രോൾ, ഡീസൽ എന്നിവയുടെ വിലയും പ്രകൃതി സൗഹൃദ ഇന്ധനങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള സംസ്ഥാന സർക്കാരിന്റെ നയവും പരിഗണിച്ച് ഗതാഗതമേഖലയിൽ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തും ഹരിത ഊർജ്ജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി 10-3-2019-ലെ ജി.ഒ.(എം.എസ്)നമ്പർ 24/2019/ട്രാൻസ്. പ്രകാരം 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം വാഹനങ്ങളുടെ നികുതിയിൽ ഇളവ് നൽകുകയും ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തുവരുന്നു. ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) നടത്തുന്നു. ഇ.എം.സി. നടത്തുന്ന 'GO Electric' ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ വിലയിൽ ഇലക്ട്രിക് 2 വീലർ വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യമൊരുക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ്സ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ഇ.എം.സി.-യും ചേർന്നാണ് പദ്ധതി നടത്തുവാൻ ഉദേശിക്കുന്നത്. ഇതുകൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് നൽകുന്നതിന് ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാതാക്കളിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉയർന്നുവരുന്ന പെട്രോൾ/ഡീസൽ വില വർദ്ധനവുമൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽനിന്നും മുക്തി നേടുന്നതിന് കുറഞ്ഞ വിലയിൽ ഇലക്ട്രിക്

ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി ഇ.എം.സി. വിഭാവനം ചെയ്തുവരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഇ.എം.സി. ഈ പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള 3400 ഡീസൽ ബസ്സുകൾ സി.എൻ.ജി., എൽ.എൻ.ജി.-യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. സി.എൻ.ജി./എൽ.എൻ.ജി. ബസ്സുകൾ പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽ നിന്നും ഒരു സി.എൻ.ജി. ബസ് വാങ്ങുകയും 23-3-2018 മുതൽ കെ.എസ്.ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും നിലവിൽ പ്രസ്തുത വാഹനം വിവിധ മേഖലകളിൽ സർവ്വീസ് നടത്തിയതിൽ പ്രോത്സാഹന ജനകമായിക്കാണുന്നു. ഇന്ധനച്ചെലവിൽ 38 ശതമാനം കുറവുവന്നതായി ബോധ്യ പ്പെട്ടിട്ടുണ്ട്. കൂടാതെ M/s Petronet LNG-യുടെ ഉടമസ്ഥതയിലുള്ള 2 എൽ.എൻ.ജി. ബസ്സുകൾ വാടകയ്ക്ക് ലഭ്യമാക്കി 21-6-2021 മുതൽ എറണാകുളം കേന്ദ്രീകരിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് ഇപ്പോൾ സർവ്വീസ് നടത്തിവരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങളും വിശകലനം ചെയ്തുവരികയാണ്. നിലവിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം വരുത്തുന്നതിനായി 7-1-2021 അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചതിൽ 3 കമ്പനികൾ യോഗ്യത നേടുകയും ദർഘാസിന്റെ 2-ാം ഘട്ടമായ POC (Proof of Concept) പൂർത്തീകരിക്കുന്നതിന് മുന്നോടിയായുള്ള ഡീസൽ ബസ്സിന്റെ പ്രവർത്തനക്ഷമത പരിശോധന രണ്ട് കമ്പനികൾ പൂർത്തീകരിക്കുകയും മൂന്നാമത്തെ കമ്പനി വരും ദിവസങ്ങളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് അറിയിക്കുക യുമുണ്ടായി. പ്രാഥമിക യോഗ്യത നേടിയ സ്ഥാപനങ്ങൾ ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും ആയതിനാൽ കോവിഡ്-19 നിയന്ത്രണങ്ങൾ പദ്ധതിയെ ബാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ നിലവിലുള്ള 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള പുനർദർഘാസിൽ 2 കമ്പനികൾ പങ്കെടുത്തിട്ടുള്ളതും ടെണ്ടർ തുറന്ന് രേഖകൾ പരിശോധിക്കുകയും കുറവുള്ള രേഖകൾ ഇ-ടെണ്ടർ പോർട്ടൽ വഴി ആവശ്യപ്പെട്ടിരിക്കുകയും പ്രവർത്ത നങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നതുമാണ്. നിലവിലുള്ള 3000 ഡീസൽ ബസ്സുകൾക്ക് വാഹന നിർമ്മാതാക്കളിൽനിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി പരിവർത്തനം നടത്തുന്ന പദ്ധതി ഇതോടൊപ്പം പുരോഗതിയിലാണ്. ഓരോ ബസ്സുകൾ ഇത്തരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ പരിവർത്തനം ചെയ്യുന്നതിന്

കമ്പനികളുടെ R&D പ്രവർത്തനം നടന്നുവരുന്നു. കൂടാതെ ഈ പദ്ധതികൾക്കാവശ്യമായ സാങ്കേതിക സഹായം ARAI മുഖാന്തരം ലഭ്യമാക്കുന്നതിനും ക്രമീകരണം ചെയ്തുവരുന്നു. കെ.എസ്.ആർ.ടി.സി.-യിൽ ഡീസൽ ഇതര ഇന്ധനങ്ങൾ ഉപയോഗിക്കുന്ന സി.എൻ.ജി., ഇലക്ട്രിക് ബസ്സുകൾ എന്നിവ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക്, സി.എൻ.ജി. വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പൊതുഗതാഗതത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ഇലക്ട്രിക്, CNG, LPG തുടങ്ങിയവ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നു. രജിസ്ട്രേഷൻ കാലാവധി പൂർത്തിയായ ഡീസൽ ഓട്ടോറിക്ഷകൾ ഈ രീതിയിൽ മാറ്റം വരുത്തിയാൽ മാത്രമെ പെർമിറ്റ് അനുവദിക്കുകയുള്ളൂ. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ ഫീസ്, നികുതി എന്നിവയിൽ ഇളവ് നൽകുകയും പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നയപ്രകാരം ഇലക്ട്രിക് ഓട്ടോകൾക്ക് 30,000 രൂപ സബ്സിഡിയും അനുവദിച്ചിട്ടുണ്ട്. 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് മോട്ടോർ സൈക്കിൾ, മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ (PSV for personal use) സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന മുച്ചക്ര വാഹനങ്ങൾ എന്നിവയുടെ 15 വർഷത്തെ ഒറ്റത്തവണ നികുതി അവയുടെ വിലയുടെ 5 ശതമാനമായി 2020-ലെ ഫൈനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല 23-2-2021-ലെ GO(P)No.12/2021/Trans. പ്രകാരം 1-4-2021 മുതൽ സ്വകാര്യ ആവശ്യത്തിനായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ഒടുക്കേണ്ടതായ ഒറ്റത്തവണ നികുതിയിൽ ആദ്യത്തെ അഞ്ചു വർഷത്തെ നികുതി 50 ശതമാനം ഇളവ് നൽകിയിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളെ രജിസ്ട്രേഷൻ ഫീസിൽനിന്നും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസിൽനിന്നും ഒഴിവാക്കിക്കൊണ്ട് 2-8-2021-ലെ GSR525(E) പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) പരിസരമലിനീകരണം ഇല്ലാതാക്കുന്നതിന് സഹായകരമായവിധം ഇലക്ട്രിക് വാഹനങ്ങൾ വ്യാപകമാക്കുന്നതിന് നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഡീസൽ/പെട്രോൾ വാഹനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് വാഹനങ്ങളുടെ വില കൂടുതലാണ്. മെയിന്റനൻസ് ചെലവ് കുറവാണെങ്കിലും വാഹനത്തിന്റെ ഉയർന്ന വില ഉപഭോക്താവിനെ ഇലക്ട്രിക് വാഹനങ്ങൾ

വാങ്ങുന്നതിൽനിന്ന് പിന്തിരിപ്പിക്കുന്നുണ്ട്. അതുപോലെ ഇലക്ട്രിക് വാഹനങ്ങൾ വീടുകളിലും മറ്റും ചാർജ് ചെയ്യാമെങ്കിലും ബാറ്ററിയുടെ ദൂരപരിധി (Range) ദീർഘ യാത്രയ്ക്ക് തടസ്സമാകുന്നു. സംസ്ഥാനത്ത് മികച്ച ചാർജിംഗ് സൗകര്യങ്ങൾ ഇല്ലാത്തത് ദീർഘദൂര യാത്രയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന് വിഘാതമാകുന്നു. ഇ-ഓട്ടോറിക്ഷകൾ ഉൾപ്പെടെയുള്ള പൊതുഗതാഗത വാഹന ങ്ങൾക്കും സ്വാപ്പിംഗ്/ചാർജിംഗ് സൗകര്യങ്ങളുടെ അഭാവം ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിൽനിന്ന് ഉപഭോക്താക്കളെ പിന്തിരിപ്പിക്കുന്നു. 2018 നവംബർ മാസത്തിൽ വെറ്റ് ലീസ് അടിസ്ഥാനത്തിൽ 10 A/C ഇലക്ട്രിക് ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയിട്ടുള്ളത്. ഈ ബസുകളിൽ 31 സീറ്റുകളാണുള്ളത്. 2019-20-ൽ ടി ബസുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തിയപ്പോൾ കോർപ്പറേഷന് കിട്ടിയിരുന്ന ശരാശരി വരുമാനം പ്രതി കിലോമീറ്ററിന് 38.01 രൂപയാണ്. എന്നാൽ ഇതിന് നൽകേണ്ട വാടക കിലോമീറ്ററിന് 43.20 രൂപയാണ്. ഇതിനുപുറമെയാണ് ഇലക്ട്രിസിറ്റി ചാർജ്, കണ്ടക്ടർമാരുടെ വേതനം എന്നിവയിലുള്ള ചെലവ്. ആയതിനാൽ ഇത് ലാഭകരമായിരുന്നില്ല. ഈ സാഹചര്യത്തിൽ 2 ബസുകൾ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിരിക്കുകയാണ്. ഇലക്ട്രിക് ബസ്സുകളുടെ മൂലധന നിക്ഷേപ ചെലവ് കൂടുതലായതിനാൽ നിലവിലെ സാഹചര്യത്തിൽ ഇത് ലാഭകരമായി ഓടിക്കുവാൻ കഴിയുകയില്ല. ഇപ്പോൾ ലഭ്യമായ ഇലക്ട്രിക് ബസ്സുകൾ ഒരു തവണ ചാർജ് ചെയ്യുമ്പോൾ 200 കിലോ മീറ്ററിൽ താഴെമാത്രമെ ഓടിക്കുവാൻ കഴിയുന്നുള്ളൂ. അതിനാൽ ഇത് തിരുവനന്തപുരം-എറണാകുളം സർവ്വീസ് നടത്തുമ്പോൾ ഹരിപ്പാട് ചാർജ് ചെയ്യേണ്ടതായി വരുന്നുണ്ട്. ഇടയ്ക്ക് 20 മുതൽ 30 മിനിട്ടുവരെ ചാർജ് ചെയ്യുന്നതിനായി നിർത്തിയിടേണ്ട സാഹചര്യമുള്ളതിനാൽ യാത്രക്കാർ ഈ ബസ്സുകളെ ആശ്രയി ക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. ആയതിനാൽ ഇലക്ട്രിക് ബസ് ടെക്നോള ജിയിൽ നൂതന രീതിയിലുള്ളതും ചെലവ് കുറഞ്ഞതും വേഗത്തിൽ ചാർജ് ചെയ്യാവു ന്നതുമായ ബാറ്ററികൾ ലഭ്യമാകുന്നതുവരെയും ഇലക്ട്രിക് ബസ് സർവ്വീസുകൾ ലാഭകരമായി നടത്തുവാൻ സാധിക്കുകയില്ല.

(ഡി) ഇലക്ട്രിക് മൊബിലിറ്റി സംവിധാനം വ്യാപകമാക്കുന്നതിന് കേന്ദ്ര സഹായ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ FAME-II സ്കീം പ്രകാരം സബ്സിഡി നൽകിവരുന്നു. വാണിജ്യ ആവശ്യത്തിനായി വാങ്ങുന്ന ഇലക്ട്രിക് 3-വീലർ, 4-വീലർ വാഹനങ്ങൾക്കാണ് അവയുടെ ബാറ്ററി കപ്പാസിറ്റിക്കനുസരിച്ച് സബ്സിഡി നൽകിവരുന്നത്. കൂടാതെ സ്വകാര്യ ആവശ്യത്തിനായി വാങ്ങുന്ന ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കും

സബ്സിഡി ലഭിക്കും. 2021 ജൂൺ 11 മുതൽ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് Rs. 10,000/KWh നിന്നും Rs.15,000/KWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40 ശതമാനം വരെ സബ്സിഡി ലഭിക്കും. കേന്ദ്ര സർക്കാർ നഗരങ്ങൾ/കോർപ്പറേഷനുകൾക്ക് ഡിമാന്റ് ഇൻസെന്റീവ് വാഗ്ദാനം ചെയ്തുകൊണ്ട് 7000 വൈദ്യുതി ബസ്സുകൾ OPEX-wet lease മോഡലിൽ നടപ്പിലാക്കുന്നതിന് 8-3-2009-ൽ FAME-II പദ്ധതിയുടെ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വെറ്റ് ലീസ് മാതൃകയിൽ 1500 ഇലക്ട്രിക് ബസ്സുകൾ അനുവദിച്ച് കിട്ടുന്നതിനായി താല്പര്യപത്രവും പോജക്ട് റിപ്പോർട്ടും സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 250 ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് നൽകുകയും ചെയ്തു. 250 ഇലക്ട്രിക് ബസ്സുകൾക്ക് വെറ്റ് ലീസ് വ്യവസ്ഥയിൽ FAME-II പദ്ധതിയിൽ ഉൾപ്പെടുത്തി ദർഘാസ് ക്ഷണിക്കുകയും പ്രസ്തുത ദർഘാസിൽ M/s TATA Motors കുറഞ്ഞ നിരക്കായ 75.90 രൂപ കിലോമീറ്ററിന് ക്വാട്ട് ചെയ്യുകയും ചെയ്തു. എന്നാൽ പ്രസ്തുത തുകയ്ക്ക് ബസ് ഓപ്പറേറ്റ് ചെയ്യുമ്പോൾ കിലോമീറ്ററിന് 32.93 രൂപ നഷ്ടമുണ്ടാകുമെന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ VGF മോഡലിൽ ദർഘാസ് ക്ഷണിച്ചു. എന്നാൽ പ്രസ്തുത ടെണ്ടറിൽ മതിയായ കമ്പനികൾ പങ്കെടുക്കാതെ വരുകയും FAME-II പദ്ധതി പ്രകാരമുള്ള ഡിമാന്റ് ഇൻസെന്റീവ് പൂർണ്ണമായി ലഭിക്കുന്നതിന് ഒരു കിലോമീറ്ററിന് 60 രൂപയിൽ കൂടുതൽ റേറ്റ് ലഭിക്കണമെന്നും VGF വച്ചുകൊണ്ട് 30 രൂപ റേറ്റ് നിശ്ചയിച്ചാൽ ടി തുകയ്ക്ക് ആനുപാതികമായി മാത്രമേ ഡിമാന്റ് ഇൻസെന്റീവ് ലഭിക്കുകയുള്ളൂയെന്ന് DHI അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ടെണ്ടർ ക്യാൻസൽ ചെയ്ത് 50 ഇലക്ട്രിക് ബസ്സുകൾ KIIFB ഫണ്ടിംഗ് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള ടെണ്ടർ പരിസമാപ്തിയിൽ എത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

(ഇ) സംസ്ഥാനത്ത് സി.എൻ.ജി. വാഹനങ്ങൾ വ്യാപകമാക്കുന്നതിന് ആവശ്യമായ പമ്പുകൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൂടുതൽ സി.എൻ.ജി. പമ്പുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. GAIL പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുവഴി എറണാകുളം മുതൽ കോഴിക്കോട് വരെയുള്ള സ്ഥലങ്ങളിൽ സി.എൻ.ജി. പമ്പുകൾ എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ, എറണാകുളം, തൃശ്ശൂർ, മലപ്പുറം കോഴിക്കോട്, കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിൽ കൂടുതൽ സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ്

നടപടികൾ പുരോഗമിക്കുന്നു. ഈ ബസ്സുകൾ തിരുവനന്തപുരം മേഖലയിൽ സർവ്വീസ് നടത്തുന്നതാണ്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ആനയറയിൽ സ്ഥാപിക്കുന്ന സ്റ്റേഷന്റെ പണികൾ പുരോഗമിക്കുന്നുണ്ട്. ഇത് ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ സി.എൻ.ജി. ബസ്സുകൾക്കാവശ്യമായ ഇന്ധനം ഇവിടെനിന്നും ലഭ്യമാക്കാൻ സാധിക്കും. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യത്തിലേക്കായി കേരളത്തിലെ തെക്കൻ മേഖലയിൽ സി.എൻ.ജി. ലഭ്യത ഉറപ്പാക്കുന്നതിനായി കേരളത്തിന്റെ തെക്കൻ മേഖലയിലെ സി.എൻ.ജി. വിതരണ അവകാശമുള്ള M/s. AG&P-യുമായി പ്രാരംഭ ചർച്ചകൾ നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ഉത്തര-മദ്ധ്യ മേഖലകളിലെ സി.എൻ.ജി. ലഭ്യതയ്ക്കായി ഇതിന്റെ വിതരണ സ്ഥാപനമായ M/s. IOC Adani-യുമായും ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായും ചർച്ചകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ**

16 (*406) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എച്ച്. സലാം:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ അദ്ധ്യാപനം ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ ഗുണനിലവാരത്തെ ബാധിച്ചിട്ടുണ്ടോയെന്ന് പഠനവിധേയമാക്കിയിരുന്നോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; നേരിട്ടുള്ള പഠനവും വെർച്വൽ ക്ലാസ്സും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ എന്ത് മാർഗ്ഗമാണുള്ളതെന്ന് അറിയിക്കാമോ;

(ബി) മൂല്യനിർണ്ണയ സമ്പ്രദായത്തിൽ ഓൺലൈൻ അദ്ധ്യാപനം അനിവാര്യമാക്കുന്ന തരത്തിലുള്ള നവീകരണങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും പഠിതാക്കളുടെ ഡിജിറ്റൽ വിടവ് പരിഹരിക്കുന്നതിനും ശ്രദ്ധ പതിപ്പിച്ചിരുന്നോ;

(ഡി) ഓൺലൈൻ വിദ്യാഭ്യാസം ഓപ്പൺ യൂണിവേഴ്സിറ്റികളുടെ സാധ്യത തുറന്നുകാട്ടിയതിന്റെകൂടി അനുഭവ പശ്ചാത്തലത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ചിട്ടപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ-ഡി) ഓൺലൈൻ അദ്ധ്യാപനം ഉന്നത വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ച പ്രശ്നങ്ങൾ സംബന്ധിച്ച് അദ്ധ്യാപകരിൽനിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ വ്യവസ്ഥയിൽ ക്ലാസ് റൂം വിദ്യാഭ്യാസമായാലും ഓൺലൈൻ വിദ്യാഭ്യാസമായാലും അതിനാവശ്യമായ സമഗ്രവും കാര്യക്ഷമവുമായ ഒരു സംവിധാനവും ഇൻഫ്രാസ്ട്രക്ച്ചറും അടങ്ങിയ സിസ്റ്റം കൃത്യമായ ആസൂത്രണത്തോടെ കേന്ദ്രീകരണ ത്തോടെയും നടപ്പിലാക്കേണ്ടതുണ്ട്. ക്ലാസ് മുറികൾ സ്മാർട്ടും ഹൈബ്രിഡുമാവുന്ന കാലത്ത് ഓഫ്‌ലൈൻ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും പരസ്പരപൂരകമായി ഏകോപിപ്പിക്കുന്ന 'ബ്ലെൻഡഡ് ലേണിംഗ്' എന്നറിയപ്പെടുന്ന വിദ്യാഭ്യാസ സംവിധാനത്തിലേയ്ക്ക് മാറേണ്ടതുണ്ട്. മുഴുവൻ സർവ്വകലാശാലകൾക്ക് കീഴിലുള്ള കോളേജുകളിലെ എല്ലാ പ്രോഗ്രാമുകളും കോഴ്സുകളും ഉൾപ്പെടുത്താൻ കഴിയുന്ന തരത്തിൽ പ്രവർത്തിക്കുന്ന ഒരു ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ ക്യാമ്പസുകളിൽ റിയൽ സ്പെയ്സ് വിദ്യാഭ്യാസത്തിന് വലിയ അടിത്തറയും പാരമ്പര്യവുമുണ്ട്. അക്കാദമിക് അഡ്മിനിസ്ട്രേഷനും സിസ്റ്റം അഡ്മിനിസ്ട്രേഷനും കണ്ടന്റ് ഡെവലപ്പ്മെന്റും സംസ്ഥാനതലത്തിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതിലൂടെയും അദ്ധ്യാപകരുടെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി കൃത്യതയാർന്ന മോണിറ്ററിംഗ് നടത്തുന്നതിലൂടെയും നേരിട്ടുള്ള പഠനവും വെർച്ച്വൽ ക്ലാസും തമ്മിലുള്ള അന്തരം ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഓൺലൈൻ പഠന സൗകര്യങ്ങളെ സംബന്ധിച്ച് പഠിക്കുന്നതി നാവശ്യമായ വിവരശേഖരണം കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിപുലമായ ചോദ്യാവലി എല്ലാ സർവ്വകലാശാല/കോളേജുകൾക്കും നൽകികഴിഞ്ഞു. ഓൺലൈനായി നടത്തുന്ന ഈ സർവ്വേയിൽ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സ്ഥാപനത്തിന്റെയും ഭാഗത്തുനിന്നുള്ള ഡിജിറ്റൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കോവിഡ്-19 മഹാമാരിമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി 'ലെറ്റ്സ് ഗോ ഡിജിറ്റൽ' എന്ന പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും സംസ്ഥാനതല ഏകോപനം

നടത്തുന്നതിനും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്.)*. പ്രസ്തുത കമ്മിറ്റിയിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും പഠിതാക്കൾക്കിടയിലെ ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കുന്നതിനുമായി 'ബ്രിഡ്ജ് ദി ഡിവൈഡ് ' എന്നൊരു പദ്ധതി കോളേജുതല സമിതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ പുരോഗമിച്ചുവരുന്നു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാൽ സംഭരണം**

17 (*407) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ .പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി ക്ഷീരവികസനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പുതിയ പദ്ധതികൾ പരിശോധിച്ചുവരുന്നു.

(ബി) കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും വിവിധ ഉൽപ്പന്നങ്ങളാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. പാലുൽപ്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമാ പ്ലാന്റുകളിലും പാലുൽപ്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പാലുൽപ്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് അധികമുള്ളതിനെ പാൽപ്പൊടിയാക്കി മാറ്റുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ക്ഷീര പരിശീലനകേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. പാൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീര സംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിപണനം ചെയ്തുവരുന്നുണ്ട്.

## റബ്ബർ കൃഷി നേരിടുന്ന പ്രതിസന്ധി

18 (*408) ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. എം. മണി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കൃഷി നേരിടുന്ന പ്രതിസന്ധി രൂക്ഷമാക്കുന്ന തരത്തിൽ വിദേശത്തുനിന്നും വിലകുറഞ്ഞ ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാൻ നീക്കം നടക്കുന്നുവെന്ന വാർത്ത കർഷകരിൽ ആശങ്ക പരത്തിയിരിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ചിരട്ടപ്പാൽ റബ്ബർ ഇറക്കുമതി പാടില്ല എന്ന് ആവശ്യപ്പെട്ട് കേന്ദ്ര വാണിജ്യ വ്യവസായകാര്യ മന്ത്രിക്ക് സംസ്ഥാന സർക്കാർ 2018 മാർച്ച് മാസം 9-ാം തീയതിയിൽ തന്നെ നിവേദനം നൽകിയിരുന്നു. സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് 6-7-2019-ലും കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. വിദേശത്തുനിന്നും വിലകുറഞ്ഞ ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യുന്നത് സംബന്ധിച്ചുള്ള കർഷകരുടെ ആശങ്ക വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(ബി) റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്താനും ഷീറ്റ് റബ്ബറിന് കിലോഗ്രാമിന് ഇരുന്നൂറ് രൂപയെങ്കിലും തറവില നിശ്ചയിക്കാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 6-7-2019-ൽ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. റബ്ബറിന്റെ തറവില കിലോഗ്രാമിന് 150 രൂപയിൽനിന്നും ഇരുന്നൂറ് രൂപയായി ഉയർത്തുവാനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് 22-2-2018-ലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മൂല്യവർദ്ധിതോല്പന്ന നിർമ്മാണത്തിലൂടെ റബ്ബറിന് മെച്ചപ്പെട്ട വില ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന സിയാൽ മോഡൽ കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

റബ്ബർ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി 'CIAL Model'-ൽ ഒരു റബ്ബർ കമ്പനി 'കേരള റബ്ബർ ലിമിറ്റഡ് ' എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട് എന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണം**

19 (*409) ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ പ്രാബല്യത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണം നടപ്പാക്കുമെന്ന് മുഖ്യമന്ത്രി 2021 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച പ്രകാരം ആയത് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(ബി) 2016 ഫെബ്രുവരി 28-ന് കാലാവധി അവസാനിച്ച ശമ്പളപരിഷ്കരണ കരാർ പുതുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണം പ്രാബല്യത്തിൽ വന്നിട്ടില്ല. ശമ്പളപരിഷ്കരണം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റുമായി വിശദമായി ചർച്ച ചെയ്ത് താമസമില്ലാതെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. അതിനായി മാനേജ്മെന്റ് തലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്. 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ 1,500 രൂപ വീതം പ്രതിമാസം ഇടക്കാലാശ്വാസം അനുവദിച്ച് നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ..ടി.സി.-യിലെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500 രൂപ വീതം ഇടക്കാലാശ്വാസമായി നൽകിവരുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ പൂർണ്ണമായും സർക്കാർ ധനസഹായംകൊണ്ടാണ് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത്. വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ ഉൽപ്പാദനക്ഷമത

കൂട്ടുന്ന രീതിയിൽ സർവ്വീസ് ക്രമീകരിച്ചുകൊണ്ട് ചെലവ് കുറച്ച് മറ്റ് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ കോർപ്പറേഷൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശമ്പളപരിഷ്കരണ കരാറിനോടൊപ്പം സേവന വ്യവസ്ഥ സംബന്ധിച്ച ഒരു ദീർഘകാലകരാറും ഒപ്പിടേണ്ടതുണ്ട്. ആയത് ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദത്തോടെ ജീവനക്കാരുടെ സംഘടനകളുമായി ചർച്ചചെയ്ത് സമവായത്തിൽ എത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം കെ.എസ്.ആർ.ടി.സി.-യിൽ താമസംവിനാ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

(സി) സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ കെ.എസ്.ആർ.ടി.സി.-യിൽ വരുത്തിയ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി സുശീൽ ഖന്ന സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് പ്രകാരം നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശ നിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന 3100 കോടി രൂപയുടെ വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റി കഴിഞ്ഞു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽനിന്ന് ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം വരുമാനത്തിൽനിന്ന് പ്രതിമാസ പെൻഷന് ആവശ്യമായ ശരാശരി 65 കോടി രൂപ കണ്ടെത്താൻ കഴിയാത്തതിനാൽ സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് നിലവിൽ പെൻഷൻ നൽകിവരുന്നു. ഇത്തരത്തിൽ നൽകുന്ന പെൻഷൻ തുക സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും പലിശയുൾപ്പെടെ ആറ് മാസത്തിനകം സഹകരണ സംഘങ്ങൾക്ക് മടക്കി നൽകിവരുന്നു. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്സ്-സ്റ്റാഫ് റേഷ്യോ കുറയ്ക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ബസ്സ് സർവ്വീസുകൾ പുനഃക്രമീകരിച്ചതുവഴി കോവിഡിന് മുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നു. ഇത്തരത്തിൽ അധിക വരുമാനം നേടാൻ കഴിഞ്ഞതിനാലും വായ്പ തിരിച്ചടവിനത്തിലെ ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞതിനാലും ജീവനക്കാർക്ക് നൽകാൻ കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയുടെ ഒരു നിശ്ചിത ഭാഗം വിതരണം ചെയ്യാൻ കഴിഞ്ഞു. കൂടാതെ കുടിശ്ശികയുള്ള

ക്ഷാമബത്തയിൽ 8 ശതമാനം ക്ഷാമബത്ത ജീവനക്കാർക്ക് 2018 ഡിസംബർ മാസം മുതൽ വിതരണം ചെയ്തിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൻ പ്രകാരമുള്ള പദ്ധതികളുടെ ഗുണഫലം ലഭ്യമായി വരുന്ന വേളയിലാണ് രാജ്യത്ത് 2020 മാർച്ച് മാസത്തോടുകൂടി കോവിഡ് വ്യാപനം ആരംഭിക്കുകയും തുടർന്ന് കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം കുത്തനെ ഇടിയുകയും ചെയ്യുന്ന സ്ഥിതി വിശേഷമുണ്ടായത്. പ്രൊഫ. സുശീൽ ഖന്ന നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ താഴെപ്പറയുന്ന പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയുണ്ടായി.

(i) കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം നടപ്പാക്കുന്നതിനായി പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

(ii) കോർപ്പറേഷനെ സ്വയംപര്യാപ്തമായ 3 മേഖലകളാക്കി മാറ്റുന്നതിന് വേണ്ടി നടപടി സ്വീകരിച്ചു.

(iii) ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(iv) കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും സുതാര്യമായ അക്കൗണ്ടിംഗിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കൊമേർഷ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും IT, Accounts, HR, Commercial എന്നീ വിഭാഗങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി.

(v) കോർപ്പറേഷനിലെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിലേയ്ക്ക് ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(vi) കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വരുമാനം കുറവുള്ള സർവ്വീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ നടപടികൾ കോർപ്പറേഷനിൽ ഒരു സമഗ്ര മാറ്റത്തിന് വഴിയൊരുക്കുകയും ആയതിന്റെ ഫലപ്രാപ്തിയെന്നോണം വരുമാനം വർദ്ധിക്കുകയും ചെയ്തതിലൂടെ കെ.എസ്.ആർ.ടി.സി. സാമ്പത്തിക അച്ചടക്കം കൈവരിച്ചു വന്നിരുന്ന കാലഘട്ടത്തിലാണ് ലോകമാകെ കീഴടക്കിയ കോവിഡ്-19 മഹാമാരി

പൊതുഗതാഗതത്തെ ആകെ തകിടം മറിക്കുകയും കെ.എസ്.ആർ.ടി.സി.-യെ വൻപ്രതിസന്ധിയിലാക്കുകയും ചെയ്തിട്ടുള്ളത്. ആയതുകൊണ്ടുതന്നെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എത്രത്തോളമാണെന്ന് വിലയിരുത്താൻ നിലവിലെ സാഹചര്യത്തിൽ കഴിയാത്ത അവസ്ഥയിലാണ്.

(ഡി) സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കിയിട്ടും കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സുശീൽ ഖന്ന റിപ്പോർട്ട് നടപ്പാക്കിയിട്ടും കെ.എസ്.ആർ.ടി.സി.-യെ ശക്തിപ്പെടുത്തുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തുന്നില്ല. എന്നാൽ കോവിഡ്-19-ന്റെ വ്യാപനം കെ.എസ്.ആർ.ടി.സി.-യെ ആകെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. പ്രതിദിനം ശരാശരി 6.30 കോടി രൂപയും പ്രതിമാസം ശരാശരി 190 കോടി രൂപ മുതൽ 200 കോടി രൂപ വരെ വരുമാനം ലഭ്യമായിരുന്ന കെ.എസ്.ആർ.ടി.സി.-ക്ക് കോവിഡ്-19 വ്യാപനം ആരംഭിച്ചതോടുകൂടി വരുമാനം കുത്തനെ ഇടിയുന്ന സ്ഥിതി വിശേഷമാണുണ്ടായത്. ഈ പ്രതികൂല സാഹചര്യത്തിലും 2020 മാർച്ച് മാസം മുതൽ 2021 ജൂലൈ മാസം വരെയുള്ള കാലയളവിലെ പെൻഷനും ആഗസ്റ്റ് മാസം വരെയുള്ള ജീവനക്കാരുടെ ശമ്പളവും സർക്കാർ ധനസഹായം ലഭ്യമാക്കി കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ സഹായത്തോടുകൂടി പെൻഷൻകാർക്ക് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം ചെയ്യുന്നതിനാൽ കോവിഡ് കാലത്തും തടസ്സമില്ലാതെ പെൻഷൻ വിതരണം ചെയ്തുവരുന്നു. ഇത്തരത്തിൽ സഹകരണ ബാങ്ക് മുഖേന നൽകുന്ന പെൻഷൻ തുകയുടെ പൂർണ്ണമായ തിരിച്ചടവ് സർക്കാർ ധനസഹായം മുഖേനയാണ് നടത്തിവരുന്നത്.

## ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ വരുത്തിയ മാറ്റങ്ങൾ

20 (*410) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്ന ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പാലിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾ രണ്ട് ഭാഗങ്ങളായാണ് നടത്തി വരുന്നത്. ഭാഗം ഒന്നിൽ മോട്ടോർ സൈക്കിളുകൾക്ക് '8' ഉം മോട്ടോർ കാറുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് 'H' ഉം ഹെവിവാഹനങ്ങളുടെ ടെസ്റ്റിന് 'T' ട്രാക്കും ഉപയോഗിച്ചുവരുന്നു. ഭാഗം 2-ൽ വാഹനം റോഡിൽ ഓടിപ്പിച്ച് കാര്യക്ഷമതയും വിവിധ സിഗ്നലുകൾ ഉപയോഗിക്കുന്നതിനുള്ള വൈദഗ്ദ്ധ്യവും പരിശോധിച്ചുവരുന്നു. പ്രസ്തുത ടെസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവർ ടെസ്റ്റിംഗ് സെന്ററുകൾ 6 സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. നാല് സ്ഥലങ്ങളിൽ ഇത് പൂർത്തിയായിവരുന്നു. ഡ്രൈവിംഗ് സ്കൂളുകളുടെ സ്ഥലസൗകര്യം, ഇൻസ്ട്രക്ടർമാരുടെ യോഗ്യത എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കോവിഡ്-19 മഹാമാരി തുടങ്ങുന്നതിന് മുൻപ് എല്ലാ അപേക്ഷകർക്കും പ്രീ-ലേണേഴ്സ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിരുന്നു.

(ബി) കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത മോട്ടോർ വാഹന നിയമത്തിൽ ലൈസൻസ് ടെസ്റ്റിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്?

GSR 394(E) dated 7-6-2021-ലെ പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടം 31-ൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനത്തിന് സമാന്തരവും ക്രമീകൃതമായതും ഉയർന്ന നിലവാരത്തിലുള്ള ഡ്രൈവിംഗ് പരിശീലനം ലക്ഷ്യമാക്കിക്കൊണ്ടും അക്രഡിറ്റഡ് ഡ്രൈവർ ട്രെയിനിംഗ് സെന്ററുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ പ്രവർത്തനാനുമതിയുള്ള ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. അവയിൽനിന്നും പരിശീലനം പൂർത്തിയാക്കുന്നവർക്ക് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ നിയമാനുസരണം ടെസ്റ്റ് നടത്തി ലൈസൻസ് നൽകുന്നു. എന്നാൽ അക്രഡിറ്റഡ് ഡ്രൈവർ ട്രെയിനിംഗ് സെന്ററുകളിൽ നിശ്ചിത കാലയളവിൽ പങ്കെടുത്ത് Proficiency Certificate കരസ്ഥമാക്കുന്നവർക്ക് ആ സർട്ടിഫിക്കറ്റ് ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കിയാൽ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥയാണ് പുതിയ നിയമത്തിലുള്ളത്. എന്നാൽ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 9(3)-ൽ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന വിധം ടെസ്റ്റ് പാസാകുന്നവർക്ക് മാത്രമേ ലൈസൻസ് നൽകുവാൻ പാടുള്ളൂവെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ടെസ്റ്റ് ഒഴിവാക്കി നൽകേണ്ടുന്ന സാഹചര്യങ്ങൾ സെക്ഷൻ 9(3)(a) (i) മുതൽ (iii) വരെ വ്യക്തമാക്കിയിട്ടുണ്ട്. അവയിലൊന്നും തന്നെ അക്രഡിറ്റഡ് ഡ്രൈവിംഗ് സെന്ററുകൾ വഴി പരിശീലനം നേടുന്നവർക്ക് ടെസ്റ്റ് ഒഴിവാക്കണം എന്ന പരാമർശമില്ല. ഭേദഗതി ചെയ്യപ്പെട്ട കേന്ദ്ര മോട്ടോർ വാഹന ചട്ടം 31 J (6) പ്രകാരം ഡ്രൈവിംഗ് സംബന്ധമായ തിയറി പാസായവർക്ക് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറുടെ

ടെസ്റ്റുകൂടി പാസായാൽ മാത്രമേ Proficiency Test Certificate നൽകാൻ കഴിയുകയുള്ളൂ. അത് ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കി ലൈസൻസ് ലഭ്യമാക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. National Skill Development Corporation (NSDC) and Standardization Testing and Quality Certification (STQC) Guidance and Requirements എന്നിവയ്ക്കനുസൃതമായി വിഭാവനം ചെയ്തിരിക്കുന്നു. ഇത്തരത്തിൽ അക്രഡിറ്റഡ് ഡ്രൈവിംഗ് കേന്ദ്രങ്ങളിലെ പരിശീലനവും ടെസ്റ്റിംഗ് രീതികളും റൂൾ 31(എഫ്) പ്രകാരം പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. നിർദ്ദിഷ്ട നിലവാരം പുലർത്താൻ കഴിയില്ലെന്ന് കാണുന്ന പക്ഷം റൂൾ 31(ജി) പ്രകാരം നടപടികൾ സ്വീകരിക്കാനും വ്യവസ്ഥയുണ്ട്.

(സി) പ്രസ്തുത നിയമത്തിൽ കർശനമായി പാലിച്ചുവന്ന എട്ട്, എച്ച് തുടങ്ങിയ പ്രായോഗിക ടെസ്റ്റുകൾ ഒഴിവാക്കി ലഘുവായ പരീക്ഷകൾ മാത്രമാക്കി ചുരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് ഡ്രൈവിംഗ് നിലവാരത്തെ ബാധിക്കുമെന്ന് കരുതുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

(സി&ഡി) കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത മോട്ടോർവാഹന നിയമത്തിൽ 8, H തുടങ്ങിയ പ്രായോഗിക ടെസ്റ്റുകളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ 8, H എന്നീ ടെസ്റ്റുകൾ നടത്തിവരുന്നത്. കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത ചട്ടത്തിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ടെസ്റ്റ് നടത്തിയതിനുശേഷം മാത്രമെ Proficiency Test Certificate നൽകുകയുള്ളൂ. ഇതുപ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള 8, H ടെസ്റ്റുകൾ തുടരുന്നതാണ്.

**ചെറുകിട, നാമമാത്ര കർഷകർക്ക് ആശ്വാസ പദ്ധതികൾ**

21 (*411) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചെറുകിട, നാമമാത്ര കർഷകരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ചെറുകിട നാമമാത്ര കർഷകരുടെ കാർഷിക വായ്പയുടെ മൊറട്ടോറിയം കാലാവധി 2021 ജൂലൈ ഒന്ന് മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി ഉപജീവനമാക്കിയിട്ടുള്ള ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിനായി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കു ന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി ഉപജീവനമാക്കിയിട്ടുള്ള ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. കോവിഡ് മഹാമാരിയിലും 776.42 കോടി രൂപയുടെ വിവിധ പദ്ധതികളാണ് സംസ്ഥാനത്തെ കർഷകരുടെ ഉന്നമനത്തിനായി 2021-22-ലെ ബഡ്ജറ്റിൽ വകയിരുത്തി നിർവ്വഹണം നടത്തി വരുന്നത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് ചെറുകിട കർഷകരെ കാർഷിക രംഗത്ത് ഉറപ്പിച്ച് നിർത്തുന്നതിന് വലിയ രീതിയിൽ സഹായകരമായിരിക്കും. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 400.00 ലക്ഷം രൂപയും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 300.00 ലക്ഷം രൂപയും 2021-22-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികളിലൂടെ കർഷകരെ സഹായിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് സാധിക്കുന്നു.

(സി) കോവിഡ് പ്രതിസന്ധിമൂലം സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ചെറുകിട കർഷകരെ സഹായിക്കാൻ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിവിധ പദ്ധതികളിലൂടെയുള്ള ധനസഹായങ്ങൾ സമയബന്ധിതമായി കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ സർക്കാർ നൽകിവരുന്നു. അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്തു നടപ്പിലാക്കുന്ന ജൈവ ഗൃഹം-സംയോജിത പദ്ധതിയിലൂടെ കർഷക വരുമാനം വർദ്ധിപ്പിക്കാനും വർഷം മുഴുവൻ കർഷകന് വരുമാനം ഉറപ്പുവരുത്താനും സാധിച്ചിട്ടുണ്ട്. 16 ഇനം പഴം-പച്ചക്കറികൾക്ക് താങ്ങുവില ഏർപ്പെടുത്തുക വഴി കോവിഡ് കാലത്ത് കർഷകർക്കൊരു കൈത്താങ്ങായിട്ടുണ്ട്. വിവിധ വിപണി ഇടപെടൽ പദ്ധതികളിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ഈ കാലത്ത് ന്യായമായ വില ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. 2021 മാർച്ച് 1-നും ജൂൺ 30-നും

ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിന് 2021 ജൂൺ 30 വരെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത സമയപരിധി 2021 ജൂലൈ 1 മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ സജീവമായി നിലനിർത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ നബാർഡ് കേരള ഗ്രാമീൺ ബാങ്കിന് 1000 കോടി രൂപയും കേരള ബാങ്കിന് 1670 കോടി രൂപയും (800 കോടി രൂപ കാർഷിക ആവശ്യത്തിനും 870 കോടി രൂപ കാർഷികേതര ആവശ്യത്തിനും) സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട്-2 (SLF-2) ആയി അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും നടപ്പിലാക്കിയിരുന്ന ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 31-8-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുമുണ്ട്. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31-8-2018 വരെ എടുത്തിട്ടുള്ള വായ്പകളും മറ്റ് 12 ജില്ലകളിലെ കർഷകർ 31-3-2014 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് പരമാവധി 2 (രണ്ട്) ലക്ഷം രൂപ വരെ 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007-ലെ 1-ാം ആക്ട്)-ലെ വ്യവസ്ഥകൾക്ക് വിധേയമായി കർഷക കടാശ്വാസ കമ്മീഷനിൽനിന്നും കടാശ്വാസം അനുവദിച്ചുവരുന്നു.

**ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യ വികസനം**

22 (*412) ശ്രീമതി ദെലീമ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകളുടെയും അഫിലിയേറ്റഡ് കോളേജുകളുടെയും അടിസ്ഥാനസൗകര്യ വിപുലീകരണത്തിന് ബൃഹദ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നിർദ്ദേശങ്ങൾ 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3 - 5 ലക്ഷം പേർക്കുകൂടി പഠന സൗകര്യങ്ങൾ
2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം
3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ
4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ, മുഖ്യമന്ത്രിയുടെ നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ
5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം
6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധന സഹായം സംസ്ഥാനത്തെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്.

സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് 16-6-2018-ലെ സർക്കാർ ഉത്തരവ് നമ്പർ G.O.(Ms) No.1131/2017/H.Edn പ്രകാരം 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപവീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും ഉത്തരവായിരുന്നു. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. തയ്യാറാക്കാൻ KITCO-യുടെ ടെക്നിക്കൽ ടീമിനെ നിയമിച്ചിരുന്നു. KITCO ടെക്നിക്കൽ ടീം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജുതലത്തിൽ അംഗീകരിച്ച് KITCO മുഖാന്തരം സർക്കാരിലേക്ക് സമർപ്പിക്കുകയും ആയത് പരിശോധിച്ച് KIIFB-യിലേയ്ക്ക് നൽകുന്നതിനുള്ള ഭരണാനുമതി KITCO-ക്ക് നൽകുകയും ആയതുപ്രകാരം അംഗീകരിച്ച മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. KIIFB അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തെ എൻറോൾമെന്റ് നിരക്കും ദേശീയ ശരാശരിയും എത്രയെന്ന് അറിയിക്കാമോ; സംസ്ഥാനത്ത് അത് എത്രയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ?

2019-20-ലെ ഹയർ എഡ്യൂക്കേഷൻ സർവ്വേപ്രകാരം സംസ്ഥാനത്തെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) 38.8 ശതമാനവും ആൾ ഇന്ത്യ റേഷ്യോ 27.1 ശതമാനവുമാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ

എൻറോൾമെന്റ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സീറ്റ് വർദ്ധന, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവയിലൂടെയാണ് ഇത് നേടുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താനും കാലിക പ്രധാന്യമുള്ള കോഴ്സുകൾ അനുവദിക്കാനും നിലവിലുള്ളവ ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മാഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിലും 2020-21 അക്കാദമിക വർഷം New Generation Inter Disciplinary സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ആശ്വാസ കിരണം പദ്ധതി**

23 (*413) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിക്കായി 2018 മുതൽ ലഭിച്ച അപേക്ഷകൾ നാളിതുവരെ തീർപ്പുകല്പിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്വാസ കിരണം പദ്ധതിക്കായി ലഭിച്ച അമ്പതിനായിരത്തോളം അപേക്ഷകൾ തീർപ്പുകൽപ്പിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) കോവിഡും ലോക്ക്ഡൗണുംമൂലം നിരാലംബരും രോഗികളും കഷ്ടത അനുഭവിക്കുന്ന സാഹചര്യത്തിൽ ആശ്വാസ കിരണം പദ്ധതിക്കായി ലഭിച്ച അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പുകൽപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100 ശതമാനം അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം. ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്കാവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത്. അപേക്ഷകളുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നതും ആനുപാതികമായി ഫണ്ട് ലഭ്യമാക്കാൻ സാധിക്കാത്തതുമാണ് അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത്. കഴിഞ്ഞ സർക്കാർ കാലയളവിൽ 2016 മുതൽ 2018 മാർച്ച് മാസം വരെ പുതുതായി 60633 പേർ ടി പദ്ധതിയിൽ ചേർന്നു. 2011 മുതൽ 2016 മാർച്ച് വരെ ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കാതെ വച്ചിരുന്ന 23804 അപേക്ഷകളും ഇതിലുൾപ്പെടും. ഈ പദ്ധതിയിലൂടെ 2018 ഏപ്രിൽ മുതൽ 2021 മേയ് വരെ 49424 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസം വരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക ഉടനെ വിതരണം ചെയ്യുന്നതാണ്.

**ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി**

24 (*414) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലയളവിൽ മലബാർ മേഖലയിലെ പല പ്രദേശങ്ങളിലും ക്ഷീരകർഷകർ പാൽ ഒഴുക്കിക്കളയേണ്ടി വന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പരിശോധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ മലബാർ മേഖലയിലെ ചില പ്രദേശങ്ങളിൽ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിക്കാൻ മിൽമയ്ക്ക് സാധിച്ചിരുന്നില്ല. സംഭരിച്ച പാൽ മുഴുവനും വിപണനം നടത്താൻ സാഹചര്യമില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. കൂടാതെ കടകളും ഹോട്ടലുകളും പ്രവർത്തിക്കുന്നതിനുള്ള നിയന്ത്രണങ്ങൾമൂലം ഇത്തരം പ്രാദേശിക വിപണനം നടത്തിവന്ന കർഷകരും ക്ഷീരസംഘങ്ങളിൽ കൂടുതൽ പാലളക്കാൻ തുടങ്ങി. ഇതിന് പരിഹാരമായി മിൽമ പാൽസംഭരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ സർക്കാർ വളരെ ഗൗരവത്തോടെ ഈ വിഷയത്തിൽ ഇടപ്പെട്ട് ഉടൻതന്നെ നിയന്ത്രണങ്ങൾ പിൻവലിക്കുകയും ക്ഷീരകർഷകരുടെ മുഴുവൻ പാലും ശേഖരിക്കുവാനുള്ള നിർദ്ദേശം മിൽമയ്ക്ക് നൽകുകയും ചെയ്തു. ഇപ്പോൾ പാൽ പൂർണ്ണമായും സംഭരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഏറ്റവും അധികം പാൽ ഉല്പാദിപ്പിക്കുന്ന മലബാർ മേഖലയിൽ അധികമായി സംഭരിക്കുന്ന പാൽ, പാൽപ്പൊടി ഉൾപ്പെടെയുള്ള ഉല്പന്നങ്ങളാക്കി മാറ്റുന്ന ഫാക്ടറികൾ സ്ഥാപിക്കുന്ന കാര്യം ആലോചനയിലുണ്ടോ; വെളിപ്പെടുത്തുമോ?

ഉണ്ട്. നിലവിൽ മിൽമ സംഭരിക്കുന്ന അധികപാൽ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയച്ച് പാൽപ്പൊടിയാക്കി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. ഇതിന് ഒരു ശാശ്വത പരിഹാരമെന്ന നിലയ്ക്ക് മലപ്പുറത്ത് മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിനോടൊപ്പം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഡെയറി വൈറ്റ്നർ, ഗോൾഡൻ മിൽക്ക് മിക്സ് എന്നിവ വിപുലമായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം വയനാട് ജില്ലയിൽ മണിക്കുറിൽ 3000 ലിറ്റർ ശേഷിയുള്ള ഒരു മിൽക്ക് കണ്ടൻസിംഗ് പ്ലാന്റിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

(സി) ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീര സംഘങ്ങളിൽനിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീര കർഷകർക്ക് പ്രയോജനപ്പെടുന്ന വിധം നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങളിൽ

പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും നടപ്പിലാക്കിവരുന്നു. അധിക പാൽസംഭരണവുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരമെന്ന നിലയിൽ സംസ്ഥാനത്ത് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**കാർഷികോല്പാദന രംഗത്തെ വികസനം**

25 (*415) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തന ഫലമായി സംസ്ഥാനത്ത് കാർഷികോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്ത മാക്കുമോ?

കഴിഞ്ഞിട്ടുണ്ട്.

(ബി) ഉല്പാദനം വർദ്ധിച്ചതും മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കുമുള്ള കയറ്റുമതി നിലച്ചതും വിളകളുടെ വിലത്തകർച്ചയ്ക്ക് കാരണമാകുകയും കർഷകർക്ക് കനത്ത നഷ്ടം വരുത്തുകയും ചെയ്ത കാര്യം പരിശോധിച്ചിട്ടുണ്ടോ?

സുഭിക്ഷകേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായെങ്കിലും കോവിഡ്-19 കാരണമുണ്ടായ അടച്ചിടലിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് ഉൽപ്പന്നങ്ങൾ മറ്റു സംസ്ഥാന ങ്ങളിലേക്ക് എത്തിച്ചും പ്രാദേശിക വിപണി കണ്ടെത്തിയും വിറ്റഴിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായതിനാൽ കർഷകർക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിന് കാർഷികോ ല്പന്നങ്ങൾ മൂല്യവർദ്ധിതോൽപ്പന്നങ്ങളാക്കി മാറ്റേണ്ടത് അനിവാര്യമായതിനാൽ ഈ ദിശയിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവ സർക്കാർ

നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്.

1. സൂക്ഷ്മ തല സംരംഭം - 25 ലക്ഷം രൂപവരെയുള്ള സംരംഭം - 50 ശതമാനം പരമാവധി 10 ലക്ഷം വരെ സബ്സിഡി

2. ചെറുകിട സംരംഭം - 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം - 40 ശതമാനം പരമാവധി 25 ലക്ഷം വരെ സബ്സിഡി

3. ഇടത്തരം സംരംഭം - 1 കോടി മുതൽ 5 കോടി വരെ - 30 ശതമാനം പരമാവധി 50 ലക്ഷം വരെ സബ്സിഡി.

ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ശീതീകരണ സംവിധാനത്തോടെയുള്ള സംഭരണശാലകൾ സ്ഥാപിച്ച് വിലയുടെ കാര്യത്തിൽ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ സംരക്ഷിക്കാൻ നടപടിയുണ്ടാകുമോ?

കേരളത്തിലെ മിക്ക ഉൽപ്പന്നങ്ങളും ശീതീകരിച്ച സംഭരണ ശാലയിൽ കൂടുതൽ നാൾ സൂക്ഷിക്കാവുന്ന ഇനങ്ങളല്ല. എന്നിരുന്നാലും ജില്ലാ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സംഭരിച്ചതും സംസ്കരിച്ചതുമായ പഴം-പച്ചക്കറികൾ കേടുകൂടാതെ ഉപഭോക്താവിന് എത്തിക്കുന്നതിനായി സപ്ലൈ ചെയിൻ മാനേജ്മെന്റിനും ലോജിസ്റ്റിക് സൗകര്യങ്ങൾക്കുമായി ശീതീകരിച്ച വാഹനങ്ങൾ എല്ലാ ജില്ലകൾക്കും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീതീകരിച്ച മൊബൈൽ വാഹന വിപണി കാർഷികരംഗത്തെ ശാക്തീകരിക്കുന്നതിന് നടപ്പിലാക്കാൻ അനുവദിച്ച പദ്ധതികളാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസ്

26 (*416) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസ് നടത്തിപ്പിൽ എന്തെങ്കിലും പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് പ്രതിസന്ധി കാരണം ദീർഘദൂര ബസുകളിൽ യാത്രക്കാർ വളരെ കുറവായതിനാൽ വരുമാനം കുത്തനെ കുറഞ്ഞിരിക്കുകയാണ്. കൂടാതെ എ.സി. ബസുകളിൽ യാത്ര ചെയ്യുവാൻ യാത്രക്കാർ വിമുഖത പ്രകടിപ്പിക്കുന്നതിനാൽ നാമമാത്രമായ എ.സി. സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. അയൽ സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകയും വിവിധ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ തമിഴ്നാട്ടിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. വളരെ പരിമിതമായ സർവ്വീസുകൾ മാത്രമേ കർണ്ണാടകത്തിലേയ്ക്കും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുള്ളൂ. 2020 ജനുവരി മാസത്തെ കണക്കനുസരിച്ച് (കോവിഡ് വ്യാപനംമൂലമുള്ള ലോക്ക്ഡൗണിന് മുമ്പ്) ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള ദീർഘദൂര സർവ്വീസുകൾ പ്രതിദിനം ശരാശരി 7,07,699 കിലോമീറ്റർ സർവ്വീസ് നടത്തിയപ്പോൾ 2,94,37,647 രൂപയാണ് പ്രതിദിനം ശരാശരി വരുമാനമായി ലഭിച്ചത്. ആയതിന്റെ പ്രതി കിലോമീറ്റർ (Earnings per Km.) ശരാശരി 41.60 രൂപയുമാണ്. ടി കാലയളവിൽ ദീർഘദൂര സർവ്വീസുകളിൽ വരുമാനത്തിന്റെ 40 ശതമാനത്തോളം പ്രസ്തുത സർവ്വീസുകളുടെ ഇന്ധനത്തിനായാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ 2021 ജൂലൈ മാസത്തെ കണക്കനുസരിച്ച് ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള ദീർഘദൂര സർവ്വീസുകൾ പ്രതിദിനം ശരാശരി 4,22,617.3 കിലോമീറ്ററാണ് സർവ്വീസ് നടത്തിയിരുന്നത്. 1,11,27,232 രൂപയാണ് ശരാശരി വരുമാനമായി ലഭ്യമായത്. ആയതിന്റെ പ്രതി കിലോമീറ്റർ (Earnings per kilometer) ശരാശരി വരുമാനം 26.33 രൂപയുമാണ്. നിലവിൽ ദീർഘദൂര സർവ്വീസുകളിലെ വരുമാനത്തിന്റെ 85 ശതമാനത്തോളം പ്രസ്തുത സർവ്വീസുകളുടെ ഇന്ധനത്തിനുവേണ്ടി ചെലവാക്കേണ്ടതായിവരുന്നു. 2020 ജനുവരിയിൽ ശരാശരി 4425 ബസ്സുകൾ ഓടിയപ്പോൾ 1380 ബസ്സുകളാണ് ദീർഘദൂര സർവ്വീസായി ഓടിയിരുന്നത്. എന്നാൽ 2021 ജൂലൈ മാസത്തിലെ കണക്കനുസരിച്ച് ശരാശരി 3090 സർവ്വീസ് ഓപ്പറേറ്റ് ചെയ്യുമ്പോൾ 941 എണ്ണമാണ് ദീർഘദൂര സർവ്വീസുകളായി ഓപ്പറേറ്റ് ചെയ്തത്. ഇത് KSRTC-ക്ക് വലിയ തോതിലുള്ള പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്.

(ബി) ഇത്തരം സർവ്വീസുകൾ സ്വകാര്യ മേഖലയെ ഏൽപ്പിക്കാൻ തീരുമാനി ച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഈ നടപടി കെ.എസ്.ആർ.ടി.സി.-യുടെ നിലനിൽപ്പിനെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി&സി) കെ.എസ്.ആർ.ടി.സി.-യിലെ ദീർഘദൂര സർവ്വീസുകൾ സ്വകാര്യ മേഖലയെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല.

**ഹജ്ജ് തീർത്ഥാടനം**

27 (*417) ശ്രീ. എം. നൗഷാദ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇത്തവണ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് എന്തെല്ലാം മുൻകരുതലുകളാണ് ഏർപ്പെടുത്തി യിരുന്നതെന്ന് അറിയിക്കാമോ?

ഇത്തവണ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് താഴെപ്പറയും പ്രകാരം മുൻകരുതലുകൾ ഏർപ്പെടുത്തിയിരുന്നു.

1. ഓൺലൈൻ അപേക്ഷ സമർപ്പണം: ഹജ്ജ് അപേക്ഷ പൂർണ്ണമായും ഓൺലൈൻ വഴി മാത്രമാക്കി.
2. ഇ-പേമെന്റ്: ഹജ്ജ് അപേക്ഷ ഫീസ് ഓൺലൈൻ വഴി മാത്രം സ്വീകരിച്ചു.
3. സാമൂഹിക അകലം: ഈ വർഷത്തെ ഹജ്ജ് നടപടികൾ പൂർണ്ണമായും സാമൂഹിക അകലം പാലിച്ചായിരിക്കുമെന്ന് അപേക്ഷ സമയത്തുതന്നെ പ്രഖ്യാപിച്ചു.
4. കോവിഡ് പ്രതിരോധ കുത്തിവയ്പ്പ്: ഹജ്ജ് തീർത്ഥാടകർക്ക് കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നിർബന്ധമാക്കി.
5. കൈക്കുഞ്ഞുങ്ങളുമൊത്തുള്ള ഹജ്ജ് യാത്ര നിർത്തലാക്കി.

6. ഒരു ഫാമിലി ഗ്രൂപ്പിലെ പരമാവധി തീർത്ഥാടകരുടെ എണ്ണം മൂന്നായി കുറച്ചു.

7. ഹജ്ജ് തീർത്ഥാടന ദിനങ്ങൾ ചുരുക്കി ക്രമീകരിച്ചു.

8. സ്ഥിരമായി മരുന്ന് കഴിക്കുന്നവർക്കും മറ്റാരോഗ്യ പ്രശ്നങ്ങൾ ഉള്ളവർക്കും ഗർഭിണികൾക്കും അപേക്ഷിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തി.

(ബി) ഹജ്ജ് തീർത്ഥാടകരുടെ എണ്ണം കുറച്ചതിനാലും യാത്രാ നിയന്ത്രണം ഏർപ്പെടുത്തിയതിനാലും കേരളത്തിൽനിന്നുള്ള തീർത്ഥാടകരുടെ മുൻഗണനയും മറ്റുകാര്യങ്ങളും നിർണ്ണയിക്കുന്നതിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

1. വയസ്സ് നിയന്ത്രണം: ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനം, 18-നും 60-നും ഇടയിൽ പ്രായമുള്ളവർക്ക് മാത്രമാക്കി.

2. പ്രതിരോധ കുത്തിവയ്പ്പ്: ഹജ്ജ് തീർത്ഥാടകർക്ക് കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നിർബന്ധമാക്കി.

3. മുൻഗണന നൽകി: രണ്ട് ഡോസും യാത്രക്ക് 14 ദിവസം മുമ്പ് നൽകുന്നതിന് കോവിഡ് വാക്സിൻ മുൻഗണനാ ലിസ്റ്റിൽ ഹജ്ജ് അപേക്ഷകരെയും സർക്കാർ ഉൾപ്പെടുത്തി.

4. പ്രതിരോധ ശേഷി ഉറപ്പാക്കൽ: പ്രതിരോധശേഷി ഉറപ്പാക്കുന്നതിന് (ആന്റിബോഡി) ഹജ്ജ് യാത്രക്ക് 14 ദിവസം മുമ്പുതന്നെ രണ്ടാം ഡോസ് വാക്സിൻ സംസ്ഥാന സർക്കാർ ലഭ്യമാക്കി.

(സി) ഹജ്ജ് ഹൗസുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഭാവിയിൽ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഹജ്ജ് ഹൗസ് പ്രവർത്തനങ്ങൾ: ഹജ്ജ് തീർത്ഥാടന സമയങ്ങളിലെ ഉപയോഗങ്ങൾക്ക് ശേഷം ഹജ്ജ് ഹൗസ് കേന്ദ്രീകരിച്ച് സിവിൽ സർവീസ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രത്യേക കാർഷിക മേഖലകൾ

28 (*418) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെയും ഭൂപ്രകൃതിയുടെ പാരിസ്ഥിതികമായ പ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ വിവിധ കാർഷിക മേഖലകൾ നിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേരളത്തിലെ കാർഷിക മേഖലയെ കാലാവസ്ഥ, ഭൂപ്രകൃതി, ഭൂവിനിയോഗം, മണ്ണിന്റെ വൈവിധ്യം എന്നിവയെ അടിസ്ഥാനമാക്കി 5 അഗ്രോ ഇക്കോളജിക്കൽ സോൺ അഥവാ AEZ (കാർഷിക പാരിസ്ഥിതിക മേഖല) ആയും, 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും വിഭജിച്ചിട്ടുണ്ട്.

1. AEZ-1 കോസ്റ്റൽ പ്ലെയിൻ അഥവാ തീരപ്രദേശങ്ങൾ- സമുദ്രനിരപ്പ് മുതൽ 30 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന താരതമ്യേന നിരപ്പായതും എന്നാൽ ചെറിയ ചരിവുള്ളതുമായ ഭൂപ്രദേശമാണ് തീര പ്രദേശം. മണൽ മണ്ണുള്ള കടൽത്തീരങ്ങൾ, മണൽ സമതലങ്ങൾ, തീരദേശ വെട്ടുകൽ പ്രദേശം, അഴിമുഖങ്ങൾ, കായൽതീരം, വെള്ളക്കെട്ടുകൾ, ചതുപ്പ് നിലങ്ങൾ, ചെളിപ്രദേശങ്ങൾ, വിസ്തൃതമായ താഴ്വാരങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് സമുദ്രതീര പ്രദേശങ്ങൾ. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 7 എണ്ണം.

2. AEZ-2 മിഡ് ലാൻഡ് ലാറ്ററൈറ്റ്സ് അഥവാ ഇടനാടൻ ചെങ്കൽ പ്രദേശങ്ങൾ-സമുദ്രനിരപ്പിൽനിന്ന് 30 മീറ്ററിനും 300 മീറ്ററിനും ഇടയിലായി സ്ഥിതിചെയ്യുന്ന നിമ്നോന്നതമായ പ്രദേശമാണിത്. പടിഞ്ഞാറൻ തീരദേശസമതലങ്ങൾക്കും കിഴക്ക് ഭാഗത്തുള്ള അടിവാരങ്ങൾക്കും മലകൾക്കും ഇടയിൽ ഇടുങ്ങിയ താഴ്വരകളോടുകൂടി തെക്കേയറ്റത്തുനിന്ന് കേരളത്തിന്റെ വടക്കേയറ്റം വരെ ഇത് വ്യാപിച്ചുകിടക്കുന്നു. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 4 എണ്ണം.

3. AEZ-3 ഫൂട്ട് ഹിൽസ് അഥവാ അടിവാരങ്ങൾ-സമുദ്രനിരപ്പിൽ നിന്ന് 300 മീറ്റർ മുതൽ 600 മീറ്റർ വരെ ഉയരത്തിൽ വ്യാപിച്ചുകിടക്കുന്ന പ്രദേശമാണിത്. പടിഞ്ഞാറ് ചുവന്ന മണ്ണുള്ള മധ്യപ്രദേശങ്ങൾക്കും കിഴക്കുള്ള ഉയർന്ന കുന്നുകൾക്കുമിടയിൽ വ്യാപിച്ചുകിടക്കുന്ന നിമ്നോന്നത പ്രദേശങ്ങൾ, ചെറുകുന്നുകൾ, താഴ്വാരങ്ങൾ എന്നിവയെല്ലാം ഇതിലുൾ പ്പെടുന്നു. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 2 എണ്ണം.

4. AEZ-4 ഹൈ ഹിൽസ് അഥവാ മലമ്പ്രദേശം-പശ്ചിമഘട്ട മലനിരകളും, വടക്കുനിന്ന് തെക്ക് വരെ നീണ്ടുകിടക്കുന്ന പീഠഭൂമികളും സമതലങ്ങളും ചേർന്ന പ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നു. സമുദ്ര നിരപ്പിൽനിന്ന് 600 മീറ്ററിനും മേലെ ഉയർന്നുനിൽക്കുന്ന പശ്ചിമ ഘട്ടവും സമതലങ്ങളും ഉൾപ്പെടുന്ന പ്രദേശമാണിത്. പല മലകളും 1800 മീറ്ററിനുള്ളിൽ ഉയരമുള്ളവയാണ്. മദ്ധ്യസഹ്യാദ്രി മലകൾ, നീലഗിരി മലകൾ, തെക്കൻ സഹ്യാദ്രി മലകൾ എന്നിവ പശ്ചിമ ഘട്ടത്തിലുൾപ്പെടുന്നു. കുന്നുകളുടെ കുത്തനെയുള്ള ചരിവ് 80 ശതമാനത്തോളമാണ് ഈ പ്രദേശത്ത്. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 8 എണ്ണം.

5. AEZ-5 പാലക്കാട് പ്ലെയിൻസ് അഥവാ പാലക്കാട് സമതല പ്രദേശങ്ങൾ-പാലക്കാടുള്ള മിതമായ ചരിവോടുകൂടിയ പ്രദേശങ്ങൾ, കുതിരാൻ മലയുടെ കിഴക്കുഭാഗങ്ങൾ, വടക്കും തെക്കുമുള്ള നെല്ലിയാമ്പതി കുന്നുകൾ, അട്ടപ്പാടി കുന്നുകൾ, തമിഴ്നാടിന്റെ ഉയർന്ന സമതലങ്ങളോട് പാലക്കാടൻ ചുരം വഴി ചേർന്നുകിടക്കുന്ന പ്രദേശങ്ങൾ എന്നിവയാണ് ഈ പാരിസ്ഥിതിക മേഖലയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇത് ഉൾപ്പെടുന്ന അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ 2 എണ്ണം.

(ബി) ഓരോ പ്രദേശത്തിനും അനുയോജ്യമായ വിവിധ വിളകളെയും കൃഷിരീതികളെയും സംബന്ധിച്ച് കർഷകർക്ക് അവബോധമുണ്ടാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഓരോ പ്രദേശത്തിന് അനുയോജ്യമായ വിവിധ വിളകളെയും കൃഷി രീതികളെയും സംബന്ധിച്ച് കർഷകർക്ക് അവബോധമുണ്ടാക്കാനായി ആർ.എ.റ്റി.റ്റി.സി., എഫ്.റ്റി.സി.-കൾ തുടങ്ങിയവ മുഖേന വിവിധ ഇനം പരിശീലനങ്ങൾ മാനവശേഷി വികസന പദ്ധതി ഫണ്ടുപയോഗിച്ച് നടത്തിവരുന്നു. കൂടാതെ ലീഡ്സ്, കൃഷി പാഠശാല, ബ്ലോക്ക് തല കാർഷിക വിജ്ഞാന കേന്ദ്രം എന്നീ പദ്ധതികൾ പ്രകാരം കർഷകർക്ക് അതാത് പ്രദേശത്തിന് അനുയോജ്യമായ രീതിയിലുള്ള വിളകൾ, കൃഷി രീതികൾ എന്നിവ സംബന്ധിച്ച് ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ, വിദഗ്ദ്ധരുടെ ഫീൽഡ് സന്ദർശനങ്ങൾ എന്നിവയിലൂടെ കർഷകരിൽ അവബോധം സൃഷ്ടിക്കുകയും സംശയനിവാരണം നടത്തുകയും ചെയ്യുന്നു.

(സി) ഇത്തരം മേഖലകളിലെ വിളകളുടെ സംഭരണവും സംസ്കരണവും വിപണനവും കാര്യക്ഷമമാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശി ക്കുന്നുണ്ടോ?

പ്രത്യേക കാർഷിക മേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന വിളകളുടെ സംഭരണവും സംസ്കരണവും വിപണനവും കാര്യക്ഷമമാകുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി
2. വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകളുടെ വിപണികൾ
3. ഇക്കോഷോപ്പുകൾ
4. ആഴ്ച്ചച്ചന്തകൾ
5. ഹോർട്ടികോർപ്പ് വിപണികൾ
6. വി.എഫ്.പി.സി.കെ. വിപണികൾ

സുഭിക്ഷകേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചച്ചന്തകൾ, റോഡരികിലെ നഗര വിപണികൾ എന്നിവയിലൂടെ വിപണനം നല്ല രീതിയിൽ നടക്കുന്നുണ്ട്. ഇത് കൂടാതെ കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംഭരണ-സംസ്കരണ യൂണിറ്റുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന സൃഷ്ടിക്കുന്ന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവ വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ടും സഹായിക്കുന്നതാണ്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ /വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു.

(ഡി) ശാസ്ത്രീയ കൃഷിരീതികളും കൃഷിപരിപാലന മുറകളും ഉപകരണങ്ങളും കീടനിയന്ത്രണോപാധികളും കർഷകരിലേക്ക് എത്തിക്കുന്നതിനായി കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ശാസ്ത്രീയ കൃഷി രീതികളും കൃഷി പരിപാലന മുറകളും ഉപകരണങ്ങളും കീടനിയന്ത്രണോപാധികളും കർഷകരിൽ എത്തിച്ച് കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൃഷിഭവൻ തലത്തിൽ നിലവിൽ കാർഷിക കർമ്മസേനകളും ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ

ശാസ്ത്രീയ കൃഷി അറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനായി ആർ.എ.റ്റി.റ്റി.സി., എഫ്.റ്റി.സി. എന്നീ ട്രെയിനിംഗ് സെന്ററുകളിലെ വിവിധ തരം പരിശീലനങ്ങൾ (ഓൺലൈൻ ആയിട്ടുള്ളതും, നേരിട്ടുള്ളതും), മാസം തോറുമുള്ള ആത്മ (Monthly Technology Advisory) യോഗങ്ങൾ, ഫാം സ്കൂളുകൾ, കൃഷി പാഠശാലകൾ എന്നിവ നടത്തിവരുന്നു.

## സർവ്വകലാശാല നിയമങ്ങളുടെ പരിഷ്കാരം

29 (*419) ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാല നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വിഷയം പരിശോധിക്കുവാൻ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സമിതിയെ അധികാരപ്പെടുത്തുമോ?

(എ&ബി) ഉണ്ട്; സർവ്വകലാശാല നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്നുണ്ട്.

(സി) സർവ്വകലാശാലകൾക്ക് കീഴിലെ സ്വാശ്രയ മേഖലയിലെ കോളേജുകൾ ഗുണനിലവാരം പുലർത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(സി&ഡി) ഉണ്ട്. സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള സർവ്വകലാശാലകളിലെ കോളേജുകളിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. കരിക്കുലം പരിഷ്കരണം
2. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും (GA)

3. ക്രോസ്-ഡിസ്സ്ളിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020)

4. സാക്ക് (SAAC-State Assessment & Accreditation Centre)

5. ഫാക്കൽറ്റി ഡെവലപ്മെന്റ് സെൻറർ (FDC)

6. കൈരളി ഗവേഷണ പുരസ്കാരങ്ങൾ

7. ചാൻസലേഴ്സ് അവാർഡ്

8. എറുഡൈറ്റ് പദ്ധതി

9. ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേ

10. കാൾ നെറ്റ്-സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജു കളിലെയും ലൈബ്രറികളെ കൂട്ടിയിണക്കി കേരള അക്കാഡമിക് ലൈബ്രറി നെറ്റ്വർക്ക് രൂപീകരിച്ചു.

11. സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E-Journal Consortium)

12. കോളേജ് വിദ്യാർത്ഥികൾക്കായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ വിപുലമായ ഓൺലൈൻ പാഠ്യശേഖരം.

**കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം**

30 (*420) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവയുടെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലീത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നിയമനിർമ്മാണത്തിനുള്ള പ്രവർത്തനങ്ങളിലാണ്. ഇത് സംബന്ധിച്ച ഓർഡിനൻസ് The Kerala Livestock, Poultry Feed and Mineral Mixture (Regulation of Manufacture and Sale) Ordinance 2021, 2021 ഫെബ്രുവരിയിൽ നിലവിൽവന്നു. കാലിത്തീറ്റ, കോഴിത്തീറ്റ ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾക്ക് ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. അവ പാലിക്കുന്ന അസംസ്കൃത വസ്തുക്കൾ മാത്രമാണ് തീറ്റ ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം, ഉൽപ്പാദനത്തിനുശേഷമുള്ള തീറ്റയുടെ ഗുണനിലവാരം എന്നിവ ലാബിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു. മിൽമയുടെ രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും കർഷകർക്ക് ആവശ്യമായ തരത്തിലുള്ള കാലിത്തീറ്റകളാണ് ഉൽപ്പാദിപ്പിച്ചു വരുന്നത്. പശുവിന്റെ പാലുൽപ്പാദനശേഷിക്കനുസരിച്ച് മിൽമ റിച്ച്, മിൽമ ഗോൾഡ്, മിൽമ ബൈപ്രോ എന്നീ 3 ഇനം കാലിത്തീറ്റകൾ ഉൽപ്പാദിപ്പിക്കുന്നു. മിൽമ ഗോൾഡിലും മിൽമ ബൈപ്രോയിലും നിശ്ചിത അളവിൽ ധാതു ലവണ മിശ്രിതങ്ങൾ അടങ്ങിയിട്ടുണ്ട്. ഇത് പാലുൽപ്പാദനവും കാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും കറവകൾ തമ്മിലുള്ള ഇടവേള കുറയ്ക്കുന്നതിനും പ്രയോജനപ്പെടുന്നു. കാലിത്തീറ്റ ഫാക്ടറികളിൽ അതിനൂതനമായ യന്ത്രസാമഗ്രികൾ (പെല്ലറ്റ് മിൽ, ഹാമർ മിൽ, സൈലോകൾ) സ്ഥാപിച്ചിട്ടുള്ളതിനാൽ സ്ഥായിയായ ഗുണനിലവാരമുള്ള കാലിത്തീറ്റ ആവശ്യത്തിനനുസരിച്ച് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സാധിക്കും.

(സി) കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും കുറഞ്ഞ വിലയിൽ കർഷകർക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കാലിത്തീറ്റ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽനിന്നും ലഭ്യമാക്കുന്നതാണ്. അസംസ്കൃത വസ്തുക്കളുടെ വിലയനുസരിച്ചാണ് കാലിത്തീറ്റ ഉൽപ്പാദന ചെലവിൽ മാറ്റം വരുന്നത്. കോവിഡ് മഹാമാരിയുടെ അതിവ്യാപനംമൂലവും ഡീസൽ വിലയിലുണ്ടായിട്ടുള്ള വർദ്ധനവും ഉൽപ്പാദന മേഖലയിലുണ്ടായിട്ടുള്ള പ്രതികൂല കാലാവസ്ഥയും അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ഭീമമായ വിലവർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്സ് ലിമിറ്റഡും മിൽമയും കാലിത്തീറ്റ വിതരണം ചെയ്തുവരുന്നത്. സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുൽപ്പാദനം വളരെ ചെലവേറിയതാണ്. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീരവികസന

വകുപ്പ് സംസ്ഥാനത്തുടനീളം തീറ്റപ്പുൽകൃഷി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരള ഫീഡ്സ് ലിമിറ്റഡിന്റെ 4 യൂണിറ്റുകളിൽനിന്നായി പ്രതിദിനം 1750 MT കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ചെറുകിട കോഴിക്കർഷകർക്ക് പ്രയോജനകരമാകും വിധം 'കൈരളി', 'അതുല്യം ലെയർ', 'അതുല്യം ഗ്രോവർ' എന്നീ 3 തരത്തിലുള്ള കോഴിത്തീറ്റകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

(ഡി) ഇവയുടെ ഉൽപ്പാദനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുമേഖലയിലുള്ള കാലിത്തീറ്റ കമ്പനികളായ കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ ഫീഡ്സ് തുടങ്ങിയ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയാണ് കേരളത്തിൽ അധികമായും വിറ്റഴിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് കോവിഡ് കാലഘട്ടത്തിൽ പ്രതിസന്ധിയിലായ ക്ഷീരകർഷകർക്ക് സഹായം നൽകിയത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ വർഷം 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലീത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി നൽകിവരുന്നു. കേരള ഫീഡ്സിന്റെ 4 യൂണിറ്റുകളിൽനിന്നായി പ്രതിദിന കാലിത്തീറ്റ ഉല്പാദനശേഷി 1750 MT ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോതമംഗലം മണ്ഡലത്തിൽ വന്യമൃഗ ആക്രമണത്തിലുണ്ടാകുന്ന കൃഷിനാശം

1 (4389) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കവളങ്ങാട്, കീരംപാറ പഞ്ചായത്തുകളിലെ വിവിധ ജനവാസ മേഖലകളിൽ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങൾ നിരന്തരമായി കൃഷിനാശം ഉണ്ടാക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കൃഷിനാശം തടയുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും പരിഹാരമാർഗ്ഗം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇത്തരം കൃഷിനാശം തടയുന്നതിന് കൃഷി വകുപ്പ് കവളങ്ങാട് ഗ്രാമ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ നേര്യമംഗലം ഫോറസ്റ്റ് റേഞ്ച് പരിധിയിലും കോതമംഗലം ഫോറസ്റ്റ് റേഞ്ച് പരിധിയിലും രൂപീകരിച്ചിട്ടുണ്ട്.

നിലവിൽ കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലുവാൻ വനംവകുപ്പ് 2011-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് 16-2-2019-ലെ സ.ഉ.(കൈ) നമ്പർ 7/2019/വനം പ്രകാരം ഭേദഗതി വരുത്തി ഉത്തരവായിട്ടുള്ളതുമാണ്. ജനജാഗ്രതാ സമിതിയുടെ നിർദ്ദേശപ്രകാരം വനത്തോട് ചേർന്ന പ്രദേശങ്ങളിലെ കേടായ സ്ട്രീറ്റ്ലൈറ്റ് മാറ്റി പുതിയത് സ്ഥാപിച്ചിട്ടുമുണ്ട്.

(സി) ഇത്തരത്തിൽ ഇവിടെ വന്യമൃഗ ആക്രമണത്തിലുണ്ടായിട്ടുള്ള നാശ നഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ കണക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഇവിടെ വന്യമൃഗ ആക്രമണംമൂലം ഉണ്ടാകുന്ന വിളകളുടെ നാശനഷ്ടത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വനം വകുപ്പ് ഓഫീസിനാണ് കർഷകർ അപേക്ഷകൾ നൽകിയിരിക്കുന്നത്. വിള ഇൻഷ്വർ ചെയ്ത കർഷകരുടെ വിളകൾ വന്യജീവികളുടെ ആക്രമണംമൂലം നശിച്ചാൽ മാത്രമാണ് കൃഷി വകുപ്പ് മുഖാന്തരം വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നത്. വിള ഇൻഷ്വർ ചെയ്ത കർഷകരുടെ നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഡി) നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; പഞ്ചായത്ത് തിരിച്ചുള്ള കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കാമോ?

നാശനഷ്ടം സംഭവിച്ച മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടില്ല. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകിയ നഷ്ടപരിഹാര തുകയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഇത്തരത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് ഇനിയും നഷ്ടപരിഹാരം ലഭ്യമാക്കുവാനുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) കാലതാമസം ഒഴിവാക്കി അർഹരായ മുഴുവൻ പേർക്കും നഷ്ടപരിഹാര തുക വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാൻ ഏജൻസികൾ

2 (4390) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിനുകീഴിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുവാൻ ഏതൊക്കെ ഏജൻസികൾ നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുവാൻ കൃഷി വകുപ്പിനുകീഴിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം പ്രവർത്തിക്കുന്നുണ്ട്. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് എസ്.എഫ്.എ.സി. വഴി സബ്സിഡി നൽകുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉൽപ്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാഘട്ടങ്ങളിലും സഹായിക്കുന്നതിനായി പുതുതായി കേരളത്തിൽ 50 കർഷക ഉൽപ്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPO-കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ് ഇവയുടെയെല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.

(ബി) കാർഷികോൽപ്പന്നങ്ങളുടെ സംരംഭകത്വവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്ന ഏജൻസികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാർഷികോൽപ്പന്നങ്ങളുടെ സംരംഭകത്വവുമായി ബന്ധപ്പെട്ട പരിശീലനം കൃഷി വകുപ്പിനുകീഴിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം നൽകിവരുന്നു. കൃഷി വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ മറ്റ് പരിശീലനങ്ങൾക്കൊപ്പം സംരംഭകർക്കും കർഷകർക്കും പരിശീലനം നൽകി വരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. 5 ആർ.എ.ടി.ടി.സി. (RATTC)-കളും 2 എഫ്.ടി.സി (FTC)-കളും ഉദ്യോഗസ്ഥരുടെ പരിശീലനത്തിന് SAMETI

2. കേരള കാർഷിക സർവ്വകലാശാലയുടെ കേന്ദ്രങ്ങൾ കൂടാതെ കൃഷി വിഗ്യാൻ കേന്ദ്രങ്ങൾ മുഖേനയും പരിശീലനങ്ങൾ നടത്തിവരുന്നു.

**പഴം-പച്ചക്കറി വില നിയന്ത്രണം**

3 (4391) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) എങ്കിൽ ഇവയുടെ വില വർദ്ധനവിന് കാരണമാകുന്ന ഇടനില വ്യാപാരികളുടെ ഇടപെടലുകൾ എന്താണെന്ന് വിശദമാക്കുമോ?

ബാധകമല്ല.

(സി) വില നിയന്ത്രിക്കുന്നതിനും ഇത്തരം സാധനങ്ങളുടെ ഏകീകൃത വില നിർണ്ണയം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്സവകാലങ്ങളിൽ പ്രത്യേകിച്ച് ഓണം, വിഷു കാലയളവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽനിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയെക്കാൾ 10 ശതമാനത്തിലധികം വില നൽകി സംഭരിക്കുകയും പൊതു വിപണിയിലെ വിൽപ്പന വിലയിൽനിന്നും 30 ശതമാനം കുറഞ്ഞ വിലയ്ക്ക് ഇവ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ഹോർട്ടികോർപ്പ്, VFPCK, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് സംഭരണം ഏകോപിപ്പിക്കുന്നത്. ഓണം സമൃദ്ധി 2021 നടത്തുന്നതിലേയ്ക്കായി 19-7-2021-ലെ G.O.(Rt)602/2021/Agri. പ്രകാരം 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2000 മാർക്കറ്റുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ഹോർട്ടികോർപ്പിന്റെ വില്പനശാലകളിലെ വില പൊതുവിപണിയിലെ വിലയേക്കാളും താഴ്ന്നിരിക്കണം എന്ന പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ വിപണി വില അധികമാകുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് നേരിട്ട് ഇടപെട്ട് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ സവാളയുടെ

വില ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് നേരിട്ട് സവാള ഉല്പാദനമേഖലകളിൽനിന്ന് സംഭരിക്കുകയും വിപണികൾ വഴി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

**കാർഷിക മേഖലയുടെ തളർച്ച**

4 (4392) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാർഷിക മേഖലയുടെ തളർച്ചയ്ക്ക് കാരണമായി കണ്ടെത്തിയിട്ടുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ആഗോള സാമ്പത്തിക ക്രമത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വിപണിയിലെ ചാഞ്ചാട്ടം, അന്താരാഷ്ട്ര കരാറുകളുടെ ഭാഗമായുള്ള ഇറക്കുമതി, കാലാവസ്ഥാ വ്യതിയാനം, 2017-18, 2018-19 കാലയളവിലുണ്ടായ വെള്ളപ്പൊക്കം, മറ്റുപ്രകൃതി ദുരന്തങ്ങൾ, കോവിഡ്-19, ലോക്ഡൗൺ ആരംഭിച്ചതിനുശേഷം മിക്ക കാർഷിക വിളകളുടെ ആഭ്യന്തര വിലയിലെ ഇടിവ് ലോക്ക്ഡൗണിന്റെ ഫലമായി തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്നിവ കാർഷിക മേഖലയ്ക്ക് വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്.

(ബി) അവ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 വ്യാപനംമൂലവും മറ്റുകാരണങ്ങളാലും കാർഷിക മേഖലയെ സാരമായി ബാധിച്ച പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ ചുവടെ ചേർക്കുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി.

1. സർക്കാരിന്റെ ഫ്ലാഗ്ഷിപ് പദ്ധതിയായ സുഭിക്ഷകേരള പദ്ധതി പ്രകാരം 9070.09 ഹെക്ടർ തരിശുനിലത്ത് നെൽകൃഷിയും 4527.353 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷിയും 3381.069 ഹെക്ടർ തരിശുനിലത്ത് ഫലവർഗ്ഗ കൃഷിയും 4907.591 ഹെക്ടർ തരിശുനിലത്ത് കിഴങ്ങുവർഗ്ഗ കൃഷിയും 636.5881 ഹെക്ടർ തരിശുനിലത്ത് പയറുവർഗ്ഗ കൃഷിയും 325.045 ഹെക്ടർ തരിശുനിലത്ത് ചെറുധാന്യ കൃഷിയും നടത്തുകയുണ്ടായി.

2. കർഷകരുടെ ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആടു വളർത്തൽ/പോഷകത്തോട്ടം/തേനീച്ചകൃഷി/കൂൺകൃഷി/പശുവളർത്തൽ/ മത്സ്യ കൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി.

3. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

4. "ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

5. സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്.

6. കേരളാ ഫാം ഫ്രഷ്, പഴം, പച്ചക്കറി താങ്ങുവില 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വരികയും ഇത് വഴി 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിക്കുകയുമുണ്ടായി. 2712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാനവില പദ്ധതി പ്രകാരം വിതരണം ചെയ്തു.

7. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി- 2016-17 വർഷത്തിൽ 159.87 ലക്ഷം രൂപയും 2017-18 വർഷത്തിൽ 876.1798 ലക്ഷം രൂപയും 2018-19 വർഷത്തിൽ 3,996.47315 ലക്ഷം രൂപയും 2019-20 വർഷത്തിൽ 5,560 ലക്ഷം രൂപയും 2020-21 വർഷത്തിൽ 7,547.2542 ലക്ഷം രൂപയും വിതരണം നടത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്ന തിനുള്ള അടിയന്തര പരിപാടി എന്ന പദ്ധതിയിൽ 750.00 ലക്ഷം രൂപയാണ് 2021-22 വർഷത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ളത്. എന്നാൽ 4,993.86 ലക്ഷം രൂപയുംകൂടി ഈ സർക്കാർ അധികമായി അനുവദി ച്ചിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 2,000 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 489.31029 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

8. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കർഷകർക്ക് സമയ ബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity Facility-2 (SLF-2)-ൽ കർഷകർക്ക് 600 കോടിയുടെ വായ്പ ലഭ്യമാക്കി.

9. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മേയ് 15-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 37.849828 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

## പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

5 (4393) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം നാളിതുവരെയായി തരിശുഭൂമികൾ കൃഷിഭൂമിയാക്കി മാറ്റുന്നതിനുകൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

2016-നുശേഷം നാളിതുവരെയായി തരിശുഭൂമികൾ കൃഷിഭൂമിയാക്കി മാറ്റുന്നതിനുകൈക്കൊണ്ട നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയിലൂടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുംവേണ്ടി വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പരമ്പരാഗത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) എറണാകുളം ജില്ലയിൽ കൃഷി ചെയ്തുവരുന്ന പൊക്കാളി നെല്ലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ?

എറണാകുളം ജില്ലയിൽ കൃഷി ചെയ്തുവരുന്ന പൊക്കാളി നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ നെൽകൃഷി വികസന പദ്ധതിയിൽ കരി, കൈപ്പാട്, പൊക്കാളി എന്നീ പരമ്പരാഗത നെൽകൃഷി മേഖലകൾക്കുള്ള പ്രത്യേക ധനസഹായം എന്ന ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 48.5233 ലക്ഷം രൂപയുടെ പദ്ധതിയാണ് പൊക്കാളി പ്രദേശത്ത് നെൽകൃഷിക്ക് പ്രത്യേകമായി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം 2021-22 വർഷത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാലാവസ്ഥയ്ക്കനുസൃതമായി കാർഷിക രീതികളിലെ മാറ്റം

6 (4394) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം പരമ്പരാഗത കാർഷിക കലണ്ടറിനെ ദോഷകരമായി ബാധിക്കുന്ന ഈ കാലഘട്ടത്തിൽ കാലാവസ്ഥയ്ക്കനുസൃതമായി കാർഷിക രീതികളെ മാറ്റിയെടുക്കുന്നതിനും അതിനനുസൃതമായ വിത്തിനങ്ങൾ കണ്ടുപിടിക്കുന്നതിനും ഗവേഷണങ്ങൾ നടന്നുവരുന്നുണ്ടോ; വിശദമാക്കാമോ?

കാലാവസ്ഥാ വ്യതിയാനം കൃഷിയെ ബാധിക്കുന്നതുമായി ബന്ധപ്പെട്ട് കേരള കാർഷിക സർവ്വകലാശാലയിൽ താഴെപ്പറയുന്ന മേഖലകളിൽ പഠനങ്ങൾ നടന്നു വരുന്നുണ്ട്.

1. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ശക്തമായ മഴ, വെള്ളപ്പൊക്കം എന്നിവയ്ക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി പ്രസ്തുത പ്രദേശങ്ങൾക്കനുയോജ്യമായ ശാസ്ത്രീയ ഭൂവിനിയോഗ ശിപാർശകൾ രൂപീകരിക്കുക (Vulnerability assessment and management measures).

2. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അനുഭവപ്പെടുന്ന വരൾച്ച, അമ്ലത്വം, ലവണത (salinity) എന്നിവയെ പ്രതിരോധിക്കാൻ കഴിവും അത്യുൽപ്പാദന ശേഷിയുമുള്ള വിളകൾ വികസിപ്പിച്ചെടുക്കുക.

3. ശോഷിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി വിഭവങ്ങൾ പാഴായിപോകാതെ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാൻ സഹായിക്കുന്ന കൃത്യതാ കൃഷിപോലെയുള്ള വിളപരിപാലന സാങ്കേതികവിദ്യകൾ വികസിപ്പിക്കുക.

(ബി) കാർഷിക മേഖലയിൽ യന്ത്രവൽക്കരണം വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതിവിഹിതം ഉപയോഗിച്ചുള്ള ഗവേഷണ പദ്ധതികൾ കേരള കാർഷിക സർവ്വകലാശാലയിൽ പുരോഗമിക്കുന്നു. അതോടൊപ്പം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ധനസഹായത്തോടെ മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ (KSAMM) പദ്ധതിയും നടപ്പിലാക്കിവരുന്നു. വിവിധ കൃഷികൾക്ക് പ്രയോജനപ്പെടുത്താനാകുന്ന ഏകദേശം പത്തോളം യന്ത്രങ്ങൾ ഇതിനകം സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ യന്ത്രോപകരണങ്ങൾ കർഷകർക്ക് വാടകയ്ക്ക് നൽകുന്ന കസ്റ്റം ഹയറിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു.

## ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ

7 (4395) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദന വർദ്ധനവിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ-വിപണനത്തിനുമായി പുതിയ ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികൾ രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്.പി.ഒ.-കൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ 10000 എഫ്.പി.ഒ. പദ്ധതി പ്രകാരം 59 എഫ്.പി.ഒ.-കൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ സംസ്ഥാനത്ത് കാർഷിക മേഖലയിൽ എത്ര ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനികളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്; ഏതൊക്കെ കാർഷിക ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടാണ് ഇവ ഓരോന്നും പ്രവർത്തിക്കുന്നതെന്ന് ജില്ലകൾ തിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് കാർഷിക മേഖലയിൽ NABARD, NAFED, SFAC (India) എന്നീ സ്ഥാപനങ്ങൾ മുഖേന പഴയതും പുതുതായി രൂപീകരിച്ചതുമായ 141 എഫ്.പി.ഒ.-കളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കാർഷികോല്പാദന വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ

8 (4396) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധി മറികടക്കുന്നതിനായി കാർഷികോൽപ്പാദന വർദ്ധനവിനുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിനായി താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്.

2. കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആട്ട വളർത്തൽ/ പോഷകത്തോട്ടം/തേനീച്ച കൃഷി/ കൂൺകൃഷി/ പശുവളർത്തൽ/ മത്സ്യകൃഷി/ജൈവവളനിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി.

3. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

4. "ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

5. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കർഷകർക്ക് സമയ ബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity facility-2 (SLF-2)-ൽ കർഷകർക്ക് 600 കോടിയുടെ വായ്പ ലഭ്യമാക്കി.

6. കാർഷികോൽപ്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. പ്രകൃതി ദുരന്തങ്ങളിൽ നട്ടെല്ലൊടിഞ്ഞ കർഷകർക്ക് പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പദ്ധതി, പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി എന്ന പദ്ധതിയിൽ 2021-22 വർഷത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ള 750.00 ലക്ഷം രൂപയ്ക്ക് പുറമെ 4993.86 ലക്ഷം രൂപയും കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 2000 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും (SDRF) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 489.31029 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

8. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മേയ് 15-ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 37.849828 കോടി രൂപയുള്ള പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

9. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. പ്രോജക്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിലൂടെ 25000 ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്യുന്ന പദ്ധതി.

(ബി) നടീൽ വസ്തുക്കളുടെ ഗുണമേന്മയും ലഭ്യതയും ഉറപ്പുവരുത്താനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (RSGP പദ്ധതി). 2021-22 വർഷത്തിൽ ഇതിനായി 125 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭ്യമാക്കുന്ന ബ്രീഡർ നെൽവിത്ത് കൃഷി വകുപ്പിലെ 33 സംസ്ഥാന വിത്ത് ഉല്പാദന കേന്ദ്രങ്ങൾക്ക് (സീഡ് ഫാമുകൾ) നൽകി ഫൗണ്ടേഷൻ സീഡ് ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുന്നു. പ്രസ്തുത നെൽവിത്ത് ഉപയോഗിച്ച് പദ്ധതി പ്രകാരം കർഷകർ സർട്ടിഫൈഡ് നെൽവിത്ത് ഉൽപ്പാദിപ്പിച്ച് കേരള

സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് തിരികെ നൽകുകയാണ് പദ്ധതി പ്രകാരം ചെയ്യുന്നത്. 2021-22 വർഷം കൃഷി വകുപ്പിനുകീഴിലുള്ള 64 ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നു. നടീൽവസ്തുക്കളുടെ ഗുണമേന്മയും ലഭ്യതയും ഉറപ്പുവരുത്താനായി 2021-22-ൽ സർക്കാർ ഫാമുകളിലൂടെ ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും എന്ന പദ്ധതിയിൽ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുൽപ്പാദനത്തിനായി 200 ലക്ഷം രൂപയും ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുൽപ്പാദനത്തിനായി 20 ലക്ഷം രൂപയും മാതൃപരിപാലനത്തിനുമായി സസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലിന് 80 ലക്ഷം രൂപയും ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യു വാഴത്തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനായി 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഫാമുകളിൽ 70 ലക്ഷം ഫലവർഗ്ഗ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ) ഉൽപ്പാദിപ്പിക്കുന്നു. റെയിൻ ഷെൽട്ടർ, പോളീഹൗസുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയും ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 120 ലക്ഷം രൂപയും ഉൽപ്പാദന ചെലവിനത്തിൽ 100 ലക്ഷം രൂപയും പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 88 ലക്ഷം രൂപയും ചേർത്ത് ആകെ 488 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേരവികസന പദ്ധതിപ്രകാരം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി ആകെ 1359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനവും സ്പെഷ്യൽ ഫാമുകളിൽ യന്ത്രവത്കരണവും എന്ന പദ്ധതിക്കായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) വാണിജ്യാടിസ്ഥാനത്തിലേയ്ക്ക് കൃഷി പ്രായോഗികമാക്കാൻ കാർഷിക പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക യന്ത്രവൽക്കരണത്തിനും അഗ്രോ സർവ്വീസ് സെന്ററുകളും കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്ത് തലത്തിൽ 368 കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. നടപ്പ് വർഷം 8 കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്റർ) രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

9 (4397) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ വിളകൾ സംഭരിക്കാനും സൂക്ഷിച്ചുവയ്ക്കാനുമായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ.) രൂപീകരിക്കുവാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ രൂപീകരണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നു. കേരളത്തിന്റെ എഫ്.പി.ഒ. നയം 15-5-2020-ലെ G.O.(Rt).No. 431/2020/AGRI പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഏതെങ്കിലും ജില്ലയിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനനയം അനുസരിച്ചും കേന്ദ്രനയം അനുസരിച്ചും എഫ്.പി.ഒ.-കൾ രൂപീകരിക്കുന്ന പ്രവർത്തനം ആരംഭഘട്ടത്തിലാണ്.

(സി) കാസർഗോഡ് ജില്ലയിൽ എത്ര എഫ്.പി.ഒ. രൂപീകരിക്കുവാനാണ് ജില്ലാ ഭരണകൂടം അനുമതി തേടിയിട്ടുള്ളത്; ഇതിന് അനുമതി നൽകേണ്ടത് ആരാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ പുതിയ 2 എഫ്.പി.ഒ.-കൾ രൂപീകരിക്കുന്നതിനും പഴയ 2 എഫ്.പി.ഒ.-കളുടെ ശാക്തീകരണത്തിനും ലക്ഷ്യമിടുന്നു. ജില്ലകളിലെ എഫ്.പി.ഒ.-കൾ തെരഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകുന്നത് സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റിയാണ്. ഇത് സംബന്ധിച്ച ഉത്തരവ് 16-2-2021-ലെ G.O.(Rt)No. 151/2021/AGRI പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇതിന് ഇതേവരെ അനുമതി ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയും വേഗം അനുമതി നൽകി എഫ്.പി.ഒ. ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ എഫ്.പി.ഒ. ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയതിനായി അഗ്രി ബിസിനസ്സ് പ്രോമോട്ടിംഗ് ഏജൻസികളെ സാങ്കേതികവും സാമ്പത്തികവുമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ ജില്ലാതല അലോട്ട്മെന്റ് പൂർത്തിയായിട്ടുണ്ട്. എഫ്.പി.ഒ. രൂപീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

## ഹോർട്ടി കൾച്ചറൽ മിഷന്റെ പ്രവർത്തനങ്ങൾ

10 (4398) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടി കൾച്ചറൽ മിഷന്റെ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുമോ?

കേരളത്തിലെ ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തരം സംസ്ഥാനത്തുടനീളം വിവിധ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ മേഖലകളിലും ക്രിയാത്മകമായി ഇടപെടുകയും കാർഷിക രംഗത്ത് വിജയകരമായ മുന്നേറ്റത്തിന് ഊന്നൽ നൽകികൊണ്ടുള്ള പദ്ധതി നടത്തിപ്പുമാണ് മിഷൻ പ്രോത്സാഹിപ്പിച്ചുവരുന്നത്. കർഷകരുടെ വിത്ത് മുതൽ വിപണിവരെയുള്ള ആവശ്യങ്ങൾക്ക് പിന്തുണ നൽകുകയാണ് മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, ഹോർട്ടികോർപ്പ്, കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ, സഹകരണ വകുപ്പ് തുടങ്ങിയവയുടെ ആഭിമുഖ്യത്തിലും കർഷകർക്ക് നേരിട്ടുമാണ് വിവിധ പദ്ധതികൾ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഫോർ ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്.), പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.), പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ.) നാഷണൽ ഹണി മിഷൻ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും ഹൈടെക് ഫാമിംഗ് പദ്ധതി, തേനീച്ച കർഷകർക്കുള്ള ധനസഹായ പദ്ധതി തുടങ്ങിയ സംസ്ഥാനാവിഷ്കൃത പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) 2016 മുതൽ നാളിതുവരെ ഹോർട്ടികൾച്ചറൽ മിഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും അതിനായി ലഭിച്ച കേന്ദ്ര-സംസ്ഥാന ഫണ്ടും ഇനം തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കുമോ?

2016 മുതൽ നാളിതുവരെ ഹോർട്ടിക്കൾച്ചറൽ മിഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നതിനോടൊപ്പം* അതിനായി ലഭിച്ച കേന്ദ്ര- സംസ്ഥാന ഫണ്ടും ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭക്ഷ്യസുരക്ഷ

11 (4399) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ;

ഉണ്ട്. കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുഭിക്ഷകേരളം പദ്ധതി. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലേയ്ക്ക് മറ്റ് സംസ്ഥാന ങ്ങളിൽനിന്നുള്ള ഭക്ഷ്യോൽപ്പന്നങ്ങളുടെ വരവ് പ്രതികൂലമായി ബാധിക്കാനുള്ള സാധ്യത കണക്കിലെടുത്ത് ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയാണ് സുഭിക്ഷകേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതി ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. തരിശുഭൂമിയിലെ കൃഷി
2. ജൈവ ഗൃഹം-സംയോജിത കൃഷി
3. മഴമറയിലെ കൃഷി പ്രോത്സാഹനം
4. ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ
5. വായ്പാ സൗകര്യം
6. വിപണിയിലുള്ള ഇടപെടലുകൾ
7. കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് (കേന്ദ്ര പദ്ധതി)
8. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി.

(ബി) ഇതിനായി തരിശു ഭൂമി ഏറ്റെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും തരിശായി കിടക്കുന്ന കൃഷിയോഗ്യമായ ഭൂമി കണ്ടെത്തി കൃഷി ചെയ്യുക എന്ന ലക്ഷ്യമാണ് കൈവരിച്ചത്. പ്രധാനമായും നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളാണ് കൃഷി ചെയ്തത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. പ്രോജക്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിലൂടെ 25000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. 2020-21 വർഷത്തിൽ നടപ്പിലാക്കിയ തരിശുഭൂമിയിലെ കൃഷി സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഏതെല്ലാം ഏജൻസികളെയാണ് കൃഷി വികസനത്തിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും സഹകരണത്തോടുകൂടിയാണ് കൃഷി വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നത്. കൂടാതെ ഹരിതകേരളം, കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ മിഷനുകൾ, മറ്റ് ഏജൻസികൾ, കാർഷിക-വെറ്ററിനറി-ഫിഷറീസ് സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, യുവജന ക്ലബുകൾ, ബഹുജന സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണവും പദ്ധതികൾ സുഗമവും കാര്യക്ഷമവുമായി നടത്തുന്നതിന് പ്രയോജനപ്പെടുത്തുന്നുണ്ട്.

**കർഷക കമ്മീഷന് രൂപം നൽകൽ**

12 (4400) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന കർഷക കമ്മീഷന് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതി**

13 (4401) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി എന്ന സ്കീം 1995-ൽ നടപ്പിലാക്കിയിട്ടുള്ളതാണോ; വിശദാംശങ്ങൾ നൽകാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലയെ സ്ഥിരം തൊഴിലായി സ്വീകരിച്ച് വിവിധ പരിപാടികൾ ഒറ്റയ്ക്കോ കൂട്ടായോ തെരഞ്ഞെടുത്ത് 20 മുതൽ 35 വയസ്സ് (SC/ST വിഭാഗത്തിന് 40 വയസ്സ്) വരെ പ്രായമുള്ള യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 30-3-1994-ലെ സർക്കാർ ഉത്തരവ് (എം.എസ്) 122/94 പ്രകാരം 1994-ൽ ഈ പദ്ധതി ആരംഭിച്ചു. ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട 20 മുതൽ 35 വയസ്സുവരെയുള്ള യുവജനങ്ങൾക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസും 1000 രൂപ പദ്ധതി വിഹിതവുമായി ആകെ 1,100 രൂപയും 20 മുതൽ 40 വയസ്സുവരെയുള്ള SC/ST വിഭാഗത്തിലുള്ള യുവജനങ്ങൾക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസ് മാത്രം അടച്ചും അംഗത്വം നേടാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നത്. അംഗങ്ങളിൽനിന്ന് ലഭിച്ച തുകയും സർക്കാർ വിഹിതവും ചേർത്ത് സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കുകയും അതിൽനിന്നും പദ്ധതി പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുന്നു.

1. പദ്ധതിയിൽ ചേർന്ന അംഗങ്ങൾ സ്വമേധയാ പിരിഞ്ഞുപോകുകയോ, മറ്റ് തൊഴിൽ കിട്ടിപോകുകയോ, പദ്ധതിയിൽനിന്നും വിട്ടുനിൽക്കുകയോ ചെയ്താൽ 5,000 രൂപ ഒറ്റത്തവണ ആനുകൂല്യം നൽകി പദ്ധതിയിൽ നിന്നും പിരിഞ്ഞുപോകുന്നു. 15-5-2013 മുതൽ 5,000 രൂപ നിരക്ക് എന്നത് 7,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

2. ശാരീരികമായോ, മാനസികമായോ, പൂർണ്ണ അവശത സംഭവിച്ച് തൊഴിലെടുക്കാൻ സാധിക്കാത്ത അവസ്ഥയിൽ ഒറ്റതവണയായി 25,000 രൂപ ആനുകൂല്യം നൽകികൊണ്ട് പദ്ധതിയിൽനിന്നും ഒഴിവാക്കുന്നു.

3. 60 വയസ്സിനുമുമ്പ് പദ്ധതി അംഗം മരണപ്പെട്ടാൽ - ടി അംഗത്തിന്റെ നോമിനിക്ക് 25,000 രൂപയുടെ ആനുകൂല്യം പദ്ധതിയിൽനിന്നും നൽകുന്നു.

4. പദ്ധതി മാനദണ്ഡമനുസരിച്ച് അംഗത്തിന് 60 വയസ്സ് പൂർത്തിയാകുമ്പോൾ പ്രതിമാസം 1,000 രൂപ നിരക്കിൽ പെൻഷൻ, 30,000 രൂപ മുതൽ 60,000 രൂപ വരെ ഗ്രാറ്റുവിറ്റിയും നൽകാനാണ് വിഭാവന ചെയ്തിരുന്നത്. പദ്ധതിയിൽ അംഗത്വം എടുത്തപ്പോഴുള്ള പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി തുകയിൽ വ്യത്യാസം വരുന്നതാണ്. ആയത് ഇപ്രകാരമാണ്.

20 വയസ്സിനും 21 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 60,000 രൂപ, 21 വയസ്സിനും 22 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-55,000 രൂപ, 22 വയസ്സിനും 23 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 50,000 രൂപ,

23 വയസ്സിനും 24 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 45,000 രൂപ, 24 വയസ്സിനും 25 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-40,000 രൂപ, 25 വയസ്സിനും 26 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-35,000 രൂപ, 26 വയസ്സിനും 40 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-30,000 രൂപ.

(ബി) പ്രസ്തുത പദ്ധതിയിൽ എത്രയാളുകൾ അംഗത്വം എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയിൽ 97,849 പേർ അംഗത്വം എടുത്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം അംഗത്വം എടുത്തവർക്ക് അറുപത് വയസ്സ് പൂർത്തിയാകുമ്പോൾ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ?

അംഗത്തിന് അറുപത് വയസ്സ് പൂർത്തിയാകുമ്പോൾ പദ്ധതി മാനദണ്ഡം അനുസരിച്ച് മാസം 1,000 രൂപ നിരക്കിൽ പെൻഷൻ തുകയും അർഹമായ ഗ്രാറ്റുവിറ്റിയും അനുവദിച്ചുവരുന്നു.

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് യഥാസമയം നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ ഈ മഹാമാരി കാലഘട്ടത്തിൽ ആയത് വേഗം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ?

പെൻഷൻ/ഗ്രാറ്റുവിറ്റി ആനുകൂല്യത്തിനുള്ള ക്ലെയിമുകൾ പഞ്ചായത്ത് ജില്ലാതല കമ്മിറ്റികൾ അംഗീകരിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസുകളിൽനിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കുന്നുണ്ട്.

**കർഷകരെ സഹായിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ**

14 (4402) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കർഷകരെ സഹായിക്കുന്നതിനായി നബാർഡ് വായ്പ അനുവദിച്ചിട്ടുണ്ടോ; വായ്പ അനുവദിക്കുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയെ സജീവമായി നിലനിർത്തുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ നബാർഡ് കേരള ഗ്രാമീൺ ബാങ്കിന് 1,000 കോടി രൂപയും കേരള ബാങ്കിന് 1,670 കോടി രൂപയും (800 കോടി രൂപ കാർഷിക ആവശ്യത്തിനും 870 കോടി രൂപ കാർഷികേതര ആവശ്യത്തിനും) സ്പെഷ്യൽ

ലിക്വിഡിറ്റി ഫണ്ട്-2 (SLF-2) ആയി അനുവദിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ അംഗസംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/റൂറൽ സഹകരണ ബാങ്കുകൾ എന്നിവ വഴി കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും കൂടാതെ മൃഗസംരക്ഷണം, ഡയറി, ഫിഷറീസ്, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കായും, സ്വർണ്ണ പണയത്തിന്മേലും, വസ്തു ജാമ്യത്തിന്മേലും, പരമാവധി രണ്ട് ലക്ഷം രൂപ വരെ 6.4 ശതമാനം പലിശ നിരക്കിൽ ഒരു വർഷകാലാവധിയിൽ കേരള ബാങ്ക് വായ്പ അനുവദിക്കുന്നു. കർഷകർ, കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, പാട്ട കൃഷി ചെയ്യുന്നവർ, കൂട്ട് കൃഷി സംരംഭകർ, വി.എഫ്.പി.സി.കെ., കർഷകർ എന്നിവർക്ക് കേരള ഗ്രാമീൺ ബാങ്ക് ഈടില്ലാതെ 1.60 ലക്ഷം വരെയും ഈടിന്മേൽ അതിനുമുകളിലും 9 ശതമാനം പലിശ നിരക്കിൽ 5 വർഷത്തെ വായ്പാപരിധിയിൽ പ്രസ്തുത വായ്പ അനുവദിച്ചു വരുന്നു. ഓരോ വർഷവും പിൻവലിച്ച തുകയും പലിശയും ഒരു കൊല്ലത്തിനുള്ളിൽ തിരിച്ചടച്ച് വായ്പ പുതുക്കേണ്ടതുണ്ട്. 2 ശതമാനം കേന്ദ്രസർക്കാർ പലിശ സബ്സിഡിയും കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നവർക്ക് 3 ശതമാനം പലിശയിളവും കഴിച്ച് 4 ശതമാനം നിരക്കിൽ വായ്പ ലഭ്യമാകുന്നു.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷകർക്ക് പ്രസ്തുത വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ കർഷകർക്ക് കേരള ബാങ്ക് മുഖേന 2021-22 കാലയളവിൽ ലഭ്യമാക്കിയ വായ്പയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | എടവനക്കാട് SCB Ltd No. 1 | - | 1 കോടി രൂപ |
| 2. | കുഴുപ്പിള്ളി SCB Ltd No. E 138 | - | 50 ലക്ഷം രൂപ |
| 3. | നായരമ്പലം SCB Ltd No. E 92 | - | 50 ലക്ഷം രൂപ |
| 4. | ഞാറയ്ക്കൽ SCB Ltd No. E 91 | - | 1 കോടി രൂപ |
| 5. | പള്ളിപ്പുറം SCB Ltd No. 760 | - | 2.5 കോടി രൂപ |
| | ആകെ | | 5.5 കോടി രൂപ |

കേരള ഗ്രാമീൺ ബാങ്കിന്റെ വൈപ്പിൻ നിയോജകമണ്ഡലത്തിലുള്ള ഏക ശാഖയായ മാലിപ്പുറം ശാഖയിൽനിന്നും പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പകളൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല.

## അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം

15 (4403) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലെ അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം മുഖാന്തരം കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാന കൃഷി വകുപ്പിന്റെ വെബ് പോർട്ടലാണ് Agriculture Information Management System (AIMS). പ്രസ്തുത പോർട്ടൽ മുഖേന കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ള സേവനങ്ങൾ അപേക്ഷ മുതൽ ആനുകൂല്യ വിതരണം വരെ പൂർണ്ണമായും ഓൺലൈനായാണ് നിർവ്വഹിക്കുന്നത്. അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം മുഖാന്തരം നിലവിൽ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ പറയുന്നു.

1. കർഷക രജിസ്ട്രേഷൻ- പോർട്ടലിൽ കൊണ്ടുവരുന്ന എല്ലാ സേവനങ്ങളും ലഭിക്കാൻ അപേക്ഷിക്കുന്നതിനായി കർഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താൻ കഴിയും.

2. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിനുള്ള ദുരിതാശ്വാസ പദ്ധതി- ദുരിതാശ്വാസ സഹായത്തിനായി കർഷകർക്ക് ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകൾ ഓൺലൈനായി പ്രോസസ്സ് ചെയ്ത് ആനുകൂല്യം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭിക്കുന്നു.

3. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

   (a) പദ്ധതിയിൽ അംഗമാകുന്നതിന് അപേക്ഷിക്കാം. വിള ഇൻഷ്വറൻസ് പോളിസി ഓൺലൈനായി ലഭിക്കുന്നു.

   (b) പദ്ധതിയിൽ അംഗമായവർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷിക്കാം-അപേക്ഷകൾ ഓൺലൈനായി പ്രോസസ്സ് ചെയ്ത് ആനുകൂല്യം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭിക്കുന്നു.

4. നെൽവയലുടമകൾക്കുള്ള റോയൽറ്റി പദ്ധതി-അപേക്ഷകൾ ഓൺലൈനായി പ്രോസസ്സ് ചെയ്ത് ആനുകൂല്യം നെൽവയലുടമകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭിക്കുന്നു.

5. കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി-പദ്ധതിയിൽ ഉൾപ്പെടുന്നതിന് കർഷകർക്ക് അപേക്ഷിക്കാം.

രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും സംഭരിച്ച ഉൽപ്പന്നങ്ങൾക്ക് ലഭിക്കേണ്ട അടിസ്ഥാന വില ഓൺലൈനായി പ്രോസസ്സ് ചെയ്ത് ആനുകൂല്യം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ലഭ്യമാക്കുന്നു.

(ബി) പ്രസ്തുത സിസ്റ്റം മുഖേന കർഷകർക്ക് വിവിധ സേവനങ്ങൾ ലഭിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

AIMS പോർട്ടലിൽ അപേക്ഷകൾ രേഖപ്പെടുത്തുന്നതിന് പ്രാഥമികമായി കർഷകൻ വ്യക്തിഗത വിശദാംശങ്ങൾ നൽകി ഒരു പ്രൊഫൈൽ സൃഷ്ടിച്ച് കൃഷി ഭൂമിയുടെ വിവരങ്ങൾ, കൃഷി ചെയ്യുന്ന വിളകളുടെ വിവരങ്ങൾ എന്നിവ ഒറ്റത്തവണയായി നൽകണം. വകുപ്പിന്റെ മുഴുവൻ ഓൺലൈൻ സേവനങ്ങൾക്കും ഈ വിവരം പ്രയോജനപ്പെടുത്താൻ കഴിയും. ഓരോ സേവനങ്ങൾക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ചാണ് സേവനങ്ങൾ നൽകുന്നത്. AIMS പോർട്ടലിനുകീഴിൽ ഓൺലൈനാക്കിയിട്ടുള്ള എല്ലാ സേവനങ്ങൾക്കും ഇതേ മാനദണ്ഡങ്ങൾ തന്നെയാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(സി) നാച്ചുറൽ കലാമിറ്റി റിലീഫ് അസിസ്റ്റൻസ് പദ്ധതി പ്രകാരം കർഷകർക്ക് പരമാവധി നൽകിവരുന്ന നഷ്ടപരിഹാര തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

നാച്ചുറൽ കലാമിറ്റി റിലീഫ് അസിസ്റ്റൻസ് പദ്ധതി പ്രകാരം കർഷകർക്ക് നൽകിവരുന്ന സംസ്ഥാന വിഹിതവും എസ്.ഡി.ആർ.എഫ്. വിഹിതവും ചേർത്തുള്ള നഷ്ടപരിഹാര തുക, വിള, വിഹിതം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

## കാർഷിക വരുമാന വർദ്ധനവ്

16 (4404) ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വരുമാനത്തിൽ അഞ്ച് വർഷം കൊണ്ട് അമ്പത് ശതമാനം വർദ്ധനവ് സൃഷ്ടിക്കുകയെന്ന ലക്ഷ്യം നേടാൻ സർക്കാർ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകരുടെ വരുമാനം അമ്പതുശതമാനം വർദ്ധിപ്പിക്കുന്നതിന് നിരവധി പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നത്. നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. സമഗ്ര നെൽകൃഷി വികസനം.
2. പ്രാദേശിക അടിസ്ഥാനത്തിലുള്ള വിളകളുടെ പരിപാലനം.
3. പച്ചക്കറി വികസന പദ്ധതി.
4. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതി.
5. കിഴങ്ങ്, പയറുവർഗ്ഗ വിളകളുടെ വികസന പദ്ധതി.
6. നാളികേരവികസന പദ്ധതി.
7. സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനം.
8. ഹൈ-ടെക്ക് അഗ്രിക്കൾച്ചർ.
9. പഴവർഗ്ഗ, പുഷ്പ, ഔഷധസസ്യ കൃഷി വികസന പദ്ധതി.
10. മണ്ണിന്റെ ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും.
11. വിള ആരോഗ്യ പരിപാലന പദ്ധതി.
12. ജൈവ കൃഷി വികസനം.
13. ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉത്പാദനവും വിതരണവും.
14. ഡിപ്പാർട്ട്മെന്റ് ഫാമുകളിലെ അടിസ്ഥാന സൗകര്യവികസനവും സ്പെഷ്യൽ ഫാമുകളിലെ യന്ത്രവൽക്കരണവും.
15. കൃഷി വകുപ്പിന്റെ ലബോറട്ടറികൾ ആധുനീകരിക്കൽ.
16. കാർഷിക വിജ്ഞാന വ്യാപനം.
17. കാർഷിക വിജ്ഞാന വ്യാപനവും വിനിമയവും.
18. മാനവ വിഭവ ശേഷി വികസനം.
19. അഗ്രോ സർവ്വീസ് സെന്റർ.
20. അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി.

21. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി.
22. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി.
23. ജൈവ വൈവിധ്യ സംഭരണവും കാർഷിക വൈവിദ്ധ്യവൽക്കരണവും.
24. കുട്ടനാട് മേഖലയിലെ വൈവിദ്ധ്യവൽക്കരണത്തിനുള്ള പദ്ധതി.
25. കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി.
26. ഓഫീസ് ഓട്ടോമേഷനും ഐ.ടി. സാങ്കേതിക വിദ്യയും.
27. കാർഷികോൽപന്നങ്ങളുടെ സംഭരണവും വിതരണവും.
28. വില പിടിച്ചുനിർത്തുന്നതിനുള്ള വിപണി ഇടപെടൽ.
29. ഹോർട്ടികോർപിന് ഓഹരി മൂലധനം.
30. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് കൊഴിഞ്ഞാം പാറയിൽ പുതിയതായി ഗോഡൗൺ-കം-അഗ്രികൾച്ചർ കോംപ്ലക്സ് നിർമ്മാണം.
31. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ കമ്പ്യൂട്ടർവൽക്കരണം.
32. മൂല്യ വർദ്ധനവിനുള്ള പദ്ധതി.
33. ബയോഗ്യാസ് പ്ലാന്റിനുള്ള അഡീഷണൽ അസിസ്റ്റൻസ്.
34. ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന നിധി പദ്ധതി.
35. ഇന്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്.
36. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് മൂലധനം.
37. വയനാട് പാക്കേജ് പദ്ധതി.
38. പുനർജ്ജനി.
39. കൃഷി പാഠശാല.
40. കർഷക ക്ഷേമനിധി ബോർഡ്.
41. കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി (തറവില)
42. കൃഷി ഉന്നതി യോജനയിൽ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ.
43. ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ.
44. ചെറുകിട നാമമാത്രകർഷകർക്ക് സൗജന്യ വൈദ്യുതി നൽകുന്ന പദ്ധതി.
45. ഉൽപ്പാദനവർദ്ധനവിനായി നെൽകൃഷിക്കുള്ള പ്രോൽസാഹന സഹായം.
46. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്.

(ബി) കാർഷികോൽപ്പന്നാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകുവാൻ പരിപാടിയുണ്ടോ; അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(സി) മാർക്കറ്റ് ഇടപെടൽ ഫലപ്രദമാക്കാൻ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയെ ശാക്തീകരിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾക്ക് ഉത്സവകാലങ്ങളിൽ പ്രത്യേകിച്ച് ഓണം, വിഷു കാലയളവിൽ വിപണികൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ 500 വിപണികൾക്ക് 325 ലക്ഷം രൂപയും വി.എഫ്.പി.സി.കെ.-യുടെ 150 വിപണികൾക്ക് 97.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പഴം പച്ചക്കറി സംഭരണത്തിനായി ഹോർട്ടികോർപ്പിന് 800 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രാദേശിക വിപണി ശക്തിപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രാദേശിക വിപണി ശക്തിപ്പെടുത്താൻ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും കണ്ടെയ്നർ മാതൃകയിലുള്ള സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ, നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴിയും കൃഷിവകുപ്പ് വഴിയും നടപ്പിലാക്കുന്നു. കാർഷികോൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതിന് കർഷകർക്ക് അവസരം ലഭ്യമാക്കുന്നതിനായി പഴം-പച്ചക്കറി, ചെറു ധാന്യങ്ങൾ, പരമ്പരാഗതവും എളുപ്പം നശിച്ചുപോകുന്നതുമായ കാർഷികോൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി സംസ്ഥാനത്ത് ആകെ 602 പുതിയ ആഴ്ചച്ചന്തകൾ RKVY പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ആഴ്ചച്ചന്തകൾ സ്ഥാപിക്കുന്നതിനായി കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലുള്ള കുടുംബശ്രീയുമായി സഹകരിക്കുന്നുണ്ട്. 2021-22 വർഷത്തിൽ പുതുതായി 100 നഗര വഴിയോര കാർഷിക വിപണികൾ കൂടി അധികമായി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രവും ഓൺലൈൻ കാർഷികോൽപ്പന്ന വിപണന സൗകര്യമൊരുക്കാൻ പുതു സംരംഭങ്ങളും ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നതിന് 28.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും സർക്കാർ ഏജൻസികളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ നിലവിലുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ

നേരിട്ട് ഗ്രാമീണ മേഖലയിലും നഗര പ്രദേശത്തുമുള്ള ആഴ്ചച്ചന്തകളിൽ വിപണനം നടത്താവുന്നതുമാണ്. ഇത്തരത്തിലുള്ള ഉൽപന്നങ്ങൾ ഇക്കോഷോപ്, വീക്കിലി മാർക്കറ്റ്, BLFO വിപണന കേന്ദ്രങ്ങൾ തുടങ്ങി 1884 വിപണന കേന്ദ്രങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നുണ്ട്.

**ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി**

17 (4405) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ പ്രഖ്യാപിച്ചതും സംസ്ഥാനത്തെ കൃഷിഭവനകളിലൂടെ നടപ്പാക്കാൻ തീരുമാനിച്ചതുമായ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയുടെ പുരോഗതിയും ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ?

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ വിവിധ പരിപാടികൾ ഒറ്റയ്ക്കോ, കൂട്ടായോ തെരഞ്ഞെടുത്ത് യുവജനങ്ങളെ കാർഷിക വൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനായി സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 30-3-1994-ലെ സർക്കാർ ഉത്തരവ് (എം.എസ്.)122/94 പ്രകാരം ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി 1994-ൽ ആരംഭിച്ചു. ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട 20 മുതൽ 35 വയസ്സുവരെയുള്ള യുവജനങ്ങൾക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസും 1000 രൂപ പദ്ധതി വിഹിതവുമായി ആകെ 1,100 രൂപയും 20 മുതൽ 40 വയസ്സ് വരെയുള്ള SC/ST വിഭാഗത്തിലുള്ള യുവജനങ്ങൾക്ക് 100 രൂപ രജിസ്ട്രേഷൻ ഫീസ് മാത്രം അടച്ചും അംഗത്വം നേടാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നത്. പദ്ധതിയിൽ 97849 യുവജനങ്ങൾ അംഗത്വമെടുത്തിരുന്നു. ടി അംഗങ്ങളിൽനിന്നും ലഭിച്ച തുകയും സർക്കാർ വിഹിതവും ചേർത്ത് സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കുകയും അതിൽനിന്നും പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

| | | |
|---|---|---|
| 1 | മരണാനന്തര ആനുകൂല്യം | 25,000 രൂപ നിരക്കിൽ (നാളിതുവരെ 2651 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.) |
| 2 | സ്വയം പിരിഞ്ഞു പോയവർക്കുള്ള ആനുകൂല്യം (1994 മുതൽ 2005 വരെ 1000 രൂപ നൽകിയിരുന്നത് 2005 -ലെ ജി.ഒ. (എം.എസ്.) 123/05/ കൃഷി നമ്പർ കത്ത പ്രകാരം 5000 രൂപയായി വർദ്ധിപ്പിച്ചു. 2013 മുതൽ സർക്കാർ ഉത്തരവ് (എം.എസ്.) 159/13 കൃഷി പ്രകാരം 7,500 രൂപയായി വർദ്ധിപ്പിച്ചു | 1000 രൂപ നിരക്കിൽ 317 അംഗങ്ങൾക്ക്, 5000 രൂപ നിരക്കിൽ 9727 അംഗങ്ങൾക്ക്, 7500 രൂപ നിരക്കിൽ 600 അംഗങ്ങൾക്കും നാളിതുവരെ നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| 3 | അവശതാ ആനുകൂല്യം | 25000 രൂപ നിരക്കിൽ നാളിതുവരെ 48 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട് |
| 4 | പെൻഷൻ /ഗ്രാറ്റുവിറ്റി | 30,000 രൂപ ഗ്രാറ്റുവിറ്റി തുകയായും 1000 രൂപ പ്രതിമാസ പെൻഷനായി 892 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. |

കാർഷിക മേഖലയിൽ തുടരുന്ന അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ടി പദ്ധതിയിൻ കീഴിൽ 84536 അംഗങ്ങളാണ് നിലവിലുള്ളത്.

(ബി) ആയിരത്തിഒരുനൂറ് രൂപയടച്ച് അംഗങ്ങളാകുന്നവർക്ക് അറുപത് വയസ്സാകുമ്പോൾ അറുപതിനായിരം രൂപയും പ്രതിമാസം ആയിരം രൂപ പെൻഷനും എന്ന വാഗ്ദാനം സ്വീകരിച്ച് പദ്ധതിയിൽ ചേർന്നവർ, 2020-ൽ അപേക്ഷ നൽകി യെങ്കിലും പെൻഷൻ കിട്ടിയില്ല എന്ന ആക്ഷേപത്തിന് പരിഹാരം കണ്ടെത്തുമോ?

പദ്ധതി മാനദണ്ഡമനുസരിച്ച് അംഗത്തിന് 60 വയസ്സ് ആകുമ്പോൾ പ്രതിമാസം 1,000 രൂപ നിരക്കിൽ പെൻഷൻ തുകയും 30,000 രൂപ മുതൽ 60,000 രൂപ വരെ ഗ്രാറ്റുവിറ്റിയും നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. പ്രായപരിധിയിൽ വ്യത്യാസം വരുന്നതനുസരിച്ച് ഗ്രാറ്റുവിറ്റി തുകയിൽ വ്യത്യാസം വരുന്നതാണ്. പ്രായ വ്യത്യാസ മനുസരിച്ചുള്ള ഗ്രാറ്റുവിറ്റിയുടെ നിരക്ക് 20 വയസ്സിനും 21 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 60,000 രൂപ, 21 വയസ്സിനും 22 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 55,000 രൂപ, 22 വയസ്സിനും 23 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 50,000 രൂപ, 23 വയസ്സിനും 24 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-45,000 രൂപ, 24 വയസ്സിനും 25 വയസ്സിനു മിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-40,000 രൂപ, 25 വയസ്സിനും 26 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-35,000 രൂപ, 26 വയസ്സിനും 40 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി-30,000 രൂപ, 2020-ൽ പദ്ധതി മാനദണ്ഡപ്രകാരം അപാകതകൾ ഇല്ലാതെ ലഭിച്ച പെൻഷൻ/ഗ്രാറ്റുവിറ്റി ക്ലെയിമുകൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ കൊടുക്കു ന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

പദ്ധതി മാനദണ്ഡമനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമില്ല. ഈ പദ്ധതിയനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി ആനുകൂല്യത്തിനുള്ള ക്ലെയിമുകൾ പഞ്ചായത്ത്തല, ജില്ലാതല കമ്മിറ്റികൾ അംഗീകരിച്ച് സമർപ്പിക്കുമ്പോൾ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്.

**കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി**

18 (4406) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സംഘമൈത്രി സംഭരണ വിതരണ കേന്ദ്രത്തിനെ കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത സംഭരണ വിതരണ കേന്ദ്രത്തിന്റെ കൈകാര്യ ചെലവും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും നൽകണമെന്ന സംഘത്തിന്റെ ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

പ്രസ്തുത സംഭരണ വിതരണ കേന്ദ്രത്തിന്റെ കൈകാര്യ ചെലവ് ഇനത്തിൽ 3.50 ലക്ഷം രൂപയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ 10.00 ലക്ഷം രൂപയും കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**കരിനില വികസനം**

19 (4407) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കരിനില വികസന ഏജൻസി വഴി കഴിഞ്ഞ അഞ്ചുവർഷം (2016-21) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

കോട്ടയം ജില്ലയിൽ കരിനില വികസന ഏജൻസി കേരള ഭൂവികസന കോർപ്പറേഷൻ (KLDC) മുഖാന്തരം കഴിഞ്ഞ 5 വർഷം (2016-2021) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(എ) വൈക്കം കരിനില വികസന ഏജൻസി 2019-20-ലെ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി വെച്ചൂർ ഗ്രാമ പഞ്ചായത്തിലെ ഇട്ടിയകണ്ടങ്കരി, മാനാടൻ കരി, വലിയ പുറത്തുകരി എ ബ്ലോക്ക്, ചെറുവള്ളിക്കരി, വലിയ വെളിച്ചം എന്നീ പാടശേഖരങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾക്ക് G.O(Ms) No.112/2019/AD പ്രകാരം 3.88 കോടി രൂപയ്ക്ക് ഭരണാനുമതിയും 2.88 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ തോടിന് ആഴം കൂട്ടൽ- 6050 M (116287.5M3) പണി പൂർത്തീകരിച്ചു. ഫൈനൽ ലെവൽസ് എടുത്തുകൊണ്ടിരിക്കുന്നു. ബണ്ട് നിർമ്മാണം - 8400 M (48825 M3) പണി പൂർത്തീകരിച്ചു. ഫൈനൽ ലെവൽസ് എടുത്തുകൊണ്ടിരിക്കുന്നു. എഞ്ചിൻതറയുടെ നിർമ്മാണം-2 എണ്ണം - ഇട്ടിയകണ്ടങ്കരി, മാനാടൻ കരി പാടശേഖരങ്ങൾ - പ്രവൃത്തി പുരോഗമിക്കുന്നു.

എഞ്ചിൻ ഷെഡ് നിർമ്മാണം-2 എണ്ണം - ഇട്ടിയകണ്ടങ്കരി, വലിയ പുതുക്കരി പാടശേഖരങ്ങൾ- പ്രവൃത്തി പുരോഗമിക്കുന്നു.

പമ്പ് സെറ്റ് (പ്രൊപ്പല്ലർ/ആക്സിൽ ഫ്ലോ പമ്പ് സെറ്റ് 50 HP-2 എണ്ണം- അച്ചിനകം, ചെറുവള്ളിക്കരി പാടശേഖരങ്ങൾ-പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(ബി) വൈക്കം കരിനില വികസന ഏജൻസി രാഷ്ട്രീയ കൃഷി വികാസ് യോജന 2019-20 എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി നീണ്ടൂർ, അയ്മനം, ആർപ്പൂക്കര ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ പ്രവർത്തനങ്ങൾക്ക് G.O.(Ms)No.112/2019/AD പ്രകാരം 5.864 കോടി രൂപയ്ക്ക് ഭരണാനുമതിയും 2.71 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വൈക്കം കരിനില വികസന ഏജൻസി രാഷ്ട്രീയ കൃഷി വികാസ് യോജന 2018-19 എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വെച്ചൂർ, നീണ്ടൂർ പഞ്ചായത്തുകളിലെ കോയിത്തുരുത്ത്-തൊട്ടുപുറം പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾക്ക് 0.734 കോടി രൂപയുടെ ഭരണാനുമതിയും 0.382 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ തോടിന് ആഴം കൂട്ടൽ - 1020 M(12240 M3 ) പണി പൂർത്തീകരിച്ചു.

ബണ്ട് നിർമ്മാണം - 1020 M (6885 M3) പണി പൂർത്തീകരിച്ചു.

എഞ്ചിൻ ഷെഡ് നിർമ്മാണം- 1 എണ്ണം, കോയിത്തുരുത്ത്-1 എണ്ണം - പണി പൂർത്തീകരിച്ചു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പമ്പ് സെറ്റ് (പ്രൊപ്പല്ലർ/ ആക്സിയൽ ഫ്ളോ പമ്പ് സെറ്റ് 50 HP-2 എണ്ണം-വിരിപ്പുകാല പാടശേഖരങ്ങൾക്ക് ഒരു പണി പൂർത്തീകരിച്ചു. ഒരു പ്രവൃത്തി ഉടൻ തുടങ്ങുന്നതാണ്.

(II) കോട്ടയം ജില്ലയിൽ കരിനില വികസന ഏജൻസി കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തരം താഴെ പറയുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്.

വൈക്കം കരിനില വികസന ഏജൻസി-മാനാടൻകരി ഇട്ടിയക്കാടൻ കരിപാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം (2017-18)

പമ്പ് ഹൗസ് നിർമ്മാണം-2 എണ്ണം, ഭരണാനുമതി തുക-16.06 ലക്ഷം രൂപ പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) കരിനില വികസന ഏജൻസി മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കുന്ന സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ?

നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഇന്റേണൽ ക്വാളിറ്റി വിഭാഗം (internal monitoring) പരിശോധിക്കുകയും State Level Chief Technical Examiner-ക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്.

**താങ്ങുവില പദ്ധതി**

20 (4408) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21-ൽ കൃഷി വകുപ്പ് തയ്യാറാക്കിയ താങ്ങുവില പദ്ധതിയിൽ അംഗങ്ങളായവർ എത്രയാണെന്ന് വ്യക്തമാക്കാമോ?

അടിസ്ഥാന വില ലഭ്യമാക്കുന്ന പദ്ധതിയുടെ കീഴിൽ 3-8-2021 വരെ 61590 കർഷകരാണ് AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) അവരിൽനിന്നും വിവിധ സംഭരണ ഏജൻസികൾ വഴി സംഭരിച്ച പച്ചക്കറികളുടെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ?

സംഭരണ ഏജൻസികൾ വഴി 12804.64 മെട്രിക് ടൺ പഴം പച്ചക്കറികൾ സംഭരിച്ചിട്ടുണ്ട്. ഇതിൽ ഹോർട്ടികോർപ്പ് വഴി 548.82 ടണ്ണും വി.എഫ്.പി.സി.കെ. മുഖേന 12132.64 ടണ്ണും കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകൾ വഴി 123.18 ടണ്ണും സംഭരിച്ചിട്ടുണ്ട്.

(സി) വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖല സ്ഥാപനങ്ങളുടെയും ക്യാന്റീൻ, ഹോസ്റ്റൽ മെസ്സ് എന്നിവിടങ്ങളിൽ പച്ചക്കറികളും മറ്റും പൊതുവിപണിയിൽനിന്നും സംഭരിക്കുന്നതിനുപകരം കൃഷി വകുപ്പിന്റെ അംഗീകൃത കമ്പോളങ്ങളിൽ നിന്നും സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഈ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

**കേരഗ്രാമം പദ്ധതി**

21 (4409) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെ ഇതുവരെ കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയെന്നും എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നും വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ നൊച്ചാട്, ചെറുവണ്ണൂർ, ചക്കിട്ടപ്പാറ, ചങ്ങരോത്ത്, അരീക്കുളം, മേപ്പയൂർ, കീഴരിയൂർ എന്നീ പഞ്ചായത്തുകളെയാണ് കേരഗ്രാമം പദ്ധതിയിൽ പല വർഷങ്ങളിലായി ഉൾപ്പെടുത്തിയിട്ടുള്ളത്.

2014-15-ലും 2015-16-ലും പേരാമ്പ്ര മണ്ഡലത്തിലെ അരീക്കുളം, മേപ്പയൂർ, കീഴരിയൂർ എന്നീ മൂന്ന് സമീപ പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു കേരഗ്രാമം രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. ഓരോ പഞ്ചായത്തിലും വർഷം തിരിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ ഒരു കേരഗ്രാമം പദ്ധതി പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത് കഴിഞ്ഞാൽ 3 വർഷത്തേയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നുണ്ട്.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ കാർഷിക പദ്ധതികൾ**

22 (4410) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## 1. ഞാറയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

കാർഷികമേഖലയെ വിവിധ അഗ്രോ ഇക്കോളജിക്കൽ സോണുകളായി വിഭജിച്ചിട്ടുണ്ട്. അതിൽ അഗ്രോ ഇക്കോളജിക്കൽ സോൺ അഞ്ചിൽ ഉൾപ്പെടുന്നതാണ് വൈപ്പിൻ മേഖല. സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ അഞ്ചിലേയ്ക്ക് അനുയോജ്യമായ എല്ലാ പദ്ധതികളും കൃഷി വകുപ്പ് വൈപ്പിൻ മേഖലയിൽ നടപ്പിലാക്കിവരുന്നു. സമഗ്ര പച്ചക്കറി പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് 18000 പച്ചക്കറി വിത്ത് പാക്കറ്റുകളും 1,10,000 പച്ചക്കറി തൈകളും വിതരണം നടത്തി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് വാണിജ്യ അടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്ന പച്ചക്കറികൾക്ക് പന്തൽ വിഭാഗത്തിനും പന്തൽ ഇല്ലാത്ത വിഭാഗത്തിലുമായി 10 ഹെക്ടർ സ്ഥലത്തേയ്ക്ക് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ ഗ്രോബാഗ് പച്ചക്കറി 350 യൂണിറ്റും പോഷകതൈകളുടെ വിതരണം 200 യൂണിറ്റും ജലസേചന പമ്പ് സെറ്റ്, കീടനിയന്ത്രണത്തിനുള്ള സ്പ്രെയറുകൾ ഇവയും വിതരണം നടത്തുന്നു. മട്ടുപ്പാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 500 സ്ക്വയർ മീറ്റർ മഴമറയും നടപ്പിലാക്കുന്നു. സുഭിക്ഷം പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് അധികമായി 320 സ്ക്വയർ മീറ്റർ മഴമറയും നിർമ്മിക്കുന്നതാണ്. സുഭിക്ഷം പദ്ധതിയുടെ ഭാഗമായി ഭാരതീയ പ്രകൃതികൃഷി പദ്ധതി (BPKP) വൈപ്പിൻ ബ്ലോക്കിൽ 500 ഹെക്ടറിന്റെ ഒരു ക്ലസ്റ്റർ നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ 10 മൈക്രോ ക്ലസ്റ്ററുകളാണുള്ളത്. ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് പരിശീലന പരിപാടികളും പ്രദർശന പരീക്ഷണ തോട്ടങ്ങളും ജൈവവള ഉൽപ്പാദനയൂണിറ്റുകളും മൂല്യവർദ്ധിത ഉൽപ്പന്ന ങ്ങളുടെ നിർമ്മാണ യൂണിറ്റും ഉൾപ്പെടെ 25.49 ലക്ഷം രൂപയുടെ പദ്ധതിയാണിത്. സമഗ്ര കേരവികസന പദ്ധതിയുടെ ഭാഗമായി കുറിയ ഇനം തെങ്ങിന്റെ വിത്ത് തേങ്ങ സംഭരണവും നടപ്പിലാക്കുന്നു. ഇതിന് പുറമേ ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാ ക്കുന്ന പദ്ധതികളും കാർഷിക യന്ത്രവൽക്കരണ പദ്ധതിയും ആത്മ പദ്ധതിയുടെ ഭാഗമായി വരുന്ന വിവിധ പരിശീലന പദ്ധതികളും നടപ്പിലാക്കിവരുന്നു. ആർ.കെ.വി.വൈ., എസ്.എച്ച്.എം. ഇവയിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് അധിഷ്ഠിത പദ്ധതികളും നടപ്പിലാക്കിവരുന്നു.

## 2. കളമശ്ശേരി ബ്ലോക്ക്

1. പച്ചക്കറി വികസനപദ്ധതിപ്രകാരം ഓണത്തിന് ഒരു മുറം പച്ചക്കറി-സൗജന്യവിത്ത്, പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം (2,77,500 രൂപ), പമ്പ്സെറ്റ്, സ്പ്രേയർ എന്നിവ വാങ്ങുന്നതിന് ധനസഹായം (5,500 രൂപ), പ്രൊമോഷൻ ഓഫ് ന്യൂട്രീഷൻ ഗാർഡൻ (7,500 രൂപ), ഗ്രോബാഗ് പച്ചക്കറി കൃഷി (3,37,500 രൂപ), മഴമറ (1,50,000 രൂപ), സുഭിക്ഷകേരളം തരിശു ഭൂമി പച്ചക്കറി കൃഷി (60,000 രൂപ), Small nurseries (15,000 രൂപ), Staggered cluster panthal & nonpanthal varieties (1,37,500 രൂപ) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു.

2. റൈസ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം സ്പെഷ്യാലിറ്റി റൈസ് ഇനത്തിൽ പൊക്കാളി കൃഷിക്ക് സബ്സിഡി അനുവദിക്കുന്നു.

3. കേരസമൃദ്ധി പദ്ധതിപ്രകാരം മികച്ച ഇനം തെങ്ങിൻ തൈകളുടെ വിതരണം (3322 എണ്ണം).

4. ഓണത്തോടനുബന്ധിച്ച് എല്ലാ പഞ്ചായത്തുകളിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഓണച്ചന്ത (Rs. 1,95,000)

5. കർഷക പെൻഷൻ.

6. കാർഷികാവശ്യങ്ങൾക്ക് സൗജന്യ വൈദ്യുതി പദ്ധതി.

7. പ്രകൃതി ക്ഷോഭം - നഷ്ടപരിഹാരം.

8. SHM പദ്ധതികളായ എല്ലാ വീട്ടിലും പോഷകത്തോട്ടം, MIDH സ്കീം പ്രകാരം വാഴക്കന്ന്, ടിഷ്യുക്കൾച്ചർ വാഴ, പപ്പായ, ഞാവൽ, പുഷ്പകൃഷി, യന്ത്രവൽക്കരണം എന്നിവയ്ക്ക് ആനുകൂല്യം.

9. കേന്ദ്ര പദ്ധതികൾ ആയ PKVY പൊക്കാളി കൃഷിവികസനം (87,000 രൂപ), BPKP (ഭാരതീയ പ്രകൃതികൃഷി പദ്ധതി- സുഭിക്ഷം സുരക്ഷിതം (13.26 ലക്ഷം രൂപ 250 ഹെക്ടറിന്)

(ബി) വൈപ്പിൻ കരയുടെ വിനോദസഞ്ചാര മേഖലയുടെ സാധ്യതകളെ കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

വൈപ്പിൻ മേഖലയിലെ പൊക്കാളി പാടങ്ങൾ പ്രകൃതിയാൽതന്നെ ജൈവകൃഷി സമ്പ്രദായത്തിൽ കൃഷി ചെയ്തുവരുന്ന തനത് പാരമ്പര്യ കൃഷിയാണ്. തീരദേശ ങ്ങളോട് ചേർന്നുകിടക്കുന്ന പൊക്കാളി പാടങ്ങളിൽ ഒരു നെല്ലും ഒരു മീനും സമ്പ്രദായമാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. കാർഷികമേഖലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന ഒരു നെല്ലും ഒരു മീനും പദ്ധതിയിടങ്ങളിൽ വിനോദസഞ്ചാരികൾക്ക് സന്ദർശനത്തിന് സൗകര്യമൊരുക്കി നൽകൽ, മറ്റ് ഡിപ്പാർട്ടുമെന്റുകളെക്കൂടി ഉൾപ്പെടുത്തി ബോട്ടിംഗ്, താറാവ് കൃഷി എന്നിവ നടപ്പാക്കൽ, കേരളേശ്വര റോഡ് വഴിയിലുള്ള ഇടപ്പുഴ നവീകരിച്ച് ബോട്ട് സർവീസ്, ചീനവല റെസ്റ്റോറന്റ്, ഫ്ലോട്ടിംഗ് ഗാർഡൻ, കൂട് മൽസ്യ കൃഷി എന്നിവ നടപ്പിലാക്കൽ, കണ്ടെയ്നർ റോഡിന്റെ ഇരുവശങ്ങളും നവീകരിച്ച് പുഴയുടെ അരിക് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാതയാക്കി, നടപ്പാതയുടെ ഇരുവശങ്ങളിലും പൂകൃഷി ചെയ്യൽ, അക്വാപോണിക്സ്, ഹൈഡ്രോ പോണിക്സ് കൃഷി രീതികൾ നടപ്പിലാക്കൽ, വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പ്രദർശനതോട്ടം നിർമ്മിച്ച് കൂടുതൽ ഏരിയയിൽ

മൽസ്യ കൃഷി നടത്തി വിപണനം സാദ്ധ്യമാക്കൽ, വിനോദ സഞ്ചാരികൾക്ക് നാടൻ പച്ചക്കറികൾ ലഭ്യമാക്കുന്നതിന് കൂടുതൽ കൃഷിയിടങ്ങളൊരുക്കി വിപണനം നടത്താൻ ടൂറിസം മേഖലയിൽ കൂടുതൽ വിപണികൾ സജ്ജമാക്കൽ എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രകൃതിക്കും കൃഷിക്കും കോട്ടം വരാത്ത രീതിയിൽ നടപ്പാക്കുന്നതിനും അതുവഴി വൈപ്പിൻ മേഖലയിലെ ഫാം ടൂറിസം നടപ്പാക്കുന്നതിനുമുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

**അഗ്രോ സർവ്വീസ് സെന്ററുകൾ**

23 (4411) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 14 ജില്ലകളിലായി 99 കാർഷിക സേവന കേന്ദ്രങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്. ജില്ലാടിസ്ഥാനത്തിലുള്ള കാർഷിക സേവന കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്ത് ആകെ 35 അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ജൈവ പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി**

24 (4412) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളിലും പഴവർഗങ്ങളിലുമുള്ള അമിതമായ കീടനാശിനി പ്രയോഗംമൂലം ഒട്ടനവധിപ്പേർ രോഗികളാകുന്നത് പരിഗണിച്ച് ജൈവ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിഷമുക്ത പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തേക്കുള്ള " ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും പച്ചക്കറി തൈകളും സൗജന്യമായി വിതരണം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിരുന്നു. കീടരോഗപ്രതിരോധ ശേഷിയുള്ള പരമ്പരാഗത ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ തുടങ്ങിയവ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിയിരുന്നു. ഈ പദ്ധതിയിലൂടെ വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുന്നതിനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കാനും സാധിച്ചു. ആരോഗ്യ സംരക്ഷണത്തിനായി സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെ സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നൽകുന്നതിനും തൽഫലമായി അവരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ തലത്തിലുള്ള പരിശീലനങ്ങൾ, ബോധവത്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാലയങ്ങളിലും കർഷകർ, വീട്ടമ്മമാർ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായി വിതരണം നടത്തി വീട്ടുവളപ്പിലും തെരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൃഷിത്തോട്ടം നിർമ്മിച്ചും സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ കൃഷി നടത്തിയും വിഷരഹിത പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചു കൊണ്ട് ഓണത്തിന് "ഒരു മുറം പച്ചക്കറി" പദ്ധതി നടപ്പിലാക്കിയിരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധയിനങ്ങളടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം - സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വിൽപ്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താൽപ്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

2013 മുതൽ നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു. വിപണികളിൽ ലഭ്യമാകുന്ന പഴം, പച്ചക്കറികൾ സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ.എ.ആർ.എസ്. മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ 60:40 അനുപാതത്തിൽ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നുവർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു. 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതിയായ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കിവരുന്നു. പൂർണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. ടി പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്നാം വർഷം പി.ജി.എസ്. ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4,455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും.

(ബി) ജൈവ രീതിയിൽ നെല്ലുൽപ്പാദനം വ്യപകമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ ഫണ്ടുകളുടെ 60:40 അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)-യും നടപ്പിലാക്കുന്നു. ടി പദ്ധതി വഴി ക്ലസ്റ്ററുകളിൽ അംഗമാകുന്ന കർഷകർ ജൈവ ഉൽപ്പാദനോപാധികൾ നിർമ്മിച്ച് നെൽകൃഷിക്ക് ഉപയോഗിക്കാൻവേണ്ടി കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതിന് പുറമേ എറണാകുളം ജില്ലയിൽ പൂർണ്ണമായും ജൈവ രീതിയിൽ പൊക്കാളി കൃഷി ചെയ്യുന്ന കർഷകരും മേൽ പറഞ്ഞ കൃഷി രീതികൾ നടപ്പിലാക്കുന്നു.

## പച്ചക്കറി ഉല്പാദനം

25 (4413) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പച്ചക്കറിയുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പ് വിഭാവന ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉൽപ്പാദിപ്പിക്കുവാൻവേണ്ട ബോധവൽക്കരണവും ഉൽപ്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്തത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7,445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തതയിലേയ്ക്കെത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം

2. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി

3. ജില്ലാ ക്ലസ്റ്റർ വികസനം

4. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം

5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും

7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം

8. നഴ്സറികൾ സ്ഥാപിക്കൽ

9. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ

10. മഴമറ നിർമ്മാണം

11. സേഫ്-ടു-ഈറ്റ്

12. സുഭിക്ഷകേരളം പദ്ധതി

13. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി.

14. പച്ചക്കറി നടീൽവസ്തുക്കൾ ഉൽപാദന പദ്ധതി.

15. ഹരിതനഗരി പദ്ധതി.

16. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം.

(ബി) ഗ്രാമപ്രദേശങ്ങളിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും നിലവിൽ സംവിധാനമുണ്ടോ; വിശദമാക്കാമോ?

പ്രാദേശിക വിപണി ശക്തിപ്പെടുത്താൻ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും കണ്ടെയ്നർ മാതൃകയിലുള്ള സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴിയും കൃഷി വകുപ്പ് വഴിയും നടപ്പിലാക്കുന്നു. കാർഷികോൽപ്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതിന് കർഷകർക്ക് അവസരം ലഭ്യമാക്കുന്നതിനായി പഴം-പച്ചക്കറി, ചെറുധാന്യങ്ങൾ, പരമ്പരാഗതവും എളുപ്പം നശിച്ചുപോകുന്നതുമായ കാർഷികോൽപ്പന്നങ്ങൾ എന്നിവയുടെ വിപണന ത്തിനായി സംസ്ഥാനത്ത് ആകെ 602 പുതിയ ആഴ്ച്ചച്ചന്തകൾ RKVY പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് വിപണിയിലേക്ക് എത്തുന്നത് വരെയുള്ള നഷ്ടം ഒഴിവാക്കാൻ പഞ്ചായത്തുതല ആഴ്ച്ചച്ചന്തകൾ

സഹായിക്കും. ഇതിനായി എല്ലാ പഞ്ചായത്തുകളിലും ആഴ്ച്ചചന്തകൾ സ്ഥാപിക്കുന്നതിനായി കൃഷി വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള കുടുംബശ്രീയുമായി സഹകരിക്കുന്നു. 2021-22 വർഷത്തിൽ പുതുതായി 100 നഗര വഴിയോര കാർഷിക വിപണികൾകൂടി അധികമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുപ്രകാരം ആകെ 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി പ്രവർത്തിപഥത്തിൽ എത്തുന്നതാണ്. സംഭരിക്കുന്നതും, സംസ്കരിച്ചതുമായ പഴം-പച്ചക്കറികൾ കേടു കൂടാതെ ഉപഭോക്താവിനെത്തിക്കുന്നതിനായി സപ്ലൈ ചെയിൻ മാനേജ്മെന്റിനും ലോജിസ്റ്റിക് സൗകര്യങ്ങൾക്കുമായി ശീതീകരിച്ച വാഹനങ്ങൾ എല്ലാ ജില്ലകൾക്കും അനുവദിക്കുന്നു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, ഓൺലൈൻ കാർഷിക ഉൽപ്പന്ന-വിപണന സൗകര്യമൊരുക്കാൻ/ പുതുസംരംഭങ്ങൾ ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു. ഗ്രാമ പ്രദേശങ്ങളിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും സർക്കാർ ഏജൻസികളായ ഹോർട്ടികോർപ്പ്, VFPCK എന്നീ സ്ഥാപനങ്ങൾ നിലവിലുണ്ട്. കൂടാതെ കർഷകർക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് ഗ്രാമീണമേഖലയിലും നഗര പ്രദേശത്തുമുള്ള ആഴ്ച്ചചന്തകളിൽ വിപണനം നടത്താവുന്നതുമാണ്. ഇത്തരത്തിലുള്ള ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പ്, വീക്കിലി മാർക്കറ്റ്, BLFO വിപണന കേന്ദ്രങ്ങൾ തുടങ്ങി 1884 വിപണന കേന്ദ്രങ്ങൾ വഴി സംഭരിച്ച് വിതരണം നടത്തുന്നുണ്ട്.

(സി) കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന വിത്തിനങ്ങൾ, തൈകൾ ഇവ ശേഖരിക്കുന്നത് അംഗീകൃത ഏജൻസിയിൽ നിന്നാണോ; പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന വിത്തിനങ്ങൾ, തൈകൾ എന്നിവ ശേഖരിക്കുന്നത് അംഗീകൃത ഏജൻസികളിൽനിന്നാണ്. സർക്കാർ അംഗീകൃത ഏജൻസികളായ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ ഓഫ് കേരള (വി.എഫ്.പി.സി.കെ.) എന്നിവയിൽനിന്നുമാണ് ആവശ്യകതയുടെ ഭൂരിഭാഗവും നിറവേറ്റുന്നത്. പ്രസ്തുത

ഏജൻസികളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും തൈകൾ സമയബന്ധിതമായി നൽകേണ്ടതുമായ സാഹചര്യങ്ങളിൽ നടീൽവസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള നഴ്സറികൾ/ ഏജൻസികളെയാണ് തെരഞ്ഞെടുക്കുന്നത്.

### അകലാപ്പുഴ കോൾ നിലം

26 (4414) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അകലാപ്പുഴ കോൾ നിലം നെൽകൃഷി യോഗ്യമാക്കാൻ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിക്കോടി ഗ്രാമപഞ്ചായത്തിലെ അകലാപ്പുഴ കോൾ നിലം കൃഷി യോഗ്യമാക്കുന്നതിനായി നബാർഡ് RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 150 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ വിഭാവന ചെയ്ത പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. എ, ബി, സി എന്നീ ബ്ലോക്കുകളിൽ പമ്പ് ഹൗസ് നിർമ്മാണം
2. എ, ബി, സി എന്നീ ബ്ലോക്കുകളിൽ വി.സി.ബി. നിർമ്മാണം
3. എ, സി ബ്ലോക്കുകളിൽ തോട് നവീകരണം
4. എർത്തൻ ബണ്ടിന്റെ പുനർ നിർമ്മാണം
5. പമ്പ് ഹൗസ് വൈദ്യുതീകരണം
6. പമ്പ് സെറ്റ് സ്ഥാപിക്കൽ.

(ബി) ഇതിനോടകം പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പുറമേ എന്തെല്ലാം തുടർ പ്രവൃത്തികളാണ് നിലം കൃഷി യോഗ്യമാക്കാൻ അവിടെ നടത്തേണ്ടതെന്ന് വിശദീകരിക്കാമോ?

എ, ബി, സി എന്നീ ബ്ലോക്കുകളിലെ പമ്പ് ഹൗസ് നിർമ്മാണം, വി.സി.ബി നിർമ്മാണം, എ, സി ബ്ലോക്കുകളിൽ തോട് നവീകരണം, എർത്തൻ ബണ്ടിന്റെ പുനർനിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുകയും വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി. തിക്കോടിയിൽ തുക അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ

പൂർത്തീകരിക്കുന്നമുറയ്ക്ക് പമ്പ്സെറ്റ് സ്ഥാപിക്കും. വലിയ തോടുകളുടെ നിർമ്മാണം, ഇടത്തോടുകളുടെ നിർമ്മാണം, കാട്ടുവെട്ടി തെളിയ്ക്കൽ എന്നീ പ്രവൃത്തികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശത്തിലുള്ള ഭൂമിയുടെ അളവുകൾ ഇതിന് മുന്നോടിയായി തിട്ടപ്പെടുത്തേണ്ടതുണ്ടോ; വിശദമാക്കാമോ?

പാടശേഖരത്തിന്റെ ചുറ്റുമുള്ള ബണ്ടിന്റെ സ്ഥലം സ്വകാര്യ വ്യക്തിയുടേതാണ്. ആയത് റവന്യൂ വകുപ്പ് അളന്ന് തിട്ടപ്പെടുത്തേണ്ടതുണ്ട്.

**നെൽകൃഷി വ്യാപിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ**

27 (4415) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനുംവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ എത്ര ഏക്കർ സ്ഥലത്താണ് നെൽകൃഷിയുള്ളതെന്ന് വിശദമാക്കുമോ?

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 2019-20 വർഷത്തെ നെൽകൃഷിയുടെ വിസ്തൃതി 489713.444 ഏക്കറാണ് (198180 ഹെക്ടർ). 2020-21 വർഷത്തെ നെൽകൃഷി വിസ്തൃതിയുടെ അന്തിമ കണക്ക് ഇതുവരെ സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

**നെല്ലിന്റെ താങ്ങുവില**

28 (4416) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭരണം അവസാനിച്ച 2020-21 സീസണിൽ 27.48 രൂപ /കി.ഗ്രാം നിരക്കിലാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വിലയായി നൽകിയത്. 2021 സെപ്തംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി. ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില സമയബന്ധിതമായി നൽകുന്നതിന് സംസ്ഥാന സർക്കാർ പി.ആർ.എസ്. (പാഡി രസീത് ഷീറ്റ്) വായ്പ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. പി.ആർ.എസ്. വായ്പാപദ്ധതിയ്ക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്നമുറയ്ക്ക് സപ്ലൈകോ പേഓർഡർ റിലീസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകുകയും ചെയ്യുന്നു. ഇപ്രകാരം വിതരണം ചെയ്യുന്ന തുകയും ആയതിന്റെ പലിശയും സപ്ലൈകോ അതാത് ബാങ്കുകൾക്ക് തിരികെ നൽകുന്നു. നിലവിൽ സംഭരണം പൂർത്തിയായ 2020-21 സീസണിലെ സംഭരണ വിലയായി 2,047.11 കോടി രൂപ 241687 കർഷകർക്കായി 4-8-2021 വരെ വിതരണം ചെയ്തിട്ടുണ്ട്. 10473 കർഷകർക്കായി ഏകദേശം 54.78 കോടി രൂപ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കരനെൽകൃഷി**

29 (4417) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരനെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷമതയേറിയ വിത്തിനങ്ങൾ കണ്ടുപിടിക്കുന്നതിന് ഉതകുന്ന ഗവേഷണങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉണ്ട്. കരനെൽകൃഷിക്ക് അനുയോജ്യമായതും ഉയർന്ന വിളവ് നൽകുന്നതുമായ "വൈശാഖ്" എന്ന നെല്ലിനം കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) കരനെൽകൃഷി ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ നിരക്കിൽ 404.41 ഹെക്ടറിൽ വ്യാപിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽകൃഷി ലാഭകരമാക്കുന്നതിന്റെ

ഭാഗമായി ആയതിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രധാന പരിചരണ മുറകളായ കള നിയന്ത്രണം, ജലസേചനം, നൂതന വളപ്രയോഗ രീതികൾ മുതലായവ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പരിചരണ മുറകൾ കേരളത്തിന്റെ മറ്റുസ്ഥലങ്ങളിലും കർഷകരുടെ കൃഷിയിടങ്ങളിലും പരീക്ഷിച്ച് കൃത്യത ഉറപ്പുവരുത്തിയതിനുശേഷം കർഷകർക്ക് അനുവർത്തിക്കുന്നതിനായി പ്രചാരം നൽകുന്നതാണ്.

### കുറ്റ്യാടിയിലെ നെൽകൃഷി

30 (4418) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ ഏറ്റവും കൂടുതൽ നെൽകൃഷിയുള്ള കുറ്റ്യാടിയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടിക്രമങ്ങളെക്കുറിച്ചും കർഷകർക്ക് കൃഷി വകുപ്പ് വഴി ലഭിക്കുന്ന സഹായങ്ങളെക്കുറിച്ചും വിശദമാക്കാമോ?

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നെൽകൃഷിവികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം വിത്തും വളവും വാങ്ങുന്നതിലേക്കായി ഹെക്ടറിന് 5,500 രൂപ ധനസഹായം നൽകുന്നുണ്ട്. ഒന്നാം വർഷ തരിശ് നെൽകൃഷി ചെയ്യുന്നതിന് സുഭിക്ഷകേരളം പദ്ധതി പ്രകാരം ഹെക്ടറിന് 40,000 രൂപ ധനസഹായം നൽകുന്നു. കൂടാതെ 'ഒരു പൂ കൃഷി ഇരു പൂ കൃഷി' ഒരുക്കുന്നതിലേയ്ക്കായി ഹെക്ടറിന് 10,000 രൂപയും കരനെൽകൃഷി ചെയ്യുന്ന തിനായി ഹെക്ടറിന് 13,600 രൂപയും പാടശേഖര സമിതിയുടെ ദൈനംദിന ചെലവുകൾക്കായി ഹെക്ടറിന് 360 രൂപയും ധനസഹായം നൽകുന്നു. നെൽകൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 1,000 രൂപ നിരക്കിൽ കർഷകന് നെല്ലുൽപ്പാദക ബോണസും നെൽകൃഷി ചെയ്യുന്ന നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റിയും നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉഴവുകൂലിക്കും മറ്റ് ഉൽപ്പാദനോപാധിക ൾക്കുമായി ഹെക്ടറിന് പരമാവധി 22,000 രൂപ വരെ ധനസഹായം നൽകുന്നുണ്ട്. സർക്കാർ സപ്ലൈകോ മുഖേന നെല്ല് സംഭരിക്കുകയും സംഭരണം പൂർത്തിയാക്കിയ 2020-21 സീസൺ വരെ സംഭരണവിലയായി കിലോയ്ക്ക് 27.48 രൂപ കർഷകർക്ക് നൽകുകയും ചെയ്തു. സെപ്തംബറിൽ ആരംഭിക്കുന്ന അടുത്ത സീസണിൽ നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 28 രൂപയായി ഉയർത്തിയിട്ടുണ്ട്. കുറ്റ്യാടിയിലെ കൈപ്പാട് നിലങ്ങൾ പുനരുദ്ധീകരിക്കുന്നതിനായി പഞ്ചായത്തുതല കമ്മിറ്റി രൂപീകരിച്ച് കൈപ്പാട് നിലങ്ങൾ കണ്ടെത്തുകയും പ്രസ്തുത സ്ഥലങ്ങളിൽ കൃഷിയിറക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) പുതുതലമുറയെ നെൽകൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

തരിശുനിലം കൃഷി ചെയ്യുന്നതിലേക്കായി സുഭിക്ഷകേരളം പദ്ധതിയിൽ യുവജനങ്ങൾക്ക് അംഗമാകാവുന്നതാണ്. ഹെക്ടറിന് 40,000 രൂപ നിരക്കിൽ തരിശ് നെൽകൃഷി ചെയ്യുന്നതിനായി ധനസഹായം നൽകുന്നുണ്ട്. കൂടാതെ മറ്റ് നെൽകൃഷി പദ്ധതികളിലും യുവജനങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്.

(സി) കുറ്റ്യാടി മണ്ഡലത്തിലെ അരി ഉൽപാദനം പരിഗണിച്ച് അവിടെ അരിമിൽ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തോടന്നൂർ ബ്ലോക്കിൽ 2017-18 വർഷത്തിൽ നെൽകൃഷി വികസന പദ്ധതി പ്രകാരം 15.51 ലക്ഷം രൂപ അനുവദിച്ച് റൈസ് മിൽ സ്ഥാപിച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ നെൽവിത്ത് സംഭരണം**

31 (4419) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവിത്ത് സംഭരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പാടശേഖരങ്ങളിൽനിന്നും വിത്ത് സംഭരിച്ചുവെന്നും ഓരോ പാടശേഖരത്തിൽനിന്നും എത്ര കിലോ വിത്ത് വീതമാണ് സംഭരിച്ചതെന്നും അറിയിക്കാമോ?

2020-21 മുണ്ടകൻ വിളക്കാലത്ത് മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി കൃഷിഭവനിലെ ആളൂർ പാടശേഖരസമിതി ഉൽപാദിപ്പിച്ച 147.390 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ചു.

(ബി) ഏതെല്ലാം ഇനം വിത്തുകളാണ് സംഭരിച്ചത്; വ്യക്തമാക്കുമോ?

ഉമ സർട്ടിഫൈഡ് നെൽവിത്ത്.

(സി) നെൽവിത്ത് സംഭരണത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

കേന്ദ്ര സർക്കാരിന്റെ വിത്ത് നിയമം 1966, വിത്ത് ചട്ടങ്ങൾ 1968 എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് കൃഷി വകുപ്പിന്റെ രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പാടശേഖരസമിതികൾ/വ്യക്തിഗത കർഷകർ എന്നി വരിൽനിന്നും കൃഷിഭവനുകൾ മുഖേന വിത്തുസംഭരണം നടത്തുന്നു. ശാസ്ത്രീയമായ രീതിയിൽ വിത്തുൽപ്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ

നിർദ്ദിഷ്ട മൂന്ന് ഫീൽഡ് പരിശോധനകൾ കൃഷി ഭവൻ ഉദ്യോഗസ്ഥർ നടത്തി ഉൽപാദിപ്പിച്ച നെൽവിത്തിന്റെ സാമ്പിളുകൾ സംസ്ഥാന വിത്ത് പരിശോധന ലാബിൽ ഗുണനിലവാര പരിശോധനയ്ക്കായി ബ്ലോക്ക്തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ അയയ്ക്കുന്നു. ഇങ്ങനെ അയച്ച വിത്ത് പരിശോധന നടത്തി ലഭിച്ച റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി ഗുണനിലവാരമുള്ള നെൽ വിത്തുകൾക്ക് കൃഷി ഡയറക്ടറുടെ വിത്ത് വിതരണ/വിൽപനാനുമതി പത്രം കൃഷി അഡീഷണൽ ഡയറക്ടർ പുറപ്പെടുവിക്കുന്നു. ഈ അനുമതി പത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വിത്തുവികസന അതോറിറ്റി പ്രസ്തുത പാടശേഖര സമിതി, നെൽകർഷകർ എന്നിവരിൽനിന്നും നെൽവിത്ത് സംസ്കരിച്ച് സംഭരിച്ച് വിതരണം ചെയ്യുന്നു.

(ഡി) സംഭരിച്ച വിത്തിന്റെ വില മുഴുവനും കൊടുത്തുതീർത്തിട്ടുണ്ടോ എന്നും കുടിശ്ശികയുണ്ടെങ്കിൽ കുടിശ്ശിക തുക എത്രയാണെന്നും അറിയിക്കാമോ;

(ഇ) കുടിശ്ശിക കൊടുത്തുതീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(ഡി&ഇ) സംഭരിച്ച നെൽ വിത്തിന്റെ വില മുഴുവനും 23-7-2021 തീയതിയോടെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്.

## നെൽകൃഷി പ്രോത്സാഹനം

32 (4420) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് മുഖാന്തരം നെൽ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനുംവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

**മണലൂർ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

33 (4421) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഈ പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

തെങ്ങുകൃഷി മുഖ്യമായിട്ടുള്ളതും ചേർന്നുകിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻ വർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളെയാണ് ഇതിനായി മുൻഗണന നൽകി തെരഞ്ഞെടുത്ത് വരുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, രോഗം ബാധിച്ചതും ഉല്പാദനശേഷിയില്ലാത്തതുമായ തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്താണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ- 38 ലക്ഷം, LSGD ഷെയർ -24.5 ലക്ഷം) ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

   (a) ഇടയിളക്കൽ. തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

   (b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

   (c) കുമ്മായം - 9 രൂപ/തെങ്ങ്

(d) രാസവളം - 20 രൂപ/തെങ്ങ്

(e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

(f) ജൈവവളം - 25 രൂപ/തെങ്ങ്

(g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

(h) ജീവാണവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

(I) രോഗംബാധിച്ചതും ഉൽപ്പാദനശേഷിനശിച്ച തെങ്ങ് മുറിച്ചു മാറ്റുന്നതിന് - 1,000 രൂപ/തെങ്ങ്

(j) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/ തെങ്ങ്

(k) ഇടവിള കൃഷി - 6,000 രൂപ/ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000 രൂപ നിരക്കിൽ വിതരണം.

4. 8 ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം.

5. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ.

6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.

7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

(ബി) മണലൂർ മണ്ഡലത്തിൽ എത്ര കേരഗ്രാമങ്ങളുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ?

മണലൂർ മണ്ഡലത്തിൽ നാളിതുവരെ രണ്ട് പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2021-22 വർഷം ഒരു പഞ്ചായത്തിൽകൂടി പുതുതായി കേരഗ്രാമം ആരംഭിച്ചിട്ടുണ്ട്.

| ആരംഭിച്ച വർഷം | പഞ്ചായത്ത് |
|---|---|
| 2017-18 | അന്തിക്കാട് |
| 2018-19 | വെങ്കിടങ്ങ് |
| 2021-22 | എളവള്ളി |

(സി) നാളികേരം പ്രധാന കൃഷി ഇനമായ മണലൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പാക്കാൻവേണ്ട നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

മുൻവർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളും തെങ്ങുകൃഷി മുഖ്യമായിട്ടുള്ളതും 250 ഹെക്ടർ പ്രദേശത്ത് നാളികേര കൃഷി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സാധിക്കുന്ന പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഘട്ടംഘട്ടമായാണ് കേരഗ്രാമം പദ്ധതിക്കായി ഓരോ വർഷവും പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്.

**കേരഗ്രാമം പദ്ധതി**

34 (4422) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം പ്രദേശത്ത് എത്ര ഏക്കർ സ്ഥലത്ത് നടപ്പിലാക്കിയെന്നും, എത്ര തുക ഇതിനായി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ രണ്ട് കേരഗ്രാമങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 350 ഹെക്ടർ സ്ഥലത്തും തഴക്കര ഗ്രാമ പഞ്ചായത്തിൽ 150 ഹെക്ടർ സ്ഥലത്തും ചേർത്ത് ആകെ 500 ഹെക്ടർ സ്ഥലത്ത് ഒറ്റവർഷ പദ്ധതിയായി 2016-17 വർഷത്തിൽ ഒരു കേരഗ്രാമവും വള്ളികുന്നം

പഞ്ചായത്തിൽ 2019-20 വർഷത്തിൽ 3 വർഷ പദ്ധതിയായി 250 ഹെക്ടർ സ്ഥലത്ത് ഒരു കേരഗ്രാമവും നടപ്പിലാക്കി. ആയതിന്റെ 2-ാം വർഷത്തെ ധനസഹായം 2020-21 വർഷത്തിൽ നൽകി. 3-ാം വർഷത്തെ പ്രവർത്തനങ്ങൾ 2021-22 വർഷം ആരംഭിച്ചു. നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. മാവേലിക്കര മണ്ഡലത്തിൽ നടപ്പുസാമ്പത്തിക വർഷം (2021-22-ൽ) പുതുതായി പാണാവള്ളി, അമ്പലപ്പുഴ, മുളക്കുഴ, മുഹമ്മ എന്നീ പഞ്ചായത്തുകളിലായി 4 കേരഗ്രാമങ്ങൾ അനുവദിച്ചിട്ടുണ്ട്.

## തെങ്ങ് കൃഷി വികസനം

35 (4423) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി വികസനത്തിനുവേണ്ടി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേരവികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കേരവികസന പദ്ധതിക്കൾക്കായി 7,547 ലക്ഷം രൂപ 2021-22 വർഷം വകയിരുത്തിയിട്ടുണ്ട്. നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പിലാക്കിവരുന്നു. കേരഗ്രാമം നടപ്പിലാക്കുവാനായി 4,856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉയരംകുറഞ്ഞ/ കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേയ്ക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേരവികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1,014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്. കൂടാതെ വിത്ത് തേങ്ങാ സംഭരണവും തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1,359.1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീടബാധ നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം നാളികേരവികസന പദ്ധതിയിൻ കീഴിൽ ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങുകൾക്ക് കീടരോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്ന ഘടകത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം കീടരോഗ സാന്നിദ്ധ്യത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു ഹെക്ടറിന് മരുന്നുതളി കൂലിച്ചെലവും മരുന്നുവിലയും ചേർത്ത് തെങ്ങ് ഒന്നിന് 100 രൂപ പ്രകാരം 17,500 രൂപ ധനസഹായം നൽകുന്നു. ഈ വർഷം 270 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുവാനും തെരെഞ്ഞെടുക്കുവാനും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനായി 10,000 രൂപ നിരക്കിൽ 7 വർക്ക്ഷോപ്പു കൾക്കായി 0.7 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു. കൂടാതെ മരുന്നുതളി ഉൾപ്പെ ടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000 രൂപ വീതം 7 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 1.75 ലക്ഷം രൂപയും ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 30,000 രൂപയും പദ്ധതി പ്രകാരം നീക്കിവച്ചിട്ടുണ്ട്. ടി പദ്ധതികൾ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്.

(ബി) ഇതുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ മേഖലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര

ഉൽപ്പന്നങ്ങൾക്ക് മൂല്യവർദ്ധന നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, ബേബി ഓയിൽ തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സബ്സിഡിയായി 1,76,31,435 (ഒരു കോടി ഏഴുപത്തിയാറു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറ് ദിന പരിപാടിയിൽ 25 FPO-കൾ രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. FPO-കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാനമാക്കിയുള്ള FPO-കളും ഇതിൽ ഉൾപ്പെടും. കേരളത്തിൽ KIIFB-യുടെ ധനസഹായത്തോടെ രണ്ട് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും കുത്താളിയിലും 20 കോടി രൂപ വീതം നൽകി സ്ഥാപിക്കുന്നതിനുള്ള നാളികേര അഗ്രോ പാർക്കിന്റെ ഡി.പി.ആർ. KIIFB-ക്ക് KAICO നൽകിയിട്ടുണ്ട്. KIIFB-യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വെളിച്ചെണ്ണ, നീര തുടങ്ങിയ ഉൽപ്പന്നങ്ങൾ ടി കോർപ്പറേഷൻ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു.

(സി) തെങ്ങിന്റെ കീടബാധ തടയാൻ ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നാളികേര ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീടബാധ നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയിൻ കീഴിൽ ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങുകൾക്ക് കീടരോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്ന ഘടകത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം കീടരോഗ സാന്നിദ്ധ്യത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു ഹെക്ടറിന് മരുന്നുതളി കൂലിച്ചെലവും മരുന്നുവിലയും ചേർത്ത് തെങ്ങ് ഒന്നിന് 100 രൂപ പ്രകാരം 17,500 രൂപ ധനസഹായം നൽകുന്നു. ഈ വർഷം 270 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുവാനും

തെരഞ്ഞെടുക്കുവാനും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനായി 10,000 രൂപ നിരക്കിൽ 7 വർക്ക്ഷോപ്പുകൾക്കായി 0.7 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു. കൂടാതെ മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000 രൂപ വീതം 7 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 1.75 ലക്ഷം രൂപയും ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 30,000 രൂപയും പദ്ധതി പ്രകാരം നീക്കിവച്ചിട്ടുണ്ട്.

### നാളികേരത്തിന്റെ വിലയിടിവ്

36 (4424) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കൃഷിഭവനുകൾ മുഖേന നാളികേരം സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരഫെഡ് വഴിയാണ് പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരിക്കുന്നത്. കൃഷിഭവനുകൾ മുഖേന നാളികേരം സംഭരിക്കുവാൻ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് തലത്തിൽ ഒരുക്കേണ്ടതുണ്ട്. കൃഷി ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. ആവശ്യമായി വരുന്ന സാഹചര്യത്തിൽ കൃഷിഭവൻ വഴി പച്ചത്തേങ്ങ സംഭരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

### മലപ്പുറം മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി

37 (4425) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കേരഗ്രാമം പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ പുരോഗതി എപ്രകാരമാണെന്നും വെളിപ്പെടുത്തുമോ?

മലപ്പുറം നിയോജകമണ്ഡലത്തിലെ ആനക്കയം, പൂൽപ്പറ്റ, മൊറയൂർ എന്നീ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. ആനക്കയം ഗ്രാമ പഞ്ചായത്തിൽ മൂന്ന് വർഷ പദ്ധതിയായി 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലും പൂൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ രണ്ട് വർഷ പദ്ധതിയായി 2014-15,

2015-16 എന്നീ വർഷങ്ങളിലും കേരഗ്രാമം പദ്ധതി നടപ്പിലാക്കി. കൂടാതെ മൊറയൂർ ഗ്രാമപഞ്ചായത്തിൽ മൂന്ന് വർഷ പദ്ധതിയായി (2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിലായി) നടപ്പിലാക്കുന്ന കേരഗ്രാമത്തിന്റെ മൂന്നാം വർഷ പദ്ധതി നടപ്പുസാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സമഗ്ര നാളികേര കൃഷിവികസനത്തിനുമായി കേരഗ്രാമം പദ്ധതി സഹായിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തെങ്ങുകൾക്ക് സംയോജിത വളപ്രയോഗം നൽകിയതും ജലസേചന പദ്ധതികൾ നടപ്പിലാക്കിയതും നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ ഇടവിള കൃഷിയായ ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേമ്പ്, ചേന എന്നിവ തെങ്ങിൻ തോപ്പിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കേരകർഷകന്റെ വരുമാനം വർദ്ധിക്കുന്നതിനും കേരഗ്രാമം പദ്ധതി സഹായിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് കേരഗ്രാമങ്ങളെ കുറിച്ച് നടത്തിയ പഠനത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പ്രദേശത്തെ തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 10739 നാളികേരം ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കിയതിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിച്ചതായി പഠന റിപ്പോർട്ട് വ്യക്തമാക്കുന്നു.

(സി) നടപ്പുസാമ്പത്തിക വർഷം മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി പ്രസ്തുത പദ്ധതി നടപ്പാക്കുമോയെന്ന് അറിയിക്കാമോ?

തെങ്ങുകൃഷി മുഖ്യമായിട്ടുള്ളതും ചേർന്നുകിടക്കുന്ന 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ നാളികേര വികസനത്തിനായുള്ള സമഗ്ര പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രദേശങ്ങളെയാണ് കേരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കൂടാതെ മുൻവർഷങ്ങളിൽ കേരഗ്രാമം നടപ്പിലാക്കിയിട്ടില്ലാത്ത പ്രദേശത്തെയാണ് ഇതിനായി മുൻഗണന നൽകിതെരഞ്ഞെടുത്തുവരുന്നത്. ഘട്ടം ഘട്ടമായാണ് കേരഗ്രാമം പദ്ധതിക്കായി ഓരോ വർഷവും പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്.

**കവുങ്ങ് കർഷകർക്ക് സഹായം**

38 (4426) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അടയ്ക്ക കൃഷി ചെയ്യുന്ന ജില്ല ഏതെന്ന് അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മഹാളി, കല ചീയൽ തുടങ്ങി പല രോഗങ്ങളും പിടിപെട്ട് കൃഷി നശിച്ച കവുങ്ങ് കർഷകരെ സഹായിക്കാനായി കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പാക്കേജ് പ്രയോജനപ്പെടുത്തി കവുങ്ങ് കർഷകർക്ക് എന്തെങ്കിലും സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ-സി) 2018-19-ലെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ട് പ്രകാരം കാസർഗോഡ് ജില്ലയിലാണ് ഏറ്റവും അധികം കവുങ്ങ് കൃഷി ചെയ്യുന്നത്. അതിൻപ്രകാരം കാസർഗോഡ് ജില്ലയിലെ കവുങ്ങിന്റെ വിസ്തൃതി 20764.06 ഹെക്ടറാണ്. 2020-21 വർഷം കവുങ്ങ് കൃഷിക്കായി കാസർഗോഡ് ജില്ലയ്ക്കായി പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ല. 2019-20 വർഷത്തിൽ രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതുമായ കവുങ്ങ് മുറിച്ചുമാറ്റുന്നതിനും പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുമായി കാസർഗോഡ് ജില്ലയിൽ കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി (അരക്കനട്ട് പാക്കേജ്) പ്രകാരം 35.814 ലക്ഷം രൂപ ചെലവഴിച്ചു.

## കാർഷിക വിള ഇൻഷ്വറൻസ്

39 (4427) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

22-3-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരതോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ 13-12-2017-ലെ സ.ഉ.(കൈ) നമ്പർ 1192/2017/കൃഷി പ്രകാരം മാവ്, ചെറു

ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി, കുവരക്) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 27-10-2017-ലെ സ.ഉ.(സാധാ) നമ്പർ 1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 28-12-2017-ലെ സ.ഉ.(കൈ)നമ്പർ 167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷികൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമെ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12-12-2018-ലെ സ.ഉ.(സാധാ) നമ്പർ 1198/2018/കൃഷി ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിലധികം നഷ്ടമുണ്ടായാൽ പൂർണ്ണനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ ഇനം വിളകൾക്കാണ് പരിരക്ഷ ലഭ്യമാക്കുക എന്നും നഷ്ടപരിഹാരമായി എന്ത് തുക ലഭിക്കുമെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്ന വിളകളും അവയുടെ നഷ്ടപരിഹാരത്തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 2020 നവംബർ മുതൽ കൃഷി വകുപ്പിന്റെ AIMS (Agriculture Information Management System) പോർട്ടൽ മുഖേന സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം**

40 (4428) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഏപ്രിൽ 24-ാം തീയതിയിലെ കൊടുങ്കാറ്റും മഴയുംമൂലം കൃഷി നശിച്ച കുന്നത്തുനാട് മണ്ഡലത്തിലെ പൂത്തൃക്ക പഞ്ചായത്തിലെ അറുന്നൂറോളം കർഷകർക്ക് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നാളിതുവരെ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ പരിശോധനയിൽ ഒരു കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) 2014 ഏപ്രിൽ 24-ാം തീയതിയിലെ കൊടുംകാറ്റും മഴയുംമൂലം കൃഷി നശിച്ച കുന്നത്തുനാട് മണ്ഡലത്തിലെ പൂത്തൃക്ക പഞ്ചായത്തിൽ അഗ്രിക്കൾച്ചറൽ അഡീഷണൽ ഡയറക്ടർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ തുടങ്ങിയവർ നടത്തിയ കൃഷിയിട പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ 701 കർഷകർക്ക് 99,53,980 (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി അൻപത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത്) രൂപയുടെ ക്ലെയിം തയ്യാറാക്കിയിരുന്നു. എന്നാൽ അന്ന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം അനുവദനീയമായിരുന്ന SDRF (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്) വിഹിതമായ 11,04,295 (പതിനൊന്ന് ലക്ഷത്തി നാലായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപ മാത്രമെ നൽകുവാൻ സാദ്ധ്യമായിരുന്നുള്ളൂ. ടി തുക കർഷകർക്ക് ലഭ്യമാക്കിയിട്ടുമുണ്ട്.

(സി) കൃഷിനാശം നേരിട്ട കർഷകർക്കെല്ലാം അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അന്ന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകൾ പ്രകാരം അനുവദനീയമായിരുന്ന തുക വിതരണം ചെയ്തിട്ടുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതിയിൽനിന്നും അനുവദിച്ച നഷ്ടപരിഹാരം**

41 (4429) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ച് വർഷക്കാലം കോതമംഗലം മണ്ഡലത്തിൽ നിന്നും നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷം കോതമംഗലം മണ്ഡലത്തിൽനിന്നും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെ കൃഷിഭവൻ തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് നഷ്ടപരിഹാര തുക ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ; ആയതിന്റെ കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

302 അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇതിനായി 1,66,51,720 രൂപ (ഒരു കോടി അറുപത്തിആറ് ലക്ഷത്തി അൻപത്തിഒന്നായിരത്തി എഴുന്നൂറ്റി ഇരുപത് രൂപ) ചെലവഴിച്ചിട്ടുണ്ട്. കൃഷിഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇനി എത്ര അപേക്ഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാനുണ്ടെന്നും എന്തുകൊണ്ടാണ് നഷ്ടപരിഹാര തുക ലഭ്യമാക്കുവാൻ വൈകുന്നതെന്നും വ്യക്തമാക്കാമോ?

172 കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കാനുണ്ട്. കുടിശ്ശിക തുക നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അർഹരായ മുഴുവൻ അപേക്ഷകർക്കും അടിയന്തരമായി വിള ഇൻഷ്വറൻസ് പ്രകാരമുള്ള നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരം**

42 (4430) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ നഷ്ടം സംഭവിക്കുന്ന കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാര തുകയിൽ കേന്ദ്ര ഗവൺമെന്റ് വിഹിതം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആകെ സംസ്ഥാനത്ത് നൽകുന്ന നഷ്ടപരിഹാര തുക എത്രയെന്നും അതിൽ കേന്ദ്ര വിഹിതം എത്രയാണെന്നും വിശദീകരിക്കാമോ?

പ്രകൃതിക്ഷോഭത്താൽ വിളനാശം സംഭവിക്കുന്ന കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാര തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണനിധി (എസ്.ഡി. ആർ.എഫ്.) ആയി നൽകുന്ന തുകയുടെ 75 ശതമാനം കേന്ദ്ര ഗവൺമെന്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഹിതമാണ്. ഇതുകൂടാതെ പല വിളകൾക്കും സംസ്ഥാന വിഹിതം വേറെയും നൽകുന്നുണ്ട്. സംസ്ഥാനത്ത് നൽകുന്ന നഷ്ടപരിഹാര തുകയും അതിൽ കേന്ദ്ര വിഹിതമായി നൽകുന്ന തുകയും ഇനം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിലവിൽ ഏത് വർഷം വരെയുള്ള അപേക്ഷകളിലാണ് നഷ്ടപരിഹാരം വിതരണം ചെയ്തതെന്ന് അറിയിക്കാമോ?

പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമായുള്ള പ്രത്യേക പദ്ധതി പ്രകാരം നിലവിൽ 2018-19 വരെയുള്ള കുടിശ്ശിക തുക വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 1-1-2020 മുതൽ 31-5-2020 വരെയുള്ള AIMS Portal-ലിൽ ഉൾപ്പെട്ടതും 6-5-2021-ൽ അംഗീകരിച്ചതുമായ ക്ലെയിമുകളുടെ റിപ്പോർട്ട് പ്രകാരമുള്ള തുകയിൽ 1,518.69184 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

### കാർഷിക വിളകളുടെ സംഭരണം

43 (4431) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ താങ്ങുവില അനുസരിച്ച് സംഭരിക്കുന്ന ഉത്പന്നങ്ങൾ ഏതൊക്കെയാണെന്നും അവയുടെ അടിസ്ഥാന വില എത്രയാണെന്നും വിശദമാക്കുമോ?

അടിസ്ഥാന വില പദ്ധതി പ്രകാരം സംഭരിക്കുന്ന 16 ഇനം വിളകളുടെ പേരും അടിസ്ഥാന വിലയും അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സംഭരണ സംവിധാനം എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉൽപ്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു.

(സി) ഇപ്രകാരം സംഭരണം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സംഭരണം ശക്തിപ്പെടുത്തുന്നതിന് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളും ഏകോപിപ്പിച്ചുകൊണ്ട് വിപണനം നടന്നുവരുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവിടങ്ങളിലെ കൃഷി

44 (4432) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നീ ഫാമുകളിൽ എത്ര ഏക്കർ വീതം ഭൂമിയുണ്ടെന്ന് അറിയിക്കാമോ?

ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമ്മല: 101.5 ഏക്കർ

ഏക്കർ ബനാനാ നഴ്സറി, പെരിങ്ങമ്മല: 65.775 ഏക്കർ

(ബി) ഇവിടെ എന്തൊക്കെ കൃഷികൾ ചെയ്യുന്നുണ്ടെന്നും എന്തൊക്കെ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ?

ജില്ലാ കൃഷി തോട്ടത്തിൽ കൃഷി ചെയ്യുന്നവ

തെങ്ങ്, കമുക്, മാവ്, കശുമാവ്, സപ്പോട്ട, കുരുമുളക്, കൊക്കോ, പച്ചക്കറി, വാഴ, ജാതി.

ജില്ലാ കൃഷി തോട്ടത്തിൽ ഉത്പാദിപ്പിച്ചു വിപണനം ചെയ്യുന്ന നടീൽ വസ്തുക്കൾ

പ്ലാവ്, മാവ്, റമ്പൂട്ടാൻ, സപ്പോട്ട, കുടമ്പുളി എന്നിവയുടെ ഒട്ടു തൈകൾ, ജാമ്പ, പേര, ചെറി എന്നിവയുടെ പതിവെച്ച തൈകൾ, വിവിധ വിളകളുടെ വിത്ത് മുളപ്പിച്ച തൈകൾ, പച്ചക്കറി തൈകൾ.

ജില്ലാ കൃഷി തോട്ടത്തിൽ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന മറ്റ് ഉൽപ്പന്നങ്ങൾ

ആട്ടിൻകുട്ടികൾ, ലെയർകോഴികൾ, CUll ചെയ്യുന്ന പശുക്കൾ/കാളകൾ (ന്യൂനതയുള്ളവ), തേങ്ങ, പച്ചക്കറികൾ, തേൻ, കൊക്കോ പരിപ്പ്, കശുവണ്ടി, പഞ്ഞിക്കായ്, പശുവിൻ പാല്, മാങ്ങ, മാമ്പഴം, സ്ക്വാഷ്, പാഷൻ ഫ്രൂട്ട്, പച്ച മാങ്ങ, വിറക് എന്നിവ.

ബനാനാ നഴ്സറിയിൽ കൃഷി ചെയ്യുന്നവ.

തെങ്ങ്, കമുക്, മാവ്, കശുമാവ്, കുരുമുളക്, കൊക്കോ, പച്ചക്കറി, വാഴ, ജാതി, കിഴങ്ങുവർഗ്ഗ വിളകൾ, പഴ വർഗ്ഗങ്ങൾ.

ബനാനാ നഴ്സറിയിൽ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന നടീൽ വസ്തുക്കൾ

മാവ്, പ്ലാവ്, സപ്പോട്ട എന്നിവയുടെ ഗ്രാഫ്റ്റുകൾ, പേര, നാരകം, ചെറി, ജാമ്പ എന്നിവയുടെ ലെയറുകൾ വിദേശ ഇനം ഫല വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും തൈകളും, തെങ്ങിൻ തൈ, കമുകിൻ തൈ, വേരുപിടിപ്പിച്ച കുരുമുളക് തൈകൾ, പാഷൻ ഫ്രൂട്ട്, പപ്പായ, കറിവേപ്പില, അഗത്തി, മുരിങ്ങ, കുറ്റികുരുമുളക്, ആത്ത എന്നിവയുടെ തൈകൾ, പച്ചക്കറി വിത്ത്, വളർച്ചാ മാധ്യമം നിറച്ച ഗ്രോബാഗുകൾ (തൈകൾ ഉൾപ്പെടെ), ഉദ്യാന സസ്യങ്ങളുടെ തൈകൾ, വാഴക്കന്ന്.

ബനാനാ നഴ്സറിയിൽ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്ന മറ്റ് ഉൽപ്പന്നങ്ങൾ

വാഴക്കുല, പച്ചക്കറി, തേങ്ങ, ഉണക്ക കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ, ചക്ക, പപ്പായ, മരച്ചീനി, വാഴയില, മാങ്ങ, കൈതചക്ക, കരിക്ക്, ഇഞ്ചി, മഞ്ഞൾ, കശുവണ്ടി, അടയ്ക്ക, സംപുഷ്ടീകരിച്ച ജൈവവളം, പാൽ, മുട്ട, കോഴി, ആട്ടിൻ കുട്ടികൾ, മീൻ, താറാവ്, തേൻ തുടങ്ങിയവ.

(സി) രണ്ടിടത്തും എത്ര ഉദ്യോഗസ്ഥരും തൊഴിലാളികളും ഉണ്ടെന്ന് കാറ്റഗറി തിരിച്ച് അറിയിക്കാമോ?

ജില്ലാ കൃഷി തോട്ടം

| തസ്തിക | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|
| സൂപ്രണ്ട് | 1 |
| കൃഷി ആഫീസർ | 1 |
| കൃഷി അസിസ്റ്റന്റ് | 3 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 1 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| ഡ്രൈവർ | 1 |

| | |
|---|---|
| വാൻ ക്ലീനർ | 1 |
| വാച്ച്മാൻ | 2 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| സ്ഥിരം തൊഴിലാളികൾ | 79 |
| കാഷ്വൽ തൊഴിലാളികൾ | 102 |

ബനാനാ നഴ്സറി

| തസ്തിക | ഉദ്യോഗസ്ഥരുടെ എണ്ണം |
|---|---|
| ബനാനാ ഡെവലപ്മെന്റ് ഓഫീസർ | 1 |
| കൃഷി ആഫീസർ | 1 |
| കൃഷി അസിസ്റ്റന്റ് | 3 |
| ക്ലാർക്ക് | 1 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| വാച്ച്മാൻ | 2 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| സ്ഥിരം തൊഴിലാളികൾ | 53 |
| കാഷ്വൽ തൊഴിലാളികൾ | 69 |

(ഡി) പ്രസ്തുത ഫാമുകളുടെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ജില്ലാ കൃഷി തോട്ടം</u>

സമ്മിശ്ര കൃഷിയിൽ പോത്തുകുട്ടികളെക്കൂടി വളർത്തി വിപുലമാക്കൽ, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി സാറ്റലൈറ്റ് നഴ്സറികൾ ആവശ്യകത അനുസരിച്ച് ബ്ലോക്കുതലത്തിൽ തുടങ്ങൽ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ഉൾപ്പെടുത്തിക്കൊണ്ട് ഫാം ടൂറിസം നടപ്പിലാക്കുക, സംസ്കരണം, വിപണനം എന്നിവയുടെ പുതിയ മേഖലകൾ ആരംഭിക്കുക, കർഷകരുടെ ഉൽപ്പന്നങ്ങൾ (മഞ്ഞൾ) സംഭരിച്ച് പൊടിച്ച് ബ്രാൻഡ് ചെയ്ത് വിൽക്കുക, പച്ചക്കറി കൃഷി പദ്ധതി, ഫല വൃക്ഷത്തൈ ഉൽപ്പാദനം, സമ്മിശ്ര കൃഷി എന്നിവയും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

<u>ബനാനാ നഴ്സറി</u>

ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം ഫാം റോഡിന്റെ വികസനം, സംയോജിത കൃഷി പദ്ധതി പ്രകാരം നാടൻ പശുക്കളെ വാങ്ങൽ, നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, വേരുപിടിപ്പിച്ച കുരുമുളക് തൈകളുടെ ഉൽപ്പാദനം, തദ്ദേശീയവും വിദേശ ഇനങ്ങളുമായ ഫലവൃക്ഷങ്ങളുടെ മാതൃസസ്യത്തോട്ടം നിർമ്മിക്കലും പരിപാലനവും, ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട തൈകളുടെ ഗ്രാഫ്റ്റുകളുടെയും ലെയറുകളുടെയും ഉൽപ്പാദനം, തെങ്ങിൻ തൈകളുടെ ഉൽപ്പാദന പദ്ധതി എന്നിവയും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതി**

45 (4433) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടപ്പിലാക്കിയ ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതിയിൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ്, ടിഷ്യുകൾച്ചർ എന്നീ കായിക പ്രജനന രീതികളിലൂടെ ഉൽപ്പാദിപ്പിച്ച തൈകളുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

| ഇനം | എണ്ണം |
|---|---|
| ഗ്രാഫ്റ്റ്/ബഡ്ഡ് | 253712 |
| ലെയർ | 72637 |
| ടിഷ്യുകൾച്ചർ | 681017 |

(ബി) ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങളുടെ തൈകൾ കായിക പ്രജനനം വഴി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുവാനുള്ള എന്തെങ്കിലും പദ്ധതി ഉണ്ടോ?

ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങളുടെ തൈകൾ കായിക പ്രജനനം വഴി ഉൽപ്പാദിപ്പിച്ചുവിതരണം നടത്തുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷിവകുപ്പ് ഫാമുകളിൽ കായിക പ്രജനനം നടത്തി മുന്തിയ ഇനം ഫലവർഗ്ഗങ്ങളുടെ 26 ലക്ഷം ഗ്രാഫ്റ്റുകൾ, 2.72 ലക്ഷം ലെയറുകൾ, 10.98 ലക്ഷം ടിഷ്യുകൾച്ചർ വാഴതൈകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് 2021-22 ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ലക്ഷ്യമിടുന്നുണ്ട്.

**കൃഷി ഫാമുകൾ നവീകരിക്കുന്ന പദ്ധതി**

46 (4434) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(I) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറുടെ കീഴിൽ നടപ്പിലാക്കപ്പെടുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കൊല്ലം ജില്ലയിൽ അഞ്ചൽ ജില്ലാ കൃഷിത്തോട്ടം, കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാം, കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി എന്നീ ഫാമുകളിൽ 92 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

2. തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാം എന്നീ ഫാമുകളിൽ 16 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

3. പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം, പട്ടാമ്പി സെൻട്രൽ ഓർച്ചാർഡ്, മലമ്പുഴ ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് ഫാം എന്നീ ഫാമുകളിൽ 285.11 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

4. ഇടുക്കി ജില്ലയിൽ അരീക്കുഴ ജില്ലാ കൃഷിത്തോട്ടം, വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി കൃഷിത്തോട്ടം, കരിമണ്ണൂർ സംസ്ഥാന വിത്ത് ഉൽപ്പാദന കൃഷിത്തോട്ടം എന്നീ ഫാമുകളിൽ 271 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

5. കോഴിക്കോട് ജില്ലയിൽ കൂത്താളി ജില്ലാ കൃഷിത്തോട്ടം, പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി സ്റ്റേറ്റ് സീഡ് ഫാം, തിക്കോടി CN എന്നീ ഫാമുകളിൽ 324.69351 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

(II) സംസ്ഥാനത്തെ കൃഷി ഫാമുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. ഇടുക്കി വണ്ടിപ്പെരിയാറിലെ സംസ്ഥാന പച്ചക്കറി ഫാമിലുള്ള പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം (പദ്ധതി തുക 133 ലക്ഷം)- നിലവിൽ മണ്ണ് പരിശോധന പ്രക്രിയകൾ നടന്നുവരുന്നു.

2. എറണാകുളം ജില്ലയിലെ നേരിയമംഗലത്തെ കൃഷി തോട്ടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 235 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗതിയിലാണ്. നേരിയമംഗലം കൃഷി ഫാമിന്റെ 40 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. സംയോജിത ഫാം മാനേജ്മെന്റ് പദ്ധതി പുരോഗതിയിലാണ്.

3. കണ്ണൂർ ജില്ലയിലെ ചാലോട് ഫാമിൽ 23.52 ലക്ഷം രൂപയുടെ റെയിൻ ഷെൽട്ടർ, പോളിനേഷൻ യൂണിറ്റ് എന്നിവയുടെ നിർമ്മാണത്തിന്റെ ടെൻഡറിംഗ് നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(i) പഴങ്ങളുടെ വികസനം 2020-21 അടിസ്ഥാന സൗകര്യ വികസനം - കണ്ണൂർ ജില്ലയിലെ കങ്കോൽ സീഡ് ഫാമിൽ മഴ മറയുടെ നിർമ്മാണം - 1 എണ്ണം, പദ്ധതി തുക 3.5 ലക്ഷം എന്നിവയുടെ 95 ശതമാനം പൂർത്തീകരിച്ചു.

(ii) പഴങ്ങളുടെ വികസനം 2020-21 അടിസ്ഥാന സൗകര്യ വികസനം - കണ്ണൂർ ജില്ലയിലെ വേങ്ങാട് സീഡ് ഫാമിൽ മഴ മറയുടെ നിർമ്മാണം-2 എണ്ണം, പദ്ധതി തുക 3.5 ലക്ഷം എന്നിവയുടെ 95 ശതമാനം പൂർത്തീകരിച്ചു.

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് യഥേഷ്ടം ലഭ്യമാക്കുന്നതിനായി 14 ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിനുള്ള 120 കോടി രൂപയുടെ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് യഥേഷ്ടം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

സർക്കാരിന്റെ കീഴിലുള്ള 63 ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വർഷം തോറും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. 2021-22-ൽ നടീൽവസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും എന്ന പദ്ധതിയിൽ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുൽപ്പാദനത്തിനായി 200 ലക്ഷം രൂപയും ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുൽപ്പാദനത്തിനായി 20 ലക്ഷം രൂപയും മാതൃസസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലും പരിപാലനത്തിനുമായി 80 ലക്ഷം രൂപയും ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും തെങ്ങ്, കിഴങ്ങു വർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന പദ്ധതിപ്രകാരം ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനത്തിനായി വിത്ത് തേങ്ങാ സംഭരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും തൈകളുടെ ഉൽപ്പാദന ചെലവുകൾക്കുമായി 1,391 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 1 ലക്ഷം എണ്ണം കുറിയ ഇനം, 12 ലക്ഷം എണ്ണം നെടിയ ഇനം (WCT), 3 ലക്ഷം എണ്ണം സങ്കരയിനം തെങ്ങിൻ തൈകൾ ഫാമുകളിൽ ഉൽപാദിപ്പിക്കാനായി ലക്ഷ്യമിട്ടിരിക്കുന്നു. ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനവും സ്പെഷ്യൽ ഫാമുകളുടെ യന്ത്രവത്കരണത്തിനുമായി 2021-22-ൽ 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കൃഷിക്കാർക്ക് ഫാം കേന്ദ്രീകരിച്ച് കാർഷിക അനുബന്ധ പരിശീലനങ്ങൾ നടത്താൻ നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് കർഷകർക്ക് സർക്കാർ ഫാമുകളിൽ പരിശീലനം നൽകിവരുന്നു.

## കൃഷിയോഗ്യമായ തരിശു ഭൂമി

47 (4435) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കൃഷിയോഗ്യമായ എത്ര തരിശുഭൂമി ഉണ്ടെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ; വിശദമാക്കാമോ?

വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് കൃഷി ചെയ്യാൻ തയ്യാറാകാത്ത തരിശുഭൂമിയുടെ ഉടമസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദ വിവരങ്ങൾ നൽകാമോ?

സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് പുറപ്പെടുവിച്ച 18-5-2020-ലെ സ.ഉ.(കൈ)നമ്പർ 14/2020 ആ.സാ.വ. പ്രകാരം തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൃഷിക്കുപയോഗിക്കാൻ കഴിയുന്ന തരിശ് നിലങ്ങൾ കൃഷി ചെയ്യുവാൻ ഉടമ സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി കൃഷി ചെയ്യുന്ന കർഷകന്/കർഷക ഗ്രൂപ്പുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൈമാറേണ്ടതാണെന്നത് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. 2008 നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് (2018 ഭേദഗതി) വകുപ്പ് 15, 16 പ്രകാരം തരിശ് നെൽവയൽ കൃഷി ചെയ്യാനുള്ള നിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

## തരിശു ഭൂമിയിൽ പച്ചക്കറി ഉല്പാദനം

48 (4436) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശ് കിടക്കുന്നതും കൃഷിക്ക് ഉപയുക്തമാക്കാവുന്നതുമായ ഭൂമി കണ്ടെത്തി പച്ചക്കറി ഉല്പാദനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കൃഷി ഭൂമികളുടെ സർവ്വേ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) സംസ്ഥാനത്ത് തരിശ് കിടക്കുന്നതും കൃഷിക്ക് ഉപയുക്തമാക്കാവുന്നതുമായ ഭൂമി കണ്ടെത്തി പച്ചക്കറി കൃഷി നടപ്പാക്കുന്നതിനായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. തരിശു ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 37,000 രൂപയും ഭൂമി കൃഷി ചെയ്യുന്നതിനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3,000 രൂപയുമാണ് നൽകിവരുന്നത്. സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം 625 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കു ന്നതിനായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുതല കൃഷി ഓഫീസർമാർ തരിശായി കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ പഞ്ചായത്ത് കമ്മിറ്റി/കാർഷിക വികസന സമിതി എന്നിവിടങ്ങളിൽ ചർച്ച ചെയ്ത് തരിശുഭൂമി കണ്ടെത്തി പച്ചക്കറി കൃഷി നടപ്പിലാക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. തരിശുഭൂമികളുടെ സർവ്വേ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവപച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം-സുരക്ഷിതം പദ്ധതി- ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ്-കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വിൽപ്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിക്കുകീഴിൽ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു. വിപണികളിൽ ലഭ്യമാകുന്ന പഴം, പച്ചക്കറികൾ സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ.എ.ആർ.എസ്. മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട

വിഷാംശ പരിശോധന" ലാബുകളിലെ ഉദ്ധ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പു വരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ 60:40 അനുപാതത്തിൽ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്നു വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു. 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ.) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പദ്ധതിയായ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കിവരുന്നു. പൂർണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം. ടി പദ്ധതിയുടെ മാനദണ്ഡം പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്നാം വർഷം പി.ജി.എസ്. ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർവീതം ആകെ 168 ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4,455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും.

(ഡി) ഇത്തരം കൃഷികളുടെ പ്രായോഗികതയും അവയുടെ കൃഷി രീതികളും സംബന്ധിച്ച് കർഷകന് ശാസ്ത്രീയവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജൈവകൃഷിയുടെ പ്രായോഗികതയും കൃഷി രീതികളും സംബന്ധിച്ച് കർഷകന് ശാസ്ത്രീയവബോധം നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 ഫണ്ടുകളുടെ അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം

പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)-യും നടപ്പിലാക്കുന്നു. ടി പദ്ധതികളിൽ അംഗമാകുന്ന കർഷകർക്ക് ജൈവകൃഷി രീതിയെക്കുറിച്ച് ശാസ്ത്രീയാവബോധം നൽകുന്നതിന് കർഷകർക്ക് പരിശീലനം, കർഷകർക്കുള്ള പഠന യാത്ര, പദ്ധതിയിലെ കർഷകർക്കിടയിൽനിന്നും കർഷക പ്രതിനിധികളെ (ജൈവ കൃഷി/പ്രകൃതി കൃഷി/കാർഷിക പരിസ്ഥിതി അധിഷ്ഠിത കൃഷി രീതികൾ അവലംബിച്ച് പ്രവൃത്തി പരിചയമുള്ള കർഷകർ) തെരഞ്ഞെടുത്ത് ജൈവകൃഷിയെക്കുറിച്ചുള്ള പരിശീലനം മറ്റ് കർഷകർക്ക് നൽകുന്നു. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ മാതൃക പ്രദർശന തോട്ടം നിർമ്മിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് ഈ കൃഷി രീതി ഏറ്റെടുക്കുന്നതിന് ശാസ്ത്രീയവബോധം നൽകുന്നു.

**അപ്പർ കുട്ടനാട്ടിലെ നെല്ല് സംഭരണം**

49 (4437) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പർ കുട്ടനാടൻ കൃഷിനിലങ്ങളിൽ നെൽകൊയ്ത്ത് കഴിഞ്ഞാൽ നെല്ല് സംഭരണത്തിന്റെ സമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാര മാനദണ്ഡമനുസരിച്ചാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. കുട്ടനാടൻ/അപ്പർ കുട്ടനാടൻ കൃഷി നിലങ്ങളിൽ ചില സമയങ്ങളിൽ ക്രേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പരിധിയിൽ കവിഞ്ഞ അളവിൽ ഈർപ്പം, പതിര്, രോഗബാധയുള്ള നെല്ല് എന്നിവ കാണപ്പെടാറുണ്ട്. ഇക്കാരണത്താൽ സംഭരണ സമയത്ത് തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിച്ച് നിശ്ചിത ഗുണ നിലവാരമുള്ള നെല്ല് സമയബന്ധിതമായി സപ്ലൈകോ കർഷകരിൽനിന്നും സംഭരിച്ചുവരുന്നു. 2020-21 സീസണിൽ ആലപ്പുഴ ജില്ലയിൽനിന്ന് 159769. 730 ടൺ നെല്ല് സംഭരിച്ചു.

(ബി) സ്വകാര്യ മില്ലുടമകൾ വിലപേശൽ നടത്തി കുറഞ്ഞ വിലയ്ക്ക് നെല്ല് സംഭരണം നടത്തി കർഷകരെ ചൂഷണംചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ സപ്ലൈകോ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് നെല്ല് സംഭരിക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള നെല്ലിന്റെ സംഭരണവില കർഷകർക്ക് നൽകുന്നത് സപ്ലൈകോയാണ്. കൂടാതെ നെല്ല് എടുക്കുന്നത് സപ്ലൈകോ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. ആയതിനാൽതന്നെ സംഭരിക്കുന്ന നെല്ലിന്റെ വിലയിന്മേൽ വിലപേശൽ നടക്കാറില്ല.

(സി) അപ്പർ കുട്ടനാടൻ കൃഷിനിലങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ലിന് ന്യായവില ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കർഷക രജിസ്ട്രേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ നോക്കിയാണ് സപ്ലൈകോ അപ്പർ കുട്ടനാടൻ കൃഷിനിലങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണവില പൂർണ്ണമായും കർഷകർക്ക് നൽകുകയും ചെയ്യുന്നുണ്ട്. നിലവിൽ സംഭരണം അവസാനിച്ച 2020-21 സീസണിൽ രാജ്യത്തെതന്നെ മികച്ച വിലകളിൽ ഒന്നായ 27.48 രൂപ/കി.ഗ്രാം നിരക്കിലാണ് നെല്ല് സംഭരിച്ചിട്ടുള്ളത്. 2021 സെപ്റ്റംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി. ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്. സംഭരണവില സംബന്ധിച്ച് ജനങ്ങൾക്ക് പത്രമാധ്യമങ്ങൾ മുഖേന അറിയിപ്പ് നൽകാറുണ്ട്.

(ഡി) പുതുതായി എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണം മികച്ച രീതിയിൽതന്നെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. നെല്ല് സംഭരണം ഒരു സർക്കാർ പദ്ധതി ആയതിനാൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുതന്നെയാണ് നിലവിൽ സംഭരണം നടക്കുന്നത്. നെല്ല് സംഭരണ പ്രക്രിയ സുതാര്യവും കുറ്റമറ്റതും ആക്കുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ആധാർ വെരിഫിക്കേഷനിൽ അധിഷ്ഠിതമായി കർഷക രജിസ്ട്രേഷൻ നടത്തുവാനും കർഷകർക്ക് ലഭിക്കുവാനുള്ള തുക കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാർ പേയ്മെന്റ് സംവിധാനമായ പി.എഫ്.എം.എസ്. മുഖേന തുക നൽകുവാനും കർഷക രജിസ്ട്രേഷൻ സമയത്ത് കർഷകർ നൽകുന്ന സ്ഥലത്തിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി സർക്കാരിന്റെ ലാന്റ് റെക്കോഡ് പോർട്ടലുമായി ബന്ധിപ്പിച്ച ഓൺലൈൻ പരിശോധനാ സംവിധാനവും നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

## കർഷകർക്ക് വിള ഇൻഷ്വറൻസ്

50 (4438) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വിള ഇൻഷ്വറൻസ് സഹായത്തിനായുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

സംവിധാനം നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ ഇനം വിളകൾക്ക് എത്ര തുക വീതം നഷ്ടപരിഹാരമായി ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്ന വിളകളും അവയുടെ നഷ്ടപരിഹാരത്തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) വിള ഇൻഷ്വറൻസ് സഹായം യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. വിള ഇൻഷ്വറൻസ് സഹായം നൽകുന്നതിനായി 2021-22 വർഷത്തിൽ 2,000 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

## വിള ഇൻഷ്വറൻസ് കുടിശ്ശിക

51 (4439) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാരം കോഴിക്കോട് ജില്ലയിൽ ഏതു വർഷം വരെ നൽകിയെന്ന് വിശദമാക്കുമോ?

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാര തുക 2020 ജനുവരി വരെയുള്ളത് നൽകിയിട്ടുണ്ട്.

(ബി) ഏതു വർഷം വരെയുള്ള നഷ്ടപരിഹാരം കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

2020 ഫെബ്രുവരി മുതലുള്ള കുടിശ്ശിക നൽകാനുണ്ട്.

(സി) കുടിശ്ശിക തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിലെ അഗ്രോ സെന്ററുകൾ

52 (4440) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ ഒരു അഗ്രോ സർവ്വീസ് സെന്ററാണ് നിലവിലുള്ളത്. ആയത് കുഴൽമന്ദം ബ്ലോക്കിൽ തേങ്കുറിശ്ശി പഞ്ചായത്തിലാണ്.

## കുറ്റ്യാടി മണ്ഡലത്തിലെ ഹോർട്ടികോർപ്പ് സ്റ്റാളുകൾ

53 (4441) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വില നിയന്ത്രണത്തിൽ ഹോർട്ടികോർപ്പ് സ്റ്റാളുകളെന്ത് പങ്കാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുവിപണിയിലെ സംഭരണവിലയെക്കാൾ 10 ശതമാനത്തിൽ അധികം നൽകിയാണ് ഹോർട്ടികോർപ്പ് കർഷകരിൽനിന്ന് പച്ചക്കറികൾ സംഭരിക്കുന്നത്. തെരഞ്ഞെടുക്കുന്ന പച്ചക്കറികൾ വിപണി വിൽപ്പനവിലയെക്കാൾ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റഴിക്കുകയും ചെയ്യുന്നു. തന്മൂലം കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായമായവില ലഭിക്കുന്നതിനൊപ്പം പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങുവാനും സാധിക്കുന്നു.

(ബി) ഹോർട്ടികോർപ്പ് വഴി കുറ്റ്യാടി മണ്ഡലത്തിൽ എത്ര കർഷക സംഘങ്ങളുടെ പച്ചക്കറി ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വേങ്ങേരി അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റിൽ നടത്തുന്ന പൊതു ലേലം വഴിയാണ് ഹോർട്ടികോർപ്പ് കോഴിക്കോട് ജില്ലയിലെ പച്ചക്കറികൾ ശേഖരിക്കുന്നത്. നിലവിൽ കുറ്റ്യാടി മണ്ഡലത്തിലെ കർഷക സംഘങ്ങളൊന്നും ഈ ലേലത്തിൽ പങ്കെടുക്കുന്നില്ല.

(സി) കുറ്റ്യാടി മണ്ഡലത്തിൽ എത്ര ഹോർട്ടികോർപ്പ് മൊബൈൽ സ്റ്റാളുകളും സ്ഥിരമായ സ്റ്റാളുകളും ഉണ്ടെന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കുറ്റ്യാടി നിയമസഭാ മണ്ഡലം പരിധിയിൽ ഹോർട്ടികോർപ്പ് വടകര ഉപകേന്ദ്രത്തിനുകീഴിൽ മൊകേരി, തണ്ണീർപ്പന്തൽ, വില്ല്യാപ്പള്ളി, തോടന്നൂർ എന്നീ സ്വന്തം സ്റ്റാളുകളും തിരുവള്ളൂർ, മയ്യന്നൂർ, കുറന്തോടി, ബാങ്ക്റോഡ് എന്നീ ഫ്രാഞ്ചൈസി സ്റ്റാളുകളും പ്രവർത്തിക്കുന്നു.

(ഡി) ഈ സ്റ്റാളുകളിലൂടെ പഴം-പച്ചക്കറികളുടെ ഏതൊക്കെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഹോർട്ടികോർപ്പ് സ്റ്റാളുകളിലൂടെ സീസൺ സമയത്ത് മറയൂർ ശർക്കര വിറ്റഴിക്കുന്നുണ്ട്. ഇതുകൂടാതെ തേൻ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ചക്ക തേൻ, പൈനാപ്പിൾ തേൻ, ഇഞ്ചി തേൻ തുടങ്ങിയ ഉല്പന്നങ്ങളും വിപണനം നടത്തി വരുന്നു.

(ഇ) കുടുംബശ്രീ യൂണിറ്റുകളെ ഹോർട്ടികോർപ്പുമായി ബന്ധിപ്പിക്കാനുള്ള പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

കുടുംബശ്രീ യൂണിറ്റുകളെ ഹോർട്ടികോർപ്പുമായി ബന്ധിപ്പിക്കാനുള്ള പദ്ധതി നിലവിലില്ല.

**ഇറിഗേഷൻ കനാലുകളിലെ എക്കൽ നീക്കം ചെയ്യൽ**

54 (4442) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഇറിഗേഷൻ കനാലുകളിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തികൾക്കായി കെ.എൽ.ഡി.സി. തൃശ്ശൂർ ജില്ലയിൽ ആകെ ചെലവഴിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ; ഇതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ ഇറിഗേഷൻ കനാൽ ആഴംകൂട്ടൽ, വിപുലീകരണം എന്നിവയ്ക്കായി കെ.എൽ.ഡി.സി.-ക്ക് 66.84 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 14.235 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം കനാലുകളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചത്; ഇതിനായി ഇതുവരെ ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന താഴെപ്പറയുന്ന കനാലുകളുടെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയാണ് ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

1. കോട്ടച്ചാൽ
2. ഏനമാക്കൽ
3. കടാംതോട് (ഇടത് വലത് തോടുകൾ)

4. ചെമ്മീൻചാൽ (ഇടത് വലത് തോടുകൾ)

5. മുല്ലശ്ശേരി 1,2 റീച്ചുകൾ

6. പെരുമ്പുഴ തോട് (ശാസ്താം കടവ് പാലം മുതൽ ഏനമ്മാക്കൽ കനാൽ വരെ) മേൽ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.

മണലൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾക്കായി 6.53 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ ഇനി പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തൃശ്ശൂർ കോളിൽ പാടശേഖരങ്ങളെ അടിസ്ഥാനമാക്കി ഏകദേശം 102 കോടി രൂപയുടെ 32 പ്രവൃത്തികളോളം നാളിതുവരെയായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| തൃശ്ശൂർ കോൾ ഏരിയ | |
|---|---|
| ക്രമ നമ്പർ | പ്രവൃത്തികൾ |
| 1 | പ്രധാന കനാലുകളുടെ ആഴം കൂട്ടൽ (മീ) 99708 |
| 2 | എഞ്ചിൻ ഷെഡ് (എണ്ണം) 59 |
| 3 | എഞ്ചിൻ തറ (എണ്ണം) 20 |
| 4 | കിട (എണ്ണം) 102 |
| 5 | റാംപ് (എണ്ണം) 67 |
| 6 | ഉൾച്ചാലുകളുടെ ആഴം കൂട്ടൽ (മീ) 130290 |
| 7 | ഫാം റോഡ് (മീ) 29750 |
| ആകെ തുക (ജി.എസ്.ടി. ഉൾപ്പെടെ) 95,78,79,600 | |
| 8 ശതമാനം സെന്റേജ് ചാർജ്ജ് | 6,84,19,971 |
| ആകെ തുക | 1,02,62,99,570 |

ഇതിൽ 63 കിലോ മീറ്ററോളം ഭാഗീകമായി പ്രധാന കനാലിൽ എക്കൽ നീക്കം ചെയ്യുന്ന പ്രവൃത്തിയും 5 എഞ്ചിൻ ഷെഡ്, ഒരു എഞ്ചിൻ തറ എന്നിവയുടെ നിർമ്മാണ പ്രവർത്തനവും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 14.235 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ തൃശ്ശൂർ കോളിലെ വിവിധ ഇടങ്ങളിലെ പാടശേഖരങ്ങളുടെ അടിസ്ഥാന വികസനത്തിനുതകുന്നതരത്തിൽ അവരുടെ ആവശ്യാനുസരണം ഉൾച്ചാലുകളുടെ ആഴം കൂട്ടൽ, റാംപ്, കിട, ഫാം റോഡ്, മറ്റ് അനുബന്ധ പ്രവൃത്തികൾ ഉൾപ്പെടെ ഏകദേശം 65 കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കിവരുന്നു.

**അഗ്രോസർവ്വീസ് കേന്ദ്രങ്ങൾ**

55 (4443) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2021-22 വർഷത്തിൽ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലാണ് അഗ്രോസർവ്വീസ് കേന്ദ്രങ്ങൾ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2021-22 വർഷത്തിൽ സംസ്ഥാനത്ത് അനുവദിക്കപ്പെടുന്ന പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ കൃഷിശ്രീ സെന്ററുകൾ എന്നായിരിക്കും അറിയപ്പെടുന്നത്. 2021-22-ൽ സംസ്ഥാനത്താകെ എട്ട് പുതിയ കൃഷിശ്രീ സെന്ററുകൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടർ 'പ്രവർത്തന നിർദ്ദേശങ്ങൾ' തയ്യാറാക്കിവരുന്നു. 'പ്രവർത്തന നിർദ്ദേശങ്ങളുടെ' അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന ആവശ്യകത അനുസരിച്ചാണ് ജില്ലകൾക്ക് കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നത്. ഒരു ബ്ലോക്കിൽ ഒരു കൃഷിശ്രീ സെന്ററാണ് അനുവദിക്കുക. ഓഫീസ് പ്രവർത്തിക്കുന്നതിന് 25m2 സ്ഥലസൗകര്യവും മെഷീനറി സൂക്ഷിക്കുന്നതിന് 200m2 സ്ഥലസൗകര്യവും അനുവദിക്കുന്ന ബ്ലോക്കുകൾക്ക് പുതിയ കൃഷിശ്രീ സെന്റർ അനുവദിക്കുന്നതാണ്. കൂടാതെ ഇതുവരെ ഒരു അഗ്രോസർവ്വീസ് സെന്ററും രൂപീകരിച്ചിട്ടില്ലാത്ത ബ്ലോക്കുകൾക്ക് മുൻഗണന നൽകുന്നതാണ്.

(ബി) ഓരോ അഗ്രോസർവ്വീസ് കേന്ദ്രത്തിനും പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഒരു അഗ്രോസർവ്വീസ് സെന്റർ (കൃഷിശ്രീ കേന്ദ്രം) സ്ഥാപിക്കുന്നതിന് 31.25 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

## കാങ്കോൽ സീഡ് ഫാം

56 (4444) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന കാങ്കോൽ സീഡ് ഫാമിനെ കാർഷിക പഠന കേന്ദ്രമാക്കി ഉയർത്തി കാർഷിക സർവ്വകലാശാലയ്ക്കുകീഴിൽ നൂതനമായ കോഴ്സുകൾ തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കാർഷികാനുബന്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ

57 (4445) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിന്റെ കീഴിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, ക്രോപ്പ് ഹെൽത്ത് ക്ലിനിക്കുകൾ, ബയോഫാർമസികൾ എന്നിവ കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നത് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേനയാണ്. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ കീടരോഗബാധയുടെ തോത് ശാസ്ത്രീയമായി ശേഖരിച്ച് സാങ്കേതിക ഉദ്യോഗസ്ഥർക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ കീടരോഗബാധ സംബന്ധിച്ച മുന്നറിയിപ്പുകളും നിയന്ത്രണത്തിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. ടി വിവരങ്ങൾ ക്രോപ്പ് പെസ്റ്റ് സർവ്വെയ്‌ലൻസ് സിസ്റ്റം (CPSS) എന്ന വെബ്സൈറ്റിൽ upload ചെയ്യുകയും ചെയ്യുന്നു. കൂടാതെ കീടരോഗനിയന്ത്രണത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും, കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറുലൈബ്രറികളും, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വ പരിശോധനയും സന്തുലിത വളപ്രയോഗം സംബന്ധിച്ച നിർദ്ദേശങ്ങളും നൽകുന്നുണ്ട്. കീടരോഗനിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ്ബുള്ളറ്റിനും നൽകുന്നുണ്ട്. ഇതുവഴി ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും, കീടബാധ

അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു. ചില അഗ്രോസർവ്വീസ് സെന്ററുകളോടനു ബന്ധിച്ച് പ്രവർത്തിക്കുന്ന ബയോഫാർമസികൾ മുഖേന ജൈവ കീടരോഗ നിയന്ത്രണോപാധികളായ ജൈവകീടനാശിനികൾ കർഷകർക്ക് ലഭ്യമാക്കുന്നു.

**അനങ്ങനടി വിത്തുല്പാദനകേന്ദ്രം**

58 (4446) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടിയിൽ പ്രവർത്തിക്കുന്ന വിത്തുല്പാദനകേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി സംസ്ഥാന വിത്തുൽപ്പാദന ഫാമിൽ ആകെ 17 ഏക്കർ ഭൂമിയുണ്ട്. അതിൽ 8 ഏക്കർ നെൽവയലുകളിൽ നിന്നും പ്രതിവർഷം 2 വിളകളിൽനിന്നായി 12 ടൺ നെൽവിത്തും 7 ഏക്കറിൽനിന്നും 1.5 ടൺ പച്ചക്കറി വിത്തും 25000 പച്ചക്കറിത്തൈകളും ഉൽപ്പാദിപ്പിച്ചുവരുന്നു. ബാക്കിയുള്ള 2 ഏക്കറിൽ നടീൽവസ്തുക്കളുടെ ഉൽപ്പാദനത്തിനായുള്ള പോളി ഹൗസ്, മഴമറ, പോട്ടിംഗ് ഷെഡുകൾ, 3 കുളങ്ങൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റ്, ഓഫീസ് കെട്ടിടം, തൊഴിലാളികളുടെ വിശ്രമ മുറി, ക്വാർട്ടേഴ്സ് എന്നിവ സ്ഥിതി ചെയ്യുന്നു.

(ബി) ഈ സ്ഥാപനത്തിന്റെ സൗകര്യങ്ങൾ, പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഫാമിന്റെ ഭൂമിയും കൃഷിയും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി ജില്ലാപഞ്ചായത്ത് 2021-22-ൽ 30 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ നടീൽ വസ്തുക്കളുടെ ഉത്പാദന പ്രക്രിയകൾക്കായുള്ള പോളി ഹൗസ്, മഴമറകൾ, പോട്ടിംഗ് ഷെഡുകൾ, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, പന്തൽ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി സുഭിക്ഷകേരളം പദ്ധതിയുടെ കീഴിൽ 10 ലക്ഷം രൂപയുടെ പദ്ധതി ജില്ലാപഞ്ചായത്ത് ഈ വർഷം നടപ്പിലാക്കുന്നുണ്ട്. കൃഷി വകുപ്പിൽനിന്നും 9.14 ലക്ഷം രൂപയുള്ള വിവിധ സ്കീമുകൾ മുഖേന ടി ഫാമിന്റെ ഉൽപ്പാദനം ഉയർത്തുന്നതിനും പച്ചക്കറി-നെൽ വിത്തുൽപ്പാദനത്തിനും സംസ്കരണത്തിനുമായി 2021-22-ൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. "നെൽ വിത്തുൽപ്പാദനം സീഡ് ഫാമുകളിലൂടെ" എന്ന സ്കീമിൽ 6.20 ലക്ഷവും, "ഒരു കോടി ഫല വൃക്ഷങ്ങൾ" എന്ന സ്കീമിൽ 1.20 ലക്ഷവും "നടീൽവസ്തുക്കളുടെ ഉൽപ്പാദനം" എന്ന സ്കീമിൽ 1.74 ലക്ഷം രൂപയും ഇതുവരെ നൽകിയിട്ടുണ്ട്. ഫാമിന്റെ ചുറ്റുമതിൽ പൂർത്തീകരണം, ചാലുകൾക്ക് കയർ

ഭൂവസ്തു സംരക്ഷണം, വരമ്പുകളുടെ പുനർനിർമ്മാണം, പച്ചക്കറിത്തൈകളുടെ ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കൽ, വന്യമൃഗങ്ങളിൽനിന്ന് പച്ചക്കറിത്തോട്ടത്തിന്റെ സംരക്ഷണം, മാതൃസസ്യത്തോട്ടം സ്ഥാപിക്കൽ, കുരുമുളക് തൈകൾക്കുള്ള ഷെഡ്, ലിഫ്റ്റ് ഇറിഗേഷൻ, പ്ലാസ്റ്റിക് കുളം നവീകരണം, കുളങ്ങളുടെ എക്കൽ നീക്കലും നന്നാക്കലും, തൊഴിലാളികളുടെ വിശ്രമഷെഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നവീകരണം എന്നീ പദ്ധതികൾകൂടി നടപ്പാക്കുവാൻ ഫാം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. ടി ഫാമിൽ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒരു കൃഷി അസിസ്റ്റന്റ് എന്നിവർ സേവനമനുഷ്ഠിക്കുന്നു. 19 സ്ഥിരം തൊഴിലാളികളുടെ തസ്തികകളുള്ളതിൽ 14 പേർ നിലവിൽ ജോലിചെയ്യുന്നു. ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 5 സ്ഥിരം തൊഴിലാളികളുടെ നിയമനം നടത്തുന്നതിനായി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇരിമ്പിളിയം കൃഷിഭവൻ നിർമ്മാണം**

59 (4447) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ഇരിമ്പിളിയം കൃഷിഭവന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് മലപ്പുറം ജില്ല മുഖ്യകൃഷി ഓഫീസറുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ആയത് കൃഷി വകുപ്പ് ഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത കൃഷിഭവന്റെ ശോചനീയാവസ്ഥ പരിഗണിച്ച് നടപ്പുവർഷത്തെ പ്ലാൻ ഫണ്ടിലോ മറ്റേതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി ആയത് പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ഇരിമ്പിളിയം കൃഷിഭവൻ കെട്ടിടം പുതുക്കി പണിയുന്നത് സംബന്ധിച്ച പ്രൊപ്പോസൽ മലപ്പുറം പ്രിൻസിപ്പൽ കൃഷിഓഫീസർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. നിലവിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷിഭവന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് നീക്കി വച്ചിട്ടില്ല. കൃഷിഭവനുകൾ അതത് പഞ്ചായത്തുകൾക്ക് കൈമാറി നൽകിയിട്ടുള്ളതിനാൽ കൃഷിഭവനുകളുടെ കെട്ടിടം പുതുക്കി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്.

## കൃഷി ഫാമുകളിലെ സ്ഥിരം തൊഴിലാളികളുടെ വേതനം

60 (4448) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിനുകീഴിലുള്ള വിവിധ ഫാമുകളിൽ എത്ര സ്ഥിരം തൊഴിലാളികൾ, താൽക്കാലിക തൊഴിലാളികളുണ്ടെന്ന് വിശദമാക്കാമോ?

കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ഫാമുകളിൽ 1911 സ്ഥിരം തൊഴിലാളികളും 998 താൽക്കാലിക തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്.

(ബി) 8-2-2021-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 25/2021/ധന. പ്രകാരം സർക്കാർ അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക 2021 മാർച്ചിലെ ശമ്പളത്തോടൊപ്പം സ്ഥിരം തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

8-2-2021-ലെ സ.ഉ.(അച്ചടി)നമ്പർ 25/2021/ധന ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് 4 ശതമാനം ക്ഷാമബത്ത അനുവദിച്ചിരുന്നു. ഫാം തൊഴിലാളികളുടെ ശമ്പളം സ്പാർക്ക് സംവിധാനം വഴിയാണ് മാറിനൽകുന്നത്. സർക്കാർ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കിയശേഷം പ്രത്യേകമായാണ് ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നത്. ആയതിനാൽ തൊഴിലാളികൾ നിലവിൽ വാങ്ങിവരുന്ന ശമ്പളത്തിനും അതിന് ആനുപാതികമായ ക്ഷാമബത്തയ്ക്കുമാണ് അർഹതയുള്ളത്. സ്പാർക്ക് സംവിധാനത്തിൽ ഇപ്പോൾ അനുവദിച്ച 3 ഗഡു ക്ഷാമബത്ത പ്രോസസ് ചെയ്യാൻ സാധിക്കാത്തതിനാൽ തൊഴിലാളികളുടെ ക്ഷാമബത്ത പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കാനാകാത്ത അവസ്ഥയാണ്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2021 മാർച്ച് മാസം മുതൽ വാർഷിക ശമ്പള വർദ്ധനവിന് അർഹരായ സ്ഥിരം തൊഴിലാളികൾക്ക് അത് നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഫാം തൊഴിലാളികൾക്ക് ഗ്രേഡ്, ഇൻക്രിമെന്റ്, ക്ഷാമബത്ത എന്നിവ അനുവദിക്കുമ്പോഴാണ് ശമ്പള വർദ്ധനവ് സാധാരണയായി ലഭിക്കുന്നത്. ഇപ്രകാരം ഏതാനും ഫാമുകളിൽ വാർഷിക വർദ്ധനവ് നൽകാൻ സാധിച്ചിട്ടുണ്ട്. സ്പാർക്ക് സംവിധാനത്തിൽ പ്രോസ്സസ് ചെയ്യാൻ സാധിക്കാത്തതിനാൽ മറ്റ് ഫാമുകളിൽ നൽകാൻ സാധിച്ചിട്ടില്ല. ഈ സാങ്കേതിക പ്രശ്നം പരിഹരിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ

61 (4449) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; ഇതിൽ എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൃഷി ഓഫീസർ തസ്തികയിൽ 112 ഒഴിവുകളാണ് നിലവിലുള്ളത്. 112 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം കൃഷി ഓഫീസുകളിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ കൃഷി ഓഫീസർമാരുടെ 12 ഒഴിവുകളാണുള്ളത്. അവ ചുവടെ പറയുന്ന ഓഫീസുകളിലാണ്.

1. മരുതറോഡ് കൃഷിഭവൻ
2. എലപ്പുള്ളി കൃഷിഭവൻ
3. തച്ചനാട്ടുകര കൃഷിഭവൻ
4. എരുമയൂർ കൃഷിഭവൻ
5. കോട്ടോപ്പാടം കൃഷിഭവൻ
6. മുതുമല കൃഷിഭവൻ
7. കരിമ്പുഴ കൃഷി ഭവൻ
8. മുതലമട കൃഷിഭവൻ
9. കണ്ണാടി കൃഷിഭവൻ
10. കുഴൽമന്ദം കൃഷിഭവൻ
11. കൊടുമ്പ് കൃഷിഭവൻ
12. MSTL പട്ടാമ്പി

## കൃഷി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

62 (4450) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാം കൃഷി ഓഫീസുകളിലാണെന്നും അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ 14 കൃഷി ഓഫീസുകളിലായി 14 കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നിലവിലുണ്ട്. പരളി, മരുതമല, വിളയൂർ, തിരുമിറ്റക്കോട്, കപ്പൂർ അമ്പലപ്പാറ, തൃത്താല, വെള്ളിനേഴി, ചെർപ്പുളശ്ശേരി, നെല്ലായ, പട്ടാമ്പി, ശ്രീകൃഷ്ണപുരം, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി എന്നീ കൃഷിഭവനുകളിലും നെല്ലിയാമ്പതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിലുമാണ് ഓരോ ഒഴിവുകൾ വീതം നിലവിലുള്ളത്.

## അരൂർ മണ്ഡലത്തിലെ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

63 (4451) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റു മാരുടെയും തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിലില്ല. പെരുമ്പളം കൃഷിഭവനിൽ രണ്ടും തുറവൂർ, പട്ടണക്കാട് കൃഷിഭവനുകളിൽ ഓരോന്ന് വീതവും കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുറ്റ്യാടി മണ്ഡലത്തിലെ കൃഷി ഭവനുകളിലെ നിയമനം

64 (4452) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എത്ര ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ടെന്ന് തസ്തിക സഹിതം അറിയിക്കാമോ?

അഗ്രിക്കൾച്ചർ ഓഫീസർമാരുടെ 3 ഒഴിവുകളും അഗ്രിക്കൾച്ചർ അസിസ്റ്റൻറുമാരുടെ 16 ഒഴിവുകളും നിലവിലുണ്ട്.

(സി) ഒഴിവുള്ള തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഒഴിവുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പി.എസ്.സി. നിയമനം വൈകാൻ സാധ്യതയുണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അടിയന്തര നിയമനം നടത്താനുള്ള പദ്ധതി ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നാല് അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ കൃഷിഭവനുകൾ**

65 (4453) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അഗ്രികൾച്ചർ ഓഫീസർ/ അസിസ്റ്റന്റുമാർ എന്നിവരില്ലാത്ത എത്ര കൃഷി ഭവനുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ കുഴൽമന്ദം, എരിമയൂർ കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാരുടെ മാത്രം ഓരോ ഒഴിവാണുള്ളത്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

നിലവിൽ റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാർഷിക വികസന കർഷക ക്ഷേമവകുപ്പിലെ ആഡിറ്റ് റിപ്പോർട്ട്**

66 (4454) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ ജില്ലാ കാര്യാലയങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ സഹായിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ?

26-11-2019-ലെ സ.ഉ.(സാധാ)നമ്പർ 1137/2019/കൃഷി നമ്പർ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ കൃഷിഓഫീസറുടെ കീഴിലുള്ള കാര്യാലയങ്ങളിൽ ബന്ധപ്പെട്ട അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിൽ നടത്തുന്ന ആഭ്യന്തര കണക്ക് പരിശോധനകളുടെ സമാഹൃത റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ബന്ധപ്പെട്ട കൃഷി ഡെപ്യൂട്ടിഡയറക്ടർ (ക്രെഡിറ്റ്)-ന്റെ സഹായം തേടാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കൃഷിഭവൻ തലത്തിലുള്ള ഇന്റേണൽ ആഡിറ്റ് നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇത് വകുപ്പിന്റെ ആഡിറ്റ് സംവിധാനത്തെ ദുർബ്ബലപ്പെടുത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) എങ്കിൽ ആഡിറ്റ് സംവിധാനം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**കുട്ടനാട്ടിലെ കൃഷിനാശം**

67 (4455) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കത്തെ തുടർന്ന് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ തുടർച്ചയായി കൃഷിനാശം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

കുട്ടനാട് പാടശേഖരങ്ങൾ താഴ്ന്ന പ്രദേശമായതിനാൽ തോടുകളിൽനിന്നും കയറുന്ന വെള്ളം വറ്റിച്ച് പിന്നീട് മട കുത്തി സംരക്ഷിച്ച സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്. മണിമല, പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ ജലനിരപ്പ് ഉയരുന്നതുമൂലം തോടുകളിൽ വെള്ളത്തിന്റെ ശക്തമായ ജലപ്രവാഹംമൂലം മടവീഴ്ചയുണ്ടായി കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. കൂടാതെ അപ്പർകുട്ടനാട്ടിലെ തോടുകളിലെ പോളകളുടെ വളർച്ചയും തോടുകളിലും മറ്റും എക്കൽ അടിയുന്നതുംമൂലം നീരൊഴുക്ക് തടസ്സപ്പെടുന്നതും അടിക്കടി വെള്ളപ്പൊക്കം ഉണ്ടാകുന്നതിന് കാരണമാകുകയും ആയതുമൂലം കൃഷിനാശം ഉണ്ടാകുകയും ചെയ്യുന്നു.

(ബി) തോട്ടപ്പള്ളി സ്പിൽവേയിൽ കടലിലേക്കുള്ള നീരൊഴുക്കിന്റെ കുറവും തോട്ടപ്പള്ളി മേഖലയിലെ കരിമണൽ ഖനനവും കുട്ടനാട്ടിലെ കൃഷിയെ ബാധിക്കുന്നുണ്ടോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലീഡിംഗ് ചാനലിലെ തടസ്സങ്ങൾമൂലം തോട്ടപ്പള്ളി സ്പിൽവേയിലേക്കുള്ള നീരൊഴുക്കിന് ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. കടൽ പ്രക്ഷുബ്ധമായ വേളകളിൽ സ്പിൽവേയിലൂടെയുള്ള ഒഴുക്കിനെക്കാൾ താരതമ്യേന വർദ്ധിച്ച നീരൊഴുക്ക് തോട്ടപ്പള്ളിയിൽനിന്ന് ടി.എസ്. കനാലിലൂടെ ശാന്തമായ സാഹചര്യങ്ങളുള്ള കായംകുളം കായലിലേക്കുള്ളതായി കണ്ടിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയിലൂടെയുള്ള നീരൊഴുക്ക് കുറയുന്നത് കുട്ടനാട്ടിലെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. തോട്ടപ്പള്ളിയിൽനിന്നും കരിമണൽ നീക്കം ചെയ്യുന്നത് കുട്ടനാട്ടിലെ കൃഷിയെ ഏത് വിധത്തിൽ സ്വാധീനിക്കുന്നു എന്നതിനെക്കുറിച്ച് കൃഷി വകുപ്പിനുകീഴിൽ പ്രത്യേകമായ ഒരു പഠനവും നടത്തിയിട്ടില്ല.

**ശ്രീ. മുഹമ്മദ് ഖാലിദിന് കർഷക പെൻഷൻ ലഭ്യമാക്കാൻ നടപടി**

68 (4456) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. മുഹമ്മദ് ഖാലിദ്, കക്കടവത്ത് ഹൗസ്, ഗ്രീൻ പാർക്ക് സ്ട്രീറ്റ്, പട്ടാമ്പി എന്ന വ്യക്തിക്ക് 2019 ആഗസ്റ്റ് മുതൽ 2020 ഏപ്രിൽ വരെ കർഷക പെൻഷൻ ലഭിക്കാതിരുന്നത് എന്ത് കാരണത്താലാണെന്ന് വിശദീകരിക്കാമോ; ഇത്തരത്തിൽ കുടിശ്ശികയാവുന്ന പെൻഷൻ തുക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

&

(ബി) ശ്രീ. മുഹമ്മദ് ഖാലിദിന് 2019 ആഗസ്റ്റ് മുതൽ 2020 ഏപ്രിൽ വരെയുള്ള കർഷക പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ചെറുകിട നാമമാത്ര കർഷക പെൻഷൻ ലഭിക്കുന്നതിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മസ്റ്ററിംഗ് യഥാസമയം നടത്താത്തതിനാലാണ് ശ്രീ. മുഹമ്മദ് ഖാലിദ്, കക്കടവത്ത്ഹൗസ്, ഗ്രീൻ പാർക്ക് സ്ട്രീറ്റ്, പട്ടാമ്പി എന്ന വ്യക്തിക്ക് 2019 ആഗസ്റ്റ് മുതൽ 2020 ഏപ്രിൽ വരെ കർഷക പെൻഷൻ ലഭിക്കാതിരുന്നത്. കുടിശ്ശികയായ പെൻഷൻ തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**കാർഷിക മേഖലയുടെ വികസനത്തിനായുള്ള പദ്ധതികൾ**

69 (4457) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയെന്തെന്ന് വെളിപ്പെടുത്താമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പെരിയ പ്ലാന്റേഷൻ സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾ

70 (4458) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേ 66-നോട് ചേർന്നുള്ള പെരിയ പ്ലാന്റേഷൻ സ്ഥലത്ത് സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള കോമ്പൗണ്ടിന് എതിർവശത്തായി വകുപ്പ് വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗമില്ലാതെ നാശോന്മുഖമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, ബേക്കൽ ടൂറിസം ഡെസ്റ്റിനേഷൻ ഏരിയ, പ്രധാന ജംഗ്ഷൻ എന്നിങ്ങനെയുള്ള ഏറ്റവും പ്രധാന കേന്ദ്രത്തിൽ നിർമ്മിച്ച ഈ കെട്ടിടങ്ങൾ പ്രയോജനപ്പെടുത്തി എന്തെങ്കിലും പദ്ധതി തുടങ്ങാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ എതിർവശത്തായി സ്ഥിതി ചെയ്യുന്നതും പ്ലാന്റേഷൻ കോർപ്പറേഷൻ നിർമ്മിച്ചിട്ടുള്ളതുമായ രണ്ട് കെട്ടിടങ്ങളിൽ, നിലവിൽ ഒരു കെട്ടിടം കോർപ്പറേഷൻ ഐ.ബി. ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നതും, മറ്റൊന്നിൽ നിരോധിച്ചതും നിർവീര്യമാക്കാനുള്ളതുമായ എൻഡോസൾഫാൻ കാസർഗോഡ് ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ സൂക്ഷിച്ചുവച്ചിട്ടുള്ളതുമാകുന്നു.

## പാറശ്ശാല മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി

71 (4459) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് അഗ്രോസർവ്വീസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക സേവന കേന്ദ്രങ്ങളുടെ രൂപീകരണമെന്ന പദ്ധതി പ്രകാരം ഒരു ബ്ലോക്കിന് ഒരു അഗ്രോസർവ്വീസ് സെന്ററാണ് അനുവദിക്കുന്നത്. പാറശ്ശാല നിയോജകമണ്ഡലത്തിൽ ആര്യൻകോട് ബ്ലോക്കിൽ പെരുങ്കടവിളയിൽ ഒരു അഗ്രോസർവ്വീസ് സെന്റർ 2019-20-ൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ഒരു കാർഷിക കർമ്മസേനയും പ്രവർത്തിക്കുന്നുണ്ട്.

(ബി) പുതുതായി അഗ്രോസർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ബ്ലോക്ക് അടിസ്ഥാനത്തിലാണ് അഗ്രോസർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നത്. 2021-22 സാമ്പത്തിക വർഷം മുതൽ അഗ്രോസർവ്വീസ് സെന്ററുകൾ കൃഷിശ്രീ സെന്ററുകൾ എന്നറിയപ്പെടുന്നു. കാർഷിക സേവന കേന്ദ്രങ്ങൾക്ക് വേണ്ടുന്ന ഓഫീസ് പ്രവർത്തിക്കുന്നതിന് $25m^2$ വിസ്തീർണ്ണമുള്ള മുറിയും, മെഷിനറി സൂക്ഷിക്കുന്നതിന് $200m^2$ സ്ഥലസൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്കിനാണ് കൃഷിശ്രീ സെന്ററുകൾ അനുവദിക്കുക. അതത് ജില്ലകളിലെ ആത്മ പ്രോജക്ട് ഡയറക്ടർ പരസ്യം നൽകി ഏത് ബ്ലോക്കിലാണ് കൃഷിശ്രീ സെന്ററുകൾ ആവശ്യം എന്നതനുസരിച്ച് പുതിയവ അനുവദിക്കുന്നു. ഒരു ബ്ലോക്കിൽ ഒരു കൃഷിശ്രീ സെന്റർ മാത്രമെ അനുവദിക്കുകയുള്ളൂ.

(സി) പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അഗ്രോസർവ്വീസ് സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

പെരുങ്കടവിള ബ്ലോക്കിലെ കാർഷിക സേവനകേന്ദ്രത്തിന്റെ വിപുലീകരണത്തിന് ബിസിനസ് പ്ലാൻ തയ്യാറാക്കി സ്ഥലം എം.എൽ.എ. അദ്ധ്യക്ഷനായ ബ്ലോക്കുതല ഉപദേശകസമിതിയിൽ ചർച്ച ചെയ്ത് അംഗീകരിച്ച് നടപ്പാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

**വയനാട് പാക്കേജ്**

72 (4460) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇതുസംബന്ധിച്ച് കൃഷിവകുപ്പിന് സർക്കാർ നിർദ്ദേശങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ആയവ എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) വയനാട് പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുദ്ധാരണം എന്ന പദ്ധതിക്കായി 1,335 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ സംയോജിത കുരുമുളക് കൃഷി വികസനം (500 ലക്ഷം രൂപ), സംയോജിത കാപ്പി കൃഷി വികസനം (500 ലക്ഷം രൂപ), ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയുടെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ (125 ലക്ഷം രൂപ), വെള്ളപ്പൊക്ക നിവാരണം (210 ലക്ഷം രൂപ) എന്നീ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. കൃഷി വകുപ്പിന്റെ അംഗീകരിക്കപ്പെട്ട 2021-22-ലെ ആന്വൽ പ്ലാൻ പ്രകാരമാണ് മേൽ പറഞ്ഞ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവകൂടാതെ വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി സമർപ്പിച്ച പ്രോജക്ട് 2021-22 വർഷം നടപ്പിൽ വരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ ഉല്പാദനവും കയറ്റുമതിയും**

73 (4461) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദൈനംദിന ആവശ്യത്തിനുവേണ്ട പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ തോത് എത്ര; അവയിൽ എത്രത്തോളം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്; ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതിന്റെ തോത് എത്ര; വ്യക്തമാക്കുമോ?

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ശിപാർശപ്രകാരം ഒരു വ്യക്തിക്ക് പ്രതിദിനം 400 ഗ്രാം പഴം പച്ചക്കറിയാണ് ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇതുപ്രകാരം സംസ്ഥാനത്തിന്റെ നിലവിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി 14246 മെട്രിക് ടൺ പഴം പച്ചക്കറികളാണ് ദിനംപ്രതി ആവശ്യമായിവരുന്നത്. ഇതിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം 8826 മെട്രിക് ടൺ പഴം-പച്ചക്കറിയാണ്, ശേഷിക്കുന്ന 5420 മെട്രിക് ടണ്ണിനായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

(ബി) ദൈനംദിനം സംസ്ഥാനത്തുനിന്ന് വിദേശത്തേക്കും മറ്റ് ഇതര സംസ്ഥാനങ്ങളിലേക്കും കയറ്റി അയയ്ക്കുന്ന പഴം-പച്ചക്കറി വർഗ്ഗങ്ങളുടെ തോത് എത്ര; ഏതൊക്കെ വിദേശ രാജ്യങ്ങളിലേയ്ക്കാണ് ഇത്തരത്തിൽ കയറ്റി അയയ്ക്കുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്. പി.സി.കെ.) വഴി 2021 മാർച്ച് മുതലാണ് വിദേശത്തേയ്ക്ക് പഴം-പച്ചക്കറി കയറ്റുമതി ആരംഭിച്ചത്. വി.എഫ്.പി.സി.കെ. വഴി 2021 മാർച്ച് മുതൽ 2021 ജൂലൈ വരെ 42 മെട്രിക് ടൺ പഴം-പച്ചക്കറികൾ കുവൈറ്റ്, ലണ്ടൻ, സിംഗപ്പൂർ, ദുബായ് എന്നീ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിട്ടുണ്ട്.

### കൃഷി ആയുധങ്ങളുടെ നിർമ്മാണം

74 (4462) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആയുധങ്ങൾ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ഇതിനുവേണ്ടി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ യൂണിറ്റുകളോട് അനുബന്ധിച്ചുള്ള വർക്ക്ഷോപ്പുകളിൽ ചെറിയ കൃഷി സാമഗ്രികൾ നിർമ്മിച്ചുവരുന്നുണ്ട്. കൃഷി വകുപ്പിനുകീഴിൽ തന്നെയുള്ള മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ മെഷിനറി കോർപ്പറേഷനിൽ (കാംകോ) പവർ ടില്ലർ, പവർ റീഡർ, പവർ റീപ്പർ, കോണോ വീഡർ, മിനി ട്രാക്ടർ, മൈക്രോ വീഡർ, ഗാർഡൻ ടില്ലർ, ബ്രഷ് കട്ടർ, പമ്പ്സെറ്റ് തുടങ്ങിയ യന്ത്രങ്ങളും നിർമ്മിച്ചുവരുന്നുണ്ട്.

(ബി) ഷൊർണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കാർഷിക ഉപകരണങ്ങൾ കർഷകർക്ക് ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം വിപണന സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ അഗ്രോ ബസാറിലൂടെയും, കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ ചിതൽവെട്ടി എസ്റ്റേറ്റിലെ വാഴപ്പാറയിലുള്ള ഹൈടെക് നഴ്സറി സെയിൽസ് ഔട്ട്ലെറ്റ് മുഖേനയും, പട്ടാമ്പി അഗ്രോ സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അഗ്രിമാൾ വഴിയും കരിമ്പ എക്കോഷോപ് മുഖേനയും മെറ്റൽ ഇൻഡസ്ട്രീസ് നിർമ്മിക്കുന്ന കൃഷി ആയുധങ്ങൾ വിൽപ്പന നടത്തുന്നുണ്ട്.

### കുരുമുളക് കൃഷി പ്രോത്സാഹനം

75 (4463) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നുണ്ട്; പ്രതിവർഷ ഉല്പാദനം എത്രയാണ്; കഴിഞ്ഞ സാമ്പത്തിക വർഷം കുരുമുളക് കയറ്റുമതി ഇനത്തിൽ എത്ര തുക ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2019-20 കാർഷിക വർഷകാലത്ത് 83765 ഹെക്ടറിൽ കുരുമുളക് കൃഷി ചെയ്തിട്ടുണ്ട്. ടി കാലയളവിൽ കുരുമുളകിന്റെ ഉൽപ്പാദനം 34545 ടൺ ആണ്. കുരുമുളകിന്റെ കയറ്റുമതി സംബന്ധിച്ച് കഴിഞ്ഞ സാമ്പത്തികവർഷം

എത്ര തുക ലഭ്യമായിട്ടുണ്ടെന്ന കണക്ക് സംസ്ഥാനതലത്തിൽ ലഭ്യമല്ല. ദേശീയ തലത്തിലുള്ള കണക്കനുസരിച്ച് 2019-20 വർഷത്തിൽ 57,370.94 ലക്ഷം രൂപയ്ക്ക് കുരുമുളകിന്റെ കയറ്റുമതി നടത്തിയതായി സ്പൈസസ് ബോർഡ് കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) കുരുമുളക് കൃഷി പ്രോത്സാഹനത്തിനായി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; കൂടുതൽ കർഷകരെ ആകർഷിക്കാൻ പ്രസ്തുത പദ്ധതികൾക്ക് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കുരുമുളക് കൃഷി പ്രോൽസാഹനത്തിനായി കൃഷി വകുപ്പ് സുഗന്ധവിള വികസനം, വയനാട് ജില്ലയുടെ കാർഷികമേഖലയുടെ പുനരുജ്ജീവനം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സുഗന്ധവിള വികസനപദ്ധതി പ്രകാരം, ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ കൃഷി വികസനത്തിനായി സംയോജിത കുരുമുളക് കൃഷി വികസനം നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ പുതുതായി കുരുമുളക് കൃഷി ചെയ്യുന്നതിന് ധനസഹായം (ഹെക്ടറിന് 20,000 രൂപ നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് 1350 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 270 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), കർഷകർ വികസിപ്പിച്ചെടുത്ത കുരുമുളകിന്റെ പ്രദർശനതോട്ടത്തിന് ധനസഹായം (25 സെന്റ് വീതമുള്ള 10 പ്രദർശനതോട്ടത്തിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് ഒരു ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), കുരുമുളകിന്റെ സെക്കന്ററി, സൂക്ഷ്മ മൂലകങ്ങൾക്ക് ധനസഹായം (ഹെക്ടറിന് 500 രൂപ നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് 1000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്), മണ്ണിന്റെ പരിപോഷണമൂല്യം മെച്ചപ്പെടുത്തലിന് ധനസഹായം (ഹെക്ടറിന് 5,400 രൂപ നിരക്കിൽ 1200 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ 64.8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്), കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരെ സ്പ്രേയിംഗ് നടത്തുന്നതിന് ധനസഹായം (ഹെക്ടറിന് 10,000 രൂപ വീതം ധനസഹായം നൽകിക്കൊണ്ട് 1442 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ 144.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), കുരുമുളക് സമിതികളുടെ പുനരുജ്ജീവനം (സമിതിയൊന്നിന് 25,000 രൂപ നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് 40 സമിതികളുടെ പുനരുജ്ജീവനത്തിന് 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു) എന്നിവ നടപ്പിലാക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിന് പദ്ധതിയേതര ചെലവുകൾക്കായി 5 ലക്ഷം രൂപയും ചേർത്ത്, ആകെ 500 ലക്ഷം രൂപ, ഇടുക്കി ജില്ലയുടെ കുരുമുളക് കൃഷി വികസനത്തിനായി വകയിരുത്തിയിരിക്കുന്നു. കൂടാതെ സംസ്ഥാനത്തൊട്ടാകെ കുരുമുളക് കൃഷി വ്യാപനം നടപ്പിലാക്കുന്നതിന്, കുരുമുളകിന്റെ കൃഷിവ്യാപനം എന്ന പദ്ധതി ഘടകത്തിൽ ഹെക്ടറിന് 20,000 രൂപ

നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് 500 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കു ന്നതിന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കുരുമുളകിന്റെ 20 വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് നഴ്സറിയൊന്നിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിന് 6 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം എന്ന പദ്ധതി ഘടകം മുഖേന, കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് 2000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വയനാട് ജില്ലയുടെ കാർഷികമേഖലയുടെ പുനരുദ്ധാരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളകിന്റെ കൃഷി പ്രോൽസാഹനത്തിനായി 500 ലക്ഷം രൂപ വകയിരുത്തിക്കൊണ്ട് വയനാട് ജില്ലയിൽ സംയോജിത കുരുമുളക് കൃഷി വികസനം നടപ്പിലാക്കുന്നു. ഇതിൽ പുതുതായി കുരുമുളക് കൃഷി ചെയ്യുന്നതിന് ധനസഹായം (300 ഹെക്ടറിൽ പദ്ധതി നടപ്പാക്കുന്നതിന് 60 ലക്ഷം രൂപവകയിരുത്തിയിരിക്കുന്നു), കുരുമുളകിന്റെ സമഗ്രവികസനത്തിന് ധനസഹായം (1800 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ 360 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് ധനസഹായം (4 നഴ്സറികൾക്കായി 1.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), ജൈവ കീടനാശിനി, സൂക്ഷ്മമൂലകങ്ങൾ എന്നിവയ്ക്ക് ധനസഹായം (2730 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 54.6 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ നടപ്പിലാക്കുന്നതിന് ധനസഹായമായി 4.2 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പുതിയ സാങ്കേതികവിദ്യകൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രദർശനതോട്ടങ്ങൾക്ക് ധനസഹായം (40 പ്രദർശനതോട്ടത്തിന് 4 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു), കുരുമുളക് സമിതികളുടെ ശാക്തീകരണത്തിന് ധനസഹായം (140 സമിതികളുടെ ശാക്തീകരണത്തിന് 14 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ജില്ലാതല, ബ്ലോക്കുതല പ്രവർത്തനങ്ങൾക്കായി ധനസഹായം (2 ലക്ഷം രൂപ) എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം തന്നെ ഫലപ്രദമായി നടപ്പിലാക്കി വരുന്നതിനാൽ, കർഷകരെ ആകർഷിക്കാൻ പ്രസ്തുത പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്.

**സമാശ്വാസ നിയമനം**

76 (4464) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് ആയിരിക്കെ 28-2-2018-ന് മരണമടഞ്ഞ അരുൺ ആനന്ദിന്റെ ഭാര്യയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മരണമടഞ്ഞ അരുൺ ആനന്ദിന്റെ ഭാര്യ ശ്രീമതി മണിക്കുട്ടി എൻ.-ന്, 30-5-2019-ലെ സ.ഉ.(കൈ)നമ്പർ 68/2019/കൃഷി ഉത്തരവ് പ്രകാരം, കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ, നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) നിയമനം നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായി ആവശ്യപ്പെട്ടിരിക്കുന്നവരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി മണിക്കുട്ടി എൻ. 16-ാം സ്ഥാനത്താണ്. ക്ലാർക്ക് തസ്തികയിൽ ആകെയുള്ള ഒഴിവിൽ, നിലവിലുള്ള ചട്ടപ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി പ്രത്യേകം നീക്കിവച്ചിട്ടുള്ള ഒഴിവനുസരിച്ച്, സീനിയോറിറ്റി പ്രകാരം ടിയാളുടെ ഊഴമെത്തുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

**ഔഷധസസ്യ കൃഷി വ്യാപനം**

77 (4465) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

&

(ബി) ഇതുപ്രകാരം ഔഷധസസ്യ തൈകൾ വീടുകൾതോറും സൗജന്യമായി വിതരണം ചെയ്യാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തിൽ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് ഫാമുകൾ മുഖേന ഔഷധ സസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുള്ള വാണിജ്യ കൃഷി, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥലങ്ങളിൽ ഔഷധ സസ്യകൃഷി, പ്രാഥമിക സംസ്കരണ യൂണിറ്റുകൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾ നടത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഔഷധ സസ്യങ്ങൾ വീടുതോറും സൗജന്യമായി വിതരണം ചെയ്യുന്നതിന് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടില്ല.

(സി) കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് ന്യായവില ലഭിക്കുന്നതിനായി ഔഷധിയുമായിചേർന്ന് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തെരഞ്ഞെടുത്ത ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യ കൃഷി ആരംഭിക്കുന്നതിന് മുമ്പ് കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങളും മറ്റുവസ്തുവകകളും ന്യായവിലയ്ക്ക് എടുത്തുകൊള്ളാമെന്ന് ഔഷധ നിർമ്മിതാക്കളുമായി സമ്മത പത്രത്തിൽ ഒപ്പുവയ്ക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## ബയോഗ്യാസ് പ്ലാന്റ്

78 (4466) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്ന ഉപഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ?

ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്ലാന്റിന്റെ വലുപ്പമനുസരിച്ച് ധനസഹായം നൽകുന്നു. കൂടാതെ ഉപഭോക്താക്കൾക്ക് ബയോ ഗ്യാസ് പ്ലാന്റിന്റെ ഉപയോഗവും പരിപാലനവും സംബന്ധിച്ച പരിശീലനവും നൽകുന്നുണ്ട്. കേന്ദ്ര-സംസ്ഥാന ധനസഹായം സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

കേന്ദ്രസഹായത്തിന് പുറമേ, 2019-2020 മുതൽ സംസ്ഥാന സർക്കാർ $2M^3$-$6M^3$ വരെയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ജനറൽ വിഭാഗത്തിന് 8,000 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 9,000 രൂപയും അധിക സഹായമായി നൽകിവരുന്നു.

## കാർഷിക യന്ത്രസേവനങ്ങൾ

79 (4467) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കാർഷിക യന്ത്ര സേവനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകുമോ; യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി തീർക്കാൻവേണ്ട നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ നാല് അഗ്രോസർവ്വീസ് സെന്ററുകളും 11 കാർഷിക കർമ്മസേനകളും കാസർഗോഡ് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു കസ്റ്റം ഹയറിംഗ് സെന്ററും കൃഷി വകുപ്പിന്റെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പുല്ലൂർ പെരിയ അഗ്രോസർവ്വീസ് സെന്ററിന് ഒരു കൊയ്ത്തുമെതിയന്ത്രവും ഒരു വയ്ക്കോൽ കെട്ടുന്ന യന്ത്രവും നീലേശ്വരം അഗ്രോസർവ്വീസ് സെന്ററിന് ഒരു വയ്ക്കോൽ കെട്ടുന്ന യന്ത്രവും 32 ലക്ഷം രൂപ ചെലവിൽ നൽകിയിട്ടുണ്ട്. കേരളത്തിലുടനീളമുള്ള കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മസേനകൾ എന്നിവയുടെ കീഴിലുള്ള കേടായ എല്ലാ കാർഷിക യന്ത്രങ്ങളും നന്നാക്കുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷൻ 'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം' എന്ന ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനായി ജില്ലകൾതോറും കാർഷിക യന്ത്ര ദൗത്യസേനകളെ രൂപീകരിച്ചിട്ടുണ്ട്. കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിലായി കാസർഗോഡ് ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മസേനകളുടെയും കീഴിലുള്ള എട്ട് ട്രാക്ടർ, രണ്ട് മിനി ട്രാക്ടർ, മൂന്ന് പവർ ടില്ലർ, നാല് ഗാർഡൻ ടില്ലർ, രണ്ട് നടീൽ യന്ത്രം, അഞ്ച് പവർ റീപ്പർ, ഒൻപത് ബ്രഷ് കട്ടർ, മൂന്ന് സ്പ്രേയർ, ഒരു റോട്ടവേറ്റർ എന്നിവ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനയോഗ്യമാക്കിയിട്ടുണ്ട്. 2021 ജൂലൈ, സെപ്റ്റംബർ എന്നീ മാസങ്ങളിലായി നടത്തുന്ന കാർഷിക യന്ത്ര പരിരക്ഷണ യജ്ഞത്തിന്റെ നാലാം ഘട്ടത്തിൽ കാസർഗോഡ് ജില്ലയിലെ കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മസേനകളുടെയും കീഴിലുള്ള കേടായ എല്ലാ കാർഷിക യന്ത്രങ്ങളുടെയും വിവരം ശേഖരിച്ച് അറ്റകുറ്റപണി ചെയ്ത് പ്രവർത്തന സജ്ജമാക്കുന്നതാണ്. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പ്രവർത്തി പരിചയ പരിശീലന ത്തിനുമായി കേരള സംസ്ഥാന കാർഷിക യന്ത്രവത്ക്കരണ മിഷന്റെ (KSAMM) നേതൃത്വത്തിലുള്ള ടീം കാർഷിക യന്ത്ര പരിരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പ്രവർത്തിപരിചയ പരിശീലനം നൽകിവരുന്നു. SMAM പദ്ധതി പ്രകാരം 1.27 കോടി രൂപ വിവിധ യന്ത്രങ്ങൾക്ക് ആനുകൂല്യമായി കഴിഞ്ഞവർഷം കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. SMAM പദ്ധതി ഈ വർഷവും നടപ്പിലാക്കുന്നതിനാൽ ഇത്തരം യന്ത്രങ്ങൾ ആവശ്യമുള്ള കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നതാണ്.

**ഓണക്കാല പച്ചക്കറി കൃഷി**

80 (4468) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം അടുത്തുവരുന്ന സാഹചര്യത്തിൽ പച്ചക്കറികളുടെ ആവശ്യകത വർദ്ധിക്കാനും അതുവഴി വില കൂടാനുമുള്ള സാധ്യത പരിഗണിച്ച് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2021-22 വർഷത്തിൽ നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി 2021-22 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നത്. പദ്ധതി പ്രകാരം 10 രൂപ വിലവരുന്ന 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ, 150 ലക്ഷം പച്ചക്കറി തൈകൾ എന്നിവ കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ പച്ചക്കറി കൃഷിക്ക് ജൈവകൃഷി രീതികൾക്ക് പ്രധാന്യം നല്കുന്നതിലൂടെ ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ലഭ്യമാകുകയും, അന്യസംസ്ഥാനങ്ങളിൽനിന്നുമുള്ള പച്ചക്കറികളുടെ ഇറക്കുമതിയുടെ തോത് കുറയ്ക്കുന്നതിനും സാധിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ക്ലസ്റ്ററുകളിൽ ഓണക്കാലത്തേക്കായി പച്ചക്കറി കൃഷി ചെയ്തുവരുന്നു. ഇതിനായി ക്ലസ്റ്റർ ഒന്നിന് 1 മുതൽ 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. ഇതിലുപരി പമ്പ്സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും ഉണഭോക്താക്കൾക്ക് ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുന്നതിനും 2000 ഓണവിപണികൾ സംസ്ഥാന കൃഷി വകുപ്പ് 17-8-2021 മുതൽ 20-8-2021 വരെയുള്ള 4 ദിവസങ്ങളിൽ സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ 14 ജില്ലകളിലും കൃഷിവകുപ്പ് സൗകര്യദാതാവായി പ്രവർത്തിച്ചുവരുന്ന വിവിധ വിപണികൾ, അഗ്രോസർവ്വീസ് സെന്ററുകൾ, ഹോർട്ടികോർപ്പിന്റെ ഉടമസ്ഥതയിലുള്ളതും ഫ്രാൻഞൈസികളുമായ റീറ്റെയ്ൽ ഔട്ട്ലെറ്റുകൾ, അധിക ഉത്സവകാല വിപണികൾക്കായി പ്രത്യേകമായുള്ള ഔട്ട്ലെറ്റുകൾ, വി.എഫ്.പി.സി.കെ. ഔട്ട്ലെറ്റുകൾ എന്നിവ മുഖേന ഉത്സവകാല പഴം, പച്ചക്കറി വിപണികൾ പ്രവർത്തിപ്പിക്കുക. കൃഷി വകുപ്പ് 1350 എണ്ണം, ഹോർട്ടികോർപ്പ് 500 എണ്ണം, വി.എഫ്.പി.സി.കെ. 150 എണ്ണം എന്ന ക്രമത്തിൽ വിപണികൾ പ്രവർത്തിപ്പിക്കുവാൻ കൃഷി വകുപ്പ് ലക്ഷ്യമിട്ടിട്ടുണ്ട്. ഉത്സവ സമയങ്ങളിൽ

കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുക, ഉത്സവകാലങ്ങളിൽ തുറന്ന വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുക, ഉപഭോക്താക്കൾക്ക് ന്യായവില ലഭ്യമാക്കുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. ഉത്സവ കാലങ്ങളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽനിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10 ശതമാനം അധികം വില നൽകി സംഭരിക്കുന്നതാണ്. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതുവിപണി വിൽപ്പന വിലയിൽനിന്നും 30 ശതമാനം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതാണ്. ഓണവിപണി ലക്ഷ്യമിട്ട് കർഷകർ ഉല്പാദിപ്പിച്ചിട്ടുള്ള പരമാവധി ഗുണമേന്മയുള്ള ഉത്പന്നങ്ങൾ സംഭരിച്ച് ന്യായവിലയ്ക്ക് വിതരണം നടത്തുന്നതിന് കൃഷി വകുപ്പ് ലക്ഷ്യമിടുന്നു.

(ബി) പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം വ്യക്തമാക്കാമോ?

പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കാനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

<u>സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u>:

സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യഘടകം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകിവരുന്നു. ഇതിനായി ഈ

സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു. ഈ ഘടകത്തിൽ 100 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

ജില്ലാ ക്ലസ്റ്റർ വികസനം: വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് ക്ലസ്റ്റർ ഒന്നിന് പരമാവധി 1 ലക്ഷം രൂപ മുതൽ 1.25 ലക്ഷം രൂപ വീതം ധനസഹായം നൽകികൊണ്ടുള്ള പദ്ധതിയാണ്. പമ്പ്സെറ്റും മറ്റു അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് പരമാവധി 10,000 രൂപ വരെയും, സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500 രൂപ വരെയും സബ്സിഡി നൽകിവരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതും, പന്തൽ ആവശ്യമില്ലാത്തതുമായ ഇനങ്ങളുടെ അടിസ്ഥാനത്തിൽ 20,000 മുതൽ 25,000 രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു. ഇതുകൂടാതെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. കൂടാതെ ദീർഘകാല പച്ചക്കറി വിളകൾക്ക് വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും, ഇടുക്കി ജില്ലയിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നതിനും ധനസഹായം നൽകിവരുന്നു. ഇത്തരത്തിൽ ഇതിലേയ്ക്കായി ഈ സാമ്പത്തികവർഷം 2725 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം: പുതിയ 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം: എ ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ബെസ്റ്റ് പെർഫോർമിംഗ് 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകിവരുന്നു. ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യസംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു

യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 56333 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 845 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം നഗര പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന 3 മുതൽ 5 വരെയുടെ റെസിഡന്റ്സ് അസോസിയേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത ഗ്രൂപ്പ് രൂപീകരിക്കുന്നു. ഹരിത ഗ്രൂപ്പുകളുടെ രജിസ്ട്രേഷനും മറ്റു അനുബന്ധ ചെലവുകൾക്കു മായി ഒരു ഗ്രൂപ്പിന് 50,000 രൂപ ധനസഹായം നൽകിവരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

<u>നഴ്സറികൾ സ്ഥാപിക്കൽ</u>: ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾ എന്നിവി ടങ്ങളിൽ നഴ്സറി സ്ഥാപിക്കുന്നതിന് 1,000 രൂപ ഒരു സ്ക്വയർ മീറ്റർ എന്ന കണക്കിൽ ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ ചെലവ് കുറഞ്ഞ രീതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് ജലസേചനം ഉറപ്പുവരുത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം എന്ന ഘടകം നടപ്പിലാക്കിവരുന്നു. 75 ശതമാനം സബ്സിഡിയോടുകൂടി പരമാവധി ഒരു യൂണിറ്റിന് 7,500 രൂപ ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 18.75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

<u>മഴമറ നിർമ്മാണം</u>: വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടകത്തിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സേഫ്-റ്റു-ഈറ്റ് കാർഷിക സർവ്വകലാശാല വഴി പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കുന്നതിനുവേണ്ടി ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

<u>സുഭിക്ഷ കേരളം പദ്ധതി</u>: സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തരിശുനില കൃഷി, മഴമറ, പമ്പ് സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തി

യിരിക്കുന്നത്. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതികൾ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കയറ്റുമതി മൂല്യമുള്ള ഉൽപന്നങ്ങളുടെ ഉൽപാദനം, GAP/PGS മാനദണ്ഡങ്ങളനുസരിച്ചുള്ള കൃഷി എന്നിവ 500 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് പന്തൽ പച്ചക്കറി കൃഷിക്ക് 25,000/ഹെക്ടർ പന്തൽ ഇതര പച്ചക്കറി വിളകൾക്ക് 20,000/ ഹെക്ടർ, ശീതകാല പച്ചക്കറി കൃഷിക്ക് 30,000/ഹെക്ടർ എന്ന തോതിൽ ധനസഹായം ലഭ്യമാക്കുന്നതാണ്. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് താത്പര്യമുള്ള കർഷകരെ ഫാർമർ ഇൻററസ്റ്റ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള സഹായം. മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് 2941 കർഷകർക്ക് മണ്ണ് പരിശോധന നടത്തി വള പ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിന് പദ്ധതി. പന്തൽ വിളകൾക്ക് പടർന്ന് കയറുന്നതിന് ആവശ്യമായ താങ്ങ് നൽകുന്നതിന് 80 ഹെക്ടർ സ്ഥലത്ത് പെർമനന്റ്/ സെമി പെർമനന്റ് പന്തൽ നിർമ്മിക്കുന്നതിന് പദ്ധതി. വന്യമൃഗങ്ങളിൽനിന്നും കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിന് സോളാർ വേലി നിർമ്മിക്കുന്നതിന് 50 ഹെക്ടറിലേയ്ക്ക് പദ്ധതി സഹായം. പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് 70 ലക്ഷം പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും 7 ലക്ഷത്തോളം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി. കർഷകർക്ക് ആവശ്യമായ പമ്പ്സെറ്റ്, സ്പ്രേയർ, വീൽബാരോ മറ്റ് കൃഷിക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി സഹായം. കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിന് 25 ഹെക്ടർ കൃത്യതാ കൃഷിക്ക് പദ്ധതി സഹായം. ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽനിന്നും വായ്പ സഹായം ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർക്ക് 2 ശതമാനം പലിശ സബ്സിഡി ലഭ്യമാക്കുന്നതിനുമായി 105 ലക്ഷം രൂപയുടെ പദ്ധതി. കർഷകർക്ക് സാമൂഹിക സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള്ള സഹായം. പുതിയ സാങ്കേതിക വിദ്യകൾ, പുത്തൻ വിളകൾ, വിളയിനങ്ങൾ തുടങ്ങിയവ കർഷകരിലേയ്ക്കെത്തിക്കുന്നതിന് പങ്കാളിത്ത ഗവേഷണ പദ്ധതികൾ, പ്രദർശന തോട്ടങ്ങൾ, തീവ്രയത്ന പരിപാടികൾ, പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം. കാലാവസ്ഥാധിഷ്ഠിത വിളപരിപാലന നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. പച്ചക്കറി നടീൽവസ്തുക്കൾ ഉൽപ്പാദന പദ്ധതി: പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ഒരു സീഡ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 189 കർഷകർ ഉൾപ്പെടുന്ന വിത്തുൽപ്പാദക സംഘമാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. 2021-22 സാമ്പത്തിക വർഷം 120 മെട്രിക് ടൺ ഗുണമേന്മയുള്ള വിത്തുൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ട്. കൃഷി വകുപ്പിന്റെ 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയിലൂടെ 2021-22-ൽ 4735385 വിത്ത് പായ്ക്കറ്റുകൾ വാണിജ്യ വാണിജ്യേതര കർഷകർ തുടങ്ങിയവർക്ക് ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മാധ്യമ പ്രസിദ്ധീകരണങ്ങൾ വഴിയും കർഷകർക്കും വീട്ടമ്മമാർക്കും പച്ചക്കറി വിത്ത് ലഭ്യമാക്കുന്നു. പച്ചക്കറി കൃഷിക്ക് നടീൽവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി വി.എഫ്.പി.സി.കെ.-യുടെ കീഴിൽ മൂവാറ്റുപുഴ നടുക്കരയിൽ പ്രതിവർഷം 2 കോടി പച്ചക്കറി തൈ ഉൽപ്പാദന ശേഷിയുള്ള ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം പ്രവർത്തിക്കുന്നു. ഇവിടെനിന്നും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ലഭ്യമാക്കുന്നതാണ്.

ഹരിതനഗരി പദ്ധതി: നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ പ്രത്യേക പദ്ധതി പ്രകാരം പച്ചക്കറി തൈ നട്ട ഗ്രോബാഗുകൾ വീട്ടമ്മമാർക്ക് ലഭ്യമാക്കുന്നു.

2. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം: ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ 20 ഹെക്ടർ വീതമുള്ള 98 ക്ലസ്റ്ററുകളിലായി പി.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള ജൈവ പഴം-പച്ചക്കറി കൃഷി കൗൺസിൽ നടപ്പിലാക്കിവരുന്നു. കർഷകർക്ക് ജൈവകൃഷിയിൽ പരിശീലനം, ഉൽപാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം, കൃഷിയിടത്തിൽനിന്നും വിപണിയിലേക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി തുടങ്ങിയവ ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്നു. ഇതിനുപുറമേ, 2021-22-ൽ ജൈവ പച്ചക്കറി കൃഷി/ഉത്തമ കൃഷിമുറ പ്രോത്സാഹനവും സർട്ടിഫിക്കേഷനും എന്ന പദ്ധതി പ്രകാരം ചുവടെ പറയുന്ന സഹായങ്ങളും ലഭ്യമാക്കുന്നതാണ്.

(a) മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് മണ്ണ് പരിശോധന നടത്തി വളപ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിന് പദ്ധതി.

(b) മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്ഫേറ്റ് ജൈവവളം (PROM) എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി സഹായം.

(c) സംയോജിത കീടനിയന്ത്രണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബയോകൺട്രോൾ ഏജന്റുകൾ, ഫിറമോൺ കെണികൾ എന്നിവ ഉൽപാദിപ്പിച്ച്, ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം.

(d) 7 മാതൃക ജൈവ കൃഷി പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് പദ്ധതി സഹായം.

(e) പരമ്പരാഗത/നാടൻ പച്ചക്കറി വിത്തിനങ്ങളുടെ ഉൽപാദനത്തിനും വിതരണത്തിനും പദ്ധതി സഹായം.

(f) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിലിന്റെ ഇക്കോഷോപ്പ് ഔട്ട്‌ലെറ്റുകൾ മുഖേന വിപണനം ചെയ്യുന്ന ജൈവ ഉൽപ്പന്നങ്ങൾക്ക് 2.5 രൂപ/കിലോ എന്ന നിരക്കിൽ 500 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് വിപണന സഹായം.

**കൃഷി ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള സംരംഭങ്ങൾ**

81 (4469) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, റിസർച്ച്, ലേബലിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയ്ക്ക് സഹായം നൽകുന്ന ഏജൻസികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൃഷി ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള സംരംഭങ്ങൾക്ക് ബ്രാൻഡിംഗ്, മാർക്കറ്റിംഗ്, റിസർച്ച്, ലേബലിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയ്ക്ക് സഹായം നൽകുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. കാർഷിക മേഖലയിലേക്ക് യുവാക്കളെ ഉൾപ്പെടെ ആകർഷിക്കുന്നതിനായി ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കുന്നു. ഇടത്തര, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 30 മുതൽ 50 ശതമാനം വരെ സബ്സിഡി നിരക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 4 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലും ഭക്ഷ്യോൽപന്നങ്ങളുടെ മൂല്യവർദ്ധന

യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 93 കോടി രൂപയും വ്യക്തിപരമായി പ്രോസസ്സിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 50 ശതമാനം സബ്സിഡി നിരക്കിൽ 84 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ 25 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷികോൽപ്പാദനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെയെല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റ് നിർമ്മാണം

82 (4470) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിൽ നിന്നും മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## കൃഷി വകുപ്പിലെ പരിശോധന സംവിധാനങ്ങൾ

83 (4471) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ്, വളം, കീടനാശിനി എന്നിവയുടെ പരിശോധനയ്ക്കായി കൃഷിവകുപ്പിന്റെ കീഴിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കൃഷിവകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാ ശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാലയും ഉൾപ്പെടെ 15 സ്ഥാവര മണ്ണ് പരിശോധനാശാലകളുണ്ട്. നിലവിൽ 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലകളും, മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കീഴിൽ 7 മണ്ണ് പരിശോധനാശാലകളുമുണ്ട്. സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന രാസവളങ്ങളുടെ പരിശോധന നടത്തുന്നതിനായി താഴെ പറയുന്ന 3 ഗുണപരിശോധനാശാലകൾ കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

1. ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം.

2. ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പട്ടാമ്പി, പാലക്കാട്.

3. ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പട്ടാമ്പി, പാലക്കാട്.

ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ ഗുണപരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്ത് പ്രതിവർഷം 5000 വളം സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കീടനാശിനികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കൃഷിവകുപ്പിന് കീഴിൽ സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം ആണ് നിലവിലുള്ളത്. ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ കീടനാശിനി ഡിപ്പോകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് മേല്പറഞ്ഞ ലബോറട്ടറിയിൽ പരിശോധനയ്ക്കയയ്ക്കുന്നു. പ്രതിവർഷം 2500 സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) പ്രസ്തുത സംവിധാനങ്ങളുടെ പോരായ്മ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ പരിഷ്കാരങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(സി) ആധുനിക സംവിധാനങ്ങളോടെയുള്ള മൊബൈൽ ലബോറട്ടറികൾ മുൻകൂട്ടി അറിയിപ്പ് നൽകി കൃഷിഭൂമികളിലെത്തി പരിശോധന നടത്താനുള്ള സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ?

പരിശോധിക്കുന്നതാണ്. ജില്ലകളിലെ മൊബൈൽ ലബോറട്ടറികൾ ജില്ലയിലെ എല്ലാ ഭാഗത്തും സന്ദർശിച്ച് മണ്ണ് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്.

**അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലെ പ്രൊമോഷൻ**

84 (4472) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള സോയിൽ ടെസ്റ്റിംഗ് ലാബിൽ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് 12-2-2021-ൽ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്കുള്ള പ്രമോഷനുമായിട്ട് എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം നിലവിലുണ്ടായിരുന്ന 1:1 റേഷ്യോ (അഗ്രികൾച്ചർ ഓഫീസർ: സീനിയർ സയന്റിഫിക് അസിസ്റ്റന്റ്) 10:1 എന്ന് ഭേദഗതി ചെയ്താണ് 12-2-2021-ലെ സ.ഉ(പി)3/2021/AGRI പ്രകാരം സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഇതിന്മേൽ ആക്ഷേപം ഉന്നയിച്ചുകൊണ്ടുള്ള പരാതികൾ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉണ്ട്; പരിശോധിച്ചുവരുന്നു.

**കുളങ്ങളുടെ നവീകരണം**

85 (4473) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം സോയിൽ കൺസർവേഷൻ വകുപ്പ് പാലക്കാട് ജില്ലയിൽ എത്ര കുളങ്ങളുടെ നവീകരണം നടത്തിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി 15.32 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പാലക്കാട് ജില്ലയിലെ 56 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് 2016-ന് ശേഷം നടപ്പിലാക്കിയിട്ടുള്ളത്. കുളങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി നടപ്പിലാക്കാത്ത കുളങ്ങളുടെ നവീകരണ പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇത്തരത്തിൽ പ്രവൃത്തി നടപ്പിലാക്കാതിരിക്കുവാനുള്ള കാരണം വിശദീകരിക്കാമോ?

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് RIDF-XXV-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പട്ടാമ്പി മണ്ഡലത്തിലെ പെരിക്കാട്ടുകുളം, അറക്കുളം എന്നിവയുടെ നവീകരണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

---
*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

86 (4474) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ഇരിക്കൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദവിവരം നൽകുമോ?

ഇരിക്കൂർ മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച 205 ലക്ഷം രൂപ അടങ്കലുള്ള ആടാംപാറ നീർത്തട പദ്ധതി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. നാളിതുവരെ 149 ലക്ഷം രൂപ ചെലവഴിച്ച് 350 ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ സോയിൽ ഹെൽത്ത് കാർഡ് മുഖേന ഇരിക്കൂർ മണ്ഡലത്തിലെ ഇരിക്കൂർ, പയ്യാവൂർ, ഉളിക്കൽ പഞ്ചായത്തുകളിലും ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയിലുമായി 1591 മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും 10552 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുമുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിൽ കൃഷിക്കും ജലസേചനത്തിനുമായി ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതം വിനിയോഗിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ഇരിക്കൂർ മണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 19, 20 ഘട്ടങ്ങളിൽ ഉൾപ്പെടുത്തി കാഞ്ഞിരക്കൊല്ലി നീർത്തട പദ്ധതി, ആടാംപാറ നീർത്തട പദ്ധതി എന്നിവയാണ് നടപ്പിലാക്കിയിട്ടുള്ളത്. 148.80 ലക്ഷം അടങ്കലുള്ള കാഞ്ഞിരക്കൊല്ലി നീർത്തട പദ്ധതിയിൽ 138.04 ലക്ഷം രൂപ ചെലവഴിച്ച് 324 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി പദ്ധതി പൂർത്തീകരിച്ചു. ആടാംപാറ നീർത്തട പദ്ധതിയിൽ നാളിതുവരെ 149 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

**മഴുവന്നൂർ പഞ്ചായത്തിലെ നെട്ടുചിറ ജലസ്രോതസ്സ് സംരക്ഷണം**

87 (4475) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ.ഡബ്ല്യു.ഡി.പി.ആർ.എ. പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ കോലഞ്ചേരിയിൽ നടപ്പിലാക്കിയ കുര്യാപ്പിള്ളിതോട് വാട്ടർഷെഡ് പദ്ധതിയുടെ അധികം വന്ന കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ നെട്ടുചിറ ജലസ്രോതസ്സ് സംരക്ഷിക്കാൻ കോലഞ്ചേരി മണ്ണ് സംരക്ഷണ ഓഫീസർ സമർപ്പിച്ച പദ്ധതിക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ദേശീയ നീർത്തട വികസന പദ്ധതി (എൻ.ഡബ്ല്യ.ഡി.പി.ആർ.എ.)-യിൽ നിർജ്ജീവമായി കിടക്കുന്ന നീർത്തടങ്ങളുമായി ബന്ധപ്പെട്ട കോർപ്പസ് ഫണ്ടും റിവോൾവിംഗ് ഫണ്ടും ക്രിയാത്മകമായി ചെലവഴിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പുതിയ കാർഷിക കോളേജുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

88 (4476) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലക്ക് കീഴിൽ എത്ര കോളേജുകളും സ്ഥാപനങ്ങളുമാണ് പ്രവർത്തിക്കുന്നത്; കോഴ്സുകളടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; മലപ്പുറം ജില്ലയിൽ കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ സംസ്ഥാനത്ത് 8 കോളേജുകളും 7 കൃഷിവിജ്ഞാന കേന്ദ്രങ്ങളും 39 ഗവേഷണ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കോളേജുകളേയും കോഴ്സുകളേയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| കോളേജ് | കോഴ്സുകൾ |
|---|---|
| കാർഷിക കോളേജ്, പടന്നക്കാട്, കാസർഗോഡ് | ബി.എസ്സി. (ഓണേഴ്സ്) അഗ്രികൾച്ചർ, എം.എസ്സി. അഗ്രികൾച്ചർ, പി.എച്ച്.ഡി. |
| കാർഷിക കോളേജ്, വെള്ളാനിക്കര, തൃശ്ശൂർ | ബി.എസ്സി. (ഓണേഴ്സ്) അഗ്രികൾച്ചർ, എം.എസ്സി. അഗ്രികൾച്ചർ, എം.എസ്സി. (ഹോർട്ടികൾച്ചർ), എം.എസ്സി. കമ്മ്യൂണിറ്റി സയൻസ് (ഫുഡ് സയൻസ് ആന്റ് ന്യൂട്രീഷൻ), എം.എസ്സി. (അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്), പിഎച്ച്.ഡി. |
| കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം | ബി.എസ്സി. (ഓണേഴ്സ്) അഗ്രികൾച്ചർ, എം.എസ്സി. അഗ്രികൾച്ചർ, എം.എസ്സി. (ഹോർട്ടികൾച്ചർ), എം.എസ്സി. കമ്മ്യൂണിറ്റി സയൻസ് (ഫുഡ്സയൻസ് ആന്റ് ന്യൂട്രീഷൻ) ബി.ടെക്. ബയോടെക്നോളജി പി.എച്ച്.ഡി., ഡിപ്ലോമ ഇൻ ഓർഗാനിക് അഗ്രികൾച്ചർ |

| | |
|---|---|
| കോളേജ് ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് ആന്റ് എൻവയോൺമെന്റൽ സയൻസ് വെള്ളാനിക്കര, തൃശ്ശൂർ | ബി.എസ്സി. (ഓണേഴ്സ്) ക്ലൈമറ്റ് ചെയ്ഞ്ച് ആന്റ് എൺവയോൺമെന്റൽ സയൻസസ് |
| കോളേജ് ഓഫ് കോ-ഓപ്പറേഷൻ ബാങ്കിംഗ് ആന്റ് മാനേജ്മെന്റ് വെള്ളാനിക്കര, തൃശ്ശൂർ | ബി.എസ്സി. (ഓണേഴ്സ്) കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്, എം.എസ്സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്, എം.ബി.എ. (അഗ്രി. ബിസിനസ് മാനേജ്മെന്റ്), പിഎച്ച്.ഡി. (റൂറൽ മാർക്കറ്റിംഗ് മാനേജ്മെന്റ്) |
| ഫോറസ്ട്രി കോളേജ്, വെള്ളാനിക്കര, തൃശ്ശൂർ | ബി.എസ്സി. (ഓണേഴ്സ്) ഫോറസ്ട്രി, എം.എസ്സി. ഫോറസ്ട്രി, പിഎച്ച്.ഡി. |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ ടെക്നോളജി, പട്ടാമ്പി, പാലക്കാട് | ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചറൽ സയൻസ് |
| കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, തവനൂർ, മലപ്പുറം | ബി.ടെക്. അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്, ബി.ടെക്. ഫുഡ് ടെക്നോളജി, എം.ടെക്. അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്, പിഎച്ച്.ഡി. (അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്) |
| കാർഷിക കോളേജ്, അമ്പലവയൽ, വയനാട് | ബി.എസ്സി. (ഓണേഴ്സ്) അഗ്രികൾച്ചർ |

മലപ്പുറം ജില്ലയിൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നു.

1. കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, തവനൂർ.
2. അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ, ആനക്കയം.
3. കൃഷി വിജ്ഞാൻ കേന്ദ്ര, മലപ്പുറം.

(ബി) കേരള കാർഷിക സർവ്വകലാശാലക്ക് കീഴിൽ സംസ്ഥാനത്ത് പുതിയ കാർഷിക കോളേജുകളോ ഓഫ് കാമ്പസ് സെന്ററുകളോ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ പട്ടികജാതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു കാർഷിക കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഓഫ് കാമ്പസ് സെന്റർ സംവിധാനം കേരള കാർഷിക സർവ്വകലാശാലയിൽ ഇല്ല.

(സി) പുതിയ കാർഷിക കോളേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് സാദ്ധ്യതാ പഠനം നടത്തുന്നതിന് നിർദ്ദേശം നൽകാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പുതിയ കാർഷിക കോളേജുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായാണ് പുതിയ കാർഷിക കോളേജുകൾ അനുവദിക്കുന്നത്.

(ഇ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ കൃഷി വകുപ്പിന് കീഴിലുള്ള മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ ധാരാളം സ്ഥലസൗകര്യമുള്ളതിനാൽ കാർഷിക സർവ്വകലാശാലയുടെ കീഴിൽ പുതിയ കോളേജോ, ഓഫ് കാമ്പസ് സെന്ററോ, എഞ്ചിനീയറിംഗ് കോളേജോ, കാർഷിക ഗവേഷണ സ്ഥാപനമോ അനുവദിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം

89 (4477) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എമിനൻസ് എന്ന പദവിയിലേക്ക് കേരള കാർഷിക സർവ്വകലാശാലയെ പടിപടിയായി ഉയർത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ട്. മൂല്യവർദ്ധിത ഉത്പന്നങ്ങൾ

വികസിപ്പിക്കുക എന്നതോടൊപ്പം PMFME, MSME, RAFTAAR-ABI എന്നീ പദ്ധതികളിലൂടെ മൂല്യവർദ്ധനവിനുള്ള സാങ്കേതിക വിദ്യകൾ കൈമാറ്റം ചെയ്ത് കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി. ഗുണനിലവാരമുള്ള നടീൽവസ്തുക്കളുടെ ഉത്പാദനവും വിതരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കാർഷിക സർവ്വകലാശാലയിൽ ഒരു വിത്ത്, നടീൽവസ്തു ഉത്പാദന ഡയറക്ടറേറ്റ് (Directorate of Seeds and Planting Material) സ്ഥാപിക്കൽ.

സംയോജിത കൃഷി സമ്പ്രദായം, പച്ചക്കറി ഗവേഷണം എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കൽ.

വെള്ളായണിയിലും വെള്ളാനിക്കരയിലുമായി കേന്ദ്രീകൃത വിശകലനശാലകൾ (Central instrumentation facilities) സ്ഥാപിക്കൽ. കർഷകർക്ക് വിളകളുടെ വില വ്യതിയാനം നേരത്തേ മനസ്സിലാക്കുന്നതിനും വിപണനം വഴി മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനായി ഒരു വിപണന വിവര ശേഖരണ വിഭാഗം (MIS) ആരംഭിക്കുന്നതിനുള്ള പദ്ധതി.

കാർഷിക പരിസ്ഥിതി മേഖലകൾക്കനുസരിച്ചുള്ള ശാസ്ത്രീയ കൃഷിരീതികളുടെ പാക്കേജ് ഓഫ് പ്രാക്ടീസ് രൂപപ്പെടുത്തൽ.

ചെറുകിട കൃഷിയിടങ്ങളിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാനുതകുന്ന കാർഷിക യന്ത്ര സാമഗ്രികൾ വികസിപ്പിച്ചെടുക്കൽ.

വെള്ളായണിയിൽ ജൈവകൃഷി ഗവേഷണത്തിനായി ഒരു ലീഡ് സെൻറർ സ്ഥാപിക്കൽ.

കോൾ നിലങ്ങളുടെ പാരിസ്ഥിതിക ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ. കാർഷിക ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

സംസ്ഥാനത്ത് അങ്ങോളമിങ്ങോളം വിവിധ കാർഷിക സാങ്കേതിക വിദ്യകളുടെ മോഡൽ ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ സ്ഥാപിക്കൽ. കോഴിക്കോട് വേങ്ങേരി വിജ്ഞാന വിപണന കേന്ദ്രത്തോട് ചേർന്ന് വിള നഴ്സറി യൂണിറ്റ് ശക്തിപ്പെടുത്തൽ.

കൃഷി വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ബ്ലോക്ക് ലെവൽ നോളജ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കൽ.

ബ്ലെന്റഡ് ലേണിങ് വിപുലപ്പെടുത്തും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള പരീക്ഷാ നടത്തിപ്പിനുള്ള സംവിധാനം നടപ്പിലാക്കും.

(ബി) കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക സർവ്വകലാശാല നടത്തുന്ന കോഴ്സുകൾ വിപുലപ്പെടുത്തുന്നതിനും അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) കാർഷിക സർവ്വകലാശാലയിൽ ഗവേഷണത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേയ്ക്കുയർത്തുവാൻ പദ്ധതി**

90 (4478) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ രാജ്യാന്തര നിലവാരത്തിലേക്കുയർത്തുവാൻ പദ്ധതിയുണ്ടോ; ഗവേഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ കാർഷിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകൾക്ക് കരുത്ത് പകരുന്നതരത്തിൽ ദിശാബോധത്തോടെയുള്ളവ കൂടിയാക്കുന്നതിനുവേണ്ട നിർദ്ദേശം നൽകാൻ കഴിയുമോ;

(ബി) സർവ്വകലാശാലകളിൽ ഓട്ടോണോമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ സ്ഥാപിച്ച് ഗവേഷണ പഠന പ്രവർത്തനങ്ങളിൽ മികവ് സൃഷ്ടിക്കാനുദ്ദേശിക്കുന്നുണ്ടോ;

&

(സി) ഗവേഷണ പരിപോഷണാർത്ഥം ലൈബ്രറികളും ലബോറട്ടറികളും ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കാൻ പരിപാടിയുണ്ടോ?

(എ-സി) ഗവേഷണ കോഴ്സുകളായ എം.ഫിൽ./പിഎച്ച്.ഡി. എന്നിവ സംബന്ധിച്ചുള്ള അക്കാദമികവും മറ്റുമായ കാര്യങ്ങൾ UGC (Minimum Standards and Procedure for Award of M.Phil./Ph.D. Degrees) Regulations 2016-ന് അനുസൃതമായിരിക്കണം. ഇതിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാലകൾ ഗവേഷണ കോഴ്സുകളുടെ

നടത്തിപ്പും ആധുനികവത്ക്കരണവും സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പഠന പ്രവർത്തനങ്ങളിൽ മികവ് സൃഷ്ടിക്കാനുദ്ദേശിച്ചുകൊണ്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ 2021-22 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രതിമാസം 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പുള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള എല്ലാ വിദഗ്ദ്ധർക്കും അപേക്ഷിക്കാവുന്നതാണ്. കേരളത്തിന്റെ ഇന്നത്തെ വികസനാവശ്യങ്ങളുടെ പശ്ചാത്തലത്തിലുള്ള മേഖലകൾക്കാണ് മുൻഗണന നൽകുക.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങളും 1000 അദ്ധ്യാപകരുടെ നിയമനവും.

സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം.

അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

**ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ**

91 (4479) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലും ഉൾനാടുകളിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിസ്ഥാനസൗകര്യവും ഭൗതികസാഹചര്യങ്ങളുമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവമാണ് ഈ പിന്നാക്കാവസ്ഥയ്ക്ക് കാരണമെന്നത് പരിശോധിക്കുമോ;

&

(സി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദീകരിക്കാമോ?

(എ-സി) ഉണ്ട്. ഗ്രാമപ്രദേശങ്ങളിലും ഉൾനാടുകളിലും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ഈ പ്രദേശങ്ങളിൽ സർക്കാർ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പിന്നാക്കാവസ്ഥകൂടി കണക്കാക്കി കാലാകാലങ്ങളിൽ സർക്കാർ പിന്നാക്ക മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസ

സ്ഥാപനങ്ങൾ അനുവദിച്ചുവരുന്നുണ്ട്. അപ്രകാരം അനുവദിച്ചവയാണ് വയനാട്, ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, മഞ്ചേരി, മാനന്തവാടി സർക്കാർ പോളിടെക്നിക്ക് കോളേജുകൾ എന്നിവ.

(ഡി) കൂത്തുപറമ്പ് മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് നില നിൽക്കുന്ന പിന്നാക്കാവസ്ഥ പരിഹരിക്കാൻ കമ്പ്യൂട്ടർ സയൻസ് രംഗത്ത് സമഗ്രപഠനം സാധ്യമാക്കുന്ന പുതിയൊരു കോളേജ് അനുവദിക്കുമോ;

&

(ഇ) ഇതിനായി പ്രസ്തുത മണ്ഡലത്തിൽ പാനൂർ നഗരസഭയിലെ കനകമലയിൽ ഭൂമി ഏറ്റെടുക്കാൻ സാധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(ഡി&ഇ) നിലവിൽ പരിഗണനയിലില്ല.

**ജീവനി പദ്ധതി**

92 (4480) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് മനഃശാസ്ത്ര സഹായം നൽകിവരുന്ന ജീവനി എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി 2019-20 സാമ്പത്തിക വർഷം "Jeevani College Mental Awareness Programme" എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 69 സർക്കാർ കോളേജുകളിലായി സൈക്കോളജി കൗൺസിലർമാരെ നിയോഗിച്ച് പദ്ധതി വിജയകരമായി നടത്തിവരുന്നു. കോവിഡ് വ്യാപന നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ കോളേജുകൾ തുറന്ന് പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ടെലിഫോൺ മുഖേന കൗൺസിലിംഗ് നൽകാനും സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ മറ്റേതെങ്കിലും സ്ഥാപനങ്ങളുടെ സഹായം സ്വീകരിക്കുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

സർക്കാർ കോളേജുകളിൽ നിയോഗിച്ചിട്ടുള്ള സൈക്കോളജി കൗൺസിലർമാർക്ക് പരിശീലനം നൽകുന്നതിനായി NIMHANS ബാംഗ്ലൂർ, KSMHA (Kerala State Mental Health Authority), തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്, കേരള സംസ്ഥാന ആരോഗ്യ വകുപ്പ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ അദ്ധ്യയന വർഷം പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ;

&

(ഡി) കൊറോണയുടെ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി കൂടാതെ മറ്റേതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

(സി&ഡി) സർക്കാർ കോളേജുകളിൽ ജീവനി പദ്ധതി പ്രകാരം സൈക്കോളജിസ്റ്റുകളെ നിയോഗിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. സമാനമായ മറ്റു പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല.

**പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരം**

93 (4481) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തുതന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരി പഠനത്തിനായി സർക്കാർ അവസരമൊരുക്കിയിട്ടുണ്ട്. ഇതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ 62620 സീറ്റുകളും കേരള സർവ്വകലാശാലയുടെ കീഴിൽ 44571 സീറ്റുകളും, കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ 18810 സീറ്റുകളും, കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ 103606 സീറ്റുകളും, സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ 44796 സീറ്റുകളും പോളിടെക്നിക്ക് വിഭാഗത്തിൽ 19825 സീറ്റുകളും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന സർവ്വകലാശാലകളിൽ സംയോജിത കോഴ്സുകളിലും സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ, പ്ലസ് ടു പാസായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം നടത്തുന്നതിനായി പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ മെഡിക്കൽ, എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ മുതലായ ഉന്നത പ്രൊഫഷണൽ കോഴ്സുകളിലേക്ക് അഡ്മിഷൻ നേടാനും സാധിക്കുന്നതാണ്. ഇതിനുപുറമേ, ഈ അക്കാദമിക വർഷം ബിരുദതലത്തിലും, ബിരുദാനന്തരതലത്തിലും സീറ്റുകൾ വർദ്ധിപ്പിച്ച് 5-8-2021-ന് സ.ഉ.(സാധാ)നമ്പർ 1011/2021/ഉ.വി.വ. ഉത്തരവിറങ്ങിയിട്ടുണ്ട്.

(ബി) പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം നടത്തുന്നതിനായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ?

പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ ഉപരിപഠനം നടത്തുന്നതിനായി നിലവിലുള്ള സീറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കൂടുതൽ വിദ്യാർത്ഥികൾക്ക് കോളേജ് പഠനത്തിന് അവസരം**

94(4482) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കാരണങ്ങളാൽ കോളേജ് പഠനം സാധിക്കാതെവരുന്നവർ ആശ്രയിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ വഴിയുള്ള ബിരുദ, ബിരുദാനന്തര പഠനത്തിനായുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

&

(ബി) ഏതെല്ലാം സർവ്വകലാശാലകളിലാണ് പ്രസ്തുത രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

(എ&ബി) കേരള, മഹാത്മാഗാന്ധി, കണ്ണൂർ സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കൂടുതൽ വിദ്യാർത്ഥികൾക്ക് കോളേജ് പഠനത്തിന് അവസരമൊരുക്കുന്നതിനായി ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ സീറ്റുകളും കോഴ്സുകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

5-8-2021-ലെ സ.ഉ.(സാധാ)നമ്പർ 1011/2021/ഉ.വി.വ. പ്രകാരം 2021-22 അക്കാദമിക വർഷം കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ സീറ്റ് വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന പുതുതലമുറ കോഴ്സുകൾ ഏതെല്ലാമാണെന്നും അവ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയും വിശദമാക്കുമോ?

പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനായി കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

95 (4483) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കോളജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയാണ്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് 16-6-2017-ലെ G.O(MS)1131/2017/H.Edn. പ്രകാരം 48 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 12 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിനായി കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. തയ്യാറാക്കാൻ KITCO (ടെക്നിക്കൽ ടീം)-യെ നിയമിക്കുകയും ടീം തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കോളേജ് തലത്തിൽ അംഗീകരിച്ച് സമർപ്പിക്കുകയും KIIFB-യിലേക്ക് നൽകുന്നതിനുള്ള ഭരണാനുമതി KITCO-യ്ക്ക് നൽകുകയും അംഗീകരിച്ച മാസ്റ്റർ പ്ലാൻ/ ഡി.പി.ആർ. KIIFB അവലോകനം നടത്തി 36 കോളേജുകൾക്ക് 260.77 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകൾക്ക് പുതിയ കോഴ്സുകളും അധിക ബാച്ചുകളും അനുവദിക്കുന്നത് പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സർക്കാർ-എയ്ഡഡ് കോളേജുകളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനായി 5-11-2020-ലെ G.O(Ms)389/2020/HEDN, 11-12-2020-ലെ G.O(Ms) 431/2020/ HEDN, 30-12-2020-ലെ G.O.(Ms) 473/2020/HEDN എന്നീ ഉത്തരവുകൾ പ്രകാരം പുതിയ കോഴ്സുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

## സർക്കാർ-എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ

96 (4484) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലഘട്ടത്തിൽ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ സർക്കാർ-എയ്ഡഡ് മേഖലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എവിടെയെല്ലാം കോളേജുകൾ ആരംഭിച്ചിട്ടുണ്ട്?

2011-16 കാലഘട്ടത്തിൽ സർക്കാർ-എയ്ഡഡ് മേഖലയിൽ പ്രവർത്തനാനുമതി നൽകിയ കോളേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

സർക്കാർ കോളേജുകൾ

1. Govt. College-അട്ടപ്പാടി, പാലക്കാട്
2. Govt. Arts and Science College -കൊടുവള്ളി, കോഴിക്കോട്
3. Govt. Arts and Science College -ബാലുശ്ശേരി, കോഴിക്കോട്
4. Govt. Arts and Science College-മങ്കട, മലപ്പുറം
5. Govt. Arts and Science College-കൊണ്ടോട്ടി, മലപ്പുറം
6. Govt. Arts and Science College-താനൂർ, മലപ്പുറം
7. Govt. Arts and Science College-തൃത്താല, പാലക്കാട്
8. Govt. Arts and Science College-ചേലക്കര, തൃശ്ശൂർ
9. Govt. Arts and Science College-പാതിരിപ്പാല, പാലക്കാട്
10. Govt. Arts and Science College-തവനൂർ, മലപ്പുറം
11. Govt. Arts and Science College-ഉദുമ, കാസർഗോഡ്
12. Govt. College- പെരിങ്ങോം, കണ്ണൂർ
13. Govt. College -ചൊക്ലി, കണ്ണൂർ
14. Govt. Arts and Science College -കുന്നമംഗലം, കോഴിക്കോട്
15. Govt. Arts and Science College -നാദാപുരം, കോഴിക്കോട്
16. Govt. Arts and Science College -ഒല്ലൂർ, തൃശ്ശൂർ
17. Govt. Arts and Science College- ഇലന്തൂർ, പത്തനംതിട്ട
18. Govt. Arts and Science College– മലയിൻകീഴ്, തിരുവനന്തപുരം
19. Govt. Arts and Science College– കുളത്തൂർ, തിരുവനന്തപുരം
20. Shri. Ramavarma Govt. Music and Performing Arts College- തൃശ്ശൂർ
21. Govt. College– കരുനാഗപ്പള്ളി, കൊല്ലം
22. Govt. Arts and Science Women College -മലപ്പുറം

<u>എയ്ഡഡ് കോളേജുകൾ</u>

1. മലബാർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്-വേങ്ങര, മലപ്പുറം
2. അംബേദ്കർ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്-വണ്ടൂർ, മലപ്പുറം
3. അയ്യൻകാളി മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജ് - കൊല്ലം
4. സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് വനിതാ കോളേജ്- കിട്ടിലങ്ങാടി, മലപ്പുറം
5. PRDS കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്- അമരപുരം, കോട്ടയം
6. NSS ആർട്സ് ആൻഡ് സയൻസ് കോളേജ്-കപൂർ, പാലക്കാട്
7. SN ട്രസ്റ്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്-പാമ്പനാർ, ഇടുക്കി.

(ബി) കോളേജുകൾ ആരംഭിക്കുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിരുന്നതെന്ന് അറിയിക്കാമോ?

ഓരോ പ്രദേശത്തെയും കോളേജിന്റെ ആവശ്യകത, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ കോളേജുകൾ അനുവദിച്ചുവരുന്നത്.

(സി) നിലവിൽ പുതിയ സർക്കാർ-എയ്ഡഡ് കോളേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പുതിയ സർക്കാർ/എയ്ഡഡ് കോളേജുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. 20-8-2020-ലെ സ.ഉ.(കൈ)നമ്പർ 299/2020/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലകളിലടക്കം പുതിയ കോളേജുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ നടപടി**

97 (4485) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പുതുതായി ഏതെങ്കിലും പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

&

(ബി) ഉന്നതവിദ്യാഭ്യാസരംഗത്തെ നിയോജകമണ്ഡലത്തിന്റെ നിലവിലെ പിന്നാക്കാവസ്ഥ പരിഗണിച്ച് പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതുതായി പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ജീവനി പദ്ധതി**

98 (4486) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന മാനസിക സമ്മർദ്ദത്തിന്റെ പശ്ചാത്തലത്തിൽ അവർക്ക് മനഃശാസ്ത്ര സേവനം ലഭ്യമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

&

(ബി) കേരളത്തിലെ കോളേജ് വിദ്യാർത്ഥികളിൽ മന:ശാസ്ത്ര സഹായം നൽകിവരുന്ന ജീവനി പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ?

(എ&ബി) അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി 2019-20 സാമ്പത്തിക വർഷം "Jeevani College Mental Awareness Programme" എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 69 സർക്കാർ കോളേജുകളിലായി സൈക്കോളജി കൗൺസിലർമാരെ നിയോഗിച്ച് പദ്ധതി വിജയകരമായി നടത്തി വരുന്നു. കൂടാതെ കൗൺസിലിംഗിന് പുറമെ കോളേജുകളിൽ മാനസികാരോഗ്യ ബോധവത്കരണ ക്യാമ്പുകളും നടത്തിവരുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ അദ്ധ്യയന വർഷം സൈക്കോളജിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ; പദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(ഡി) പ്രസ്തുത ഉദ്ദേശത്തോടെ മറ്റേതെങ്കിലും പദ്ധതികൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അറിയിക്കുമോ?

(സി&ഡി) സർക്കാർ കോളേജുകളിൽ ജീവനി പദ്ധതി പ്രകാരം സൈക്കോളജിസ്റ്റുകളെ നിയോഗിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. ഈ പദ്ധതിക്ക് സമാനമായ മറ്റ് പദ്ധതികൾ തൽക്കാലം പരിഗണനയിലില്ല.

## ഇക്വലൻസി സർട്ടിഫിക്കറ്റ്

99 (4487) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന കോഴ്സുകളിൽ ചിലത് കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) രാജ്യത്തെ മറ്റ് യൂണിവേഴ്സിറ്റികൾ, അന്യോന്യം അംഗീകരിച്ച കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് ഇക്വലൻസി സർട്ടിഫിക്കറ്റ് നിർബന്ധിക്കാത്ത സാഹചര്യത്തിൽ കേരള യൂണിവേഴ്സിറ്റി മാത്രം അതിന് നിർബന്ധിക്കുന്ന രീതി ഒഴിവാക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

&

(സി) എങ്കിൽ ഇത്തരം അനാവശ്യ നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) കേരള സർവ്വകലാശാലയുടെ അക്കാദമിക് ബോഡിയുടെ തീരുമാന പ്രകാരം മറ്റ് സർവ്വകലാശാലകളിൽനിന്നും നേടിയ ഡിഗ്രികൾ കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടെങ്കിൽ മാത്രമേ തുടർപഠനത്തിനും കേരള സർവ്വകലാശാലയുടെ കീഴിൽ വരുന്ന ഉദ്യോഗത്തിനും അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാലാണ് കേരള സർവ്വകലാശാല എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിവരുന്നത്.

## സംസ്ഥാന ലൈബ്രറി കൗൺസിൽ നടത്തുന്ന സാംസ്കാരിക വൈജ്ഞാനിക പ്രവർത്തനങ്ങൾ

100 (4488) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. മുകേഷ്:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ സാംസ്കാരിക മൂല്യത്തെ തകർക്കാതിരിക്കാൻ കേരളം ഉയർത്തിപ്പിടിക്കുന്ന സാംസ്കാരികമായ കാഴ്ചപ്പാടുകൾ ശക്തമായി മുന്നോട്ടുകൊണ്ടു പോകുന്നതിന് ഗ്രന്ഥശാലാ പ്രസ്ഥാനം വഹിക്കുന്ന പങ്ക് സർക്കാർ വിലയിരു ത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാന ലൈബ്രറി കൗൺസിൽ നടത്തിവരുന്ന സാംസ്കാരിക വൈജ്ഞാനിക പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ സാംസ്കാരിക മുഖമാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ. കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 8988 ലൈബ്രറികളിൽക്കൂടി ജാതി-മത-രാഷ്ട്രീയ ഭേദമന്യേ പൊതുതാല്പര്യം മുൻനിർത്തിയുള്ള ബോധവത്ക്കരണ പരിപാടികളും പുസ്തക ചർച്ചകളും സംഘടിപ്പിച്ചുവരുന്നു. സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾക്കും സ്ത്രീധനത്തിനും എതിരെ യുവജനങ്ങളേയും രക്ഷകർത്താക്കളേയും പങ്കെടുപ്പിച്ചു കൊണ്ട് സ്നേഹഗാഥ എന്ന പരിപാടിയും ഭരണഘടന സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന സായാഹ്ന സദസുകളും, അമച്വർ നാടകകലയുടെ പുനരുജ്ജീവനത്തിനായി ജില്ലാതലത്തിൽ ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. സാംസ്കാരിക നായകൻമാരുടേയും സാഹിത്യകാരൻമാരുടേയും ഓർമ്മ നില നിർത്തുന്ന അക്ഷരോദ്യാനം നിർമ്മിക്കുന്നതിനും മലബാർ കലാപത്തിന്റെ ചരിത്ര പശ്ചാത്തലം വിശദമാക്കുന്ന 100 പരിപാടികൾ മലബാർ കലാപത്തിന്റെ 100-ാം വാർഷികത്തിൽ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിളാതീരത്ത് 4 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം നടത്തുന്നുണ്ട്. ലൈബ്രറികളിൽ ഓൺലൈനായി പ്രതിമാസ പരിപാടികൾ നടത്തുകയും, കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി വായനാമത്സരവും സർഗ്ഗശേഷി ഉണർത്തുന്നതിനായി സർഗ്ഗോത്സവവും നടത്തിവരുന്നു. കോവിഡ് കാലത്ത് വായനക്കാർക്ക് വീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുകയും തീരപ്രദേശത്തേയും ട്രൈബൽ മേഖലയിലേയും കുട്ടികൾക്ക് പഠനമുറികൾ ഗ്രന്ഥശാലകളിൽ ഒരുക്കുകയും ചെയ്യുന്നുണ്ട്. ഈ രീതിയിൽ സാംസ്കാരികമായ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന പരിപാടികളാണ് ലൈബ്രറി കൗൺസിൽ നടത്തിവരുന്നത്.

(സി) സംസ്ഥാന ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് ഇപ്പോൾ നൽകിവരുന്ന ഗ്രാന്റിന്റെയും ലൈബ്രേറിയൻ അലവൻസിന്റെയും വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത ലൈബ്രറികളിൽ വർഷംതോറും പ്രവർത്തനം വിലയിരുത്തി ഗ്രേഡിനനുസൃതമായാണ് ഗ്രാന്റും അലവൻസും അനുവദിക്കുന്നത്. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു :

| ലൈബ്രറി | വാർഷിക ഗ്രാന്റ് |
|---|---|
| A+ ഗ്രേഡ് ലൈബ്രറി | 50,000 രൂപ |
| A ഗ്രേഡ് ലൈബ്രറി | 32,000 രൂപ |
| B ഗ്രേഡ് ലൈബ്രറി | 24,000 രൂപ |
| C ഗ്രേഡ് ലൈബ്രറി | 20,000 രൂപ |
| D ഗ്രേഡ് ലൈബ്രറി | 16,000 രൂപ |
| E ഗ്രേഡ് ലൈബ്രറി | 14,000 രൂപ |
| F ഗ്രേഡ് ലൈബ്രറി | 12,000 രൂപ |

| ലൈബ്രറി | പ്രതിമാസ ലൈബ്രേറിയൻ അലവൻസ് |
|---|---|
| A+ ഗ്രേഡ് ലൈബ്രറി | 4,720 രൂപ |
| A, B, C ഗ്രേഡ് ലൈബ്രറികൾ | 4,120 രൂപ |
| D,E, F ഗ്രേഡ് ലൈബ്രറികൾ | 3,820 രൂപ. |

(ഡി) ലൈബ്രറികളുടെ ക്ലാസ്സിഫിക്കേഷനനുസൃതമായി ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് വാർഷിക ഗ്രാന്റിൽ വർദ്ധനവ് വരുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ലൈബ്രേറിയൻ അലവൻസിൽ 2021 ഏപ്രിൽ മുതലാണ് പ്രതിമാസം 1,000 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുള്ളത്.

**ഇന്റേണൽ മിനിമം മാർക്ക് ഒഴിവാക്കാൻ നടപടി**

101 (4489) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ, വിദ്യാർത്ഥികൾ എഴുത്തുപരീക്ഷയിൽ മികച്ച മാർക്ക് നേടിയാലും ഇന്റേണലിന് മിനിമം മാർക്കില്ലാത്തതിനാൽ തോൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാർത്ഥികളുടെ പരാതികൾ ഉന്നയിക്കാനും പരിഹരിക്കാനും കോളേജ് തലത്തിലും സർവ്വകലാശാലാ തലത്തിലും സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) എഞ്ചിനീയറിംഗ്, മെഡിക്കൽ നിയമം ഉൾപ്പെടെയുള്ള മേഖലകളിൽ അദ്ധ്യാപകർ പല കാരണങ്ങളാൽ ഇന്റേണലിന് മാർക്ക് നൽകാതെ വിദ്യാർത്ഥികളെ തോൽപ്പിക്കുന്ന ദുഷ്പ്രവണത അവസാനിപ്പിക്കാൻ, ഇന്റേണലിന് മിനിമം മാർക്ക് എന്ന നിബന്ധന ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കോഴ്സുകൾ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താൻ നടപടി**

102 (4490) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോളേജുകളിൽ പല പുതിയ കോഴ്സുകളും ആരംഭിച്ചിട്ടുണ്ടെങ്കിലും അവ യഥാസമയം സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താത്തതിനാൽ അത്തരം കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് പി.എസ്.സി. പോലുള്ള മത്സര പരീക്ഷകൾക്ക് അപേക്ഷിക്കാൻ കഴിയുന്നില്ലയെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോഴ്സുകൾ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുന്നില്ല. പുതിയ കോഴ്സുകളുമായി ബന്ധപ്പെട്ട് തസ്തിക സൃഷ്ടിക്കേണ്ടിവരുമ്പോൾ സ്പെഷ്യൽ റൂൾസ് പ്രകാരം ബന്ധപ്പെട്ട വിഷയത്തിന്റെ അടിസ്ഥാനത്തിലല്ല, ആ തസ്തികയ്ക്ക് ആവശ്യമായ യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്.

## ബി.ടെക്. ബിരുദധാരികൾക്ക് ഗണിതശാസ്ത്രത്തിൽ ബി.എഡ്. പ്രവേശനം

103 (4491) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ ബി.ടെക്. ബിരുദധാരികൾക്ക് ഗണിതശാസ്ത്രത്തിൽ ബി.എഡ്. പ്രവേശനത്തിന് അർഹതയുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആയതിന് പി.എസ്.സി.-യുടെ അംഗീകാരമുണ്ടോ;

&

(സി) ഇല്ലെങ്കിൽ അംഗീകാരത്തിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) പി.എസ്.സി. നടത്തുന്ന വിവിധ തസ്തികകളുടെ തെരഞ്ഞെടുപ്പിന് യോഗ്യതകൾ നിർണ്ണയിക്കുന്നത് അതത് തസ്തികകളുടെ വിശേഷാൽ ചട്ടത്തെ/ എക്സിക്യൂട്ടീവ് ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയാണ്. ബി.ടെക് അടിസ്ഥാനമാക്കി നേടിയിട്ടുള്ള ബി.എഡ്. യോഗ്യത ഏതെങ്കിലും യോഗ്യതയുടെ തുല്യയോഗ്യതയായി പരിഗണിക്കുന്നതും, യോഗ്യതയായി പരിഗണിക്കുന്നതും സംബന്ധിച്ച് ഉത്തരവു കളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ ന്യൂജനറേഷൻ കോഴ്സുകൾ

104 (4492) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പരമ്പരാഗത കോഴ്സുകൾ കാലഘട്ടത്തിനനുസൃതമായി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാലഘട്ടത്തിനനുസൃതമായി സംയോജിതവും ബഹുവൈജ്ഞാനിക രീതിയിലുമുള്ള നൂതന കോഴ്സുകൾ കൂടുതൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) കാലഹരണപ്പെട്ട കോഴ്സുകൾക്ക് പകരം ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മാഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, മലയാളം, സംസ്കൃത സർവ്വകലാശാല എന്നിവയിലും 2020-21 അക്കാദമിക വർഷം New Generation Inter Disciplinary സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഹോം സയൻസ് തസ്തിക

105 (4493) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഹോം സയൻസ് (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ) തസ്തികയിൽ നിലവിലെത്ര ഒഴിവുകളുണ്ട്; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഹോം സയൻസ് (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ) തസ്തികയിൽ നിലവിൽ 3 ഒഴിവുകളുണ്ട്; ഈ 3 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഏതെല്ലാം ഗവൺമെന്റ് കോളേജുകളിലാണ് പ്രസ്തുത തസ്തിക നിലവിലുള്ളത്?

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ മാത്രമാണ് ഗവൺമെന്റ് കോളേജുകളിൽ ഹോം സയൻസ് (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ) തസ്തിക നിലവിലുള്ളത്.

## യു.ജി.സി. ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

106 (4494) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കോളേജ് അദ്ധ്യാപകർക്ക് 1-1-2016 മുതൽ നടപ്പിലാക്കിയ യു.ജി.സി. ശമ്പളവും പെൻഷനും പരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യം അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ കാലതാമസംമൂലം എല്ലാ അദ്ധ്യാപകർക്കും ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-1-2016-ന് ശേഷവും ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ച 29-6-2019-നും ഇടയിൽ സർവ്വീസിൽനിന്നും പെൻഷനായവരിൽ പരിഷ്കരണ ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള അദ്ധ്യാപകരുടെ എണ്ണം എത്രയാണ്?

എയ്ഡഡ് കോളേജുകളിലെ 1171 പേരും സർക്കാർ ലോ കോളേജുകളിൽ 9 പേരുമാണ്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ എണ്ണം ശേഖരിച്ച് താമസംവിനാ ലഭ്യമാക്കുന്നതാണ്.

(സി) ഇവരുടെ ആനുകൂല്യങ്ങൾ വേഗത്തിൽ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശമ്പളപരിഷ്കരണ നടപടികൾ വേഗത്തിലാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സിന് പുതിയ കെട്ടിടം

107 (4495) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടനിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി 30-7-2019-ലെ സ.ഉ.(സാധാ)നമ്പർ 1331/2019/ഉ.വി.വ പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി മണ്ണ് പരിശോധന പൂർത്തിയാക്കി പ്ലാൻ പൊതുമരാമത്ത് ആർക്കിടെക്ച്ചർ വിഭാഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## കാളികാവിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിന് നടപടി

108 (4496) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിലെ കാളികാവിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

&

(ബി) കാളികാവിൽ സർക്കാർ കോളേജ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) വണ്ടൂർ നിയോജകമണ്ഡലത്തിലെ കാളികാവ് ഗ്രാമപഞ്ചായത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഇടക്കാല റിപ്പോർട്ട് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

109 (4497) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ചുറ്റുമതിൽ, താങ്ങുമതിൽ, പ്രവേശന കവാടം എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര തുകയാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഈ തുക ഏതെല്ലാം രീതിയിൽ വകയിരുത്താൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

(എ&ബി) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ചുറ്റുമതിൽ, താങ്ങുമതിൽ, എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. ചുറ്റുമതിൽ, താങ്ങുമതിൽ എന്നിവയ്ക്കായി 99,35,541 രൂപയുടെ എസ്റ്റിമേറ്റാണ് നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുള്ളത്. പദ്ധതി വിഹിതത്തിൽനിന്നും ടി തുക നൽകുവാൻ കഴിയുന്നതാണ്.

## ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ അടിസ്ഥാനസൗകര്യ വികസനം

110 (4498) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് 2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തലശ്ശേരി സർക്കാർ ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 2021-22 പദ്ധതി വിഹിതമായി മെയിൻ ബിൽഡിംഗ് റിനോവേഷന് 29,38,000 രൂപയും നാച്ചുറൽ സയൻസ് ലാബ്, കോംപോസിറ്റ് ലാബ് എന്നിവയുടെ നവീകരണത്തിനായി 10,95,795 രൂപയും അനുവദിക്കുന്നതിന് സർക്കാർ വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമായിട്ടുണ്ട്.

## കൊണ്ടോട്ടി സർക്കാർ ആർട്സ് കോളേജിലെ കോഴ്സുകൾ

111 (4499) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി സർക്കാർ ആർട്സ് കോളേജിൽ നിലവിൽ ഡിഗ്രി/പി.ജി. എന്നിവയ്ക്ക് ഏതെല്ലാം കോഴ്സുകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബി.എ. ഫംഗ്ഷണൽ ഇംഗ്ലീഷ്, ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്‌സി. ഗണിതം, ബി.എ. ഉറുദു, BTHM (ബാച്ച്‌ലർ ഓഫ് ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്), എം.എ. ഇംഗ്ലീഷ്, എം.എസ്‌സി. ഗണിതം എന്നീ കോഴ്സുകളാണ് നിലവിലുള്ളത്.

(ബി) മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സീറ്റുകളുടെ കുറവ് പരിഗണിച്ച് പ്രസ്തുത കോളേജിൽ ഡിഗ്രി/പി.ജി. എന്നിവയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

## മലപ്പുറം സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ

112 (4500) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ കോളേജിൽ പുതിയ പി.ജി., യു.ജി. കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കോളേജിൽ അറബി, ഹിസ്റ്ററി, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ പി.ജി.-യും, സുവോളജി, ബോട്ടണി, ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ യു.ജി.-യും ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

&

(സി) പുതിയ കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) മലപ്പുറം സർക്കാർ കോളേജിൽ 2020-21 അക്കാദമിക വർഷം ബി.എ. ഇംഗ്ലീഷ്, എം.എസ്‌സി. സ്റ്റാറ്റിസ്റ്റിക്സ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതിനായി കാലിക്കറ്റ് സർവകലാശാല ശിപാർശ നൽകിയിരുന്നുവെങ്കിലും പ്രസ്തുത വർഷം കോളേജിൽ പുതിയ കോഴ്സുകൾ അനുവദിച്ചില്ല. 2021-22 അക്കാദമിക വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

**കിനാനൂർ ആർട്സ് ആൻഡ് സയൻസ് കോളേജ്**

113 (4501) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ കരിന്തളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

11-6-2021-ലെ സ.ഉ.(കൈ)279/2021/ഉ.വി.വ. പ്രകാരം കിനാനൂർ കരിന്തളം സർക്കാർ കോളേജ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) കെട്ടിട നിർമാണത്തിന് എത്ര തുകയാണ് വകയിരുത്തിയതെന്ന് അറിയിക്കാമോ?

കരിന്തളം സർക്കാർ കോളേജ് നിർമ്മാണത്തിന്റെ ആദ്യ ഘട്ടത്തിൽ രണ്ട് നിലകളിലായുള്ള അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണത്തിനായി KITCO തയ്യാറാക്കിയ 11.312 കോടിയുടെ പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടി കോളേജിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽനിന്നും 6.82 കോടി രൂപയ്ക്ക് 17-6-2021-ലെ സ.ഉ(സാധാ) 801/2021/ഉ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**ത്രിവത്സര സായാഹ്ന എൽ.എൽ.ബി. കോഴ്സുകൾ**

114 (4502) <u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോ കോളേജുകളിൽ ത്രിവത്സര സായാഹ്ന എൽ.എൽ.ബി കോഴ്സുകൾ നടക്കുന്നുണ്ടോ; അറിയിക്കാമോ;

&

(ബി) ഏതെങ്കിലും സർക്കാർ ലോ കോളേജിൽ പ്രസ്തുത കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലും സ്വകാര്യ കോളേജായ തിരുവനന്തപുരത്തെ കേരള ലോ അക്കാദമി കോളേജിലുമാണ് ത്രിവത്സര എൽ.എൽ.ബി. സായാഹ്ന കോഴ്സ് നടത്തിവന്നിരുന്നത്. എന്നാൽ, ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് 11-6-2021-ലെ ജി.ഒ.(എം.എസ്) നമ്പർ 280/2021/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിലെ ത്രിവത്സര എൽ.എൽ.ബി. സായാഹ്ന കോഴ്സ് നിർത്തലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ത്രിവത്സര സായാഹ്ന കോഴ്സുകൾ നിർത്തലാക്കിയത് സ്വാശ്രയ കോളേജുകൾക്ക് ബാധകമാക്കാത്തതിന്റെ കാരണം അറിയിക്കുമോ;

&

(ഡി) തിരുവനന്തപുരം സർക്കാർ ലോ കോളേജിൽ അവസാനിപ്പിച്ച ത്രിവത്സര സായാഹ്ന എൽ.എൽ.ബി. കോഴ്സ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

(സി&ഡി) ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ Legal Education Rules 2008 പ്രകാരം അനുവദനീയമല്ലാത്ത സായാഹ്ന ത്രിവത്സര എൽ.എൽ.ബി. കോഴ്സ് തിരുവനന്തപുരം കേരള ലോ അക്കാദമി ലോ കോളേജിൽ നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് കൂടി കണക്കിലെടുത്ത് തിരുവനന്തപുരം സർക്കാർ ലോ കോളേജിൽ നിർത്തലാക്കിയ ത്രിവത്സര സായാഹ്ന എൽ.എൽ.ബി. കോഴ്സ് പുനരാരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ ഇൻഡോർ സ്റ്റേഡിയം**

115 (4503) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ്, ആർ.ഐ.ഡി.എഫ്. ഫണ്ട് ഉപയോഗിച്ച് മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ ഇൻഡോർ സ്റ്റേഡിയം, സ്പോർട്സ് ഹോസ്റ്റൽ, ഫുട്ബോൾ ഗ്രൗണ്ട് എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്ക് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

&

(ബി) പദ്ധതി അടങ്കൽ എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ഈ വർഷം തുടങ്ങാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ഇൻഡോർ സ്റ്റേഡിയം, സ്പോർട്സ് ഹോസ്റ്റൽ, ഫുട്ബോൾ ഗ്രൗണ്ട് എന്നിവ നിർമ്മിക്കുന്നതിനുള്ള 5.6 കോടി രൂപ അടങ്കൽ തുകയായി നിശ്ചയിച്ച പ്രൊപ്പോസൽ 2019-20-ൽ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു വെങ്കിലും അനുമതി ലഭിച്ചില്ല.

**ഗോവിന്ദ പൈ കോളേജിലെ കെട്ടിട നിർമ്മാണം**

116 (4504) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവ നിർമ്മിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് 6.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) ലേഡീസ് ഹോസ്റ്റൽ, ആധുനികരീതിയിലുള്ള ലൈബ്രറി കെട്ടിടം എന്നിവയുടെ പ്രവൃത്തി ഈ വർഷം തന്നെ ആരംഭിക്കുന്നതിന് സാധിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എപ്പോഴാണെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള ഡിസൈന് GRIHA (Green Rating for Integrated Habitat Assessment) സ്റ്റാൻഡേർഡ് അനുസരിച്ച് മാറ്റം ഉണ്ടാകുന്നതിനാൽ എസ്റ്റിമേറ്റിലും മാറ്റമുണ്ടാകും. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി സംബന്ധിച്ച് വിവരം ലഭ്യമാവുകയുള്ളൂ.

## നെടുംകണ്ടത്തെ ഐ.എച്ച്.ആർ.ഡി. കോളേജ് കെട്ടിട നിർമ്മാണം

117 (4505) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംകണ്ടത്ത് പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ?

നെടുംകണ്ടത്ത് പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി.-യുടെ അപ്ലൈഡ് സയൻസ് കോളേജിന് ഒരു അക്കാദമിക് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതി 2019-20-ലെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ടി പ്രവർത്തിക്കായി ബഡ്ജറ്റിൽ 100 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

(ബി) കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

&

(സി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ?

(ബി&സി) പ്രസ്തുത പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 543 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 7-2-2020-ലെ സ.ഉ.(സാധാ)നമ്പർ 232/2020/ഉ.വി.വ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിയാത്ത സാഹചര്യം വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കുള്ള തുക ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻഫണ്ടിൽ നിന്നാണ് കണ്ടെത്തേണ്ടത്. ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ഇ) പ്രസ്തുത കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് പ്രത്യേക ഫണ്ട് ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതാണ്. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

**പട്ടാമ്പി സംസ്കൃത കോളേജിൽ പുതിയ കോഴ്സുകൾ**

118 (4506) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി സംസ്കൃത കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടാമ്പി സംസ്കൃത കോളേജിൽ കഴിഞ്ഞ അക്കാദമിക വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി ബി.എസ്.സി. മാത്സ്, ഫിസിക്സ് ഡബിൾ മെയിൻ, ബി.എ. ഹിസ്റ്ററി പൊളിറ്റിക്കൽ സയൻസ് ഡബിൾ മെയിൻ എന്നീ കോഴ്സുകൾ യൂണിവേഴ്സിറ്റി ശിപാർശ ചെയ്തിരുന്നെങ്കിലും 2020-21 അക്കാദമിക വർഷം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടില്ല. 2021-22 അദ്ധ്യയന വർഷത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**കുന്നംകുളം പഴഞ്ഞി എം.ഡി. കോളേജിൽ പുതിയ കോഴ്സുകൾ**

119 (4507) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം പഴഞ്ഞി എം.ഡി. കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങാനുള്ള അനുമതിക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2020-21 അദ്ധ്യയനവർഷം M.Sc Physics-Mathematical & Computational Sciences, Biosciences, Quantum Concepts of Nanostructures, Nano Science & Molecular Structure, B.Sc. Banking & Financial Market എന്നീ കോഴ്സുകൾക്ക് അനുമതിക്കായി കാലിക്കറ്റ് സർവ്വകലാശാല ശിപാർശ ചെയ്തിരുന്നു. എന്നാൽ ടി അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏക കോളേജിൽ ആധുനിക കാലത്തെ ഉന്നത വിദ്യാഭ്യാസത്തിന് ഉതകുന്ന പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

2021-22 അദ്ധ്യയന വർഷത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

## ഗസ്റ്റ് അദ്ധ്യാപകർക്ക് സാലറി ലഭിക്കുന്നതിലെ തടസ്സം

120 (4508) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ 2020-ൽ അനുവദിച്ച ന്യൂ ജനറേഷൻ കോഴ്സുകൾക്ക് വർക്ക് ലോഡ് നിജപ്പെടുത്തി നൽകാത്തതുമൂലം ഗസ്റ്റ് ആയി ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് സാലറി ലഭിക്കുന്നതിലെ തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വർക്ക് ലോഡ് നിജപ്പെടുത്തി നൽകുന്നതിലെ തടസ്സം എന്താണെന്ന് വിശദമാക്കുമോ;

&

(ബി) അടിയന്തരമായി പ്രസ്തുത വിഷയത്തിൽ പരിഹാര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സർവ്വകലാശാലകൾ വർക്ക് ലോഡ് കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## വിദ്യാർത്ഥികളെ കേരള സാങ്കേതിക സർവ്വകലാശാല അയോഗ്യരാക്കിയ സംഭവം

121 (4509) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്താൽ സി.ഇ.ഇ. കേരള പ്രസിദ്ധീകരിച്ച ലാറ്ററൽ എൻട്രി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടില്ലെങ്കിലും ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ തുടരാം എന്ന് സ്വാശ്രയ കോളേജ് അധികൃതർ അറിയിച്ചതിനെത്തുടർന്ന് അഡ്മിഷൻ നേടി പഠനം തുടർന്ന ഇരുന്നൂറ്റി മുപ്പതോളം വിദ്യാർത്ഥികളെ കേരള സാങ്കേതിക സർവ്വകലാശാല അയോഗ്യരാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു കൊല്ലത്തോളം പഠനം തുടരുകയും മറ്റെല്ലാ യോഗ്യതയും ഉണ്ടായിട്ടും മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിലില്ലെന്ന ഒറ്റ കാരണത്താൽ തുടർ പഠനം നിഷേധിക്കപ്പെടുകയും ചെയ്ത പാലക്കാട്, മങ്കര, കണ്ണംപരിയാരത്തെ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് കോളേജിലെ ഏഴോളം വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ വിദ്യാഭ്യാസഭാവി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലെ നിയമപ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ പുറത്തിറക്കിയ പ്രോസ്പെക്ടസ് അനുസരിച്ചാണ് ബി.ടെക് ലാറ്ററൽ എൻട്രി അഡ്മിഷൻ നടത്തേണ്ടത്. എന്നാൽ ചില സ്വകാര്യ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾ പ്രവേശന പരീക്ഷാ കമ്മിഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ബി.ടെക്. (ലാറ്ററൽ എൻട്രി) വിഭാഗത്തിൽ പ്രവേശനം നൽകി. പ്രോസ്പെക്ടസിന് വിരുദ്ധമായ ഇത്തരം അഡ്മിഷൻ സർവകലാശാല അംഗീകരിച്ചിട്ടില്ല. ഇതേതുടർന്ന് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ കോടതിയെ സമീപിക്കുകയും ഇടക്കാല ഉത്തരവുകൾ നേടിയതിന്റെ പശ്ചാത്തലത്തിൽ പ്രൊവിഷണലായി പരീക്ഷ എഴുതുകയും ചെയ്തു. എന്നാൽ 2021 ജൂലൈ 6-ന് കേരള ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമവിധിപ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികൾ മാത്രമാണ് അഡ്മിഷന് യോഗ്യരായത്. ഹൈക്കോടതി അന്തിമ വിധിയുടെ പശ്ചാത്തലത്തിൽ അയോഗ്യരാക്കപ്പെട്ട കുട്ടികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല.

**അറ്റൻഡർ തസ്തികയുടെ പുനർനാമകരണം**

122 (4510) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അറ്റൻഡർ തസ്തികയുടെ പേര് മാറ്റുന്നതുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ എടുത്തിട്ടുള്ള തീരുമാനം എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ പേര് മാറ്റുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലോ വകുപ്പ് തലത്തിലോ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ അറിയിക്കുമോ;

&

(സി) പുനർനാമകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

(എ-സി)കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അറ്റൻഡർ തസ്തിക പുനർനാമകരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് സർക്കാർ തലത്തിൽ 7-8-2019-ൽ യോഗം ചേർന്നു. പ്രസ്തുത നിയമനം നടത്തുന്നത് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ പത്താംതരം പാസായവരിൽനിന്നും ബൈ ട്രാൻസ്ഫർ വഴി ആയതിനാൽ

കോളേജുകളിലെ ലാബ്/ലൈബ്രറി എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പുനർനാമകരണത്തോടൊപ്പം അധികയോഗ്യതകൂടി സ്പെഷ്യൽ റൂളിൽ കൂട്ടി ചേർക്കുന്നത് സംബന്ധിച്ച സാധ്യതകൂടി പഠിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. തസ്തിക പുനർനാമകരണവും, യോഗ്യതയിൽ മാറ്റം വരുത്തുന്നതും സംബന്ധിച്ച സ്പെഷ്യൽ റൂൾ ഭേദഗതി പ്രൊപ്പോസൽ സൂക്ഷ്മതയോടും വിശദമായ പഠന/ വിശകലനത്തോടെയും വിവിധ തലങ്ങളിലെ കൂടിയാലോചനകളുടെയും അടിസ്ഥാനത്തിൽ നടത്തേണ്ടതുണ്ട്. സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട നിലവിലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത പ്രൊപ്പോസൽ തയ്യാറാ ക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച് വരികയാണ്. തസ്തികകൾ പുനർനാമകരണം ചെയ്യപ്പെടുന്നതിനും, ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനും 17-1-2013-ലെ സർക്കുലർ നമ്പർ 6/2013/ധന., 19-7-2010-ലെ സർക്കുലർനം.11884/R1/07/P&ARD. എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തികയുടെ പുനർനാമകരണം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ഫയലിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അറ്റൻഡർ തസ്തിക പുനർനാമകരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് സർക്കാർ തലത്തിൽ 7-8-2019-ന് നടന്ന യോഗത്തിൽ തീരുമാനിച്ചു. പ്രസ്തുത നിയമനം നടത്തുന്നത് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ പത്താംതരം പാസായവരിൽനിന്നും ബൈ ട്രാൻസ്ഫർ വഴി ആയതിനാൽ കോളേജുകളിലെ ലാബ്/ലൈബ്രറി എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പുനർനാമകരണത്തോടൊപ്പം അധിക യോഗ്യത കൂടി സ്പെഷ്യൽ റൂളിൽ കൂട്ടിചേർക്കുന്നത് സംബന്ധിച്ച സാധ്യതകൂടി പഠിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

(ഇ) 2019 ആഗസ്റ്റ് 7-ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കാമോ?

2019 ആഗസ്റ്റ് 7-ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ തസ്തികയുടെ പുനർനാമകരണത്തോടൊപ്പം അധിക യോഗ്യത കൂടി സ്പെഷ്യൽ റൂളിൽ കൂട്ടി ചേർക്കുന്നത് സംബന്ധിച്ച സാധ്യതകൂടി പഠിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുകയും ആ വിവരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ കത്തിലൂടെ അറിയിക്കുകയും ചെയ്തിരുന്നു. ടി യോഗത്തിന് മിനിറ്റ്സ് തയ്യാറാക്കിയിരുന്നില്ല.

## ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ

123 (4511) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ഗ്രന്ഥശാല കൾക്ക് വാർഷിക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നീ ഇനങ്ങളിൽ നിലവിലെത്ര രൂപയാണ് നൽകി വരുന്നതെന്നും ക്ലാസിഫിക്കേഷൻ അനുസരിച്ച് തുക വർദ്ധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു :

| ലൈബ്രറി | വാർഷിക ഗ്രാന്റ് |
|---|---|
| A+ ഗ്രേഡ് ലൈബ്രറി | 50,000 രൂപ |
| A ഗ്രേഡ് ലൈബ്രറി | 32,000 രൂപ |
| B ഗ്രേഡ് ലൈബ്രറി | 24,000 രൂപ |
| C ഗ്രേഡ് ലൈബ്രറി | 20,000 രൂപ |
| D ഗ്രേഡ് ലൈബ്രറി | 16,000 രൂപ |
| E ഗ്രേഡ് ലൈബ്രറി | 14,000 രൂപ |
| F ഗ്രേഡ് ലൈബ്രറി | 12,000 രൂപ |

| ലൈബ്രറി | പ്രതിമാസ ലൈബ്രേറിയൻ അലവൻസ് |
|---|---|
| A+ ഗ്രേഡ് ലൈബ്രറി | 4,720 രൂപ |
| A, B, C ഗ്രേഡ് ലൈബ്രറികൾ | 4,120 രൂപ |
| D, E, F ഗ്രേഡ് ലൈബ്രറികൾ | 3,820 രൂപ |

നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് വാർഷിക ഗ്രാന്റിൽ വർദ്ധനവ് വരുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ലൈബ്രേറിയൻ അലവൻസിൽ 2021 ഏപ്രിൽ മുതലാണ് പ്രതിമാസം 1,000 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുള്ളത്.

## ഐ.എച്ച്.ആർ.ഡി.യിലെ കൺസോളിഡേറ്റഡ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

124 (4512) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്തുവരുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ബി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഐ.എച്ച്.ആർ.ഡി.-യിലെ താൽക്കാലിക ജീവനക്കാരുടെ ദിവസവേതന/ സമയബന്ധിത വേതനം 2019 ഫെബ്രുവരി 1 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ആയത് വീണ്ടും പുതുക്കണമെന്ന ആവശ്യം ഐ.എച്ച്.ആർ.ഡി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ നടപ്പിലാക്കാൻ നിർവ്വാഹമില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരുടെ വേതനവർദ്ധനവ് നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനം

125 (4513) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ.അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനം പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണോ നടത്തുന്നതെന്ന് അറിയിക്കാമോ?

6-8-2016-ലെ G.O(Ms)No.174/16/HEDN. ഉത്തരവിന്റെയും 29-5-2017-ലെ J3/359/2016/HEDN. നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ 2015 എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ടിലെ 7-ാം വകുപ്പ് 5-ാം ഉപവകുപ്പ് പ്രകാരം ഓപ്ഷൻ മുഖേന നിയമനം നടത്തിയിട്ടുണ്ട്. 5-8-2019-ലെ GO(Ms) No.280/2019/HEDN. പ്രകാരം പുതുതായി സൃഷ്ടിച്ച 25 അസിസ്റ്റന്റ് തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി. മുഖേനയാണ് നടത്തിയത്.

(ബി) പ്രസ്തുത സർവകലാശാലയിലെ അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടർ എന്നീ തസ്തികകൾ സർവ്വകലാശാല ചട്ടപ്രകാരം അദ്ധ്യാപക തസ്തികകളാണോ; ഇവയിൽ എത്ര തസ്തികകൾ നിലവിലുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത സർവ്വകലാശാലയിലെ ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലെ നിയമനം സർവ്വകലാശാലയുടെ കീഴിലെ കോളേജുകളിലെ പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിലെ അദ്ധ്യാപകരിൽനിന്നും സ്റ്റാറ്റ്യൂട്ട് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാന ത്തിലാണ് നടത്തുന്നത്. അദ്ധ്യാപക തസ്തികയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും സർവ്വകലാശാലയിലെ പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ/അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ നിയമനത്തിന് UGC/AICTE നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനം എന്ന് ആദ്യ സ്റ്റാറ്റ്യൂട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഡയറക്ടർ അക്കാദമിക് | 1 |
| ഡയറക്ടർ റിസർച്ച് | 1 |
| ജോയിന്റ് ഡയറക്ടർ | 2 |
| അസിസ്റ്റന്റ് ഡയറക്ടർ | 2 |

(സി) പ്രസ്തുത സർവ്വകലാശാലയിൽ ഒഴിഞ്ഞ് കിടക്കുന്ന എല്ലാ അനദ്ധ്യാപക തസ്തികകളിലേക്കും സ്ഥിരനിയമനം നടത്തുവാനായി ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇല്ല. 6-8-2016-ലെ G.O(Ms)No.174/16/HEDN ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഒഴിവുകൾ കണക്കാക്കി റിപ്പോർട്ട് ചെയ്യുന്ന തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ**

126 (4514) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.സി.ടി.ഇ.-യുടെ 2020-ലെ മാനദണ്ഡപ്രകാരം എല്ലാ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും 2023-നുള്ളിൽ സ്ഥാപനങ്ങളിലെ അറുപത് ശതമാനം കോഴ്സുകൾക്കെങ്കിലും നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ (എൻ.ബി.എ.) നേടിയില്ലയെങ്കിൽ കൗൺസിലിന്റെ അംഗീകാരം നഷ്ടമാകുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) കൗൺസിലിന്റെ മാനദണ്ഡപ്രകാരമുള്ള സ്ഥിരാദ്ധ്യാപകരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) എട്ട് പോളിടെക്നിക് കോളേജുകളിൽ ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോടതി വ്യവഹാരം നടക്കുന്നതിനാൽ പോളിടെക്നിക് കോളേജുകളിൽ സമയബന്ധിതമായി സ്ഥാനകയറ്റം നൽകാനാവാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത്തരം പ്രൊമോഷൻ തസ്തികകളെ പ്രവേശന തസ്തികകളാക്കി (entry cadre) കണക്കാക്കി നിയമനം നടത്തുവാൻ 5-8-2021-ലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ) നമ്പർ 1009/ഉ.വി.വ. പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എ.ഐ.സി.ടി.ഇ. അക്രഡിറ്റേഷന് സ്ഥിരമായ മാനവവിഭവശേഷി അത്യാവശ്യമാണ് എന്നതിനാൽ ഈ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

### സാങ്കേതിക സർവ്വകലാശാലയ്ക്ക് സ്വന്തമായി സോഫ്റ്റ്‌വെയർ

127 (4515) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക സർവ്വകലാശാലയ്ക്ക് സ്വന്തമായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനായി പുറംകരാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുറംകരാർ നൽകിയിരിക്കുന്ന കമ്പനിയുടെ പേര് വ്യക്തമാക്കുമോ?

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ആണ് സർവ്വകലാശാലയ്ക്കുവേണ്ടി സോഫ്റ്റ്‌വെയർ നിർമ്മിച്ചുനൽകുന്നത്. സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി സർവ്വകലാശാല കരാറിൽ എത്തിച്ചേർന്നിട്ടുള്ള കെൽട്രോൺ ഉപകരാർ നൽകിയിരിക്കുന്നത് ഓസ്പിൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്.

(സി) പ്രസ്തുത സർവ്വകലാശാലയ്ക്ക് സ്വന്തമായി ഐ.ടി. വിഭാഗമുണ്ടോ; പുറംകരാർ വഴിയല്ലാതെ സർവ്വകലാശാലയുടെ ഐ.ടി. വിഭാഗം ഏതെങ്കിലും സോഫ്റ്റ്‌വെയർ നിർമ്മിച്ചിട്ടുണ്ടോ; ഇത്തരം സോഫ്റ്റ്‌വെയറുകൾ സംസ്ഥാനത്തെ ഇതര സർവ്വകലാശാലകൾക്ക് പ്രയോജനകരമാകും വിധം കൈമാറ്റം ചെയ്തിട്ടുണ്ടോ?

ഉണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വിദ്യാഭ്യാസ സ്ഥാപനമേധാവികൾ, സർവ്വകലാശാല ജീവനക്കാർ എന്നിവരെ ഇ-ഗവേണൻസ് സംവിധാനവുമായി കൂട്ടിയോജിപ്പിച്ച് കൊണ്ടുപോകുന്നതരത്തിൽ സാങ്കേതികമായ സഹായങ്ങൾ നൽകുന്നതും കേരള സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ സംവിധാനങ്ങളുടെ പരിപാലനം നിർവ്വഹിക്കുന്നതും സർവ്വകലാശാല ഐ.ടി വിഭാഗമാണ്. എന്റർപ്രൈസസ് നിലവാരത്തിലുള്ള ഇ-ഗവേണൻസ് സംവിധാനം സർവ്വകലാശാലയുടെ എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾക്ക് ഉതകുന്നതരത്തിൽ നിർമ്മിച്ചിട്ടുള്ളതാണ്. ആയതിനാൽ സർവ്വകലാശാലയുടെ ഐ. ടി. വിഭാഗം ഇതിലേക്ക് കൂട്ടിച്ചേർക്കലുകൾ നടത്തുകയോ മറ്റ് സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ നിർമ്മിക്കുകയോ ചെയ്തിട്ടില്ല.

(ഡി) സാങ്കേതിക സർവ്വകലാശാലയുടെ അവസാന സെമസ്റ്റർ പരീക്ഷകൾ ഓൺലൈൻ വഴിയാണോ നടത്തിയത്; ചോദ്യക്കടലാസുകൾ സാങ്കേതിക സർവ്വകലാശാലയാണോ നൽകിയത്; അല്ലെങ്കിൽ പരീക്ഷ നടത്തിയ രീതി വിശദമാക്കാമോ?

സർവ്വകലാശാലയുടെ അവസാന സെമസ്റ്റർ പരീക്ഷകൾ ഓൺലൈൻ സംവിധാനം വഴിയാണ് നടത്തിയത്. ഇതുസംബന്ധിച്ചുള്ള മാർഗ്ഗരേഖകളും നിർദ്ദേശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ഇ) ഓസ്പിൻ ടെക്നോളജീസ് എന്ന സ്ഥാപനം സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടി സോഫ്റ്റ്‌വെയർ തയ്യാറാക്കുകയോ പരിപാലിക്കുകയോ ചെയ്തിട്ടുണ്ടോ?

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെൽട്രോൺ ആണ് സർവ്വകലാശാലയ്ക്കുവേണ്ടി സോഫ്റ്റ്‌വെയർ നിർമ്മിച്ചുനൽകുന്നത്. സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി സർവ്വകലാശാല കരാറിൽ എത്തിച്ചേർന്നിട്ടുള്ള കെൽട്രോൺ, ഉപകരാർ നൽകിയിരിക്കുന്നത് ഓസ്പിൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ്.

(എഫ്) സോഫ്റ്റ്‌വെയർ ആവശ്യങ്ങൾക്കായി സാങ്കേതിക സർവ്വകലാശാല നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; പ്രസ്തുത തുക ആർക്കൊക്കെയാണ് നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

സോഫ്റ്റ്‌വെയർ ആവശ്യങ്ങൾക്കായി 16,93,05,541 രൂപയാണ് ചെലവഴിച്ചത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ സ്ഥിരനിക്ഷേപം

128 (4516) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം 2010 മുതൽ നാളിതുവരെ എച്ച്.ഡി.എഫ്.സി. ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. 2013 മുതലാണ് എച്ച്.ഡി.എഫ്.സി. ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളത്. സ്ഥാപനത്തിൽ സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. 2020 ആഗസ്റ്റ് മുതൽ സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചുവരുന്നു. വിവിധ ഫയൽ രേഖകൾ പരിശോധിച്ചതിൽനിന്നും എച്ച്.ഡി.എഫ്.സി. ബാങ്കിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്ഥിരം നിക്ഷേപ തുകയിൽനിന്നും ഓരോ പ്രാവശ്യവും എത്ര ലക്ഷം രൂപ പിൻവലിച്ചുവെന്നും അത് ഏത് ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

സ്ഥാപനത്തിൽ ഈ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചതായി കാണുന്നില്ല.

(സി) നിക്ഷേപത്തിന് പലിശ ഇനത്തിൽ ബാങ്ക് ഓരോവർഷവും എത്ര തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത അക്കൗണ്ടിൽ എത്ര രൂപ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

സ്ഥാപനത്തിൽ ഈ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചതായി കാണുന്നില്ല.

(ഡി) ബാങ്കിലെ മേല്പറഞ്ഞ സ്ഥിരം നിക്ഷേപത്തിൽനിന്ന് ലക്ഷക്കണക്കിന് രൂപ പിൻവലിക്കപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപ അക്കൗണ്ടിൽനിന്ന് നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

&

(ഇ) ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും നഷ്ടപ്പെട്ട തുക തിരിച്ചുപിടിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എൽ.ബി.എസ്.-ൽ ഒടുക്കിയ ഫീസ് തിരികെ നൽകുന്നതിനുള്ള നടപടി

129 (4517) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ നേടുകയും തുടർന്ന് സ്പോട്ട് അഡ്മിഷൻ സമയത്ത് മറ്റ് എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് മാറിപ്പോയതുമായ വിദ്യാർത്ഥികൾക്ക് അവർ എൽ.ബി.എസ്.-ൽ ഒടുക്കിയ ഫീസ് നാളിതുവരെ തിരികെ നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

എൽ.ബി.എസ്. സെന്ററിനുകീഴിൽ കാസർഗോഡും, തിരുവനന്തപുരത്ത് പൂജപ്പുരയിലുമായി രണ്ട് എഞ്ചിനീയറിംഗ് കോളേജുകളാണ് പ്രവർത്തിക്കുന്നത്. 2020-21 അദ്ധ്യയന വർഷത്തിൽ കാസർഗോഡ് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നേടുകയും തുടർന്ന് സ്പോട്ട് അഡ്മിഷൻ ലഭിച്ച് മാറിപ്പോയതുമായ 35 പേർക്കും പൂജപ്പുര വനിതാ എഞ്ചിനീയറിംഗ് കോളേജിൽനിന്ന് സ്പോട്ട് അഡ്മിഷൻ വഴി മാറിപ്പോയതുമായി 31 വിദ്യാർത്ഥിനികൾക്കും ഒടുക്കിയ ഫീസ് തിരികെ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

18-1-2019-ലെ സ.ഉ.(സാധാ)നമ്പർ77/2019/ഉ.വി.വ. ഉത്തരവ് പ്രകാരം അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും തുക മടക്കി നൽകിയിട്ടുണ്ട്.

## കണ്ണൂർ പോളിടെക്നിക്കിലെ പാർട് ടൈം ഡിപ്ലോമ കോഴ്സ്

130 (4518) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജകമണ്ഡലത്തിലെ സർക്കാർ പോളിടെക്നിക്കിൽ ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവച്ചിരുന്ന പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് പുനരാരംഭിക്കാൻ പദ്ധതി ഉണ്ടോയെന്ന് അറിയിക്കാമോ?

കണ്ണൂർ നിയോജകമണ്ഡലത്തിലെ സർക്കാർ പോളിടെക്നിക്കിൽ ചില സാങ്കേതിക കാരണങ്ങളാൽ നിർത്തിവച്ചിരുന്ന പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് പുനരാരംഭിക്കണമെന്ന അപേക്ഷകൾ ലഭിച്ചതിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

## പോളിടെക്നിക് കോളേജ് പ്രവേശനം

131 (4519) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക് കോളേജ് പ്രവേശനത്തിന് ഏർപ്പെടുത്തിയ ഓൺലൈൻ സംവിധാനത്തിൽ അൺഎയ്ഡഡ് കോളേജുകളുടെ മാനേജ്മെന്റ് സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിനായി ഒരു കോളേജിന് നൂറ്റിയൻപത് രൂപ വീതം ഫീസ് ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കോവിഡ്മൂലം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കൂടുതൽ പോളിടെക്നിക് സ്ഥാപനങ്ങളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ഇത് വിഘാതം സൃഷ്ടിക്കുന്നതിനാൽ പ്രസ്തുത അപേക്ഷാഫീസ് സർക്കാർ കോളേജുകളുടേതിന് തുല്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വർഷം മുതൽ സ്വകാര്യ പോളിടെക്നിക്ക് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും www.polyadmission. org എന്ന പോർട്ടൽ വഴി രജിസ്റ്റർ ചെയ്യേണ്ടതും അവരുടെ അഡ്മിഷൻ ഈ പോർട്ടൽ വഴി നല്കുന്നതും ആയിരിക്കും. ആയതിലേയ്ക്ക് സർക്കാർ സീറ്റുകളിലേയ്ക്കുള്ള അപേക്ഷാ ഫീസിന് തുല്യമായ നൂറ്റൻപത് രൂപ (150 രൂപ) മാത്രമേ മാനേജ്മെന്റ് സീറ്റുകളിലേയ്ക്കുള്ള അപേക്ഷാ ഫീസ് ആയി നിശ്ചയിച്ചിട്ടുള്ളു.

(സി) വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള മാനേജ്മെന്റ് സ്ഥാപനങ്ങളിൽ നേരിട്ട് പ്രവേശനം നേടുന്നതിനുള്ള സാഹചര്യം ഒരുക്കുമോ; അറിയിക്കുമോ?

ഒരുക്കിയിട്ടുണ്ട്. www.polyadmission.org എന്ന അഡ്മിഷൻ പോർട്ടലിൽ സ്വീകരിക്കുന്ന മാനേജ്മെന്റ് അപേക്ഷാ വിവരങ്ങൾ അതത് സ്വകാര്യ സ്വാശ്രയ പോളിടെക്നിക്ക് കോളേജുകൾക്ക് നല്കി, മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും മാനേജ്മെന്റ് തന്നെയാണ് പ്രവേശന നടപടികൾ പൂർത്തിയാക്കുന്നത്.

## നെയ്യാറ്റിൻകര പോളിടെക്നിക്കിലെ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ

132 (4520) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ അനുവദിച്ചിരുന്ന ആറ് മാസത്തെ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ;

&

(ബി) സംസ്ഥാനത്തെ എല്ലാ പോളിടെക്നിക് കോളേജുകളിലും ഇത്തരം കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിലെ 31 പോളിടെക്നിക്കുകളിൽ 17 ലക്ഷം രൂപ വീതം ആകെ 527 ലക്ഷം രൂപയാണ്, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ത്രൂ പോളിടെക്നിക് പദ്ധതിയുടെ (CDTP) നടത്തിപ്പിനായി കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയം ഓരോ സാമ്പത്തിക വർഷവും വകയിരുത്തിവന്നിരുന്നത്. ആയതിൽ 2017-18 സാമ്പത്തിക വർഷത്തിൽ 276 ലക്ഷം രൂപ മാത്രമാണ് സംസ്ഥാനത്തെ 25 പോളിടെക്നിക് കോളജുകൾക്ക് ലഭിച്ചത് നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജുൾപ്പെടെ ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട 251 ലക്ഷം രൂപ ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷയും വിനിയോഗ സർട്ടിഫിക്കറ്റും നൈപുണ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി ടി തുകയും അനുവദിക്കപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്ക് വേണ്ടിയിരുന്ന തുക ലഭിക്കുന്നതിന് ആവശ്യമായ രേഖകളും നൈപുണ്യ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതും നാളിതുവരെയായി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിലാണ് നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ CDTP കോഴ്സുകൾ നിർത്തിവയ്ക്കേണ്ടിവന്നത്. നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് ഉൾപ്പെടെയുള്ള 31 സ്ഥാപനങ്ങളിലും തുക അനുവദിച്ച് ലഭ്യമായ ശേഷം മാത്രമെ വീണ്ടും കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

## കുറ്റിപ്പുറത്ത് പോളിടെക്നിക് കോളേജ് ആരംഭിക്കാൻ നടപടി

133 (4521) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ സ്കൂൾ പരിസരത്ത് ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് ആരംഭിക്കുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഏകദേശം 6 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. നാല് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശയാണ് നൽകിയിട്ടുള്ളത് എന്നാൽ പ്രോപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പാരമ്പര്യ കോഴ്സുകൾക്ക് പകരം എ.ഐ.സി.ടി.ഇ. നിബന്ധനപ്രകാരമുള്ള പുതുകോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോട്ടക്കൽ മണ്ഡലത്തിൽ പുതിയ പോളിടെക്നിക് കോളേജ്**

134 (4522) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ സ്കൂൾ പരിസരത്ത് ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ?

സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

&

(സി) 2021-22 അദ്ധ്യയന വർഷത്തിൽ കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത പഠന റിപ്പോർട്ടിൽ സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് എന്നീ നാല് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശയാണുള്ളത്. കൂടാതെ പുതുതലമുറ കോഴ്സുകൾ തീരുമാനിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. എ.ഐ.സി.ടി.ഇ. നിബന്ധനപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ അദ്ധ്യാപക തസ്തികകൾ എന്നിവ സജ്ജമാകുന്ന മുറയ്ക്ക് എ.ഐ.സി.ടി.ഇ. അംഗീകാരത്തിന് വിധേയമായി സ്ഥാപനം ആരംഭിക്കാൻ കഴിയുന്നതാണ്.

**കല്ല്യാശ്ശേരി ഇ.കെ.നായനാർ മെമ്മോറിയൽ മോഡൽ പോളിടെക്നിക്ക്**

135 (4523) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ കല്ല്യാശ്ശേരിയിൽ പ്രവർത്തിക്കുന്ന ഇ.കെ.നായനാർ മെമ്മോറിയൽ മോഡൽ പോളിടെക്നിക്കിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്നും എത്ര കുട്ടികൾ അവിടെ പഠിക്കുന്നുണ്ടെന്നും അറിയിക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കല്ല്യാശ്ശേരിയിൽ പ്രവർത്തിക്കുന്ന ഇ. കെ. നായനാർ മെമ്മോറിയൽ മോഡൽ പോളിടെക്നിക് കോളേജിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനീയറിംഗ്, ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകളാണ് നിലവിലുള്ളത്. നിലവിൽ 574 കുട്ടികൾ മേല്പറഞ്ഞ കോഴ്സുകളിൽ ഈ സ്ഥാപനത്തിൽ പഠിക്കുന്നുണ്ട്.

(ബി) പ്രസ്തുത പോളിടെക്നിക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

2020-21 വർഷത്തിൽ പോളിടെക്നിക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) പ്രസ്തുത പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോഴ്സിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി മോഡൽ പോളിടെക്നിക് കോളേജിൽ 2021-22 അദ്ധ്യയന വർഷത്തിലേയ്ക്ക് പുതുതായി ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് കോഴ്സ് തുടങ്ങുന്നതിലേയ്ക്ക് എ.ഐ.സി.റ്റി.ഇ.-യിൽ അപേക്ഷ സമർപ്പിക്കുകയും കോഴ്സ് തുടങ്ങുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ എൻ.ഒ.സി. ലഭ്യമാക്കിയിരുന്നു. പ്രസ്തുത കോഴ്സ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഈ വർഷത്തെ അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ടൈപ്പ്റൈറ്റിംഗ് ആൻഡ് വേർഡ് പ്രോസസ്സിംഗ് പരീക്ഷാ സർട്ടിഫിക്കറ്റ്**

136 (4524) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.ടി.ഇ. മുഖേന നടപ്പാക്കുന്ന ടൈപ്പ്റൈറ്റിംഗ് ആൻഡ് വേർഡ് പ്രോസസ്സിംഗ് പരീക്ഷ നടന്ന് മാസങ്ങൾ കഴിഞ്ഞിട്ടും സർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2019 ഡിസംബറിൽ പ്രസിദ്ധീകരിച്ച കെ.ജി.ടി.ഇ. (കൊമേഴ്സ്) പരീക്ഷാ വിജ്ഞാപനപ്രകാരം പരീക്ഷാഭവൻ നടത്തേണ്ട പരീക്ഷകൾ 2020 ഫെബ്രുവരി മാസം നടത്തുകയുണ്ടായി. എന്നാൽ ഈ പരീക്ഷയുടെ ഭാഗമായുള്ള വേർഡ് പ്രോസസ്സിംഗ് പരീക്ഷ നടത്തേണ്ടത് എൽ.ബി.എസ്. മുഖാന്തരമാണ്. 2020 ഫെബ്രുവരിയിൽ തന്നെ പരീക്ഷാഭവൻ പരീക്ഷകൾ പൂർത്തിയാക്കിയെങ്കിലും കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എൽ.ബി.എസ്.-ന് വേർഡ് പ്രോസസ്സിംഗ് പരീക്ഷ സമയബന്ധിതമായി നടത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. വേർഡ് പ്രോസസ്സിംഗ് പരീക്ഷ എൽ.ബി.എസ്. പൂർത്തിയാക്കിയത് 2021 ഫെബ്രുവരി മാസത്തിലാണ്. ആയതിന്റെ റിസൽട്ട് എൽ.ബി.എസ്.-ൽ നിന്നും ലഭ്യമാകാൻ താമസിച്ചതുകാരണം പരീക്ഷാഭവൻ ഈ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചത് 2021 ഏപ്രിൽ മാസത്തിലാണ്. 2021 മെയ് മാസം കോവിഡ് വ്യാപകമായതിനെ തുടർന്ന് ഓഫീസുകൾ പ്രവർത്തനരഹിതമാവുകയും പിന്നീട് ജൂൺ മാസത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയുടെ പ്രവർത്തനങ്ങളോടൊപ്പം തന്നെ കെ.ജി.ടി.ഇ. സർട്ടിഫിക്കറ്റുകളും മാർക്കുലിസ്റ്റുകളും നൽകുന്നതിനാവശ്യമായ വെരിഫിക്കേഷൻ ജോലികൾ നടത്തുകയും, പിന്നീട് സർട്ടിഫിക്കറ്റ് പ്രിന്റിംഗ് ജോലികൾ പൂർത്തീകരിച്ച് പരിശോധനകൾക്കുശേഷം സർട്ടിഫിക്കറ്റുകളുടെ വിതരണം ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ വഴി വിതരണം ചെയ്യുന്നതിന് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽനിന്ന് ചീഫ് സൂപ്രണ്ടുമാർ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റി പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) ഇത് ഉദ്യോഗാർത്ഥികളുടെ തൊഴിലവസരങ്ങൾ, സീനിയോറിറ്റി എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതിനാലും അവർക്ക് പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയിൽ രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്തതിനാലും പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വേർഡ് പ്രോസസ്സിംഗ് പരീക്ഷയുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ കോവിഡ് വ്യാപകമായതിന്റെ പശ്ചാത്തലത്തിൽ എൽ.ബി.എസ്. സെന്ററിന് സാധിക്കാത്തതിനാലാണ് റിസൽട്ട് പ്രസിദ്ധീകരിക്കുവാൻ കാലതാമസം ഉണ്ടായത്. റിസൽട്ട് പ്രസിദ്ധീകരണത്തിനുശേഷം മേയ്, ജൂൺ മാസങ്ങളിൽ കോവിഡ് സാഹചര്യം നിലനിന്നിരുന്നുവെങ്കിലും സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ട് സർട്ടിഫിക്കറ്റ് വിതരണം പൂർത്തീകരിച്ചിട്ടുള്ളതാണ്. പരീക്ഷാർത്ഥികൾക്ക് അവർ പരീക്ഷയെഴുതിയ പരീക്ഷാകേന്ദ്രങ്ങളിൽനിന്ന് സർട്ടിഫിക്കറ്റ് കൈപ്പറ്റാവുന്നതാണ്.

## കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം അഴിമതി

137 (4525) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനായുള്ള 31-7-19-ലെ 1335/2019 സർക്കാർ ഉത്തരവ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല.

(ബി) അന്വേഷണ റിപ്പോർട്ട് നാളിതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ കാലാവധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ?

കമ്മിറ്റിയിലെ അംഗങ്ങൾ മറ്റു തസ്തികയിലേയ്ക്ക് മാറിയതിനാൽ പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനായുള്ള ഫയൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) സ്ഥാപനത്തിന്റെ ഗവേണിംഗ് ബോഡി, അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥന്മാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകരുതെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഉദ്യോഗസ്ഥർക്കാണ് ആനുകൂല്യങ്ങൾ നൽകരുതെന്ന് തീരുമാനിച്ചിട്ടുള്ളത്?

റിട്ടയർമെന്റിന്റെ ഭാഗമായുള്ള ഗ്രാറ്റുവിറ്റി തുക നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം മുൻഡയറക്ടർ ശ്രീ. അരുൾ ജെറാൾഡ് പ്രകാശ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം മുൻഅസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുരേഷ് കുമാർ. എസ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം മുൻ ഡെപ്യൂട്ടി ഡയറക്ടർ (ഡെപ്യൂട്ടേഷൻ) ശ്രീമതി ബീഗം പമീല. എസ്.എ. എന്നീ മൂന്ന് ഉദ്യോഗസ്ഥർക്ക് ആനുകൂല്യങ്ങൾ നൽകരുതെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഗവേണിംഗ് ബോഡിയുടെ തീരുമാനത്തിന് വിരുദ്ധമായി ആർക്കെങ്കിലും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നൽകിയിട്ടില്ല.

(ഇ) പ്രസ്തുത അന്വേഷണ റിപ്പോർട്ട് വേഗത്തിൽ സമർപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകുമോ; അറിയിക്കുമോ?

കമ്മിറ്റിയിലെ അംഗങ്ങൾ മറ്റു തസ്തികയിലേയ്ക്ക് മാറിയതിനാൽ പ്രസ്തുത കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനായുള്ള ഫയൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## അദ്ധ്യാപക തസ്തികകളിലെ സംവരണം

138 (4526) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശകളിലെ അദ്ധ്യാപക തസ്തികകൾ വിജ്ഞാപനം ചെയ്യുമ്പോൾ സംവരണ തസ്തികകൾ ഏതെല്ലാമെന്ന് വ്യക്തമാക്കിയിരിക്കണമെന്ന് യു.ജി.സി. നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ യു.ജി.സി.-യുടെ നിർദ്ദേശം പാലിക്കുന്നുണ്ടോ?

സർവ്വകലാശാലകളിൽ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടത്തുന്നത്. യു.ജി.സി. റെഗുലേഷനിൽ സംവരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. സർവ്വകലാശാലയിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുമ്പോൾ സംവരണത്തിനായി സർവ്വകലാശാലയെ ഒറ്റ യൂണിറ്റായി ഇവ പരിഗണിക്കുന്നതിനുള്ള സ്പഷ്ടീകരണം യു.ജി.സി. നൽകിയിട്ടുണ്ട്.

(ബി) കാലിക്കറ്റ് സർവ്വകലാശാല സംവരണം വ്യക്തമാക്കാതെ അദ്ധ്യാപക തസ്തികകളിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

W.P(C) Nos. 9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated, 3rd day of February, 2016 കോടതി വിധി പ്രകാരം സംവരണം നിയമന സമയത്ത് മാത്രമേ വ്യക്തമാക്കാവൂ. അതിൻപ്രകാരം സംവരണം വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) സംവരണം ചെയ്യേണ്ട തസ്തികകളിലേക്ക് പൊതു വിഭാഗത്തിൽപ്പെട്ടവർ അപേക്ഷ സമർപ്പിക്കുന്നത് സംവരണ വിഭാഗക്കാരുടെ സാദ്ധ്യതകളെ ബാധിക്കുമോ; വിശദമാക്കുമോ?

സംവരണം ചെയ്യപ്പെട്ട തസ്തികകളിൽ ഏത് വിഭാഗത്തിനാണോ സംവരണം ചെയ്യപ്പെട്ടത് ആ വിഭാഗത്തിന് മാത്രമെ പ്രാതിനിധ്യം ലഭിക്കുകയുള്ളൂ. അതുകൊണ്ടു തന്നെ സംവരണ വിഭാഗങ്ങളുടെ സാദ്ധ്യതകൾക്ക് യാതൊരു വിധത്തിലുള്ള തടസ്സങ്ങളും ഉണ്ടാകുന്നില്ല.

## സർക്കാർ എയ്ഡഡ് കോളേജുകളിൽ സീറ്റുകളുടെ അപര്യാപ്തത

139 (4527) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള സീറ്റുകൾ ഹയർ സെക്കണ്ടറി മേഖലയിൽനിന്ന് യോഗ്യത നേടി വരുന്നവർക്ക് പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഹയർ സെക്കണ്ടറി പാസ്സായ വിദ്യാർത്ഥികൾക്ക് ഉപരിപഠനം നടത്തുന്ന തിനായി സർക്കാർ/എയ്ഡഡ് കോളേജുകളിൽ 85156 സീറ്റുകൾ നിലവിലുണ്ട്.

(ബി) ഓരോ ജില്ലയിലും സർക്കാർ/എയ്ഡഡ് മേഖലയിൽ ഇപ്പോൾ ഏതെല്ലാം കോളേജുകൾ നിലവിലുണ്ടെന്നും അവിടെയെല്ലാം ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റുകൾ വീതമുണ്ടെന്നും വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത കോളേജുകളിൽ സീറ്റ് വർദ്ധനയും പുതിയ കോഴ്സുകളും അനുവദിക്കുമോ?

കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ 2021-22 അക്കാദമിക വർഷത്തേയ്ക്ക് ബിരുദ/ ബിരുദാനന്തര പ്രോഗ്രാമുകൾക്ക് സീറ്റ് വർദ്ധന അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**സർവ്വകലാശാലകളിൽ ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ**

140 (4528) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിലെ നാൽപ്പത്തിരണ്ട് സർവ്വകലാശാല കൾക്ക് ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി. അനുമതി നൽകിയിരിക്കെ സംസ്ഥാനത്തെ സർവ്വകലാശാലകൾ അതിനായി അപേക്ഷപോലും നൽകാതിരുന്നതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഓൺലൈൻ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്നത് സംബന്ധിച്ച് കേരളത്തിലെ വിവിധ സർവ്വകലാശാലകൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി**

141 (4529) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിലും വിവിധ യൂണിവേഴ്സിറ്റി വകുപ്പുകളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയെന്ന് വ്യക്തമാക്കാമോ?

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിലും വിവിധ യൂണിവേഴ്സിറ്റി വകുപ്പുകളിലും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 40 വയസ്സാണ്.

(ബി) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള നിലവിലെ പ്രായപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സർക്കാരിലേക്ക് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള നിലവിലെ പ്രായപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് യു.ജി.സി. നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേലെന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച് യു.ജി.സി. റെഗുലേഷൻ 2018-ൽ പ്രത്യേക നിർദ്ദേശങ്ങളൊന്നും പരാമർശിച്ചിട്ടില്ല.

(ഡി) എൻട്രി കേഡറായ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 45 വയസ്സായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടന്നുവരുന്നു.

(ഇ) അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള പ്രായപരിധി എടുത്തുകളയുന്നതിനുള്ള യു.ജി.സി. നിർദ്ദേശത്തിന്മേൽ യൂണിവേഴ്സിറ്റികൾ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ?

വിവിധ യൂണിവേഴ്സിറ്റികളിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല.

**സർവ്വകലാശാലാ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാൻ നടപടി**

142 (4530) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലഹരണപ്പെട്ട സർവ്വകലാശാല നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കേണ്ടതാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സർവ്വകലാശാല നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായി വരുത്തേണ്ട മാറ്റങ്ങൾ വരുത്തുന്നതിനായി നിയമപരിഷ്കാര കമ്മീഷനെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമഗ്രമാറ്റം ഉറപ്പുവരുത്തുന്നതിനായി ഓരോ സർവ്വകലാശാലയിലും പരിഗണനയിലുള്ള പുതുതലമുറ കോഴ്സുകൾ/ഫ്യൂച്ചർ സ്റ്റഡീസ് പഠന കേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) മലയാളം സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല എന്നിവയ്ക്ക് ആസ്ഥാന മന്ദിരങ്ങളും മറ്റുസൗകര്യങ്ങളും ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മലയാള സർവ്വകലാശാലയ്ക്ക് സ്വന്തം കാമ്പസ് വികസിപ്പിക്കുന്നതിനും അവിടെ ആസ്ഥാനമന്ദിരവും അക്കാദമിക ബ്ലോക്കും, ഹോസ്റ്റലുകളും, ലൈബ്രറിയും, താമസസൗകര്യത്തിനാവശ്യമായ കെട്ടിടവും നിർമ്മിക്കുന്നതിനുള്ള Detailed Project Report തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ അനുമതി പത്രങ്ങളും ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 80 കോടി രൂപയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കണക്കാക്കിയ മതിപ്പ് തുക. തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ വിളപ്പിൽശാലയിൽ 100 ഏക്കർ വിസ്തീർണ്ണമുള്ള ഭൂപ്രദേശം എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ കാമ്പസ് സ്ഥാപിക്കുവാനായി കണ്ടെത്തി. ഈ സ്ഥലം ഏറ്റെടുക്കുവാനുള്ള പൊന്നുംവില നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്താനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

**പുതുതായി രൂപീകരിച്ച സർവ്വകലാശാലകളിലെ നിയമനം**

143 (4531) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർവ്വകലാശാലകൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സർവ്വകലാശാലകളുടെ ജോലിഭാരം കുറയുകയും അവിടെയുള്ള ജീവനക്കാരെ പുതുതായി രൂപീകരിച്ച സർവ്വകലാശാലകളിൽ നിയമിക്കുന്നത് ചുരുക്കം ജീവനക്കാരെമാത്രം ഓപ്ഷൻ വഴിയും ബാക്കി ജീവനക്കാരെ മറ്റ് മാർഗ്ഗങ്ങളിലൂടെ യുമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ സർവ്വകലാശാലകൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സർവ്വകലാശാലകളിൽനിന്നും ജീവനക്കാരെ ഓപ്ഷൻ വഴി പുതിയ സർവ്വകലാശാലകളിൽ നിയമിക്കാറുണ്ട്.

(ബി) പുതിയ സർവ്വകലാശാലകൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുന്നതിനും എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾക്ക് കോട്ടം വരാത്ത രീതിയിലാണ് പുതിയ സർവ്വകലാശാലകൾ രൂപീകരിക്കാറുള്ളത്.

(സി) കേരള സാങ്കേതിക സർവ്വകലാശാലയിൽ ഇതര സർവ്വകലാശാലകളിൽ നിന്നും ഏതെല്ലാം തസ്തികയിൽ ഓപ്ഷൻ വഴി നിയമനം നടത്തിയെന്ന് അറിയിക്കുമോ?

| ക്രമ നമ്പർ | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകളുടെ എണ്ണം (FOR HQ) | ഓപ്ഷൻ വഴി നികത്തിയവരുടെ എണ്ണം |
|---|---|---|---|
| 1. | Joint Registrar | 3 | NIL |
| 2. | Deputy Registrar | 8 | 3 |
| 3. | Assistant Registrar | 7 | 4 |
| 4. | Section Officer | 13 | 13 |
| 5. | Assistant | 16 | 11 |
| 6. | Clerical Assistant | 4 | 4 |

(ഡി) കേരള സാങ്കേതിക സർവ്വകലാശാലയിൽ കൂടുതൽ ജീവനക്കാരെ മറ്റ് സർവ്വകലാശാലയിൽനിന്നും നിയമിച്ച് വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും പരീക്ഷ നടത്തുന്നതിനുള്ള കാലതാമസവും മറ്റും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർവ്വകലാശാലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി സ്വന്തമായി ഒരു ഐ.ടി. ഡെവലപ്മെന്റ് ടീം ഉടൻ തന്നെ സജ്ജമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. എ.പി.ജെ. ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ടെക്നിക്കൽ സോഫ്റ്റ്‌വെയർ ഇന്റഗ്രേഷൻ മുഖേന അക്കാഡമിക് പരീക്ഷാ സംബന്ധമായ ജോലികൾ നടന്നുവരുന്നു. സർവ്വകലാശാലയുടെ പ്രവർത്തനം പൂർണമായും ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലൂടെ ആയതിനാൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരെയും അനദ്ധ്യാപക ജീവനക്കാരെയും നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

## സർവ്വകലാശാല ജീവനക്കാരുടെ ശമ്പളം/പെൻഷൻ പരിഷ്കരണം

144 (4532) ശ്രീ. സണ്ണി ജോസഫ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. എം. വിൻസെന്റ്
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാല ജീവനക്കാരുടെ ശമ്പളം/പെൻഷൻ പരിഷ്കരണം നടപ്പിലാക്കുവാനായി സർവ്വകലാശാലകൾക്ക് നൽകുന്ന വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

സർവ്വകലാശാലകൾക്ക് ഗ്രാന്റ് തീരുമാനിക്കുന്ന ഉന്നതാധികാര കമ്മിറ്റിയുടെ ശിപാർശപ്രകാരം സർവ്വകലാശാലകൾക്ക് 5 ശതമാനം മുതൽ 20 ശതമാനം വരെ വിവിധ നിരക്കിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്മേൽ നോൺപ്ലാൻ സാലറി/നോൺ പ്ലാൻ നോൺ സാലറി ഇനത്തിൽ മാത്രമാണ് സർക്കാർ ഗ്രാന്റ് നൽകുന്നത്. എന്നാൽ പെൻഷൻ ചെലവ് വഹിക്കുന്നതിന് സർക്കാർ ഗ്രാന്റ് നാളിതുവരെ അനുവദിച്ചിട്ടില്ല.

(ബി) ശമ്പളവും പെൻഷനും പരിഷ്കരിക്കുവാനായി വേണ്ടിവരുന്ന തുക സർവ്വകലാശാലകൾക്ക് ഫീസ് വർദ്ധനവിലൂടെ കണ്ടെത്തേണ്ട സാഹചര്യം നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

&

(സി) ഇതിനായുള്ള തുക എങ്ങനെയാണ് കണ്ടെത്തേണ്ടതെന്ന നിർദ്ദേശം സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ടോ; പ്രസ്തുത ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതിനായി വേണ്ടിവരുന്ന അധിക തുക നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് ഓരോ സർവ്വകലാശാലകളിലും മതിയായ ഫണ്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കോഴ്സുകളുടെ തുല്യതയ്ക്കുള്ള മാനദണ്ഡം**

145 (4533) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.ജി., കേരള സർവ്വകലാശാലകളുടെ എതിർപ്പ് മറികടന്ന് എം.എസ്.സി. ബയോടെക്നോളജി, എം.എസ്.സി. സുവോളജി, എം.എസ്.സി. ബോട്ടണി എന്നിവ തുല്യമാക്കി ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

&

(ബി) ഇപ്രകാരം ഒരു ഉത്തരവിറക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ?

(എ&ബി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായം പരിഗണിച്ച് MSc. Biotechnology യോഗ്യത Botany, Zoology വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ യോഗ്യതയാക്കിക്കൊണ്ട് 20-2-2020-ലെ G.O(Ms)No. 88/2020/ H.Edn പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നത് 3-3-2020-ലെ G.O(Ms)No.101/2020/H.Edn പ്രകാരം നിർത്തി വച്ചിട്ടുണ്ട്.

(സി) ഒരു കോഴ്സ് മറ്റൊരു കോഴ്സിന് തുല്യമാണെന്ന് കണ്ടെത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

സർവ്വകലാശാലകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്.

**വിദൂരവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

146 (4534) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂര വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൻ കീഴിലുള്ള വിദ്യാർത്ഥികൾക്ക് 2020-21 അദ്ധ്യയനവർഷം മുതൽ സമ്പർക്ക ക്ലാസ്സുകൾ കോഴ്സ് കോ-ഓർഡിനേറ്റർമാർ ഓൺലൈൻ ആയാണ് നൽകിവരുന്നത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആധുനിക ശാസ്ത്ര-സാങ്കേതിക ശാസ്ത്രരീതികൾ പ്രയോജന പ്പെടുത്തി വിദൂര വിദ്യാഭ്യാസ മാതൃകയിൽ കോഴ്സുകൾ പ്രദാനം ചെയ്യുവാനാണ്

തയ്യാറെടുക്കുന്നത്. പഠന വസ്തുക്കൾ പ്രിന്റ് ചെയ്തും, ഓൺലൈനിലും ലഭ്യമാക്കാനുള്ള പദ്ധതികൾ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ തയ്യാറായിവരുന്നു. ബ്ലെൻഡഡ് മോഡിലുള്ള പഠനരീതിയാണ് സർവ്വകലാശാല പിൻതുടരാൻ തീരുമാനിച്ചിരിക്കുന്നത്. വെർച്വൽ എഡ്യൂക്കേഷൻ സംവിധാനങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാനുള്ള പദ്ധതികളും തയ്യാറായിവരുന്നു. കേരള സർവ്വകലാശാലയിൽ സമ്പർക്ക ക്ലാസ്സുകളെല്ലാം ഓൺ ലൈനായി നടത്തിവരുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് വാട്സാപ്, ഗൂഗിൾ മീറ്റ്, ടെലഗ്രാം, യൂട്യൂബ് ചാനൽ തുടങ്ങിയ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ക്ലാസ്സുകൾ നൽകുന്നുണ്ട്. വിവിധ ക്ലാസ്സുകളുടെ വീഡിയോകൾ വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ യൂട്യൂബ് ചാനലിൽ അപ്ലോഡ് ചെയ്ത് നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്കുള്ള സെൽഫ് ലേണിംഗ് മെറ്റീരിയലുകൾ വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് നൽകുന്നുണ്ട്.

(ബി) വിദൂര വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്ന, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടിവന്നതും റെഗുലർ കോളേജുകളിൽ പ്രവേശനം ലഭിക്കാത്തതുമായവരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്നും വ്യതിചലിച്ച് ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും വിവിധ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസത്തിനും നൈപുണ്യവികസനത്തിനും വേണ്ടി സംസ്ഥാനത്തെ ആദ്യത്തെ ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിച്ചു. ആധുനിക സാങ്കേതിക ശാസ്ത്രവിദ്യ ഉപയോഗിച്ച് ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസം വിദൂര-വെർച്വൽ മാതൃകകളിൽ പ്രദാനം ചെയ്യാനുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നത്. കാലിക്കറ്റ് സർവ്വകലാശാലയിൽ വിദൂരവിദ്യാഭ്യാസം വഴി പഠനം നടത്തുന്ന വിദ്യാർത്ഥികളിൽ സംവരണ വിഭാഗത്തിൽപ്പെടുന്നവർക്ക് ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവയിൽ ഇളവ് നൽകുന്നുണ്ട്. സമ്പർക്ക ക്ലാസുകൾ നൽകുകയും സെൽഫ് ലേണിംഗ് മെറ്റീരിയലുകൾ തയ്യാറാക്കി നൽകുകയും ചെയ്യുന്നുണ്ട്. വാട്സാപ്, ഗൂഗിൾ മീറ്റ്, ടെലഗ്രാം, യൂട്യൂബ് ചാനൽ തുടങ്ങിയ വിവിധ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്നുണ്ട്. ലൈബ്രറി സൗകര്യവും ഒരുക്കി നൽകുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ കലാ-കായിക മികവുകൾ പ്രോത്സാഹിപ്പിക്കാൻ SDE FEST നടത്തിവരുന്നുണ്ട്.

(സി) ഓൺലൈൻ വിദ്യാഭ്യാസം കൂടുതൽ വ്യാപകമാകുന്ന ഈ ഘട്ടത്തിൽ കൂടുതൽ കോഴ്സുകൾ അപ്രകാരം നടത്തുവാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ?

സർവ്വകലാശാലകളിൽ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

(ഡി) വിദൂര വിദ്യാഭ്യാസം/റെഗുലർ ആയി സർട്ടിഫിക്കറ്റുകൾ നേടുന്നതിന് കുട്ടികൾ ഒരേപോലുള്ള പരീക്ഷകൾ പാസ്സാകണമെന്നതിനാൽ സർട്ടിഫിക്കറ്റുകൾ തുല്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

റെഗുലർ വിദ്യാർത്ഥികൾക്കും വിദൂരവിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികൾക്കും ഒരേ രീതിയിലുള്ള സർട്ടിഫിക്കറ്റുകളാണ് നൽകുന്നത്.

**പരീക്ഷകൾ ഓൺലൈൻ ആക്കാൻ നടപടി**

147 (4535) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സർവ്വകലാശാലകളുടെ പ്രവർത്തന മേഖലയ്ക്കുള്ളിൽ മാത്രം പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് അതത് ജില്ലയിൽ പരീക്ഷയെഴുതാൻ സാധിക്കാതെ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് അതത് ജില്ലയിൽ പരീക്ഷയെഴുതാനുള്ള സാഹചര്യം സൃഷ്ടിക്കു ന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കേരള, മഹാത്മാഗാന്ധി സർവ്വകലാശാലകൾ കോവിഡ് സാഹച ര്യത്തിൽ വിദ്യാർത്ഥികൾക്ക് അവർക്ക് ഏറ്റവും അടുത്തുള്ള കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിനുള്ള എല്ലാ സൗകര്യവും ചെയ്ത് നൽകിയിരുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുക്കാൻ അനുമതി നൽകി. കണ്ണൂർ സർവ്വകലാശാലയിൽ മറ്റ് ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറവായതിനാൽ തിയറി പരീക്ഷകൾ സർവ്വകലാശാലകൾക്ക് പുറമെയുള്ള കേന്ദ്രങ്ങളിൽ നടത്തുന്നത് പ്രായോഗികമാ യിരുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച്, കോവിഡ് മാനദണ്ഡങ്ങളിൽ സർക്കാർ ഇളവുകൾ ഏർപ്പെടുത്തിയതിനെത്തുടർന്ന് പരീക്ഷ കേന്ദ്രം കണ്ടെത്തൽ,

ഇൻവിജിലേറ്റർമാരുടെ നിയമനം, ചോദ്യപേപ്പർ വിതരണം, ഉത്തരക്കടലാസ് മൂല്യനിർണ്ണയ ക്യാമ്പുകളിൽ തിരികെയെത്തിക്കൽ എന്നിവയിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് അനുവദിച്ച അധിക പരീക്ഷ കേന്ദ്രങ്ങൾ 2020 നവംബർ മാസം മുതൽ നിർത്തലാക്കിയിരുന്നു.

(സി) കോവിഡ് പശ്ചാത്തലത്തിൽ പരീക്ഷകൾ ഓൺലൈനായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ സുരക്ഷിതവും സുതാര്യവുമായ രീതിയിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുന്നതിനും, ഐ.ടി. സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കാലതാമസം, കോളേജുകളിലെ വിദ്യാർത്ഥികൾക്കെല്ലാം വീട്ടിലിരുന്ന് പരീക്ഷയെഴുതാനുള്ള സാഹചര്യമില്ലായ്മ, ഇങ്ങനെ നടത്തപ്പെടുന്ന പരീക്ഷയുടെ സുതാര്യത ഉറപ്പിക്കാൻ നിലവിൽ സംവിധാനമില്ലായ്മ തുടങ്ങിയവയാണ് യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താൻ പ്രതിബന്ധമായത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്.

**സാങ്കേതിക സർവ്വകലാശാലയിൽ ഓപ്ഷൻ മുഖേന നടന്ന നിയമനങ്ങൾ**

148 (4536) <u>ശ്രീ. അൻവർ സാദത്ത്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ ഓപ്ഷൻ മുഖേന മറ്റ് സർവ്വകലാശാലകളിൽനിന്ന് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത രീതിയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരും തസ്തികയും സാങ്കേതിക സർവ്വകലാശാല സർവ്വീസിൽ പ്രവേശിച്ച തീയതിയും വ്യക്തമാക്കാമോ?

അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) ജീവനക്കാർക്ക് നൽകിയ നിയമന ഉത്തരവിലോ ആക്ടിലോ പ്രസ്തുത നിയമനങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാകുമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. ആദ്യ സ്റ്റാറ്റ്യൂട്ട്, 2020 പ്രകാരം ഈ സ്റ്റാറ്റ്യൂട്ടുകൾ പ്രാബല്യത്തിൽ വരുന്നതിനുമുൻപ് നിയമിക്കപ്പെട്ട സർവ്വകലാശാലാ ജീവനക്കാരുടേയും അനദ്ധ്യാപകരുടെയും നിയമനം സ്റ്റാറ്റ്യൂട്ടുകളും സിൻഡിക്കേറ്റ് തയ്യാറാക്കുന്ന ഓർഡിനൻസുകൾ പ്രകാരവും ക്രമീകരിക്കുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) ഓപ്ഷൻ മുഖേന നിയമിക്കപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രൊമോഷൻ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഇ) നിലവിൽ സാങ്കേതിക സർവ്വകലാശാലയിൽ ഏതൊക്കെ തസ്തികകളിൽ ഒഴിവുണ്ടെന്നും എത്ര ഒഴിവുണ്ടെന്നും വ്യക്തമാക്കാമോ?

അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

**അദ്ധ്യാപക നിയമനങ്ങളിലെ വ്യാപകമായ ക്രമക്കേടുകൾ**

149 (4537) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ക്രമക്കേട് സംബന്ധിച്ചുള്ള ആരോപണങ്ങൾ/പരാതികൾ ഉണ്ടാകുമ്പോൾ ഉചിതമായ തലത്തിൽ പരിശോധന നടത്തിവരുന്നു.

(ബി) അദ്ധ്യപക നിയമന ചട്ടങ്ങളിൽ വ്യക്തത വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലകളിൽ യു.ജി.സി. റെഗുലേഷൻസ്, സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് അദ്ധ്യാപക നിയമന പ്രക്രിയ നടത്തുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലുള്ള കാലതാമസം

150 (4538) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വിജ്ഞാപനം കാറ്റഗറി നമ്പർ 254/2018 പ്രകാരമുള്ള യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിലവിലെത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1. കേരള സർവ്വകലാശാല – 8 ഒഴിവുകൾ
2. കണ്ണൂർ സർവ്വകലാശാല – 5 ഒഴിവുകൾ
3. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല – 1 ഒഴിവ്
4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - 23 ഒഴിവുകൾ
5. കാലിക്കറ്റ് സർവ്വകലാശാല - 29 ഒഴിവുകൾ
6. മഹാത്മാഗാന്ധി സർവ്വകലാശാല - 18 ഒഴിവുകൾ

പി.എസ്.സി. മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) എം.ജി. യൂണിവേഴ്സിറ്റിയിലെ ഇരുപത്തിരണ്ട് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള 18 ഒഴിവുകൾ പി.എസ്.സി. മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച ഫയൽ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. സിൻഡിക്കേറ്റിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരളത്തിലെ ഏതെല്ലാം യൂണിവേഴ്സിറ്റികളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളാണ് ഈ ലിസ്റ്റിൽനിന്ന് നികത്തുന്നതെന്ന് അറിയിക്കാമോ?

കേരള സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ന്യൂവാൽസ്.

(ഡി) ഇനിയും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത യൂണിവേഴ്സിറ്റികൾക്ക് നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

മഹാത്മാഗാന്ധി സർവ്വകലാശാല നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് സർവ്വകലാശാലകൾ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരളത്തിലെ ഗ്രന്ഥാലയങ്ങൾ**

151 (4539) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഗ്രന്ഥാലയങ്ങളെ ഗവേഷണ പ്രേരകകേന്ദ്രങ്ങളായി വളർത്തി യെടുക്കാനും ലൈബ്രറികൾ പഠനകേന്ദ്രങ്ങളാക്കി മാറ്റിയെടുക്കാനും പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യാനും ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടികൾ ഉണ്ടാകുമോ?

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായാണ് വർത്തിക്കുന്നത്. ടി ലൈബ്രറികൾ ഓൺലൈൻ പഠന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷം 2000 ലൈബ്രറികളിൽ ഓൺലൈൻ പഠനസൗകര്യം ഒരുക്കിയിരുന്നു. ഡിജിറ്റലൈസേഷന്റെ ആദ്യ പടിയായി എല്ലാ ലൈബ്രറികളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്ത പുസ്തകങ്ങൾ ഗ്രന്ഥശാലകളിൽ ലഭ്യമാക്കുന്നതിനും കെ-ഫോൺ ലൈബ്രറികളിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം ടി ഗ്രന്ഥാലയങ്ങളെ ഗവേഷണപ്രേരക കേന്ദ്രങ്ങളായി മാറ്റിയെടുക്കുന്നതിനും കഴിയും.

**കാലടി സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനം**

152 (4540) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ അദ്ധ്യാപന പരിചയമുള്ളവരെയും ഗവേഷണ പ്രബന്ധത്തിനുള്ള അവാർഡ് നേടിയവരെയും മറ്റും ഒഴിവാക്കി യോഗ്യത കുറഞ്ഞവരെ കരാർ അദ്ധ്യാപകരായി നിയമിച്ചുവെന്ന ആക്ഷേപം വസ്തുതാപരമാണോ; വ്യക്തമാക്കാമോ?

2018 യു.ജി.സി. നിയമാവലി പ്രകാരം സർവ്വകലാശാലയിലെ ഐ.ക്യൂ.എ.സി. വിഭാഗം തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിൽ, സിൻഡിക്കേറ്റ് എന്നീ സമിതികൾ അംഗീകരിക്കുകയും അതിൻപ്രകാരം ബന്ധപ്പെട്ട വകുപ്പ് മേധാവിമാർ, ഫാക്കൽറ്റി, ഡീൻ, പുറത്തുനിന്നുള്ള വിദഗ്ദ്ധാംഗം, എസ്.സി/എസ്.ടി വിഭാഗങ്ങളെ പ്രതിനിധീകരിച്ച് നാമനിർദ്ദേശം ചെയ്യുന്ന അക്കാദമീഷ്യൻ എന്നിവർ ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡാണ് ഉദ്യോഗാർത്ഥികളുടെ അഭിമുഖം നടത്തി നിയമനത്തിനുള്ള പട്ടിക തയ്യാറാക്കിയത്.

(ബി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ റാങ്ക് പട്ടികയുടെ വിശദാംശങ്ങൾ നൽകാമോ?

പട്ടികയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) യു.ജി.സി. ചട്ടങ്ങൾ മറികടന്നുകൊണ്ട് പുതിയ നിയമങ്ങൾ ഉണ്ടാക്കി ഇന്റർവ്യൂവിൽ ഉയർന്ന മാർക്ക് നൽകിയാണ് റാങ്ക് പട്ടിക തയാറാക്കിയതെന്ന് ആരോപിച്ച് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി നൽകിയ പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ കരാർ അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റിയുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാലിക്കറ്റ് സർവ്വകലാശാല അസിസ്റ്റന്റ് പ്രൊഫസർ നിയമനം**

153 (4541) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ 31-12-2019-ന് പുറത്തിറക്കിയ വിജ്ഞാപനം അനുസരിച്ച് അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനായി തയ്യാറാക്കിയ വിവിധ റാങ്ക് ലിസ്റ്റുകളിൽ, ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് പോലും നിയമനം ലഭിക്കാതിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

W.P(C) Nos. 9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated, 3rd day of February, 2016 കോടതി വിധി പ്രകാരം സംവരണം നിയമന സമയത്ത് മാത്രമെ വ്യക്തമാക്കാവൂ. അതിൻപ്രകാരം സംവരണം വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കോടതിവിധി പ്രകാരം പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതത് സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് നിയമനം നൽകുകയാണ് ചെയ്തത്. ഒന്നാം റാങ്ക് ലഭിച്ച വ്യക്തി പ്രസ്തുത സംവരണ വിഭാഗത്തിൽ ഉൾപ്പെടുന്നില്ലെങ്കിൽ നിയമനം ലഭിക്കുകയില്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ വിവിധ വകുപ്പുകൾക്കുള്ള റാങ്ക് ലിസ്റ്റുകളിൽ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥികളുടെ പേര് വിവരങ്ങൾ, അവർ ഉൾപ്പെട്ട ഡിപ്പാർട്ട്മെന്റ് സഹിതം വ്യക്തമാക്കുമോ?

റാങ്ക് ലിസ്റ്റുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്നും ആകെ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

53 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

**കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്**

154 (4542) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കാനുള്ള നിർദ്ദേശം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്ത് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് ലഭ്യമാക്കിയ സ്ഥലം അനുയോജ്യമല്ലാത്തതിനാൽ ഇവിടെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ല.

(ബി) ഇത് സംബന്ധിച്ച് എം.എൽ.എ.-ക്ക് സർക്കാർ അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇത് സംബന്ധിച്ച് എം.എൽ.എ.-ക്ക് സർക്കാർ അയച്ച കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രസ്തുത സ്കിൽ പാർക്ക് സ്ഥാപിക്കുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോ?

മുൻനിശ്ചയിച്ച പ്രകാരമുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായതുകൊണ്ടും, എ.ഡി.ബി. വായ്പയുടെ കാലാവധി അവസാനിച്ചതുകൊണ്ടും പുതിയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാനന്തവാടി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

155 (4543) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

മാനന്തവാടി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നിലവിൽ 186 മണിക്കൂർ ദൈർഘ്യമുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയ്നർ എന്ന കോഴ്സ് നടന്നുവരുന്നു.

(ബി) പ്രസ്തുത സ്കിൽ പാർക്കിൽ ഇപ്പോൾ എന്തെല്ലാം കോഴ്സുകളാണ് നടക്കുന്നതെന്ന് അറിയിക്കാമോ; എത്ര കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയ്നർ പ്രോഗ്രാമിൽ നിലവിൽ 22 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിൽ പഠന സൗകര്യമൊരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ നടന്നുവരുന്ന കോഴ്സിനോടൊപ്പം മറ്റു തൊഴിൽ മേഖലകളിലുള്ള നൈപുണ്യ പരിശീലന പദ്ധതികൾക്കായുള്ള തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു.

## അസാപിന്റെ പ്രവർത്തനങ്ങൾ

156 (4544) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പരിശീലന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്കൂൾ, കോളേജുകളിലായി 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (ASDCs) എന്നിവ വഴി, പ്രൊഫഷണൽ സ്കിൽസ്, സോഷ്യൽ സ്കിൽസ് സംരംഭകത്വം, ജീവിത നൈപുണി എന്നീ മേഖലകളിൽ പരിശീലനം നൽകിവരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും തൊഴിൽ പരിശീലനത്തിനാവശ്യമായ അവസരം 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ വഴി നൽകുന്നു. അവയിൽ 9 കമ്മ്യൂണിറ്റി സ്കിൽ

പാർക്കുകൾ പ്രവർത്തനം ആരംഭിക്കുകയും, ബാക്കി 7 സ്കിൽ പാർക്കുകളുടെ നിർമ്മാണം പൂർത്തിയാകുന്നതുവരെ ഒരു താത്കാലിക ക്യാമ്പസ് കണ്ടെത്തി പരിശീലനം ആരംഭിച്ചിട്ടുമുണ്ട്. നിലവിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം മേൽപ്പറഞ്ഞ സെന്ററുകളിലൂടെ നടത്തിവരുന്ന കോഴ്സുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു.*

(ബി) അസാപ്പിൽനിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. അസാപ്പ് മുഖാന്തരം തൊഴിൽ പരിശീലനം നേടുന്നവർക്കായി പ്രത്യേക പ്ലേസ്മെന്റ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. വിവിധ വ്യവസായ മേഖലകളിലെ പ്രമുഖ സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് പ്ലേസ്മെന്റ് ഡ്രൈവുകൾ അസാപ് സംഘടിപ്പിച്ചുവരുന്നു.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അസാപ് സ്കിൽ പാർക്ക്**

157 (4545) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിളയിൽ അനുവദിച്ച അസാപ് സ്കിൽ പാർക്കിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

&

(ബി) സ്കിൽ പാർക്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര അമരവിള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നിർമ്മിക്കുന്നതിനായി ടെൻഡർ ചെയ്യുകയും M/s Heather Constructions കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ഭൂമിയിൽ ഒരു റവന്യൂ റിക്കവറി കേസ് നിലനിൽക്കുന്നതായി പിന്നീട് അറിയുവാൻ കഴിഞ്ഞു. അത് നിർമ്മാണം തുടങ്ങുന്നതിന് നിയമപരമായി തടസ്സമായി. മേൽപ്പറഞ്ഞ കാരണം കൊണ്ട് 1-10-2018-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോൺട്രാക്ടറുടെ ബാധ്യത തീർപ്പാക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-3-2019-ൽ കൂടിയ യോഗത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനുവേണ്ടി നൽകിയ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലത്തെ റവന്യൂ റിക്കവറി സംബന്ധിച്ച വിഷയം ചർച്ച ചെയ്തുതീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചുനീക്കുന്നത് സംബന്ധിച്ച് തീർപ്പാക്കുന്നതിനും പ്രസ്തുത സ്ഥലത്തെ ടൈൽ ഫാക്ടറി പൊളിച്ചുനീക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ PWD-യുമായി ചർച്ച ചെയ്ത് സ്ഥലം നിരപ്പാക്കി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് സ്ഥലം എം.എൽ.എ.-യെ ചുമതലപ്പെടുത്തുകയുമുണ്ടായി. എന്നാൽ സ്ഥലം നിരപ്പാക്കി കിട്ടാത്തതിനാലും ബാധ്യത ഒഴിവായതായി അറിയിപ്പ് ലഭിക്കാത്തതിനാലും സ്കിൽ പാർക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. തുടർന്ന് കോൺട്രാക്ടറുമായുള്ള കരാർ അവസാനിപ്പിക്കുവാനുള്ള നടപടികൾ അസാപ്പിന്റെ ഭാഗത്തുനിന്നും പൂർത്തിയാക്കി.

(സി) പ്രസ്തുത സ്കിൽ പാർക്കിന് എത്ര കോടി രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

Rs. 14,19,98,376 (പതിനാല് കോടി പത്തൊമ്പത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി മുന്നൂറ്റി എഴുപത്തിയാറ് രൂപ മാത്രം).

### തവനൂരിലെ അസാപിന്റെ പുതിയ കെട്ടിടം

158 (4546) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവൃത്തി പുരോഗമിക്കുന്ന അസാപ്പിന്റെ പുതിയ കെട്ടിടം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2021 ഒക്ടോബർ 28-നാണ് നിലവിൽ എഗ്രിമെന്റ് പ്രകാരം കോൺട്രാക്ടർ പണി പൂർത്തീകരിക്കേണ്ടത്. എന്നാൽ മഴയും കോവിഡ് സാഹചര്യങ്ങൾകൊണ്ടും ഉണ്ടായ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 2021 ഡിസംബർ മാസത്തിനകം എല്ലാ പണികളും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) അവിടെ ഏതൊക്കെ കമ്പനികളുടെ പരിശീലന പരിപാടികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും അവ എന്നത്തേക്ക് തുടങ്ങാനാവുമെന്നും അറിയിക്കാമോ?

നിലവിൽ തവനൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കിലേക്ക് ഓപ്പറേറ്റിംഗ് പാർട്ണറിനെ തീരുമാനിച്ചിട്ടില്ല. എന്നാൽ അസാപ്പിന്റെ നേതൃത്വത്തിൽ ജാപ്പനീസ് ഭാഷ പരിശീലനം നടന്നുവരുന്നു. കൂടാതെ താഴെ പറയുന്ന പ്രോഗ്രാമിലേക്കുള്ള അഡ്മിഷൻ നടപടികളും പുരോഗമിക്കുന്നു.

1. സർട്ടിഫൈഡ് ഇൻവെസ്റ്റ്മെന്റ് ബാങ്കിംഗ് ഓപ്പറേഷൻസ് പ്രൊഫഷണൽ
2. ബാങ്കിംഗ് & വെൽത്ത് മാനേജ്മെന്റ്
3. പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാം ഇൻ ഡാറ്റാ അനലിറ്റിക്സ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

159 (4547) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) സാമൂഹ്യനീതി വകുപ്പ് സംസ്ഥാനം/ജില്ലാടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വകുപ്പുവഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പ്രയോജനം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടുണ്ട്. എന്നാൽ മണ്ഡലാടിസ്ഥാനം/ പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

**ട്രാൻസ് വുമൺ ആയവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി**

160 (4548) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ട്രാൻസ് വുമൺ ആയവരെ മഹിളാമന്ദിരങ്ങളിൽ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ക്രൈസിസിൽ അകപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി വകുപ്പ് ആരംഭിച്ചിട്ടുള്ള കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമിൽ ഹ്രസ്വകാല താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എൻ.ജി.ഒ.-കൾ മുഖേന 2 ട്രാൻസ്ജെൻഡർ ഹോമുകളാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റി മുഖേന ട്രാൻസ്മെൻ വിഭാഗത്തിനായും, എറണാകുളം ജില്ലയിൽ സ്നേഹ ജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് മുഖേന ട്രാൻസ് വുമൺ വിഭാഗത്തിനുമായാണ് ഹോം ആരംഭിച്ചിട്ടുള്ളത്. നിലവിൽ സർക്കാർ മഹിളാ മന്ദിരങ്ങൾ വനിതാ ശിശു വികസന വകുപ്പിന്റ കീഴിലാണ്. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ട്രാൻസ് വുമൺ ആയവരെ മഹിളാ മന്ദിരങ്ങളിൽ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് വനിത ശിശു വികസന വകുപ്പ്, ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിവിധ സംഘടനകൾ, ടി വിഷയത്തിൽ പ്രാവീണ്യമുള്ള വിദഗ്ദ്ധർ തുടങ്ങിയവരുമായുള്ള വിദഗ്ദ്ധ ചർച്ചയ്ക്ക് ശേഷം ടി വിഷയത്തിൽ നടപടി സ്വീകരിക്കുന്നത് പരിശോധിക്കാവുന്നതാണ്.

**ട്രാൻസ്ജെന്ററുകളുടെ ക്ഷേമത്തിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി**

161 (4549) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ട്രാൻസ്ജെൻഡറുകളുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിശകലനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമം മുൻനിർത്തി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ പുനഃസംയോജനം എന്നിവ സാധ്യമാകുന്ന തരത്തിലുള്ള ഒരു സമഗ്ര പദ്ധതിയാണ് "മഴവില്ല്" എന്ന പേരിൽ 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആയത് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും, തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നുണ്ട്. ഇതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിലും, ജില്ലാ തലത്തിലും സംവിധാനങ്ങൾ നിലവിലുണ്ട്. വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഗുണഭോക്താക്കളുടെ ജീവിത സാഹചര്യത്തിലും, പൊതു സ്വീകാര്യതയിലും, സാമ്പത്തിക ഭദ്രതയിലും, വിദ്യാഭ്യാസ നിലവാരത്തിലും നേടിയിട്ടുള്ള പുരോഗതി സംബന്ധിച്ച് വിശദമായി പഠനം ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന നടന്നുവരുന്നു. 2018 മുതൽ സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം, തുടർചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇപ്രകാരം ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ചില ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആരോഗ്യ-മാനസിക പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ വ്യക്തികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കേണ്ടതുണ്ട്. ആയതിനാൽ POST SRS-മായി ബന്ധപ്പെട്ട പഠനം നടത്തുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിനായി 23-7-2021-ൽ ചേർന്ന സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**ട്രാൻസ്‌ജെൻഡർ വിഭാഗം നേരിടുന്ന പ്രശ്നങ്ങൾ**

162 (4550) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാൻസ്‌ജെൻഡർ വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇന്ത്യയിൽ മറ്റേത് വ്യക്തികളേയും പോലെ ട്രാൻസ്‌ജെൻഡർ മനുഷ്യരും രാജ്യത്തെ പൗരന്മാരാണെന്നും സമൂഹത്തിൽ സ്ത്രീക്കും പുരുഷനും ലഭിക്കുന്ന തുല്യ അവകാശങ്ങൾ ട്രാൻസ്‌ജെൻഡർ വ്യക്തികൾക്കും ലഭിക്കണമെന്നും 2014 ഏപ്രിൽ 15-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ പരാമർശിച്ചിരുന്നു. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിലാണ് 2015-ൽ കേരളം ട്രാൻസ്‌ജെൻഡർ നയം നടപ്പാക്കിക്കൊണ്ട് രാജ്യത്തിനുതന്നെ മാതൃകാപരമായ മുന്നേറ്റം നടത്തിയിട്ടുള്ളത്. ട്രാൻസ്‌ജെൻഡർ വിഭാഗത്തിന് ഭരണഘടനാപരമായ അവകാശങ്ങൾ നേടിക്കൊടുക്കുന്നതോടൊപ്പം ജീവിക്കാനുള്ള അവകാശം, സമത്വത്തിനുള്ള അവകാശം, അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവകാശം എന്നിങ്ങനെ ഒരു പൗരന്റെ മൗലികമായ എല്ലാത്തരം അവകാശങ്ങളും ട്രാൻസ്‌ജെൻഡർ സമൂഹത്തിലേയ്ക്കും എത്തിക്കാൻ പ്രസ്തുത നയം വിഭാവനം ചെയ്യുന്നു. ഇതിനുവേണ്ടി നിരവധി പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ഇന്ത്യയിലെ ട്രാൻസ്‌ജെൻഡർ മനുഷ്യരുടെ സംരക്ഷണത്തിനും, ഉന്നമനത്തിനുമായി രാജ്യത്ത് Transgender Person (Protection of Rights) Act, 2019-ൽ നിലവിൽ വന്നിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ട്രാൻസ്‌ജെൻഡർ വ്യക്തികളുടെ ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ, സാമൂഹിക മേഖലകളിലുള്ള ഉന്നമനത്തിനായി നിരവധി ക്ഷേമ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ട്രാൻസ്‌ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് ലിംഗമാറ്റ ശസ്ത്രക്രിയക്ക് സർക്കാർ തലത്തിൽ ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നൽകുന്ന തുകയും വ്യക്തമാക്കാമോ; ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി ട്രാൻസ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് സർക്കാർ തലത്തിൽ ധനസഹായം 2018 മുതൽ നൽകിവരുന്നുണ്ട്. ധനസഹായം ലഭ്യമാകുന്നതിനായി അപേക്ഷകന് വകുപ്പ് നൽകിവരുന്ന ഐ.ഡി. കാർഡിന്റെ പകർപ്പ്, മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പ്, ലിംഗമാറ്റ ശസ്ത്രക്രിയയുടെ ചികിത്സ റിപ്പോർട്ട്, ഡോക്ടറുടെ സാക്ഷ്യപത്രം, ചെലവായ ബില്ലുകളുടെ പകർപ്പ്, അപേക്ഷകന്റെ ഡിക്ലറേഷൻ എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫോറത്തിനൊപ്പം ലിംഗമാറ്റ ശസ്ത്രക്രിയ ധനസഹായത്തിനായി അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്. അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിക്കണം എന്ന് നിർബന്ധമുണ്ട്. 2018, 2019 വർഷങ്ങളിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി പരമാവധി 2 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ സങ്കീർണ്ണമായ നിരവധി ശസ്ത്രക്രിയകൾ നടത്തുന്നതിനായി ടി തുക അപര്യാപ്തമായതിനാൽ 2020 മുതൽ ട്രാൻസ്മെൻ വിഭാഗത്തിന് പരമാവധി 5 ലക്ഷം രൂപയും, ട്രാൻസ് വുമൺ വിഭാഗത്തിനായി പരമാവധി 2.50 ലക്ഷം രൂപയുമാണ് അനുവദിച്ചുനൽകുന്നത്. കൂടാതെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുശേഷം പോഷകാഹാരത്തിനും, തുടർചികിത്സയ്ക്കുമായി പ്രതിമാസം 3000 രൂപാ നിരക്കിൽ 12 മാസം അനുവദിച്ചുവരുന്നു. നിലവിൽ സ്വകാര്യ മേഖലയിലെ ആശുപത്രികൾ മുഖേനയാണ് സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടന്നുവരുന്നത്. ഇതിൽ ചികിത്സാ രീതികൾ, ചികിത്സ ചെലവ്, തുടർ ചികിത്സ, ഗുണനിലവാരം എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത മാനദണ്ഡം നിലവിലില്ല. ഈ സാഹചര്യത്തിൽ സർക്കാർ മേഖലയിൽ ഇത്തരം ശസ്ത്രക്രിയകളിൽ പ്രാവീണ്യമുള്ള ഡോക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നല്കി ശസ്ത്രക്രിയകൾ നടത്തുന്നതിന്റെ സാദ്ധ്യതകൾ ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ച് പരിശോധിക്കുന്നതിനായി 23-7-2021-ൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ട്രാൻസ്ജെൻഡറായ വിദ്യാർത്ഥികൾക്ക് പ്രത്യേക ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിന് സാമൂഹ്യനീതി വകുപ്പിന് നിലവിൽ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/ താമസസൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി തുടർന്നുവരുന്നുണ്ട്. സർക്കാർ/എയ്ഡഡ്/ അൺഎയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചുനല്കുന്നത്. അർഹരായ വിദ്യാർത്ഥികൾക്ക് വർഷത്തിൽ 40,000 രൂപ വീതം നല്കുന്നു. നാളിതുവരെ 52 വിദ്യാർത്ഥികൾക്കാണ് ഹോസ്റ്റൽ ഫീസ് അനുവദിച്ചുനല്കിയിട്ടുള്ളത്.

## പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാൻ നടപടി

163 (4551) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത സാഹചര്യമുണ്ടായാൽ ഇത് തടയുന്നതിനായി വയോജന നിയമത്തിലോ നയത്തിലോ എന്തെങ്കിലും മാറ്റം കൊണ്ടുവന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത സാഹചര്യമുണ്ടായാൽ നിലവിൽ Maintenance and Welfare of Parents and Senior Citizens Act, 2007-ന്റെയും Kerala Maintenance and Welfare of Parents and Senior Citizens Rule. 2009-ന്റെയും അടിസ്ഥാനത്തിലാണ് നിയമനടപടികൾ സ്വീകരിച്ചു വരുന്നത്. 2007-ലെ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ തലത്തിൽ നടക്കുന്നുണ്ട്.

(ബി) പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാതിരിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ എന്തൊക്കെ നിയമനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാതിരിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കാവുന്നത്. 2007-ലെ MWPSC ആക്ട് പ്രകാരം സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത സാഹചര്യത്തിൽ ഇവരെ സംരക്ഷിക്കുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

സംരക്ഷണം ആവശ്യമുള്ള വയോജനങ്ങൾക്കായി ഗവൺമെന്റ് വൃദ്ധമന്ദിരങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ 16 സർക്കാർ വൃദ്ധ സദനങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് നല്കുന്ന 132 സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലും സംരക്ഷണം ആവശ്യമുള്ള വയോജനങ്ങളെ സംരക്ഷിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ

164 (4552) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്ജെൻഡറുകളുടെ സഹായാർത്ഥം ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ ആൻഡ് ക്രൈസിസ് ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ?

വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നിയമ സഹായവും, കൗൺസിലിംഗ് സേവനവും നല്കുന്നതിലേയ്ക്കായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ 24x7 ഹെൽപ്പ് ലൈൻ സംവിധാനവും ക്രൈസിസ് മാനേജ്മെന്റ് സെന്ററും സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ സെല്ലിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഹെൽപ്പ് ലൈനിന്റെ പ്രവർത്തനം സംസ്ഥാനത്തെ മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ലഭിക്കുന്നതാണ്. ലഭിക്കുന്ന പരാതികൾക്ക് ഉചിതമായ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പോലീസിന്റെ സേവനം ആവശ്യമായി വരുന്ന സാഹചര്യത്തിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഉണ്ടാകുന്ന ക്രൈസിസുകളിൽ ആവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുന്നതിനും, ഉചിതമായ പരിഹാരം കാണുന്നതിനും സംസ്ഥാനതലത്തിൽ ക്രൈസിസ് ഇന്റർവെൻഷൻ ഹെൽപ്പ് ലൈൻ സ്ഥാപിക്കുന്നത് സംബന്ധിച്ച സാദ്ധ്യത പരിശോധിക്കുന്നതിന് 23-7-2021-ൽ ചേർന്ന സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയത്തിൽ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യനീതി വകുപ്പിന് കീഴിൽ ലഭ്യമാകുന്ന സേവനങ്ങൾ

165 (4553) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളും സജ്ജീകരണങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സ്റ്റാഫ്, അവിടെനിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മങ്കട മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

166 (4554) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ;

&

(ബി) വിവിധ ധനസഹായ പദ്ധതികളിലൂടെയെത്ര തുക വിനിയോഗിച്ചു; പദ്ധതി തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

(എ&ബി) സാമൂഹ്യനീതി വകുപ്പ് സംസ്ഥാനം/ജില്ലാടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. വകുപ്പുവഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും പ്രയോജനം മങ്കട മണ്ഡലത്തിലെ ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടുണ്ട്. എന്നാൽ മണ്ഡലാടിസ്ഥാനം/ പഞ്ചായത്ത് തലത്തിലുള്ള വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(സി) മണ്ഡലത്തിലെ വിവിധ അങ്കണവാടികളുടെ നവീകരണത്തിനായി സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## വാർദ്ധക്യകാല പെൻഷൻ

167 (4555) <u>ശ്രീ. രമേശ് ചെന്നിത്തല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യകാല പെൻഷനുള്ള അപേക്ഷയോടൊപ്പം പ്രായം തെളിയിക്കുന്നതിനായി ഏതെല്ലാം രേഖകളും സർട്ടിഫിക്കറ്റുകളുമാണ് അപേക്ഷകർ ഹാജരാക്കേണ്ടത്?

ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ സർട്ടിഫിക്കറ്റ് എന്നീ ആധികാരിക രേഖകൾ പെൻഷൻ അനുവദിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള ആധികാരിക രേഖകളുടെ അഭാവത്തിൽ മാത്രം, വയസ്സ് തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സ്വയം സാക്ഷ്യപത്രത്തിനുമേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഹാജരാക്കാവുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് മുൻ നിബന്ധനകളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

&

(സി) എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ?

(ബി&സി) ഉണ്ട്. ആധാർ കാർഡ്, റേഷൻകാർഡ് എന്നിവ പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയായി ഉപയോഗിക്കാവുന്നതാണെന്ന് നേരത്തെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയായി ആധാർ ഉപയോഗിക്കാൻ പാടില്ലായെന്ന യു.ഐ.ഡി.എ.ഐ.-യുടെയും, പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയായി റേഷൻ കാർഡ് പരിഗണിക്കാനാവില്ലെന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെയും നിർദ്ദേശത്തെത്തുടർന്നാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനായി സമർപ്പിക്കാവുന്ന രേഖകളിൽനിന്നും ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ ഒഴിവാക്കിയത്.

(ഡി) സർക്കാരിന്റെ പുതിയ നിബന്ധനമൂലം വയോധികർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിനെന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(ഡി&ഇ) വയസ്സ് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകളുടെ അഭാവത്തിൽ, ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഏറെക്കാലമായി സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചിരുന്നു. എന്നാൽ നിലവിൽ ആധികാരിക രേഖകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോഴും മേൽപ്പടി ആധികാരിക രേഖകളുടെ അഭാവത്തിൽ മുൻകാലങ്ങളിലെന്നപോലെ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നുണ്ട്. ഇതുമൂലം വയോധികർക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളുള്ളതായി കരുതുന്നില്ല.

**ട്രാൻസ്ജെൻഡറുകൾക്കായി കെയർ ഹോമുകൾ**

168 (4556) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്ജെൻഡറുകളുടെ സഹായാർത്ഥം എല്ലാ ജില്ലകളിലും കെയർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ/ക്രൈസിസിൽ അകപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി 2019-20 സാമ്പത്തിക വർഷം മുതൽ ഹ്രസ്വകാല താമസത്തിനായി കെയർ ഹോമുകൾ/ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിച്ചിരുന്നു. ഇത്തരത്തിൽ ഒരു വർഷ കാലാവധി നിശ്ചയിച്ചുകൊണ്ട് സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 5 കെയർ ഹോമുകൾ ആരംഭിക്കുകയും കാലാവധി പൂർത്തിയാക്കി സി.ബി.ഒ. മുഖേന പ്രവർത്തിച്ചുവന്നിരുന്ന പ്രസ്തുത 5 ഹോമുകളും പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 2020-21 സാമ്പത്തിക വർഷം എൻ.ജി.ഒ.-കൾ മുഖേന 2 ട്രാൻസ്ജെൻഡർ കെയർ ഹോമുകളാണ് പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റി മുഖേന ട്രാൻസ്മെൻ വിഭാഗത്തിനായും, എറണാകുളം ജില്ലയിൽ സ്നേഹ ജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് മുഖേന ട്രാൻസ് വുമൺ വിഭാഗത്തിനുമായാണ് ഹോം ആരംഭിച്ചിട്ടുള്ളത്. ശസ്ത്രക്രിയ കഴിഞ്ഞ് ക്രൈസിസിൽ അകപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 3 മാസ ക്കാലയളവിൽ താമസിക്കുന്നതിനായാണ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. ഒരേ സമയം 30 വ്യക്തികൾക്ക് ഹോമിൽ താമസിക്കാവുന്ന ഒരു ഹോമിന്റെ പ്രവർത്തന ത്തിനായി ഒരു വർഷം 26 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. എന്നാൽ ഇത്തരത്തിൽ ഹോമുകളിൽ താമസിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണം വളരെ കുറവായതിനാൽ എല്ലാ ജില്ലകളിലും ഹോം ആരംഭിക്കുന്നപക്ഷം താമസക്കാർ ഇല്ലാതെ വരികയും, ഹോം പ്രവർത്തിപ്പിക്കുന്ന വകയിൽ റെക്കറിംഗ്, നോൺ റെക്കറിംഗ് ഇനത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുകയും ചെയ്യും. താമസക്കാരുടെ എണ്ണം കുറവായതിനാൽ നിലവിൽ എല്ലാ ജില്ലകളിലും ഹോം ആരംഭിക്കേണ്ട സാഹചര്യമില്ല. ട്രാൻസ്ജെൻഡർ തിരിച്ചറിയൽ കാർഡിനായി നാളിതുവരെ 1331 അപേക്ഷകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ ട്രാൻസ്ജെൻഡർ താമസക്കാരുടെ എണ്ണം കൂടുന്ന മുറയ്ക്ക് പ്രസ്തുത ജില്ലകളിൽ കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വയോമിത്രം പദ്ധതി**

169 (4557) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

കൊണ്ടോട്ടി ബ്ലോക്കിൽ ഉൾപ്പെടുന്ന വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പാക്കുന്ന വയോമിത്രം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ വയോമിത്രം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർ നടപടിക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള സാമൂഹ്യ സുരക്ഷ മിഷൻ

170 (4558) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നിലവിൽ നടത്തിവരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) ഓരോ പദ്ധതിയിലും കഴിഞ്ഞ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് ഗുണഫലം ലഭിച്ചിട്ടുണ്ട്?

വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

(സി) കഴിഞ്ഞ സർക്കാർ ആരംഭിച്ച ഏതെങ്കിലും നൂതന പദ്ധതികൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

വിശദാംശം അനുബന്ധം III ആയി ചേർക്കുന്നു.*

## പഠനം മുടങ്ങിയ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

171 (4559) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

പഠനം മുടങ്ങിയ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി പഠനം പുനരാരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കി പഠനം പുനരാരംഭിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി - പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർ വിദ്യാഭ്യാസം സാദ്ധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന സർവ്വേ നടത്തുകയുണ്ടായി. ഇതിൻപ്രകാരം തുല്യതാ പരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും അവർക്ക് തുടർ വിദ്യാഭ്യാസം നല്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. അദൃശ്യവൽക്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറ്റുവാൻ തുടർവിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി 'സമന്വയ' എന്ന പേരിൽ സാക്ഷരതാ മിഷൻ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പഠിതാക്കൾക്ക് സ്കോളർഷിപ്പും, താമസസൗകര്യവും, തൊഴിൽ പരിശീലനവും ഇതോടൊപ്പം നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട ജീവിത സാഹചര്യം സൃഷ്ടിക്കുവാനും അതിലൂടെ അവരെ പ്രാപ്തരാക്കാനുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്കായി 35 ലക്ഷം രൂപ ആദ്യ ഘട്ടത്തിലും, സ്കോളർഷിപ്പ് അനുവദിക്കുന്നതിലേയ്ക്കായി അധികമായി ആവശ്യമായിവന്ന 10,71,000 രൂപയും ചേർത്ത് ആകെ 45,71,000 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

2. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ധനസഹായം- വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നില്ക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നല്കേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും അടിസ്ഥാന വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ സാധിക്കാതെയുള്ള 58 ശതമാനം ട്രാൻസ്ജെൻഡർ വ്യക്തികളാണുള്ളത് എന്നാണ് സർവ്വെ ഫലം സൂചിപ്പിക്കുന്നത്. സ്കൂളുകളിൽ/ കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നല്കുന്ന പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയുമാണ് സ്കോളർഷിപ്പ് തുക. കഴിഞ്ഞ സാമ്പത്തിക വർഷം സ്കോളർഷിപ്പ് ഇനത്തിൽ 24 പേർക്ക് 4,80,000 രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്കായുള്ള ക്ഷേമപദ്ധതികൾ**

172 (4560) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേനയും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേനയും കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേനയും ഭിന്നശേഷിക്കാർക്കായി നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ വിശദാംശങ്ങളും യഥാക്രമം അനുബന്ധം I, II, III* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സ്നേഹപൂർവ്വം പദ്ധതി**

173 (4561) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) രക്ഷിതാക്കൾ മരണമടഞ്ഞ കുഞ്ഞുങ്ങൾക്ക് വിദ്യാലയങ്ങൾ മുഖേന നടപ്പാക്കുന്ന സ്നേഹപൂർവ്വം പദ്ധതി പ്രകാരം നൽകിവരുന്ന ധനസഹായം വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ;

&

(ബി) ഉണ്ടെങ്കിൽ കാലതാമസം കൂടാതെ അതത് അദ്ധ്യയന വർഷങ്ങളിൽതന്നെ സഹായ തുക അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 2018-19, 2019-20, 2020-21 എന്നീ അദ്ധ്യയന വർഷങ്ങളിലെ പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി 17 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഹൈടെക് അങ്കണവാടികൾ**

174 (4562) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ എത്ര ഹൈടെക് അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്തുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ നിലമ്പൂർ നഗരസഭയിൽ നഗരസഭ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച ഒരു ഹൈടെക് അങ്കണവാടി പ്രവർത്തിക്കുന്നുണ്ട്. നിലമ്പൂർ മണ്ഡലത്തിൽ ആധുനിക സൗകര്യങ്ങളുള്ള 5 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് വകുപ്പിൽനിന്നും അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) ഹൈടെക് അങ്കണവാടിയിലുണ്ടായിരിക്കേണ്ട സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആധുനിക സൗകര്യങ്ങളുള്ള സ്മാർട്ട് അങ്കണവാടി പദ്ധതിയാണ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്. അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് സ്മാർട്ട് അങ്കണവാടി പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലാസ്സ്റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ-ഏരിയ, കിച്ചൺ, ക്രിയേറ്റീവ് സോൺ, ഡൈനിംഗ് ഏരിയ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ സ്മാർട്ട് അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ വൈദ്യുതീകരിച്ചിട്ടില്ലാത്ത അങ്കണവാടികളുടെ വിവരങ്ങളും അവ വൈദ്യുതീകരിക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതീകരിച്ചിട്ടില്ലാത്ത 19 അങ്കണവാടികളുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.* സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി പ്രസ്തുത അങ്കണവാടികൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തയെത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 18 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.*

(ഇ) സ്വന്തം കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് തുക അനുവദിക്കാറുണ്ടോയെന്നും എത്ര തുകയാണ് പരമാവധി അനുവദിക്കുകയെന്നും അറിയിക്കുമോ?

സ്വന്തം കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തുക അനുവദിക്കാറുണ്ട്. കെട്ടിട നിർമ്മാണത്തിന് ലഭ്യമായ സ്ഥലത്തിന് അനുസരിച്ച് പരമാവധി 25 ലക്ഷം രൂപ വകുപ്പ് വിഹിതമായി അനുവദിക്കാറുണ്ട്.

**ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സഹായങ്ങൾ**

175 (4563) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് 'നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' നടപ്പിലാക്കിവരുന്നു. നാഷണൽ ട്രസ്റ്റ് നിയമത്തിലുൾപ്പെട്ട ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെല്ലുവിളി, ബഹുവൈകല്യം എന്നിവ ബാധിച്ചവർക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് നിരാമയ ഇൻഷ്വറൻസ് പദ്ധതി. ഒരു ലക്ഷം രൂപ വരെ വാർഷിക ചികിത്സാ ചെലവ് ലഭ്യമാകുന്ന പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനും വർഷാവർഷം പുതുക്കുന്നതിനും ഭിന്നശേഷിക്കാർ പ്രീമിയം തുക അടക്കേണ്ടതുണ്ട്. പുതുതായി ചേരുന്നതിന് (എ.പി.എൽ.-500, ബി.പി.എൽ.- 250), വർഷം തോറും പുതുക്കുന്നതിന് (എ.പി.എൽ.- 250, ബി.പി.എൽ.- 50). പ്രസ്തുത തുക പൂർണ്ണമായും സംസ്ഥാനസർക്കാർ അടച്ച് ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നു. കേരള സാമൂഹ്യസുരക്ഷാ മിഷന്റെ കീഴിൽ 'ആശ്വാസകിരണം' പദ്ധതിയിലൂടെ തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും 100 ശതമാനം അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ വീതം നൽകിവരുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രയോജനകരമാകും വിധം വിവിധ തെറാപ്പികൾ സൗജന്യമായി നൽകുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പരിപാടി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു :

1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ
2. ഓട്ടിസം സെന്ററുകൾ
3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
4. റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ
5. ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പകൾ അനുവദിച്ചുവരുന്നു. 14 വയസ്സ് കഴിഞ്ഞതും 40 ശതമാനത്തിലധികം ഭിന്നശേഷിത്വവുമുള്ള കുട്ടികളുടെ രക്ഷകർത്താക്കൾക്കാണ് വായ്പ അനുവദിക്കുന്നത്. വസ്തു ഈടിന്മേലോ ശമ്പള സർട്ടിഫിക്കറ്റ് ഈടിന്മേലോ ആണ് വായ്പ അനുവദിച്ച് വരുന്നത്. സാധാരണയായി 5 ലക്ഷം വരെ 6 ശതമാനവും 15 ലക്ഷം വരെ 7 ശതമാനവും 30 ലക്ഷം വരെ 8 ശതമാനവും 50 ലക്ഷം വരെ 9 ശതമാനവും ആണ് പലിശ ഇനത്തിൽ ഈടാക്കുന്നത്.

(ബി) ഈ കുട്ടികളുടെ കുടുംബറേഷൻകാർഡിൽ ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ 1000 സ്ക്വയർഫീറ്റ് വീടിന്റെയും നാല് ചക്രവാഹനത്തിന്റെയും പരിധി കാരണം നഷ്ടപ്പെടാതിരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ?

ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്ന കാര്യത്തിൽ നാല് ചക്രവാഹനമോ, 1000 ചതുരശ്ര അടി തറ വിസ്തീർണമുള്ള വീടോ ഉള്ളവർക്ക് ആനുകൂല്യമില്ല എന്ന നിലവിലെ വ്യവസ്ഥകൾ പുനഃപരിശോധിച്ച് തീരുമാനിക്കുന്നതിനുള്ള പ്രത്യേക ശിപാർശകൾ ഭിന്നശേഷി കമ്മീഷണർ ഭക്ഷ്യ-സിവിൽ സപ്ലൈസ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) കോവിഡ് കാലമായതുകൊണ്ട് മെഡിക്കൽ ബോർഡ് കൂടാത്തതിനാൽ ഈ കുട്ടികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് കിട്ടുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തുമോ?

മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി മാത്രം നൽകുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി www.swavlamban card.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ഡി) കോവിഡ്- 19 വ്യാപന പശ്ചാത്തലത്തിൽ 'ആശ്വാസ കിരണം' പദ്ധതിയുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട അവസാന തീയതി നീട്ടി നൽകുന്നത് പരിഗണിക്കുമോ?

കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ 'ആശ്വാസ കിരണം' പദ്ധതിയുടെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട അവസാന തീയതി 30-9-2021 വരെ നീട്ടിയിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ സംവരണം**

176 (4564) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ സംവരണം നിർബന്ധമായും അനുവദിക്കണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

18-11-2018-ലെ സ.ഉ.(പി)നമ്പർ 18/2018/സാ.നീ.വ. പ്രകാരം പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ എയ്ഡഡ് കോളേജുകളിലും സ്കൂളുകളിലും ഉണ്ടാകുന്ന ഒഴിവുകളിൽ ഭിന്നശേഷിക്കാർക്ക് 1995 മുതൽ 3 ശതമാനവും 2016 മുതൽ 4 ശതമാനവും സംവരണം ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഈയിടെ 7000 അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയ സർക്കാർ ഉത്തരവിന് സുപ്രീം കോടതി വിധി ബാധകമാകുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ഭിന്നശേഷി ജിവനക്കാരുടെ റെഗുലറൈസേഷൻ

177 (4565) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2003 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 18-5-2013-ലെ സ.ഉ.(പി)നമ്പർ 40/13/സാ.നീ.വ. പ്രകാരം താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട് നിയമസഭാ കമ്മിറ്റിയുടെ ഏതെങ്കിലും ശിപാർശ സാമൂഹ്യനീതി വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്ഥിരം ജീവനക്കാർക്ക് അനുവദിക്കുന്ന എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും സൂപ്പർന്യൂമററി നിയമനം ലഭിച്ച ഭിന്നശേഷിക്കാർക്കും അനുവദിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്തു. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ എന്തെങ്കിലും ശിപാർശ സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ശിപാർശ നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം)*

(സി) ഭിന്നശേഷി ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്ന വിഷയത്തിൽ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഈ വിഷയം D1/65/2018/SJD ഫയലിൽ പരിശോധിച്ച് വരുന്നു.

## ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് ചികിത്സാസഹായം

178 (4566) ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രവണ വൈകല്യം ബാല്യത്തിൽ തന്നെ കണ്ടെത്തി ഫലപ്രദമായ ചികിത്സ നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) എങ്കിൽ പ്രസ്തുത ചികിത്സയ്ക്കായി കുട്ടികളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ വിശദമാക്കാമോ?

വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി കഴിഞ്ഞ കുട്ടികൾക്ക് സർജറിക്കു ശേഷം എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്; വ്യക്തമാക്കാമോ?

1. ധ്വനി പദ്ധതി പ്രകാരം ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിന് മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുന്നു.

2. കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങൾ മനദണ്ഡങ്ങൾക്ക് വിധേയമായി മെയിന്റനൻസ് ചെയ്തുനൽകുന്നു.

(ഡി) സർജറി കഴിഞ്ഞ കുട്ടികൾക്ക് ആഡിയോ വെർബൽ ഹാബിലിറ്റേഷന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നല്കാമോ?

സർജറി കഴിഞ്ഞ കുട്ടികൾക്ക് തുടർന്ന് രണ്ട് വർഷക്കാലം ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനുള്ള സൗകര്യങ്ങൾ അതാത് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ ആശുപത്രികളിൽ കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനായി സ്പീച്ച് തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുകയും മറ്റ് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള പ്രൈവറ്റ് ആശുപത്രികളിൽ ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനായി 50,000 രൂപ നാല് ഗഡുക്കളായി അനുവദിക്കുകയും ചെയ്യുന്നുണ്ട്. എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ കൂടാതെ തിരുവനന്തപുരം നിഷ്, തൃശ്ശൂർ നിപ്മർ എന്നിവിടങ്ങളിലൂടെയും കുട്ടികൾക്ക് ആഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ നൽകിവരുന്നുണ്ട്. കാതോരം പദ്ധതിയിലൂടെ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിലും, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഇ.എൻ.ടി. ഡിപ്പാർട്ടുമെന്റിലും ആധുനിക സംവിധാനങ്ങളോടുകൂടിയ ഓഡിറ്ററി വെർബൽ തെറാപ്പി സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓഡിയോ വെർബൽ തെറാപ്പി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ഭിന്നശേഷിക്കാരുടെ സേവനം റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി

179 (4567) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 18-5-2013-ലെ സ.ഉ.(പി) നമ്പർ 40/2013/ സാ.നീ.വ. സർക്കാർ ഉത്തരവ് പ്രകാരം പുനർനിയമനം ലഭിച്ച ഭിന്നശേഷിക്കാർ എത്രയാണെന്നും ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; ഇവരുടെ സേവനം റെഗുലറൈസ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

18-5-2013-ലെ സ.ഉ.(പി)നമ്പർ 40/2013/സാ.നീ.വ. സർക്കാർ ഉത്തരവ് പ്രകാരം 2186 ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്. നിയമനം ലഭിച്ചവരുടെ വിവരം അനുബന്ധം I *ആയി ചേർക്കുന്നു. ഇവരെ റഗുലറൈസ് ചെയ്തിട്ടില്ല.

(ബി) ഇവരുടെ സേവനം റെഗുലറൈസ് ചെയ്തിട്ടില്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

16-8-1999-നും 31-12-2003-നും ഇടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി ജോലി ചെയ്തിരുന്നവരെ സേവന- വേതന വ്യവസ്ഥകളിലെ പ്രത്യേക നിബന്ധനകളോടെ സൂപ്പർ ന്യൂമററിയായാണ് പുനർനിയമിച്ചിരുന്നത്. തികച്ചും അനുകമ്പാർഹമായ നടപടിയുടെ ഭാഗമായി 2677 സൂപ്പർന്യൂമററി തസ്തികകൾ സർക്കാർ ഇതിനായി സൃഷ്ടിക്കുകയും നിയമനം നടത്തിവരികയും ചെയ്യുന്നുണ്ട്. പ്രസ്തുത തസ്തികകൾ സൂപ്പർന്യൂമററി ആയതിനാൽ അതിൽ ജോലി ചെയ്യുന്നവരുടെ വിരമിക്കൽ/സേവനം അവസാനിപ്പിക്കൽ വരെ മാത്രമേ അവയ്ക്ക് നിലനിൽപ്പുള്ളൂ. അതിനുശേഷം പ്രസ്തുത തസ്തിക ഇല്ലാതെയാകും. ഇതൊരു സ്ഥിരം ജീവനക്കാരനു വേണ്ടി നോട്ടിഫൈ ചെയ്ത സ്ഥിരം തസ്തികയല്ലാത്തതിനാൽ ഇങ്ങനെ നിയമിക്കപ്പെടുന്നവരെ റെഗുലറൈസ് ചെയ്തിട്ടില്ല.

(സി) ഇവരുടെ സേവനം റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഈ വിഷയം 10-2-2020-ലെ എക്സ്പെർട്ട് കമ്മിറ്റി യോഗത്തിൽ പരിഗണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയം D1/65/2018/SJD ഫയലിൽ പരിശോധിച്ചുവരുന്നു.

**ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ സംവരണം**

180 (4568) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താത്കാലിക നിയമനം നേടിയ ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് അറിയിക്കാമോ;

&

(ബി) 2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താത്കാലിക നിയമനം നേടിയ ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തിയ 2013-ലെ സർക്കാരിന്റെ തീരുമാനം, 2004 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താത്കാലിക നിയമനം നേടിയ ഭിന്നശേഷിക്കാരുടെ കാര്യത്തിലും സ്വീകരിക്കാമോ?

(എ&ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭിന്നശേഷിക്കാർക്കായി സർക്കാർ സർവ്വീസിൽ സംവരണം ചെയ്തിട്ടു ള്ളതിന് ആനുപാതികമായി പൂർണ്ണമായും നിയമനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; അനുവദനീയമായ സംവരണ ശതമാനം, നിലവിൽ ഈ സംവര ണത്തിലൂടെ നികത്തപ്പെട്ടിട്ടുള്ള ശതമാനം, ഇനി നികത്തപ്പെടുവാനുള്ള ശതമാനം എന്നിവ അറിയിക്കാമോ?

ഭിന്നശേഷിക്കാർക്കായി സർക്കാർ സർവ്വീസിൽ 3 ശതമാനം സംവരണം ചെയ്തിട്ടുള്ളതിന് ആനുപാതികമായി നിയമനം നടത്തിയിട്ടുണ്ട്. 2018-ൽ ശ്രീ. ഗിരീഷ് കുമാർ IAS (Rtd)-ന്റെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റി 3 ശതമാനം ബാക്ക് ലോഗ് വേക്കൻസികൾ പൂർണ്ണമായും നികത്തപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻപ്രകാരം സംസ്ഥാനത്ത് 1995-ലെ ഭിന്നശേഷി നിയമപ്രകാരം നടപ്പിലാക്കിയിട്ടുള്ള 3 ശതമാനം സംവരണം പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. ഇപ്പോൾ RPWD Act, 2016 പ്രകാരം 4 ശതമാനം സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എങ്കിലും നിയമന റൊട്ടേഷൻ ടേൺ നിശ്ചയിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമാവാത്തതിനാൽ മുൻപുണ്ടാ യിരുന്ന 3 ശതമാനം സംവരണം തന്നെയാണ് ഇപ്പോഴും നൽകിവരുന്നത്. ഇനി നികത്തപ്പെടുവാനുള്ളത് ഒരു ശതമാനം സംവരണമാണ്.

**ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ**

181 (4569) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇത്തരം കുട്ടികൾക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളാണ് വിദ്യാജ്യോതി പദ്ധതി, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, വിജയാമൃതം പദ്ധതി. ടി പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം I* ആയി ചേർക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി വികലാംഗക്ഷേമ കോർപ്പറേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം II* ആയി ചേർക്കുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും മാനദണ്ഡങ്ങളും അനുബന്ധം III ആയി ചേർക്കുന്നു.*

**അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ**

182 (4570) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് ലഭിക്കുന്ന എത്ര അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത സ്പെഷ്യൽ സ്കൂളുകളിലെത്ര അദ്ധ്യാപകരും അനദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ടെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയാണെന്നും അറിയിക്കുമോ?

(എ&ബി) സാമൂഹ്യനീതി വകുപ്പ് നിലവിൽ സ്പെഷ്യൽ സ്കൂളുകൾക്ക് ഗ്രാന്റ് നൽകുന്നില്ല.

**ഭിന്നശേഷിക്കാരുടെ പ്രൊമോഷൻ**

183 (4571) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷിക്കാർക്ക് പ്രൊമോഷനിൽ സംവരണം നൽകണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിധി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത വിഷയം ഡി1/210/2021/സാ.നീ.വ. നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ച ഭിന്നശേഷിക്കാരുടെ സർവ്വീസ് റെഗുലറൈസേഷൻ

184 (4572) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-8-1999 മുതൽ 2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് മുഖേന താൽക്കാലിക നിയമനം ലഭിച്ച എത്ര ഭിന്നശേഷിക്കാർക്കാണ് 18-5-2013-ലെ G.O.(P)No.40/13/SJD ഉത്തരവ് പ്രകാരം പുനർനിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

16-8-1999 മുതൽ 2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് മുഖേന താൽക്കാലിക നിയമനം ലഭിച്ച 2186 ഭിന്നശേഷിക്കാർക്കാണ് 18-5-2013-ലെ G.O.(P)No. 40/13/SJD ഉത്തരവ് പ്രകാരം സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകളിൽ പുനർനിയമനം നൽകിയിട്ടുള്ളത്.

(ബി) ഇപ്രകാരം നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ സർവ്വീസ് റെഗുലറൈസേഷനുമായി ബന്ധപ്പെട്ട് 14-ാം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജെൻഡറുകളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെയും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെയും ശിപാർശയിൻമേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## വ്യക്തിഗത വരുമാനം മാനദണ്ഡമാക്കി ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ

185 (4573) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കുടുംബ വരുമാനത്തിന് പകരം വ്യക്തിഗത വരുമാനം മാനദണ്ഡമാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിൽ ഇല്ല. ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കുടുംബവരുമാനമാണ് നിലവിൽ പരിഗണിക്കുന്നത്.

(ബി) കുടുംബ വാർഷിക വരുമാനം കണക്കാക്കി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാൽ ചെറിയ തുക പെൻഷൻ ലഭിക്കുന്ന കുടുംബങ്ങളിലുള്ളവർ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര പാക്കേജ്**

186 (4574) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തീരുമാനി ച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ പ്രത്യേകമായ ഒരു സമഗ്ര പാക്കേജ് നിലവിൽ തയ്യാറായിട്ടില്ല.

(ബി) കേന്ദ്ര സർക്കാർ പാസാക്കിയ 'ദി റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട്, 2016' പ്രകാരം ഭിന്നശേഷിക്കാർക്ക് നൽകിയിരിക്കുന്ന അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ വഴിയാണ് നടപ്പിലാക്കിവരുന്നത്. സാമൂഹ്യനീതി വകുപ്പ് ഇവർക്കുള്ള 4 ശതമാനം തൊഴിൽ സംവരണം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷിക്കാർക്ക് തടസ്സരഹിത ചുറ്റുപാട് ഒരുക്കുന്നതിനുള്ള നടപടികളും, ഒരു state fund രൂപീകരിക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. മുഴുവൻ ഭിന്നശേഷിക്കാർക്കും വോട്ടവകാശം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കാഴ്ച പരിമിതർക്കായി ബ്രെയിൽ ലിപിയിലുള്ള ഡമ്മി ബാലറ്റ് പേപ്പർ തെരഞ്ഞെടുപ്പിനുള്ള ബൂത്തുകൾ തടസ്സരഹിതമായി ഭിന്നശേഷിക്കാർക്ക് എത്തിച്ചേരുന്നതിനായി സജ്ജമാക്കി. ഭിന്നശേഷിക്കാർക്കെതിരായ അക്രമങ്ങൾ, ഭിന്നശേഷിക്കാരുടെ പരാതികൾ എന്നിവ എളുപ്പത്തിൽ പരിഹരിക്കുന്നതിനും, നടപടികൾ സ്വീകരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും പ്രത്യേക കോടതികൾ സ്ഥാപിച്ചു. ഭിന്നശേഷിക്കാരിൽ നിയമപരമായ ചില കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കെൽപ്പില്ലെന്ന് കണ്ടെത്തു ന്നവരുടെ നിയമപരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ലിമിറ്റഡ് ഗാർഡിയനെ നിയമിക്കുന്നതിനായി ആർ.ഡി.ഒ.-മാരെ ഇതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാക്കി. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത് സാമൂഹ്യനീതി വകുപ്പാണ്. മറ്റ് വകുപ്പുകൾ ഈ

മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനായി വിവിധ വകുപ്പ് മേധാവികളുടെ യോഗങ്ങൾ നടത്തുകയും വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ പരാതി പരിഹരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും പരാതി പരിഹാര ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാരായ കുട്ടികൾക്കും വിവേചനം കൂടാതെ എല്ലാ പൊതുവിദ്യാലയങ്ങളിലും അഡ്മിഷൻ നൽകുന്നുണ്ട്. കൂടാതെ സ്പോർട്സ്, വിനോദം എന്നിവയ്ക്കും തുല്യ പരിഗണന നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങൾ 'ബാരിയർ ഫ്രീ' ആക്കിയിട്ടുണ്ട്. കുട്ടികളുടെ അക്കാദമിക, സാമൂഹ്യ വികാസത്തിനായി ആവശ്യമായ പിന്തുണാ സംവിധാനവും നൽകുന്നുണ്ട്. എല്ലാത്തരം കുട്ടികൾക്കുമുള്ള പഠനത്തിനാവശ്യമായ സൗകര്യങ്ങൾ നൽകുന്നുണ്ട്. കുട്ടികളിൽ പഠനവൈകല്യം കണ്ടെത്തുന്നതിനും പരിഹാര ബോധനം നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകർക്കായി സർക്കാർ മേഖലകളിൽ രണ്ട് സ്പെഷ്യൽ ട്രെയിനിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ സഹായധനം വിതരണം ചെയ്യുന്നു. പരീക്ഷാനുകൂല്യങ്ങളും ഇത്തരം കുട്ടികൾക്ക് നൽകിവരുന്നു.

(സി) കോവിഡിന്റെ സാഹചര്യത്തിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിൽ എന്തെല്ലാം പഠന സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഫസ്റ്റ്ബെൽ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചതിനാൽ ഭിന്നശേഷിക്കാരായ എല്ലാ കുട്ടികൾക്കും വേണ്ടി ഫസ്റ്റ്ബെല്ലിന്റെ ചുവട് പിടിച്ച് "വൈറ്റ് ബോർഡ്" എന്ന പേരിൽ ക്ലാസ്സുകൾ ആരംഭിച്ചു. വിവിധ കാറ്റഗറിയിൽപ്പെട്ട ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും വേണ്ടിയാണ് വൈറ്റ് ബോർഡ് ക്ലാസ്സുകൾ ആരംഭിച്ചത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്കായി സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കിവരുന്നു. ബുദ്ധിപരിമിതിയുള്ള കുട്ടികൾക്കായി "തേൻകൂട്" എന്ന പഠന പിന്തുണാ സംവിധാനം നടപ്പിലാക്കിവരുന്നു. ഈ സംവിധാനം കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്കും കൊടുക്കുന്നതിനും അവരുടെ പ്രതികരണങ്ങൾ അറിയുന്നതിനും പ്രയോജനപ്പെടുന്നു. 168 ബി.ആർ.സി.-കളിലും ഓട്ടിസം സെന്റർ ആരംഭിച്ചിട്ടുണ്ട്. ഈ ഓട്ടിസം സെന്ററുകളിൽ ഓട്ടിസം കുട്ടികൾക്കായുള്ള തെറാപ്പി സർവ്വീസും ഒപ്പം പഠന പിന്തുണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ ടി കുട്ടികൾക്കായി റിസോഴ്സ് റൂമുകളും സജ്ജമാക്കിയിട്ടുണ്ട്.

ബുദ്ധിപരിമിതിയുള്ള 400-ലധികം വരുന്ന ബഡ്സ്/സ്പെഷ്യൽ സ്കൂൾ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ സംസ്ഥാനതല കോർ ഗ്രൂപ്പ് രൂപീകരിക്കുകയും, മുഴുവൻ വിദ്യാലയങ്ങളിൽനിന്നും നൈപുണ മേഖലകളിൽ അദ്ധ്യാപകരുടെയും തെറാപ്പിസ്റ്റുകളുടെയും സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുകയും എസ്.സി.ഇ.ആർ.ടി.-യുടെ യൂട്യൂബ് ചാനലിലൂടെ നൈപുണി മേഖല അടിസ്ഥാനമാക്കിയുള്ള തീം അനുസരിച്ചും വീഡിയോ ക്ലാസ്സുകൾ, പ്രീപ്രൈമറി, പ്രൈമറി, സെക്കൻഡറി, പ്രീവൊക്കേഷണൽ വിഭാഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നു.

**സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ സഹായം**

187 (4575) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ചാരിറ്റബിൾ സൊസൈറ്റികളും സാമൂഹ്യ സംഘടനകളും നടത്തിവരുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തങ്ങൾക്കായി സർക്കാർ നല്കിവരുന്ന സഹായങ്ങൾ വിശദീകരിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന പ്ലാൻ ശീർഷകത്തിൽനിന്നും ധനസഹായം നൽകിവരുന്നുണ്ട്. 31-3-2020-ലെ സ.ഉ(സാധാ) 1449/2020/പൊ.വി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുകയും, 2019-2020 വർഷം 213 സ്കൂളുകൾക്ക് ജീവനക്കാരുടെ ഓണറേറിയം, കണ്ടിജൻസി എന്നിവയ്ക്കായി 38,46,54,612 രൂപയും, 2020-2021 വർഷത്തിൽ ബഡ്ജറ്റ് ശീർഷകത്തിൽ നിന്നും 40 കോടി രൂപ വകയിരുത്തുകയും 10 മാസത്തെ ഓണറേറിയത്തിനായി 317 സ്കൂളുകൾക്ക് 37,69,85,750 രൂപ വിതരണം ചെയ്തിട്ടുമുണ്ട്.

**ഭിന്നശേഷിക്കാർക്ക് സൗജന്യ തെറാപ്പി ചികിത്സ**

188 (4576) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കും നിലവിലെ സാഹചര്യത്തിൽ സർക്കാർ തലത്തിൽ സൗജന്യമായി തെറാപ്പി ചികിത്സ നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുമോ; അതിനുള്ള സൗകര്യങ്ങളും യോഗ്യതയുള്ള ജീവനക്കാരും സർക്കാർതലത്തിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള 11 ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് 2020 മുതൽ HLFPPT മുഖേന സൗജന്യമായി തെറാപ്പി സേവനങ്ങൾ നൽകി

യിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായതിനാൽ അത് അവസാനിപ്പിക്കുകയും കോവിഡ് പ്രതിരോധ വാക്സിനേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് താമസക്കാർക്ക് അംഗീകൃത ഏജൻസി മുഖേന സൗജന്യ തെറാപ്പി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 18 വയസ്സിന് മുകളിലുള്ള കുട്ടികളുടെ വൊക്കേഷണൽ ട്രെയിനിംഗിനായി വകുപ്പ് മുഖാന്തരം 'അതിജീവനം' എന്ന സമഗ്ര പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഭാഗമായി തെറാപ്പി സേവനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എൻ.ജി.ഒ. മുഖാന്തരമാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. ആയതിനാൽ എൻ.ജി.ഒ.-യാണ് ഇതിലേയ്ക്കുള്ള ഹ്യൂമൻ റിസോഴ്സിനെ തെരഞ്ഞെടുക്കുന്നത്. മാനസിക വളർച്ചയില്ലാത്ത ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും, Early Intervention, Development Disability, Rehabilitation എന്നീ മേഖലയിലെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി കാലിക്കറ്റ് യൂണിവേഴ്സിറ്റി മനഃശാസ്ത്ര വിഭാഗത്തിന്റെ സഹകരണത്തോടെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കമ്മ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് 2015-16 മുതൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് CDMRP (Community Disability Management and Rehabilitation Programme). ഈ പദ്ധതിയിലൂടെ ഡിസെബിലിറ്റി കണ്ടെത്തിയ കുട്ടികൾക്ക് തെറാപ്യൂട്ടിക് സേവനങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങളും നൽകിവരുന്നു. കൂടാതെ രക്ഷിതാക്കൾക്കും ഇതിന്റെ പരിശീലനം നൽകിവരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സൈക്യാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. ഭിന്നശേഷി ക്കാർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പരിപാടി നടപ്പാക്കിവരുന്നു. അനുയാത്രയുടെ ഭാഗമായി നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ ഭിന്നശേഷിക്കാർക്ക് സൗജന്യമായി തെറാപ്പി നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കാണ് ഈ പദ്ധതികളിലൂടെ പ്രധാനമായും തെറാപ്പിയും പരിശീലനങ്ങളും സൗജന്യമായി നൽകിവരുന്നത്. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ പരിശീലനം തുടങ്ങിയവയാണ് ഈ പദ്ധതികളിലൂടെ സൗജന്യമായി ലഭ്യമാക്കി വരുന്നത്. ഇതിനാവശ്യമായ തെറാപ്പിസ്റ്റുമാരുടെ സേവനം ഈ പദ്ധതികളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സൗജന്യമായി തെറാപ്പികൾ നൽകുന്നതിനായി അനുയാത്രയിലൂടെ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ
2. ഓട്ടിസം സെന്ററുകൾ
3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
4. റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ
5. ആഡിറ്ററി റീ വെർബൽ തെറാപ്പി സെന്റർ.

**ഭിന്നശേഷി സംവരണ നിയമപ്രകാരം നിയമനം**

189 (4577) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭിന്നശേഷി സംവരണ നിയമ പ്രകാരം നിയമനം നൽകുന്നതിനായി സർക്കാർ സർവ്വീസിൽ പുതിയ തസ്തികകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭിന്നശേഷി സംവരണ നിയമ പ്രകാരം നിയമനം നൽകുന്നതിനായി സർക്കാർ സർവ്വീസിൽ പുതിയ 17 തസ്തികകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| Sl No. | Order & Date | No. of Posts Created |
|---|---|---|
| 1. | G.O(P)No.18/2017/SJD dated 14-9-2017 | 2 |
| 2. | G.O(P)No.21/2017/SJD dated 23-11-2017 | 1 |
| 3. | G.O(P)No.20/2018/SJD dated 26-11-2018 | 10 |
| 4. | G.O(Ms)No.17/2020/SJD dated 12-7-2020 | 1 |
| 5. | G.O(Ms)No.19/2020/SJD dated 14-8-2020 | 1 |
| 6. | G.O(P)No.10/2021/SJD dated 22-6-2021 | 1 |
| 7. | G.O(P)No.12/2021/SJD dated 27-6-2021 | 1 |

കൂടാതെ 25-10-2019-ലെ GO(P)No.11/2019/SJD ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഭിന്നശേഷി സംവരണം അനുവദിച്ചിട്ടുണ്ട്. 25-8-2020-ലെ GO(P)No.19/2020/SJD ഉത്തരവ് പ്രകാരം 3 ശതമാനം ഭിന്നശേഷി സംവരണത്തിനായി കണ്ടെത്തിയ 49 കോമൺ കാറ്റഗറി തസ്തികകൾ, RPWD Act, 2016-ൽ വിവക്ഷിക്കുന്ന ഭിന്നശേഷി വിഭാഗങ്ങൾക്കായി കണ്ടെത്തി 4 ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് തസ്തികമാറ്റം വഴി നിയമനം

190 (4578) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും വകുപ്പ് വിഭജനത്തെ തുടർന്ന് വനിതാശിശുവികസന വകുപ്പിന്റെ ഭാഗമായി മാറുകയും ചെയ്ത ഐ.സി. ഡി.എസ്. സൂപ്പർവൈസർമാർക്ക് തസ്തികമാറ്റം വഴി സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകുമോയെന്ന് അറിയിക്കുമോ?

സാമൂഹ്യനീതി വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും വകുപ്പ് വിഭജനത്തെ തുടർന്ന് വനിതാ ശിശു വികസന വകുപ്പിന്റെ ഭാഗമായി മാറുകയും ചെയ്ത ഐ.സി. ഡി.എസ്. സൂപ്പർവൈസർമാർക്ക് മറ്റൊരു തസ്തികയിലേയ്ക്കും തസ്തികമാറ്റം വഴി അപേക്ഷിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല. കൂടാതെ സാമൂഹ്യ നീതി വകുപ്പിൽ സാമൂഹ്യനീതി എക്സ്റ്റൻഷൻ ഓഫീസർ എന്നൊരു തസ്തിക നിലവിലില്ല.

## ട്രാൻസ്ജെൻഡർ കമ്മിറ്റികളുടെ രൂപീകരണം

191 (4579) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ ട്രാൻസ്ജെൻഡർ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ സംസ്ഥാനതലത്തിൽ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും, ജില്ലാതലത്തിൽ ജസ്റ്റിസ് കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്. അതാത് ജില്ലകളിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തലത്തിലുള്ള പ്രവർത്തനങ്ങളുടെ ഏകോപനം ജില്ലാതല ജസ്റ്റിസ് കമ്മിറ്റികൾ മുഖേനയാണ് നിലവിൽ നടത്തിവരുന്നത്. എന്നാൽ പഞ്ചായത്ത് തലങ്ങളിൽ പ്രത്യേകമായി കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടില്ല.

## താലോലം പദ്ധതി

192 (4580) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർമോൺ കുറവ് കാരണം ഉയരക്കുറവ്, വളർച്ചക്കുറവ് എന്നിവ നേരിടുന്ന കുട്ടികൾക്ക് ചികിത്സയുടെ ഭാഗമായ മരുന്നുകൾക്ക് വലിയ വില നൽകേണ്ടിവരുന്നതിനാൽ ഈ വിഭാഗം വിദ്യാർത്ഥികളുടെ ചികിത്സാ ചെലവ് താലോലം പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ;

&

(ബി) ഹോർമോൺ കുറവുമൂലമുണ്ടാകുന്ന ഇത്തരം ശാരീരിക വളർച്ചക്കുറവ് അനുഭവിക്കുന്ന കുട്ടികളുടെ ചികിത്സാ ചെലവിന് സാമൂഹ്യനീതി വകുപ്പുവഴി ധനസഹായം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദവിവരം നൽകാമോ?

(എ&ബി) ജന്മനായുള്ള ഹൃദയവൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതിയാണ് താലോലം. ടി പദ്ധതിയിൽ ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ നിലവിൽ സഹായം ലഭ്യമാണ്. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ 'വി കെയർ' പദ്ധതി മുഖേന വളർച്ചാ കുറവ് നേരിടുന്ന കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ ഇഞ്ചക്ഷനുള്ളമരുന്ന് അനുവദിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ഈ സഹായം അനുവദിച്ചിട്ടുള്ളത്.

(സി) നിലവിൽ അപ്രകാരം ധനസഹായം നൽകാൻ വ്യവസ്ഥയില്ലെങ്കിൽ, ഇത്തരക്കാർക്കായി പുതിയ ഏതെങ്കിലും പദ്ധതി ആരംഭിക്കുമോ; വിശദീകരിക്കാമോ?

'വി കെയർ' പദ്ധതി മുഖേന, വളർച്ചാകുറവ് നേരിടുന്ന കുട്ടികൾക്ക് ഗ്രോത്ത് ഹോർമോൺ ഇഞ്ചക്ഷനുള്ള മരുന്ന് KMSCL മുഖേന അർഹതയ്ക്കനുസരിച്ച് അനുവദിച്ചുവരുന്നുണ്ട്.

## റെസ്ക്യൂ ഹോം

193 (4581) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിലവിൽ റെസ്ക്യൂ ഹോം എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വനിതശിശു വികസന വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ തവനൂർ എന്ന സ്ഥലത്ത് ഒരു റെസ്ക്യൂ ഹോം പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത റെസ്ക്യൂ ഹോമുകളിലെത്ര വനിതകൾ അന്തേവാസികളായുണ്ടെന്ന് അറിയിക്കുമോ?

മലപ്പുറം ജില്ലയിൽ തവനൂർ ഉള്ള റെസ്ക്യൂ ഹോമിൽ ആകെ 25 താമസക്കാരുണ്ട്.

(സി) റെസ്ക്യൂ ഹോമിന്റെ പ്രവർത്തനം വിശദമാക്കുമോ?

ഇമ്മോറൽ ട്രാഫിക് നിരോധന നിയമ പ്രകാരം ശിക്ഷിക്കപ്പെട്ടവരും ചൂഷണത്തിന് വിധേയരാകാൻ സാദ്ധ്യതയുള്ളവരുമായ സ്ത്രീകൾക്ക് സംരക്ഷണം നല്കി അനുയോജ്യമായ പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ജയിൽ വകുപ്പിന് കീഴിൽ 9-6-1973-ൽ തവനൂരിൽ പ്രവർത്തനമാരംഭിച്ച ക്ഷേമ സ്ഥാപനമാണ് റെസ്ക്യൂ ഹോം. നിലവിൽ സ്ഥാപനം വനിത ശിശു വികസന വകുപ്പിൻ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിൽ 75 പേർക്ക് താമസിക്കാമെങ്കിലും നിലവിൽ 25 പേരാണ് സ്ഥാപനത്തിലുള്ളത്. ഇവരിൽ 24 പേരും ഇതര സംസ്ഥാനക്കാരാണ്. 22 പേർ മാനസിക അസുഖമുള്ളവരും 2 പേർ സംസാര ശേഷി ഇല്ലാത്തവരും ഒരാൾ മാനസിക വെല്ലുവിളി നേരിടുന്നയാളുമാണ്. ഇവർക്ക് സുരക്ഷിതമായ താമസം, വൃത്തിയുള്ള ചുറ്റുപാട്, ആരോഗ്യകരമായ ഭക്ഷണം, റെഗുലർ മെഡിക്കൽ ചെക്ക്അപ്പുകൾ എന്നിവ പ്രദാനം ചെയ്യുന്നുണ്ട്. താമസക്കാരുടെ ഭാഷ, മാനസിക നില എന്നിവ കാരണം പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യധാര യിലെത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് പരിമിതി നേരിടുന്നതിനാൽ ഇതര സംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്തേക്ക്/വീടുകളിലേയ്ക്ക് Repatriation/Rehabilitation ചെയ്യാനുള്ള നടപടികൾ നടത്തിവരുന്നു.

**ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

194 (4582) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുള്ള ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ?

പാർശ്വവത്ക്കരിക്കപ്പെട്ട ഒരു വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും, ട്രാൻസ്ജെൻ ഡർമാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അതുവഴി സാമൂഹികവും, സാംസ്കാരികവും സാമ്പത്തികവുമായിട്ടുള്ള അവരുടെ ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രധാന പദ്ധതികൾ:

1. തിരിച്ചറിയൽ കാർഡ് വിതരണം - ഒരു വ്യക്തിക്ക് തന്റെ വ്യക്തിത്വം തെളിയിക്കുന്നതിനുവേണ്ടി അടിസ്ഥാനപരമായി ഉണ്ടാകേണ്ട രേഖയാണ് തിരിച്ചറിയൽ കാർഡ്. എന്നാൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന 640 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

2. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി - പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർ വിദ്യാഭ്യാസം സാദ്ധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി മുഖേന ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം തുല്യതാപരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും അവർക്ക് തുടർ വിദ്യാഭ്യാസം നല്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

3. ബോധവൽക്കരണ പരിപാടികൾ- സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും 5 സ്കൂളുകളും കോളേജുകളും തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമായി ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

4. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്- വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നില്ക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നല്കേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ ധനസഹായം നല്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രിതലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയും ആണ് സ്കോളർഷിപ്പ് തുക.

5. സംരംഭകത്വ വികസന പരിശീലന പരിപാടി- സംസ്ഥാനത്തെ ട്രാൻജെൻഡർ സമൂഹത്തിന് അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അതിജീവനത്തിന് ഇവരെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലന പരിപാടി സർക്കാർ സ്ഥാപനമായ C-STED മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

6. കെയർ ഹോമുകൾ/സേഫ്റ്റി ഹോമുകൾ - സംസ്ഥാനത്ത് വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഒർഗനൈസേഷൻ മുഖേന പ്രവർത്തിച്ചുവന്നിരുന്ന 5 കെയർ ഹോം/സേഫ്റ്റി ഹോമുകൾ കാലാവധി പൂർത്തീകരിച്ചതിനാൽ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. നിലവിൽ N.G.O.-കൾ മുഖേന സംസ്ഥാനത്ത് 2 കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിൽ സ്നേഹജ്യോതി ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ ട്രാൻസ് വുമൺ വ്യക്തികൾക്കും തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ട്രാൻസ്മെൻ വ്യക്തികൾക്കുമാണ് കെയർ ഹോമുകളുള്ളത്. 30 വ്യക്തികൾക്ക് വരെ താമസിക്കുന്നതിനുള്ള സൗകര്യം 2 ഹോമുകളിലും ഒരുക്കിയിട്ടുണ്ട്.

7. സീറോ എച്ച്.ഐ.വി. സർവൈലൻസ് സെന്റർ - HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യക്ഷേമ ബോർഡ് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം സെന്ററിന്റെ പ്രവർത്തനം എറണാകുളം, കാസർഗോഡ് ജില്ലകളിലും കൂടി ആരംഭിച്ചിട്ടുണ്ട്.

8. 24x7 ഹെൽപ്പ് ലൈൻ - ട്രാൻസ്ജെൻഡർ വ്യക്തികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യക്ഷമമായി ക്രോഡീകരിക്കാനും വേണ്ടതരത്തിൽ നിയമ നടപടികൾ കൈക്കൊള്ളാനുമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

9. ബ്യൂട്ടിഷ്യൻ പദ്ധതി ധ്വയ - ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൽ സൊസൈറ്റി മുഖേന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി മൂന്ന് മാസത്തെ ബ്യൂട്ടീഷ്യൻ പരിശീലനം നടത്തിയിരുന്നു.

10. തയ്യൽ മെഷീൻ വിതരണ പദ്ധതി- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ജീവനോപാധി കണ്ടെത്തുന്നതിനുള്ള ലക്ഷ്യം മുൻ നിർത്തി തയ്യൽ പഠിച്ച് പ്രവർത്തിപരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

11. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം- പുരുഷനിൽനിന്നും സ്ത്രീയിലേക്കും സ്ത്രീയിൽനിന്നും പുരുഷനിലേക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. 2018-19 മുതൽ 2019-20 വർഷം പരമാവധി രണ്ട് ലക്ഷം രൂപ വീതമാണ് ഓരോ വ്യക്തികൾക്കും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി അനുവദിച്ചിരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ട്രാൻസ്മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപ വരെയും, ട്രാൻസ്വുമൺ വ്യക്തികൾക്ക് പരമാവധി രണ്ടര ലക്ഷം രൂപ വരെയുമാണ് ധനസഹായം അനുവദിച്ചത്.

12. എസ്.ആർ.എസ്. കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി : എസ്.ആർ.എസ്. കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റു അനുബന്ധ ചെലവുകൾക്കുമായി പ്രതിമാസം 3,000 രൂപാ നിരക്കിൽ 12 മാസകാലയളവിൽ അനുവദിച്ചുവരുന്നു.

13. സ്വയം തൊഴിൽ ധനസഹായം - ട്രാൻസ്ജെൻഡർ വ്യക്തികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിലേയ്ക്കായി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഒരു വ്യക്തിക്ക് 50,000 രൂപ ധനസഹായം അനുവദിച്ചുവന്നിരുന്നു. ആദ്യ ഘട്ടം എന്ന നിലയ്ക്ക് 63 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ ധനസഹായം നൽകിയിട്ടുണ്ട്.

14. വനിതാ വികസന കോർപ്പറേഷൻവഴി സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി - ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായിയുള്ള പദ്ധതിയാണ് ഇത്. വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതി പ്രകാരം സംരംഭകർക്കോ സംരംഭകത്വത്തിനോ പരമാവധി 3 ലക്ഷം രൂപ വരെ നല്കിവരുന്നു.

15. ഡ്രൈവിംഗ് പരിശീലനം - സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

16. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി - സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നല്കുന്നതിനായി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4,000 രൂപ എന്ന ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

17. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി - നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000 രൂപ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായമായി ലഭ്യമാക്കുന്നു.

18. സഫലം പദ്ധതി- ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള കോഴ്സുകൾ പഠിക്കുന്നതിനായി ഒരു ലക്ഷം വരെ സാമ്പത്തിക ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

19. സോഷ്യോ എക്കണോമിക്ക് സർവ്വേ- സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹിക സാമ്പത്തിക സർവ്വേ ആരംഭിച്ചിട്ടുണ്ട്.

20. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള കരിയർ ഡെവലപ്മെന്റ് പ്രോഗ്രാം (E2-HUB)- ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ കണ്ടെത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി E2-HUB empowerment hub for Transgender persons എന്ന പേരിൽ കരിയർ കോഴ്സ് സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ അനുയോജ്യമായ തൊഴിൽ മേഖല കണ്ടെത്തി വിപുലീകരിക്കുന്നതിനോ ആവശ്യമായ ഗൈഡൻസ്, കൗൺസിലിംഗ് എന്നിവ നൽകികൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

21. അഡ്വക്കസി ക്യാമ്പയിൻ ട്രാൻസ്ജെൻഡർ - സമൂഹത്തെക്കുറിച്ചും ജെൻഡർ വ്യക്തികൾ അനുഭവിക്കുന്ന ശാരീരിക മാനസിക സംഘർഷത്തെക്കുറിച്ചും പൊതുഇടങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന വിവേചന പരമായ ഇടപെടലുകൾ ലഘൂകരിക്കുന്നതിനും പൊതുസമൂഹത്തിൽ നിലനില്ക്കുന്ന തെറ്റിദ്ധാരണകൾ മാറ്റുന്നതിനും വേണ്ട ഇടപെടലുകൾ വകുപ്പ് മുഖേന നടന്നുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി അഡ്വക്കസി ക്യാമ്പയിൻ നടത്തുന്നതിന് സി-ഡിറ്റ് മുഖേന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിൻ വിവിധ മാധ്യമങ്ങൾ (പ്രിന്റ്, വിഷ്വൽ, സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെ) വഴി വ്യാപക പ്രചരണം നടത്തുന്നതിന് സജ്ജമാണ്.

**ആശാവർക്കർമാരുടെ ചുമതലകൾ**

195 (4583) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ആശാവർക്കർമാരുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. മാതൃ-ശിശു സംരക്ഷണം ഉറപ്പാക്കുക, പ്രാഥമിക വൈദ്യസഹായം എത്തിക്കുക, അനുബന്ധ സ്ഥാപനങ്ങളുമായി ചേർന്ന് താഴെത്തട്ടിലുള്ളവർക്ക് സേവനം ഉറപ്പാക്കുക, പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ, കൊതുകുനിവാരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുക, പ്രാദേശിക ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ വാർഡ് ആരോഗ്യ-ശുചിത്വ കമ്മിറ്റികളുമായി ചേർന്ന് പ്രവർത്തിക്കുക, ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക, പകർച്ചവ്യാധികൾ

തടയുന്നതിനും നിയന്ത്രിക്കുന്നതിനുമൊപ്പം ജീവിതശൈലീരോഗങ്ങൾ, സാന്ത്വന ശുശ്രൂഷ, സാമൂഹിക പങ്കാളിത്തത്തോടെയുള്ള മാനസികാരോഗ്യപരിപാടി തുടങ്ങിയവയാണ് ആശാപ്രവർത്തകരുടെ പ്രധാന ചുമതലകൾ.

(ബി) എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ആശാവർക്കർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

കേരളത്തിൽ 26362 ആശമാർ വിവിധ P.H.C.-കളിൽ പ്രവർത്തിച്ചുവരുന്നു. ആശമാരുടെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ആശമാരെ നിയമിച്ചുവരുന്നു.

(സി) ആശാവർക്കർമാരുടെ വേതനം എത്ര രൂപയാണെന്ന് അറിയിക്കുമോ?

ആശാപ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന 6,000 രൂപ ഓണറേറിയവും, മാസംതോറും 1,000 രൂപ കോവിഡ് ഇൻസെന്റീവും കേന്ദ്ര സർക്കാർ നൽകുന്ന 2,000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ആശാവർക്കർമാർക്ക് ലഭ്യമാകുന്നത്.

**ഡിമെൻഷ്യ സെന്ററുകൾ**

196 (4584) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഡിമെൻഷ്യ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

&

(ബി) പ്രസ്തുത സെന്ററുകൾ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

(എ&ബി) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രണ്ട് ഡിമെൻഷ്യ കെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

1. എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ ഡിമെൻഷ്യ കെയർ സെന്റർ.
2. തൃശ്ശൂർ ജില്ലയിലെ കുന്നംകുളം പകൽ പരിപാലന ഡിമെൻഷ്യ കെയർ സെന്റർ

(സി) ഡിമെൻഷ്യ സെന്ററുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഡിമെൻഷ്യ കെയർ സെന്ററുകളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. വകുപ്പിലെ മറ്റ് ഓഫീസുകളിലെ ജീവനക്കാർക്ക് ഡിമെൻഷ്യ കെയർ സെന്റർ സൂപ്രണ്ടിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ എടവനക്കാട് പ്രവർത്തിക്കുന്ന മുഴുവൻ സമയ ഡിമെൻഷ്യ സെന്റർ കം ഓൾഡേജ് ഹോമിന്റെ സുഗമമായ നടത്തിപ്പിനായി രണ്ട് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്മാരേയും 9 കെയർ പ്രൊവൈഡർമാരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിച്ചിട്ടുണ്ട്. ARDSI എന്ന സന്നദ്ധസംഘടനയുമായി സഹകരിച്ച് ഒരു ഫുൾടൈം അഡ്മിനിസ്ട്രേറ്റർ-കം-സോഷ്യൽ വർക്കറുടെയും ഒരു പാർട്ട് ടൈം സൈക്യാട്രിസ്റ്റിന്റെയും സേവനം നല്കിവരുന്നു. കുന്നംകുളം പകൽ പരിപാലന കേന്ദ്രത്തിൽ ARDSI മുഖേന നിയമിച്ച സോഷ്യൽ വർക്കർ, പാർട്ട് ടൈം സൈക്യാട്രിസ്റ്റ് എന്നിവരുടെയും വകുപ്പ് മുഖേന നിയമിക്കുന്ന 3 ദിവസവേതന ജീവനക്കാരുടേയും സേവനം ലഭ്യമാണ്.

(ഡി) ഡിമെൻഷ്യ സെന്ററുകളിലെ അന്തേവാസികളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് ഇവരുടെ പരിചരണത്തിനും മറ്റുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഡിമെൻഷ്യ സെന്ററുകളിലെ അന്തേവാസികൾക്കായി ARDSI എന്ന സന്നദ്ധസംഘടനയുടെ സഹകരണത്തോടെ പരിചരണപദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലൂടെ യഥാസമയം ചികിത്സയും മാനസിക പിന്തുണയും പരിചരണവും ഡിമെൻഷ്യാ ബാധിതർക്ക് ഉറപ്പാക്കിവരുന്നു.

(ഇ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എടവനക്കാട് പ്രവർത്തിക്കുന്ന മുഴുവൻ സമയ ഡിമെൻഷ്യ സെന്റർ-കം-ഓൾഡേജ് ഹോമിന്റെ സുഗമമായ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

എടവനക്കാട് പ്രവർത്തിക്കുന്ന മുഴുവൻ സമയ ഡിമെൻഷ്യ സെന്റർ-കം-ഓൾഡേജ് ഹോമിന്റെ സുഗമമായ നടത്തിപ്പിനായി രണ്ട് ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്മാരെയും 9 കെയർ പ്രൊവൈഡർമാരെയും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ARDSI എന്ന സന്നദ്ധസംഘടനയുമായി സഹകരിച്ച് ഒരു ഫുൾടൈം അഡ്മിനിസ്ട്രേറ്റർ കം സോഷ്യൽ വർക്കറുടെയും ഒരു പാർട്ട് ടൈം സൈക്യാട്രിസ്റ്റിന്റെയും സേവനം നൽകിവരുന്നു. വകുപ്പിലെ സൂപ്രണ്ട് ഗ്രേഡിലുള്ള ഉദ്യോഗസ്ഥന് സ്ഥാപനത്തിന്റെ സൂപ്രണ്ടിന്റെ ചുമതല നല്കിയിട്ടുണ്ട്.

## സാമൂഹ്യനീതി വകുപ്പിൻ കീഴിൽ പുതിയ പദ്ധതികൾ

197 (4585) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൻകീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ സഹായ പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

വകുപ്പ് വിഭജനത്തിനുശേഷം സ്ത്രീകളുടെയും കുട്ടികളുടെയും പദ്ധതികൾ വനിതാ ശിശുവികസന വകുപ്പാണ് നടപ്പിലാക്കുന്നത്.

(ബി) പ്രായമായവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവർക്ക് ആശ്വാസം നൽകാനും എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

1. സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നതും ഒറ്റപ്പെട്ടുപോയവരുമായ മുതിർന്ന പൗരന്മാർക്ക് അടിയന്തര സാഹചര്യങ്ങളിൽ സഹായമെത്തിക്കുക എന്ന ഉദ്ദേശത്തോടെ 2021-22 സാമ്പത്തിക വർഷം 'വയോരക്ഷ' എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2. 80 വയസ്സിന് മുകളിൽ പ്രായമായവരുടേയും അൽഷിമേഴ്സ് രോഗികളുടെയും പരിചരണത്തിനായി ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ ഡിമെൻഷ്യാകെയർ സെന്റർ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു.

3. കോവിഡ്-19 വ്യാപന പശ്ചാത്തലത്തിൽ ശാരീരികവും മാനസികവും സാമൂഹികവുമായ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജന ങ്ങളുടെ സംരക്ഷണം മുൻനിർത്തി 'സായംപ്രഭാ ഹോം പകൽ വീട് പദ്ധതി' പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കെയർ ഗിവർമാരുടെ സേവനം കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ആവശ്യമുള്ളവർക്ക് ഭക്ഷണം നല്കൽ, യോഗ മെഡിറ്റേഷൻ, ടെലി കൗൺസിലിംഗ്, മെഡിസിൻ വിതരണം, വിനോദോപാധികൾ തുടങ്ങി പലവിധ പ്രവർത്തനങ്ങൾ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് നല്കുവാൻ നടപ്പുവർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

4. കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ പലവിധ പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പു വരുത്തുന്നതിനായി വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിച്ചു വരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ വയോജനങ്ങൾക്ക് ഭക്ഷ്യകിറ്റ് അനുവദിച്ചുവരുന്നു.

5. വയോജനങ്ങൾക്കായി കേന്ദ്ര സർക്കാർ ധനസഹായത്തോടെ ഹെല്പ് ലൈൻ ക്രമീകരിക്കുന്നതിന് നടപടി പുരോഗമിച്ചുവരുന്നു.

6. വയോജന മേഖലയിലെ സന്നദ്ധ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും ഊർജ്ജിതപ്പെടുത്തുന്നതിനായി ഈ മേഖലയിൽ മികച്ച പ്രവർത്തനം നടത്തുന്ന സംഘടനയ്ക്ക് അവാർഡ് നല്കുന്ന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നതാണ്.

**വയോധികരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

198 (4586) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോധികരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) കോവിഡ് മഹാമാരിയും റിവേഴ്സ് ലോക്ക്ഡൗണും കാരണം വീടുകളിൽനിന്നും പുറത്തിറങ്ങാനാകാത്ത സാഹചര്യത്തിൽ വയോധികരുടെ ആരോഗ്യം സംരക്ഷിക്കാൻ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. ഗ്രാന്റ് കെയർ പദ്ധതി: സംസ്ഥാന വ്യാപകമായും കൂടാതെ വൃദ്ധസദനങ്ങളിലും കൊവിഡ്-19 വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി വൃദ്ധസദനങ്ങളിൽ അല്ലാതെ റിവേഴ്സ് ക്വാറന്റീനിലുള്ള വയോജനങ്ങളുടെ അടിയന്തരാവശ്യങ്ങൾ പരിഹരിക്കുന്നതിന് വയോജന സെല്ലിനോട്

---
*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധിച്ച് 14 ജില്ലകളിലും വയോജന കോൾസെന്റർ ആരംഭിച്ച പദ്ധതിയാണ് ഗ്രാന്റ് കെയർ പദ്ധതി. ഇതുമുഖേന വിവിധ സേവനങ്ങൾ ആവശ്യപ്പെടുന്ന വയോജനങ്ങൾക്ക് ആയത് നൽകിവരുന്നു. കോവിഡ്-19-ന്റെ ആദ്യഘട്ട വ്യാപനത്തെ തുടർന്ന് മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി KSSM മുഖേന നടപ്പാക്കുന്ന "വയോമിത്രം" പദ്ധതിയിലൂടെ റിവേഴ്സ് ക്വാറന്റൈൻ സെന്ററുകൾ ആരംഭിച്ച് സേവനം നൽകിയിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ യഥാസമയം വീടുകളിൽ എത്തിച്ച് നൽകുകയും അത്യാവശ്യ സന്ദർഭങ്ങളിൽ ടെലികോളിംഗ് ഫെസിലിറ്റി മുഖേനവേണ്ട സേവനവും നല്കിയിരുന്നു. സർക്കാർ വൃദ്ധമന്ദിരങ്ങളിലെ അന്തേവാസികൾക്ക് ആവശ്യമായ മരുന്ന്, കൗൺസിലിംഗ് എന്നിവ ഗ്രാന്റ് കെയർ പദ്ധതിയുടെ ഭാഗമായി വയോമിത്രം ജീവനക്കാരെ, ഉപയോഗപ്പെടുത്തി സംഘടിപ്പിച്ചിട്ടുണ്ട്.

2. വയോപോഷണം:- കോവിഡ് സാഹചര്യത്തിൽ മുതിർന്നപൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും പോഷകാഹാര ലഭ്യതയ്ക്കുമായി ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്ന പദ്ധതിയാണ് വയോപോഷണം. മുതിർന്നപൗരന്മാർക്ക് വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനുമായി ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള 2 മാസത്തേയ്ക്ക് ആവശ്യമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ ഉൾപ്പെടുത്തിയ കിറ്റാണ് പദ്ധതി പ്രകാരം സായംപ്രഭ ഹോമുകളിലൂടെ വിതരണം ചെയ്യുന്നത്.

(സി) സംസ്ഥാന ജനസംഖ്യയിൽ വയോധികരുടെ ശതമാനം കൂടിവരുന്ന സാഹചര്യത്തിൽ ജെറിയാട്രിക്സിന് പ്രാധാന്യം നൽകി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

വിശദാംശം അനുബന്ധം II* ആയി ചേർക്കുന്നു.

(ഡി) വയോധികർക്ക് ആവശ്യമായ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ ആദ്യഘട്ടമായി മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ, CMDRF സഹായം, ജീവൻരക്ഷാ മരുന്ന് എന്നിവ വീട്ടുപടിക്കൽ എത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്നതിന്റെ രണ്ടാം ഘട്ടത്തിൽ സാമൂഹ്യ നീതി വകുപ്പിലൂടെ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും നൽകുന്ന വ്യക്തിഗത സേവനങ്ങൾ പഞ്ചായത്തുകൾ നിയോഗിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ അർഹരായ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ട്രാൻസ്ജെൻഡർ പ്രൊമോട്ടർമാരുടെ നിയമനം

199 (4587) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓരോ പ്രദേശത്തുമുള്ള ട്രാൻസ്ജെൻഡറുകളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ജില്ലാതലത്തിൽ ട്രാൻസ്ജെൻഡർ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപുലമായ പദ്ധതികളും സേവനങ്ങളും ബോധവത്ക്കരണ പരിപാടികളും ഓരോ ജില്ലയിലും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടത്തുന്നതിനും, ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ മാനസിക സംഘർഷം, ഭയം, ലജ്ജ, വിഷാദം, ആത്മഹത്യ പ്രവണതകൾ എന്നിവയിൽനിന്നും രക്ഷനേരിടുന്നതിനും, അവർ ഒറ്റയ്ക്കല്ല അവരോടൊപ്പം സർക്കാരും വകുപ്പും കൂടെയുണ്ടെന്നുള്ള ചിന്ത ഉറപ്പിക്കുന്നതിനും, അതുവഴി ടി വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും അവരുടെ പുനരധിവാസം സാദ്ധ്യമാക്കുന്നതിലേയ്ക്കും, ഓരോ ജില്ലയിലും നടത്തിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായും, കൃത്യതയോടുംകൂടി നടപ്പാക്കുന്നതിലേയ്ക്കുമായി ജില്ലാതലത്തിൽ ട്രാൻസ്ജെൻഡർ ഫെസിലിറ്റേറ്ററെ നിയമിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. Transgender Persons (Protection of Rights) Act, 2019 പ്രകാരം ട്രാൻസ്ജെൻഡർ ഐ.ഡി. കാർഡിനായി National Portal for Transgender Persons എന്ന പോർട്ടൽവഴിയാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ അപേക്ഷ സമർപ്പിക്കേണ്ടത്. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ വിലയിരുത്തി തുടർനടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, സമയബന്ധിതമായി ട്രാൻസ്ജെൻഡർ ഐ.ഡി. കാർഡ് വിതരണം ചെയ്യുന്ന പ്രക്രിയകളിൽ സഹായിക്കുന്നതിനുമായി 14 ജില്ലകളിലുമുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ 14 ട്രാൻസ്ജെൻഡർ ഫെസിലിറ്റേറ്റർമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കാനായാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതോടൊപ്പം വകുപ്പ് നടപ്പിലാക്കിവരുന്ന മറ്റ് ട്രാൻസ്ജെൻഡർ ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിനും ആയത് കാര്യക്ഷമമായും സമയബന്ധിതമായും ചെയ്യുന്നതിനുള്ള ചുമതലകൾകൂടി ഫെസിലിറ്റേറ്റർക്ക് നല്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ്

200 (4588) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റുകളുടെ നിലവാരം കൂടുതൽ ഉറപ്പുവരുത്തുന്നതിനുപകരം ടെസ്റ്റുതന്നെ ഇല്ലാതാക്കുന്ന തരത്തിൽ ലൈസൻസ് നൽകാനുള്ള കേന്ദ്ര നിയമം വൻകിട അക്രെഡിറ്റഡ് ഏജൻസികളെ സഹായിക്കുന്നതിന് വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര ഉപരിതലഗതാഗത വകുപ്പിന്റെ വിജ്ഞാപനം (GSR 394(E) dated 7-6-2021) പ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടം 31-ൽ വരുത്തിയിട്ടുള്ള ഭേദഗതി യനുസരിച്ചാണ് നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനത്തിന് സമാന്തരമായി ക്രമീകൃതവും ഉയർന്ന നിലവാരത്തിലുള്ളതുമായ ഡ്രൈവിംഗ് പരിശീലനം ലക്ഷ്യമാക്കിക്കൊണ്ട് അക്രെഡിറ്റഡ് ഡ്രൈവർ ട്രെയിനിംഗ് സെന്ററുകൾ രൂപീകരി ക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പുതുക്കിയ ചട്ടം 31 J (6) പ്രകാരം, അക്രെഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകളിൽ പരിശീലനം നേടുന്നവർ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ നടത്തുന്ന ടെസ്റ്റുകൂടി പാസ്സായാൽ മാത്രം ലഭിക്കുന്ന പ്രൊഫിഷ്യൻസി ടെസ്റ്റ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് ചട്ടം 9(3) പ്രകാരം വീണ്ടും ടെസ്റ്റ് നടത്തേണ്ടതില്ല എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള ടെസ്റ്റുകൾ പൂർണ്ണമായും ഒഴിവാക്കിയിട്ടില്ല.

(ബി) സർക്കാർ മേഖലയിലെ റെഗുലേറ്ററി ഫംഗ്ഷൻ സർവ്വീസായ ഡ്രൈവിംഗ് ടെസ്റ്റും വാഹന ടെസ്റ്റും സ്വകാര്യ മേഖലയിലേയ്ക്ക് മാറ്റുന്നതുവഴി നോൺ റെഗുലേറ്ററി ഫംഗ്ഷൻ സർവ്വീസായി മാറുമോയെന്ന് വെളിപ്പെടുത്താമോ?

നിലവിൽ പ്രവർത്തനാനുമതിയുള്ള ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾ, കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 12 അനുശാസിക്കുന്ന പ്രകാരം ലൈസൻസ് നേടിയിട്ടുള്ളവയാണ്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 24-ൽ പ്രതിപാ ദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തി ക്കുന്നത്. ഇവയെല്ലാം സ്വകാര്യ മേഖലയിലാണുള്ളത്. പുതുക്കിയ കേന്ദ്ര മോട്ടോർ

വാഹന ചട്ടം 31 B-യിലെ വ്യവസ്ഥകൾ അനുസരിച്ച് സെക്ഷൻ 126-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം അതാത് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അഥവാ സർക്കാർ നിശ്ചയിക്കുന്ന ഏജൻസി മുമ്പാകെ ചട്ടം 32-ൽ പ്രതിപാദിച്ചിരിക്കുന്ന നിശ്ചിത ഫീസ് ഒടുക്കി അപേക്ഷ സമർപ്പിക്കുകയും നിബന്ധനകൾക്കനുസൃതമായ സൗകര്യങ്ങളുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം Form 11A-ൽ ലൈസൻസ് ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾക്കാണ് accreditation നൽകുന്നത്. ഇവയുടെ പ്രവർത്തന നിലവാരം കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് Rule 31-F പ്രകാരം വ്യവസ്ഥയുണ്ട്. നിർദ്ദിഷ്ട നിലവാരം പുലർത്തുന്നില്ലെന്നുകാണുന്ന സ്ഥാപനങ്ങൾക്കെതിരെ Rule 31-G പ്രകാരം നടപടി സ്വീകരിക്കാനും വ്യവസ്ഥയുണ്ട്. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളുടെ മേൽ സർക്കാരിനുള്ള നിയന്ത്രണാധികാരം മോട്ടോർ വാഹന ചട്ടപ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര മോട്ടോർവാഹന നിയമം 56-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് Authorized testing station-കൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 62(1)ൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തിയശേഷം മാത്രമാണ് Rule-63 പ്രകാരം ഇത്തരം സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നത്. മാത്രമല്ല സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് കേന്ദ്ര മോട്ടോർവാഹന ചട്ടം 67 അനുസരിച്ച് ഈ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് വ്യവസ്ഥയുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കുന്നതിന് ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റിക്ക് ചട്ടം 69 പ്രകാരം അധികാരം നൽകിയിട്ടുണ്ട്. Authorized Testing Station-കൾക്കും അക്രെഡിറ്റഡ് ഡ്രൈവർ ട്രെയിനിംഗ് സെന്ററുകൾക്കും അനുമതി നൽകുന്നതിനും അവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് നിലവാരം ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട സർക്കാർ വകുപ്പിനുള്ള അധികാരം നിലനിർത്തി യിട്ടുള്ളതിനാൽ ഡ്രൈവിംഗ് ടെസ്റ്റും വാഹന ടെസ്റ്റും സ്വകാര്യ മേഖലയിലേയ്ക്ക് മാറ്റുന്നതുവഴി അവ നോൺ റെഗുലേറ്ററി ഫംഗ്ഷൻ സർവ്വീസായി മാറുന്നതല്ല.

(സി) പൊതുജന സുരക്ഷയ്ക്ക് പ്രാധാന്യം നൽകിയിരുന്ന സർക്കാർ സംവിധാ നത്തിന്റെ സ്ഥാനത്ത് സ്വകാര്യമേഖല കടന്നുവരുമ്പോൾ സേവനം പണസമ്പാദ നത്തിനുള്ള മാർഗ്ഗമായി മാറുമെന്നതും ഉപഭോക്താക്കളിൽ സാമ്പത്തികബാദ്ധ്യത അടിച്ചേൽപ്പിക്കുന്ന സാഹചര്യം ഉണ്ടാകാനിടവരുമെന്ന ജനങ്ങളുടെ ആശങ്കയും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനം നിലനിർത്തിക്കൊണ്ട് തന്നെയാണ് അക്രെഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകൾക്ക് അനുമതി നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ പരിശീലനാർത്ഥികൾക്ക് അവരവരുടെ താല്പര്യപ്രകാരം പരിശീലന സ്ഥാപനം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ കൂടുതൽ നിലവാരമുള്ള പരിശീലന സൗകര്യങ്ങളും സിലബസും പുതുക്കിയ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ചട്ടം അനുസരിച്ച് നിലവിൽ വരുന്ന സ്ഥാപനങ്ങളിലെ കോഴ്സ് ഫീ തുടങ്ങിയ ചെലവുകൾ സംബന്ധിച്ച് വ്യക്തത ഉണ്ടായാൽ മാത്രമെ ജനങ്ങൾക്കുണ്ടാകുന്ന അധിക ബാദ്ധ്യത വിലയിരുത്താൻ സാധിക്കുകയുള്ളൂ.

## ടൂറിസ്റ്റ് വാഹനങ്ങൾക്ക് നികുതി ഇളവ്

201 (4589) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ് വാഹന മേഖലയെ സംരക്ഷിക്കുന്നതിനെന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കോവിഡ് വ്യാപനംമൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ് വാഹന മേഖലയെ സംരക്ഷിക്കുന്നതിനായി വിവിധ കാലയളവിലേയ്ക്കുള്ള ത്രൈമാസ നികുതി ഒഴിവാക്കുകയും അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ടൂറിസ്റ്റ് വാഹനങ്ങൾക്ക് നികുതി ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

&

(സി) ഇല്ലെങ്കിൽ ഉടൻ നടപടി സ്വീകരിക്കുമോ?

(ബി&സി) നൽകിയിട്ടുള്ള നികുതി ഇളവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. തുടർന്ന് ഇളവുകൾ നൽകുന്ന വിഷയം പരിഗണനയിലാണ്.

## കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ നികുതി

202 (4590) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയിൽ ഓടാൻ കഴിയാത്ത ടൂറിസ്റ്റ് വാഹനങ്ങളുടെ നികുതി ഒഴിവാക്കുന്നകാര്യം പരിഗണിക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടൂറിസ്റ്റ് വാഹനങ്ങളടക്കമുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് 1-4-2020 മുതൽ ഏതാനും ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുകയും അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഓടാത്ത വാഹനങ്ങൾക്ക് G-Form നൽകി നികുതി പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. പ്രസ്തുത വാഹനങ്ങളുടെ 1-4-2021, 1-7-2021 ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കോവിഡ് പ്രതിസന്ധിയിൽ സർവ്വീസ് നിർത്തിവച്ച ടൂറിസ്റ്റ് വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിനും, ഇൻഷ്വറൻസ്, വാഹനനികുതി എന്നിവ അടയ്ക്കുന്നതിനും സാവകാശം അനുവദിക്കുമോ?

സർവ്വീസ് നിർത്തിവച്ച ടൂറിസ്റ്റ് വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 17-6-2021-ലെ RT-11036/35/2020-MVL ഉത്തരവുപ്രകാരം 30-9-2021 വരെ സാവകാശം നൽകിയിട്ടുണ്ട്. വാഹന നികുതി അടക്കുന്നതിന് കാലാവധി നീട്ടി നൽകിയതിന്റേയും ഒഴിവാക്കിയതിന്റേയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) വാഹന ഉടമകളുടെ ബാങ്ക് വായ്പയുടെ തിരിച്ചടവിന് സാവകാശം അനുവദിക്കുന്നതിന്, സംസ്ഥാന ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചുചേർത്ത് അടിയന്തര പരിഹാരം ഉണ്ടാക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

ഇൻഷ്വറൻസ്, ലോൺ തിരിച്ചടവ് തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

## കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

203 (4591) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗത മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ കഴിയുന്ന കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിവരിക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ 3-ാം വകുപ്പ് പ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ കൊച്ചി കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അർബൻ മൊബിലിറ്റി പ്രദേശത്തിനുവേണ്ടി 30-10-2020-ലെ സ.ഉ.(അച്ചടി)നമ്പർ 57/2020/ ഗതാഗതം (SRO No.757/2020) പ്രകാരം കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചു. 1-11-2020 മുതൽ പ്രസ്തുത അതോറിറ്റി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. 22-1-2021-ൽ ചേർന്ന KMTA-യുടെ പ്രഥമ ബോർഡ് യോഗം കൊച്ചിയിലെ സംയോജിത ഗതാഗത പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. വൈപ്പിനിൽനിന്നും കൊച്ചിയിലേക്ക് ബസ്സുകളുടെ പ്രവേശനം സംബന്ധിച്ച് പഠിക്കുന്നതിനായി NATPAC-നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-ൽ പ്രവർത്തിച്ചിരുന്ന Urban Mobility Transport Authority (UMTA)-യുടെ തുടർ പ്രവർത്തനങ്ങളിൽ ഇപ്പോൾ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ശ്രദ്ധ ചെലുത്തിവരുന്നു. 23-7-2021-ൽ കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്‌വർക്ക് (KOMN)-ന്റെ ഉദ്ഘാടനം, യാത്രി ആപ്പിന്റെ പ്രകാശനം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചു.

(ബി) പൊതുഗതാഗതം, ഏകോപനം, നടത്തിപ്പ്, നിയന്ത്രണം, ആസൂത്രണം എന്നീ കാര്യങ്ങളിൽ പ്രസ്തുത അതോറിറ്റിക്ക് എന്തെല്ലാം അധികാരങ്ങളും ചുമതലകളുമാണുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ അദ്ധ്യായം IV പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും അധികാരങ്ങളും കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിക്ഷിപ്തമാണ്. പ്രസ്തുത ആക്ടിന്റെ പ്രസക്ത ഭാഗം അനുബന്ധമായി* ചേർക്കുന്നു.

(സി) സംസ്ഥാനത്തെ വലിയ നഗരങ്ങളിൽ ഇത്തരം അതോറിറ്റികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ അദ്ധ്യായം III 11-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളുടെ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങൾ 18-12-2019 മുതൽ അർബൻ മൊബിലിറ്റി പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആദ്യഘട്ടമെന്ന നിലയിൽ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച്**

204 (4592) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 നിയന്ത്രണങ്ങൾ കാരണം, യാത്രക്കാർ കുറയുകയും ലാഭകരമല്ലാതാവുകയും ചെയ്ത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) കോവിഡ് മഹാമാരിയെ തുടർന്നുള്ള യാത്രാനിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ചാണ് സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളത്. 2020 ജനുവരി മാസത്തിൽ കെ.എസ്.ആർ.ടി.സി. ശരാശരി 4425 സർവ്വീസുകളാണ് പ്രതിദിനം നടത്തിവന്നിരുന്നത്. കോവിഡ് നിയന്ത്രണങ്ങളുള്ളതിനാൽ 2021 ജൂലൈ മാസത്തെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 3090 സർവ്വീസുകളാണ് നടത്തിയിരുന്നത്. കോവിഡ് കാല നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് യാത്രക്കാരുടെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കോഴിക്കോട് ജില്ലയിലെ കക്കയം-കുരാച്ചുണ്ട് ഭാഗങ്ങളിലേക്ക് പോകേണ്ട യാത്രാക്കാർക്ക് ഏക ആശ്രയമായിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കാൻ തയ്യാറാകുമോ?

കോഴിക്കോട് യൂണിറ്റിൽനിന്നും കോഴിക്കോട് കുരാച്ചുണ്ട് റൂട്ടിൽ ഒരു സർവ്വീസ് 31-3-2021 വരെ നടത്തിയിരുന്നു. വരുമാന കുറവുമൂലമാണ് താൽക്കാലികമായി നിർത്തിയത്. കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസ് പുനഃരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ**

205 (4593) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

&

(ബി) സംസ്ഥാനത്ത് പൊതുഗതാഗതരംഗത്ത് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പൊതുഗതാഗതത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ഇലക്ട്രിക്, CNG, LPG എന്നിവ ഉപയോഗിക്കുന്നത് സംസ്ഥാനത്തിന്റെ ഇലക്ട്രിക് വാഹനനയത്തിലൂടെ പ്രോത്സാഹിപ്പിക്കുന്നു. 22-4-2020-ലെ G.O.(P)No.21/2020/Trans. പ്രകാരം വൈദ്യുതി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തെ നികുതി ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇത്തരം വാഹനങ്ങളെ കേന്ദ്ര സർക്കാരിന്റെ 16-6-2021-ലെ RT-11036/104/2021-MVL വിജ്ഞാപനപ്രകാരം പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ തന്നെ ഇലക്ട്രിക് വാഹനങ്ങളെ രജിസ്ട്രേഷൻ ഫീസിൽനിന്നും രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസിൽനിന്നും ഒഴിവാക്കിക്കൊണ്ട് 2-8-2021-ലെ GSR525(E) പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. മാത്രമല്ല ബാറ്ററി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് അവരുടെ വരുമാന പരിധി 3 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ പരമാവധി 30,000 രൂപാവരെ സബ്സിഡിയായി നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ FAME-II (Faster Adoption and Manufacturing of Electric mobility) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 126 ഇലക്ട്രിക് വാഹന മോഡലുകൾക്ക് 'Demand Incentive' പ്രകാരം സഹായം നൽകുന്നുണ്ട്. അത് ഇലക്ട്രിക് വാഹനങ്ങളുടെ വില കുറയ്ക്കുവാൻ സഹായിക്കുന്നുണ്ട്. 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് മോട്ടോർ സൈക്കിൾ, മോട്ടോർ കാർ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ (PSV for Personal Use) സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന മുച്ചക്ര വാഹനങ്ങൾ എന്നിവയുടെ

15 വർഷത്തെ ഒറ്റത്തവണ നികുതി അവയുടെ വിലയുടെ 5 ശതമാനമായി 2020-ലെ ഫൈനാൻസ് ആക്റ്റ് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല 23-2-2021-ലെ GO(P)No.12/2021/Trans പ്രകാരം, 1-4-2021 മുതൽ, സ്വകാര്യ ആവശ്യത്തിനായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ഒടുക്കേണ്ടതായ ഒറ്റത്തവണ നികുതിയിൽ ആദ്യത്തെ 5 വർഷത്തെ നികുതി 50 ശതമാനം ഇളവ് നൽകിയിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. ബസ് അപകടങ്ങളിൽ മരണപ്പെട്ടവർ

206 (4594) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെട്ട അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയെന്നാണ് ഗതാഗത വകുപ്പ് കണക്കാക്കിയിട്ടുള്ളത്; വെളിപ്പെടുത്തുമോ?

മുൻസർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെട്ട അപകടങ്ങളിൽ 694 പേർ മരണപ്പെട്ടിട്ടുണ്ട്.

### വൈക്കം-ഗുരുവായൂർ ബസ് സർവീസ്

207 (4595) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുള്ള സൂപ്പർഫാസ്റ്റ്, ഫാസ്റ്റ്, ഓർഡിനറി ബസ്സ് സർവീസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വൈക്കം KSRTC ഡിപ്പോയിൽനിന്നും നിലവിൽ സൂപ്പർ ഫാസ്റ്റ്-1, ഫാസ്റ്റ് പാസഞ്ചർ -11, ഓർഡിനറി -25 എന്നിവ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) രണ്ട് ക്ഷേത്രനഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വൈക്കം-ഗുരുവായൂർ ബസ് സർവീസ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് നിയന്ത്രണങ്ങൾമൂലം വൈക്കം-ഗുരുവായൂർ ബസ് സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചിരുന്നു. എന്നാൽ 2-8-2021 മുതൽ പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

(സി) കോട്ടയം, എറണാകുളം ഡിപ്പോകൾക്കിടയിലുള്ള പ്രധാന സബ്ഡിപ്പോയായ വൈക്കത്ത് പ്രവേശിക്കാതെ കാഞ്ഞിരമറ്റംവഴി ബസ്സുകൾ സർവീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

&

(ഡി) ഇതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) കോട്ടയത്തുനിന്ന് കാഞ്ഞിരമറ്റം വഴിയും, വൈക്കം വഴിയും കെ.എസ്. ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. അതിനാൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് നേരിടുന്നില്ല.

**വാഹനങ്ങൾ സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിന് സാമ്പത്തിക സഹായം**

208 (4596) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഹന എൻജിനുകൾ സി.എൻ.ജി.-യിലേക്ക് മാറ്റുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

നിലവിൽ പരിഗണനയിലില്ല.

**വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് നടപടി**

209 (4597) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19-ന്റെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും കുറവായതിനാൽ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നടപ്പ് അദ്ധ്യയനവർഷത്തിൽ കോവിഡ് നിയന്ത്രണങ്ങൾമൂലം സ്കൂളുകൾ ഇതുവരെയും സാധാരണ നിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങളിൽ പൊതുഗതാഗതത്തിന് ഇളവുകൾ അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിവരുന്നു. 2-8-2021-ന് 3109 സർവ്വീസുകൾ നടത്തിയിരുന്നു. അതിൽ 2057 ഓർഡിനറി സർവ്വീസുകളാണ്. ടി സർവ്വീസുകൾ സ്കൂൾ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ വിവിധ പരീക്ഷകൾക്കുള്ള അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ സർവ്വീസുകൾ നടത്തുന്നതിന് സമയാസമയം ക്രമീകരണം ഏർപ്പെടുത്തി വരുന്നു. പരീക്ഷകൾ നടക്കുന്ന അവസരങ്ങളിൽ വിദ്യാർ ത്ഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളും നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വകാര്യ ബസ്സുകളും സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിരുന്നു.

## പൊതുഗതാഗതം ശക്തിപ്പെടുത്താൻ നടപടി

210 (4598) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗതം ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇത്തരം വാഹനങ്ങളുടെ റോഡ് നികുതി സ്വകാര്യ വാഹനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാണ് ഈടാക്കിവരുന്നത്. മാത്രമല്ല വൈദ്യുതി/ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് റോഡ് നികുതിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇവയെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവയുടെ സ്ഥാനത്ത് ചെലവുകുറഞ്ഞതും, മലിനീകരണം കുറവായതുമായ CNG, LNG, Electricity എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്ന അവസ്ഥയിൽ പൊതുഗതാഗതത്തിനുള്ള ഇന്ധന ചെലവ് ഗണ്യമായി കുറയ്ക്കുവാൻ കഴിയും. ഇലക്ട്രിക് ഓട്ടോറിക്ഷകൾ വ്യാപകമാക്കുന്നതിനായി അവയുടെ നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തേക്ക് പൂർണ്ണമായും ഒഴിവാക്കി നൽകിയിട്ടുണ്ട്. കോവിഡ്-19 കാലഘട്ടത്തിലെ പ്രതിസന്ധി കണക്കിലെടുത്ത് സ്വകാര്യ ഉടമസ്ഥതയിലുള്ള സ്റ്റേജ് കാര്യേജുകൾ, കോൺട്രാക്ട് കാര്യേജുകൾ എന്നിവയ്ക്ക് അവയുടെ നികുതി ഒടുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചുനൽകുകയോ ചില കാലയളവിലെ നികുതി പൂർണ്ണമായി ഒഴിവാക്കുകയോ ചെയ്തിട്ടുണ്ട്. കോവിഡ്-19 വ്യാപനനിയന്ത്രണങ്ങളുടെ ഭാഗമായി ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതിനാൽ പൊതുഗതാഗത സംവിധാനങ്ങളുടെ അപര്യാപ്തതമൂലം സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ നിയന്ത്രണങ്ങളിൽ ഇളവ് ഏർപ്പെടുത്തുന്ന മുറയ്ക്ക് പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ജനങ്ങൾ തിരികെവരാനുള്ള സാദ്ധ്യതയുണ്ട്. കോവിഡ് രോഗവ്യാപനത്തെ തുടർന്നുള്ള നിയന്ത്രണങ്ങൾമൂലം നിലവിൽ യാത്രക്കാർ കുറഞ്ഞിരിക്കുയാണ്. ആയതിനാൽ വരുമാനം കുറവുള്ള കെ.എസ്.ആർ.ടി.സി ബസ്സുകളുടെ ട്രിപ്പ് പരിമിതപ്പെടുത്തി യാത്രക്കാർ കൂടുതലുള്ള പീക്ക് സമയങ്ങളിൽ സർവ്വീസ് പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ കെ.എസ്.ആർ.ടി.സി.

സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSIT-നെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുപൂർണ്ണമായും നടപ്പിലാക്കി കഴിയുമ്പോൾ ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി.-യിൽ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോവെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി.” എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. തിരുവനന്തപുരം നഗരപരിധിയിൽ അന്യദേശയാത്രക്കാർക്കുപോലും എളുപ്പത്തിൽ തിരിച്ചറിയത്തക്കവിധം സെമി ലോഫ്ലോർ ബസ്സുകൾ ഉപയോഗിച്ച് സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിന് മുന്നോടിയായി 96 ബസ്സുകളിൽ ഏകീകൃത നിറം നൽകി സീറ്റുകൾ പുനഃക്രമീകരിക്കുകയും, ബസ്സിനുള്ളിൽ യാത്രക്കാരുടെ നീക്കം സുഗമമാക്കുകയും ചെയ്ത് റൂട്ടുകൾ വേഗം തിരിച്ചറിയുന്ന വിധം ഡിസ് പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതുമായ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യവിപണനത്തിന് സഹായകരമാകുന്ന

രീതിയിൽ സൗകര്യങ്ങളോടുകൂടിയ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതിന് 3 സെമി ലോഫ്ലോർ ബസ്സുകൾ രൂപം മാറ്റിവരുന്നു. പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) പൊതുഗതാഗതം ശക്തിപ്പെടുത്താൻ ആവശ്യമായ സഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിൽനിന്നും താഴെ പറയുന്ന സഹായം അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതലഗതാഗത വകുപ്പുമന്ത്രിക്ക് കെ.എസ്.ആർ.ടി.സി. കത്ത് നൽകിയിട്ടുണ്ട്.

1. സി.എൻ.ജി. ബസ്സുകളുടെ GST ഒഴിവാക്കുക.
2. NHAI ടോൾ പ്ലാസകളിലുള്ള ടോൾ ഒഴിവാക്കി നൽകുക.
3. ഡീസലിന്റെ എക്സൈസ് ഡ്യൂട്ടി കുറയ്ക്കുക
4. സംസ്ഥാനത്ത് ആവശ്യത്തിന് എൽ.എൻ.ജി. - സി.എൻ.ജി., ഫ്യൂവൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്.
5. സി.എൻ.ജി./എൽ.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിന്.
6. ഇലക്ട്രിക് ബസ് വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിന്.

**ബൈക്കുകളുടെ മത്സരയോട്ടം**

211 (4599) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് യുവാക്കൾ അത്യാധുനിക ബൈക്കുകൾ ഉപയോഗിച്ച് മത്സരയോട്ടം നടത്തുന്നതുകാരണം അപകടമരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനായി എഫ്.എം., ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി-ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയവ

നടത്തിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധനകൾ നടത്താറുണ്ട്. റോഡ് സുരക്ഷ അവബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി, SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യ ഘട്ടമായി അദ്ധ്യാപകർക്കായി "റോഡ് സുരക്ഷിത യാത്ര" എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ സിലബസിൽ റോഡ് സുരക്ഷാ പാഠങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വിവിധ കാരണങ്ങളാൽ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കപ്പെട്ടവർ

212 (4600) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് വാഹനങ്ങളുടെ അമിതവേഗം ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ പിടിക്കപ്പെട്ടയെത്ര പേരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കി; ഇവരിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ എത്ര പേരുണ്ടെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

അമിതവേഗം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പിടിക്കപ്പെട്ട 51198 പേരുടെ ലൈസൻസ് റദ്ദാക്കി. ഇവരിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ-259. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

## പാലക്കാട് ജില്ലയിൽ റോഡ് സുരക്ഷാഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികൾ

213 (4601) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് (2016-21) റോഡ് സുരക്ഷാഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിലെത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; അവ ഏതെല്ലാമെന്നും എത്ര തുക വിനിയോഗിച്ചെന്നും വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

25-9-2019, 22-5-2019 തീയതികളിലായി സ്കൂൾ ടീച്ചർമാർക്കും ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുമായി ബോധവൽക്കരണ ക്ലാസുകൾ നടത്തിയ വകയിൽ 19,900 രൂപ ഒറ്റപ്പാലം മണ്ഡലത്തിൽ ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് ചെലവാക്കിയിട്ടുണ്ട്.

(സി) മണ്ഡലത്തിൽ പുതുതായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

16-6-2021-ന് നടന്ന പാലക്കാട് ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിലെ അജണ്ട ഇനം നമ്പർ 2-ലെ തീരുമാനപ്രകാരം പാലക്കാട് ജില്ലാ പോലീസ് മേധാവി ലക്കിടി കൂട്ടുപാത ജംഗ്ഷനിൽ പുതിയ ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനായി 11,24,669 രൂപയുടെ പ്രൊപ്പോസൽ അയയ്ക്കുന്നതാണ്.

**ഗതാഗത നിയമ ലംഘനങ്ങൾ**

214 (4602) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ-സംസ്ഥാന പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഗതാഗത നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് എന്തൊക്കെ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ദേശീയപാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഗതാഗത നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ, ANPR ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന്റെ ഹൈവേ പോലീസ് ഡിവിഷനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗും ദേശീയ-സംസ്ഥാന പാതകളിൽ സീറ്റ് ബെൽറ്റ്/ഹെൽമെറ്റ് എന്നിവയുടെ പരിശോധന നടത്തുകയും, സിഗ്-സാഗ് ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ പോലെയുള്ള ട്രാഫിക് നിയമലംഘനങ്ങൾ എന്നിവ പിടിക്കാറുമുണ്ട്. കൂടാതെ ജംഗ്ഷനുകളിൽ ANPR ക്യാമറകൾ മുഖേന ചുവന്ന ലൈറ്റ് ലംഘനങ്ങൾക്ക് പിഴ ചുമത്താറുണ്ട്. മുൻവർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച്, സംസ്ഥാനത്തെ ഏറ്റവും അപകടസാദ്ധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി, ഇവിടങ്ങളിൽ നിയമലംഘനം കണ്ടുപിടിക്കുന്നതിന് സംവിധാനങ്ങൾ ക്രമീകരിച്ചുവരുകയാണ്. സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച മാതൃകാ സുരക്ഷാ വീഥിയാണ് അടൂർ മുതൽ കഴക്കൂട്ടം വരെയുള്ള സുരക്ഷാവീഥി

എന്ന പദ്ധതി. ഇവിടെ നിയമലംഘനങ്ങൾ പരിശോധിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 എൻഫോൺസ്മെന്റ് സ്ക്വാഡുകളും അവർക്കുവേണ്ടുന്ന എൻഫോൺ സ്മെന്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മുതൽ മുനമ്പം വരെയും (എറണാകുളത്തെ ഇ-യാത്ര പദ്ധതി) മെഡിക്കൽ കോളേജ് മുതൽ പേട്ട വരെയും (തിരുവനന്തപുരം ജില്ല), കൊട്ടിയം മുതൽ കുണ്ടറ വരേയും (കൊല്ലം ജില്ല), പാവങ്ങാട് മുതൽ കോരപ്പുഴ വരേയും (കോഴിക്കോട് ജില്ല) സുരക്ഷാവീഥി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ്

215 (4603) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പ് മുഖേന ലഭിച്ച 1,38,450 രൂപയുടെ ശിപാർശയ്ക്ക് 8-11-2017-ൽ ചേർന്ന മുപ്പത്തിമൂന്നാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകാരം നല്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിന് എന്താണ് നിലവിലെ തടസ്സമെന്ന് വ്യക്തമാക്കാമോ?

കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക്ക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് പോലീസ് വകുപ്പ് മുഖേന ലഭിച്ച 1,38,450 രൂപയുടെ ശിപാർശയ്ക്ക് 8-11-2017-ൽ ചേർന്ന മുപ്പത്തിമൂന്നാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ട്രാഫിക് സാഹചര്യത്തെ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ കല്ലമ്പലം ജംഗ്ഷനിൽ ഫലപ്രദമായ ട്രാഫിക് നിയന്ത്രണത്തിനായി സിഗ്നൽ ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന ആവശ്യകത കവലയിലുണ്ടെന്ന് കണ്ടെത്തിയിരുന്നു. (Junction satisfies warrants for traffic signal installation as per IRC 93-1985) എന്നാൽ, കവലയിലെ നിലവിലെ Geometric layout, നേരായ ചലനങ്ങൾക്കും ട്രാഫിക് തിരിയുന്നതിനും ഫലപ്രദമായ ചാലനീകരണത്തിന് മതിയായ അകലം ഇല്ല (does not have adequate spacing for effective channelization of turning traffic and straight movements) ആയതിനാൽ നിലവിലുള്ള layout നിലനിർത്തിക്കൊണ്ട് ഈ കവലയിൽ ഒരു ട്രാഫിക് സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നത് ഇപ്പോഴുള്ള ട്രാഫിക് സാഹചര്യം മെച്ചപ്പെടുത്തുന്നില്ല. സിഗ്നൽ സംവിധാനത്തിന്റെ അവസാന ഇൻസ്റ്റാളേഷന് മുമ്പ് Geometric layout മെച്ചപ്പെടുത്തലുകൾ നടത്താൻ നാറ്റ്പാക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

## ഹെൽമെറ്റ് ധരിക്കാത്തതിന് പിഴ

216 (4604) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ, ഇരുചക്ര വാഹനമോടിക്കുന്ന വ്യക്തി ഹെൽമെറ്റ് ധരിക്കാത്തതിന് പിഴ ഈടാക്കിയ ഇനത്തിലെത്ര രൂപ ലഭ്യമായിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

പിഴയിനത്തിൽ 68,013,549 രൂപ ലഭ്യമായിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

## ടൂവീലറിന്റെ പിൻസീറ്റിലിരിക്കുന്നവർ ഹെൽമെറ്റ് ധരിക്കാത്തതിനുള്ള പിഴ

217 (4605) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ട് 2019 സെക്ഷൻ 129 പ്രകാരം ടൂവീലർ യാത്രികരിൽ പിൻസീറ്റിലിരിക്കുന്നയാൾ ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) മുൻ യു.ഡി.എഫ്. സർക്കാർ യാത്രികരുടെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇതിന് ഇളവ് അനുവദിച്ചിരുന്നോ?

ഇതുസംബന്ധിച്ച് ഔദ്യോഗികമായി ഉത്തരവുകൾ നൽകിയിട്ടില്ല.

(സി) നിയമ ലംഘകരിൽനിന്ന് പിഴ പിരിച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനായി, കേരള ഹൈക്കോടതിയുടെ നിർദ്ദേശം ധൃതിപിടിച്ച് സർവ്വ മാർഗ്ഗങ്ങളും അവലംബിച്ച് നടപ്പിലാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ?

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 129-ന്റെ അടിസ്ഥാനത്തിലാണ് വാഹനം ഓടിക്കുന്നവർക്കും പിൻസീറ്റ് യാത്ര ചെയ്യുന്നവർക്കും ഹെൽമെറ്റ് നിർബന്ധമാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും റോഡ് സുരക്ഷയ്ക്കായി ബഹുമാനപ്പെട്ട സുപ്രീംകോടതി നിയമിച്ചിട്ടുള്ള കമ്മിറ്റിയുടേയും നിരന്തരമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പിൻസീറ്റ് യാത്രക്കാരും ഹെൽമറ്റ് ധരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്ന് വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിയമം ലംഘിക്കുന്ന വൃദ്ധരുടെയും കുട്ടികളുടെയും ശാരീരിക ബുദ്ധിമുട്ട് കണക്കിലെടുത്ത്, അവർക്ക് പിഴ ചുമത്തുന്നതിൽ മൃദു സമീപനം ഉണ്ടാകുമോ; വ്യക്തമാക്കാമോ?

നിലവിലുള്ള നിയമപ്രകാരം ഇത്തരം വിഭാഗങ്ങളെ ഹെൽമറ്റ് ധരിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടില്ല.

## ലൈസൻസ് റദ്ദാക്കപ്പെട്ടവർ

218 (4606) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം അമിതവേഗം ഉൾപ്പെടെ വിവിധ കാരണങ്ങൾക്ക് പിടിക്കപ്പെട്ട എത്ര പേരുടെ ലൈസൻസ് റദ്ദാക്കി; ഇവരിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ എത്ര പേരുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം അമിതവേഗം ഉൾപ്പെടെ വിവിധ കാരണങ്ങൾക്ക് 979 പേരുടെ ലൈസൻസ് റദ്ദാക്കിയിട്ടുണ്ട്. ഇതിൽ മൂന്ന് കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ ഉൾപ്പെട്ടിട്ടുണ്ട്.

## ദീർഘദൂര സ്വകാര്യ ബസ്സുകൾ

219 (4607) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗണിനുശേഷം ബാംഗ്ലൂരിൽനിന്നും കേരളത്തിലേക്ക് സർവ്വീസ് പുനരാരംഭിച്ച ദീർഘദൂര സ്വകാര്യ ബസ്സുകളെ തമിഴ്നാടിന്റെ റോഡ് ടാക്സിന്റെ പേരിൽ അതിർത്തിയിൽ തടഞ്ഞുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ആൾ ഇൻഡ്യാ പെർമിറ്റ് എടുത്ത വാഹനങ്ങൾക്ക് ഇൻഡ്യയിൽ ഏതുസംസ്ഥാനത്തും ഓടാമെന്നിരിക്കെ തമിഴ്നാട്ടിൽ ബസ്സുകൾ തടയുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 2021-ലെ All India Tourist (Permit and Authorisation) Rule പ്രകാരം പെർമിറ്റും ഓതറൈസേഷനും എടുത്ത ആൾ ഇന്ത്യാ ടൂറിസ്റ്റ് വാഹനങ്ങൾക്ക് അവ കടന്നുപോകുന്ന സംസ്ഥാനങ്ങളിലെ നികുതി അടയ്ക്കാതെ സർവ്വീസ് നടത്തുന്നതിന് അനുമതിയുണ്ട്. പ്രസ്തുത വാഹനങ്ങളെ തമിഴ്നാട്ടിലെ

ഉദ്യോഗസ്ഥർ തടയുന്നുവെന്ന പരാതി വകുപ്പിന് ലഭിച്ചിട്ടില്ല. 2021-ൽ നിലവിൽ വന്ന ആൾ ഇന്ത്യ പെർമിറ്റ് ആന്റ് ഓതറൈസേഷൻ ചട്ടം വഴി കേന്ദ്ര consolidated fund-ലേക്ക് പെർമിറ്റ് ഫീയും ഓതറൈസേഷൻ ഫീയും അടച്ചുവരുന്ന വാഹനങ്ങൾക്കാണ് മറ്റ് സംസ്ഥാനങ്ങളിൽ നികുതി അടയ്ക്കാതെ സർവ്വീസ് നടത്തുന്നതിന് അനുമതിയുള്ളത്. പ്രസ്തുത ചട്ടം വരുന്നതിന് മുമ്പേ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(9)-ാം വകുപ്പ് പ്രകാരം പെർമിറ്റും ഓതറൈസേഷനും എടുത്തിട്ടുള്ള വാഹനങ്ങൾക്ക് പ്രസ്തുത വാഹനം കടന്നുപോകുന്ന സംസ്ഥാനങ്ങളിലെ നികുതി അടയ്ക്കേണ്ട തായിട്ടുണ്ട്. ഇതിൽ ഏത് വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളെയാണ് തമിഴ്നാട് സർക്കാർ തടഞ്ഞതെന്ന് വ്യക്തതയില്ലാത്തതിനാലും ഇതുസംബന്ധിച്ച് വകുപ്പിന് പരാതിക ളൊന്നുംതന്നെ കിട്ടാത്തതിനാലും ടി വിഷയത്തിൽ തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ടിട്ടില്ല.

## സ്വകാര്യ ബസ് തൊഴിലാളി ക്ഷേമനിധി

220 (4608) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ടേബിൾ 1 കാറ്റഗറി വിഭാഗത്തിൽ സ്വകാര്യ ബസ് തൊഴിലാളികൾക്ക് അംഗത്വം എടുക്കാവുന്നതാണ്.

(ബി) എങ്കിൽ എപ്പോഴാണ് ഏർപ്പെടുത്തിയതെന്നും ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർ ഇപ്പോൾ എത്രയാണെന്നും വ്യക്തമാക്കാമോ?

1985-ൽ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വരുകയും 2005-ൽ ഈ പദ്ധതി പരിഷ്കരിച്ചിട്ടുള്ളതുമാണ്. പദ്ധതിയിൽ 4 കാറ്റഗറിയിലുമായി 2021 ജൂൺ മാസം വരെ ആകെ അംഗങ്ങളായിട്ടുള്ളത് 1012878 പേർ ആണ്. ഇവയിൽ ടേബിൾ I കാറ്റഗറിയിൽപ്പെട്ട സ്റ്റേജ് കാര്യേജ് (ബസ്), കോൺട്രാക്ട് കാര്യേജ് (ടൂറിസ്റ്റ് ബസ്) എന്നിവയിൽ അംഗങ്ങളായിട്ടുള്ളത് 38590 പേർ ആണ്.

(സി) പ്രസ്തുത ക്ഷേമനിധിയിൽ ഇപ്പോൾ എത്ര രൂപ നിക്ഷേപമായിട്ടുണ്ടെന്നും നാളിതുവരെ തൊഴിലാളികൾക്ക് എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലുള്ള ആകെ നിക്ഷേപം 3015,82,62,174 (മൂവായിരത്തി പതിനഞ്ച് കോടി എൺപത്തിരണ്ടു ലക്ഷത്തി അറുപത്തിരണ്ടായിരത്തി നൂറ്റി എഴുപത്തിനാല് രൂപ) രൂപയാണ്. 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി 31,79,65,570 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ലോക്ഡൗൺ കാലത്ത് ക്ഷേമനിധിയിൽനിന്ന് തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിയെ തുടർന്ന് ഏർപ്പെടുത്തിയ അനിവാര്യമായ ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും നിരവധി ധനസഹായങ്ങൾ അനുവദിച്ച നൽകിയിരുന്നു. 2020-ൽ ആദ്യഘട്ടത്തിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ടേബിൾ I വിഭാഗത്തിലെ സ്റ്റേജ് കാര്യേജ്, കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5,000 രൂപ വീതവും ടേബിൾ II വിഭാഗത്തിൽപ്പെട്ട ഗുഡ്സ് വാഹനത്തിലെ തൊഴിലാളികൾക്ക് 3,500 രൂപ വീതവും ടേബിൾ III വിഭാഗത്തിൽപ്പെട്ട ടാക്സികാർ, ഒമ്നിവാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2,500 രൂപ വീതവും ടേബിൾ IV വിഭാഗത്തിൽപ്പെട്ട ആട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2,000 രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചിരുന്നു. തുടർന്ന് എല്ലാ വിഭാഗം തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1,000 രൂപ വീതവും, മൂന്നാം ഘട്ട ധനസഹായമെന്ന നിലയിൽ 1,000 രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. ഇത്തരത്തിൽ മോട്ടോർ തൊഴിലാളികളെ മുഴുവനായി പരിഗണിക്കുമ്പോൾ ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886 (നാൽപത് കോടി മുപ്പത്തിയേഴ് ലക്ഷത്തി നാൽപത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി ആറ്) രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500 (അൻപത്തി ഒന്ന് കോടി അൻപത്തി ആറ് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപയും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സ്വകാര്യ മോട്ടോർ മേഖലയിൽ ജോലി ചെയ്യുന്നതും നിലവിൽ ക്ഷേമ നിധിയിൽ രജിസ്റ്റർ ചെയ്യിട്ടില്ലാത്തതുമായ സ്കാറ്റേർഡ് വർക്കേഴ്സ്, പാസ്സഞ്ചർ ഗൈഡുകൾ, ഡ്രൈവിംഗ് സ്കൂൾ ജീവനക്കാർ എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്കും കോവിഡ് ധനസഹായമായി 1,000 രൂപ അനുവദിച്ചിട്ടുള്ളതാണ്. അതോടൊപ്പം മേൽ പദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമാ തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവുകൾ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. പദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നാലാംഘട്ട ധനസഹായമായി 1,000 രൂപ വീതം അനുവദിക്കുന്നതിനുള്ള ബോർഡിന്റെ ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

221 (4609) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ പുനരുദ്ധാരണ പാക്കേജായി കെ.എസ്.ആർ.ടി.സി.-ക്ക് ഓരോ വർഷവും എത്ര തുക വീതമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി നിയോഗിച്ച പ്രൊഫ. സുശീൽ ഖന്ന പുനരുദ്ധാരണ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ വായ്പാ ബാദ്ധ്യതയിലെ ഭീമമായ പ്രതിദിന തിരിച്ചടവ് ഒഴിവാക്കുന്നതിനായി കൂടിയ പലിശനിരക്കിലും കുറഞ്ഞ കാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന 3,100 കോടി രൂപയുടെ വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിയിരുന്നു. ഇതിന്റെ ഫലമായി വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽനിന്ന് ഗണ്യമായ തുക ലാഭിക്കുവാൻ കഴിഞ്ഞു. കൂടാതെ കോർപ്പറേഷന് സ്വന്തം നിലയിൽ പ്രതിമാസ വരുമാനം വിനിയോഗിച്ച് പെൻഷൻ വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിയായതിനാൽ സർക്കാർ മുൻകൈയ്യെടുത്ത് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച്, പൂർണ്ണമായും സർക്കാർ സാമ്പത്തിക സഹായത്തോടെ സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തുവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് വിവിധ ആവശ്യങ്ങൾക്കായി സർക്കാർ വായ്പായിനത്തിൽ 2016-17 വർഷം 305 കോടി രൂപ, 2017-18 വർഷം 835 കോടി രൂപ, 2018-19 വർഷം 1,056.35 കോടി രൂപ, 2019-20 വർഷം 988.36 കോടി രൂപ, 2020-21 വർഷം 1,739.85 കോടി രൂപ എന്നീ തുകകൾ അനുവദിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായി 2016-17 വർഷം 40.61 കോടി രൂപ, 2018-19 വർഷം 5.60 കോടി രൂപ, 2020-21 വർഷം 2.73 കോടി രൂപ എന്നീ തുകകളും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളം, പെൻഷൻ, മറ്റ് ചെലവുകൾ, പദ്ധതി വിഹിതം തുടങ്ങിയ ഇനങ്ങൾക്കായി സർക്കാർ 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ ആകെ 4,973.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യുടെ ലാഭം/നഷ്ടം

222 (4610) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ലാഭം/നഷ്ടം ഓരോ വർഷവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

2014-15 വരെയുള്ള സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമെ എ.ജി. ഓഡിറ്റ് പൂർത്തിയായി Certification ലഭിച്ചിട്ടുള്ളൂ. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ ആഡിറ്റ് ചെയ്യാത്ത 2019-20 വരെയുള്ള താത്കാലിക കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം 2016-17 വർഷം 1,696.34 കോടി രൂപ, 2017-18 വർഷം 1,718.25 കോടി രൂപ, 2018-19 വർഷം 1,205.22 കോടി രൂപ, 2019-20 വർഷം 1,204.05 കോടി രൂപ എന്നിങ്ങനെയാണ്. 2020-21 കാലഘട്ടത്തെ താത്കാലിക കണക്ക് പൂർത്തീകരിച്ചിട്ടില്ല.

## പരസ്യ കരാർ കുടിശ്ശിക

223 (4611) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം ചെയ്യുന്നതിന് കരാർ എടുത്ത കമ്പനികൾ, കരാർ തീയതി, കരാർ തുക എന്നിവയുടെ വിശദവിവരം പട്ടികയായി നൽകാമോ?

വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത കമ്പനികൾ കരാർ പ്രകാരമുള്ള തുക നൽകാതെ കുടിശ്ശികയാക്കിയിട്ടുണ്ടോ; എങ്കിൽ കുടിശ്ശിക എത്രയാണെന്നും കുടിശ്ശിക ലഭ്യമാക്കുവാനെന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വെളിപ്പെടുത്താമോ?

ഉണ്ട്. പ്രസ്തുത കമ്പനികളിൽ M/s. ബ്രാന്റ് ബസാർ, 1,32,27,162 രൂപ ലൈസൻസ് ഫീ കുടിശ്ശിക വരുത്തിയതിനാൽ ലൈസൻസ് റദ്ദ് ചെയ്തിരിക്കുകയാണ്. കുടിശ്ശിക തുകയിലെ Penalty ഒഴിവാക്കുന്നതിന് ലൈസൻസി ഗവൺമെന്റിൽ സമർപ്പിച്ച പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ആർ.ടി.സി.-യോട് ആവശ്യ

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്പെട്ടിട്ടുണ്ട്. നിയമ വിഭാഗവുമായി ബന്ധപ്പെട്ട് കരാർ ലംഘനത്തിനെതിരായി ടി ലൈസൻസിക്ക് നോട്ടീസ് നൽകിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ചുവരികയാണ്. ടെണ്ടർ വ്യവസ്ഥ പ്രകാരമുള്ള 1,40,00,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കിയിട്ടുണ്ട്. M/s. Wowels ലൈസൻസ് ഫീ 2,09,42,875 രൂപ കുടിശ്ശിക വരുത്തിയതിനാൽ ലൈസൻസ് റദ്ദ് ചെയ്തിരിക്കു കയാണ്. ഇത് സംബന്ധിച്ച് ടി ലൈസൻസി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് റദ്ദ് ചെയ്ത കെ.എസ്.ആർ.ടി.സി.-യുടെ തീരുമാനം 16-7-2021-ലെ സ.ഉ.(സാധാ) 247/2021/ഗതാഗതം ഉത്തരവ് പ്രകാരം സർക്കാർ സാധൂകരിക്കുകയും ചെയ്തു. M/S. Chams Branding Solutions India Pvt. Ltd., 2016-2018 കാലയളവിലെ ലൈസൻസ് ഫീ കുടിശ്ശികയായ 24,60,916 രൂപയും 2018-2019 കാലയളവിലെ ലൈസൻസ് ഫീ കുടിശ്ശികയായ 61,33,681 രൂപയും ചേർത്ത് ആകെ 85,94,597 രൂപ കുടിശ്ശികയുണ്ട്. 2016-2018 കാലയളവിൽ പരസ്യം പതിക്കുന്നതിനായി അനുവദിച്ച ആകെ ബസ്സുകളുടെ എണ്ണം ഒടുക്കിയ GST/VAT എന്നിവ സംബന്ധിച്ച് ലൈസൻസി തർക്കം ഉന്നയിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കോവിഡ്-19 പശ്ചാത്തലത്തിൽ കെ.യു.ആർ.ടി.സി. ബസുകൾ പൂർണ്ണതോതിൽ സർവ്വീസ് പുനരാരംഭിക്കാത്തതിനാലും ഘട്ടംഘട്ടമായുള്ള ലോക്ഡൗൺ കാരണവും സാമ്പത്തിക പ്രതിസന്ധിയാണെന്ന് ലൈസൻസി അറിയിക്കുകയുണ്ടായി. കൂടാതെ 2018-2019 കാലയളവിലെ എഗ്രിമെന്റ് തീയതിയിൽ തർക്കം ഉന്നയിച്ചതിനെത്തുടർന്ന് ആയത് പരിഹരിച്ച് 2018-2019-ലെ കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) കുടിശ്ശികയുള്ള കമ്പനികൾക്ക് പുതിയ പരസ്യ കരാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്പനികൾ ബാങ്ക് ഗ്യാരണ്ടിയായി എത്ര തുക നൽകണമെന്നാണ് ബോർഡ് നിർദ്ദേശിച്ചതെന്നും ലഭിച്ച തുകയെത്രയാണെന്നും വിശദമാക്കാമോ?

കുടിശ്ശികയുണ്ടായിരുന്ന കമ്പനികൾക്ക് പുതിയ പരസ്യ കരാർ നൽകിയിട്ടുണ്ട്. 2016-ൽ കെ.യു.ആർ.ടി.സി. ബസുകളിൽ പരസ്യം പതിക്കുന്നതിന് ലൈസൻസ് അനുവദിച്ചുനൽകിയ ലൈസൻസിയായ M/s. Chams Branding Solutions India Pvt. Ltd.-ന് തന്നെ 2018-ൽ നടത്തിയ ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിക്കുകയും നിലവിൽ ടി കമ്പനി തുടർന്നുവരികയുമാണ്. ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച് ബോർഡ് നിർദ്ദേശം ലഭിച്ചിട്ടില്ല. മൂന്ന് മാസത്തെ ലൈസൻസ് ഫീ തുകയായ 1,33,25,000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്.

(ഡി) പിഴവുകൾ പരിഹരിച്ച് പുതിയ പരസ്യ കരാർ നൽകി കെ.എസ്. ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ 24-3-2020 മുതൽ 8-6-2020 വരെ പ്രഖ്യാപിച്ച ലോക്ഡൗൺ കൂടാതെ സംസ്ഥാന തലത്തിൽ ഘട്ടംഘട്ടമായി പ്രഖ്യാപിക്കപ്പെട്ട ലോക്ഡൗണും കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷനെ സാരമായി ബാധിച്ചിട്ടുണ്ട്. ആകയാൽ പരസ്യ മേഖലയിലും, മറ്റ് ഇതര മേഖലകളിലും സാമ്പത്തിക നഷ്ടം നേരിടുകയാണ്. നിലവിൽ ഓർഡിനറി ബസുകളിൽ നേരിട്ട് പരസ്യദാതാക്കളെ കണ്ടെത്തി പരസ്യം നൽകുന്നതിലൂടെ വരുമാനം ലഭിക്കുന്നുണ്ട്. അപ്രകാരം പുതിയ വരുമാന രീതികൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഒരു മാർക്കറ്റിംഗ് വിംഗ് കെ.എസ്.ആർ.ടി.സി.-യിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ**

224 (4612) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും പ്രധാനപ്പെട്ട സ്ഥലങ്ങളും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും ഉപയോഗിക്കുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും ഇതുപയോഗിച്ച് യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. കെ.എസ്.ആർ. ടി.സി.-യുടെ സൂപ്പർ ക്ലാസ് A/C സർവ്വീസുകളിലും, ജൻറം A/C ബസുകളിലും, മൾട്ടി ആക്സിൽ ബസുകളിലും യാത്രക്കാരെ കൂടുതലായി ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് നിരക്ക് വർദ്ധനയുടെ ഭാരം ലഘൂകരിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ കേരളത്തിനുള്ളിൽ സൂപ്പർ ഫാസ്റ്റ് മുതലുള്ള സൂപ്പർക്ലാസ് സർവ്വീസുകൾക്ക് 3-11-2020 മുതൽ 25 ശതമാനവും 25-11-2020 മുതൽ ലോഫ്ളോർ A/C സർവ്വീസുകൾക്ക് 25 ശതമാനവും 10-2-2021 മുതൽ മൾട്ടി

ആക്സിൽ A/C സർവ്വീസുകൾക്ക് 30 ശതമാനവും നിരക്കിളവ് നൽകിയാണ് സർവീസ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതരവരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവുവന്നുവെങ്കിലും, നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്: കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപ മാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും, നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപ്പർ-ഇൻ-ബസ് പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതി " conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന പേരിൽ കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുകവഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസുകളിലും, ലോറികളിലും, സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടികൈക്കൊള്ളാനും, കൊറിയർ പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന

ഗുണമേന്മയും വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. രൂപമാറ്റം വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് 'ലൂബ്ഷോപ്പ്' എന്ന പദ്ധതി ജൂലൈ 23 മുതൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഡീസൽ പമ്പുകൾ, IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതുവാഹനങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്കരീതിയിൽ ഫ്യുവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കു ന്നതോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾ (public amenities), കഫേറ്റേറിയ, ATM, റെസ്റ്റ് റൂമുകൾ എന്നിവ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. CNG, LNG ഔട്ട്ലെറ്റ്കൾ സ്ഥാപിക്കുകവഴിയും കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്ന തിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. ദിർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല കെ.എസ്. ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻവർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങൾ പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കു ന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർ ഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്ക രിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് ടീം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പി ക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 67 കൺസ്യൂമർ പമ്പുകളിലെ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി ഫ്യൂവൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഔട്ട്ലെറ്റുകൾ വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഡീലർ കമ്മീഷൻ, പാട്ടവാടക എന്നിവ അധിക

വരുമാനമായി ലഭിക്കുന്നതാണ്. ഇത്തരം ഔട്ട്‌ലെറ്റുകളിൽ നിന്ന് അധിക വരുമാനത്തിന് സാദ്ധ്യതയുള്ള കഫറ്റേരിയ, എ.റ്റി.എം. കൗണ്ടറുകൾ എന്നിവ വഴിയുള്ള വരുമാനം പങ്കിടൽ, റീട്ടെയിൽ ഔട്ട്‌ലെറ്റുകൾക്ക് സമീപമായി കൂടുതൽ സൗകര്യങ്ങളോടുകൂടിയ ടോയ്‌ലറ്റുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 ഡിപ്പോകളിൽ ഉടൻ തന്നെ റീട്ടെയിൽ ഫ്യൂൽ ഔട്ട്‌ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ് ' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. നേരിട്ട് ലൂബ്രിക്കന്റ് വിൽപന നടത്തുന്നതിലൂടെ ഡീലർ കമ്മീഷൻ വഴി ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുകയും ഇതോടനുബന്ധിച്ച് ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം ലഭിക്കുന്നതുമാണ്. കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസിന് യോഗ്യമല്ലാത്ത 300 ബസ്സുകളിൽനിന്നും നിലവിൽ ഷോപ്പ്-ഓൺ-വീൽ പദ്ധതിയിൽ ഉൾപ്പെടുത്തി 43 എണ്ണം സർക്കാർ/ അർദ്ധസർക്കാർ എജൻസികൾക്കായി രൂപമാറ്റംവരുത്തി നൽകിവരുന്നു. വിനോദ സഞ്ചാരികളുടെ താമസ സൗകര്യത്തിനായി 4 ബസ്സുകൾ റണ്ണിംഗ് സ്ലീപ്പർ ആയും രൂപമാറ്റം വരുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-ക്ക് സബ്സിഡിയറി കോർപ്പറേഷൻ**

225 (4613) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ സബ്സിഡിയറി കോർപ്പറേഷൻ രൂപീകരിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ; ഇപ്രകാരം ഏതെങ്കിലും കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ;

&

(ബി) പ്രസ്തുത കോർപ്പറേഷനിലെ ആസ്തി-ബാദ്ധ്യതകൾ കൈകാര്യം ചെയ്യാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) Road Transport Corporation Act 1950 Section 17 (A) പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് സബ്സിഡിയറി കോർപ്പറേഷൻസ് രൂപീകരിക്കുവാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പ

റേഷനായി കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KURTC) രൂപീകരിച്ചിട്ടുണ്ട്. KURTC-യുടെ ആസ്തി ബാദ്ധ്യത കൈകാര്യം ചെയ്യുന്നത് KSRTC-യുടെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ അധികാര പരിധിയിൽ നിക്ഷിപ്തമാണ്.

(സി) മോട്ടോർ വെഹിക്കിൾ ആഗ്രഗേറ്റർ ഗൈഡ് ലൈൻസ് 2020 പ്രകാരം രൂപീകരിച്ച കെ-സിഫ്റ്റ് കമ്പനിയുടെ ആസ്തി-ബാദ്ധ്യതകൾ സംബന്ധിച്ച വ്യവസ്ഥകൾ എന്താണെന്ന് വ്യക്തമാക്കുമോ;

മോട്ടോർ വെഹിക്കിൾ അഗ്രഗേറ്റർ ഗൈഡ്‌ലൈൻസ് 2020 പ്രകാരം കെ.എസ്.ആർ.ടി.സി. കമ്പനി രൂപീകരിച്ചിട്ടില്ല. എന്നാൽ 19-2-2021-ലെ G.O.(MS)No.7/2021/Trans സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന സ്വാതന്ത്ര കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിക്ക് KSRTC-യുടെ എല്ലാ വിധത്തിലുള്ള ഇൻഫ്രാസ്ട്രച്ചറുകളും ബസുകളും ഉപയോഗപ്പെടുത്തി മാത്രമേ മുന്നോട്ട് പോകാനാകൂ. കൂടാതെ K-SWIFT-ന്റെ വരുമാനത്തിൽനിന്നും KSRTC-യുടെ ജീവനക്കാർക്കുവേണ്ടുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനും KSRTC-യുടെ ലോണുകൾ/കടങ്ങൾ തിരിച്ചടക്കുന്നതിനും നിയമപരമായ ബാദ്ധ്യത പുതിയ സംവിധാനത്തിൽ ഉണ്ടായിരിക്കും.

(ഡി) പ്രസ്തുത കമ്പനിയെ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണോയെന്നും കമ്പനിയുടെ ലാഭം കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുന്നതിന് സാദ്ധ്യമാണോവെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനിയുടെ രൂപീകരണം പുരോഗതി യിലാണ്. ഡയറക്ടർ ബോർഡിന്റെ അധികാരങ്ങൾ കമ്പനി രൂപീകരണത്തിനുശേഷം നിശ്ചയിക്കുന്നതാണ്. പ്രസ്തുത കമ്പനി കെ.എസ്.ആർ.ടി.സി.-യുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് പകരമായി കെ.എസ്.ആർ.ടി.സി.-ക്ക് ഉപയോക്തൃ ഫീസ് ആകും നൽകുക.

(ഇ) പൊതുഗതാഗത സംവിധാനമായ കെ.എസ്.ആർ.ടി.സി.-യെ ഇല്ലാതാക്കുന്ന രീതിയിൽ സ്വകാര്യമേഖലയിൽ കമ്പനി രൂപീകരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

സ്വകാര്യമേഖലയിൽ കമ്പനി രൂപീകരിച്ചിട്ടില്ല.

## കെ-സ്വിഫ്റ്റ് രൂപീകരണം

226 (4614) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ കെ-സ്വിഫ്റ്റ് എന്ന സമാന്തര കമ്പനി രൂപീകരിച്ചത് ഏത് നിയമം, മാർഗ്ഗനിർദ്ദേശ പ്രകാരമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

19-2-2021-ലെ G.O.(MS)No.7/2021/Trans. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനി, 2013-ലെ കമ്പനി നിയമപ്രകാരമായിരിക്കും രജിസ്റ്റർ ചെയ്യുക. പ്രസ്തുത കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

(ബി) ഇന്ത്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് ഇപ്രകാരം കമ്പനി രൂപീകരിച്ചിട്ടുണ്ടോ?

ഇന്ത്യയിലെ മറ്റ് സംസ്ഥാന ആർ.ടി.സി.-കളിൽ സമാന്തര കമ്പനി രൂപീകരിച്ചതായി വിവരം ലഭിച്ചിട്ടില്ല.

(സി) കിഫ്ബിയിൽനിന്നും ലോണെടുത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങി പ്രസ്തുത കമ്പനിക്ക് വാടകയ്ക്ക് നൽകാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

KIIFB-യിൽനിന്നും ലോൺ ലഭ്യമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. പദ്ധതി സമർപ്പിച്ചിരുന്നു. 50 ഇലക്ട്രിക് ബസ്സുകൾ, 310 സി.എൻ.ജി. ബസ്സുകൾ എന്നിവ വാങ്ങുന്നതിനും, 400 ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനും, KIIFB ലോൺ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനുള്ള തുക ലഭ്യമാക്കുതിനുള്ള ഒരു പ്രധാനപ്പെട്ട ഉപാധിയാണ് SPV (Special Purpose Vehicle) രൂപീകരിക്കുകയെന്നത്. ഇത് നിറവേറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് K-SWIFT എന്ന കമ്പനി രൂപീകരിക്കുന്നത്. ഇപ്രകാരം വാങ്ങുന്ന ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യുമായുള്ള ഒരു കരാർ മുഖാന്തരം പ്രസ്തുത കമ്പനിയുടെ കീഴിൽ ഓടിക്കുകയും കെ.എസ്.ആർ.ടി.സി.-ക്ക് ഇതിനുപകരമായി ഉപയോക്തൃ ഫീ നൽകുന്നതുമായിരിക്കും.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടുകളും വർക്ക് ഷോപ്പുകളും ഈ കമ്പനിക്ക് യഥേഷ്ടം ഉപയോഗിക്കാൻ വിട്ടുനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ്-ൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതായിരിക്കും. ഇതിനുപകരം കെ.എസ്.ആർ.ടി.സി.-ക്ക് ഉപയോക്തൃ ഫീസ് നൽകുകയും ചെയ്യുന്നതാണ്.

## എൽ.എൻ.ജി. ബസ്സുകൾ

227 (4615) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. നാളിതുവരെ എത്ര എൽ.എൻ.ജി. ബസ്സുകൾ വാങ്ങിയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ബസ്സുകൾ വാങ്ങിയതിന് പെട്രോനെറ്റ് എൽ.എൻ.ജി. സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി. നാളിതുവരെ LNG ബസ്സുകൾ വാങ്ങിയിട്ടില്ല.

## കെ-സ്വിഫ്റ്റ്

228 (4616) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ കെ-സ്വിഫ്റ്റ് കമ്പനിയിലേക്ക് മാറ്റുമ്പോൾ പ്രധാന വരുമാന സ്രോതസ്സ് ഇല്ലാതാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെന്ത് പരിഹാര നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദീർഘദൂര സർവ്വീസുകൾ കെ-സ്വിഫ്റ്റിലേയ്ക്ക് മാറ്റുന്നതോടെ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ചെലവിൽ ഗണ്യമായ കുറവുവരികയും, കെ.എസ്.ആർ.ടി.സി.-യുടെ അടിസ്ഥാന സൗകര്യങ്ങളും, അനുബന്ധ സേവനങ്ങളും ഉപയോഗിക്കുന്നതിനുപകരം ഉപയോക്തൃ ഫീസ് കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതിനാലും കെ.എസ്.ആർ.ടി.സി.-യെ പ്രതികൂലമായി ബാധിക്കില്ല.

(ബി) പ്രസ്തുത കമ്പനിയിലേയ്ക്ക് നിയമനങ്ങൾ നടത്തുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് പത്ത് വർഷത്തേയ്ക്കുള്ള ഒരു താത്ക്കാലിക കമ്പനിയാണ്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ എല്ലാ നിയമനങ്ങളും കരാർ അടിസ്ഥാനത്തിലായിരിക്കും. യാതൊരു വിധത്തിലുള്ള സ്ഥിര നിയമനങ്ങളും ഉണ്ടായിരിക്കുന്നതല്ല.

(സി) ഈ കമ്പനിയിൽ കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ സേവനം ആവശ്യമാകുക യാണെങ്കിൽ, കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ പ്രത്യേകം സേവന വേതന വ്യവസ്ഥകൾക്ക് വിധേയമായി സ്വിഫ്റ്റിൽ ഉപയോഗിക്കാൻ സാധിക്കും.

(ഡി) കെ-സ്വിഫ്റ്റ് കമ്പനിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് വരുമാന സ്രോതസ്സ് നഷ്ടപ്പെടുമെന്നത് കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ പ്രതിസന്ധി യിലാക്കുമോ എന്ന് വ്യക്തമാക്കുമോ?

കെ-സ്വിഫ്റ്റ് രൂപീകരണം കെ.എസ്.ആർ.ടി.സി.-ക്ക് യാതൊരു വിധത്തിലുള്ള പ്രതിസന്ധിയും ഉണ്ടാക്കുകയില്ല. ദീർഘദൂര സർവ്വീസുകൾ കെ-സ്വിഫ്റ്റിലേയ്ക്ക് മാറ്റുന്നതോടെ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തന ചെലവിൽ ഗണ്യമായ കുറവുവരികയും, കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ സ്വിഫ്റ്റിൽ ഉപയോഗിക്കുന്നതിനുപകരം ഉപയോക്തൃ ഫീസ് ലഭിക്കുകയും ചെയ്യുന്നതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് യാതൊരു പ്രതിസന്ധിയും സൃഷ്ടിക്കില്ല.

**സി.എൻ.ജി., എൽ.എൻ.ജി. വിതരണ കേന്ദ്രങ്ങൾ**

229 (4617) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തരീക്ഷ മലിനീകരണവും ഇന്ധനച്ചെലവും കുറയ്ക്കുന്നതിനായി കെ.എസ്. ആർ.ടി.സി. വാഹനങ്ങളിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാനത്ത് സി.എൻ.ജി., എൽ.എൻ.ജി. വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ആരംഭിച്ചിട്ടില്ല. എൽ.എൻ.ജി., സി.എൻ.ജി. ഫ്യൂവൽ ലഭ്യത ഉറപ്പുവരുത്തു ന്നതിന് തിരുവനന്തപുരം ആനയറയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ എൽ.എൻ.ജി. സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരണഘട്ടത്തിലാണ്. ആലുവയിലെ റീജിയണൽ വർക്ക്ഷോപ്പിൽ എൽ.എൻ.ജി. ഫ്യൂവൽ സ്റ്റേഷൻ

സ്ഥാപിക്കുന്നതിന് പെട്രോനെറ്റ് എൽ.എൻ.ജി.-യുമായി കെ.എസ്.ആർ.ടി.സി. ചർച്ച നടത്തി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ആലുവ റീജിയണൽ വർക്ക്ഷോപ്പിൽ സി.എൻ.ജി. ഫ്യൂൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. നിലവിൽ സർവ്വീസ് നടത്തുന്ന ഒരു സി.എൻ.ജി. ബസിന്റെ ഇന്ധനം എറണാകുളത്തുള്ള സ്വകാര്യ പമ്പിൽനിന്നും നിറച്ച് സർവ്വീസ് നടത്തുന്നുണ്ട്. എൽ.എൻ.ജി. ഇന്ധനത്തിൽ ഓടുന്ന രണ്ട് ബസുകൾക്ക് മൂന്ന് മാസത്തേയ്ക്കുള്ള ഇന്ധനം കൊച്ചിയിലുള്ള പെട്രോനെറ്റ് എൽ.എൻ.ജി. എന്ന സ്ഥാപനം നൽകിവരുന്നു.

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ലാഭത്തിലാക്കുന്നതിന് പുതിയ പദ്ധതികൾ

230 (4618) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ലാഭത്തിലാക്കുന്നതിനും ഗ്രാമീണ മേഖലകളിലടക്കം ബസുകൾ ഓടിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റ് കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ്, മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും ഉപയോഗിക്കുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. ഗ്രാമീണ മേഖലകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കുന്നതിനായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് 'ഗ്രാമവണ്ടി' എന്ന ഒരു ആശയം മുന്നോട്ടുവന്നിട്ടുണ്ട്. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു. പൊതു ജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSIT-നെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പൂർണ്ണമായും നടപ്പിലാക്കികഴിയുമ്പോൾ Bus utilization, mileage, സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാൻ

സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോയെന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ. ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. മേൽസൂചിപ്പിച്ച കാര്യങ്ങളെലാം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ്.

### കെ.എസ്.ആർ.ടി.സി.-യുടെ ലാഭം

231 (4619) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കിയിരുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യുടെ താത്കാലിക കണക്കുപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. ലാഭകരമായിരുന്നില്ല. 2019-20 വരെയുള്ള താത്കാലിക കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം 2016-17 വർഷം 1,696.34 കോടി രൂപ, 2017-18 വർഷം 1,718.25 കോടി രൂപ, 2018-19 വർഷം 1,205.22 കോടി രൂപ, 2019-20 വർഷം 1,204.05 കോടി രൂപ എന്നിങ്ങനെയാണ്.

(ബി) പ്രസ്തുത കാലയളവിൽ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും കൃത്യമായി നൽകിയിരുന്നോ; ഇല്ലെങ്കിൽ ഈ തുകയും ലാഭക്കണക്കിൽ ഉൾപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജീവനക്കാരുടെ ശമ്പളം യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധിമൂലം ജീവനക്കാരുടെ വിവിധയിനം അലവൻസുകൾ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട്, ജീവനക്കാരുടെ ശമ്പളത്തിൽനിന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിലേക്ക് റിക്കവറി നടത്തിയ തുകകൾ എന്നിവ ഒടുക്കാൻ കഴിയാതെ 2016 മുതൽ കുടിശ്ശികയായിരുന്നു. നിലവിൽ ജീവനക്കാർക്ക് അനുവദിക്കുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എൽ.ഐ.സി. ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലേക്ക് റിക്കവറി നടത്തിയ തുകകൾ കെ.എസ്.ആർ.ടി.സി. സൊസൈറ്റികൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് കുടിശ്ശിക മുഴുവൻ ഒടുക്കി തീർത്തിട്ടുണ്ട്. അതോടൊപ്പം സർവ്വീസിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വൈകാതിരിക്കാനായി ടി ജീവനക്കാരുടെ പേരിലുള്ള എൻ.ഡി.ആർ. കുടിശ്ശികകൾ മുഴുവനായും ഒടുക്കിതീർക്കുന്നുമുണ്ട്. ഇത്തരത്തിൽ 2021 മേയ് മാസം വരെ വിരമിച്ച ജീവനക്കാരുടെ എൻ.ഡി.ആർ. കുടിശ്ശികകൾ ഒടുക്കിതീർത്തിട്ടുണ്ട്. നിലവിൽ എല്ലാ ധനകാര്യ സ്ഥാപനങ്ങളിലേക്കും ജീവനക്കാരിൽനിന്നും റിക്കവറി നടത്തുന്ന തുക തൊട്ടടുത്ത മാസം തന്നെ കൃത്യമായി ഒടുക്കിവരുന്നുമുണ്ട്. കെ.എസ്.ആർ.ടി.സി. ഈ കാലയളവിൽ തയ്യാറാക്കിയ താത്കാലിക കണക്കുകളിൽ ഈ തുകകളും ഉൾപ്പെട്ടിട്ടുണ്ട്.

## കെ.യു.ആർ.ടി.സി. ലോഫ്ലോർ ബസ്സുകൾ

232 (4620) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക സൗകര്യങ്ങളുള്ള എത്ര എ.സി. ലോഫ്ലോർ ബസ്സുകളാണ് കെ.യു.ആർ.ടി.സി.-യുടെ കീഴിലുള്ളതെന്ന് വിശദമാക്കാമോ?

അത്യാധുനിക സൗകര്യങ്ങളുള്ള 190 എ.സി. ലോഫ്ലോർ ബസ്സുകളാണ് KURTC-യുടെ കീഴിലുള്ളത്.

(ബി) കോവിഡ് നിയന്ത്രണങ്ങൾക്ക് മുമ്പ് കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകൾ ഉൾപ്പെടുന്ന ക്ലസ്റ്റർ I-ൽ എത്ര ലോഫ്ലോർ ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നെന്നും ഏതെല്ലാം ഡിപ്പോകൾ കേന്ദ്രീകരിച്ചായിരുന്നു സർവ്വീസുകളെന്നും അറിയിക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾക്ക് മുമ്പ് കോഴിക്കോട് കേന്ദ്രീകരിച്ച് 14 സർവ്വീസുകളും, കൽപ്പറ്റ കേന്ദ്രീകരിച്ച് 3 സർവ്വീസുകളും, മലപ്പുറം കേന്ദ്രീകരിച്ച് 4 സർവ്വീസുകളും നടത്തിയിരുന്നു.

(സി) ഐ.ആർ.സി.ടി.സി. മാതൃകയിൽ സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് കെ.യു.ആർ.ടി.സി. ലോഫ്ലോർ ബസ്സുകളിൽ പ്രീ ബുക്കിംഗ്/ ചാർട്ടേഡ് സർവ്വീസുകൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി. ബസ്സുകളുപയോഗിച്ച് കെ.എസ്. ആർ.ടി.സി. മൂന്നാറിൽ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് Sight Seeing Trip നടത്തിയിരുന്നു. എന്നാൽ കോവിഡ് 19 നിയന്ത്രണംമൂലം വിനോദ സഞ്ചാരികൾ കുറഞ്ഞതിനാൽ ഇപ്പോൾ ടി സർവ്വീസ് നിർത്തിവച്ചിരിക്കുകയാണ്. പ്രീ-ബുക്കിംഗ്/ചാർട്ടേർഡ് ആവശ്യക്കാർക്ക് പ്രത്യേക നിരക്കിൽ ബസ് അനുവദിക്കുന്നതാണ്. കൂടാതെ വിവാഹം, വിനോദയാത്ര, പ്രി-വെഡ്ഡിംഗ് ഫോട്ടോ ഷൂട്ട് എന്നിവയ്ക്കായി പ്രത്യേക നിരക്കിൽ ബസ്സുകൾ അനുവദിക്കുന്നുണ്ട്.

(ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങൾ ലക്ഷ്യമാക്കി കെ.യു.ആർ.ടി.സി.-യുടെ കണക്ടഡ് ടൂർ സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ; വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ വിനോദം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് പ്രീ-ബുക്കിംഗ്/ ചാർട്ടേർഡ് സർവ്വീസുകൾ പ്രത്യേക നിരക്കിൽ അനുവദിച്ച് വരുന്നുണ്ട്. കൂടുതൽ യാത്രക്കാർ കണക്ടഡ് ടൂർ സർവ്വീസ് ആവശ്യപ്പെടുന്ന പക്ഷം പ്രത്യേക നിരക്കിലുള്ള സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യിലെ വിവിധ വിഭാഗം ജീവനക്കാർ**

233 (4621) ശ്രീ എം വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും എംപാനൽ ഉൾപ്പെടെയുള്ള എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും എംപാനൽ ഉൾപ്പെടെയുള്ള 10489 ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി.- യിൽ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ ഹയർ ഡിവിഷൻ ഓഫീസർമാരുൾപ്പെടെ 5064 പേർക്ക് പി.എസ്.സി. മുഖാന്തരം നിയമനം നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ഡ്രൈവർ/കണ്ടക്ടർമാർക്ക് ഒരു ദിവസം പന്ത്രണ്ട് മണിക്കൂർ ജോലി ചെയ്യേണ്ട സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2(f), (i), (ii), (iii) 2(K) സെക്ഷൻ 13, 16, 17 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്.

(ഡി) ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടും തൊഴിൽ അവകാശങ്ങൾ ഉറപ്പുവരുത്തിയും കെ.എസ്.ആർ.ടി.സി.-യുടെ പുനരുജ്ജീവനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് ജീവനക്കാരെ വിശ്വാസത്തിലെടുത്താണ് പുനരുജ്ജീവന നടപടികൾ നടപ്പിലാക്കുന്നത്. തുടർന്നും ഇത്തരം നടപടികൾ സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ അനുവദിച്ച തുക**

234 (4622) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ കഴിഞ്ഞ സർക്കാർ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; വർഷം തിരിച്ച് കണക്കുകൾ നൽകാമോ?

കഴിഞ്ഞ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് ശമ്പളം/പെൻഷൻ വിതരണത്തിനായി ആകെ 4,630.20 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ വർഷം തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ എത്ര ശതമാനം ബസ്സുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിക്കുമുമ്പ് 2020 ജനുവരി മാസത്തെ കണക്കനുസരിച്ച് ശരാശരി 4425 ബസ്സുകളാണ് സർവ്വീസ് നടത്തിയിരുന്നത്. എന്നാൽ 2-8-2021-ലെ കണക്കനുസരിച്ച് 3109 ബസ്സുകളാണ് സർവ്വീസ് നടത്തിയത്. കോവിഡ് നിയന്ത്രണങ്ങൾമൂലം നിലവിൽ ലഭ്യമായ 6204 ബസ്സുകളും ഡിപ്പോകളിൽ നില നിർത്തി പരിപാലിക്കുന്നതിനുള്ള സ്പെയർപാർട്സ്, ടയർ, ഇൻഷ്വറൻസ്, സി.എഫ്. പുതുക്കൽ എന്നിവയിലുള്ള സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുന്നതിനായി 4250 ബസ്സുകൾ സർവ്വീസിനായി ക്രമീകരിക്കുകയും ബാക്കിയുള്ളവ വിവിധ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുമുണ്ട്. നിലവിൽ ഡിപ്പോകളിൽ ലഭ്യമായ 4250 ബസ്സുകളും 2-8-2021 പ്രകാരം പ്രതിദിനം സർവ്വീസ് നടത്തുന്ന 3109 ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ സർവ്വീസ് നടത്തുന്നത് ആകെ ക്രമീകരിച്ച ബസ്സുകളുടെ 73 ശതമാനമാണ്. എന്നാൽ ആകെ KSRTC-യിൽ ലഭ്യമായ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 50 ശതമാനം മാത്രമാണ്. കോവിഡ് നിയന്ത്രണം കാരണം തമിഴ്നാട്ടിലേയ്ക്കുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. പരിമിതമായ സർവ്വീസുകളെ കർണാടകത്തിലേയ്ക്കും സർവ്വീസ് നടത്തുന്നുള്ളൂ.

**ഡീസൽ ബസുകൾക്ക് പകരം സി.എൻ.ജി. ബസുകൾ**

235 (4623) <u>ശ്രീ പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ എഞ്ചിൻ ബസ്സുകൾക്ക് പകരം സി.എൻ.ജി. എഞ്ചിൻ ബസ്സുകളിലേക്ക് മാറുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രായോഗിക ഗുണങ്ങളും ദോഷങ്ങളും വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. നിലവിലുള്ള 3000 ഡീസ്സൽ ബസ്സുകൾ സി.എൻ.ജി.-യായി മാറ്റുന്നതിനുള്ള പദ്ധതിയുടെ മുന്നോടിയായി കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 5 ഡീസ്സൽ ബസ്സുകൾ സി.എൻ.ജി.-യിലേക്ക് പരിവർത്തനം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. കൂടാതെ M/s Ashok Leyland, M/s TATA Motors വാഹന നിർമ്മാതാക്കളിൽനിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി 3000 ബസ്സുകൾ പരിവർത്തനം നടത്തുന്ന പദ്ധതി ഇതോടൊപ്പം പുരോഗതിയിലാണ്. ഇത്തരത്തിൽ, ബസ്സുകൾ ഡീസലിൽനിന്നും സി.എൻ.ജി.-യിലേയ്ക്ക് മാറ്റം വരുത്തി കേരളത്തിൽ ഓടിച്ച് നോക്കിയതിനുശേഷം മാത്രമെ പ്രായോഗികഗുണദോഷങ്ങൾ വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. ഇത്തരം പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക സഹായം ARAI മുഖാന്തരം ലഭ്യമാക്കുന്നതിനും ക്രമീകരണം ചെയ്തു വരുന്നു.

(ബി) സി.എൻ.ജി., ഡീസൽ, ഇലക്ട്രിക് ബസ്സുകൾ തമ്മിലുള്ള ഇന്ധനക്ഷമത, മെയിന്റനൻസ് കോസ്റ്റ്, അനുബന്ധ അടിസ്ഥാനസൗകര്യ നിക്ഷേപം, സ്പെയർപാർട്സ് ലഭ്യത എന്നിവ സംബന്ധിച്ചുള്ള താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പട്ടിക രൂപത്തിൽ വിശദമാക്കാമോ?

CNG, ഡീസൽ ബസ്സുകൾ തമ്മിലുള്ള ഇന്ധന ക്ഷമത, ഇന്ധന വില എന്നീ താരതമ്യപഠനം നടത്തിയിട്ടുണ്ട്. സി.എൻ.ജി.-യിലേക്കുള്ള ഇന്ധമാറ്റംമൂലം ഓരോ കിലോ മീറ്ററിനും ഇന്ധന ചെലവിൽ പ്രതീക്ഷിക്കുന്ന ഇന്ധനവില വ്യത്യാസം നിലവിലെ (4-8-2021-ലെ) വില നിലവാരപ്രകാരം ഒരു കിലോമീറ്ററിന് 7.94 രൂപയാണ്. 4-8-2021-ലെ ശരാശരി വില പ്രകാരം പ്രതിലിറ്റർ ഡീസലിന് 91.17 രൂപയും പ്രതി കിലോഗ്രാം സി.എൻ.ജി.-ക്ക് 57.90 രൂപയുമാണ് (വ്യത്യാസം 33.27 രൂപ). പ്രതീക്ഷിക്കുന്ന മൈലേജ് ഡീസലിന് 4.19 KMPL-ഉം സി.എൻ.ജി.-ക്ക് 4.19 KMKG-ഉം ആണ്. ഒരു കിലോമീറ്ററിന് ചെലവാകുന്ന തുക ഡീസലിന് 21.76 രൂപയും സി.എൻ.ജി.-ക്ക് 13.82 രൂപയുമാണ് (വ്യത്യാസം 7.94 രൂപ). നിലവിലുള്ള ഡീസ്സൽ ബസ്സുകൾ സി.എൻ.ജി. ബസ്സുകളായി മാറ്റുന്നതിന് ടെണ്ടർ നടപടികൾ നടന്നുവരുന്നതേയുള്ളൂ എന്നതിനാലും, 31 Seat കളുള്ള 10 A/c ഇലക്ട്രിക് ബസുകൾ KSRTC സർവ്വീസ് നടത്തിയപ്പോൾ കോർപ്പറേഷന് കിട്ടിയിരുന്ന ശരാശരി വരുമാനം ഒരു കിലോമീറ്ററിന് 38.01 രൂപ ആയിരുന്നു. ഇതിനു നൽകേണ്ട വാടക 43.20 രൂപ ആയിരുന്നു; ഇതിനുപുറമേയാണ് ഇലക്ട്രിസിറ്റി ചാർജ്ജും കണ്ടക്ടർമാരുടെ വേതനവും. അതിനാൽ ഇത് ലാഭകരമായിരുന്നില്ല.

(സി) ദീർഘകാലാടിസ്ഥാനത്തിൽ വൻനിക്ഷേപം നടത്തേണ്ടിവരുന്ന സി.എൻ.ജി. ബസ്സുകൾ മലയോര മേഖലകളിൽ ഗതാഗതത്തിന് അനുയോജ്യമാണോയെന്ന് വെളിപ്പെടുത്താമോ?

മലയോര മേഖകളിൽ എഞ്ചിൻ മാറ്റം വരുത്തിയ ബസ്സുകൾ പരീക്ഷിച്ചിട്ടില്ല. ഇതിനായി പൈലറ്റ് അടിസ്ഥാനത്തിൽ 5 സി.എൻ.ജി. ബസ്സുകൾ പരിവർത്തനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇത്തരത്തിൽ പ്രായോഗികത പരിശോധിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. ലഭ്യമായ 4 സിലിണ്ടർ എഞ്ചിൻ ഘടിപ്പിച്ച സി.എൻ.ജി. ബസ് ഇതുവരെ നടത്തിയ മലയോര സർവ്വീസിൽ പ്രവർത്തനം പ്രോത്സാഹനജനകമായി കാണുന്നു.

(ഡി) സി.എൻ.ജി. ഇന്ധനം സംഭരിക്കാനും വിതരണം ചെയ്യാനുമുള്ള സംഭരണ-വിതരണ സ്റ്റേഷനുകൾ പ്രവർത്തനക്ഷമമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രവർത്തനക്ഷമം ആയിട്ടില്ല; നടപടികൾ പൂർത്തീകരിച്ചുവരുന്നു.

### പാറശ്ശാലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

236 (4624) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഗ്രാമീണ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി, പാറശ്ശാല, വെള്ളറട, കാട്ടാക്കട, നെയ്യാറ്റിൻകര, പൂവാർ എന്നീ ഡിപ്പോകളിൽനിന്നും മുടങ്ങിക്കിടന്നിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് ഷെഡ്യൂളുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

&

(ബി) പാറശ്ശാല, വെള്ളറട, കാട്ടാക്കട, നെയ്യാറ്റിൻകര ഡിപ്പോകളിൽനിന്നും പാറശ്ശാല മണ്ഡലത്തിലെ മറ്റ് സ്ഥലങ്ങളുമായി ബന്ധപ്പെടുത്തി നടത്തുന്ന ഷെഡ്യൂളുകൾ ഏതൊക്കെയാണ്; ഇവയുടെ റൂട്ട് അടക്കമുള്ള വിവരങ്ങൾ ഡിപ്പോതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) പാറശ്ശാല, വെള്ളറട, നെയ്യാറ്റിൻകര, പൂവാർ, കാട്ടാക്കട എന്നീ ഡിപ്പോകളിൽ നിന്നും യാത്രാക്കാർക്ക് ആവശ്യമുള്ളതരത്തിൽ കോവിഡ് നിയന്ത്രണങ്ങൾക്ക് വിധേയമായി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. പാറശ്ശാല, വെള്ളറട, നെയ്യാറ്റിൻകര, കാട്ടാക്കട എന്നീ ഡിപ്പോകളിൽനിന്നും യാത്രാക്കാർക്ക് ആവശ്യമുള്ളതരത്തിൽ പാറശ്ശാല മണ്ഡലത്തിലെ മറ്റ് സ്ഥലങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന ഷെഡ്യൂളുകൾ ചുവടെ ചേർക്കുന്നു:

<u>നെയ്യാറ്റിൻകര</u>

1. നെയ്യാറ്റിൻകര-മഞ്ചവിളാകം-കാരക്കോണം
2. നെയ്യാറ്റിൻകര-പൊഴിയൂർ
3. നെയ്യാറ്റിൻകര-വെള്ളറട
4. നെയ്യാറ്റിൻകര-ചെമ്പൂര്-വെള്ളറട
5. നെയ്യാറ്റിൻകര-മാമ്പഴക്കര-കാരക്കോണം
6. നെയ്യാറ്റിൻകര-പാലിയോട്-ഡാല്യമുഖം
7. നെയ്യാറ്റിൻകര-സി.വി.ആർ.പുരം-കളിയിക്കാവിള
8. നെയ്യാറ്റിൻകര-കോടങ്കര
9. നെയ്യാറ്റിൻകര-വ്ളാത്താങ്കര-പൂഴിക്കുന്ന്
10. നെയ്യാറ്റിൻകര-കോവില്യവിള
11. നെയ്യാറ്റിൻകര-മൂവേരിക്കര
12. നെയ്യാറ്റിൻകര-കോട്ടുക്കോണം
13. നെയ്യാറ്റിൻകര-ചെങ്കവിള

<u>വെള്ളറട</u>

1. വെള്ളറട-പന്നിമല
2. വെള്ളറട-കടുക്കറ
3. വെള്ളറട-തേക്കുപ്പാറ
4. കളിയിക്കാവിള-അമ്പൂരി
5. വെള്ളറട-കുട്ടപ്പൂ
6. വെള്ളറട-മായം

<u>പാറശ്ശാല</u>

1. ഇഞ്ചിവിള-തിരുവനന്തപുരം (ചെയിൻ)
2. ഇഞ്ചിവിള-പാറശ്ശാല-വിഴിഞ്ഞം-തിരുവനന്തപുരം (ചെയിൻ)

3. പാറശ്ശാല-പടപ്പിത്തോട്ടം-കാട്ടാക്കട
4. പാറശ്ശാല-അരുവിപ്പുറം-നെയ്യാറ്റിൻകര
5. പാറശ്ശാല-പാലിയോട്-കോട്ടയ്ക്കൽ-മെഡിക്കൽ കോളേജ്
6. പാറശ്ശാല-മൈലച്ചൽ-കാട്ടാക്കട-തിരുവനന്തപുരം
7. പാറശ്ശാല-കോടങ്കര-മെഡിക്കൽ കോളേജ്
8. പാറശ്ശാല-ആനാവൂർ-ഊരുട്ടമ്പലം-തിരുവനന്തപുരം
9. പാറശ്ശാല-സി.വി.ആർ. പുരം-തിരുവനന്തപുരം
10. പാറശ്ശാല-മാവിളക്കടവ്-മെഡിക്കൽ കോളേജ്
11. പാറശ്ശാല-ചെങ്കവിള-അയിര-തിരുവനന്തപുരം
12. പാറശ്ശാല-ഞാറക്കാല-തിരുവനന്തപുരം
13. പാറശ്ശാല-വെള്ളറട (ചെയിൻ)
14. പാറശ്ശാല-മഞ്ചവിളാകം-തിരുവനന്തപുരം-മെഡിക്കൽ കോളേജ്
15. പാറശ്ശാല-കുന്നൻവിള-തിരുവനന്തപുരം

കാട്ടാക്കട

1. നെയ്യാർഡാം-പൂഴനാട്
2. നെയ്യാർഡാം-മെഡിക്കൽ കോളേജ്
3. നെയ്യാർഡാം-തിരുവനന്തപുരം
4. പൂഴനാട്-മെഡിക്കൽ കോളേജ്
5. പൂഴനാട്-കാട്ടാക്കട
6. പൂഴനാട്-നെയ്യാർഡാം
7. കാട്ടാക്കട-പാലിയോട്-വാഴിച്ചൽ
8. കാട്ടാക്കട-പ്ലാംപഴിഞ്ഞി
9. കാട്ടാക്കട-കുരുതംകോട്-ഒറ്റശേഖരമംഗലം
10. കാട്ടാക്കട-കുട്ടമല-കുട്ടപ്പൂ

11. കാട്ടാക്കട-ചെമ്പകപ്പാറ

12. കാട്ടാക്കട-കള്ളിക്കാട്-പന്ത-കുട്ടപ്പൂ

13. കാട്ടാക്കട-കള്ളിക്കാട്-പന്ത-ചെമ്പകപ്പാറ

14. പൂഴനാട്-മണക്കാല-വാഴിച്ച

(സി) പ്രസ്തുത ഡിപ്പോകളിൽ ബസ്സിന്റെ കുറവുകാരണം ഏതെങ്കിലും ഷെഡ്യൂളുകൾ റദ്ദാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾമൂലം യാത്രക്കാർ കുറവായതിനാൽ പൂവാർ, നെയ്യാറ്റിൻകര, പാറശ്ശാല, വെള്ളറട, കാട്ടാക്കട ഡിപ്പോകളിൽനിന്നും ചില സർവ്വീസുകൾ താൽക്കാലികമായി റദ്ദാക്കിയിട്ടുണ്ട്. പ്രസ്തുത ഷെഡ്യൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>പൂവാർ</u>

1. മാങ്കൂട്ടം-കാട്ടാക്കട
2. മാങ്കൂട്ടം-മെഡിക്കൽ കോളേജ്
3. പ്ലാംത്തോട്ടം-മെഡിക്കൽ കോളേജ്
4. പഴവിള-മെഡിക്കൽ കോളേജ്
5. കുളത്തൂർ-തിരുവനന്തപുരം

<u>നെയ്യാറ്റിൻകര</u>

1. സി.വി.ആർ. പുരം-കളിയിക്കാവിള
2. കോട്ടുക്കോണം-മൂവേരിക്കര

<u>പാറശ്ശാല</u>

1. പാറശ്ശാല-നെടുമങ്ങാട്
2. പാറശ്ശാല-മുള്ളുകാട്-മെഡിക്കൽ കോളേജ്
3. പാങ്ങോട്ടുകോണം-തിരുവനന്തപുരം
4. പാറശ്ശാല-ആലമ്പാറ-തിരുവനന്തപുരം
5. പാറശ്ശാല-കാരോട്-തിരുവനന്തപുരം

6. പാറശ്ശാല-പുതുക്കളം-മെഡിക്കൽകോളേജ്

7. പാറശ്ശാല-ഞാറക്കാല-തിരുവനന്തപുരം

8. പാറശ്ശാല-ചെങ്കവിള-തിരുവനന്തപുരം

9. പാറശ്ശാല-പൂഴിക്കുന്ന്

10. പാറശ്ശാല-കുളത്തൂർ-തിരുവനന്തപുരം.

<u>വെള്ളറട</u>

1. വെള്ളറട-കളിയിക്കാവിള (ഇടവാച്ചൽ, തിരുവനന്തപുരം, കണ്ണമ്മൂല, മെഡിക്കൽ കോളേജ്, നെടുമ്പലി-തിരുവനന്തപുരം വഴി)

<u>കാട്ടാക്കട</u>

1. കുടയാൽ-കളിയിക്കാവിള

2. കാട്ടാക്കട-മായം

3. ആറ്റൂർ-വാഴിച്ചൽ

4. മണക്കാല-വാഴിച്ചൽ

(ഡി) 12-7-2021-ന് കെ.എസ്.ആർ.ടി.സി. പാറശ്ശാല ഡിപ്പോയിലെ ഒരു വിഭാഗം ജീവനക്കാർ നടത്തിയ മിന്നൽ പണിമുടക്കിനെത്തുടർന്ന് എട്ടിലധികം പേർ ജോലിക്ക് ഹാജരാകാതിരിക്കുകയും മൂന്നിലധികം ഷെഡ്യൂളുകൾ മുടങ്ങുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ കെ.എസ്.ആർ.ടി.സി. എന്ത് നടപടി സ്വീകരിച്ചുവെന്ന വിവരം അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി ജോലിക്ക് ഹാജരാകാതിരുന്ന ജീവനക്കാരിൽനിന്നും നേരിൽ വിശദീകരണം കേൾക്കുന്ന തിനായി ഹാജരാകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണത്തിന്റെ അടിസ്ഥാ നത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

237 (4625) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കായംകുളം, ഹരിപ്പാട്, മാവേലിക്കര ഡിപ്പോകളിൽനിന്നും എത്ര ഷെഡ്യൂളുകളാണ് ദിനംപ്രതി ഓപ്പറേറ്റ് ചെയ്യുന്നതെന്ന് അറിയിക്കാമോ?

നിലവിൽ മാവേലിക്കര ഡിപ്പോയിൽനിന്നും 26-ഉം കായംകുളത്തുനിന്നും 29-ഉം ഹരിപ്പാടുനിന്നും 28-ഉം ഷെഡ്യൂളുകളാണ് ദിനംപ്രതി ഓപ്പറേറ്റ് ചെയ്തുവരുന്നത്.

(ബി) എത്ര അന്തർസംസ്ഥാന സർവ്വീസുകൾ ഈ ഡിപ്പോകളിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; ഓരോ ഡിപ്പോയിലുമുള്ള ബസ്സുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

മാവേലിക്കര ഡിപ്പോയിൽനിന്നും തെങ്കാശിയിലേയ്ക്ക് ഒരു അന്തർസംസ്ഥാന സർവ്വീസ് നിലവിലുണ്ട്. എന്നാൽ തമിഴ്നാട് സർക്കാരിന്റെ കോവിഡ്-19 നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ ടി സർവ്വീസ് താൽക്കാലികമായി നിർത്തിയിരിക്കുകയാണ്. 4-8-2021-ലെ കണക്കുപ്രകാരം മാവേലിക്കര ഡിപ്പോയിൽ 28-ഉം കായംകുളത്ത് 32-ഉം ഹരിപ്പാട് 29-ഉം എണ്ണം ബസ്സുകളാണുള്ളത്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പ്രാന്ത പ്രദേശങ്ങളിൽ ബസ് സർവ്വീസ്**

238 (4626) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി ടൗണുകളിലൂടെ മാത്രമാണ് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിലവിലുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി ടൗണുകൾ കൂടാതെ വാണിയംകുളം പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിൽകൂടിയും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ നഗരസഭകളുടെയും പഞ്ചായത്തുകളുടെയും പ്രാന്തപ്രദേശങ്ങളിലൂടെ സുഗമമായ റോഡ് സൗകര്യം ഉണ്ടായിട്ടും ബസ് സർവ്വീസ് നടത്താത്തതിന്റെ കാരണം വിശദമാക്കാമോ?

പെരുന്തൽമണ്ണ-ചെറുകര-തക്കപാറ-നാട്യമംഗലം, കോപ്പം, മുളയൻകാവ് വഴി ചെർപ്പുളശ്ശേരി എന്ന ഒരു സർവ്വീസ് കെ.എസ്.ആർ.ടി.സി. നടത്തിയിരുന്നു. ടി സർവ്വീസ് വരുമാനക്കുറവും, കോവിഡ് നിയന്ത്രണങ്ങൾമൂലവും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നില്ല.

(സി) ബസ് സർവ്വീസ് ഇല്ലാത്ത റൂട്ടുകളിൽ പുതുതായി സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സാദ്ധ്യതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാൻ നടപടി

239 (4627) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയത്ത് കെ.എസ്.ആർ. ടി.സി.-യുടെ അധീനതയിലുള്ള സ്ഥലവും കെട്ടിടവും നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

&

(ബി) പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥത നാളിതുവരെ കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറ്റം ചെയ്യിട്ടില്ലാത്തതിനാൽ മുണ്ടക്കയത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല.

(സി) മുണ്ടക്കയത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മുണ്ടക്കയത്ത് കെ.എസ്.ആർ.ടി.സി ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല.

## കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ

240 (4628) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരേക്കറോളം വരുന്ന പാറപ്രദേശം ഉപയോഗയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ കോമ്പൗണ്ട് വാളുകൾ ഇല്ലാത്ത ഈ ഡിപ്പോയിൽ പ്രസ്തുത പാറകൾ പൊട്ടിച്ചെടുത്തുപയോഗിച്ച് കോമ്പൗണ്ട് വാളുകൾ പണിയുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ പദ്ധതികൾ പരിഗണനയലില്ല.

(സി) നിർദ്ദിഷ്ട ന്യൂബൈപാസ് കടന്നുവരുന്നത് ഈ പ്രദേശത്തു കൂടിയാണെന്നത് പരിഗണിച്ച് പ്രസ്തുത ഡിപ്പോ കോമ്പൗണ്ടിൽ ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കാമോ?

പരിഗണനയിലില്ല

(ഡി) കെ.എസ്.ആർ.ടി.സി. ആരംഭിക്കുവാനുദ്ദേശിച്ചിട്ടുള്ള ഫ്യുവൽ പമ്പുകളുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രസ്തുത ഡിപ്പോയിൽ ഒരു ഫ്യുവൽ പമ്പ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പമ്പുകളുള്ള 67 ഡിപ്പോകളിൽ റീട്ടെയിൽ ഫ്യുവൽ ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ കോതമംഗലം ഡിപ്പോയും ഉൾപ്പെട്ടിട്ടുണ്ട്.

**വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ**

241 (4629) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിനെ സബ് ഡിപ്പോ ആയി ഉയർത്തുവാനും ജില്ലാതല വർക്ക്ഷോപ്പ് ആരംഭിക്കുവാനും വേണ്ട നടപടിക്രമങ്ങൾ ഏതുവരെയായി?

&

(ബി) പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുവാനും എന്ന് പൂർത്തീകരിക്കാനും കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) നിലവിൽ വടക്കാഞ്ചേരിയിൽ ഓപ്പറേറ്റിംഗ് സെന്ററാണ് പ്രവർത്തിച്ചുവരുന്നത്. കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ആയത് സബ് ഡിപ്പോയായി ഉയർത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. കെ.എസ്.ആർ.ടി.സി. വടക്കാഞ്ചേരി ഡിപ്പോയിൽ ജില്ലാ വർക്ക്ഷോപ്പ് നിർമ്മിക്കുന്ന പ്രവൃത്തിയ്ക്കായി കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultant ആയ M/s. HLL Lifecare Ltd. സമർപ്പിച്ച 4,71,02,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 6-5-2021-ൽ പ്രവൃത്തിയ്ക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. വർക്ക്ഷോപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരുവാണിയൂർ സിറ്റി വഴി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

242 (4630) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാണിയൂർ സിറ്റി വഴി സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സുകൾ പരിമിതമായതിനാൽ ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ കെ.എസ്.ആർ.ടി.സി. പിറവം ഡിപ്പോയിൽനിന്നും തിരുവാണിയൂർ വഴി ഒരു ഫാസ്റ്റും, നാല് ഓർഡിനറി ഷെഡ്യൂളുകളും (ആകെ 13 ട്രിപ്പുകൾ) സർവ്വീസ് നടത്തുന്നുണ്ട്.

(ബി) തിരക്കുള്ള സമയങ്ങളിൽ മൂവാറ്റുപുഴ-എറണാകുളം റൂട്ടിൽ സർവ്വീസ് നടത്തുന്ന മൂന്നോ നാലോ കെ.എസ്.ആർ.ടി.സി. ബസ്സുകൾ തിരുവാണിയൂർ സിറ്റി വഴി കടന്നുപോകുന്ന വിധത്തിൽ റൂട്ട് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മൂവാറ്റുപുഴ-എറണാകുളം റൂട്ട് പൂർണ്ണമായും ദേശസാൽക്കരിച്ചിട്ടുണ്ട്. പ്രസ്തുത റൂട്ടിലൂടെ മൂവാറ്റുപുഴ, എറണാകുളം എന്നീ ഡിപ്പോകളിൽനിന്നും ചെയിൻ സർവ്വീസുകൾ നടത്തിവരുന്നു. ഈ സർവ്വീസുകൾ തിരുവാണിയൂർ സിറ്റി വഴി കടന്നുപോകുന്ന വിധത്തിൽ ക്രമീകരിക്കുന്നത് നേരിട്ടുള്ള യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും, ദേശസാൽകൃത റൂട്ടിൽ യാത്രാക്ലേശം ഉണ്ടാകുമെന്നതിനാലും ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

## അരൂക്കുറ്റി-തിരുവനന്തപുരം ഫാസ്റ്റ് സർവ്വീസുകൾ

243 (4631) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റിയിൽനിന്ന് രാവിലെ 5 മണിക്ക് തിരുവനന്തപുരത്തേയ്ക്ക് പുറപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിർത്തലാക്കിയിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൃത്യമായ ഇടവേളകളിൽ മെച്ചപ്പെട്ട യാത്രാ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം-തൃശ്ശൂർ റൂട്ടിൽ സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ ചെയിൻ സർവ്വീസുകൾ ക്രമീകരിച്ച സാഹചര്യത്തിലാണ് ചേർത്തല ഡിപ്പോയിൽനിന്നുള്ള അരൂക്കുറ്റി-തിരുവനന്തപുരം ഷെഡ്യൂൾ നിർത്തലാക്കിയിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം കൂടുതൽ ലഭിക്കുന്ന എത്ര സർവ്വീസുകളാണ് സംസ്ഥാനത്ത് ഇപ്പോൾ നിർത്തലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

കോവിഡ് മഹാമാരിയെത്തുടർന്നുള്ള യാത്രാ നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ചാണ് സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളത്. 2020 ജനുവരി മാസത്തിൽ കെ.എസ്.ആർ.ടി.സി. ശരാശരി 4425 സർവ്വീസുകളാണ്

പ്രതിദിനം നടത്തിവന്നിരുന്നത്. കോവിഡ് നിയന്ത്രണങ്ങളുള്ളതിനാൽ 2021 ജൂലൈ മാസത്തെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 3090 സർവ്വീസുകളാണ് നടത്തിയത്. ഇപ്രകാരം 1335 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

(സി) അരുക്കുറ്റി-തിരുവനന്തപുരം ഫാസ്റ്റ് സർവ്വീസ് പുനരാരംഭിക്കാമോ; ആയതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് സർവ്വീസ് പുനരാരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

**നാഗർകോവിൽ-കന്യാകുമാരി റൂട്ടിലെ ബസ് സർവ്വീസുകൾ**

244 (4632) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒന്നര വർഷക്കാലമായി നിർത്തിവച്ചിരിക്കുന്ന നെയ്യാറ്റിൻകര-നാഗർകോവിൽ-കന്യാകുമാരി റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

&

(ബി) പ്രസ്തുത സർവ്വീസുകൾ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം തമിഴ്നാട് സർക്കാർ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് നെയ്യാറ്റിൻകര-നാഗർകോവിൽ-കന്യാകുമാരി റൂട്ട് ഉൾപ്പെടെ തമിഴ്നാട്ടിലേയ്ക്കുള്ള എല്ലാ സർവ്വീസുകളും കോർപ്പറേഷൻ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്. പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിൽനിന്നും അനുകൂലമായ അനുമതി ലഭ്യമാകുന്നമുറയ്ക്ക് തമിഴ്നാട്ടിലേയ്ക്കുള്ള നെയ്യാറ്റിൻകര- നാഗർകോവിൽ-കന്യാകുമാരി ഉൾപ്പെടെയുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

## തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ

245 (4633) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും നിലവിലുള്ള ബസ് സർവ്വീസുകളുടെ ഷെഡ്യൂൾ അറിയിക്കാമോ?

നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും നിലവിൽ 32 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) നിലവിൽ എത്ര സർവ്വീസുകൾ വെട്ടിച്ചുരുക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡ് ലോക്ഡൗണിനുമുമ്പ് 2020 ജനുവരിയിൽ പ്രതിദിനം ശരാശരി 36 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. 4 ഷെഡ്യൂളുകൾ കോവിഡ് നിയന്ത്രണംമൂലം താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ഡിപ്പോയിൽ കൂടുതൽ ബസ്സ് സർവ്വീസുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് നിയന്ത്രണങ്ങളിൽ പൂർണ്ണമായും ഇളവുകൾ നൽകുന്ന മുറയ്ക്ക് കോർപ്പറേഷനും യാത്രക്കാർക്കും ഗുണകരമാകുന്നരീതിയിൽ കൂടുതൽ സർവ്വീസുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിൽ നിർത്തലാക്കിയ സർവ്വീസുകൾ

246 (4634) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം പട്ടാമ്പി മണ്ഡലത്തിൽ സർവ്വീസ് നടത്തിയിരുന്നതും നിലവിൽ സർവ്വീസ് നിർത്തലാക്കിയിട്ടുള്ളതുമായ ട്രാൻസ്പോർട്ട് ബസ്സുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ?

(എ&ബി) പട്ടാമ്പി നിയോജക മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഡിപ്പോകളില്ല. ടി മണ്ഡലത്തിൽക്കൂടി കടന്നുപോയിരുന്നതും എന്നാൽ ഇപ്പോൾ നിർത്തി വച്ചിട്ടുള്ളതുമായ സർവ്വീസുകൾ ചുവടെ ചേർക്കുന്നു :

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നമ്പർ | സമയം | സർവ്വീസുകൾ |
|---|---|---|
| 1. | 05.30 | തിരുവമ്പാടി-മൂന്നാർ |
| 2. | 06.00 | പൊന്നാനി-കോയമ്പത്തൂർ |
| 3. | 07.00 | പൊന്നാനി-കോയമ്പത്തൂർ |
| 4. | 07.15 | പെരിന്തൽമണ്ണ-നാട്ട്യമംഗലം-കൊപ്പം-ചെർപ്പുളശ്ശേരി |
| 5. | 07.10 | കൽപ്പറ്റ-പാലക്കാട് |
| 6. | 05.30 | കൽപ്പറ്റ-തൃശ്ശൂർ |
| 7. | 05.20 | മലപ്പുറം-പാലക്കാട് |
| 8. | 04.15 | പാലക്കാട്-കാടാമ്പുഴ |
| 9. | 13.35 | പാലക്കാട്-കോയമ്പത്തൂർ-തിരൂർ |
| 10. | 05.15 | മണ്ണാർക്കാട്-എറണാകുളം ജെട്ടി |
| 11 | 06.00 | സുൽത്താൻബത്തേരി-പാലക്കാട് |
| 12. | 06.45 | സുൽത്താൻബത്തേരി-തൃശ്ശൂർ |
| 13. | 08.10 | സുൽത്താൻബത്തേരി-തൃശ്ശൂർ |
| 14. | 13.40 | സുൽത്താൻബത്തേരി-പെരിന്തൽമണ്ണ |

കോവിഡ്-19 വ്യാപനം കുറയുന്ന മുറയ്ക്കും യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും അന്തർസംസ്ഥാന സർവ്വീസുകൾക്ക് തമിഴ്നാട് സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കും സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ

247 (4635) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെ വിശദവിവരം ലഭ്യമാക്കുമോ; ഇവിടെനിന്നും പുതുതായി സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാവേലിക്കര ഡിപ്പോയിൽനിന്നും നിലവിൽ 26 സർവ്വീസുകൾ (സൂപ്പർ ഫാസ്റ്റ്-3, ഫാസ്റ്റ്-8, ഓർഡിനറി-15) ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പുതുതായി ഏതെങ്കിലും സർവ്വീസുകൾ ആവശ്യമാണെന്ന അപേക്ഷ ലഭിക്കുന്ന പക്ഷം സാദ്ധ്യതാ പഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഡിപ്പോയിൽ പുതിയ പമ്പ് ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇത് എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി.-യിൽ IOCL തുടങ്ങുന്ന റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകളിൽ ഒന്ന് മാവേലിക്കര ഡിപ്പോയിലാണ് ആരംഭിക്കുന്നത്. ഇത് സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(സി) ഡിപ്പോയിലെ വർക്ക്ഷോപ്പ് ഗ്യാരേജ് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മാറ്റുവാനുള്ള കാരണം വ്യക്തമാക്കുമോ?

ഡിപ്പോയിലെ വർക്ക്ഷോപ്പ് ഗ്യാരേജ് മാറ്റുന്നതിന് തീരുമാനിച്ചിട്ടില്ല.

## മാനന്തവാടി ഡിപ്പോയിൽ ഇന്ധനപ്പമ്പ്

248 (4636) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലത്തു തന്നെ ഇന്ധനപ്പമ്പ് സ്ഥാപിക്കുന്നതിന് നിലവിലെ ബുദ്ധിമുട്ട് എന്താണെന്ന് അറിയിക്കാമോ?

മാനന്തവാടി ഡിപ്പോയിൽ നിലവിൽ പഴയ ഗ്യാരേജ് സ്ഥിതിചെയ്യുന്ന സ്ഥലത്താണ് പമ്പ് സ്ഥാപിച്ചിട്ടുള്ളത്. പുതിയ ഡിപ്പോ പരിസരം മഴക്കാലത്ത് വെള്ളം കയറുന്ന സ്ഥലമായതുകൊണ്ട് അവിടെ പമ്പ് സ്ഥാപിക്കുവാൻ ബുദ്ധിമുട്ടാണ്.

എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ പുതിയ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നിലവിൽ ഡിപ്പോ പ്രവർത്തിക്കുന്ന സ്ഥലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നതിന് പരിഹാരമാർഗ്ഗം ഉണ്ടായാൽ മാത്രമെ പമ്പ് സ്ഥാപിക്കുന്നത് പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ബി) ഡീസൽ നിറയ്ക്കുന്നതിനായിമാത്രം ബസ്സുകൾ മറ്റൊരു സ്ഥലത്തേയ്ക്ക് ഓടുന്നത് വകുപ്പിന് നഷ്ടം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഓരോ ദിവസവും ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കിയതിനുശേഷം പ്രതിവാര, പ്രതിദിന മെയിന്റനൻസ് പരിശോധനയ്ക്കായി ഗ്യാരേജിൽ എത്തി ഡീസൽ നിറയ്ക്കുകയും അവിടെ പാർക്ക് ചെയ്യുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഡീസൽ നിറയ്ക്കുന്നതിനുമാത്രമായി നഷ്ടം ഉണ്ടാകുന്നില്ല.

(സി) വരുമാനം വർദ്ധിപ്പിക്കുന്നതിനായി മാനന്തവാടിയിലെ പഴയ കെ.എസ്.ആർ.ടി.സി. ഡിപ്പോയുണ്ടായിരുന്ന സ്ഥലത്ത് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

**കൊച്ചി നഗരത്തിലേക്ക് ബസ്സുകൾ പ്രവേശിക്കുന്നതിലെ തടസ്സങ്ങൾ**

249 (4637) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽനിന്നും കൊച്ചി നഗരത്തിലേക്ക് ബസ്സുകൾ പ്രവേശിക്കുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിവിധ കാലങ്ങളിൽ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവുകൾ അനുസരിച്ച് കൊച്ചി നഗര പ്രദേശത്തെ പ്രധാന റോഡുകളായ ഷൺമുഖം റോഡ്, ബാനർജി റോഡ്, എം.ജി. റോഡ്, സഹോദരൻ അയ്യപ്പൻ റോഡ് എന്നിവ ദേശസാൽക്കരണ റൂട്ടുകളിൽ ഉൾപ്പെടുകയും ഈ റോഡുകളിൽ സ്വകാര്യ ബസ്സുകളുടെ സർവ്വീസുകൾ നിബന്ധനകൾക്ക് വിധേയമായി നിയന്ത്രിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വിവിധ ദേശസാൽകൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽനിന്നും എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യ ബസ്സുകൾക്ക് കടന്നുവരുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ട്. 14-7-2009-ലെ 42/2009/Tran. നമ്പർ ദേശസാൽകൃത സ്കീം പ്രകാരം എറണാകുളം-കോട്ടയം, എറണാകുളം-തൃശ്ശൂർ, തിരുവനന്തപുരം-കണ്ണൂർ എന്നീ റൂട്ടുകളും 2017-ലെ എറണാകുളം-മൂവാറ്റുപുഴ ദേശസാൽകൃത സ്കീമും, 1965-ലെ എറണാകുളം-ചേർത്തല, എറണാകുളം-ആലപ്പുഴ തുടങ്ങിയ റൂട്ടുകൾ ഉൾക്കൊള്ളുന്ന

സ്കീമുകളും എറണാകുളം ടൗണിലൂടെ കടന്നുപോകുന്നുണ്ട്. ടി സ്കീമുകൾ പ്രകാരം സ്വകാര്യ ബസ്സുകൾക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് ദേശസാൽകൃത റൂട്ടുകളിലേയ്ക്ക് വേരിയേഷൻ നടത്തി നൽകുന്നതിനോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ സ്വകാര്യ ബസ്സുകൾക്ക് എറണാകുളം ടൗണിലേയ്ക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് റൂട്ട് വേരിയേഷൻ നൽകുന്നതിനോ നിയമപരമായി കഴിയാത്തതാണ്. ഈ നിബന്ധനകൾ പ്രകാരം സിറ്റി സർവ്വീസ് ബസുകൾ മാത്രമാണ് ഈ നോട്ടിഫി ക്കേഷനുകളിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പംതന്നെ നിലവിലുള്ള സിറ്റി സർവ്വീസുകളുൾപ്പെടെ പുതുതായി കൂട്ടിച്ചേർക്കലുകളോ മാറ്റം വരുത്തലുകളോ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വൈപ്പിൻ കരയിൽനിന്ന് വരുന്ന വാഹനങ്ങൾ സിറ്റി പെർമിറ്റിൽ ഇല്ലാത്ത മൊഫ്യൂസൽ വിഭാഗത്തിൽപ്പെടുന്നതുകൊണ്ടാണ് നഗര പ്രവേശം അസാദ്ധ്യമായിട്ടുവരുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ വൈപ്പിനിൽനിന്നും കൊച്ചി നഗരത്തിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് യാതൊരു തടസ്സവുമില്ലാത്തതാണ്.

(ബി) ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തെ പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. ഈ പഠനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ വൈപ്പിൻ കരയിലൂടെ ഓടുന്ന ബസ്സുകളുടെയും യാത്രക്കാരുടെയും ഇടയിൽ വിവരശേഖരണം നടത്തിവരുന്നു.

(സി) പ്രസ്തുത സ്ഥാപനം ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

റിപ്പോർട്ട് സമർപ്പിക്കുവാൻ 4 മാസത്തെ സമയം NATPAC ആവശ്യപ്പെട്ടിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി**

250 (4638) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ യാത്രയ്ക്കായി ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സ്വകാര്യ ബസ്സുകളെയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സ്വകാര്യ ബസ്സുകളെയും കെ.എസ്.ആർ.ടി.സി. ബസ്സുകളെയും ജനങ്ങൾ യാത്രയ്ക്കായി ആശ്രയിക്കുന്നുണ്ട്. ഹ്രസ്വദൂര യാത്രകൾക്കായി പ്രൈവറ്റ് ബസ്സുകളെയാണ് കൂടുതലായി ആശ്രയിക്കുന്നത്. എന്നാൽ ദീർഘദൂര യാത്രകൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകളാണ് ഉപയോഗിക്കുന്നത്. നിലവിൽ കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, താമരശ്ശേരി, തിരുവമ്പാടി, തൊട്ടിൽപാലം, വടകര എന്നീ ഡിപ്പോകളിൽനിന്നുമായി 180 സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്തുവരുന്നു.

(ബി) കോവിഡ് പ്രതിസന്ധിമൂലം സ്വകാര്യ ബസ് സർവ്വീസ് പാടെ നിർത്തലാക്കിയതിനാൽ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിൽ നിലവിൽ 180 സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്തുവരുന്നു. കോഴിക്കോട് ജില്ലയിൽ എല്ലാ സ്വകാര്യ ബസ്സുകളും സർവ്വീസ് നിർത്തലാക്കിയിട്ടില്ല. ആകെ 865 സ്വകാര്യ ബസ്സുകളാണ് ജില്ലയിലുള്ളത്. അവയിൽ 527 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 338 ബസ്സുകൾക്ക് നികുതി ഒഴിവാക്കുന്നതിനുള്ള ജി ഫോം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) അതിരൂക്ഷമായ യാത്രാക്ലേശം അനുഭവിക്കുന്ന പ്രദേശങ്ങളിലേക്ക് ബസ്സ് സർവ്വീസ് അനുവദിക്കുന്നതിനായി എം.എൽ.എ.-മാർ പ്രത്യേകം കത്ത് നൽകിയിരുന്നോ?

വിവിധ പ്രദേശങ്ങളിലേയ്ക്ക് ബസ്സ് സർവ്വീസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ കത്തുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ എം.എൽ.എ.-മാർ ആവശ്യപ്പെട്ട പ്രകാരം കെ.എസ്. ആർ.ടി.സി. അനുവദിച്ച ബസ്സുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി. 2020 ജനുവരിയിൽ ശരാശരി 4425 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നുവെങ്കിലും കോവിഡ് വ്യാപനംമൂലമുള്ള നിയന്ത്രണങ്ങളാൽ 2021 ജൂലൈയിൽ ശരാശരി 3090 സർവ്വീസ് മാത്രമാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്. എന്നിരുന്നാലും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ആവശ്യപ്പെട്ട റൂട്ടുകളിൽ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## അപകടകരമായി വാഹനമോടിക്കുന്ന കണ്ടെയ്നർ ലോറി ഡ്രൈവർമാർക്കെതിരെ നടപടി

251 (4639) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരം കയറ്റിയ ബഹുചക്രവാഹനങ്ങളും കണ്ടെയ്നർ/ടാങ്കർ ലോറികളും നാലുവരിപ്പാതയിലൂടെ വലതുവശം ചേർന്ന് മറ്റ് വാഹനങ്ങൾക്ക് തടസ്സം സൃഷ്ടിച്ച് സഞ്ചരിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ മോട്ടോർ വാഹന നിയമങ്ങൾ ലംഘിച്ചും മറ്റ് വാഹനങ്ങൾക്ക് മാർഗ്ഗതടസ്സം സൃഷ്ടിച്ചും അപകടമുണ്ടാക്കുന്ന വിധവും സർവ്വീസ് നടത്തുന്ന ഇത്തരം വാഹനങ്ങളുടെ ഡ്രൈവർമാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാറുള്ളത്?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ടെത്തിയാൽ ഉടൻതന്നെ ഇത്തരം നിയമ ലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും, അപകടമുണ്ടാക്കുന്ന പക്ഷം ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ലെയ്ൻ ട്രാഫിക് ലംഘനത്തിന് 427 കേസുകൾ എടുക്കുകയും, 81,600 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതോടനുബന്ധിച്ച് കോടതിയിൽ കേസ് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മറ്റ് വാഹനങ്ങൾക്ക് മാർഗ്ഗതടസ്സം സൃഷ്ടിച്ചും അപകടകരമായും വാഹനമോടിക്കുന്ന ഇത്തരം ലോറി ഡ്രൈവർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

കർശന നടപടി സ്വീകരിക്കുന്നതാണ്.

## ട്രാഫിക് നിയമലംഘനങ്ങൾ

252 (4640) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാഫിക് നിയമലംഘനങ്ങൾ തടയുവാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ട്രാഫിക് നിയമലംഘനങ്ങൾ തടഞ്ഞ് അപകടങ്ങൾ കുറയ്ക്കുന്നതിനായി 24 മണിക്കൂറും സേവനസജ്ജമായ 85 സ്ക്വാഡുകൾ സേഫ് കേരള പ്രോജക്റ്റിന്റെ ഭാഗമായി സംസ്ഥാനത്തിലെ നിരത്തുകളിൽ പരിശോധന നടത്തിവരുന്നു. സേഫ് കേരള പ്രോജക്റ്റിന്റെ ഭാഗമായി നിർമ്മിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന 700-ൽപ്പരം ANPR (Automatic Number Plate Recognition) ക്യാമറകളും ഉടനെ വിന്യസിക്കുന്നതാണ്. Intelligent Transport System-ത്തിന്റെ ഭാഗമായി Automated enforcement രീതി ഉപയോഗിച്ച് ട്രാഫിക് ലംഘനങ്ങൾ കണ്ടെത്തി ലംഘകരെ നിയമത്തിനുമുന്നിൽകൊണ്ടുവരിക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. അപകടങ്ങളെ ശാസ്ത്രീയമായി രേഖപ്പെടുത്തി പഠന വിധേയമാക്കി അപകട മേഖലകൾ കണ്ടെത്തി പരിഹാരനിർദ്ദേശം നൽകുന്നതടക്കം ഉൾപ്പെട്ട Indian Road Accident Database സംസ്ഥാനത്ത് നിലവിൽ വരുത്തുന്നതിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുകഴിഞ്ഞു.

## എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് ഓഫീസ്

253 (4641) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് ഓഫീസുകളില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എല്ലാ ജില്ലകളിലും സേഫ് കേരള ഓഫീസുകൾ തുടങ്ങുന്നതിനായി കെൽട്രോണിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, പാലക്കാട്, കോട്ടയം എന്നീ ആറ് ഓഫീസുകളുടെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) ആർ.ടി.ഒ.-എസ്.ആർ.ടി.ഒ. ഓഫീസുകളിലെ ഉദ്യോഗസ്ഥർ കേസെഴുതിയാൽ കേസിനെ സംബന്ധിച്ച പ്രിന്റഡ് റസീപ്റ്റ് പലപ്പോഴും നൽകാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-പോസ് മെഷീനിൽ പ്രിന്റർ ഇല്ലാത്തതാണ് കാരണമെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇ-പോസ് മെഷീൻ വാങ്ങി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മോട്ടോർ വാഹന വകുപ്പിൽ എത്ര കോടി രൂപയുടെ നികുതിക്കുടിശ്ശികയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക ജില്ല തിരിച്ച് താഴെ നൽകുന്നു :

| | |
|---|---|
| Trivandrum | 51.44 Cr. |
| Kollam | 68.08 Cr. |
| Pathanamthitta | 20.05 Cr. |
| Alappuzha | 9.73 Cr. |
| Idukki | 11.16 Cr. |
| Kottayam | 39.21 Cr. |
| Ernakulam | 129.58 Cr. |
| Thrissur | 141.99 Cr. |
| Palakkad | 54.9 Cr. |
| Malappuram | 106.75 Cr. |
| Kozhikode | 33.58 Cr. |
| Wayanad | 7.76 Cr. |
| Kannur | 67.05 Cr. |
| Kasargod | 30.89 Cr. |
| Total | 772.17 Cr. |

പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട തഹസീൽദാർമാർ, വില്ലേജ് ഓഫീസർമാർ എന്നിവരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.-യിലുള്ള വാഹനങ്ങൾ**

254 (4642) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് പൊതുജന സഞ്ചാരത്തിനല്ലാതെ എത്ര വാഹനങ്ങളുണ്ടെന്ന് ഇനം തിരിച്ചും ജില്ല തിരിച്ചും വെളിപ്പെടുത്തുമോ?

കെ.എസ്.ആർ.ടി.സി. പൊതുജന സഞ്ചാരത്തിനല്ലാതെ ഉപയോഗിക്കുന്ന വാഹനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ വാഹനങ്ങൾക്കായി ഓരോ വർഷവും കെ.എസ്.ആർ.ടി.സി. ചെലവഴിക്കുന്ന തുക എത്രയാണ്; വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യിലെ പൊതുജന സഞ്ചാരത്തിനല്ലാതെയുള്ള വാഹനങ്ങൾക്ക് ചെലവഴിക്കുന്ന തുക പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(സി) ഇത്തരം വാഹനങ്ങളിൽ എത്രയെണ്ണം ഉപയോഗയോഗ്യം അല്ലാത്തതായുണ്ടെന്നും അവയുടെ നിലവിലെ അവസ്ഥ എന്തെന്നും വിശദമാക്കുമോ?

5 സ്റ്റാഫ് കാറുകൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ സ്ക്രാപ്പ് ചെയ്യുന്നതിനായി വർക്ക്ഷോപ്പുകളിൽ സൂക്ഷിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ പൊതുജന സഞ്ചാരത്തിനായി എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ;

&

(ഇ) ആയത് ആകെ ബസ്സുകളുടെ എത്ര ശതമാനമാണെന്നും അവയിൽ എത്രയെണ്ണം ഓർഡിനറി സർവ്വീസുകളായി സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ?

(ഡി&ഇ) 2-8-2021-ലെ കണക്കനുസരിച്ച് 3109 സർവ്വീസുകൾ നടത്തിയിട്ടുണ്ട്. ഇത് ആകെ ബസ്സുകളുടെ 50 ശതമാനമാണ്. ആകെ സർവ്വീസ് നടത്തുന്ന 3109 ബസ്സുകളിൽ 2057 ബസ്സുകൾ ഓർഡിനറി സർവ്വീസുകളാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ഫ്രണ്ട്സ് ജനസേവന കേന്ദ്രം

255 (4643) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ മുഖേന വാഹന സംബന്ധമായ വിവിധതരം നികുതികൾ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മോട്ടോർ വാഹന വകുപ്പിൽ വെബ് അധിഷ്ഠിത കേന്ദ്രീകൃത വാഹൻ/സാരഥി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ മുഖേനയാണ് നികുതി, ഫീസ് ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകിവരുന്നത്. ഇതുമുഖേന പൊതുജനങ്ങൾക്ക് മറ്റ് അനാവശ്യ ചെലവുകൾ ഇല്ലാതെതന്നെ സ്വന്തമായി സേവനങ്ങൾക്കുള്ള നികുതി, ഫീസ് എന്നിവ ഓൺലൈനിൽ ഒടുക്കാവുന്നതാണ്. കൂടാതെ അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ നടത്തിവരുന്ന ഇ-സേവാ കേന്ദ്രങ്ങൾ വഴി ചുരുങ്ങിയ ചെലവിൽ സാങ്കേതിക വൈദഗ്ധ്യമില്ലാത്ത പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട്സ് കേന്ദ്രത്തിന്റെ ആവശ്യം അവരുടെ ഫ്രീസ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നികുതി സ്വീകരിക്കുകയും അത് വാഹനിൽ സ്വയമേ അപ്ഡേറ്റ് ചെയ്യുകയും വേണമെന്നാണ്. ഇത് സാങ്കേതികമായി വളരെ സങ്കീർണ്ണമായതിനാൽ ഫ്രണ്ട്സ്, ജനസേവാ കേന്ദ്ര, ഇ-സേവാ തുടങ്ങിയ ഏജൻസികൾക്ക് വാഹനിൽ ലോഗിൻ ഐഡി നൽകുന്നതിന് സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്യു എൻ.ഐ.സി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ് ഫ്രീസ് സോഫ്റ്റ് വെയർ രൂപകൽപന നിർവ്വഹിച്ച് നടപ്പിൽ വരുത്തിയിരിക്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ എൻ.ഐ.സി.-യുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വാഹനുമായി ഇന്റഗ്രേഷൻ നടപ്പിൽ വരുത്തിയാൽ മാത്രമെ ഓഫീസ് സോഫ്റ്റ്‌വെയർ മുഖാന്തരം വാഹനിൽ നികുതി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾക്ക് വാഹൻ മുഖാന്തരം നേരിട്ട് നികുതി സ്വീകരിക്കുന്നതിന് സാങ്കേതികമായി യാതൊരു തടസ്സവുമില്ല.

(ബി) മുൻകാലങ്ങളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രം മുഖേന മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ ലഭ്യമായിരുന്നത് നിർത്തലാക്കിയത് എന്തു കൊണ്ടെന്ന് വിശദമാക്കാമോ?

മോട്ടോർ വാഹന വകുപ്പ് കമ്പ്യൂട്ടർവൽക്കരിച്ചതിനെ തുടർന്ന് നിർത്തലാക്കിയ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിലേക്കുള്ള മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ നിയമനം 11-1-2017-ലെ A2/4300/2001/TC നമ്പരായ ഉത്തരവ് പ്രകാരം തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പുനരാരംഭിച്ചിട്ടുണ്ട്.

## വാഹന രജിസ്ട്രേഷൻ

256 (4644) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നമ്പർ നൽകുന്ന രീതി വിശദമാക്കാമോ?

പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷനുള്ള അപേക്ഷയും ഫീസ്, ടാക്സ് തുടങ്ങിയവയും ഡീലർ ഓൺലൈൻ മുഖാന്തരം സമർപ്പിക്കുന്നു. കൂടാതെ മേൽവിലാസത്തിനുള്ള തെളിവ് തുടങ്ങിയ രേഖകൾ ഡീലർ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നു. പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങൾക്ക് വാഹന പരിശോധനയോ നേരിട്ടുള്ള അപേക്ഷയോ കൂടാതെ ഓൺലൈനായി ലഭ്യമായ അപേക്ഷയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽനിന്ന് മോട്ടോർ വാഹന നിയമം സെക്ഷൻ 41 (6) പ്രകാരം രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നു. ഇത് എസ്.എം.എസ്. മുഖേന ഉടമയെ അപ്പപ്പോൾതന്നെ അറിയിക്കുകയും ചെയ്യുന്നു. 'ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ്' ഡീലർ വാഹനത്തിൽ ഘടിപ്പിച്ചതിനുശേഷം മാത്രമേ വാഹനം വാങ്ങിയ ആൾക്ക് നൽകുവാൻ പാടുള്ളൂ. ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റിന്റെ വിവരങ്ങൾ ഡീലർ അപ്‌ലോഡ് ചെയ്യുന്നതിനനുസരിച്ച് വാഹൻ സോഫ്റ്റ്‌വെയറിൽനിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ലഭ്യമാവുകയും ഉടമയ്ക്ക് അയച്ചുനൽകുകയും ചെയ്യുന്നു.

(ബി) പുതിയ വാഹനങ്ങൾ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിൽക്കണ്ട് പരിശോധിച്ച് രജിസ്ട്രേഷൻ നമ്പർ നൽകുന്ന രീതി മാറ്റി, വാഹൻ സൈറ്റിൽ വാഹനത്തിന്റെയും ഉടമയുടെയും വിവരങ്ങൾ സംബന്ധിച്ച് അപ്‌ലോഡ് ചെയ്ത വിവരങ്ങൾ മാത്രം കണ്ട് രജിസ്ട്രേഷൻ നമ്പർ നൽകുന്നുണ്ടോ?

ഉണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 240 (E) അനുസരിച്ച് ഭേദഗതി ചെയ്ത കേന്ദ്ര മോട്ടോർ വാഹന ചട്ടം 48 B പ്രകാരം പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങളെയാണ് രജിസ്ട്രേഷനുവേണ്ടിയുള്ള പരിശോധനയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. ഷാസി വാങ്ങി ബോഡി നിർമ്മിക്കുന്ന വാഹനങ്ങളെ ഇതിൽനിന്നും ഒഴിവാക്കിയിട്ടില്ല. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ പദവിയിലുള്ള ഉദ്യോഗസ്ഥന് ഡീലറുടെ പക്കൽ വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുള്ള ഏത് വാഹനവും പരിശോധിക്കാൻ വ്യവസ്ഥയുണ്ട്.

(സി) എങ്കിൽ വാഹന ഡീലർമാർ എന്തെങ്കിലും തരത്തിലുള്ള തെറ്റായ വിവരണങ്ങൾ അപ്‌ലോഡ് ചെയ്താൽപോലും കണ്ടുപിടിക്കാൻ പ്രയാസമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര സർക്കാർ അംഗീകൃത ടെസ്റ്റിംഗ് ഏജൻസിയായ Automotive Research Association of India-യുടെ പരിശോധനയിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള മാതൃകയിൽ നിർമ്മിച്ച വാഹനങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്യാൻ അനുമതിയുള്ളത്. വാഹനങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും വാഹന നിർമ്മാതാക്കളാണ് വാഹൻ പോർട്ടലിൽ upload ചെയ്യുന്നത്. ഇത്തരത്തിൽ upload ചെയ്യപ്പെടുന്ന വിവരങ്ങളിൽ മാറ്റംവരുത്താൻ മറ്റാർക്കും അനുമതിയില്ല. ആയതിനാൽ വാഹനം രജിസ്റ്റർ ചെയ്തതിനുശേഷം കണ്ടെത്തുന്ന ന്യൂനതകൾക്ക് വാഹന നിർമ്മാതാവ് ഉത്തരവാദിയായിരിക്കും.

(ഡി) വാഹൻ സൈറ്റിൽ രജിസ്ട്രേഷൻ നമ്പർ നൽകുന്നതിന് മുമ്പായി വാഹനം കാണാതെ ഇൻസ്പെക്ടഡ് എന്ന് എ.എം.വി.ഐ.-മാർ രേഖപ്പെടുത്തുന്ന രീതി തെറ്റാണെന്ന് പരാതി ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേന്ദ്ര മോട്ടോർ വാഹന ചട്ടം 48 അനുസരിച്ച് പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങളെയാണ് രജിസ്ട്രേഷനുവേണ്ടിയുള്ള വാഹന പരിശോധനയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള രജിസ്ട്രേഷൻ നടപടിക്രമം നിയമാനുസൃതമാണ്.

(ഇ) നിർത്തലാക്കിയ ബി.എസ്. 4 വാഹനങ്ങൾപോലും ഡീലർമാർക്ക് ഇപ്രകാരം വിറ്റഴിക്കാൻ സാധിക്കുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

31-3-2020-ന് മുൻപ് വിൽപ്പന നടത്തുകയും വാഹനത്തിന്റെ വിവരങ്ങൾ വാഹൻ പോർട്ടലിൽ enter ചെയ്ത് Temporary registration അനുവദിക്കുകയും ചെയ്തശേഷം ലോക്ക്ഡൗൺ കാരണത്താൽ സ്ഥിര രജിസ്ട്രേഷൻ നടത്തുവാൻ കഴിയാത്ത BS IV വാഹനങ്ങൾക്ക് മാത്രമെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 13-8-2020-ലെ WP(C)No. 13029/1985 നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷന് അനുമതിയുള്ളൂ. വാഹൻ പോർട്ടലിൽ വാഹനത്തെ സംബന്ധിച്ച വിവരങ്ങൾ ചേർക്കുന്നതിന് ബന്ധപ്പെട്ട വാഹന നിർമ്മാതാവിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ മാറ്റം വരുത്തുവാനോ കൂട്ടിച്ചേർക്കുവാനോ ഡീലർമാർക്ക് സാദ്ധ്യമാകുകയില്ല. നിലവിലുള്ള സംവിധാനം അനുസരിച്ച് 31-3-2020-നുശേഷം BS IV വാഹനങ്ങൾ വിൽപ്പന നടത്തുകയോ രജിസ്ട്രേഷൻ അനുവദിക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തിക

257 (4645) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന് കീഴിൽ 2014-നുശേഷം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ?

426 ഒഴിവുകൾ.

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

377 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 48 ഒഴിവുകളിലേയ്ക്ക് തസ്തിക മാറ്റം വഴി നിയമനം നടത്തിയിട്ടുണ്ട്. ഒരൊഴിവ് തസ്തികമാറ്റത്തിനായി വകയിരുത്തിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ ഉത്തരവനുസരിച്ച് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയിൽ കേന്ദ്രസർക്കാർ S.O. 1215(E) dated 8-3-2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ AMVI-മാരുടെ യോഗ്യതയായി ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഹെവി ഡ്രൈവിംഗ് ലൈസൻസും ഈ തസ്തികയ്ക്ക് ആവശ്യമില്ലെന്ന ഭേദഗതി സംസ്ഥാനത്തിന് നിയമപരമായി പാലിക്കേണ്ടതുണ്ടോയെന്നും ഇപ്രകാരം ഭേദഗതി വരുത്തിയാൽ സംഭവിക്കുന്ന ഗുണ-ദോഷ വശങ്ങളും സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് വിജ്ഞാപനം നൽകുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയിൽ കേന്ദ്രസർക്കാർ S.O 1215(E) dated 8-3-2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ AMVI-മാരുടെ യോഗ്യതയായി ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഹെവി ഡ്രൈവിംഗ് ലൈസൻസും ഈ തസ്തികയ്ക്ക് ആവശ്യമില്ലെന്ന ഭേദഗതി സംസ്ഥാനത്തിന് നിയമപരമായി പാലിക്കേണ്ടതുണ്ടോയെന്നും, ഇപ്രകാരം ഭേദഗതി വരുത്തിയാൽ സംഭവിക്കുന്ന ഗുണ-ദോഷ വശങ്ങളും സർക്കാർ പരിശോധിച്ചുവരികയാണ്.

## ടൂറിസ്റ്റ് വാഹനമേഖലയിലെ പ്രതിസന്ധി

258 (4646) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയിൽ തകർന്ന ടൂറിസ്റ്റ് വാഹന മേഖലയെ സംരക്ഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ?

വാഹന നികുതിയിൽ ഇളവുകൾ അനുവദിച്ചതിന്റെയും നികുതി ഒടുക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകിയതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത വാഹനങ്ങളെ സംരക്ഷിക്കുന്നതിനായി ടയൽ റൺ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) പ്രസ്തുത കാലയളവിൽ വാഹനങ്ങൾക്കുമേലുള്ള നികുതി ഒഴിവാക്കുന്നതിനും വായ്പകൾക്ക് മൊറട്ടോറിയം നൽകുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പുതിയ പദ്ധതികൾ നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

1-4-2021, 1-7-2021 എന്നീ 2 ക്വാർട്ടർ നികുതി ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ലോൺ തിരിച്ചടവ് വിഷയത്തിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

## റോഡ് സുരക്ഷ അതോറിറ്റി

259 (4647) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷ അതോറിറ്റി രൂപീകൃതമായത് എന്നാണെന്ന് വ്യക്തമാക്കാമോ?

കേരള റോഡ് സുരക്ഷ അതോറിറ്റി 13-4-2007-ലാണ് രൂപീകൃതമായത്.

(ബി) രൂപീകൃതമായത് മുതൽ ഇതുവരെ ഓരോ വർഷവും ഒറ്റത്തവണ സെസ്സ് ഇനത്തിലെത്ര തുക ലഭിച്ചിട്ടുണ്ടെന്നും ട്രാഫിക് നിയമലംഘനത്തിന് ഈടാക്കിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ;

തുകയുടെ വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സർക്കാരിൽനിന്നും ഗ്രാന്റ് ഇനത്തിൽ പ്രതിവർഷം അതോറിറ്റിക്ക് ലഭിക്കുന്ന തുക എത്രയെന്ന് അറിയിക്കുമോ; റോഡ് സുരക്ഷയ്ക്കായി അതോറിറ്റി ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകാമോ?

2008-09 സാമ്പത്തിക വർഷം മുതൽ 2019-20 കാലയളവുവരെ ലഭിച്ചിട്ടുള്ള തുകയുടെ വിശദവിവരം, ചെലവാക്കിയ തുക എന്നിവ യഥാക്രമം അനുബന്ധം II*, III ആയി ചേർക്കുന്നു.*

## ആർ.ടി.ഒ. ചെക്ക് പോസ്റ്റുകൾ

260 (4648) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആകെ 19 ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളാണ് പ്രവർത്തിക്കുന്നത്.

(ബി) ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിൽനിന്നും പ്രതിവർഷം ലഭിക്കുന്ന ശരാശരി വരുമാനം എത്രയെന്ന് വിശദമാക്കുമോ?

ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിൽനിന്നും 2018-19-ൽ 66.73 കോടി രൂപയും 2019-20-ൽ 59.61 കോടി രൂപയും 2020-21-ൽ 33.99 കോടി രൂപയും ലഭ്യമായിട്ടുണ്ട്. ശരാശരി പ്രതിവർഷ വരുമാനം 53.45 കോടി രൂപയാണ്.

## പിഴ ഇനത്തിൽ ലഭിച്ച തുക

261 (4649) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഇരുചക്ര വാഹന യാത്രികരിൽ പിന്നിലിരുന്ന വ്യക്തി ഹെൽമറ്റ് ധരിക്കാത്ത കാരണത്താൽ പിഴ ഈടാക്കിയ ഇനത്തിലെത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ച് കണക്കുകൾ നൽകാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 19-11-2019-ലെ WA2261/2015 വിധി ന്യായത്തിന് ശേഷമാണ് ഇരുചക്ര വാഹന യാത്രക്കാരിൽ പിന്നിലിരിക്കുന്ന വ്യക്തി ഹെൽമറ്റ് ധരിക്കാത്തതിന് മോട്ടോർ വാഹനവകുപ്പ് പിഴ ഈടാക്കി തുടങ്ങിയത്. പിഴ ഇനത്തിൽ 1,53,12,727 രൂപ ലഭിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്വകാര്യ ടൂറിസ്റ്റ് ബസ് ഉടമകൾ നേരിടുന്ന പ്രതിസന്ധി

262 (4650) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെ തുടർന്ന് സർവ്വീസ് നിർത്തിവച്ച സ്വകാര്യ ടൂറിസ്റ്റ് ബസ് ഉടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോവിഡ് വ്യാപനംമൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ് വാഹന മേഖലയെ സംരക്ഷിക്കുന്നതിനായി വിവിധ കാലയളവിലേയ്ക്കുള്ള ത്രൈമാസ നികുതി ഒഴിവാക്കുകയും, നികുതി അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നൽകിയ നികുതി ഇളവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ മേഖലയുടെ അതിജീവനത്തിനുവേണ്ടി സാമ്പത്തിക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ മേഖലയിലേയ്ക്ക് പുതിയ സാമ്പത്തിക പാക്കേജ് നടപ്പിലാക്കുന്നകാര്യം ഈ വകുപ്പിന്റെ പരിഗണനയിൽ നിലവിലില്ല.

(സി) സ്വകാര്യ ടൂറിസ്റ്റ് ബസ്സുകൾക്ക് മോട്ടർ വാഹന നികുതിയിൽ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## വാളയാർ ചെക്ക് പോസ്റ്റ് നവീകരണം

263 (4651) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാളയാറിലെ മോട്ടോർ വാഹന ചെക്ക് പോസ്റ്റും ഓഫീസ് സമുച്ചയവും നവീകരിച്ച് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാളയാർ ചെക്ക് പോസ്റ്റ് നവീകരണവുമായി ബന്ധപ്പെട്ട് വെയ്-ഇൻ-മോഷൻ വെയിംഗ് ബ്രിഡ്ജ്, ഓട്ടോമാറ്റിക് വെഹിക്കിൾ റെക്കഗ്നിഷൻ സിസ്റ്റം, സോഫ്റ്റ്‌വെയർ നിർമ്മാണം, ലെയ്ൻ വർക്ക്, ആർ.എഫ്.ഐ.ഡി. റെക്കഗ്നിഷൻ, ഓട്ടോമാറ്റിക് റൂം ബാരിയർ, വീഡിയോ നിരീക്ഷണം എന്നീ ജോലികൾക്ക് ടെണ്ടർ നടപടി സ്വീകരിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ടി സൊസൈറ്റിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 9,40,80,514 രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്. ആയതിന്റെ ആദ്യ ഗഡുവായി കരാർ പ്രകാരം 1,63,42,341 രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കെട്ടിടമുൾപ്പെടെയുള്ള സിവിൽ ജോലികൾ ടെണ്ടർ നടപടിക്രമം പാലിച്ച് കോസ്റ്റ് ഫോർഡിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1,96,00,000 രൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി അംഗീകരിച്ചിട്ടുള്ളത്. ടി സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും കരാറിൽ ഏർപ്പെടുകയും ചെയ്തു. ആദ്യഗഡുവായി 39,20,000 രൂപ കോസ്റ്റ് ഫോർഡിന് കൈമാറിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് നവീകരണവുമായി ബന്ധപ്പെട്ട് നിലവിലെ കെട്ടിടം പൊളിക്കുകയും ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം താൽക്കാലികമായി കണ്ടെയ്നറിൽ സജ്ജീകരിക്കുകയും ചെയ്തു. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് വാളയാർ ചെക്ക് പോസ്റ്റ് സ്ഥിതിചെയ്യുന്ന സ്ഥലം ഏറ്റെടുപ്പ് നടത്തിയതിനാൽ ടി പദ്ധതിയുടെ പരിഷ്കരിച്ച രൂപരേഖ ഊരാളുങ്കൽ സൊസൈറ്റി സമർപ്പിക്കുകയും ആയതിന് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നത് മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലാണ്.

## ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ

264 (4652) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പയിലെ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ;

&

(ബി) പദ്ധതി യാഥാർത്ഥ്യമാകാൻ കാലതാമസം നേരിടുന്നത് എന്തു കൊണ്ടെന്ന് അറിയിക്കാമോ?

(എ&ബി) പരപ്പയിൽ ഒരു ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി ഒരു അക്രെഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിന് 'Expression of Interest' തയ്യാറാക്കുന്നതിനായി വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി സ്ഥലം സന്ദർശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് അക്രെഡിറ്റഡ് ഏജൻസിയെ കണ്ടെത്തുകയും നിർമ്മാണം ആരംഭിക്കാൻ സാധിക്കുന്നതുമാണ്.

## കാലപ്പഴക്കം ചെന്ന ബോട്ടുകൾ

265 (4653) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ഉപയോഗശൂന്യമായ/കാലപ്പഴക്കം ചെന്ന എത്ര ബോട്ടുകളുണ്ടെന്ന് വിശദമാക്കാമോ?

വകുപ്പിൽ നിലവിൽ കാലപ്പഴക്കം ചെന്ന ഉപയോഗശൂന്യമായ 25 ബോട്ടുകളാണുള്ളത്.

(ബി) ബോട്ട് സ്റ്റേഷനുകളിൽ കെട്ടിയിട്ടിരിക്കുന്ന പ്രസ്തുത ബോട്ടുകൾ നീക്കം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

ടി ബോട്ടുകൾ എല്ലാംതന്നെ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) പഴകിയ ബോട്ടുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ലേല നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ട് ബോട്ടുകൾ ഡിസ്പോസ് ചെയ്യുന്നതിനായി ലഭിച്ച ശിപാർശ പരിശോധിച്ചുവരികയാണ്. മൂന്ന് ബോട്ടുകൾക്ക് ലേലം ചെയ്തു ലഭിച്ച തുക അസസ്സ്ഡ് വാല്യുവിനേക്കാൾ കുറവായതിനാൽ റീ-ടെണ്ടറിനുള്ള നടപടികൾ പുരോഗമിക്കുന്നു. എട്ട് ബോട്ടുകൾ ടെണ്ടർ ചെയ്യുന്നതിന് ആവശ്യമായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തുറമുഖ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. പത്ത് ഫൈബർ ബോട്ടുകൾ ടെണ്ടർ ചെയ്ത് ലഭിച്ച തുകകൾ കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. രണ്ട് ബോട്ടുകൾ ടെണ്ടർ ചെയ്ത് അസസ്സ്ഡ് വാല്യുവിനേക്കാൾ അധികം തുക ലഭിച്ചിട്ടുള്ളവ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## വേഗ-2 ബോട്ട് സർവ്വീസുകൾ

266 (4654) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതം സുഗമമാക്കുന്നതിനും ടൂറിസം മേഖലയ്ക്ക് കുതിപ്പേകുന്നതിനും വേഗ-2 എന്ന പേരിൽ ബോട്ട് സർവ്വീസുകൾ നടത്തുന്നുണ്ടോ ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഇത് കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വകുപ്പിന്റെ എറണാകുളം മേഖലയിൽ വേഗ-2 മോഡൽ സർവ്വീസ് നടത്തുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള സർവ്വീസുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു.

(സി) വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ് എന്നിവ കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ് എന്നിവ കൂടുതൽ മേഖലകളിലേയ്ക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് പഠനങ്ങൾ നടന്നുവരുന്നു. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ദ്രവീകൃതപ്രകൃതി വാതകം/സൗരോർജ്ജം ഉപയോഗിച്ചുള്ള യാത്ര ബോട്ടുകൾ**

267 (4655) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്രവീകൃതപ്രകൃതി വാതകം പ്രയോജനപ്പെടുത്തി കുറഞ്ഞ ചെലവിൽ യാത്ര ബോട്ടുകൾ സർവ്വീസ് നടത്തുവാൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

ദ്രവീകൃതപ്രകൃതി വാതകം പ്രയോജനപ്പെടുത്തി യാത്രാ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനായി വകുപ്പിന്റെ ഡീസൽ എൻജിൻ ബോട്ടുകൾ കൺവേർഷൻ കിറ്റുകൾ ഉപയോഗിച്ച് സി.എൻ.ജി. ആക്കി മാറ്റുന്നതിനും, സി.എൻ.ജി. ബോട്ടുകളിൽ നിറയ്ക്കുന്നതിനാവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി IOAGPL-മായി ചേർന്നുകൊണ്ട് ബോട്ടുജെട്ടികൾ പരിശോധിക്കുകയും ഡിസ്പെൻസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സഹിതം നിലവിലുള്ള ബോട്ട് ജെട്ടിയിൽനിന്നും 6 മീറ്റർ മാറി പുതിയ ജെട്ടി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് മുഖാന്തരം ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിലുൾപ്പെടെ എത്ര സർവ്വീസുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ദ്രവീകൃത പ്രകൃതി വാതകം നിറയ്ക്കാൻ എറണാകുളം ബോട്ട് ജെട്ടിയോട് ചേർന്ന് നിർമ്മിക്കാനുദ്ദേശിക്കുന്ന ഡിസ്പെൻസിംഗ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

IOAGPL-മായി സഹകരിച്ചുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ ഒരു ഡീസൽ എൻജിൻ ബോട്ട് കൺവേർഷൻകിറ്റ് ഉപയോഗിച്ച് സി.എൻ.ജി.-യിലേയ്ക്ക് മാറ്റിയതിനുശേഷം സ്ഥിതിഗതികൾ വിലയിരുത്തി മറ്റ് ബോട്ടുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്ന കാര്യം പരിശോധിക്കുന്നതാണ്. എറണാകുളം ബോട്ട് ജെട്ടിയോട് ചേർന്ന്

സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സൗരോർജ്ജ ബോട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ?

വകുപ്പ് നിർമ്മിച്ച ആദ്യത്തെ സോളാർ ബോട്ടായ ആദിത്യ 2017 മുതൽ വിജയകരമായി സർവ്വീസ് നടത്തിവരുന്നു. വകുപ്പ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ള രണ്ട് 75 പാക്സ് സോളാർ ബോട്ടുകളിൽ ആകെയുള്ള 9 ഘട്ടങ്ങളിൽ ഒരു ബോട്ടിന്റെ അഞ്ചാം ഘട്ടവും രണ്ടാമത്തെ ബോട്ടിന്റെ മൂന്നാം ഘട്ടവും പൂർത്തിയായിട്ടുണ്ട്. വകുപ്പ് നിർമ്മിക്കുന്ന 100 പാക്സ് സോളാർ ക്രൂയിസ് ബോട്ടിന്റെ നിർമ്മാണം ആകെയുള്ള 9 ഘട്ടങ്ങളിൽ അഞ്ചാം ഘട്ടം പൂർത്തിയായിട്ടുണ്ട്. നിലവിൽ 4 ഘട്ടങ്ങൾകൂടി പൂർത്തിയാകേണ്ടതുണ്ട്. വകുപ്പ് സപ്ലൈ ഓർഡർ നൽകിയിട്ടുള്ള മൂന്ന് 75 പാക്സ് സോളാർ ബോട്ടുകളിൽ ആകെയുള്ള 10 ഘട്ടങ്ങളിൽ ആദ്യത്തെ രണ്ടുബോട്ടുകളുടെ അഞ്ചാം ഘട്ടവും മൂന്നാമത്തെ ബോട്ടിന്റെ നാലാം ഘട്ടവും പൂർത്തിയായിട്ടുണ്ട്.

### അഴീക്കൽ-മാട്ടൂൽ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിന് ജങ്കാർ സർവ്വീസ്

268 (4656) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതത്തിനായി നിലവിലെത്ര ജങ്കാറുകൾ ഉപയോഗിച്ചുവരുന്നു എന്നറിയിക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പ് നിലവിൽ ജങ്കാർ സർവ്വീസ് നടത്തുന്നില്ല.

(ബി) അഴീക്കൽ-മാട്ടൂൽ പ്രദേശങ്ങളിലേക്ക് റോഡ് മാർഗ്ഗമുള്ള യാത്ര വളരെ ദൂരമേറിയതിനാൽ പ്രസ്തുത പ്രദേശങ്ങളിലേക്ക് യാത്ര സുഗമമാക്കുന്നതിന് ജങ്കാർ സർവ്വീസ് അനുവദിക്കുമോ?

അഴീക്കൽ-മാട്ടൂൽ ഭാഗം അഴിമുഖം ആയതിനാൽ ടി മേഖലയിൽ ജങ്കാറുകൾ ജലഗതാഗതത്തിന് പര്യാപ്തമാണോയെന്ന് പഠനം നടത്തി ആയതിൽ തുടർ നടപടികൾ സ്വീകരിക്കും.

(സി) ജങ്കാർ സർവ്വീസ് അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗതാഗത വകുപ്പിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ജങ്കാർ സർവ്വീസ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട പ്രദേശങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തേണ്ടതും, സാങ്കേതികവും സാമ്പത്തികവുമായ പഠനങ്ങൾ ആവശ്യമാണ്.

**കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയിലെ ബോട്ട് സർവ്വീസ്**

269 (4657) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ റീജിയണൽ ഓഫീസ് സ്ഥിതി ചെയ്യുന്ന ആയിറ്റി ഉൾപ്പെടുന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയിൽ ജലഗതാഗത വകുപ്പിന് കീഴിൽ നിലവിലെത്ര ബോട്ട് സർവ്വീസുകളുണ്ടെന്ന് വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊറ്റി-കോട്ടപ്പുറം ജലപാതയിൽ ആയിറ്റി-കൊറ്റി, ആയിറ്റി-പടന്ന എന്നീ സർവ്വീസുകളാണ് നടത്തിവരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ യാത്രക്കാരുടെ തിരക്ക് കുറവായതിനാൽ രണ്ട് ഷെഡ്യൂളുകളുടെയും പ്രാധാന്യമുള്ള സമയങ്ങൾ ക്രമീകരിച്ച് ഒരു ബോട്ട് സുഗമമായി സർവ്വീസ് നടത്തിവരുന്നു.

(ബി) നേരത്തെ മികച്ചരീതിയിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത റൂട്ടിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ പരിശോധിക്കുന്നതിനായി കവ്വായ്-വലിയപറമ്പ് ഭാഗങ്ങളിൽ ശനി, ഞായർ, മറ്റ് അവധി ദിവസങ്ങളിൽ ഒരു ബോട്ട് സമയക്രമീകരണം നടത്തി വിനോദസഞ്ചാരികൾക്കായി പരീക്ഷണ സർവ്വീസ് നടത്തിയത് വിജയമായി കാണുന്നതിനാൽ കൊറ്റി-കവ്വായ്-വലിയപറമ്പ്-ആയിറ്റി-പടന്ന-മാവിലാടം വരെ ടൂറിസ്റ്റ്-കം-പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് സോളാർ ഇലക്ട്രിക് ബോട്ട് ഉപയോഗിക്കുന്നത് പരിഗണനയിലാണ്.

(സി) ഇവിടെ ബോട്ട് റിപ്പെയറിംഗ് യാർഡ് പ്രവർത്തന സജ്ജമാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ബോട്ട് റിപ്പയറിംഗ് നടത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

വകുപ്പിന്റെ ആയിറ്റിയിലെ ബോട്ട് റിപ്പയറിംഗ് യാർഡിന്റെ ഭാഗമായി പണി പൂർത്തീകരിച്ചുവരുന്ന സ്ലിപ് വേ സംവിധാനത്തിൽ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടത് അടിയന്തരമായി പരിഹരിച്ച്, പ്രവർത്തന സജ്ജമാക്കുന്നതിന് കണ്ണൂർ ജില്ലയിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിൽക്ക് മുഖാന്തരം നടപടികൾ പുരോഗമിച്ചുവരുന്നു.

**കനോലി കനാലിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലഗതാഗത പദ്ധതികൾ**

270 (4658) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനോലി കനാലിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലഗതാഗത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

&

(ബി) കനോലി കനാലിലെ ഏത് സ്ഥലം മുതൽ ഏത് സ്ഥലം വരെ നിലവിൽ ജലഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോഴിക്കോട് നഗരത്തിലൂടെകടന്ന് പോകുന്ന കനോലി കനാലിന് 11.20 കി.മീ. നീളവും നിലവിൽ 6.8 മീറ്റർ മുതൽ 20 മീറ്റർ വരെ വീതിയുമാണുള്ളത്. നിലവിൽ ഈ കനാൽ ഗതാഗതത്തിന് അനുയോജ്യമല്ല. കനാലിന്റെ ഇരുവശങ്ങളിലും റോഡുകളും അനുബന്ധ ഗതാഗത സൗകര്യങ്ങളും നിലനിൽക്കുന്നതിനാലും ധാരാളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്നതിനാലും ഈ ഭാഗം ദേശീയ ജലപാത നിലവാരത്തിൽ ഗതാഗതയോഗ്യമാക്കുന്നതിനായി പ്രായോഗിക തലത്തിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ആകയാൽ കനാൽ വികസനത്തിനായുള്ള മറ്റ് മാർഗ്ഗങ്ങളെ സംബന്ധിച്ചും ടി ഭാഗത്ത് കനാൽ ശരാശരി 14 മീറ്റർ എങ്കിലും വീതിയിൽ ഗതാഗതയോഗ്യമാക്കുന്നത് സംബന്ധിച്ചും വിശദമായ പഠനം നടത്തുന്നതിന് ദേശീയ ജലപാതാവകുപ്പും ഉൾനാടൻ ജലപാത വകുപ്പും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ബോട്ട് മാസ്റ്റർ തസ്തികയിലെ ഒഴിവുകൾ**

271 (4659) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ ബോട്ട് മാസ്റ്റർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ജലഗതാഗത വകുപ്പിൽ ബോട്ട് മാസ്റ്റർ തസ്തികയിൽ ജില്ലാതലത്തിൽ നിയമനങ്ങൾ നടത്തുന്നില്ല. ഈ തസ്തികയിലെ ഒഴിവുകൾ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകളായാണ് റിപ്പോർട്ട് ചെയ്യുന്നത്. നിലവിൽ 14 ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മേൽ പരാമർശിച്ചിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനായി ആയത് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ബോട്ട് മാസ്റ്റർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ബോട്ട് മാസ്റ്റർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ഡി) തസ്തികയിലെ മുഴുവൻ ഒഴിവുകളും അടിയന്തരമായി നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ യഥാസമയം പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളവയാണ്. അഡ്വൈസ് ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ കളിസ്ഥല നിർമ്മാണം**

272 (4660) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി പ്രകാരം മാവേലിക്കര മണ്ഡലത്തിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ ഏതെല്ലാം പ്രദേശത്താണ് കളിസ്ഥലങ്ങൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണത്തിന് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം സമർപ്പിച്ച ഡി.പി.ആർ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധന നടത്തേണ്ടതാണെന്ന നിബന്ധനയോടെയാണ് കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവ്വഹണ ഏജൻസിയാക്കിയത്. പ്രസ്തുത ഡി.പി.ആർ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**മങ്കട മണ്ഡലത്തിലെ കായിക വകുപ്പ് പ്രവർത്തനങ്ങൾ**

273 (4661) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

&

(ബി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ പരിപാടികൾ സംഘടിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ നിലവിൽ കായിക വകുപ്പ് മുഖേന പദ്ധതികളൊന്നും നിലവിലില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**എളമുന്നപ്പുഴ ജി.എച്ച്.എസ്.എസ്.-ലെ കിക്കോഫ് പദ്ധതി**

274 (4662) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിക്കോഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. എളമുന്നപ്പുഴയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പദ്ധതിയായ കിക്കോഫ് വൈപ്പിൻ മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. എളങ്കുന്നപ്പുഴയിൽ 2019 മാർച്ച് മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുത്ത 25 പേർക്കാണ് പ്രസ്തുത സെന്ററിൽ പരിശീലനം നൽകുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. കോവിഡ്-19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കോവിഡ്-19 നിയന്ത്രണങ്ങൾ മാറുന്നത് അനുസരിച്ച് പരിശീലനം പുനരാരംഭിക്കുന്നതാണ്.

**മൈതാനങ്ങളുടെ സംരക്ഷണം**

275 (4663) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക പ്രേമികൾക്ക് ആവശ്യമായ ഗ്രൗണ്ടുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉണ്ട്. കായിക മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും കിഫ്ബി ധനസഹായത്തോടുകൂടിയും നിരവധി കളി സ്ഥലങ്ങൾ നിർമ്മിച്ചുവരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. മൈതാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ കണ്ടെത്തി അവിടങ്ങളിൽ മൈതാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. സ്വന്തമായി ഭൂമി ഇല്ലാത്ത പഞ്ചായത്തുകളിലെ സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട സ്ഥലങ്ങളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്നതും സർക്കാർ പരിഗണനയിലാണ്.

(ബി) വിദ്യാലയങ്ങളിലെ മൈതാനം സംരക്ഷിക്കുന്നതിന് കായികവകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

വിദ്യാലയങ്ങളിലെ മൈതാനങ്ങളുടെ നവീകരണത്തിനായി നിലവിൽ കായിക വികസനനിധിയിൽനിന്നും സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്.

(സി) കായിക വിദ്യാഭ്യാസം അക്കാദമിക വിദ്യാഭ്യാസത്തിനും ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിനും എത്രത്തോളം സഹായിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെടുത്തുന്ന പരിപാടികൾ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പരിശോധിക്കാവുന്നതാണ്.

## പുതിയ സ്റ്റേഡിയങ്ങളുടെ പരിപാലനത്തിന് കമ്പനി

276 (4664) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സഹായത്തോടെ പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവയുടെ പരിപാലനത്തിനെന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനായി സ്ഥലം ഉടമസ്ഥരുമായി കായിക യുവജനകാര്യ ഡയറക്ടർ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത ധാരണാപത്രത്തിൽ പരാമർശിച്ചി രിക്കുന്ന പ്രകാരം സ്റ്റേഡിയത്തിന്റെ ഫീൽഡ് ഓഫ് പ്ലേ കായിക വകുപ്പിന്റെ അധീനതയിലായിരിക്കും. കൂടാതെ ടി സ്റ്റേഡിയങ്ങളുടെ നടത്തിപ്പിനും തുടർ പരിപാലനത്തിനുമായി ധാരണാപത്രത്തിൽ നിഷ്കർഷിച്ചിട്ടുള്ള ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി, പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് രൂപീകരിക്കുന്നതാണ്.

(ബി) ഇതിനായി പ്രത്യേക കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കായിക യുവജനകാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് 'സ്പോർട്സ് കേരള ലിമിറ്റഡ്' എന്ന പൊതുമേഖല കമ്പനി രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി ധനസഹാ യത്തോടെ നിർമ്മിക്കുന്ന ജില്ലാ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനവും, അറ്റകുറ്റപ്പണികളുടെയും ചുമതല പ്രസ്തുത കമ്പനിക്ക് നൽകിയിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത കമ്പനിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പങ്കാളിത്തം നൽകുവാൻ നടപടി സ്വീകരിക്കുമോ?

കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (എം.ഒ.എ.), ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (എ.ഒ.എ.) പ്രകാരം ആയതിന് വ്യവസ്ഥയില്ല.

## കായിക താരങ്ങൾക്ക് മികച്ച പരിശീലനം

277 (4665) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത ഒളിമ്പിക്സിൽ ഇന്ത്യക്ക് അഭിമാനമാകത്തക്കവിധത്തിൽ കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിന് ഒരു പ്രത്യേക മിഷൻ നടപ്പാക്കു മോയെന്ന് അറിയിക്കുമോ?

കായികതാരങ്ങളെ ചെറുപ്രായത്തിൽതന്നെ കണ്ടെത്തി അവർക്ക് വിദഗ്ധ പരിശീലനം നൽകി ഒളിമ്പിക്സ് പോലെയുള്ള രാജ്യാന്തര മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ നേടുന്നതിന് പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020-2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള "ഓപ്പറേഷൻ ഒളിമ്പ്യ" പദ്ധതിയിൽ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക യിനങ്ങളിൽ പരിശീലനം നൽകിവരുന്നു. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും, എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്കോളർഷിപ്പും നൽകിവരുന്നുണ്ട്. കൂടാതെ അടുത്ത ഒളിമ്പിക്സ് ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വൺ സ്റ്റേറ്റ് വൺ ഗെയിം പദ്ധതി പ്രകാരം അത്‌ലറ്റിക്സിൽ ഒളിമ്പിക്സ് മെഡൽ നേടുകയെന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലയിൽ ഒരു അത്‌ലറ്റിക് അക്കാഡമി ആരംഭിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കായികതാരങ്ങൾക്ക് മികവിനനുസരിച്ച് സർക്കാർ ജോലി നൽകു ന്നതിനും പ്രോത്സാഹനങ്ങൾ നൽകുന്നതിനും നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ വീതം കായിക താരങ്ങളുടെ നിയമന ത്തിനായി നീക്കിവച്ചിട്ടുണ്ട്. അപ്രകാരം നീക്കിവച്ചിരിക്കുന്ന ഒഴിവുകളിലേക്ക് വിജ്ഞാപനങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് കായിക മികവിന്റെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാക്രമത്തിൽ ഓരോ തസ്തികയിലും നിശ്ചയി ച്ചിട്ടുള്ള ഒഴിവുകൾക്ക് ആനുപാതികമായി നിയമനം നൽകുന്നുണ്ട്. അതുപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. 35-മത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ

മെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തരവകുപ്പിൽ 137 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 72-മത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-മത് ദേശീയ ഗെയിംസിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജന കാര്യാലയത്തിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്.

(സി) കായിക താരങ്ങൾക്ക് ഉന്നത നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ നൽകുമോ; അതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രത്യേക സൗകര്യങ്ങൾ ലഭ്യമാക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുന്നതിനും കായികതാരങ്ങൾക്ക് ഉന്നതനിലവാരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. കൂടാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, തുടങ്ങി അടിസ്ഥാന സൗകര്യവികസനങ്ങളും നടത്തിവരുന്നുണ്ട്.

**മട്ടന്നൂർ മണ്ഡലത്തിലെ സ്കൂൾ ഗ്രൗണ്ടുകളുടെ നവീകരണം**

278 (4666) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സ്കൂൾ ഗ്രൗണ്ടുകളുടെ നവീകരണത്തിനായി ഏതൊക്കെ സ്കൂളുകളിലെത്ര തുക വീതം അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മട്ടന്നൂർ യു.പി.സ്കൂൾ, മമ്പറം ഹയർ സെക്കണ്ടറി സ്കൂൾ, ആയിത്തറ മമ്പറം എന്നീ വിദ്യാലയങ്ങൾക്ക് കളിസ്ഥല നവീകരണത്തിന് 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കളിസ്ഥല നവീകരണം പൂർത്തിയാക്കി വിദ്യാലയങ്ങൾ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. കൂടാതെ വിവിധ വിദ്യാലയങ്ങളിലെ കളിസ്ഥലം നവീകരിക്കുന്നതിന് അനുമതി നൽകുകയും 6 വിദ്യാലയങ്ങൾക്ക് 85 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* പ്രസ്തുത പട്ടികയിലുൾപ്പെട്ട സെന്റ് കോർണേലിയസ് എച്ച്.എസ്.എസ്. കോളയാടിന് കായികയുവജനകാര്യാലയ ഡയറക്ടറുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. മറ്റ് സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവമ്പാടി മണ്ഡലത്തിൽ നീന്തൽക്കുളം

279 (4667) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ആധുനിക സൗകര്യങ്ങളോടെ ഒരു നീന്തൽക്കുളം സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോവെന്ന് വ്യക്തമാക്കുമോ;

&

(ബി) ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം മാമ്പറ്റം സ്റ്റേഡിയത്തിൽ ഫുട്ബോൾ ഗ്രൗണ്ടും, സിന്തറ്റിക് അത്‌ലറ്റിക് ട്രാക്കും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത മണ്ഡലത്തിൽ നീന്തൽക്കുളം സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇരവിപുരം മണ്ഡലത്തിലെ കായിക പദ്ധതികൾ

280 (4668) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി ഇരവിപുരം നിയോജക മണ്ഡലത്തിൽ കൊല്ലം ജില്ലാ സ്റ്റേഡിയമായ ഒളിമ്പ്യൻ സുരേഷ് ബാബു സ്റ്റേഡിയം നിർമ്മിക്കുന്നതിന് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഇൻഡോർ സ്റ്റേഡിയം, ബോയ്സ് ഹോസ്റ്റൽ, ചെയിഞ്ച് റൂം സൗകര്യങ്ങൾ, നിലവിലെ നീന്തൽക്കുളത്തിന്റെ നവീകരണം എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 400 മീറ്റർ 8 ലെയൻ സിന്തറ്റിക് ട്രാക്കിന്റെ ടെണ്ടർ ക്ഷണിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം**

281 (4669) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ചെയർമാനായ ബഹുമാനപ്പെട്ട കായിക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കൂടുകയും കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടുകയും പ്രവർത്തനങ്ങൾ വിലയിരുത്തി, തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഘടനയും സംഘാടനവും ചുമതലയും എന്തെല്ലാമാണ്?

2000-ലെ സ്പോർട്സ് ആക്ടിന്റെയും 2008-ലെ സ്പോർട്സ് ചട്ടത്തിന്റെയും അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും പ്രവർത്തിച്ചുവരുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഘടന ചുവടെ ചേർക്കുന്നു. ചെയർമാൻ-ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി, പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, ജനറൽ ബോഡി അംഗങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിലുകൾ.

സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഘടനയും സംഘാടനവും ചുമതലകളും ഉൾപ്പെടുത്തിയിട്ടുള്ള 2000-ലെ സ്പോർട്സ് ആക്ടിന്റെയും 2008-ലെ സ്പോർട്സ് ചട്ടത്തിന്റെയും പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) സ്പോർട്സ് അക്കാദമികൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത അക്കാദമികളെ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ സ്പോർട്സ് അക്കാഡമികൾ രജിസ്റ്റർ ചെയ്യുന്നില്ല.

(ഡി) വലിയ തുക ഫീസീടാക്കി കച്ചവട താൽപ്പര്യത്തോടെ സ്പോർട്സ് അക്കാദമികൾ രൂപീകരിക്കുന്നുണ്ടോയെന്നും കായികേതര പ്രവർത്തനങ്ങളിലേയ്ക്ക് അക്കാദമികൾ കടക്കുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ടോ?

ഇല്ല.

(ഇ) സ്പോർട്സ് കൗൺസിലുകൾക്ക് നൽകുന്ന ഫണ്ട്, അവയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2021-22 സാമ്പത്തിക വർഷത്തിൽ 33,40,00,000 രൂപ പദ്ധതി വിഹിതമായും 16,24,38,000 രൂപ പദ്ധതിയേതര വിഹിതമായും ക്യാഷ് അവാർഡ് നൽകുന്നതിനായി നോൺ പ്ലാൻ ഹെഡിൽ 1,50,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽനിന്നും ചുവടെ പറയുന്ന ഫണ്ടുകൾ ജില്ലാസ്പോർട്സ് കൗൺസിലുകൾക്ക് അനുവദിച്ചുവരുന്നുണ്ട്.

1. ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ദൈനംദിന ചെലവുകൾക്കായി അഡ്മിനിസ്ട്രേഷൻ ഗ്രാന്റ് ഇനത്തിൽ 15,000 രൂപ വീതം പ്രതിമാസം നൽകിവരുന്നു.
2. പ്രതിവർഷം ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ അധീനതയിലുള്ള ജില്ലാസ്പോർട്സ് അസോസിയേഷനുകൾക്ക് ഗ്രേഡ് അനുസരിച്ച് അസോസിയേഷൻ ഗ്രാന്റ് ഇനത്തിൽ 1 ലക്ഷം രൂപ വീതം നൽകിവരുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാതിരപ്പിള്ളി ഗവ. വി.എച്ച്.എസ്.എസ്.-ൽ സ്പോർട്സ് ഹോസ്റ്റൽ

282 (4670) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മാതിരപ്പിള്ളി ഗവ. വി.എച്ച്.എസ്. സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സംസ്ഥാന സ്കൂൾ കായിക മേളയിൽ സർക്കാർ തലത്തിൽ ഒന്നാം സ്ഥാനത്തും പൊതുവിൽ നാലാം സ്ഥാനത്തും എത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത സ്കൂളിലെ കുട്ടികൾ ഇവിടെ സ്പോർട്സ് ഹോസ്റ്റൽ ഇല്ലാത്തതിനാൽ കോതമംഗലം എം.എ. അക്കാദമിയിലാണ് പരിശീലനം നടത്തുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത അക്കാദമിയിൽ പരിശീലനം നടത്തുന്നതിനാൽ ഇപ്പോൾ ചാമ്പ്യൻഷിപ്പിനുവേണ്ടി സ്കൂളിന്റെ പേര് പരിഗണിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്കൂൾ സ്പോർട്സ് & ഗെയിംസ് മാന്വൽ പ്രകാരം സ്പോർട്സ് കൗൺസിലിന്റെ സ്പോർട്സ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക്, സംസ്ഥാന തലത്തിലെ മത്സരങ്ങളിൽ ലഭിക്കുന്ന പോയിന്റുകൾ അതാത് റവന്യൂ ജില്ലയുടെ പോയിന്റായി പരിഗണിക്കാനേ വ്യവസ്ഥയുള്ളൂ.

(ഡി) സ്കൂൾ കായികമേളയിൽ മികച്ച പ്രകടനം തുടർച്ചയായി നടത്തിവരുന്ന പ്രസ്തുത സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽനിന്നും നിർദ്ദേശം സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## വൈക്കം മണ്ഡലത്തിൽ സ്റ്റേഡിയം

283 (4671) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ ഒരു സ്റ്റേഡിയം പോലുമില്ലാത്ത വൈക്കം നിയോജക മണ്ഡലത്തിൽ വെള്ളൂർ പഞ്ചായത്തിലെ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

2020-21 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 285-ൽ വെള്ളൂർ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം പദ്ധതിക്ക് കായികവകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 300 ലക്ഷം രൂപ അടങ്കലായും 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് 60 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കായിക പരിശീലന കേന്ദ്രങ്ങൾ**

284 (4672) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അനുവദിച്ച കുളത്തൂർ ഗവ. ഹൈസ്കൂളിലെ ഫുട്ബോൾ പരിശീലന കേന്ദ്രം, നെയ്യാറ്റിൻകര ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ബാസ്കറ്റ് ബോൾ പരിശീലന കേന്ദ്രം എന്നിവയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവ. ഹൈസ്കൂളിലെ ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന കേന്ദ്രത്തിൽ 2019 മാർച്ച് മുതൽ ഫുട്ബോൾ നെയ്യാറ്റിൻകര ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ഗ്രാസ്റൂട്ട് ബാസ്കറ്റ് ബോൾ പരിശീലന കേന്ദ്രത്തിൽ 2020 ഫെബ്രുവരി മുതൽ ബാസ്കറ്റ് ബോൾ ഇനത്തിൽ പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കോവിഡ് 19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി പരിശീലന പദ്ധതികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾക്ക് ഓരോ വർഷവും ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ ഗ്രാസ്റൂട്ട് പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുകയാണ് ചെയ്യുന്നത്. പരിശീലന കേന്ദ്രങ്ങൾക്ക് പ്രത്യേകമായി തുക അനുവദിക്കുന്നില്ല.

**മേപ്പയൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ സ്പോർട്സ് അക്കാദമി**

285 (4673) ശ്രീ. റ്റി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ അനുവദിച്ച സ്പോർട്സ് അക്കാദമിയുടെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ ഉൾപ്പെടുത്തി മേപ്പയൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കളിസ്ഥലം ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് 6.44 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സെവൻസ് ഫുട്ബോൾ ഗ്രൗണ്ട്, 200 മീറ്റർ 6 ലെയ്ൻ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ഇൻഡോർ ഗെയിംസ് ബിൽഡിംഗ്, ഔട്ട് ഡോർ ബാസ്കറ്റ്ബോൾ ,വോളി ബോൾ കോർട്ടുകൾ, എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഫുട്ബോൾ ഗ്രൗണ്ടിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി നാളിതുവരെ 2,34,91,886 രൂപ കിഫ്ബിയിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

(സി) ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

സിവിൽ എം.ഇ.പി. പ്രവൃത്തികളിൽ ഉൾപ്പെട്ട കായിക സൗകര്യങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ 99 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. സിന്തറ്റിക് അത്‌ലറ്റിക് ട്രാക്കിന്റെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്തുള്ള മണ്ണ് നീക്കം ചെയ്യുന്നതിലേക്കായി ജിയോളജി വകുപ്പിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. മണ്ണ് പൂർണ്ണമായും നീക്കം ചെയ്ത് ഒരാഴ്ചക്കുള്ളിൽ സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. ടി സ്റ്റേഡിയം 2022 മാർച്ച് മാസത്തിന് മുമ്പ് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**ഓങ്ങല്ലൂർ പഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മാണം**

286 (4674) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള ഓങ്ങല്ലൂർ പഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

&

(ബി) ഈ സ്റ്റേഡിയത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഓങ്ങല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ഹെഡിൽ ഒരു കോടി രൂപയും തനത് സാമ്പത്തിക വർഷത്തിൽ ടോക്കൺ പ്രൊവിഷനായി 100 രൂപയും അനുവദിച്ചിരുന്നു. കായികയുവജന കാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഡി.പി.ആർ. അംഗീകരിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ

287 (4675) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം നൽകാമോ;

(ബി) മണ്ഡലത്തിലെ പൂർത്തീകരിക്കാത്ത സ്റ്റേഡിയങ്ങളുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാനാകുമെന്നത് സംബന്ധിച്ച് വിശദമാക്കാമോ;

&

(സി) ഇതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ-സി) അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭരണാനുമതിപ്രകാരം സിന്തറ്റിക് സെവൻസ് ഫുട്ബോൾ ടർഫ്, അനുബന്ധ ചെയിഞ്ച് റൂം ഫിറ്റ്നസ് സെന്റർ കെട്ടിടം, ഫ്ലെഡ് ലൈറ്റ് സിസ്റ്റം എന്നീ സൗകര്യങ്ങളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. അനുബന്ധ ചെയിഞ്ച് റൂം- ഫിറ്റ്നസ് സെന്റർ കെട്ടിടം-സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരിക്കുകയാണ്. കായിക വകുപ്പിന്റെ പദ്ധതി വിഹിതം വിനിയോഗിച്ച് നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾക്ക് തുടർ പരിപാലനം ഉറപ്പുവരുത്തുന്നതിനും പൂർണ്ണതോതിലുള്ള വിനിയോഗ

ത്തിനുമായി പഞ്ചായത്തുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പ്രവൃത്തി ആരംഭിക്കുന്നതാണ്. സിന്തറ്റിക് സെവൻസ് ഫുട്ബോൾ ടർഫിന്റെ പ്രവൃത്തി സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പൂർത്തീകരണ സമയത്ത് ആരംഭിക്കുന്നതാണ്. വാണിയംകുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നം.5546 പ്രകാരം വാണിയംകുളം പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും തനത് സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും വകയിരുത്തിയിരുന്നു. കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ഒരു സെവൻസ് ഫുട്ബോൾ കോർട്ട് നിർമ്മിക്കുന്ന തിനുള്ള കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുമുണ്ട്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ആനാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരണം**

288 (4676) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റേഡിയം നവീകരണത്തിനായി E-1419678,(എസ്.വൈ.എ./എ 3/6/2020, പി.ഡബ്ല്യൂ.ഡി.ഇ 1/85/2020) എന്ന ഫയലിൻമേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കായിക വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗവും തുടർന്ന് പി.ഡബ്ല്യൂ.ഡി.-യും ഡി.പി.ആർ. സമർപ്പിച്ചുവെങ്കിലും നാളിതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി കായിക യുവജന ക്ഷേമ വകുപ്പുതന്നെ നിർവ്വഹിക്കണം എന്ന നിലയിൽ നൽകിയ പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ഡി) പ്രസ്തുത പ്രവൃത്തി തടസ്സങ്ങൾ മാറ്റി അടിയന്തരമായി ഭരണാനുമതി നൽകി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

(എ-ഡി) ആനാവൂർ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നവീകരണം എന്ന പ്രവൃത്തിക്ക് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുബന്ധം II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ Vol. II page No.81 Sl. No.172-ൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 20 ലക്ഷം രൂപയും ഗ്രൗണ്ട് നവീകരണത്തിനായി ഒരു കോടി രൂപ അടങ്കലായും അനുവദിച്ചിരുന്നു. പ്രസ്തുത സ്കൂളിലെ സ്റ്റേഡിയം നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യാലയം ഡി.പി.ആർ. തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. 29-7-2021-ലെ സ.ഉ(സാധാ) നമ്പർ 5193/2021/ധന. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പിൽനിന്നും കായിക വകുപ്പിന്റെ 4202-03-102-94-കായിക അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്ന ശീർഷകത്തിൽ മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, പദ്ധതി നടപ്പിലാക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.

## ആലപ്പുഴ രാജാകേശവദാസ് അന്താരാഷ്ട്ര നീന്തൽ കുളം

289 (4677) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽ മത്സരങ്ങളിൽ രാജ്യത്ത് മുൻനിരയിലാണെങ്കിലും സംസ്ഥാനത്ത് വേണ്ടത്ര നീന്തൽകുളങ്ങളില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കായിക മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും, കിഫ്ബി ധനസഹായത്തോടുകൂടിയും നിരവധി കളി സ്ഥലങ്ങൾ നിർമ്മിച്ചുവരികയാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതിയിൽ 3 ഒളിമ്പിക് സൈസ് സ്വിമ്മിംഗ് പൂളുകളുടെയും 13 സെമി ഒളിമ്പിക് സൈസ് സ്വിമ്മിംഗ് പൂളുകളുടെയും നിർമ്മാണം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴയിലെ രാജാകേശവദാസ് അന്താരാഷ്ട്ര നീന്തൽ കുളത്തിന്റെ അറ്റകുറ്റപ്പണികളുടെ പുരോഗതി വ്യക്തമാക്കുമോ; ഇതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കുമോ; അതിനായി ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ആലപ്പുഴ രാജാകേശവദാസ് നീന്തൽക്കുളം ഉപയോഗപ്രദമാക്കുന്നതിനായി നവീകരണ പ്രവൃത്തികൾ നടത്തുകയും ആയത് പൂർത്തീകരിച്ചുവരികയുമാണ്. ഫിൽട്രേഷൻ പ്ലാന്റ് റൂമിന്റെ നിർമ്മാണം, ആധുനിക രീതിയിലുള്ള പുതിയ ഫിൽട്രേഷൻ സിസ്റ്റം, ടോയ്‌ലെറ്റ്-ചെയ്ഞ്ച് മുറികൾ നവീകരണം, നീന്തൽക്കുളം നവീകരണം, ഗ്യാലറി

നവീകരണം, ചുറ്റുമതിൽ നവീകരണം, പമ്പ് റൂം നിർമ്മാണം, പാർക്കിംഗ് സൗകര്യങ്ങൾ, ഡ്രെയിനേജ് പണികൾ, രാത്രികാല ഉപയോഗത്തിനായുള്ള പൂൾ ലൈറ്റിംഗ് സിസ്റ്റം എന്നിവ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. പഴയകാലത്ത് നിർമ്മിച്ച ഓവർഫ്ളോ സിസ്റ്റത്തിൽ ലീക്കേജ് കണ്ടെത്തിയതിനാൽ ആയതുകൂടി പരിഹരിച്ച് നീന്തൽക്കുളം സ്പോർട്സ് കൗൺസിലിന് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. രാജാകേശവദാസ് നീന്തൽക്കുളം നവീകരണത്തിനായി കായിക വകുപ്പ് നാളിതുവരെ 2,66,98,234 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നാളിതുവരെ പ്രസ്തുത നീന്തൽ കുളത്തിൽ നടന്നിട്ടുള്ള അന്തർദ്ദേശീയ-ദേശീയ-സംസ്ഥാനതല മത്സരങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

വർഷങ്ങളായി അറ്റകുറ്റപ്പണികൾക്കായി സ്വിമ്മിംഗ് പൂൾ അടച്ചിട്ടിരിക്കുന്നതിനാൽ ദേശീയ, അന്തർദ്ദേശീയ, സംസ്ഥാന തല മത്സരങ്ങൾക്കായി അനുവദിച്ചിട്ടില്ല.

(ഡി) പ്രസ്തുത നീന്തൽക്കുളത്തിന്റെ നടത്തിപ്പ് ചുമതല ആർക്കാണെന്ന് അറിയിക്കുമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലാണ് രാജാ കേശവദാസ് അന്താരാഷ്ട്ര നീന്തൽക്കുളം പ്രവർത്തിച്ചുവരുന്നത്.

(ഇ) രാജാകേശവദാസ് അന്താരാഷ്ട്ര നീന്തൽകുളത്തെ അന്താരാഷ്ട്ര-ദേശീയതല മത്സരങ്ങൾക്ക് പ്രാപ്തമാക്കുന്നതിന് ആവശ്യമായ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

രാജാകേശവദാസ് നീന്തൽക്കുളം പരിശീലനത്തിനും ജില്ലാതല മത്സരങ്ങളും നടത്താൻ കഴിയുന്ന തരത്തിലാണ് പുനരുദ്ധരിച്ചിട്ടുള്ളത്. നീന്തൽ പരിശീലനത്തിനുള്ള ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിലേയ്ക്കായി പ്രാക്ടീസ് പൂൾ, റെയിസിംഗ് പൂൾ, ഡൈവിംഗ് പൂൾ എന്നിവ വെവ്വേറേ സ്ഥാപിക്കേണ്ടതുണ്ട്. പ്രസ്തുത സ്ഥലത്ത് റെയിസിംഗ് പൂൾ മാത്രമാണ് നിലവിലുള്ളത്.

**കായിക പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ**

290 (4678) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികരംഗത്ത് വനിതാ താരങ്ങൾക്ക് കായികക്ഷമത ഉറപ്പ് വരുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

&

(ബി) കായികരംഗത്ത് വനിതാ താരങ്ങളെ കൂടുതലായി പങ്കെടുപ്പിക്കുന്നതിനും വനിതാ പരിശീലകരെ വാർത്തെടുക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ?

(എ&ബി) കായികരംഗത്ത് വനിതാതാരങ്ങൾക്ക് കായികക്ഷമത ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കിക്കോഫ് ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, കടൽത്തീരമേഖലകളിലെയും കുട്ടികളിൽനിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളായ 25 പേർക്ക് വീതമാണ് പ്രസ്തുത പദ്ധതിയിലൂടെ ഓരോ സെന്ററിലും പരിശീലനം നൽകുന്നത്. പഞ്ച് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച് പഞ്ച് പദ്ധതിയിൽ 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽനിന്ന് ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം നൽകുന്നു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്തിന്റെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടുവാൻ പ്രാപ്തരാക്കുവാനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വനിതാഫുട്ബോൾ അക്കാഡമി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാഡമി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി 2020-24 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ പെൺകുട്ടികൾക്കും അർഹമായ പ്രാതിനിധ്യം നൽകിവരുന്നു. എലൈറ്റ് സ്കീം പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾ വിദഗ്ദ്ധ പരിശീലനത്തിന് സൗകര്യം ഒരുക്കുന്ന പദ്ധതിയാണ് എലൈറ്റ് സ്കീം. സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അത്‌ലറ്റിക്, വോളീബോൾ, ബാസ്കറ്റ് ബോൾ, ഫുട്ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ പെൺകുട്ടികൾക്കും പരിശീലനം നൽകിവരുന്നുണ്ട്. മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത്

അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി വിവിധ കായിക ഇനങ്ങളിലായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ വനിതാകായികതാരങ്ങൾക്ക് ഉൾപ്പെടെ വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. കായികരംഗത്ത് വനിതാകായികതാരങ്ങളെ കൂടുതൽ പങ്കെടുപ്പിക്കുന്നതിനായി ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന പെൺകുട്ടികൾ ഇൻസ്പയർ സ്കോളർഷിപ്പ് എന്ന പേരിൽ പ്രതിമാസം 1,500 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകിവരുന്നു.

(സി) കായികരംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ?

കായികരംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ അത്‌ലറ്റിക്സ്, വോളീബോൾ, ബാസ്കറ്റ്ബോൾ, ഫുട്ബോൾ എന്നീ കായികയിനങ്ങളിൽ പരിശീലനം, നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് എലൈറ്റ് സ്കീം. കായിക രംഗത്ത് പ്രത്യേക മികവ് പ്രദർശിപ്പിക്കുന്ന കായിക താരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനത്തിനായി സൗകര്യം ഒരുക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. കേന്ദ്ര സർക്കാർ പദ്ധതിയായ ഖേലോ ഇൻഡ്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് ജി.വി.രാജ സ്പോർട്സ് സ്കൂളിൽ ആരംഭിച്ചിട്ടുണ്ട്.

(ഡി) പരിശീലനത്തിനായി എല്ലാ ജില്ലകളിലും മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കണ്ണൂർ സ്പോർട്സ് സ്കൂളിൽ ഖേലോ ഇൻഡ്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് ആരംഭിക്കുന്നതിനായി കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**യോഗ പഠന ഗവേഷണ കേന്ദ്രം**

291 (4679) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യോഗയുടെ പ്രചരണത്തിന് കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

അന്താരാഷ്ട്ര യോഗദിനാചരണവുമായി ബന്ധപ്പെട്ട് സി-ഡിറ്റിന്റെ സഹായത്തോടെ നിർമ്മിച്ച 30 മിനിറ്റ് ദൈർഘ്യമുള്ള യോഗ പരിശീലന വീഡിയോ 2021 ജൂൺ 21-ന് വിക്ടേഴ്സ് ചാനൽ വഴി സംപ്രേക്ഷണം ചെയ്തിരുന്നു. പ്രസ്തുത വീഡിയോ സോഷ്യൽ

മീഡിയ, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കേരളത്തിലെ സ്കൂളുകളിൽ യോഗ പരിശീലിപ്പിക്കുന്നതിനുവേണ്ടി "യോഗ ഫോർ ഓൾ" എന്ന ഒരു പദ്ധതി രൂപകല്പന ചെയ്തിട്ടുണ്ട്. കൂടാതെ പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീമതി എം. എസ്. ചിത്ര അന്താരാഷ്ട്ര യോഗ ദിനത്തോടനു ബന്ധിച്ച് യു.എൻ. ആസ്ഥാനത്ത് യോഗ സംബന്ധമായ പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്.

(ബി) അന്തർദ്ദേശീയ യോഗപഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

2019-20-ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ കണ്ണൂരിൽ അന്തർദ്ദേശീയ യോഗ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഗവേഷണ കേന്ദ്രത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2019-20 ബഡ്ജറ്റിലെ മറുപടി പ്രസംഗത്തിൽ കണ്ണൂരിൽ അന്താരാഷ്ട്ര യോഗാപഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത ഗവേഷണ കേന്ദ്രം കണ്ണൂരിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിലേയ്ക്കായി കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടതിൻപ്രകാരം കേരള യോഗ അസോസിയേഷൻ മുഴക്കുന്ന് വില്ലേജിൽ സ്വകാര്യ വ്യക്തികളുടെ 10 ഏക്കർ സ്ഥലത്ത് യോഗ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. പ്രസ്തുത സ്ഥലം നൽകുന്നതിൽനിന്നും സ്വകാര്യ വ്യക്തികൾ പിൻമാറിയതിനാൽ, യോഗ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2020-21 ബഡ്ജറ്റിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തി യതെന്ന് വ്യക്തമാക്കാമോ?

2020-21 ബഡ്ജറ്റ് പ്രസംഗത്തിൽ കണ്ണൂർ ആറളം ഇന്റർനാഷണൽ യോഗ കേന്ദ്രത്തിനായി 2 കോടി രൂപ വകയിരുത്തിയിരുന്നു. 2020-21-ലെ ആദ്യ ബാച്ച് എസ്.ഡി.ജി.-യിൽ 2204-104-08-13 ശീർഷകത്തിൽ പ്രസ്തുത യോഗ കേന്ദ്രത്തിന് 1,000 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിരുന്നു.

## കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ സിന്തറ്റിക്ക് ട്രാക്ക്

292 (4680) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖേലോ ഇൻഡ്യ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ ഏഴ് കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന നാനൂറ് മീറ്റർ സിന്തറ്റിക്ക് ട്രാക്കിന്റെയും എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി അൻപത്തിയെട്ട് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഫുട്ബോൾ ഫീൽഡിന്റെയും വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കണ്ണൂർ പരിയാരം ഗവ.മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഫുട്ബോൾ കോർട്ട് നിർമ്മിക്കുന്നതിന് 57.99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി ഇ-ടെണ്ടറുകൾ ക്ഷണിച്ച് കരാറുകൾ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ പദ്ധതി പ്രകാരമുള്ള ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പ്രവൃത്തികൾ ആരംഭിച്ച് 10 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഫുട്ബോൾ കോർട്ടിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 2021 സെപ്റ്റംബർ ആദ്യവാരത്തിൽ പ്രവൃത്തികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കായികതാരങ്ങൾക്ക് സർക്കാർ ജോലി

293 (4681) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം മേഖലകളിൽ മികവ് തെളിയിച്ച കായിക താരങ്ങൾക്കാണ് സ്ഥിരം ജോലി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. 35-മത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം

ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിലുൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 54 പേരുടെ അന്തിമപട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈബൻ ഇ. ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടന്ന ഒഴിവിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി, കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-മത് ദേശീയ ഗെയിംസിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കിതാരമായിരുന്ന ശ്രീമതി ശകുന്തള ഡി.വി.-ക്ക് നിയമനം നൽകിയിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി. കെ.-ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

## വഖഫ് സ്വത്തുക്കൾ കൈക്കലാക്കുന്ന സംഭവങ്ങൾ

294 (4682) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടുത്തി നിയമവിരുദ്ധമായി കൈക്കലാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വഖഫ് ബോർഡിന്റെ ശ്രദ്ധയിൽ ഇല്ല.

(സി) തളിപ്പറമ്പ് മുസ്ലീം ജമാഅത്ത്, തൃക്കരിപ്പൂർ ജാമിയവാദിയ ഇസ്ലാമിയ എന്നീ വഖഫ് സ്ഥാപനങ്ങളുടെ സ്വത്തുക്കൾ അന്യാധീനപ്പെടുത്തി വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ഡി) പ്രസ്തുത പരാതിയിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(സി&ഡി) തളിപ്പറമ്പ് മുസ്ലീം ജമാഅത്ത്, തൃക്കരിപ്പൂർ ജാമിയവാദിയ ഇസ്ലാമിയ എന്നീ വഖഫ് സ്ഥാപനങ്ങളുടെ സ്വത്തുക്കൾ അന്യാധീനപ്പെടുത്തി വിൽപ്പന നടത്തിയതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. അന്യാധീനപ്പെട്ട വസ്തുക്കൾ തിരിച്ചു പിടിക്കുന്നതിന് വഖഫ് നിയമം 51-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ വഖഫ് ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്.

## വഖഫ് ബോർഡിന്റെ ആസ്തികളുടെ സംരക്ഷണം

295 (4683) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സംരക്ഷണത്തിന് നടപ്പാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ?

സംസ്ഥാനത്തെ എല്ലാ വഖഫുകളുടെയും നിയന്ത്രണവും മേൽനോട്ടവും വഖഫ് നിയമം സെക്ഷൻ 32 പ്രകാരം വഖഫ് ബോർഡിനാണ്. വഖഫിന്റെ ഉടമസ്ഥതയിലുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പ്രാഥമിക

ഉത്തരവാദിത്വം അതാത് വഖഫ് മുതവല്ലി/കമ്മിറ്റിക്കാണ്. അതിൽ വീഴ്ചവരുത്തുന്ന പക്ഷം വഖഫ് നിയമപ്രകാരമുള്ള അധികാരം ഉപയോഗിച്ച് വഖഫ് ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ?

കുളങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

(സി) ഗുരുവായൂർ മണ്ഡലത്തിൽ വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ളതും വശങ്ങൾ കെട്ടി സംരക്ഷിക്കേണ്ടതുമായ കുളങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ചാവക്കാട് താലൂക്കിലെ 240 വഖഫുകളിൽ 4245/ആർ.എ. നമ്പരായി വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വി.കെ. കുഞ്ഞിബാവ ഹാജി വഖഫിന്റെ ഉടമസ്ഥതയിലുള്ള അമ്പത്ത് കുളം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലുള്ളതാണ്.

## കരിപ്പൂർ ഹജ്ജ് ഹൗസ്

296 (4684) <u>ശ്രീ. ടി. വി. ഇബ്രാഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് ഹൗസിൽ പുതിയ സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഹജ്ജ് തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി നിലവിലുള്ള ഹജ്ജ് ഹൗസിനോട് ചേർന്ന് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ 31094 Sq. feet ഏരിയയോടുകൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിവരുന്നു. ഹജ്ജ് ക്യാമ്പ് സമയത്ത് ഉണ്ടാകുന്ന മാലിന്യ സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് വിമാനത്താവളത്തിൽ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് വിമാനത്താവളത്തിൽ നിലനിർത്തുന്നതിനുവേണ്ടി കേന്ദ്ര ഹജ്ജ് കമ്മിറ്റി സി.ഇ.ഒ. കേന്ദ്ര ഹജ്ജ് കാര്യ മന്ത്രി, സിവിൽ ഏവിയേഷൻ മന്ത്രി എന്നിവരുമായി ബന്ധപ്പെടുകയും അനുകൂല നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

## ശബരി റെയിൽപാതയുടെ സർവ്വേ നടപടികൾ

297 (4685) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപാതയുടെ സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പരമാവധി ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കിയാണോ റെയിൽപാതയുടെ സർവ്വേ നടപടികൾ നടത്തുന്നതെന്ന് അറിയിക്കുമോ;

&

(സി) പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിൽ വ്യക്തത വരുത്തി ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡ് നിർദ്ദേശിച്ചുപ്രകാരം അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 7-1-2021-ലെ സ.ഉ(കൈ) നമ്പർ 1/2021/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം മെമ്പർ, എൻജിനീയറിംഗ് റെയിൽവേ ബോർഡിന്റെ അറിവിലേക്കും തുടർ നടപടികൾക്കായും നൽകുകയും കൂടാതെ സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ ഈ വിവരം അറിയിക്കുകയും ചെയ്തു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കു കയുണ്ടായി. നിലവിൽ പ്രസ്തുത പദ്ധതി റെയിൽ മന്ത്രാലയം തൽക്കാലത്തേയ്ക്ക് ഘനീഭവിപ്പിച്ചിരിക്കുകയാണ്. എന്നാൽ അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 7-1-2021-ലെ GO(Ms)No.1/2021/Trans. പ്രകാരം സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ സർക്കാരിന്റെ ഈ തീരുമാനം അറിയിക്കുകയും പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യത്തിൽ റെയിൽവേയുടെ അനുകൂല തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**മഞ്ചേശ്വരം മണ്ഡലത്തിലെ റെയിൽവേ ലെവൽക്രോസുകൾ**

298 (4686) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലെത്ര റെയിൽവേ ലെവൽക്രോസുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ അഞ്ച് റെയിൽവേ ലെവൽക്രോസുകൾ ഉണ്ട്.

1. ലെവൽക്രോസ് നമ്പർ 287-കി.മീ. 857/0-100 മുട്ടം
2. ലെവൽക്രോസ് നമ്പർ288-കി.മീ.863/0-100 ഉപ്പള
3. ലെവൽക്രോസ് നമ്പർ289-കി.മീ.865/500-600
4. ലെവൽക്രോസ് നമ്പർ291-കി.മീ.868/700-800- മഞ്ചേശ്വരം യാഡ്
5. ലെവൽക്രോസ് നമ്പർ 292-കി.മീ.870/800-900

(ബി) പ്രസ്തുത ലെവൽ ക്രോസുകൾ ഒഴിവാക്കി ഓവർ ബ്രിഡ്ജ്/അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം റെയിൽവേയുടെയോ സർക്കാരിന്റെയോ പരിഗണനയിലുണ്ടോ; എങ്കിൽ ഏതെല്ലാം ലെവൽ ക്രോസ്സുകളിലാണ് ഇവ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ലെവൽക്രോസ് നമ്പർ 287-മംഗൽപാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷപ്രകാരം 10,85,74,339 രൂപ എസ്റ്റിമേറ്റ് തുകയുള്ള പ്രസ്തുത ആർ.ഒ.ബി.-യുടെ സെന്റേജ് ചാർജായ 21,71,487 രൂപ അടയ്ക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ലെവൽക്രോസ് നമ്പർ 288 (ഉപ്പള)-2021-22 റെയിൽവേ പിങ്ക് ബുക്കിൽ സബ്‌വേ ഉൾപ്പെടെ ആർ.ഒ.ബി. നിർമ്മാണം അംഗീകരിച്ചിട്ടുണ്ട്. ടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുണ്ട്. ലെവൽക്രോസ് നമ്പർ 289 & 291 മഞ്ചേശ്വരം (എൽ. സി.നമ്പർ 291) ഹൊസങ്കടി (എൽ.സി.നമ്പർ 289) എന്നീ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) ഉപ്പള, ഷിറിയ (മുട്ടം) എന്നീ ലെവൽ ക്രോസ്സുകൾ ഒഴിവാക്കി അവിടെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉപ്പള ലെവൽ ക്രോസ് ഒഴിവാക്കി ആർ.ഒ.ബി. നിർമ്മാണം കെ.ആർ.ഡി. സി.എൽ.-നെ ഏൽപ്പിച്ച പ്രവൃത്തിയാണ്. ഷിറിയ (മുട്ടം) ലെവൽ ക്രോസ് ഒഴിവാക്കി ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കുമ്പള റെയിൽവേ സ്റ്റേഷനിൽ റിസർവേഷൻ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കുമ്പള റെയിൽവേ സ്റ്റേഷൻ NSG 5 കാറ്റഗറിയിലുള്ളതാണ്. പ്രസ്തുത സ്റ്റേഷനിലെ " Average daily foot falls" 2019-20-ൽ 3212-ഉം 2020-21-ൽ 86-ഉം ആണ്. ആയതിനാൽ നിലവിലെ മാനദണ്ഡപ്രകാരം കുമ്പള റെയിൽവേ സ്റ്റേഷനിൽ പാസഞ്ചർ റിസർവേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയില്ല. മാത്രമല്ല തൊട്ടടുത്ത സ്റ്റേഷനുകളായ കാസർഗോഡ്, മഞ്ചേശ്വരം എന്നീ റെയിൽവേ സ്റ്റേഷനുകളിൽ ടിക്കറ്റ് റിസർവേഷൻ സംവിധാനം നിലവിലുണ്ട്. കുമ്പള റെയിൽവേ സ്റ്റേഷനിൽ സ്റ്റേഷൻ ടിക്കറ്റ് ബുക്കിംഗ് ഏജന്റ് സംവിധാനം ഏർപ്പെടുത്തുന്നത് റെയിൽവേ പരിഗണിച്ചുവരുന്നു.

**നിലമ്പൂർ യാർഡിലെ റെയിൽവേ അണ്ടർ ബ്രിഡ്ജ്**

299 (4687) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റെയിൽവേ യാർഡിലെ ലെവൽ ക്രോസിൽ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായിട്ടുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിശ്ചിത സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം, ടെൻഡർ നടപടി തുടങ്ങിയവ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത ആർ.യു.ബി. നിർമ്മാണത്തിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ നിർമ്മാണത്തിനായിയെത്ര തുകയാണ് വകയിരുത്തി യതെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

പ്രസ്തുത ആർ.യു.ബി. നിർമ്മാണത്തിനായി കെ.ആർ.ഡി.സി.എൽ. 2021 ജൂലൈ 23-ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത ആർ.യു.ബി.-യുടെ ഡിസൈൻ, റോഡ് അലൈൻമെന്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; നിർദ്ദിഷ്ട മലയോര ഹൈവേ ഡിസൈനുമായി ചേർന്നുപോകുന്ന തരത്തിലാണോ ആർ.യു.ബി. നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ?

പൂർത്തീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിലമ്പൂർ യാർഡിലെ ലെവൽ ക്രോസ്, കയറ്റിറക്കമുള്ള റോഡിലായതിനാൽ മഴക്കാലത്ത് അണ്ടർ ബ്രിഡ്ജിൽ വെള്ളം കെട്ടിനിന്ന് വാഹനഗതാഗതം തടസ്സപ്പെടുന്ന സാഹചര്യമുണ്ടാകാൻ സാധ്യതയുണ്ടോയെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

അടിപ്പാതയിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. അടിപ്പാതയുടെ നിർമ്മാണത്തോടൊപ്പംതന്നെ വെള്ളം സുഗമമായി ഒഴുകി പോകുന്നതിനുള്ള പ്രവൃത്തികൾ ചെയ്യുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ടെണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കായംകുളം-ആലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലും നവീകരണവും**

300 (4688) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മുതൽ ആലപ്പുഴ വഴി എറണാകുളത്തേക്കുള്ള റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിനും നവീകരണത്തിനുമായി എന്തെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അരൂർ-അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഭരണാനുമതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ അരൂർ-അമ്പലപ്പുഴ റെയിൽപ്പാത ഇരട്ടിപ്പിക്കലിന്റെ ആദ്യഘട്ടമായ അരൂർ-തുറവൂർ പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ ഫണ്ട് മാത്രമേ ലഭ്യമായിട്ടുള്ളുവെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ എത്ര ഭൂമി ഏറ്റെടുക്കണം; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പ്രസ്തുത റെയിൽപ്പാത ഇരട്ടിപ്പിക്കലിന് ചുവടെപ്പറയുന്ന പ്രകാരം ഭൂമി ആവശ്യമുണ്ട്.

| സ്ട്രെച്ച് | ആലപ്പുഴ ജില്ല | എറണാകുളം ജില്ല |
|---|---|---|
| അമ്പലപ്പുഴ-തുറവൂർ | 23.568 ഹെക്ടർ | - |
| തുറവൂർ-കുമ്പളം | 8.63 ഹെക്ടർ | 1.69 ഹെക്ടർ |
| കുമ്പളം-എറണാകുളം | - | 4.20 ഹെക്ടർ |

## വളർത്തുമൃഗങ്ങൾക്കും കന്നുകാലികൾക്കും ലൈസൻസ്

301 (4689) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വളർത്തുമൃഗങ്ങൾക്കും കന്നുകാലികൾക്കും ലൈസൻസ് വേണമെന്ന് ഹൈക്കോടതി നിർദ്ദേശം നല്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള WP(c) No.13204/2021 കേസിന്റെ ഭാഗമായി 14-7-2021-ൽ കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് ഇതുസംബന്ധിച്ച നിർദ്ദേശം നൽകുകയുണ്ടായി. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഉരുക്കൾ, ഓമനമൃഗങ്ങൾ എന്നിവയെ 6 മാസത്തിനുള്ളിൽ പഞ്ചായത്ത്/ മുൻസിപ്പൽ നിയമങ്ങളും ചട്ടങ്ങളും പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് പ്രസ്തുത നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

നിലവിലെ ചട്ടപ്രകാരം പക്ഷിമൃഗാദികളെ രജിസ്റ്റർ ചെയ്യുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള ഭ്രമിക പോർട്ടൽ രജിസ്ട്രേഷൻ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മൃഗസംരക്ഷണത്തിനായി പൊതു, സ്വകാര്യ പങ്കാളിത്തത്തിലൂടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പരിഗണനയിലില്ല.

## കാസർഗോഡ് ഡ്വാർഫ് പാർക്ക്

302 (4690) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഡ്വാർഫ് പാർക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എവിടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. കുമ്പള പഞ്ചായത്തിൽ ബംബ്രാണ വില്ലേജിൽ അമ്പിലടുക്ക എന്ന സ്ഥലത്താണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിനാവശ്യമായി ഫണ്ട് കണ്ടെത്തുന്നത് എവിടെനിന്നാണെന്നും പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും ആയത് സംബന്ധിച്ച ഗവേഷണത്തിനും വികസനത്തിനും വേണ്ടിയാണിത്. ടൂറിസ്റ്റ് സാധ്യതകൾ പരിഗണിച്ച് ഫാം സന്ദർശനത്തിന് പൊതുജനങ്ങൾക്ക് അവസരമൊരുക്കുന്ന കാര്യവും പരിഗണനയിലാണ്. പദ്ധതിയുടെ അടങ്കൽ തുക 7.21 കോടി രൂപയാണ്. പശു അടിസ്ഥാനമാക്കിയുള്ള ഉല്പാദനങ്ങളുടെ വിപണനവും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ എന്തൊക്കെയാണ്; പദ്ധതി ടൂറിസം സാധ്യതയുള്ള പ്രോജക്ടാണോ; വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

കാസർഗോഡ് കുള്ളൻ പശുക്കൾ സംരക്ഷിക്കപ്പെടും. കാസർഗോഡ് കുള്ളൻ പശുക്കളെക്കുറിച്ച് ഗവേഷണവും പഠനങ്ങളും നടക്കും. ടൂറിസം സാധ്യതയുള്ള പ്രോജക്ടായതിനാൽ ഫാം സന്ദർശനത്തിന് പൊതുജനങ്ങൾക്ക് അവസരമുണ്ടാകും.

(ഡി) നിലവിൽ പദ്ധതിയേത് ഘട്ടത്തിലാണ്; ആയതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഭരണാനുമതിക്കായി ബന്ധപ്പെട്ടവർക്ക് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ; പദ്ധതിക്ക് ഈ വർഷം തന്നെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലാ കളക്ടർ, കേന്ദ്ര ഗവൺമെന്റിന്റെ അനിമൽ ഹസ്ബന്ററി ആൻഡ് ഡയറിയിംഗ് വകുപ്പിന് നേരിട്ട് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്, ആയതിന്റെ പകർപ്പ് സംസ്ഥാന സർക്കാരിനും ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതി വിശദമായും സാങ്കേതികമായും പരിശോധിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ച് വിശദറിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ശിപാർശ ചെയ്ത് കേന്ദ്ര സർക്കാരിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിക്കുള്ള തുക കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത് കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ കാമധേനു ആയോഗിന്റെ കീഴിലുള്ള "National Cow Circuit Programme"-ൽ നിന്നാണ്. പദ്ധതിക്ക് ആവശ്യമായ സ്ഥലം ഇതുവരെ മൃഗസംരക്ഷണ വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല.

## മുയൽ പ്രജനനകേന്ദ്രത്തിൽ മറ്റ് വളർത്തുമൃഗങ്ങളെ ചികിത്സിക്കാൻ നടപടി

303 (4691) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള അങ്കമാലി മുയൽ പ്രജനന കേന്ദ്രത്തിൽ നിലവിലെത്ര മുയലുകളാണുള്ളത്; ഇവയെ പരിപാലിക്കാനെത്ര ജീവനക്കാരാണുള്ളത്; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

അങ്കമാലി മുയൽ പ്രജനന കേന്ദ്രത്തിൽ 27 മുയലുകളാണുള്ളത്. പ്രസ്തുത സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| തസ്തിക | എണ്ണം |
|---|---|
| വെറ്ററിനറി സർജൻ | 1 |
| ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 1 |
| സാനിറ്റേഷൻ വർക്കർ | 1 |
| നൈറ്റ് വാച്ചർ | 1 |
| ലേബറർ (ദിവസ വേതനാടിസ്ഥാനത്തിൽ) | 1 |

(ബി) പ്രസ്തുത സ്ഥാപനത്തിൽ മറ്റ് വളർത്തുമൃഗങ്ങൾക്ക് ചികിത്സയും കുത്തിവയ്പ്പും നടത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

(സി) ഇവിടത്തെ ജീവനക്കാർക്ക് ശമ്പള ഇനത്തിൽ ഒരു മാസം എത്ര രൂപയാണ് നൽകേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ?

അങ്കമാലി മുയൽ പ്രജനന കേന്ദ്രത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ശമ്പള ഇനത്തിൽ നൽകുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

വെറ്ററിനറി സർജൻ -81,113 (വെറ്ററിനറി സർജൻ മേയ് 2018 മുതൽ ശമ്പളം വാങ്ങിയിട്ടില്ല)

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-34,860

സാനിറ്റേഷൻ വർക്കർ-22,910

നൈറ്റ് വാച്ചർ-21,050

ലേബറർ (ദിവസ വേതനാടിസ്ഥാനത്തിൽ) -7,820

(ഡി) ഇവിടെ മൃഗഡോക്ടറും മറ്റ് ജീവനക്കാരുമുള്ള സ്ഥിതിക്ക് മറ്റ് മൃഗങ്ങൾക്കു കൂടി ചികിത്സ നൽകുന്ന സെന്ററായി ഈ സ്ഥാപനത്തെ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന അതേ കാമ്പസിൽ തന്നെയാണ് അങ്കമാലി മൃഗാശുപത്രി പ്രവർത്തിച്ചുവരുന്നത് എന്നതിനാൽ ടി വിഷയം പരിഗണനയിലില്ല.

**കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്**

304 (4692) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ കന്നുകാലി പ്രജനന നയത്തിനനുസരിച്ച് ആവശ്യമായ പ്രജനന ഉപാധികൾ (ഗാഢശീതീകരിച്ച ബീജമാത്രകൾ, ദ്രവനൈട്രജൻ, എ.ഐ.ഷീത്ത്, ദ്രവനൈട്രജൻ കണ്ടെയ്നർ മുതലായവ), കേരളത്തിലെമ്പാടുമുള്ള 2955 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിൽ യഥാസമയം ലഭ്യമാക്കുകയാണ് ബോർഡിന്റെ മുഖ്യ പ്രവർത്തനം. ഇതിനുവേണ്ടി ഇടുക്കി ജില്ലയിലെ മാട്ടുപ്പെട്ടി, പാലക്കാട് ജില്ലയിലെ ധോണി, കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ എന്നിവിടങ്ങളിൽ മൂന്ന് ബുൾസ്റ്റേഷനുകളും ബീജോൽപ്പാദന കേന്ദ്രങ്ങളും ബോർഡിന്റെ കീഴിലുണ്ട്. ഈ കേന്ദ്രങ്ങൾക്കെല്ലാം കേന്ദ്രസർക്കാരിന്റെ അംഗീകാരമായ "എ" ഗ്രേഡ് സർട്ടിഫിക്കേഷൻ, ISO 9001:2015, HACCP സർട്ടിഫിക്കേഷനുകളുണ്ട്. വിദേശ ജനുസ്സുകളായ ഹോൾസ്റ്റീൻ ഫ്രീഷ്യൻ, ജഴ്സി എന്നിവയ്ക്ക് പുറമെ, കേരളത്തിന്റെ തനത് ഇനമായ സുനന്ദിനി, തനത് ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ, ഭാരതത്തിലെ മറ്റ് തനത് ജനുസ്സുകളായ ഗിർ, സഹിവാൾ, റെഡ് സിന്ധി, താർപ്പാർക്കർ, റാത്തി, മുറാ ജനുസ്സിൽപ്പെട്ട പോത്ത് എന്നിവയിൽനിന്നുമാണ് പ്രധാനമായും ബീജോൽപ്പാദനം നടത്തുന്നത്. തീറ്റപ്പുൽകൃഷി വികസനത്തിന് ആവശ്യമായ തീറ്റപ്പുൽ വിത്ത്, തീറ്റപ്പുൽ കടകൾ എന്നിവയും ബോർഡ്

ഉൽപ്പാദിപ്പിച്ച്, ഗുണനിലവാര പരിശോധനകൾക്കുശേഷം വിവിധ ഏജൻസികൾ വഴി വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ തെരെഞ്ഞെടുത്ത ജില്ലകളിൽ "കുടുംബശ്രീ" മുഖേന തീറ്റപ്പുൽകൃഷിക്ക് ഏക്കറൊന്നിന് 16,000 രൂപ വരെ ക്ഷീരകർഷകർക്ക് ധനസഹായം നൽകിവരുന്നു. "സംസ്ഥാന തീറ്റപ്പുൽവിത്ത് പരിശോധന ലബോറട്ടറി" ബോർഡിന്റെ പാലക്കാട്ടുള്ള ധോണി ഫാമിൽ പ്രവർത്തിക്കുന്നു. ബോർഡിന്റെ അഞ്ച് ഫാമുകളിലേയും കന്നുകാലികൾക്കാവശ്യമായ തീറ്റപ്പുല്ല്, ഉണക്കപ്പുല്ല്, സൈലേജ് (കരുതിവെക്കാവുന്ന കാലിത്തീറ്റ) എന്നിവ ഫാമുകളിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വെറ്ററിനറി ഡോക്ടർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, മറ്റ് സാങ്കേതിക വിദഗ്ദ്ധർ, എന്നിവർക്കുപുറമെ വിവിധ സ്ഥലങ്ങളിൽനിന്നുള്ള കർഷകർക്കും നവസംരംഭകർക്കും ബോർഡ് പ്രയോഗികതല പരിശീലനം നൽകിവരുന്നു. ഇതിനായി മാട്ടുപ്പെട്ടി (ഇടുക്കി ജില്ല), ധോണി (പാലക്കാട് ജില്ല), കുളത്തുപ്പുഴ (കൊല്ലം ജില്ല), കോലാഹലമേട് (ഇടുക്കി ജില്ല) എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. മാട്ടുപ്പെട്ടി, ധോണി പരിശീലന കേന്ദ്രങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ അക്രെഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. ആട് വളർത്തൽ മേഖലയുടെ വികസനത്തിനായി ജനിതക മേന്മയുള്ള മുട്ടനാടുകളെ തെരെഞ്ഞെടുത്ത് അവയിൽനിന്നും ഗാഢശീതീകരിച്ച ബീജമാത്രകൾ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തിനകത്തെ 1189 കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ വഴി ബോർഡ് വിതരണം ചെയ്തുവരുന്നു. ഇതിനായി പാലക്കാട് ജില്ലയിലെ ധോണിയിലും തൃശ്ശൂർ ജില്ലയിലെ പുത്തൂരിലും ബോർഡിന് ആട് പ്രജനന കേന്ദ്രങ്ങളുണ്ട്. പന്നി വളർത്തൽ മേഖലയുടെ വികസനത്തിനായി പന്നികളുടെ ജനിതകമേന്മ വർദ്ധിപ്പിച്ച് മേൽത്തരം പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി ബോർഡിന്റെ ആധുനിക പന്നി പ്രജനനകേന്ദ്രം എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്നു. പന്നി വളർത്തൽ മേഖലയുമായി ബന്ധപ്പെട്ട ശാസ്ത്രീയ പരിശീലനവും ബോർഡ് നൽകിവരുന്നു. അത്യാധുനിക യന്ത്ര സാമഗ്രികൾ ഉപയോഗിച്ചുള്ള ക്ഷീരോൽപ്പാദനത്തിന് മാതൃകയായി മാട്ടുപ്പെട്ടി, ധോണി, കുളത്തുപ്പുഴ എന്നിവിടങ്ങളിൽ ഹൈടെക് ഫാമുകൾ ബോർഡ് നടത്തിവരുന്നു, വർഷം തോറും 200 ഓളം മേൽത്തരം പശുക്കുട്ടികളെ ഈ ഫാമുകളിൽനിന്ന് കർഷകർക്ക് മിതമായ നിരക്കിൽ വിൽക്കുന്നുമുണ്ട്. കന്നുകാലികളുടെ പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ട ആധുനിക സാങ്കേതിക വിദ്യകളായ ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) എന്നിവയും ബോർഡ് പ്രാവർത്തികമാക്കുന്നുണ്ട്. കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുവാനാണ് ഈ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നത്. ക്ഷീരോൽപ്പാദന മികവ് പുലർത്തുന്ന

മികച്ച വിത്തുകാളക്കുട്ടികളെ വളരെ ചെറുപ്രായത്തിൽത്തന്നെ കണ്ടുപിടിക്കുവാനുള്ള സാങ്കേതിക സൗകര്യങ്ങളും വിത്തുകാളകളുടെ ജനിതക രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള സൗകര്യങ്ങളുമുള്ള "ജനിതക ലബോറട്ടറി" തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ "രാഷ്ട്രീയ ഗോകുൽ മിഷൻ", "ദേശീയ ലൈവ്‌സ്റ്റോക്ക് മിഷൻ" എന്നീ പദ്ധതികളും ബോർഡ് നടപ്പിലാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കണ്ടുവരുന്ന ആട്, പശു എന്നിവയുടെ ജനുസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആട് ജനുസ്സുകൾ: മലബാറി, ജമ്നാപ്യാരി, ബീറ്റൽ, സിരോഹി, അട്ടപ്പാടി കരിയാട്, സങ്കരയിനം ആടുകൾ

പശു ജനുസ്സുകൾ:- സുനന്ദിനി (സങ്കരയിനം ജഴ്സി, സങ്കരയിനം ഹോൾസ്റ്റീൻ)- ശുദ്ധയിനം ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ-വെച്ചൂർ, കാസർഗോഡ് കുള്ളൻ- പെരിയാർ (കുട്ടമ്പുഴ കുള്ളൻ), വടകര കുള്ളൻ - ഗിർ, സഹിവാൾ

(സി) ഇത്തരം ജനുസുകളെ സംരക്ഷിക്കുന്നതിനായി പ്രസ്തുത ബോർഡ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന കന്നുകാലി പ്രജനന നയം നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ, സംസ്ഥാനത്തുകണ്ടുവരുന്ന വിവിധയിനം പശുക്കളിൽ കൃത്രിമബീജാധാനം നടത്തുന്നതിന് ആവശ്യമായ ജനിതകമൂല്യമുള്ള വിത്തുകാളകളെ ബോർഡിന്റെ മാട്ടുപ്പെട്ടി, ധോണി, കുളത്തുപ്പുഴ ബുൾസ്റ്റേഷനുകളിൽ പരിപാലിച്ച്, കേന്ദ്ര സർക്കാർ അനുശാസിച്ചിരിക്കുന്ന Minimum Standard Protocol (MSP) പാലിച്ചുകൊണ്ട് ഇവയുടെ ബീജം ശേഖരിച്ച്, ശാസ്ത്രീയമായ രീതിയിൽ ഗാഢശീതീകരിച്ച്, സംസ്ഥാനത്തിനകത്തെ 2955 കൃത്രിമ ബീജധാന കേന്ദ്രങ്ങളിൽ ഓരോ 21 ദിവസം കൂടുമ്പോഴും, ആവശ്യാനുസരണം ബീജമാത്രകളും ഇവ സൂക്ഷിക്കുന്നതിനുള്ള ദ്രവനൈട്രജനും (-196$^0$C) ബീജാധാനത്തിനാവശ്യമായ എ.ഐ. ഷീത്തും ബോർഡ് എത്തിച്ചുകൊടുക്കുന്നു. നാടൻ പശു ജനുസ്സുകളുടെ സംരക്ഷണ പദ്ധതികൾ: കാസർഗോഡ് കുള്ളൻ, വെച്ചൂർ പശുക്കൾ എന്നിവ വംശനാശ ഭീഷണി നേരിട്ടിരുന്നുവെങ്കിലും 2019-ലെ കന്നുകാലി സെൻസസ് പ്രകാരം, ഇവയുടെ എണ്ണത്തിൽ നേരിയ വർദ്ധനവാണ് കാണുന്നത്. 2012-ലെ കന്നുകാലി സെൻസസ് വരെ ക്രമാനുഗതമായി കുറഞ്ഞുകൊണ്ടിരുന്ന നാടൻ പശു ഇനങ്ങളുടെ എണ്ണം, 2019-ലെ സെൻസസ് പ്രകാരം നേരിയ തോതിൽ (7.38 ശതമാനം) വർദ്ധിച്ചതായാണ്

കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെ തനത് നാടൻപശു ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയെ സംരക്ഷിക്കുവാനും, വംശം നിലനിർത്തുവാനും ഈ ജനുസ്സുകളുടെ മേൽത്തരം വിത്തുകാളകളെ കെ.എൽ.ഡി. ബോർഡിന്റെ ബുൾസ്റ്റേഷനുകളിൽ പരിപാലിക്കുകയും, അവയുടെ ബീജം ശേഖരിച്ച്, ഗാഢശീതീകരിച്ച ബീജ മാത്രകൾ ഉൽപ്പാദിപ്പിച്ച്, സംസ്ഥാനത്തിനകത്തെ മൃഗാശുപത്രികൾ വഴി വെച്ചൂർ, കാസർഗോഡ് കുള്ളൻ കിടാരികൾ/പശുക്കൾ എന്നിവയിൽ കൃത്രിമബീജാധാനം നടത്തുന്നതിന് സൗജന്യമായി വിതരണം ചെയ്യുന്നു. കൂടാതെ കേരളത്തിലെ മറ്റ് പ്രാദേശിക നാടൻ ജനുസ്സുകളായ പെരിയാർ (കുട്ടമ്പുഴ കുള്ളൻ), വടകര കുള്ളൻ, വിത്തുകാളകളുടെ ബീജവും ഗാഢശീതീകരിച്ച് ഈയിനം പശുക്കളുള്ള സ്ഥലങ്ങളിൽ കൃത്രിമ ബീജധാനത്തിനായി മൃഗാശുപത്രികൾ വഴി വിതരണം ചെയ്യുന്നു. കേരളത്തിലെ നാടൻ ജനുസ്സുകളെയും ഭാരതത്തിലെ മറ്റ് നാടൻ ജനുസ്സുകളെയും കെ.എൽ.ഡി. ബോർഡിന്റെ തൃശ്ശൂർ ജില്ലയിലെ പുത്തൂരിലുള്ള ഫാമിൽ സംരക്ഷിക്കുന്നു. കേരളത്തിന്റെ തനത് ജനുസ്സായ വെച്ചൂർ പശുവിന്റെ കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുവാൻ "ഭ്രൂണമാറ്റ പദ്ധതി" കെ.എൽ.ഡി. ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ നടപ്പിലാക്കിവരുന്നു. ആട് ജനുസ്സുകളുടെ സംരക്ഷണ പദ്ധതികൾ പാലക്കാട് ജില്ലയിലെ ബോർഡിന്റെ ധോണി ഫാമിൽ, സംസ്ഥാനത്ത് കാണപ്പെടുന്ന വിവിധയിനം ആട് ജനുസ്സുകളുടെ മികച്ചയിനം മുട്ടനാടുകളിൽനിന്നും ബീജം ശേഖരിച്ച്, ഗാഢശീതീകരിച്ച്, സംസ്ഥാനത്തിനകത്തെ 1189 കൃത്രിമ ബീജാധാനകേന്ദ്രങ്ങൾ വഴി ആടുകളിൽ കൃത്രിമബീജാധാനത്തിനായി വിതരണം ചെയ്യുന്നു. വംശനാശഭീഷണി നേരിടുന്ന അട്ടപ്പാടി കരിയാടുകളെ സംരക്ഷിക്കുന്നതിനായി "അട്ടപ്പാടി കരിയാട് സംരക്ഷണ പദ്ധതി" ബോർഡിന്റെ പാലക്കാട് ജില്ലയിലെ ധോണി ഫാമിൽ നടപ്പിലാക്കുന്നു. വിവിധ ജനുസ്സുകളിൽപ്പെട്ട ആടുകളെ ബോർഡിന്റെ പാലക്കാട് ജില്ലയിലുള്ള ധോണി ഫാം, തൃശ്ശൂർ ജില്ലയിലുള്ള പുത്തൂർ ഫാം എന്നിവിടങ്ങളിൽ പരിപാലിച്ച്, ആട്ടിൻ കുട്ടികളെ കർഷകർക്കും/ഏജൻസികൾക്കും മിതമായ നിരക്കിൽ നൽകുന്നു. മികച്ചയിനം മലബാറി മുട്ടനാടുകളെ കർഷകരുടെ ഇടങ്ങളിൽനിന്നും തെരെഞ്ഞെടുക്കുന്നതിനുവേണ്ടി, കോഴിക്കോട് ജില്ലയിൽ "ഫീൽഡ് പെർഫോർമൻസ് റെക്കോർഡിംഗ്" പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാനത്ത് കൃത്രിമ ബീജാധാന സൗകര്യം 500 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിൽക്കൂടി ഏർപ്പെടുത്തുന്നതിന് "ദേശീയ ലൈവ്സ്റ്റോക്ക് മിഷൻ" പദ്ധതി പ്രകാരം 95.00 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതിയും ലഭിച്ചിട്ടുണ്ട്.

## നാടൻ പശുക്കളുടെ സംരക്ഷണം

305 (4693) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര മേഖല വ്യവസായമായതോടെ പ്രതിരോധശേഷിയുള്ള നാടൻപശു ഇനങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയെ സംരക്ഷിക്കാനും വംശം നിലനിർത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

&

(ബി) കാസർഗോഡ് കുള്ളൻ പശു, വെച്ചൂർ പശു തുടങ്ങിയ കേരളത്തിന്റെ തനതായ നാടൻ പശുക്കൾ വംശനാശ ഭീഷണി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അവയുടെ വംശവർദ്ധനവിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. നാടൻ പശുക്കൾക്ക് പാലുത്പാദനം കുറവായതിനാൽ നിലവിലുണ്ടായിരുന്ന പ്രജനന നയത്തിൽ ക്രോസ് ബ്രെഡ് പശുക്കൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ വെച്ചൂർ, കാസർഗോഡ് കുള്ളൻ തുടങ്ങിയ നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനായി നാളിതുവരെയുള്ള പ്രജനന നയത്തിൽ വ്യത്യാസം വരുത്തി ഇത്തരം ജനുസ്സുകളിൽ പെടുന്ന പശുക്കൾക്ക് അവയുടെ ഇനത്തിൽപ്പെട്ട കാളകളുടെതന്നെ ബീജമാത്രകൾ നൽകുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും അവയുടെ വംശം നിലനിർത്തുന്നതിനു വേണ്ടി മാത്രം കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ ഒരു ഫാം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ ഇനങ്ങളെ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷയും നൽകിവരുന്നു.

(സി) കാർഷിക മേഖലയായ കൂത്തുപറമ്പ് മണ്ഡലത്തിൽ ഇത്തരം നാടൻ പശുക്കളെ വിതരണം ചെയ്ത് പരിപാലനം ഉറപ്പാക്കാൻ പ്രത്യേക പാക്കേജിന് രൂപം നൽകുമോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദീകരിക്കാമോ?

ഇത്തരത്തിൽ പ്രത്യേക പാക്കേജ് പരിഗണനയിലില്ല. നാടൻ പശുക്കളുടെ പാലിന്റെ ഗുണമേന്മ, രോഗപ്രതിരോധശേഷി, വലിയ പശുക്കളെക്കാൾ പരിപാലന സൗകര്യം, തീറ്റയുടെ അളവിൽ ആവശ്യമായ കുറവ് എന്നീ വിവരങ്ങളിൽ ഊന്നിയുള്ള ബോധവത്കരണംമൂലം കർഷകരെ നാടൻപശുക്കളുടെ പരിപാലനത്തിലേക്ക് ആകർഷിക്കാവുന്നതാണ്.

## ഇറച്ചി ഉത്പന്നങ്ങളുടെ വിലവർദ്ധന

306 (4694) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴികളുടേയും മറ്റ് ഇതര മാംസ വസ്തുക്കളുടേയും വിലയിൽ കോവിഡ് കാലത്തുണ്ടായ വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സംസ്ഥാനത്ത് കോവിഡ് കാലത്ത് ഇറച്ചിക്കോഴി കളുടെയും മറ്റ് ഇതര മാംസവസ്തുക്കളുടെയും വിലവർദ്ധന ഉണ്ടായിട്ടുള്ളതാണ്. കോഴിത്തീറ്റയുടെ വില വർദ്ധനവാണ് ഇറച്ചിക്കോഴികളുടെ വില അമിതമായി വർദ്ധിക്കുന്നതിന് പ്രധാന കാരണം. അടുത്ത കാലത്ത് കിലോയ്ക്ക് 30 രൂപ നിരക്കിൽ ലഭിച്ചിരുന്ന കോഴിത്തീറ്റ ഇപ്പോൾ 47 - 51 രൂപ വരെ ഉയർന്നിട്ടുണ്ട്. തത്ഫലമായി കേരളത്തിലെ മിക്ക കർഷകരും ഇറച്ചിക്കോഴി വളർത്തൽ ഉപേക്ഷിച്ചു. അന്യസംസ്ഥാനങ്ങളിൽനിന്നാണ് ഇപ്പോൾ ഇറച്ചിക്കോഴികളും കോഴിത്തീറ്റയും എത്തിച്ചേരുന്നത്. അയൽ സംസ്ഥാനങ്ങളിൽ കോഴിത്തീറ്റയ്ക്ക് വില കുറവാണ്. എന്നാൽ ലാഭം മുൻനിർത്തി അന്യസംസ്ഥാന കച്ചവടക്കാർ ഇറച്ചിക്കോഴികളുടെ വില വൻതോതിൽ വർദ്ധിപ്പിക്കുന്നു. തത്ഫലമായി കോവിഡ് കാലത്ത് കോഴിയിറച്ചിയുടെ വില പൊതുവിപണിയിൽ 240 - 250 രൂപ വരെ ഉയർന്നിട്ടുണ്ട്.

(ബി) പ്രസ്തുത മാംസ ഉത്പന്നങ്ങളുടെ സംസ്ഥാനത്തെ ദൈനംദിന ഉപയോഗവും ഉത്പാദനവും എത്രയെന്നും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അളവ് എത്രയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മാംസ ഉത്പന്നങ്ങളുടെ ഉപഭോഗം/ആവശ്യകത സംബന്ധിച്ച ആധികാരികമായ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. 2020-21-ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ മാംസത്തിന്റെ വാർഷിക ഉല്പാദനം 448392 മെട്രിക് ടൺ ആണ്. ആയത് പ്രകാരം സംസ്ഥാനത്തെ പ്രതിദിന ഉത്പാദനം 1228.47 മെട്രിക് ടൺ എന്നാണ് കണക്കാക്കിയിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന മൃഗങ്ങളെ കശാപ്പ് ചെയ്തതിൽനിന്ന് ഉൽപ്പാദിപ്പിച്ച മാംസം ഉൾപ്പെടെയുള്ള കണക്കാണിത്. സംസ്ഥാനത്ത് സെയിൽ ടാക്സ് ചെക്ക്പോസ്റ്റ് നിർത്തലാക്കിയശേഷം റിൻഡർ പെസ്റ്റ് ചെക്ക്പോസ്റ്റിൽ നിന്ന് ലഭ്യമാക്കിയ മൃഗങ്ങളുടെ ഇറക്കുമതി കണക്കുകളും സംസ്ഥാനത്തെ മൊത്ത കച്ചവടക്കാരിൽനിന്നുള്ള കണക്കുകളും പ്രകാരമാണ് മറ്റുസംസ്ഥാനങ്ങളിൽനിന്നുള്ള ഇറക്കുമതി കണക്കാക്കുന്നത്. ആയത് പ്രകാരം മറ്റുസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത മൃഗങ്ങളിൽനിന്നും ഇവിടെ ഉത്പാദിപ്പിച്ച മാംസം 2020-21 വർഷം 206109 മെട്രിക് ടൺ എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഇത്തരം മാംസവിപണനത്തിന് ഒരു ഏകീകൃതവില നടപ്പാക്കി ആയത് പ്രകാരം വിപണനം ഉറപ്പാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് മാംസ വിപണനത്തിന് ഒരു ഏകീകൃത വിപണന സംവിധാനം നിലവിൽ ഇല്ല. എന്നാൽ MPI (Meat Products of India) കൂത്താട്ടുകുളം, KSPDC (Kerala State Poultry Development Corporation, Tvm) എന്നീ സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങൾക്ക് ഒരു നിശ്ചിത വില തീരുമാനിച്ച് വിപണനം ചെയ്യുന്നുണ്ട്.

**ഇരവിപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

307 (4695) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം നിയോജകമണ്ഡലത്തിൽ നിലവിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ നിലവിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിലും കൊറോണയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിലും ദുരിതമനുഭവിക്കുന്ന മയ്യനാട് പഞ്ചായത്തിലെ 20 ക്ഷീരകർഷകരുടെ പശുക്കൾക്ക് സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്.

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ച് അതുവഴി മലബാറി ആടുകളുടെ പ്രജനനം വർദ്ധിപ്പിക്കുകയും ടി യൂണിറ്റുകളിൽനിന്നും ഡിപ്പാർട്ട്മെന്റ്/ പഞ്ചായത്ത് പദ്ധതികൾക്ക് ആടുകളെ വിതരണം ചെയ്ത് സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, പാൽ, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 25,000 രൂപ സബ്സിഡി നൽകുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ഇരവിപുരം നിയോജകമണ്ഡലത്തിന് ഒരു യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

3. താറാവ് നഴ്സറികളുടെ സ്ഥാപനവും താറാവ് കൃഷിയുടെ പ്രചാരണവും കർഷകർക്കിടയിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുകയും മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന

പദ്ധതിയാണിത്. ഒരു യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 1,200 രൂപ സബ്സിഡി നൽകുന്നു. 2021-22 സാമ്പത്തിക വർഷം ഇരവിപുരം നിയോജകമണ്ഡലത്തിന് 20 യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

4. ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്ന പദ്ധതി. ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്നതിനാവശ്യമായ ധനസഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. കന്നുകാലിഷെഡ്ഡിനോട് ചേർന്ന് വളക്കുഴി നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 12,500 രൂപ ധനസഹായം നൽകുന്നു. 2021-22 സാമ്പത്തിക വർഷം ഇരവിപുരം നിയോജകമണ്ഡലത്തിന് ഒരു യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

5. അണുവിമുക്തമാക്കലും ശുചിത്വവും. മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളിൽ ശുചിത്വ പ്രവർത്തനങ്ങളും അണുനശീകരണവും നടത്തുക വഴി ഉപകരണങ്ങൾ, പരിസരം, എക്സാമിനേഷൻ ടേബിൾ തുടങ്ങിയവ ശുചിത്വത്തോടെ പരിപാലിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇരവിപുരം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പുന്തലത്താഴം വെറ്ററിനറി ഹോസ്പിറ്റൽ, മയ്യനാട് വെറ്ററിനറി ഡിസ്പെൻസറി, ഇരവിപുരം വെറ്ററിനറി ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

6. കന്നുകുട്ടിപരിപാലന പദ്ധതി ടി പദ്ധതി പ്രകാരം 4 മുതൽ 6 മാസം വരെയുള്ള കന്നുകുട്ടികളെ വരി ചേർത്ത് സബ്സിഡി നിരക്കിൽ ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ കന്നുകുട്ടിക്ക് 28 മാസം പ്രായമാകുന്നതുവരെ സബ്സിഡി തുകയിൽ പരിമിതപ്പെടുത്തിനൽകുന്നു. ഇരവിപുരം നിയോജകമണ്ഡലത്തിലെ 212 എണ്ണം കന്നുകുട്ടികൾക്ക് ടി പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

7. ഗോസമൃദ്ധി എൻ.എൽ.എം. ഇൻഷ്വറൻസ് കർഷകരുടെ ഉന്നമന ത്തിനായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഗോസമൃദ്ധി എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതി പ്രകാരം കർഷകർക്കും അവരുടെ ഉരുക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുനൽകുന്നു.

8. രാത്രികാല മൃഗചികിത്സാ സേവനം നടപ്പുസാമ്പത്തിക വർഷം മുതൽ രാത്രികാല മൃഗചികിത്സാ സേവനം എന്ന പദ്ധതി മുഖത്തല ബ്ലോക്കിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകുകയും ആയതിനു വേണ്ട നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

308 (4696) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മുഖേന ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് മുഖേന ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചാവക്കാട്, ഗുരുവായൂർ, പൂക്കോട്, കടപ്പുറം, ഒരുമനയൂർ, പുന്നയൂർ, പുന്നയൂർക്കുളം, വൈലത്തൂർ, ഏങ്ങണ്ടിയൂർ എന്നീ മൃഗാശുപത്രികൾ വഴി ഈ സാമ്പത്തിക വർഷം ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. രാത്രികാല മൃഗചികിത്സ സേവനം (അടിയന്തര സാഹചര്യങ്ങളിൽ 5,82,465 കർഷകന്റെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം നൽകൽ)
2. മൃഗാശുപത്രികളുടെ ശുചീകരണം (അണുവിമുക്തമാക്കൽ) 23,000
3. ഗോട്ട് സാറ്റലൈറ്റ് പദ്ധതി 1,00,000
4. കറവ യന്ത്രം വാങ്ങുന്നതിന് ക്ഷീര കർഷകർക്ക് ധനസഹായം 25,000

ആകെ 7,30,465

1. ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എണ്ണം/വിസ്തീർണ്ണം | ധനസഹായം |
|---|---|---|---|
| 1 | തീറ്റപ്പുൽവികസന പരിപാടി | 4 ഹെക്ടർ | 50,000 |

2. തീറ്റപ്പുൽകൃഷി തോട്ടമുണ്ടാക്കൽ 2 മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എണ്ണം | ധനസഹായം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഒരു പശു | 7 | 2,45,000 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 2 പശു യൂണിറ്റ് | 3 | 3,45,000 |
| 3 | കോമ്പോസിറ്റ് ഡയറി യൂണിറ്റ് | (1 പശു+1 കിടാരി)1 | 53,000 |
| 4 | അവശ്യാധിഷ്ഠിത ധനസഹായം | 5 | 1,30,000 |
| 5 | കാലിത്തൊഴുത്ത് നിർമ്മാണം | 2 | 1,00,000 |

3. ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എണ്ണം | ധനസഹായം |
|---|---|---|---|
| 1 | FSSA 2006 നിയമ പ്രകാരമുള്ള സജ്ജീകരണങ്ങൾ ഒരുക്കൽ | 1 | 45,000 |
| 2 | അവശ്യാധിഷ്ഠിത ധനസഹായം | 1 | 30,000 |
| 3 | ട്രാൻസ്പോർട്ടേഷൻ അസിസ്റ്റന്റ്സ് | 2 | 70,000 |
| 4 | കാലിത്തീറ്റ ധനസഹായ പദ്ധതി ക്ഷീര സംഘങ്ങൾ വഴിയുള്ള ഡ്രൈ ഫോഡർ, പച്ചപ്പുൽ വിതരണം | 1 | 27,000 |

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ക്ഷീര സംഘങ്ങൾ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ ക്ഷീര കർഷകരുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വടക്കേക്കാട് പഞ്ചായത്തിൽ പുതിയ സംഘം രൂപീകരിക്കുന്നത് പരിഗണനയിലാണ്. ചാവക്കാട് മുൻസിപ്പാലിറ്റിയിൽ 56, ഗുരുവായൂർ മുൻസിപ്പാലിറ്റിയിൽ 30, ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 82 എന്നീ കണക്ക് പ്രകാരം 168 കർഷകർ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ ചാവക്കാട് മുൻസിപ്പാലിറ്റിയിൽ 35, ഗുരുവായൂർ മുൻസിപ്പാലിറ്റിയിൽ 38, ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 15 എന്നീ എണ്ണം കർഷകരാണ് സംഘത്തിൽ പാൽ അളന്നുവരുന്നത്. ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ 618 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 74 കർഷകർ സംഘത്തിൽ പാലളന്നുവരുന്നു.

## മുൻസർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

309 (4697) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് ആലത്തൂർ നിയോജകമണ്ഡലത്തിൽ മൃഗ സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകാമോ; ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വിശദമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് ആലത്തൂർ നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരവും, പദ്ധതിയുടെ നിലവിലെ സ്ഥിതിയും അനുവദിച്ച തുകയുടെ വിശദവിവരവും ചുവടെ ചേർക്കുന്നു :

| ഇനം | തുക |
|---|---|
| (1) | (2) |
| താറാവ് വളർത്തൽ പദ്ധതി | 60,600 |
| ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് | 6,25,000 |
| വളക്കുഴി നിർമ്മാണം | 3,12,500 |
| സ്കൂൾ പൗൾട്രി | 8,78,625 |
| ബ്ലോക്ക് ലെവൽ എക്സ്റ്റൻഷൻ പ്രോഗ്രാം | 56,000 |
| കൊമേഴ്സ്യൽ ഗോട്ടറി | 1,00,000 |
| വന്ധ്യതാനിവാരണ ക്യാമ്പ് | 1,25,000 |
| ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി | 38,500 |
| രാത്രി കാല സർവ്വീസ് | 8,63,264 |
| പന്നി വളർത്തൽ | 2,50,000 |

| (1) | (2) |
|---|---|
| അനിമൽ വെൽഫെയർ ക്ലബ് | 1,00,000 |
| അനിമൽ ഹെൽത്ത് ക്യാമ്പ് | 52,500 |
| സ്ട്രെങ്ത്തനിംഗ് ഓഫ് വെറ്ററിനറി സർവ്വീസ് | 68,500 |
| ഉപജീവന സഹായ പദ്ധതി (ആർ.കെ.ഐ.) | 15,53,200 |
| എൻ.എൽ.എം.ഗോട്ടറി (സി.എസ്.എസ്.പദ്ധതി) | 5,94,000 |
| എസ്.എൽ.ബി.പി. പദ്ധതികളായ CAP | 50,43,750 |
| ഗോവർദ്ധിനി | 1,44,56,250 |
| ആകെ | 2,75,23,209 |

പദ്ധതികൾ എല്ലാം തന്നെ നടപ്പിലാക്കികഴിഞ്ഞു.

## കോഴി വളർത്തൽ യൂണിറ്റുകൾ

310 (4698) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട് സംസ്ഥാനത്ത് തിരിച്ചെത്തുന്ന പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികളിൽ അംഗമായികൊണ്ട് കോർപ്പറേഷന്റെ സഹായത്തോടുകൂടി കോഴിവളർത്തൽ സംരംഭങ്ങൾ പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും തുടങ്ങാവുന്നതാണ്. കേരള സർക്കാരിന്റെ കേരള ചിക്കൻ പദ്ധതി വഴി 2600 ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ പ്രവാസികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും മറ്റ് ചെറുകിട ഇറച്ചിക്കോഴി വളർത്തൽ കർഷകർക്കും അംഗമാകാവുന്നതാണ്. കോവിഡാനന്തര കേരളത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ

കോഴി വളർത്തലിന് സന്നദ്ധതയുമായി മുന്നോട്ട് വരുന്നവർക്ക് കോഴിയും കൂട്ടുകളും ആവശ്യമായ സാങ്കേതിക സഹായങ്ങളും നൽകുന്നതിന് കെപ്കോ നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബശ്രീ യൂണിറ്റുകൾക്കുവേണ്ടി കുടുംബശ്രീ കോഴിവളർത്തൽ പദ്ധതിയും കോഴിവളർത്തൽ ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നവർക്കു വേണ്ടി കോൺട്രാക്ട് ഫാമിംഗ് പദ്ധതിയും സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെപ്കോ നടപ്പാക്കിവരുന്നു. ഇതിനുപുറമെ മുട്ടക്കോഴി ഇന്റഗ്രേഷൻ പദ്ധതിയും കെപ്കോ നടപ്പാക്കുന്നു. സ്വന്തമായി പൗൾട്രി ഷെഡ്ഡ്, തീറ്റപ്പാത്രം, വെള്ളപ്പാത്രം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്ന താൽപ്പര്യമുള്ള കർഷകർക്ക് ഒരു ദിവസം പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെയും ആവശ്യമായ കോഴിത്തീറ്റയും മരുന്നുകളും സൗജന്യമായി നൽകുന്നു. കോഴികൾക്ക് 45-60 ദിവസം പ്രായമാകുമ്പോൾ കെപ്കോതന്നെ തിരിച്ചെടുക്കുന്നു. കർഷകന് വളർത്തുകൂലിയായി ഒരു കോഴിക്ക് 5 മുതൽ 8 രൂപ വരെ നൽകുന്നു.

(ബി) കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്ന നവസംരംഭകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കേരള സർക്കാർ നടപ്പിലാക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് ഫാം ഒന്നിന് 50,000 രൂപ വരെ ധനസഹായം നല്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. KSPDC, കുടുംബശ്രീ, BDS എന്നിവരുടെ ഫാമിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ അംഗങ്ങളായ കർഷകർക്ക് നൽകി അവരിൽനിന്നും കോഴികുഞ്ഞുങ്ങൾ 38 ദിവസം പ്രായമാകുമ്പോൾ നല്ല വില നൽകി സമാഹരിച്ച് പ്രോസസ് ചെയ്ത് പദ്ധതിയുടെ sales outlet വഴി വിപണിയിൽ എത്തിക്കുന്നു. ഇതുവഴി ഇറച്ചിക്കോഴി ഫാം സംരംഭകർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴികൾ വിൽക്കാനുള്ള സ്ഥിരമായ മാർക്കറ്റിംഗ് സൗകര്യവും നല്ല വരുമാനവും ലഭ്യമാകുന്നതാണ്. കോഴി വളർത്തലിൽ ഏർപ്പെടുന്ന നവസംരംഭകർക്ക് എല്ലാവിധ സാങ്കേതികോപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കെപ്കോ നൽകിവരുന്നു. ഇതിനുവേണ്ടി കെപ്കോയുടെ ആസ്ഥാനമായ പേട്ടയിൽ വെറ്ററിനറി സർജന്റെ ചുമതലയിൽ ഒരു ടെക്നിക്കൽ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നു. കോഴികളുടെ രോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ, വൈറ്റമിനുകൾ, സപ്ലിമെന്റുകൾ തുടങ്ങിയവ 20 ശതമാനം വരെ ഡിസ്കൗണ്ടിൽ പേട്ടയിലെ കെപ്കോ മെഡിക്കൽ സ്റ്റോറിൽനിന്നും കർഷകർക്ക് ലഭിക്കുന്നുണ്ട്. അതിനുപുറമെ കോഴിവളർത്തൽ കർഷകർക്ക് ആവശ്യമായ എല്ലാവിധ ഉപകരണങ്ങളും കെപ്കോയുടെ കീഴിൽ പേട്ടയിൽ പ്രവർത്തിക്കുന്ന പൗൾട്രി ഉപകരണ വിപണന കേന്ദ്രത്തിൽ ന്യായമായ വിലയിൽ ലഭ്യമാണ്.

## ബ്രോയ്‌ലർ ചിക്കൻ ഉല്പാദനവും വിപണനവും

311 (4699) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രോയിലർ ചിക്കൻ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

KEPCO, കുടുംബശ്രീ, BDS എന്നീ ഏജൻസികളെ ഒരുമിപ്പിച്ചുകൊണ്ട് മൃഗസംരക്ഷണ വകുപ്പ് ഇറച്ചിക്കോഴി ഉത്പാദനത്തിനും വിപണനത്തിനും വേണ്ടി "കേരള ചിക്കൻ" പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2600 ചെറുകിട ബ്രോയ്‌ലർ ഫാമുകളെ കെപ്കോ, കുടുംബശ്രീ, BDS എന്നീ ഏജൻസികൾ വഴി തെരഞ്ഞെടുത്ത് 50,000 രൂപ വരെ ധനസഹായം നൽകുകയും ഏജൻസികളുടെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ മിതമായ വിലയ്ക്ക് കുടുംബശ്രീക്കും അംഗങ്ങളായ കർഷകർക്കും നൽകി അവരിൽനിന്നും കോഴിക്കുഞ്ഞുങ്ങൾക്ക് 40-45 ദിവസം പ്രായമാകുമ്പോൾ സമാഹരിച്ച് ഏജൻസികളുടെ പ്ലാന്റുകളിൽ process ചെയ്ത് മൃഗസംരക്ഷണ വകുപ്പിന്റെ ലാബിൽ പരിശോധിച്ച് antibiotic, മറ്റുഹാനികരമായ രാസപദാർത്ഥങ്ങൾ എന്നിവയില്ലെന്ന് ഗുണനിലവാരം ഉറപ്പുവരുത്തി കോഴിയിറച്ചിയായും മൂല്യവർദ്ധിത ചിക്കൻ ഉല്പന്നങ്ങളായും പദ്ധതിയുടെ വിപണന കേന്ദ്രങ്ങൾ വഴി വിപണിയിൽ എത്തിക്കുന്നു.

(ബി) മത്സ്യ ലഭ്യത കുറയുന്ന സാഹചര്യത്തിൽ ബ്രോയിലർ ചിക്കൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കാമോ?

മത്സ്യ ലഭ്യത കുറയുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കൂടുതൽ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഇറച്ചിയാക്കി 'കെപ്കോ ചിക്കൻ' എന്ന പേരിൽ മിതമായ നിരക്കിൽ വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ കേരള ചിക്കൻ പദ്ധതി വഴിയും, കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരവും കോൺട്രാക്ട് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

(സി) കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന KEPCO, കുടുംബശ്രീ, BDS എന്നീ ഏജൻസികൾ വഴി നിലവിൽ 2600 ബ്രോയിലർ ഫാമുകളും 240 sales outlet-കളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമാകുന്നുണ്ട്. ഭാവിയിൽ കൂടുതൽ ഫാമുകളും sales outlet-കളും വരുന്നത് വഴി കേരള ചിക്കൻ എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുന്നതാണ്.

(ഡി) എം.എസ്.എം.ഇ. മുഖേന ബ്രോയിലർ ചിക്കൻ ഉല്പാദിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എത്ര തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഇതുകാരണം സൃഷ്ടിക്കാൻ/വർദ്ധിപ്പിക്കാൻ ആകും എന്ന് വ്യക്തമാക്കാമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## മുല്ലശ്ശേരി വെറ്ററിനറി ആശുപത്രി

312 (4700) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി വെറ്ററിനറി ആശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കാക്കി ഉയർത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

മണലൂർ മണ്ഡലത്തിലെ മുല്ലശേരി വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്താനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു എങ്കിലും സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കാനായില്ല.

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

വീണ്ടും പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## വെറ്ററിനറി നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ നടപടി

313 (4701) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം തീരുമാനമെടുക്കുന്നതാണ്.

(ബി) ഇത്തരത്തിലുള്ള നഴ്സിംഗ് കോളേജുകൾ ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെയാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

&

(സി) വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് എന്ന സ്ഥലത്ത് മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി ഈ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്നകാര്യം പരിഗണിക്കുമോ?

(ബി&സി) ബാധകമല്ല.

## ചൊക്ലി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയുടെ കെട്ടിട നിർമ്മാണം

314 (4702) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രിയുടെ കെട്ടിട നിർമ്മാണത്തിനായി മൃഗസംരക്ഷണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ ചൊക്ലി ഗ്രാമ പഞ്ചായത്തിലെ മൃഗാശുപത്രിയുടെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ വിദഗ്ദ്ധ സമിതി പരിശോധിച്ച ശേഷം സമിതിയുടെ അഭിപ്രായവുംകൂടി ഉൾപ്പെടുത്തി ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നതാണ്.

## പയ്യന്നൂർ വെറ്ററിനറി പോളിക്ലിനിക്കിന് പുതിയ കെട്ടിടം

315 (4703) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ വെറ്ററിനറി പോളിക്ലിനിക്കിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ വെറ്ററിനറി പോളിക്ലിനിക്കിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## പുൽകൃഷി വ്യാപനം

316 (4704) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കുവേണ്ടി പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

തീറ്റപ്പുൽകൃഷിയുടെ വികസനത്തിനായി സബ്സിഡിയോടെ 20 സെന്റിന് മുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയം സഹായസംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശുനിലങ്ങളിലെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നു. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തി ആയത് വിപണനം ചെയ്യുന്നതിന് 75,000 രൂപയുടെ ധനസഹായമാണ് രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പുൽകൃഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ?

തീറ്റപ്പുൽ കൃഷിയുടെ വികസനത്തിനായി സബ്സിഡിയോടെ 20 സെന്റിന് മുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയം സഹായസംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശുനിലങ്ങളിലെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതിയിലൂടെ ധനസഹായം

നൽകിവരുന്നു. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തി ആയത് വിപണനം ചെയ്യുന്നതിന് 75,000 രൂപയുടെ ധനസഹായമാണ് രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽ കൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തീറ്റപ്പുൽകൃഷി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നുണ്ട്.

(സി) പുൽകൃഷി വ്യാപനത്തിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നത്; ആയതിനായി ക്ഷീരകർഷകർക്ക് സബ്സിഡി നൽകിവരുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം എന്താണ്; വിശദമാക്കുമോ?

തീറ്റപ്പുൽകൃഷിവ്യാപനത്തിന്റെ നോഡൽ ഏജൻസി ക്ഷീരവികസന വകുപ്പാണ്. 20 സെന്റ് സ്ഥലത്തോ അതിൽ കൂടുതൽ സ്ഥലത്തോ തീറ്റപ്പുൽകൃഷി ചെയ്യുന്ന കർഷകർക്ക് ഒരു സെന്റിന് 50 രൂപ നിരക്കിൽ സബ്സിഡി നൽകിവരുന്നു. പുതിയതായി ഫാം തുടങ്ങുന്ന കർഷകർക്കും കൂടുതൽ പശുവിനെ വളർത്തുന്ന കർഷകർക്കും, വനിത/പിന്നാക്ക വിഭാഗക്കാരായ കർഷകർക്കും മുൻഗണന നൽകുന്നുണ്ട്.

(ഡി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഇതിനുവേണ്ടിയുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിൽ തീറ്റപ്പുൽകൃഷി വികസനത്തിനായി സബ്സിഡിയോടെ 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷി, തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി എന്നിവ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ സ്റ്റൈലോ സാന്തസ് വിത്തും കർഷകർക്ക് നൽകിയിട്ടുണ്ട്. അനുവദിച്ച സബ്സിഡി തുക, സ്ഥലത്തിന്റെ അളവ് ഗുണഭോക്താക്കളുടെ എണ്ണം എന്നിവ അനുബന്ധമായി ചേർക്കുന്നു.*

**നാടൻ പശുക്കളുടെ സംരക്ഷണം**

317 (4705) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖല വ്യവസായമായതോടെ പ്രതിരോധശേഷിയുള്ള നാടൻ പശു ഇനങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കാനും വംശം നിലനിർത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) കാസർഗോഡ് കുള്ളൻ പശു, വെച്ചൂർ പശു തുടങ്ങിയ കേരളത്തിന്റെ തനതായ നാടൻ പശുക്കൾ വംശനാശ ഭീഷണി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വംശവർദ്ധനവിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. നാടൻ പശുക്കൾക്ക് പാലുത്പാദനം കുറവായതിനാൽ നിലവിലുണ്ടായിരുന്ന പ്രജനന നയത്തിൽ ക്രോസ് ബ്രെഡ് പശുക്കൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ വെച്ചൂർ, കാസർഗോഡ് കുള്ളൻ തുടങ്ങിയ നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനായി നാളിതുവരെയുള്ള പ്രജനന നയത്തിൽ വ്യത്യാസം വരുത്തി ഇത്തരം ജനുസ്സുകളിൽ പെടുന്ന പശുക്കൾക്ക് അവയുടെ ഇനത്തിൽപ്പെട്ട കാളകളുടെ തന്നെ ബീജമാത്രകൾ നൽകുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും അവയുടെ വംശം നിലനിർത്തുന്നതിനുവേണ്ടി മാത്രം കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ ഒരു ഫാം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ ഇനങ്ങളെ വകുപ്പിന്റെ ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പരിരക്ഷ നൽകി സംരക്ഷിച്ചുവരുന്നു. " കുട്ടമ്പുഴ കുള്ളൻ" എന്ന പേരിൽ പെരിയാർ തീരത്ത് പുതിയ ഒരു ജനുസ്സിന്റെ സംരക്ഷണം ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലക്ഷ്യമിടുന്നുണ്ട്.

(സി) കാർഷിക മേഖലയായ കൂത്തുപറമ്പ് മണ്ഡലത്തിൽ ഇത്തരം നാടൻ പശുക്കളെ വിതരണം ചെയ്ത് പരിപാലനം ഉറപ്പാക്കാൻ പ്രത്യേക പാക്കേജിന് രൂപം നൽകുമോ; എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദീകരിക്കാമോ?

ഇത്തരത്തിൽ പ്രത്യേക പാക്കേജ് പരിഗണനയിൽ ഇല്ല. നാടൻ പശുക്കളുടെ പാലിന്റെ ഗുണമേന്മ, രോഗപ്രതിരോധ ശേഷി. വലിയ പശുക്കളെക്കാൾ പരിപാലന സൗകര്യം, തീറ്റയുടെ അളവിൽ ആവശ്യമായ കുറവ് എന്നീ വിവരങ്ങളിൽ ഊന്നിയുള്ള ബോധവത്കരണംമൂലം കർഷകരെ നാടൻ പശുക്കളുടെ പരിപാലനത്തിലേക്ക് ആകർഷിക്കാവുന്നതാണ്.

## മാവേലിക്കര മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

318 (4706) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയത് വഴി പഞ്ചായത്തിലെ ക്ഷീരസംഘത്തിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 1800 ലിറ്ററിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്നും അവർക്ക് പദ്ധതി മുഖേന ലഭിക്കുന്ന ഗുണഫലങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ?

പ്രസ്തുത പദ്ധതിയിൽ ആകെ 89 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരുന്നു.

I. 2 പശു യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 10 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 69,000 രൂപ.

II. കോമ്പോസ്റ്റ് (1 പശു +1 കിടാരി) യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 10 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 53,000 രൂപ.

III. 5 പശു യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 4 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 1,84,000 രൂപ.

IV. കോമ്പോസ്റ്റ് (3 പശു +2 കിടാരി) യൂണിറ്റ് സ്ഥാപിച്ചതിനുള്ള ധനസഹായം 3 പേർക്ക് നൽകി. ഒരു ഗുണഭോക്താവിനുള്ള ധനസഹായ തുക 1,50,000 രൂപ.

V. കറവയന്ത്രം സ്ഥാപിച്ചതിന് ഒരാൾക്ക് 25,000 രൂപ ധനസഹായം നൽകി.

VI. ആവശ്യാധിഷ്ഠിത പദ്ധതിയിലുൾപ്പെടുത്തി കാലിത്തൊഴുത്ത് നവീകരിച്ചതിന് 38 ഗുണഭോക്താക്കൾക്ക് ആകെ 9,00,000 രൂപ ധനസഹായമായി നൽകി.

VII. 2 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം കാലിത്തൊഴുത്ത് നിർമ്മാണത്തിനായി ധനസഹായം നൽകി.

VIII. അന്തരീക്ഷ മർദ്ദം ലഘൂകരിക്കുന്നതിന് 1 ഗുണഭോക്താവിന് 25,000 രൂപ ധനസഹായം നൽകി.

IX. 154 കിലോഗ്രാം മിനറൽ മിക്സ്ചർ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിന് 15,400 രൂപ ധനസഹായം നൽകി.

X. പദ്ധതി പ്രകാരം 50 ലക്ഷം രൂപയുടെ ധനസഹായം വള്ളികുന്നം പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 115 പശുക്കളെ സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടുവന്നിട്ടുള്ളതും വള്ളികുന്നം പഞ്ചായത്തിലെ 5 ക്ഷീര സംഘങ്ങളിലായി 1800 ലിറ്റർ പ്രതിദിന പാൽ സംഭരണ വർദ്ധനവ് ഉണ്ടായിട്ടുള്ളതുമാണ്. ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിലുൾപ്പെടുത്തി 38 കർഷകരുടെ കാലിത്തൊഴുത്ത് നവീകരിച്ചത് പശുക്കളുടെ ആരോഗ്യസംരക്ഷണത്തിനും പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

319 (4707) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി സർക്കാർ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

2016 മുതൽ 2021 വരെ 53 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. ഇതിനായി 3,050 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1 പശു, 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി കോമ്പസിറ്റ് ഡയറി യൂണിറ്റ് (1+1), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3+2), മിൽക്കിംഗ് മെഷീൻ, അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം, മിനറൽ മിക്സ്ചർ വിതരണം തുടങ്ങിയവയാണ് പ്രസ്തുത പദ്ധതിയിൽ പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് പരമാവധി ധനസഹായമായി അനുവദിക്കുന്നത്.

(സി) ക്ഷീരഗ്രാമം പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**ക്ഷീരഗ്രാമം പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

320 (4708) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ക്ഷീരഗ്രാമം പദ്ധതി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്, ഇതിനായി സർക്കാർ ധനസഹായത്തോടെ കറവപശുക്കളെ വാങ്ങുന്നതിനും രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് പരമാവധി ധനസഹായമായി അനുവദിക്കുന്നത്.

(സി) ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നത് വഴി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് അറിയിക്കുമോ?

ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത് വഴി ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ള പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുക എന്നുള്ളതാണ് ലക്ഷ്യം.

## ക്ഷീരഗ്രാമം പദ്ധതി

321 (4709) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്ത് കേന്ദ്രീകരിച്ച് ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കണമെന്ന പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പരിശോധിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രൊപ്പോസൽ പ്രകാരമുള്ള നടപടികൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരിശോധനകൾക്ക് ശേഷം തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## സർക്കാർ ഉടമസ്ഥതയിൽ കാലിത്തീറ്റ ഫാക്ടറി

322 (4710) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി വയനാട്ടിൽ സർക്കാർ ഉടമസ്ഥതയിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

നിലവിൽ പരിഗണനയിൽ ഇല്ല.

(ബി) നിലവിൽ കാലിത്തീറ്റ വില കുറയ്ക്കുന്നതിൽ സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശു വളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു

നൂതനപദ്ധതിയും വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ് എന്ന പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2200 ഹെക്ടറിൽ പുൽകൃഷി നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 473 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീര സംഘങ്ങളിൽനിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400 രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന വിധം നടപ്പിലാക്കി വരുന്നു.

(സി) കാലിത്തീറ്റ വില ഏകീകരിക്കുന്നതിലും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിലും നടത്തുന്ന ഇടപെടൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പൊതുമേഖലാ കാലിത്തീറ്റ നിർമ്മാണ ഫാക്ടറികളായ കേരള ഫീഡ്സ്, മിൽമ ഫീഡ്സ് എന്നിവ അധിക ലാഭം എടുക്കാതെ കാലിത്തീറ്റ വിപണിയിലെത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച ഓർഡിനൻസ് 2021 ഫെബ്രുവരി 17-ന് നിലവിൽ വന്നു. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിൽ കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നുണ്ട്.

### ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

323 (4711) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തുവരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീര കർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്കാണ് ഇതിന്റെ ഗുണം ലഭിക്കുന്നത്. 11.23 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ഇത് കൂടാതെ ക്ഷീരകർഷക ക്ഷേമനിധി, ക്ഷീര സഹകരണ സംഘങ്ങൾ മുഖാന്തരം കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് അതിജീവനത്തിനായി വിവിധതരം ധനസഹായവും നൽകിവരുന്നു. കൂടാതെ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് കേന്ദ്രമാക്കി ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ക്ഷീര കർഷകർക്ക് കോവിഡ് രോഗബാധയുണ്ടാവുമ്പോൾ അവരുടെ കന്നുകാലികളെയും കറവപ്പശുക്കളെയും സംരക്ഷിക്കുന്നതിന് ക്ഷീരസംഘങ്ങൾ വഴി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; ഇതിന് സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് സംവിധാനമുണ്ടോ; വിശദമാക്കാമോ?

പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് ഒരു തടസ്സവും വരാതിരിക്കാൻ പ്രാദേശികമായുള്ള കർഷകരേയും, ക്ഷീരസംഘം പ്രതിനിധികളേയും, ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റിക്ക് രൂപം കൊടുത്തിരുന്നു. പ്രസ്തുത കമ്മിറ്റി ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ കർഷകർക്കുവന്ന നാശനഷ്ടങ്ങൾ കണക്കാക്കി ധനസഹായം നൽകുകയും ചെയ്യുന്നു. ക്ഷീര കർഷകർക്ക് കോവിഡ് രോഗബാധയുണ്ടാവുമ്പോൾ അവരുടെ കന്നുകാലികളെയും കറവപ്പശുക്കളെയും സംരക്ഷിക്കുന്നതിനും, കറവ, പശുക്കൾക്കുള്ള ഭക്ഷണം എന്നീ സൗകര്യങ്ങൾ ഒരുക്കി കേരളത്തിലെ വിവിധ ജില്ലകളിലുള്ള ക്ഷീരസംഘങ്ങൾ മാതൃകാപരമായ രീതിയിൽ നടപടികളെടുത്ത് കർഷകരെ സഹായിച്ചു.

(സി) പ്രസ്തുത ക്ഷീരകർഷകർക്ക് സഹായധനം ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനായി ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ക്ഷീര സംഘങ്ങൾ വഴി സംഭരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഉല്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും മിൽമ സംഭരിക്കുന്നുണ്ട്. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ, 2.04 ലക്ഷം ക്ഷീര കർഷകർക്ക് പ്രയോജനപ്പെടും വിധം നടപ്പിലാക്കിവരുന്നു. കോവിഡ് ബാധിച്ച ക്ഷീര കർഷകർക്ക് ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം അടിയന്തര ധനസഹായം നൽകിയിരുന്നു. കോവിഡ് നിരീക്ഷണ ത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകിയിട്ടുണ്ട് (കുറഞ്ഞത് 250 രൂപ പരമാവധി 1,000 രൂപ).

## തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് നടപടി

324 (4712) ശ്രീ. പി. വി. അൻവർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകൃഷി വ്യാപകമാകുന്നതിനനുസൃതമായി തീറ്റപ്പുൽ കൃഷിയിൽ വർദ്ധനവുണ്ടാകേണ്ടത് അത്യാന്താപേക്ഷിതമാണെന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

പരിഗണിച്ചിട്ടുണ്ട്.

(ബി) തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ പര്യാപ്തമാണോ എന്നതുസംബന്ധിച്ച് വിലയിരുത്തൽ നടത്തി യിട്ടുണ്ടോ?

ഉണ്ട്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും, വില വർദ്ധിക്കുന്നതുമാണ്. തീറ്റപ്പുൽകൃഷിയുടെ നോഡൽ ഏജൻസി എന്ന നിലയിൽ ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സബ്സിഡിയോടെ 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ, യന്ത്രവൽക്കരണത്തിനുള്ള പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, സ്വയംസഹായ സംഘങ്ങൾ മുഖേന തീറ്റപ്പുൽകൃഷി വ്യാപന-വിപണന പദ്ധതികൾ, തരിശു നിലങ്ങളിലെ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതികൾ, വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനായുള്ള വികസന പദ്ധതികൾ എന്നിവ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കി വരുന്നു.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി സബ്സിഡി അടക്കമുള്ള സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്. വനിതാ സ്വയം സഹായ സംഘങ്ങളിൽ ഉൾപ്പെട്ട വനിതകൾക്ക് തങ്ങളുടെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവുമെന്ന ഘടക പദ്ധതിയിലൂടെ ധനസഹായം നൽകി വരുന്നു. ഒരേക്കർ സ്ഥലത്ത് തീറ്റപ്പുൽകൃഷി നടത്തി ആയത് വിപണനം ചെയ്യുന്നതിന് 75,000 രൂപയുടെ ധനസഹായമാണ് രജിസ്റ്റർ ചെയ്ത സ്വയം

സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപകമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ തീറ്റപ്പുൽകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന വ്യാപകമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി പുരോഗമിച്ചുവരുന്നു.

**ക്ഷീരഗ്രാമം പദ്ധതി**

325 (4713) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ?

നടപ്പുസാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിശോധനകൾക്കുശേഷം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**പാൽ പരിശോധന അധികാരങ്ങൾ**

326 (4714) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പി.&എ.ആർ.ഡി. പഠന വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എഫ്.എസ്.എസ്.എ. നിയമപ്രകാരമുള്ള പാൽ പരിശോധന അധികാരം, വകുപ്പിന് നൽകാൻ പി.&എ.ആർ.ഡി. പഠന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടോ; ശിപാർശ നടപ്പിൽവരുത്തുന്നത് പരിഗണനയിലുണ്ടോ;

&

(സി) എഫ്.എസ്.എസ്.എ. നിയമപ്രകാരമുള്ള പാൽ പരിശോധന അധികാരങ്ങൾ ക്ഷീരവികസനവകുപ്പിലെ ടെക്നിക്കൽ ഉദ്യോഗസ്ഥർക്ക് നൽകുന്ന തിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) ശിപാർശ ചെയ്തിട്ടുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം കേന്ദ്ര നിയമമായതിനാൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ചുള്ള പരിശോധന നടത്തു ന്നതിനും തുടർന്നുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിക്കും (FSSAI) സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്കും കമ്മീഷണർ ഗസറ്റ് വിജ്ഞാപനംമൂലം അധികാരപ്പെടുത്തുന്ന ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ജില്ലാ ഓഫീസർ, ഭക്ഷ്യസുരക്ഷാ ഓഫീസർ, ഫുഡ് അനലിസ്റ്റ് എന്നിവരുടെ യോഗ്യത നിശ്ചയി ച്ചിട്ടുള്ളതാണ്. ആയതിനാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം അനുസരിച്ച് പരിശോധനകൾ നടത്തുന്നതിന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

### സംസ്ഥാനത്തെ പ്രതിദിന പാൽ ഉത്പാദനവും ഉപഭോഗവും

327 (4715) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന പാൽ ഉത്പാദനവും ഉപഭോഗവും സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഒരു ദിവസത്തെ ശരാശരി പാൽ ഉപഭോഗം 87.5 ലക്ഷം ലിറ്റർ ആണ്. ഉല്പാദനം ഏകദേശം 81 ലക്ഷം ലിറ്ററാണ്.

(ബി) ഇതിലെ അന്തരം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കാമോ?

ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം പരിഹരിക്കാൻ ക്ഷീര വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ പ്രധാനം മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയാണ്. സർക്കാർ സബ്സിഡിയോടുകൂടി ഉരുക്കളെ

വാങ്ങി നൽകുന്ന പദ്ധതിയാണിത്. കൂടാതെ, ക്ഷീരഗ്രാമം പദ്ധതിയും തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. ഉരുക്കളെ വാങ്ങി നൽകുന്ന ഈ പദ്ധതികളിൽ പുതിയ കറവപ്പശുക്കളെ വാങ്ങുന്നത് പൂർണ്ണമായും കേരളത്തിന് പുറത്തുനിന്നാണ്. ഇത് സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിക്കാൻ സഹായിക്കുന്നു. കൂടാതെ, തീറ്റപ്പുൽ വികസന പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, കാലിത്തീറ്റ സബ്സിഡി പോലുള്ള പദ്ധതികൾ ക്ഷീരകർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്താൻ സഹായിക്കുന്നു.

(സി) പാൽ ഉത്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് ചെലവഴിച്ചത്; ഇതുമൂലം പാൽ ഉത്പാദനത്തിൽ ഉണ്ടായ വളർച്ച എത്രയെന്ന് വ്യക്തമാക്കാമോ?

പാൽ ഉത്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കാൻ കഴിഞ്ഞ അഞ്ച് വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ക്ഷീര വികസന വകുപ്പിന് 52,263 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിന്റെ 90 ശതമാനം തുകയും ക്ഷീര മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. കൂടാതെ 2014-15-ൽ ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 15.26 ലക്ഷം ലിറ്ററിൽനിന്നും 2020-21-ൽ 19.43 ലക്ഷം ലിറ്ററായി വർദ്ധിക്കുകയും ചെയ്തു.

(ഡി) ക്ഷീര കർഷകർക്കും സംഘങ്ങൾക്കും കൂടുതൽ പ്രയോജനം ലഭിക്കും വിധം സംസ്ഥാന ക്ഷീര വികസന നയം കാതലായ മാറ്റങ്ങളും സമീപനങ്ങളും ഉൾപ്പെടുത്തി പരിഷ്കരിക്കുമോ; വെളിപ്പെടുത്തുമോ?

ക്ഷീരവികസന നയം പ്രഖ്യാപിക്കുന്നതിനുള്ള കരട് തയ്യാറായി വരുന്നു.

### മിൽമയെ ശക്തിപ്പെടുത്താൻ നടപടി

328 (4716) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശവിപണി ലക്ഷ്യമിട്ട് മിൽമ മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കൂടുതലായി ഉത്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

നടപടികൾ പുരോഗമിച്ചുവരുന്നു. വിദേശ വിപണി ലക്ഷ്യമാക്കി നിലവിൽ മിൽമയുടെ മലബാർ മേഖലാ യൂണിയനിൽനിന്ന് നെയ് ഗൾഫ് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തുവരുന്നുണ്ട്. ഇതോടൊപ്പംതന്നെ ഫ്ലേവേർഡ് മിൽക്ക്, ഇമ്യൂണിറ്റി

ബൂസ്റ്റർ, ഗോൾഡൻ മിൽക്ക് തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങളും വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു. മലബാർ മേഖലയിലെ രണ്ട് ഡയറികൾക്ക് എക്സ്പോർട്ട് ലൈസൻസ് ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം മേഖലയുടേയും ഫെഡറേഷന്റെയും കീഴിലുള്ള ഡയറികളും എക്സ്പോർട്ട് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മിൽമയെ ശക്തിപ്പെടുത്തുന്നതിനും ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മിൽമയുടെ വിവിധ പ്രവർത്തനങ്ങൾക്കായി ക്ഷീര വികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും 750 ലക്ഷം രൂപ എല്ലാ വർഷവും അനുവദിച്ചുവരുന്നു. കൂടാതെ മിൽമയുടെ മൂന്ന് മേഖലാ ക്ഷീരോൽപാദക യൂണിയനുകൾ വഴി ക്ഷീര കർഷകർക്കായി വിവിധതരം പദ്ധതികളും ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

**ക്ഷീര കർഷകർക്ക് പ്രത്യേക സാമ്പത്തിക പാക്കേജ്**

329 (4717) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 വ്യാപനംമൂലം സംസ്ഥാനം ലോക്ഡൗണിലേക്ക് പോയ സാഹചര്യത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ക്ഷീര കർഷകരെ സഹായിക്കുന്നതിന് പ്രത്യേക സാമ്പത്തിക പാക്കേജോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് വ്യാപനംമൂലം ലോക്ക്ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിൽ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിക്കാൻ മിൽമയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്കായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 3 രൂപ ക്രമത്തിൽ ഇൻസെന്റീവും പച്ചപ്പുൽ വൈക്കോൽ എന്നിവ സംഭരിച്ച് കുറഞ്ഞ വിലയിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകി (കുറഞ്ഞത് 250 രൂപ, പരമാവധി 1,000 രൂപ).

**അതിർത്തികടന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ**

330 (4718) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്നും അതിർത്തികടന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തു നിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം ജില്ലകളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. കൂടാതെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറികളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും അതിർത്തികടന്ന് എത്തുന്നതുൾപ്പെടെയുള്ള പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. കൂടാതെ ആഘോഷവേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തിവരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ബി) ശരാശരി എത്ര ലിറ്റർ പാൽ ആണ് പ്രതിദിനം തമിഴ്നാട്ടിൽനിന്നും എത്തുന്നത്?

തമിഴ്നാട്ടിൽനിന്ന് പ്രതിദിനം 4.9 ലക്ഷം ലിറ്റർ പാലാണ് എത്തുന്നത്. ഇത് ക്ഷീരവികസന വകുപ്പിന്റെ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) ചെക്ക് പോസ്റ്റുകളിലൂടെ കടന്നുവരുന്ന പാലിന്റെ അളവാണ്.

(സി) ഇടുക്കി ജില്ലയിൽ അതിർത്തി കടന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദീകരിക്കാമോ?

ഇടുക്കി ജില്ലയിൽ പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി വിശേഷ ദിവസങ്ങളിൽ താൽക്കാലിക ഗുണ നിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് ജില്ലയിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർ പരിശോധന നടത്തുന്നുണ്ട്. ഇടുക്കി ജില്ലയിൽ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ ലാബ് ഉപയോഗിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തിവരുന്നു. ഇത് കൂടാതെ ക്ഷീരവികസന വകുപ്പുമായി ചേർന്ന് സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് കുമളി, കമ്പംമെട്ട്, ബോഡിമെട്ട് എന്നീ ചെക്ക്പോസ്റ്റുകൾ കടന്ന് എത്തുന്ന പാലിന്റെ പരിശോധന നടത്തുന്നുണ്ട്. അന്യസംസ്ഥാനത്തുനിന്നും വരുന്ന ടാങ്കർ ലോറികളിൽനിന്നും പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണമേന്മ പരിശോധിക്കുന്നതിനായി ഡയറി ക്വാളിറ്റി കൺട്രോൾ ലാബിലും എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബിലും നൽകി പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്.

(ഡി) പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ എന്തൊക്കെ ശിക്ഷാനടപടികളാണ് സ്വീകരിക്കാൻ സാധിക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരം (Unsafe) ആയി കണ്ടെത്തിയ ഭക്ഷ്യസാമ്പിളുകൾ കൈകാര്യം ചെയ്യുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികളും ഗുണനിലവാരമില്ലാത്തതായ (substandard) പരിശോധന ഫലം ലഭിക്കുന്നവയ്ക്കെതിരെ അഡ്ജൂഡിക്കേഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) ഗുണമേന്മ ഇല്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

പാലിന്റെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് നടപ്പുവർഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണ നിലവാര നിയമ പ്രകാരം Cow Milk, Eranad (കൊല്ലം ജില്ല), Milk Thattu, (തിരുവനന്തപുരം ജില്ല), Milk-1 (എറണാകുളം ജില്ല), Hima Milk, Menma Milk, Kerala Milk (ഇടുക്കി ജില്ല) എന്നിവയ്ക്കെതിരെ 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ

331 (4719) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി ക്ഷീര മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന് 52,263 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിന്റെ 90 ശതമാനം തുകയും ക്ഷീരമേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനം പാലിൽ സ്വയം പര്യാപ്തതയിലെത്തി ചേർന്നു. ക്ഷീര രംഗത്തെ വളർച്ചയും മികച്ച നേട്ടങ്ങളും കണക്കിലെടുത്ത് കേരളത്തിന് 2019 വർഷത്തെ ദേശീയ തലത്തിലുള്ള ഇന്ത്യാടുഡേ അവാർഡ് ലഭിക്കുകയുണ്ടായി. കൂടാതെ 2014-15-ൽ ക്ഷീര സഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 15.26 ലക്ഷം ലിറ്ററിൽനിന്നും 2020-21-ൽ 19.43 ലക്ഷം ലിറ്ററായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കുന്ന സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്.

(ബി) ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്ന തിനായി വിവിധ പദ്ധതികൾ " ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതിയിലൂടെ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീര സംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/

വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ. 2006 നടപ്പിലാക്കുവാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ള സംഭരണി നിർമ്മാണം, ക്ഷീര സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണ മേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത സംഘങ്ങളുടെ ഓഡിറ്റ് പ്രവൃത്തികൾ യഥാസമയങ്ങളിൽ പൂർത്തീകരിക്കാറുണ്ടോയെന്ന് വെളിപ്പെടുത്താമോ?

യഥാസമയം പൂർത്തീകരിക്കാറുണ്ട്. എന്നാൽ 3 വർഷം വരെ ആഡിറ്റ് കുടിശ്ശികയുള്ള സംഘങ്ങൾ ഭാഗികമായുണ്ട്.

(ഡി) ക്ഷീര മേഖലയിൽ ആരംഭിച്ചിട്ടുള്ള മിൽക്ക് ഷെഡ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;

&

(ഇ) പുതുതായി ഈ മേഖലയിലേക്ക് കടന്നുവരുന്ന സംഘങ്ങൾക്കും സംരംഭകർക്കും സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടുവരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോ ടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീരഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി

വരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽനിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

**മാതൃകാ ക്ഷീരസംഘങ്ങളുടെ നേതൃത്വത്തിൽ പ്രൊഡ്യൂസർ കമ്പനികൾ**

332 (4720) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മിൽമയെ കൂടാതെ മാതൃകാക്ഷീരസംഘങ്ങളുടെ നേതൃത്വത്തിൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരളത്തിൽ പ്രൊഡ്യൂസർ കമ്പനികൾ സ്ഥാപിക്കുവാനുള്ള നടപടികൾ ആലോചിച്ചുവരുന്നു.

(ബി) മാതൃകാ ക്ഷീരസംഘങ്ങളുടെ ഉൽപ്പാദനശ്രേണി വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

മാതൃകാ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് വിവിധങ്ങളായ പദ്ധതികൾ അനുവദിച്ച് ധനസഹായം നൽകിവരുന്നു. ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനായി ധനസഹായം അനുവദിക്കുന്ന വിവിധ പദ്ധതികൾ " ക്ഷീര സംഘങ്ങൾക്ക് ധനസഹായം" പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്. എസ്.എ. 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണി നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

**ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം**

333 (4721) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിക്കുന്നതിന് അനുസൃതമായി സംഭരണം വർദ്ധിപ്പിക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ?

സംസ്ഥാനത്ത് പാൽ ഉല്പാദനം വർദ്ധിക്കുന്ന സാഹചര്യത്തിൽ ക്ഷീര സംഘങ്ങളെ ശാക്തീകരിക്കുന്നതിനും സംഭരണം വർദ്ധിപ്പിക്കുന്നതിനായുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുമായി "ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ സംസ്ഥാനത്ത് 461 ക്ഷീരസംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകളുണ്ട്. സംഭരണം വർദ്ധിക്കുന്നതിന് അനുസരിച്ച് കൂടുതൽ ക്ഷീരസംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ വേണ്ടിവരും. ഇതിനായി ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകുപ്പിന്റെ അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതി എന്നിവ സർക്കാർ നടപ്പിലാക്കിവരുന്നു.

(ബി) ക്ഷീര സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ?

ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനായി ധനസഹായം അനുവദിക്കുന്ന വിവിധ പദ്ധതികൾ " ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. ക്ഷീര സംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/ വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ. 2006 നടപ്പിലാക്കാനുള്ള

ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണി നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും സർക്കാർ നടപ്പിലാക്കിവരുന്നു.

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സഹകരണ സംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണം എത്രത്തോളം വർദ്ധിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ?

2014-15-ൽ പ്രതിദിനം 15.26 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചു.

**വാമനപുരത്തെ ക്ഷീര സഹകരണ സംഘങ്ങൾ**

334 (4722) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഒൻപത് ഗ്രാമ പഞ്ചായത്തുകളിലായി എത്ര ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ഒൻപത് ഗ്രാമ പഞ്ചായത്തുകളിലായി 37 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത സംഘങ്ങളുടെ പേര്, നമ്പർ, സ്ഥലം തുടങ്ങിയ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

&

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ സംഘത്തിനും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ?

(ബി&സി) അനുബന്ധം-1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാറനല്ലൂർ ക്ഷീരോത്പാദക വ്യവസായ സഹകരണ സംഘം

335 (4723) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറനല്ലൂർ ക്ഷീരോത്പാദക വ്യവസായ സഹകരണ സംഘം ഇപ്പോൾ നിലവിലുണ്ടോ; പ്രസ്തുത സഹകരണ സംഘത്തിൽ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ; നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ?

ഉണ്ട്. പ്രസ്തുത സംഘത്തിൽ 18 ജീവനക്കാർ ഉണ്ടായിരുന്നു. നിലവിൽ 16 ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(ബി) പിരിഞ്ഞുപോയ തൊഴിലാളികൾക്ക് നിയമപരമായി നൽകേണ്ട ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ജീവനക്കാരിൽനിന്നും ഇ.പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി ഇനത്തിൽ പിരിച്ചെടുത്ത തുക മടക്കി നൽകിയിട്ടുണ്ടോ?

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ നിയമപരമായി നൽകിവരുന്ന ആനുകൂല്യങ്ങൾ ടി സംഘത്തിലെ ജീവനക്കാർക്കും നൽകിവരുന്നു. പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് ഇ.പി.എഫ്. ബാധകമല്ല. ഇ.എസ്.ഐ. എംപ്ലോയർ വിഹിതവും ജീവനക്കാരുടെ വിഹിതവും കൃത്യമായി അടച്ചുവരുന്നുണ്ട്. സംഘത്തിലെ ജീവനക്കാർക്ക് നിലവിൽ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട്. ഗ്രാറ്റുവിറ്റി ഇനത്തിൽ ജീവനക്കാർക്ക് തുക നൽകിയിട്ടില്ല.

(സി) ഈ സംഘം ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; സംഘത്തിൽ നിയമാനുസൃതമായ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷം വരെ ഓഡിറ്റിംഗ് നടത്തിയെന്ന് അറിയിക്കുമോ?

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് (കേരള ബാങ്ക്), കണ്ടല സഹകരണ ബാങ്ക് എന്നിവിടങ്ങളിൽനിന്നും പ്രസ്തുത സംഘം വായ്പ എടുത്തിട്ടുണ്ട്. കേരള സർക്കാർ സഹകരണ ഓഡിറ്റ് വിഭാഗമാണ് സംഘത്തിലെ ഓഡിറ്റ് നടത്തി വരുന്നത്. സഹകരണ ഓഡിറ്റ് വിഭാഗത്തിൽനിന്നും കൺകറന്റ് ഓഡിറ്ററുടെ സേവനം സംഘത്തിൽ നിലവിലുണ്ട്. 2012-13-ലെ ആഡിറ്റ് നടന്നുവരുന്നു.

(ഡി) ക്ഷീരോത്പാദക സംഘത്തിന്റെ പേരിൽ ഇപ്പോൾ പാൽ വിതരണവും സംസ്കരണവും നടക്കുന്നുണ്ടോ; സംഘത്തിന്റെ പേരിലുണ്ടായിരുന്ന കാലിത്തീറ്റ ഫാക്ടറിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

പ്രസ്തുത ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പേരിൽ ഇപ്പോൾ പാൽ വിപണനവും സംസ്കരണവും നടക്കുന്നില്ല. പ്രസ്തുത സംഘത്തിന്റെ പേരിൽ കാലിത്തീറ്റ ഫാക്ടറി നിലവിൽ പ്രവർത്തിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അടിയന്തരപ്രമേയം

### അട്ടപ്പാടി ആദിവാസി ഊരിലെ പോലീസ് അതിക്രമം

മി. സ്പീക്കർ: 2021 ആഗസ്റ്റ് 8-ാം തീയതി അട്ടപ്പാടി ഷോളയൂർ പഞ്ചായത്തിലെ വട്ട്ലക്കി ആദിവാസി ഊരിലെ മൂപ്പനെയും മകനെയും കയ്യേറ്റം ചെയ്യുകയും അറസ്റ്റ് ചെയ്യുകയും ചെയ്തതുമൂലം ആദിവാസി സമൂഹത്തിന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കഴിഞ്ഞ 2021 ആഗസ്റ്റ് മാസം 3-ാം തീയതി പാലക്കാട് ഷോളയൂർ വട്ട്ലക്കി ഊരിൽ കുറുന്താചലം എന്നയാളുടെ പറമ്പിൽ സമീപവാസിയായ മുരുകന്റെ ഭാര്യ രാജാമണി പശുവിനെ മേയ്ക്കുന്നത് ചോദ്യം ചെയ്ത കുറുന്താചലത്തെ ഉച്ചയ്ക്ക് 2.30-ന് ചൊറിയമൂപ്പനും മകനായ മുരുകനും ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ചു. പ്രസ്തുത സംഭവത്തിൽ കുറുന്താചലത്തിന്റെ വലതുകയ്യിലെ ചെറുവിരലിന് പൊട്ടലും തലയ്ക്ക് പരിക്കുമേറ്റതിനെത്തുടർന്ന് കുറുന്താചലം ആശുപത്രിയിൽ ചികിത്സ തേടുകയുണ്ടായി. കുറുന്താചലത്തിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മുരുകൻ, ചൊറിയമൂപ്പൻ, മുരുകന്റെ ഭാര്യ രാജാമണി എന്നിവർക്കെതിരെ ആഗസ്റ്റ് 6-ന് കേസെടുക്കുകയും IPC 341, 326, 294(B), 34 എന്നീ വകുപ്പുകൾ പ്രകാരം ഷോളയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 55/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. പരാതിക്കാരനായ കുറുന്താചലത്തിന്റെ പറമ്പിൽ പശുവിനെ മേയ്ച്ചുവെന്ന കാര്യത്തിൽ കേസിലെ മൂന്നാം പ്രതിയും മുരുകന്റെ ഭാര്യയുമായ രാജാമണിയെ കുറുന്താചലം കല്ലെറിഞ്ഞ് പരിക്കേൽപ്പിക്കുകയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന മൊഴി രാജാമണി രേഖപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 6-8-2021-ൽ IPC 506(1), 324 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 56/21 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ പരിക്കേറ്റ രാജാമണി ആനക്കട്ടി കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടിയിരുന്നു. അന്വേഷണത്തിന്റെ ഭാഗമായി മുരുകനെ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചെങ്കിലും അദ്ദേഹം ഹാജരാകാത്തതിനെത്തുടർന്ന് കുറുന്താചലത്തെ പരിക്കേൽപ്പിച്ച കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനായി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ ഷോളയൂർ പോലീസ് ഇൻസ്പെക്ടറും

സംഘവും ആഗസ്റ്റ് 8-ന് രാവിലെ വട്ട്ലക്കി ഊരിലെത്തി. പ്രതികളായ മുരുകനോടും ചൊറിയമൂപ്പനോടും ജീപ്പിൽ കയറാൻ ആവശ്യപ്പെട്ടെങ്കിലും ഇരുവരും വിസമ്മതിക്കുകയും ഇവർ പരിസരവാസികളുടെ സഹായത്തോടെ മുരുകനെയും ചൊറിയമൂപ്പനെയും അറസ്റ്റുചെയ്ത് കൊണ്ടുപോകുന്നത് തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. പ്രസ്തുത സംഭവത്തിൽ പോലീസുകാർക്കും പരിക്കേൽക്കുകയുണ്ടായി. തുടർന്ന് ഒന്നും രണ്ടും പ്രതികളെ പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് അറസ്റ്റ് നടപടികൾ പൂർത്തിയാക്കി മണ്ണാർക്കാട് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. പോലീസിന്റെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് വട്ട്ലക്കി ഊരുനിവാസികളായ എട്ട് പേർക്കെതിരെ IPC 225, 332, 353, 34 വകുപ്പുകൾ പ്രകാരം ഷോളയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 57/2021 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ സംഭവത്തിൽ ഒരു വനിത പോലീസ് ഉദ്യോഗസ്ഥയുൾപ്പെടെ അഞ്ച് പോലീസുകാർക്ക് പരിക്കേറ്റിട്ടുണ്ട്. പോലീസ് റിപ്പോർട്ടുപ്രകാരം കുറുന്താചലം എന്നയാളെ പരിക്കേൽപ്പിച്ച കേസിലെ പ്രതികളായ മുരുകൻ, ചൊറിയമൂപ്പൻ എന്നിവരെ അറസ്റ്റ് ചെയ്യാനെത്തിയ പോലീസ് ഉദ്യോഗസ്ഥരെ ദേഹോപദ്രവം ഏൽപ്പിക്കുകയും കൃത്യനിർവ്വഹണം തടസ്സപ്പെടുത്താൻ ശ്രമിക്കുകയുമാണുണ്ടായത്. ഊര് മൂപ്പനായ ചൊറിയമൂപ്പൻ, ഊര് നിവാസിയായ കുറുന്താചലം എന്നിവർ തമ്മിലുള്ള കുടുംബകലഹമാണ് പ്രശ്നത്തിന് കാരണമായതെന്ന് പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഷോളയൂർ പോലീസ് സ്റ്റേഷൻ ക്രൈം 55/21-ലെ പ്രതികളായ മുരുകനെയും ചൊറിയമൂപ്പനെയും അറസ്റ്റ് ചെയ്യാനെത്തിയ പോലീസ് മർദ്ദിച്ചുവെന്നാരോപിച്ച് കോട്ടാത്തല ഗവൺമെന്റ് താലൂക്ക് സ്പെഷ്യാലിറ്റി ആശുപത്രിയിൽ മുരുകന്റെ മകൻ രാജീവ് ചികിത്സ തേടിയതായും അറിവായിട്ടുണ്ട്. കുട്ടിയുടെ മൊഴി ആഗസ്റ്റ് 9-ന് രേഖപ്പെടുത്തി പ്രാഥമിക അന്വേഷണം നടത്തിവരികയാണ്. കുറ്റകൃത്യം നടന്നതുമായി ബന്ധപ്പെട്ട പരാതിയിൽ നടപടി സ്വീകരിക്കാൻ പോലീസ് ഊരിലേയ്ക്ക് പോകുകയാണുണ്ടായത്. ക്രമസമാധാനം നിലനിർത്തുവാനും നിയമവാഴ്ച പുലർത്തുന്നതിനും പോലീസ് സ്വീകരിച്ച സ്വാഭാവിക നടപടിയായാണ് ഇതിനെ കാണേണ്ടത്. ഈ വിഷയത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തരപ്രശ്നമൊന്നും അടങ്ങിയിട്ടില്ല.

മി. സ്പീക്കർ: ഇന്നത്തെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചകളിൽ എട്ട് മന്ത്രിമാർ മറുപടി പറയാനുണ്ട്, അതിനുശേഷം വൈകുന്നേരം 'ആസാദി കാ അമൃത് മഹോത്സവ്'-വുമായി ബന്ധപ്പെട്ട പരിപാടിയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ സമയക്രമം പാലിച്ച് സഹകരിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ലോകത്തെമ്പാടുമുള്ള ആദിവാസി സമൂഹത്തോട് ലോകജനത ഐക്യദാർഢ്യവും അനുഭാവവും പ്രത്യേകമായി പ്രകടിപ്പിക്കുന്ന ദിവസമാണ് ആഗസ്റ്റ് 9. 'World Tribal Day' ആയി ആഗസ്റ്റ് 9 ലോകം മുഴുവൻ ആചരിക്കുകയാണ്. കേരളത്തിലും അങ്ങനെയാണ് ആചരിക്കുന്നത്. പക്ഷേ പിണറായി സർക്കാരിന്റെ പോലീസ് Tribal Day അട്ടപ്പാടിയിൽ വച്ചാണ് ആചരിച്ചത്. അട്ടപ്പാടിയിലെ ഒരു ഊരിൽ കയറി ഭീകരാന്തരീക്ഷം സൃഷ്ടിച്ച് പാവപ്പെട്ട ആദിവാസികളെ മർദ്ദിച്ചും പീഡിപ്പിച്ചും പേടിപ്പിച്ചുമാണ് കേരളത്തിലെ പോലീസ് ആദിവാസി ദിനാചരണം നടത്തിയത്. നിങ്ങളുടെ ആദിവാസി ദിനാചരണം കെങ്കേമമായെന്ന് ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. ദാരിദ്ര്യം, തൊഴിലില്ലായ്മ, ഭൂമി പ്രശ്നങ്ങൾ ഇങ്ങനെ സാമൂഹികമായും ആരോഗ്യപരമായും നിരവധി പ്രയാസങ്ങൾ നേരിടുന്ന ജനതയാണ് ആദിവാസികൾ. ആ ജനവിഭാഗങ്ങളുടെ പ്രശ്നം പരിഹരിക്കാൻ അവർക്കൊപ്പം നിൽക്കേണ്ട സർക്കാർ അവരുടെ നേരെ കുതിരകയറുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലളിതമായി പോലീസിനെ ന്യായീകരിച്ചാണ് പറഞ്ഞത്. വട്ട്ലക്കിയിൽ പോലീസ് പെരുമാറിയതു പോലെയാണോ ആദിവാസി സമൂഹത്തോട് പോലീസ് പെരുമാറേണ്ടത്? അങ്ങയുടെ കയ്യിലുള്ളത് പോലീസ് റിപ്പോർട്ടാണ്. വട്ട്ലക്കിയിൽ എന്താണ് സംഭവിച്ചത്? പറമ്പിൽ പശുവിനെ മേയ്ക്കുന്ന കാര്യത്തിൽ രണ്ട് ആദിവാസികൾ തമ്മിൽ തർക്കമുണ്ടായിരുന്നു. അതിലല്ല പ്രശ്നം; അവരെ പിടിക്കാൻ ഊരിൽ പോലീസ് പോകുന്നത് എപ്പോഴാണെന്ന് അറിയാമോ? ആരും എഴുന്നേൽക്കാത്ത അതിരാവിലെ ആറുമണിക്കാണ്. ആ സമയത്ത് ചൊറിയമൂപ്പനും മകൻ മുരുകനും കിടന്നുറങ്ങുകയാണ്. കിടക്കപ്പായയിൽവച്ച് ക്രൂരമായി മർദ്ദിച്ചശേഷമാണ് പോലീസ് അവരെ പിടിച്ച് ജീപ്പിൽ കയറ്റിയത്. പെട്ടെന്ന് ഉണരുമ്പോൾ ഓരോരുത്തരും കാണുന്നത് കാക്കിയിട്ട പോലീസുകാർ ഊരിലാകെ നിറഞ്ഞു നിൽക്കുന്നതും പോലീസിന്റെ ബഹളവും ശബ്ദവും ഭീകര താണ്ഡവവുമാണ്. പോലീസിന്റെ ഇരച്ചുകയറലും ബഹളവും കണ്ട് സ്ത്രീകൾ കരയാൻ തുടങ്ങി. കരയുന്ന സ്ത്രീകളെ പോലീസ് അടിക്കുകയാണ്. ഇതിന്റെ വിഷ്വൽ എല്ലാ മാധ്യമങ്ങളിലും കാണിച്ചതാണ്. മുഖ്യമന്ത്രി പറഞ്ഞതുപോലെയായിരുന്നോ സംഭവം? രാജ്യത്തെ മുഴുവൻ ദൃശ്യമാധ്യമങ്ങളിലും പോലീസിന്റെ ആ നരനായാട്ട് കാണാൻകഴിഞ്ഞു. ഇവരെ വീണ്ടും പിടിച്ച് ജീപ്പിൽ കയറ്റാൻ ശ്രമം നടത്തവേ ചൊറിയമൂപ്പന്റെ പേരക്കുട്ടി (മുരുകന്റെ മകൻ) വന്ന് അച്ഛനെയും വല്യച്ഛനെയും കൊണ്ടുപോകരുതെന്ന് പറഞ്ഞപ്പോൾ ഒരു പോലീസുകാരൻ കുട്ടിയുടെ മുഖത്ത് അടിക്കുകയും കുട്ടിയുടെ തുണി ഉരിയുകയും ചെയ്യുന്ന ചിത്രവും വിഷ്വലുകളിൽ

കാണാവുന്നതാണ്. ഇങ്ങനെയാണോ ആദിവാസികളോട് പെരുമാറേണ്ടത്? മുഖ്യമന്ത്രി സൂചിപ്പിച്ച പോലീസ് റിപ്പോർട്ടുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾ ചോദിക്കുകയാണ്. പോലീസുകാർക്കാണെങ്കിലും ആദിവാസി ഊരുകളിൽ കയറണമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങണം. പ്രത്യേകിച്ച് കോവിഡ് പശ്ചാത്തലത്തിൽ, ഊരുകളിൽ ആളുകൾ ഒന്നിച്ച് താമസിക്കുന്ന സാഹചര്യത്തിൽ കോവിഡ് ബാധിച്ചാൽ കാട്ടുതീപോലെ പടർന്നുപിടിക്കും. അതുകൊണ്ട് പുറത്തുള്ള ഒരാൾക്ക് ഊരിൽ കയറണമെങ്കിൽ അനുമതി വാങ്ങണം. പോലീസ് അത്തരത്തിൽ അനുമതി വാങ്ങിയിരുന്നോ? ഈ തർക്കവുമായി ബന്ധപ്പെട്ട് പതിനൊന്ന് മണിക്കാണ് രണ്ടുകൂട്ടരോടും പോലീസ് സ്റ്റേഷനിൽ വരാൻ പറഞ്ഞിരുന്നത്. അവർ പതിനൊന്ന് മണിക്ക് പോലീസ് സ്റ്റേഷനിൽ വരില്ലെന്ന് പറഞ്ഞിട്ടുമില്ല. ആ സാഹചര്യത്തിൽ എന്തിനാണ് അതിരാവിലെ ഊരിൽ വന്ന് പോലീസ് ആക്ഷൻ നടത്തിയത്. മൂപ്പന്റെ മകൻ മുരുകൻ ആക്ടിവിസ്റ്റും ഭൂപ്രശ്നങ്ങളിലും മറ്റും സജീവമായി ഇടപെടുന്ന ആളും ഊരിലെ ആദിവാസികളുടെ വിഷയങ്ങളിൽ പോലീസ് സ്റ്റേഷനിൽ ചർച്ചയ്ക്ക് പോകുന്ന ആളുമാണ്. പോലീസ് സ്റ്റേഷനിൽ വരാമെന്ന് അയാൾ പറഞ്ഞിരുന്നതാണ്. അയാളെ പിടിക്കാനാണ് ഊരിലേയ്ക്ക് പോലീസ് ഇരച്ചുകയറുന്നത്. മുഖ്യമന്ത്രി പറഞ്ഞതുപോലെയാണെങ്കിൽ നാട്ടിലെ മനുഷ്യാവകാശ കമ്മീഷന് എന്താ ഭ്രാന്തുണ്ടോ? ഈ സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തിട്ടുണ്ട്. അങ്ങ് പറഞ്ഞത് പോലെയാണ് സംഭവമെങ്കിൽ മനുഷ്യാവകാശ കമ്മീഷൻ എന്തിന് കേസെടുക്കണം? ആദിവാസികളെ പീഡിപ്പിച്ചതിനും അവരെ ദ്രോഹിച്ചതിനും അങ്ങയുടെ പോലീസിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസ് എടുത്തുവെന്ന വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. ഭീകരവാദികളെ പിടിക്കുന്നതു പോലെയാണ് മുരുകനേയും അച്ഛനേയും പിടികൂടിയത്. പാവപ്പെട്ട ആദിവാസികളായ രണ്ട് പ്രതികളെ പിടിക്കാൻ ഇത്രവലിയ പോലീസ് സന്നാഹത്തിന്റെ ആവശ്യമുണ്ടോ? ഒരു ഊരിലേയ്ക്ക് മൂന്ന് വാഹനങ്ങളിലാണ് ഇരുപത് പോലീസുകാർ ഇരച്ചു കയറുന്നത്. അതിന്റെ പിന്നിൽ വേറൊരു കാര്യമുണ്ട്; മുരുകനുമായി അവിടത്തെ പ്രാദേശീയ സി.പി.ഐ.(എം.)-ന് ചില പ്രശ്നങ്ങളുണ്ട്. ആ വിരോധത്തിന്റെ പേരിൽ അങ്ങയുടെ പാർട്ടിക്കാരുടെ നിർദ്ദേശപ്രകാരമാണ് പോലീസ് ഊരിൽ കയറി നരനായാട്ട് നടത്തിയത്. ചൊറിയമൂപ്പനും മകനുമൊക്കെ സി.പി.ഐ., സി.പി.ഐ.(എം.) അനുഭാവികളായിരുന്നു. ചില കാര്യങ്ങളോട് യോജിച്ചു പോകാൻ കഴിയാത്തതുകൊണ്ട് അവർ പാർട്ടിയിൽനിന്നും തെറ്റിപ്പിരിഞ്ഞതു കൊണ്ടാണ് ഇത്രവലിയ പോലീസ് ആക്ഷൻ അവിടെ കാണേണ്ടിവന്നത്. ഈ ഒരു ആർജ്ജവമൊന്നും കഴിഞ്ഞ ഒരു മാസമായി പോലീസിന്റെ നടപടിയിൽ

കണ്ടിട്ടില്ലല്ലോ? നമ്മുടെ പുന്നാരമോൻ അർജ്ജുൻ ആയങ്കിയെ പിടിക്കാൻ പോലീസിന് ഈ ആർജ്ജവം ഉണ്ടായിരുന്നില്ലല്ലോ; കരുവന്നൂർ ബാങ്കിലെ പ്രതികളായ സഖാക്കളെ പിടിക്കാനും ഈ ആർജ്ജവം കണ്ടില്ലല്ലോ; വയനാട്ടിൽ പ്രത്യേക ഓർഡർ നിങ്ങൾ തയ്യാറാക്കിക്കൊടുത്തതിന്റെ വെളിച്ചത്തിൽ മരം മുഴുവൻ മുറിച്ചു. റൈറ്റ് സഹോദരന്മാർ എന്നൊക്കെ പറയുന്നതുപോലെ മരംമുറി ബ്രദേഴ്സ് എന്ന് അവരെ വിളിക്കാം. എത്രദിവസം കഴിഞ്ഞാണ് അവരെ പിണറായി സർക്കാരിന്റെ പോലീസ് പിടിച്ചത്. അതിനായി അവസാനം ബഹുമാനപ്പെട്ട ഹൈക്കോടതി പറയേണ്ടിവന്നു. പാവപ്പെട്ട ആദിവാ സികളുടെ മുമ്പിലാണ് നിങ്ങൾ ഈ പ്രയോഗം ചെയ്യുന്നത്. അത് ശരിയാണോ? സാധാരണയായി ആദിവാസി ഊരുകളിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവിടത്തെ മൂപ്പനെയും പൊതുപ്രവർത്തകരെയും വിളിച്ച് പ്രശ്നംപറഞ്ഞുതീർക്കുകയും കേസ് എടുക്കേണ്ട പ്രശ്നങ്ങൾക്ക് കേസെടുത്ത് നടപടിയുമായി മുമ്പോട്ടുപോകുകയുമാണ് ചെയ്യുന്നത്. അട്ടപ്പാടിയുടെ ചരിത്രത്തിലാദ്യമാണ് നേരം വെളുക്കുന്നതിനുമുമ്പ് ഊരിൽ ഇങ്ങനെയൊരു പോലീസ്രാജ് ഉണ്ടായിട്ടുള്ളത്. ഇത് അപലപനീയവും പ്രതിഷേധാർഹവുമാണ്.പോലീസ് ഓഫീസുകളുടെയും പോലീസ് ആസ്ഥാനങ്ങളുടെയും മുമ്പിൽ അട്ടപ്പാടിയിലെ മുഴുവൻ ആദിവാസി സംഘടനകളും പ്രതിഷേധം നടത്തുകയുണ്ടായി. കഴിഞ്ഞ കുറച്ചുദിവസമായി പോലീസിന് ഭ്രാന്ത് പിടിച്ചിരിക്കുകയാണ്. പശുവിന് പുല്ലരിയാൻ പോയ ആളിൽനിന്ന് 2,000 രൂപ ഫൈൻ ഈടാക്കുകയാണ്. ബാങ്കിൽ പോയ ഗൗരിനന്ദ എന്ന പെൺകുട്ടിക്ക് പെറ്റിയടിച്ചുകൊടുക്കുകയും പാവപ്പെട്ട മത്സ്യക്കച്ചവടക്കാരിയായ സഹോദരിയുടെ മത്സ്യക്കുട്ട വലിച്ചെറിയുകയും കല്യാണം കഴിക്കാൻ പോയ നവവരന് റോഡിൽ ഫൈനടിച്ചു കൊടുക്കുകയും ചെയ്യുന്ന സർക്കാരാണിത്. ബലിതർപ്പണത്തിനുപോയ അമ്മയുടെയും മകന്റെയും കയ്യിൽനിന്നും പോലീസ് 2,000 രൂപ ഫൈൻ വാങ്ങി 500 രൂപയുടെ രസീത് കൊടുത്തു. ബാക്കി 1,500 രൂപ എവിടെയാണ്? സംസ്ഥാനത്ത് ഇങ്ങനെയുള്ള കാര്യങ്ങളാണ് നടക്കുന്നത്. ബാർബർ ഷോപ്പിൽ മുടിവെട്ടാൻ പോയ ആളിനും 2,000 രൂപ ഫൈൻ എഴുതിക്കൊടുത്തു. പിണറായി സർക്കാരിന്റെ കീഴിൽ പോലീസിന് ഭ്രാന്ത് പിടിച്ചോ? ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകേണ്ട പോലീസ് അവർക്ക് സ്വൈരജീവിതം നൽകാതെ അത് തകർത്തുകൊണ്ടിരിക്കുന്നതാണ് കാണാൻ സാധിക്കുന്നത്. എന്തുകൊണ്ടാണ് പോലീസ് ഇങ്ങനെ അതിക്രമം തുടരുന്നത്? അക്രമം കാണിക്കുന്ന പോലീസിന് യാതൊരു ശിക്ഷയുമില്ല. എന്താണ് കാരണം? പോലീസിന്റെ 'ആത്മവീര്യം' തകരാൻ മുഖ്യമന്ത്രി ഒരിക്കലും അനുവദിക്കില്ല എന്നുള്ളതു തന്നെയാണ് പോലീസിന്റെ ഊർജ്ജം. എല്ലായിടത്തും എല്ലാതലത്തിലും

പോലീസ് അഴിഞ്ഞാടുകയാണ്. കൊണ്ടോട്ടി മണ്ഡലത്തിലെ വാഴയൂരിലെ കക്കുബ പള്ളിയിൽ പള്ളി കമ്മിറ്റിക്കാരുടെ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി തടസ്സപ്പെടുത്തുകയും പള്ളി കമ്മിറ്റിക്കാരെ ആക്രമിക്കുകയും ചെയ്തവർക്കെതിരെ പോലീസ് കേസ് എടുത്തിട്ടില്ല. എന്നാൽ പള്ളി കമ്മിറ്റിക്കാർക്കെതിരെ ജാമ്യമില്ലാ കേസെടുത്തു. ഇതാണോ പോലീസ് നയം? ഈ നാട്ടിലുടനീളം അഴിഞ്ഞാട്ടം നടത്തുന്ന പോലീസ് ഇപ്പോൾ ആദിവാസികൾക്കെതിരെയും ഇത് തുടരുകയാണ്. ഈ മണ്ണിന്റെ മക്കളായ ആദിവാസി സമൂഹം വലിയ ഭീതിയിലാണ്. അവർക്ക് അവരുടേതായ ഒരുപാട് പ്രശ്നങ്ങളുണ്ട്. അതിനിടയിൽ ഇന്ന് പോലീസിനേയും ഭയപ്പെട്ട് ജീവിക്കേണ്ട സ്ഥിതിയാണ്. വട്ട്ലക്കി ഊരിലെ ജനങ്ങൾ ആനയെ പ്പേടിച്ചാണ് കഴിയുന്നത്. ഏതുസമയത്താണ് ഊരിലേയ്ക്ക് ആന വന്ന് ആളുകളെ അക്രമിക്കുക എന്നറിയാതെ ഭീതിയിൽ നിൽക്കുന്ന ആളുകൾ അതിനേക്കാൾ ഏറെ ഭയപ്പെടുന്നത് പോലീസിനെയാണ്. ആ വിധം അട്ടപ്പാടിയിൽ പോലീസ് നരനായാട്ട് തുടരുകയാണ്. ഇതിന് ഒരു അറുതിയുണ്ടാകണം. ഈ വിഷയമല്ലേ നമ്മൾ സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ടത്. കേരളത്തിലുടനീളം ഇന്ന് പോലീസ് രാജ് ആണ് നടന്നുകൊണ്ടിരിക്കുന്നത്.

കോവിഡ് നിയന്ത്രിക്കണമെന്നതിൽ തർക്കമൊന്നുമില്ല. അതിന്റെ പേരിൽ പോലീസ് ജനങ്ങളുടെമേൽ കുതിരകയറുന്നത് ശരിയല്ല. അതുകൊണ്ട് അട്ടപ്പാടിയിലെ വട്ട്ലക്കി ഊരിൽ നടന്ന പോലീസ് നരനായാട്ടും കേരളത്തിന്റെ നാനാഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പോലീസ് അതിക്രമങ്ങളും സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഒരു പ്രശ്നം അടിയന്തര പ്രമേയമായി ഉന്നയിക്കണമെന്ന് തോന്നിയാൽ സ്വാഭാവികമായും പ്രതിപക്ഷം അത് ഉന്നയിക്കും. അതുമായി ബന്ധപ്പെട്ട് അദ്ദേഹം ഇവിടെ സംസാരിക്കുമ്പോൾ ഒട്ടേറെ കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചു. കേരളത്തിലെ പോലീസ് സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിനും പൊതുജനങ്ങൾക്കും സ്വൈരജീവിതം നൽകുന്നില്ലെന്നും ഒരു പള്ളിയുടെ കാര്യവും ഇവിടെ പറയുകയുണ്ടായി; അതിലൂടെ സർക്കാർ ന്യൂനപക്ഷ വിഭാഗത്തിനെതിരായി നീങ്ങുന്നെന്നാണ് ഉദ്ദേശിച്ചത്. വളരെ വിശദമായ മറുപടിയിലേയ്ക്ക് കടക്കേണ്ട വിഷയമല്ലെന്നാണ് ഞാൻ ആദ്യം കരുതിയിരുന്നത്. പക്ഷേ ഇവിടെ പോലീസിനെ നാടിനെതിരായ സേനയാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം ബോധപൂർവ്വം ഉണ്ടാകുമ്പോൾ, എന്താണ് കേരളത്തിലെ പോലീസെന്ന് അദ്ദേഹം ഈ കഴിഞ്ഞ നാളുകളിലെ അനുഭവത്തിലൂടെ മനസ്സിലാക്കിയ കാര്യങ്ങൾ മറച്ചുവയ്ക്കാൻ ബോധപൂർവ്വം ശ്രമം നടത്തുമ്പോൾ, ചില കാര്യങ്ങൾ പറയാൻ നിർബന്ധിതമാകുകയാണ്. പോലീസ്

പൂർണ്ണമായും ജനകീയ സേന എന്നനിലയിലാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വന്നത്. ഒരുപാട് ദുരന്തങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ അനുഭവിക്കേണ്ടിവന്ന സാഹചര്യത്തിൽ എല്ലാ ദുരന്തങ്ങളിലും ജനങ്ങളോട് ചേർന്നുനിന്നുകൊണ്ട് ജനങ്ങളെ സഹായിക്കുന്ന ഏറ്റവും വലിയൊരു ജനകീയ സേനയായി മാറാൻ കേരളത്തിലെ പോലീസിന് കഴിഞ്ഞുവെന്നത് നാടിന്റെ അനുഭവമാണ്. അപകടത്തിൽപ്പെട്ടവരെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമെല്ലാം മഹാ പ്രളയത്തിന്റെ ഘട്ടത്തിൽ പോലീസ് അടക്കം വഹിച്ച പങ്ക് നാട് അങ്ങേയറ്റം പ്രശംസയോടെ കണ്ടകാര്യമാണ്. ജനങ്ങളെ രക്ഷപ്പെടുത്താനും അവർക്ക് ആവശ്യമായ ഭക്ഷണം നൽകാനും മരുന്നെത്തിക്കാനും എല്ലായിടത്തും ഈ സേനയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നുവെന്നത് മറക്കാൻ പാടില്ല. സ്വന്തം വീട് പ്രളയത്തിൽ മുങ്ങിയെന്ന് സന്ദേശം കിട്ടുമ്പോഴും ആ പോലീസുകാരൻ തന്റെ കർത്തവ്യത്തിൽ ഉറച്ചുനിന്ന് സഹജീവികളെ സംരക്ഷിക്കാനുള്ള പ്രവർത്തനത്തിൽ മുഴുകിയെന്നത് ആ ഘട്ടത്തിൽ നമ്മൾ കേട്ടകാര്യമാണ്. ഇവിടെ ഈ മഹാമാരിയുടെ ഘട്ടത്തിൽ പോലീസ് സേന വഹിച്ച പങ്ക് നിഷേധിക്കാൻ കഴിയുന്നതാണോ; ഇപ്പോൾ എന്തിനാണ് കൊണ്ടുപിടിച്ച ശ്രമം നടത്തുന്നത്? കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്തുന്നത് മഹാപരാധമാണെന്ന് വരുത്തിത്തീർക്കാനാണ് ബഹുമാന്യനായ അംഗം ശ്രമിച്ചത്. ഒന്നരവർഷമായി സംസ്ഥാന പോലീസ് സാധാരണഗതിയിലുള്ള ചുമതലകൾ നിർവ്വഹിച്ചുകൊണ്ട് കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. സാധാരണഗതിയിൽ അവരെ ഏൽപ്പിച്ചിട്ടുള്ള ശാരീരിക അകലം പാലിക്കൽ, മാസ്ക് ധരിക്കൽ തുടങ്ങി ഒട്ടേറെ മാനദണ്ഡങ്ങൾ ചുമതലകളുടെ ഭാഗമായി സ്തുത്യർഹമായി നിർവ്വഹിക്കുന്നുവെന്നാണ് കണ്ടിട്ടുള്ളത്. അതുകൂടാതെ ഗവൺമെന്റ് ചുമതലപ്പെടുത്തിയ സെക്ടറൽ മജിസ്ട്രേറ്റുമാരും വളരെ നല്ലരീതിയിൽ ചുമതലകൾ നിറവേറ്റുന്നുണ്ട്. ഇവിടെ നാം ഓർക്കേണ്ടത് കോവിഡ് പ്രതിരോധത്തിൽ മുഴുകിയിരുന്ന ചില പോലീസുകാരെക്കുറിച്ചാണ്. അതിൽ പതിനൊന്നോളം പോലീസുദ്യോഗസ്ഥർ നമ്മോടൊപ്പമില്ല. കോവിഡ് പ്രതിരോധത്തിലേർപ്പെട്ടിരുന്ന 17645 പോലീസ് ഉദ്യോഗസ്ഥർക്ക് കോവിഡ് ബാധിക്കുകയും അതിൽ 217 പേർ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ ചികിത്സ തേടേണ്ട സാഹചര്യവുമുണ്ടായിട്ടുണ്ട്. നാട്ടിലുണ്ടായ മഹാമാരിക്കെതിരെ പോരാട്ടം നടത്തുന്നതിൽ പങ്കുവഹിച്ചതിന്റെ ഭാഗമായി പോലീസ് സേനയിലെ അംഗങ്ങൾക്കുണ്ടായ അനുഭവങ്ങളാണ് സൂചിപ്പിച്ചത്. ഒന്നര വർഷക്കാലത്തെ നിതാന്ത ജാഗ്രതയോടുകൂടി കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്ന ചുമതലയാണ് അവർ നിർവ്വഹിച്ചത്. ത്യാഗപൂർവ്വമായ ഇത്തരം പ്രവർത്തനങ്ങളെ നിസ്സാരവൽക്കരിക്കരുത്. താല്ക്കാലിക രാഷ്ട്രീയ

നേട്ടത്തിനുവേണ്ടി ആക്ഷേപിക്കാനും അധിക്ഷേപിക്കാനും തയ്യാറാകരുത്. അവരുടെ മനോവീര്യം തകർക്കാനുള്ള ശ്രമങ്ങളുണ്ടാകുമ്പോൾ അത് തകർക്കരുതെന്ന് പറയേണ്ട ഉത്തരവാദിത്വം സ്വാഭാവികമായും സംസ്ഥാന മുഖ്യമന്ത്രിയെന്ന നിലയ്ക്ക് എനിക്കുണ്ടെന്നാണ് ഞാൻ തിരിച്ചറിയുന്നത്. ഇത്തരത്തിൽ പ്രചാരവേലകൾ സംഘടിപ്പിക്കുന്നത് ശരിയാണോയെന്ന് സ്വയം വിമർശനപരമായി പരിശോധിക്കാൻ തയ്യാറാകണമെന്നാണ് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്. വിമർശനം നല്ലതാണെന്ന് കരുതുന്നുവെങ്കിലും അത് യാഥാർത്ഥ്യങ്ങളെ കാണാതെയും നടത്തിയ സേവനങ്ങളെ വിസ്മരിച്ചുകൊണ്ടുമാകരുതെന്നും ഈ ഘട്ടത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഇന്ന് രാജ്യത്ത് ഏറ്റവും നല്ല രീതിയിൽ ക്രമസമാധാനം പുലർത്തുന്ന ഒരു സംസ്ഥാനമായാണ് കേരളം നിലനിൽക്കുന്നത്. അക്കാര്യത്തിൽ നമ്മോടൊപ്പം പോലീസും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. വർഗ്ഗീയ സംഘർഷങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിൽ പൊതുസമൂഹം വഹിച്ച പങ്ക് ഏറ്റവും പ്രധാനമാണ്. വാട്സ്ആപ്പ് ഹർത്താലുകൾ സംഘടിപ്പിച്ചപ്പോഴും നവ മാധ്യമങ്ങളുപയോഗിച്ച് സംഘർഷത്തിന് ശ്രമിച്ചപ്പോഴും അതിന്റെ ഉറവിടം പോലും കണ്ടെത്തി ശക്തമായ നടപടി സ്വീകരിക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. സമൂഹസുരക്ഷയ്ക്കുതകുന്ന നടപടികളിലേയ്ക്കാണ് പോലീസ് കടന്നതെന്ന് നാം ഓർക്കണം. പുതിയ കാലഘട്ടത്തിൽ രൂപപ്പെട്ട സൈബർ കുറ്റകൃത്യങ്ങളെ ശരിയായ രീതിയിൽ കണ്ടെത്തുന്നതിനും അതിനെതിരെ നടപടി സ്വീകരിച്ച് മുന്നോട്ടുപോകുന്നതിനും പോലീസിന് കഴിയുന്ന കാര്യം വിസ്മരിക്കാൻ പാടില്ല. തെളിയിക്കാൻ കഴിയില്ലെന്ന് കണക്കാക്കിയിരുന്ന നിരവധി കേസുകൾ തെളിയിച്ച ചരിത്രവും കേരളാ പോലീസിനുണ്ട്. സി.ബി.ഐ.-ക്ക് വിട്ട ജലജാസുരൻ കേസ് തെളിയിച്ചത് ഇതിന്റെ ഭാഗമായിരുന്നുവെന്ന് മറക്കാൻ പാടില്ല. നിയമവാഴ്ച സംരക്ഷിക്കുക, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക ഇതെല്ലാം ഉറപ്പുവരുത്തിയാണ് പോലീസ് പ്രവർത്തിച്ചുവരുന്നത്. ജനങ്ങളുടെ പ്രയാസങ്ങളിൽ അവരുടെ കണ്ണീരൊപ്പാൻ നിലകൊള്ളുന്ന സമീപനം സ്വീകരിക്കുന്ന നിലയിലേയ്ക്ക് പോലീസിനെ മാറ്റിയെടുക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നതും അഭിമാനകരമായ വസ്തുതയാണ്. നാട്ടിൽ നിയമവാഴ്ച തുടരുന്നതിന് താല്പര്യമില്ലാത്ത ആളുകൾ പോലീസിനെ വല്ലാത്ത ഒരവസ്ഥയിലേയ്ക്കെത്തിക്കാനും നിർവ്വീര്യമാക്കാനും രംഗത്തുവരുന്നത് സ്വാഭാവികമാണ്. തീവ്രവാദികൾ, വർഗ്ഗീയ ശക്തികൾ, അരാജകവാദികൾ തുടങ്ങിയവരെല്ലാം ഇത്തരം കാര്യങ്ങളിൽ ബോധപൂർവ്വം ഇടപെടുന്നുണ്ടെന്ന് മറക്കരുത്. ഓരോ ദിവസവും പോലീസിനെതിരെ ഇല്ലാത്ത വാർത്തകളുണ്ടാക്കി നിറം പിടിപ്പിച്ച നുണകളായി പ്രചരിപ്പിക്കാൻ ഇത്തരം വിഭാഗങ്ങൾ ശ്രമിക്കുന്നുവെന്നതും മറക്കാൻ പാടില്ല. പോലീസ് സംവിധാനത്തെ നീതിയുക്തമായി

പ്രവർത്തിക്കുന്ന സേനയാക്കി മാറ്റാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിച്ചിട്ടുള്ളത്. ആദിവാസി ജനവിഭാഗത്തെയടക്കം ഉൾപ്പെടുത്തിക്കൊണ്ട് സൗഹാർദ്ദപരമായി പോലീസ് സംവിധാനം കൊണ്ടുപോകുന്നതിന് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടി സമൂഹത്തിന് മറക്കാൻ കഴിയില്ല. ആദിവാസി ജനവിഭാഗങ്ങളിൽത്തന്നെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പ്രാക്തന ഗോത്രത്തിൽനിന്ന് 200 പേർക്ക് പോലീസ് സേനയിൽ പ്രത്യേക നിയമനം നൽകിയത് ഈ സർക്കാരാണ്. അത് ആദിവാസി വിഭാഗത്തെ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുവരുന്നതിനുതകുന്ന നടപടിയായിരുന്നു. അന്താരാഷ്ട്ര ആദിവാസിഗോത്ര ദിനത്തിൽ രണ്ട് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. എക്സൈസ് ഗാർഡ് തസ്തികയിൽ പട്ടികജാതി വിഭാഗങ്ങൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. കഴിഞ്ഞ വർഷം 25 പട്ടികവർഗ്ഗ യുവാക്കൾക്ക് എക്സൈസ് ഗാർഡായി നിയമനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 200 പേരെക്കൂടി നിയമിക്കാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗം കൂടുതലുള്ള അട്ടപ്പാടി മേഖലയിൽ ഡിസംബർ മാസത്തോടെ ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുധാന്യ ഫാക്ടറിയിലൂടെ പുട്ടുപൊടി, റാഗിമാൾട്ട്, എനർജി ഡ്രിങ്ക് തുടങ്ങിയവ വിപണിയിലെത്തിക്കുന്നതാണ്. കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും ഉല്പന്നങ്ങൾക്ക് മികച്ച വിലയും ഉറപ്പാക്കാനുള്ള നടപടിയും സർക്കാർ സ്വീകരിക്കുന്നുണ്ടെന്ന് കാണേണ്ടതാണ്. ആദിവാസികൾക്കെതിരെയുള്ള അക്രമങ്ങൾ തടയുവാനും അവർക്ക് നിയമപരിരക്ഷ ലഭിക്കുവാനും സുസജ്ജമായ സംവിധാനമാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്. ഈ വിഭാഗത്തിലുൾപ്പെടുന്നവരുടെ പരാതികൾ എത്രയും പെട്ടെന്ന് അന്വേഷിക്കുന്നതിനും ആവശ്യമെങ്കിൽ ഉടനെ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗം (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം അവർക്കുള്ള പരിരക്ഷ സംബന്ധിച്ച് ഊരുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നുണ്ട്. ജില്ലാ പോലീസ് മേധാവികളുടെ അധ്യക്ഷതയിൽ അതത് ജില്ലകളിൽ മൂന്നുമാസം കൂടുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥരുടേയും ആദിവാസികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുടേയും യോഗം വിളിച്ച് കേസുകൾ സംബന്ധിച്ച് അവലോകനം നടത്തിവരുന്നു. ഇത്തരം കാര്യങ്ങൾ സർക്കാർ ചെയ്യുമ്പോഴും ഒറ്റപ്പെട്ട ചില സംഭവങ്ങളിലൊന്നാണ് കഴിഞ്ഞ ദിവസം അട്ടപ്പാടിയിൽ സംഭവിച്ചതെന്ന് ഓർക്കണം. പശുവിനെ മേയ്ക്കാൻ കൊണ്ടുപോയ സംഭവത്തിൽ ആരംഭിച്ച്, അത് പ്രത്യേക തർക്കത്തിലേയ്ക്കെത്തുകയും തുടർന്ന് അക്രമസംഭവങ്ങളിലേയ്ക്ക് നീങ്ങുകയും അതുമായി ബന്ധപ്പെട്ട് പോലീസ് കേസെടുക്കുന്ന നിലവരികയും ചെയ്തു. കേസിന്റെ ഭാഗമായി

ഹാജരാകാൻ ആവശ്യപ്പെട്ടവർ ഹാജരാകാത്തതിനെ തുടർന്നാണ് അവരെ അറസ്റ്റ് ചെയ്യാൻ പോലീസ് പോകേണ്ട സ്ഥിതിയുണ്ടായത്. അറസ്റ്റുചെയ്യാനായി ഇത്രയും വെളുപ്പിനുതന്നെ പോകേണ്ടതുണ്ടായിരുന്നോയെന്ന് സാധാരണഗതിയിൽ തീരുമാനിക്കേണ്ടത് പോലീസാണ്. ഇത്രയും വെളുപ്പിനുതന്നെ പോലീസ് അവിടെ പോയതിന്റെ കാരണമെന്താണെന്ന് അന്വേഷിക്കാം. അതേസമയം പോലീസിനെതിരെ അവിടെ നീക്കങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവരെ അറസ്റ്റ് ചെയ്യാനുള്ള പോലീസ് നീക്കത്തെ തടയാനുള്ള ശ്രമമുണ്ടായിട്ടുണ്ട്. മുരുകൻ അവിടത്തെ പ്രധാനപ്പെട്ട ഒരാളാണെന്ന് പ്രമേയാവതാരകൻ തന്നെ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിനെ അറസ്റ്റ് ചെയ്യുമ്പോൾ ആളുകൾ കൂടിച്ചേരുന്ന നിലയുണ്ടാകുകയും പോലീസിനെതിരെ അതിക്രമങ്ങൾ വരികയും ചെയ്യുമ്പോൾ സ്വാഭാവികമായും അവരെ അറസ്റ്റ് ചെയ്ത് കൊണ്ടു പോകേണ്ടി വരില്ലേ? അവിടെ പോലീസിനെതിരെ ബലപ്രയോഗം നടത്തിയതിനെ പ്രോത്സാഹിപ്പിക്കുന്ന നില എടുക്കാൻ പാടില്ല. എല്ലാ പ്രശ്നങ്ങളിലും പോലീസ് കൃത്യമായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നു മാത്രമല്ല, അദ്ദേഹം പരാമർശിച്ച ഒട്ടേറെ കേസ്സുകളിലെ പ്രതികൾക്കെതിരെയുള്ള നടപടികൾ പോലീസ് കൃത്യമായി സ്വീകരിച്ചുവെന്നതും അനുഭവത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. എന്ത് അടിസ്ഥാനത്തിലാണ് പ്രതികളെ പോലീസ് സംരക്ഷിച്ചുവെന്ന മട്ടിൽ അദ്ദേഹം പറഞ്ഞത്; ഏത് ആളുകളെ സംരക്ഷിക്കാനാണ് പോലീസ് ശ്രമിച്ചത്; ഇപ്പോൾ അവരെല്ലാം ജയിലിൽക്കിടക്കുന്നത് ആരുടെ ഇടപെടലിന്റെ ഭാഗമായാണ്; പോലീസ് അല്ലേ അവരെ അറസ്റ്റ് ചെയ്തത്? പോലീസ് നടപടിയെടുക്കുന്നതിൽ ആരുടെയും മുഖം നോക്കാറില്ല. തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടിയുണ്ടാകും എന്നാണ് നാം കാണേണ്ടത്. അതുകൊണ്ടുതന്നെ അദ്ദേഹം പറയുന്ന രീതിയിൽ സംസ്ഥാനത്തെ പോലീസിന് ഒരു തരത്തിലുള്ള ഭ്രാന്തും പിടിപെട്ടിട്ടില്ല. സമചിത്തതയോടെ പ്രവർത്തിക്കുന്ന പോലീസ് സേന കേരളത്തിന് അഭിമാനിക്കാവുന്ന പ്രവർത്തനരീതിയാണ് സ്വീകരിച്ചുപോരുന്നത്. വെളുപ്പാൻകാലത്ത് അറസ്റ്റുചെയ്യാൻ പോകാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷിക്കാം. ഇക്കാര്യം സംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ അവതരിപ്പിച്ചത് അട്ടപ്പാടിയിലെ ആദിവാസി ഊരിൽ നടന്ന പോലീസ് അതിക്രമത്തെക്കുറിച്ചാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് കേരളത്തിൽ

നടന്നുകൊണ്ടിരിക്കുന്ന പോലീസിന്റെ വീരകഥകളെക്കുറിച്ചാണ്. കേരള പോലീസിന്റെ പ്രശസ്തിക്ക് അപമാനകരമായി നിരന്തരമായുണ്ടാകുന്ന സംഭവങ്ങളെക്കുറിച്ചാണ് ഞങ്ങൾ കഴിഞ്ഞ കുറേ ദിവസങ്ങളായി ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. അട്ടപ്പാടി ഉൾപ്പെടുന്ന പ്രദേശത്തിന്റെ എം.എൽ.എ.-യായ ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഏതുകാര്യത്തിലാണ് അങ്ങേയ്ക്ക് പരാതിയുള്ളത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യം പറഞ്ഞപ്പോൾ സൂചിപ്പിച്ചത്, ഇന്ത്യൻ പീനൽ കോഡിന്റെ 326-ാം വകുപ്പ് അനുസരിച്ചാണ് ആക്ടിവിസ്റ്റായ മുരുകനെതിരെയും അദ്ദേഹത്തിന്റെ പിതാവും വന്ദ്യവയോധികനുമായ ആദിവാസി ഊരിലെ മൂപ്പനെതിരെയും കേസ്സ് എടുത്തതെന്നാണ്. ഐ.പി.സി. 326-ാം വകുപ്പ് അനുസരിച്ചെടുത്ത കേസ്സിലെ പ്രതിയെ അന്വേഷിച്ച് വെളുപ്പാൻകാലത്ത് വീട്ടിൽ ചെല്ലുകയും വീടിനകത്തേയ്ക്ക് ഇരച്ചുകയറി ആ കുടിലിലെ പായയിൽ കിടന്നുറങ്ങിയിരുന്ന മുരുകനെയും പിതാവിനെയും കിടക്കപ്പായയിൽ വച്ച് ചവിട്ടിക്കൂട്ടാൻ എന്നുമുതലാണ് കേരളത്തിലെ പോലീസ് ആരംഭിച്ചത്? 326-ാം വകുപ്പ് അനുസരിച്ചുള്ള കേസ്സിലെ പ്രതിയെ എന്നുമുതലാണ് കേരള പോലീസ് കൈവിലങ്ങുവച്ച് ജീപ്പിലേയ്ക്ക് വലിച്ച് കയറ്റാൻ തുടങ്ങിയത്? എന്നുമുതലാണ് 326-ാം വകുപ്പ് അനുസരിച്ചുള്ള കേസ്സിലെ പ്രതിയോട് ഇങ്ങനെ കേരളത്തിലെ പോലീസ് പെരുമാറാൻ തുടങ്ങിയത്? കൊലക്കേസ്സിലെ പ്രതിയോടുപോലും ചെയ്യാത്തതരത്തിലുള്ള രീതികളാണ് പോലീസ് അവലംബിച്ചത്. ഏതുതരത്തിലും ഒരു ആദിവാസി ഊരിലേയ്ക്ക് കയറി അവിടെ എന്ത് അതിക്രമവും കാണിക്കാമെന്ന നിലയിലേയ്ക്കാണോ കാര്യങ്ങൾ പോകുന്നത്? എന്നിട്ട് പോലീസിനെ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. പോലീസ് റിപ്പോർട്ട് എഴുതി വായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ മാധ്യമങ്ങളിൽ വന്ന മുഴുവൻഭാഗം വീഡിയോ കണ്ടിരുന്നെങ്കിൽ പോലീസ് എഴുതിക്കൊടുത്ത കാര്യം അതുപോലെതന്നെ ഇവിടെ പറയില്ലായിരുന്നു. ഇത് കേരളം മുഴുവൻ കണ്ട കാര്യമാണ്. മൂപ്പന്റെ 17 വയസ്സുള്ള ഭിന്നശേഷിക്കാരനായ കൊച്ചുമകന്റെ മുഖത്തും ചെവിയിലും പോലീസ് ആഞ്ഞടിക്കുന്നതും കുട്ടിയുടെ വസ്ത്രം വലിച്ചുകീറുന്നതും കണ്ടതല്ലേ? മുഖ്യമന്ത്രി എന്താണ് അക്കാര്യങ്ങൾ കാണാതെ പോയത്. അതാണോ ഒരു ആദിവാസി കുടുംബത്തോട് ചെയ്യേണ്ടത്?

മഹാമാരിക്കാലത്ത് പോലീസ് ചെയ്ത കാര്യങ്ങൾ എല്ലാവർക്കും അറിയാം. അതേ പോലീസ് തന്നെയല്ലേ 2000 രൂപ വാങ്ങിയിട്ട് 500 രൂപയുടെ രസീത് കൊടുക്കുന്ന മാജിക് കാണിച്ചത്? ഇവിടെ എത്രയോ കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇന്നലെ രണ്ടു പാസ്റ്റർമാർ എന്നെ വന്നുകണ്ടിരുന്നു. അവരുടെ മക്കൾ പള്ളിയിൽ പോയപ്പോൾ പോലീസ് തടഞ്ഞുനിർത്തിയെന്നും അവർ സത്യവാങ്മൂലം കാണിച്ചെങ്കിലും പള്ളിയിൽ പോയി തിരികെ വന്നപ്പോൾ രണ്ടായിരം രൂപ വീതം പിഴയിട്ടുകൊടു

ത്തെന്നുമാണ് ആ പാസ്റ്റർമാർ അറിയിച്ചത്. എന്താണിവിടെ നടക്കുന്നത്? എന്നിട്ട് പിഴയിട്ടതിനെ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. പള്ളിയിൽ പോയി പ്രാർത്ഥിച്ച് തിരിച്ചുവരുമ്പോൾ ആ രണ്ട് പെൺകുട്ടികൾക്ക് രണ്ടായിരം രൂപ വീതം പിഴയിട്ടുകൊടുക്കാൻ എന്ത് അധികാരമാണ് നിങ്ങളുടെ പോലീസിനുള്ളത്? പിതൃതർപ്പണത്തിന് പോയ ആളുകളുടെ പേരിൽ ഫൈൻ അടിച്ചുകൊടുക്കുകയാണ്. ഫൈൻ കൊടുത്തത് ഒരു മഹാപാതകമാണ് എന്നുപറഞ്ഞാലോ? നമ്മുടെ ആരുടെയെങ്കിലും മക്കളോടാണ് ഇത് ചെയ്യുന്നതെങ്കിലോ? ആരുടെ മേലെയും ഫൈൻ ഇടാമോ? പള്ളിയിൽ പോകുന്നതാണെന്ന് പറഞ്ഞ് സത്യവാങ്മൂലം കാണിക്കുന്ന കുട്ടികളുടെ അടുത്തുനിന്ന് പോലീസ് ഫൈൻ ചുമത്തുന്നതിനെ മുഖ്യമന്ത്രി ന്യായീകരിക്കരുത്. പോലീസ് തെറ്റ് ചെയ്താൽ തെറ്റാണെന്ന് പറയണം. ഇത്തരം തെറ്റുകൾ ആവർത്തിക്കപ്പെട്ടാൽ കേരളത്തിലെ പോലീസ് സേനയ്ക്ക് മുഴുവൻ അപമാനകരമാകും. പോലീസ് എന്ത് എഴുതിക്കൊടുത്താലും അത് വായിച്ച് അതിനെ ന്യായീകരിക്കുന്നത് അങ്ങേയ്ക്ക് ഭൂഷണമല്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇവിടെ സംഭവം നടന്നത് മൂന്നാം തീയതിയാണ്. മൂന്നാം തീയതി ആക്ടിവിസ്റ്റായ മുരുകന്റെ ഭാര്യയെ അമിതമായി മദ്യപിച്ചുവന്നയാൾ ആക്രമിക്കുകയായിരുന്നു. മദ്യപിച്ച് മറിഞ്ഞുവീണപ്പോഴാണ് അയാളുടെ തലപൊട്ടിയത്. അന്നുതന്നെ മൂന്ന് മണിയ്ക്കും നാല് മണിയ്ക്കും ഇടയിൽ മുരുകൻ ഇക്കാര്യം ഷോളയൂർ പോലീസിനെ അറിയിച്ചു. അപ്പോൾ പോലീസ് പറഞ്ഞത്, വണ്ടിയില്ല, വണ്ടിയോടിക്കാൻ എണ്ണയുമില്ലെന്നാണ്. അട്ടപ്പാടി ആദിവാസി ഊരിൽ ഒരു അക്രമം നടന്നാൽ അന്വേഷിക്കാൻ പോലീസ് വാഹനമില്ല. പോലീസ് വാഹനത്തിന് നമ്മൾ എണ്ണ വാങ്ങിക്കൊടുക്കണോ? പക്ഷെ അടുത്ത ദിവസവും പോലീസ് വന്നില്ല. അഞ്ചാം തീയതി തന്റെ ഭാര്യയെ ആക്രമിച്ചുവെന്ന് പറഞ്ഞ് മുരുകൻ ഷോളയൂർ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. അയാൾ പ്രതിയാണെങ്കിൽ പോലീസ് സ്റ്റേഷനിൽ പോകുമോ? മൂന്നാം തീയതി ഇത് പോലീസിനെ അറിയിച്ചെങ്കിലും പോലീസ് നാലാം തീയതിയും അഞ്ചാം തീയതിയും വരുന്നില്ല. അഞ്ചാം തീയതി അയാൾ ഷോളയൂർ പോലീസിൽ പരാതി കൊടുത്തെങ്കിലും പോലീസ് വന്നില്ല. ആറാം തീയതി അഗളി എ.എസ്.പി.-യെ മുരുകൻ നേരിട്ട് ചെന്നുകണ്ട് തന്റെ ഭാര്യയെ ആക്രമിച്ചത് സംബന്ധിച്ച് പരാതി കൊടുക്കുന്നു. അയാളെയാണ് വീട്ടിൽ പോയി കിടക്കപ്പായയിൽനിന്ന് പോലീസ് ചവിട്ടി എഴുന്നേൽപ്പിച്ചത്. ആറാം തീയതി എ.എസ്.പി.-യെ കാണാൻ പോയി. എന്നിട്ട് എന്താണ് സംഭവിച്ചത്? ഏഴാം തീയതിയും കഴിഞ്ഞ് എട്ടാം തീയതിയായപ്പോൾ വാദി പ്രതിയായി. എ.എസ്.പി. ഓഫീസിലും പോലീസ് സ്റ്റേഷനിലും പോയ

മുരുകനെയും അയാളുടെ വന്ദ്യവയോധികനായ പിതാവിനെയും 17 വയസ്സുള്ള മകനെയുമാണ് ഊരിലുള്ള അവരുടെ കുടിലിൽക്കയറി വെളുപ്പിന് വന്ന് പോലീസ് ക്രൂരമായി മർദ്ദിച്ച് വിലങ്ങ് വച്ചുകൊണ്ടുപോയത്. ഇതെന്താണെന്ന് അറിയാമല്ലോ? അവിടത്തെ പോലീസിന് ഭൂമാഫിയയുമായുള്ള ബന്ധമാണ്. ഇയാളൊരു ആക്ടിവിസ്റ്റാണ്. അട്ടപ്പാടി മേഖലയിൽ ആദിവാസികളുടെ ഭൂമി തട്ടിയെടുക്ക പ്പെടുന്നുവെന്നുള്ള വ്യാപകമായ പരാതിയെത്തുടർന്ന് അവിടെ ആദിവാസി ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും അതിന്റെ വൈസ് ചെയർമാനായി പ്രവർത്തിക്കുകയും ചെയ്യുന്ന ആളാണ് മുരുകൻ. അതിനോടുള്ള വിരോധം തീർക്കുന്നതിന് അവിടത്തെ ഭൂമാഫിയയുടെ ഉപകരണമായി പോലീസ് മാറിയതുകൊണ്ടാണ് ആദിവാസി കുടിലിൽ കയറി അതിക്രമം കാണിച്ചത്. ഭൂമാഫിയയുടെ ചില്ലിക്കാശിനുവേണ്ടി, അവരുടെ കയ്യിൽനിന്നും പണം പറ്റുകയും വാദിയായ ഒരാളെയും അയാളുടെ പിതാവിനെയും അയാളുടെ കൊച്ചുമകനെയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തതിനെ ന്യായീകരിക്കേണ്ട. കേരളത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. ഇന്ത്യയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ നടക്കുന്നതിൽ ഏഴാം സ്ഥാനമാണ് കേരളത്തിനുള്ളത്. ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ കേരളമല്ലാതെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ വേറെയില്ല. കഴിഞ്ഞദിവസം ഇരിട്ടിയിൽ ഒരു എസ്.സി. പ്രൊമോട്ടറെ എക്സൈസുകാർ ക്രൂരമായി മർദ്ദിച്ച കേസിൽ ഒരു നടപടിയും ഇതുവരെ എടുത്തിട്ടില്ല. ഇതുപോ ലെയുള്ള ആവേശം നിങ്ങൾ കാണിക്കാറില്ലല്ലോ? ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് ആദിവാസികൾക്കെതിരെ കേസ്സെടുത്തെന്ന് ഇവിടെ പറഞ്ഞു. ഇപ്പോൾ മഹാമാരി കാലത്ത് പ്രവർത്തിക്കുന്ന പോലീസിനെ ക്കുറിച്ച് പറഞ്ഞല്ലോ. അതുപോലെ മഹാമാരിക്കാലത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരുണ്ട്. കൈനകരിയിലെ ഡോക്ടറുടെ കരണക്കുറ്റിയിലാണ് നിങ്ങളുടെ ലോക്കൽ സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡന്റും കൂടി അടിച്ചത്. ലോക്കൽ സെക്രട്ടറിയെ പോലീസ് അറസ്റ്റ് ചെയ്തോ? ഇതുവരെ ആ ലോക്കൽ സെക്രട്ടറിയെ അറസ്റ്റ് ചെയ്യാത്ത പോലീസാണ് ഈ ആദിവാസിയുടെ, പാവത്തിന്റെ വീട്ടിൽ കയറിച്ചെന്നത്. എന്നിട്ട് പോലീസിനെക്കുറിച്ച് ന്യായം പറയുകയാണ്. പോലീസിന് എന്തുവേണമെങ്കിലും ചെയ്യാനുള്ള ലൈസൻസ് കൊടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽവന്ന് പോലീസ് ചെയ്ത എല്ലാ കൊള്ളരുതായ്മകളെയും വൃത്തികേടുകളെയും ന്യായീകരിച്ചാൽ അത് അവർക്ക് കൊടുക്കുന്ന ലൈസൻസ് കൂടിയായി മാറും. തെറ്റ് ചെയ്താൽ പരിശോധിക്കാനും തെറ്റ് ചെയ്യുന്ന ആളുകളെ ശിക്ഷിക്കാനും നടപടി വേണം. കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസ്സിലെ പ്രതികൾ തൃശ്ശൂരിലുണ്ടായിരുന്നല്ലോ?

നിങ്ങളുടെ പോലീസ് കണ്ടില്ല. ജാമ്യം ലഭിക്കില്ലെന്നുറപ്പായപ്പോൾ അയാൾ കീഴടങ്ങിയതാണ്. വലിയ കേസിലെ പ്രതികളെയൊന്നും കാണുകയില്ല. പാവപ്പെട്ടവനെയും വയസ്സായ ആളെയും കൊച്ചുമക്കളെയുമാണ് കാണുന്നത്. ആദിവാസി ഊരിലൊക്കെ പോലീസ് കയറുമ്പോൾ മര്യാദ കാണിക്കണ്ടേ; അവർ പാവപ്പെട്ടവരല്ലേ; പാർശ്വവൽക്കൃതമായ ജീവിതം നയിക്കുന്ന ആളുകളല്ലേ? ആ പാവങ്ങൾ സങ്കടങ്ങളും കഷ്ടപ്പാടുകളും ദുരിതങ്ങളും പട്ടിണിയും രോഗങ്ങളും അനുഭവിക്കുന്നതിനോടൊപ്പം ഈ മഹാമാരിയും സാമ്പത്തികമാന്ദ്യവും കൊണ്ട് വിഷമിക്കുന്ന പ്രദേശത്ത് വെളുപ്പാൻകാലത്ത് 6 മണിക്ക് ചെന്ന് ഇങ്ങനെയാണോ ചെയ്യുന്നത്; കേരളത്തിൽ മുൻഗണന നൽകേണ്ടത് അവർക്കല്ലേ? എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ ന്യായീകരിക്കുകയാണ്. അങ്ങയുടെ ഈ നടപടി വിചിത്രമായി തോന്നുന്നു. അതിൽ ശക്തമായി പ്രതിപക്ഷം പ്രതിഷേധിക്കുന്നു. കേരളത്തിലെ അട്ടപ്പാടി ആദിവാസി ഊരിൽ നടത്തിയ ഈ അതിക്രമത്തിൽ പ്രതിഷേധിക്കാതെ, അവർക്കെതിരെ നടപടിയെടുക്കാതെ, ഈ ഗൗരവതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കേരളത്തിലെ പോലീസ് ഇപ്പോൾ പഴയതുപോലെയല്ല, വളരെ നന്നായിട്ടുണ്ട്, അത് കാണാതെപോയിട്ട് കാര്യമില്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ട്രൈബൽ ഡേ ആചരിക്കുന്ന ഈ സമയത്തുതന്നെ വെളുപ്പാൻകാലത്തുചെന്ന് ഒരു ആദിവാസിയെ കിടക്കപ്പായിൽനിന്ന് എഴുന്നേൽപ്പിച്ച് മർദ്ദിച്ച് അറസ്റ്റുചെയ്ത് കൊണ്ടുപോയത് അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. ഇവിടത്തെ പോലീസിന് എന്ത് മാറ്റമാണ് വന്നിരിക്കുന്നത്; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, എത്രയെത്ര കേസുകളാണ് അനുദിനം വർദ്ധിച്ചുവരുന്നത്; പോലീസുകാരെല്ലാം മോശമാണെന്ന് ആരും പറയുന്നില്ലല്ലോ? കേരളത്തിൽ വർഗ്ഗീയ ലഹളയും പ്രശ്നങ്ങളും ഉണ്ടാകുന്നില്ലെന്ന് പറഞ്ഞു. അത് കാലാകാലങ്ങളായി സംസ്ഥാനത്തെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ സംഘടനകളുടെ സംഭാവനയാണ്. അല്ലാതെ ഇത് ഗവൺമെന്റിന്റെയും ഒരു മുന്നണിയുടെയും സംഭാവനയല്ല. അത്തരത്തിലുള്ള സംസ്കാരം വളർന്നുവരുന്നതിനായി ഞങ്ങളൊക്കെ രാഷ്ട്രീയ പ്രവർത്തനം നടത്തുമ്പോൾ അതിനെതിരെ ഛിദ്രശക്തികളെ പ്രോത്സാഹിപ്പിച്ച ചരിത്രമാണ് ഇടതു മുന്നണിക്കുള്ളതെന്ന് പറയേണ്ടിവരുന്നതിൽ എനിക്ക് അങ്ങേയറ്റം സങ്കടമുണ്ട്. അതൊക്കെ കേരളത്തിൽ അടുത്തകാലത്തുണ്ടായ പോലീസിന്റെ ക്രെഡിറ്റായാണ്

പറയുന്നത്. അത്തരത്തിലുള്ള ഒരു മാറ്റവും ഇവിടത്തെ പോലീസിന് വന്നിട്ടില്ല. ആദിവാസി ഊരിൽ ചെന്ന് അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ നല്ലനേരം നോക്കേണ്ട കാര്യമുണ്ടോ; മരം മുറി ബ്രദേഴ്സ് മുങ്ങിയതുപോലെ മുങ്ങാനുള്ള എന്തെങ്കിലും ചുറ്റുപാട് ഇവരെ സംബന്ധിച്ചുണ്ടോ? ഇത്രയും വലിയ സന്നാഹത്തോടെ അവിടെ ചെന്ന് കിടക്കപ്പായിലിട്ട് മർദ്ദിച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകേണ്ട കാര്യമെന്താണെന്ന് മനസ്സിലാകുന്നില്ല. ഇതിന്റെ പുറകിൽ രാഷ്ട്രീയ സ്വാധീനമുണ്ടെന്നുള്ളത് പ്രമേയാവതാരകൻ സ്പഷ്ടമായി പറയുകയുണ്ടായി. അത് പൊളിറ്റിക്കൽ അതിക്രമമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നടപടി അങ്ങേയറ്റം അപമാനകരമാണ്. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ആദിവാസികൾക്കെതിരെയുള്ള ഈ കടന്നാക്രമണം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ആദിവാസി ഊരിൽ പോലീസ് കൂടുതൽ ജാഗ്രത കാണിക്കേണ്ടിയിരുന്നു. പോലീസിന്റെ ഭാഗത്തുനിന്നും വലിയ വീഴ്ചയുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം അന്വേഷിക്കാമെന്ന് പറഞ്ഞു. എങ്കിലും ഈ വിഷയം അതിന്റേതായ ഗൗരവത്തിൽ ഉൾക്കൊണ്ട് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) <u>നെല്ല് സംഭരണത്തിലെ അപാകതകൾ</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u> സർ, രാജ്യത്ത് മറ്റൊരു സംസ്ഥാനവും നൽകാത്ത വില നൽകി നെല്ല് സംഭരിക്കുന്ന നാടാണ് കേരളം. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏറ്റവുമധികം സന്തോഷിക്കുന്നത്

കേരളത്തിലെ നെൽകർഷകരാണ്. അതിന് നിരവധി കാര്യങ്ങളുണ്ട്. നെൽകൃഷി സബ്സിഡിയുടെ കണക്ക് സംബന്ധിച്ച് കഴിഞ്ഞ ദിവസം പ്രതിപക്ഷം ദുരാരോപണമുന്നയിച്ചിരുന്നു. യഥാർത്ഥത്തിൽ കേരളത്തിലെ നെൽകർഷകർക്ക് ഒരു ഹെക്ടറിന് പതിനായിരക്കണക്കിന് രൂപ സബ്സിഡി ഇനത്തിൽ നൽകുന്നുണ്ട്. സുസ്ഥിര നെൽകൃഷി വികസനത്തിന്റെ പേരിൽ ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്ന കർഷകന് ഒരു വർഷം രണ്ട് സീസണുകളിലായി 11000 രൂപ ലഭിക്കുന്നുണ്ട്. ഉല്പാദന ബോണസിനത്തിൽ രണ്ട് സീസണിലുമായി 2000 രൂപയും ഉഴവുകൂലി ഇനത്തിൽ ഒരു വർഷം 15000 രൂപയും കുമ്മായത്തിന്റെ സബ്സിഡിയായി 5400 രൂപയും നെൽവിത്ത് സബ്സിഡിയായി 800 രൂപയുൾപ്പെടെ 34200 രൂപ ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്ന കർഷകന് കൊടുക്കുന്നതിനുപുറമേയാണ് രാജ്യത്തെ ഏറ്റവും ഉയർന്ന വിലയ്ക്ക് നെല്ല് സംഭരിച്ചുകൊണ്ടിരിക്കുന്നത്. പ്രകൃതിക്ഷോഭംമൂലം വിള നശിച്ചാൽ സംസ്ഥാന സർക്കാർ സഹായമായി 13500 രൂപ ഒരു ഹെക്ടർ നെൽകൃഷി ഉടമയ്ക്ക് കൊടുക്കുന്നതിനുപുറമെ വിള ഇൻഷുറൻസ് ഇനത്തിൽ സെൻട്രൽ ഗവൺമെന്റിന്റെ സഹായത്തോടെ 35000 രൂപയും കൊടുക്കുന്നുണ്ട്. അങ്ങനെ ഒരു ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചാൽ 48500 രൂപ കിട്ടുന്ന ഏക നാട് കേരളമാണ്. പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലമുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നെൽകൃഷി നടത്തുന്നവരുടെ വരമ്പ് നവീകരണ പ്രവൃത്തി എം.ജി.എൻ.ആർ. ഇ.ജി.എസ്. (Mahatma Gandhi National Rural Employment Guarantee Scheme) തൊഴിലാളികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 50000 രൂപയുടെ ആനുകൂല്യം നെൽകർഷകർക്ക് നൽകാറുണ്ട്. ഇത്തരത്തിൽ കർഷകരെ സഹായിക്കുന്നതുകൊണ്ടാണ് നെൽകർഷകരുടെ എണ്ണവും കൃഷി സ്ഥലത്തിന്റെ ഏരിയയും വർദ്ധിക്കുന്നത്. ഇപ്പോൾ രണ്ട് ലക്ഷത്തിലധികം ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിക്കുന്ന നാടായി കേരളം മാറിയിട്ടുണ്ട്. കേരളത്തിൽ ആകെ രണ്ട് ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്നതിൽ 50000 ഹെക്ടറും പാലക്കാട് ജില്ലയിൽ മാത്രമാണുള്ളത്. എൺപത്തിയയ്യായിരത്തിലധികം കർഷകർ ഏർപ്പെടുന്ന നെൽകൃഷി മേഖലയിൽ നെല്ലിന്റെ സംഭരണ നടപടിക്രമത്തിലുള്ള പ്രശ്നങ്ങളാണ് ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വിള ഇറക്കുന്ന കാലത്തുതന്നെ നെല്ല് സംഭരണത്തിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നില്ല; അത് ആരംഭിക്കേണ്ടതുണ്ട്. കൊയ്ത്ത് ആരംഭിക്കുന്നതിന് 60 ദിവസം മുമ്പെങ്കിലും കർഷകർക്ക് വ്യക്തിപരമായി രജിസ്ട്രേഷൻ നടപടികൾ ചെയ്യുന്നതിന് സൗകര്യമൊരുക്കണം. പ്രസ്തുത രജിസ്ട്രേഷൻ നടത്തുന്ന പോർട്ടലുകളിൽ നിരവധി തെറ്റുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൃഷി ഓഫീസർമാർ അപ്രൂവ് ചെയ്യുന്ന എണ്ണത്തെക്കാൾ കൂടുതലാണ് പലപ്പോഴും പോർട്ടലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യസ്ത സമയത്ത് കൊയ്ത്ത് ആരംഭിക്കുന്നതുകൊണ്ട് ഒന്നാം വിള കാലത്തുള്ള നെല്ല് സംഭരണത്തിന് ജൂലൈ മാസത്തിൽ തന്നെ മില്ലുകൾ നിശ്ചയിച്ചുനൽകണം. മില്ലുകൾ നിശ്ചയിച്ചുനൽകുമ്പോൾ മില്ലിന്റെ കപ്പാസിറ്റി അനുസരിച്ചുള്ള പാടശേഖരങ്ങൾ വിഭജിച്ച് നൽകുന്നതോടൊപ്പം വാഹന സൗകര്യം, ഗോഡൗൺ സൗകര്യം, ഏജന്റുമാരുടെ എണ്ണം ഇതെല്ലാം ഉറപ്പുവരുത്തേണ്ടതുണ്ട്. നിലവിൽ ഉല്പാദനക്ഷമത വർദ്ധിച്ച സാഹചര്യത്തിൽ ഒരു ഏക്കറിന് 3000 കിലോഗ്രാമെങ്കിലും നെല്ല് സംഭരിക്കാനുള്ള ഉത്തരവ് പുതിയതായി ഇറക്കണം. പൊതുമേഖല/ദേശീയ ബാങ്കുകളിൽനിന്നും സംഭരിച്ച നെല്ലിന്റെ വില ലഭിക്കാത്ത സാഹചര്യത്തിൽ ഏഴ് ദിവസത്തിനകം വില ലഭ്യമാക്കാനുള്ള ഇടപെടൽ നടത്തണം. നെല്ലിന്റെ വിലയായി ലഭിക്കുന്ന തുക വായ്പയുടെയും കടബാദ്ധ്യതയുടെയും പേരുപറഞ്ഞ് പല പൊതുമേഖലാ ബാങ്കുകളും പിടിച്ചു വയ്ക്കുകയാണ്. ജലാംശത്തിന്റെ പേരിലും വലിയ രീതിയിലുള്ള തട്ടിപ്പ് ഈ മേഖലയിൽ നടക്കുന്നുണ്ട്. ഇതിനെല്ലാം പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര ഉന്നതതല യോഗം വിളിച്ചുചേർക്കണമെന്നും കൃഷി വകുപ്പിനെക്കൂടി ഇതിൽ യോജിപ്പിച്ചുകൊണ്ട് പ്രവർത്തനം നടത്തി പരിഹാരം കണ്ടെത്തണമെന്നുമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയ കാര്യം വളരെ പ്രാധാന്യമുള്ളതാണ്. കേരളത്തിൽ പ്രധാനമായും രണ്ട് സീസണുകളിലാണ് നെല്ല് സംഭരണം നടക്കുന്നത്. സെപ്റ്റംബർ മാസം മുതൽ തുടങ്ങുന്ന ഒന്നാം വിള സംഭരണം ഡിസംബറിലും ജനുവരി മാസം തുടങ്ങുന്ന രണ്ടാം വിള സംഭരണം ജൂൺ മാസത്തിലും അവസാനിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ, ഒന്നാം വിളയുടെ സംഭരണം ജൂലൈ മാസത്തിലും രണ്ടാം വിളയുടെ സംഭരണം ഡിസംബർ മാസത്തിലും ആരംഭിക്കുന്ന കാര്യം ഗൗരവമായി കാണേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് കേരളത്തിൽ നെല്ല് സംഭരണം നടത്തുന്നത്. കൊയ്ത്തുകാലം ആരംഭിക്കുന്ന സെപ്റ്റംബർ മാസം മുതലാണ് നെല്ല് സംഭരണം ആരംഭിക്കുന്നതിന് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഇതിന് മുന്നോടിയായി രജിസ്ട്രേഷൻ ആരംഭിക്കാറുണ്ട്. മുൻവർഷങ്ങളിലെല്ലാം ആഗസ്റ്റ് മാസം പകുതിയോടുകൂടിയാണ് രജിസ്ട്രേഷൻ ആരംഭിക്കുന്നത്. ഈ വർഷവും ആഗസ്റ്റ് മാസം 16-ാം തീയതി രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഏത് സമയത്ത് ആരംഭിച്ചാലും സെപ്റ്റംബർ മാസം മുതൽ മാത്രമെ നെല്ല് സംഭരണം സാധ്യമാകുകയുള്ളൂ. നെല്ല് സംഭരണം നേരത്തെ ആരംഭിക്കാനുള്ള

സാധ്യതകളെക്കുറിച്ച് കേന്ദ്രസർക്കാരിനോട് ആരായുന്നതാണ്. നിലവിൽ ഒരേക്കറിൽ നിന്ന് സംഭരിക്കുന്ന നെല്ലിന്റെ അളവ് 2200 മുതൽ 2500 കിലോഗ്രാം വരെയാണ്. ഇതിൽ കൂടുതൽ നെല്ല് സംഭരിക്കേണ്ട അവസരങ്ങളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരിക്കാറുണ്ട്. നെല്ല് സംഭരിക്കേണ്ട പരിധി ഏക്കറിന് 3000 കിലോഗ്രാം ആക്കുന്നതിനെക്കുറിച്ച് കൃഷിവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്; ആയത് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്. ഓരോ സീസൺ തുടങ്ങുമ്പോഴും രജിസ്ട്രേഷൻ സൈറ്റിലുള്ള അപാകതകൾ പരിഹരിക്കാറുണ്ട്. നിലവിൽ എന്തെങ്കിലും അപാകതകളുള്ളതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ചതുപ്രകാരം ഈ സീസൺ മുതൽ അപേക്ഷ കന്റെ പിതാവിന്റെ പേര് രേഖപ്പെടുത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. ഈ സീസൺ മുതൽ ആധാർ സീഡിംഗ് അഥവാ ആധാർ അധിഷ്ഠിത രജിസ്ട്രേഷനും സംഭരണസമയത്തുതന്നെ കർഷകന് താങ്ങുവില നേരിട്ട് ലഭിക്കത്തക്കവിധം കേന്ദ്ര സർക്കാരിന്റെ സോഫ്റ്റ്‌വെയറായ പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിലേയ്ക്ക് സപ്ലൈകോയുടെ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ ബന്ധിപ്പിക്കാനുള്ള നടപടിക്രമവും നടന്നുവരികയാണ്. ഈ പ്രക്രിയ പൂർത്തിയായാൽ നെല്ല് സംഭരണം കഴിഞ്ഞ് paddy receipt sheet അംഗീകരിക്കുന്നതോടെ കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് പണം ലഭ്യമാക്കുന്ന സംവിധാനം ഒരുക്കുന്നതാണ്. ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയത്തിന്മേൽ അടിയന്തര തീരുമാനങ്ങളുണ്ടാകുന്നതിനും നെല്ല് സംഭരണം കൂടുതൽ കർഷക സൗഹൃദമാക്കുന്നതിനും കർഷകർ, മില്ലുടമകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ സംയുക്തമായി വിളിച്ചുചേർത്ത് ജില്ല തിരിച്ച് യോഗം കൂടുവാനും തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയുടെ യോഗം ഈ മാസം 11-ാം തീയതി ചേരാൻ തീരുമാനി ച്ചിരിക്കുന്ന കാര്യം അറിയിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കയറ്റുകൂലിയായി സർക്കാർ നൽകുന്നത് 6 രൂപയാണ്. പ്രാദേശികമായി ഇതിന്റെ കൂലിക്രമത്തിൽ വലിയ വ്യത്യാസമുള്ള സാഹചര്യത്തിൽ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി കൂലി ഏകീകരിക്കണം. മറ്റൊന്ന്, നെല്ല് സംഭരണത്തിനുള്ള ചാക്ക് സപ്ലൈ ചെയ്യാനുള്ള സംവിധാനം ഉറപ്പുവരുത്തണം. നെൽ വിത്തുണ്ടാക്കുന്ന കർഷകരുടെ നെല്ലുകൂടി സംഭരിക്കാൻ ഇതേ മാർഗ്ഗത്തിൽ നിലപാടെടുക്കാൻ കഴിയുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, നെല്ല് സംഭരണത്തിനുള്ള ചാക്കുകൾ കർഷകർക്ക് നേരത്തെ എത്തിച്ചുകൊടുക്കുന്നത് സംബന്ധിച്ച് മില്ലുടമകൾക്ക് നിർദ്ദേശം നൽകുന്നതാണ്. ഒരു ക്വിന്റൽ നെല്ല് സംഭരിച്ച് സംസ്കരിച്ച് ചാക്കിൽ നിറയ്ക്കുന്നതിന് നിലവിൽ 214 രൂപയാണ് മില്ലുടമകൾക്ക് നൽകിവരുന്നത്. ഈ

തുകയിൽ നിന്നും കയറ്റുകൂലിയായി മില്ലുടമകൾ കർഷകന് നൽകുന്ന 12 രൂപ എന്നത് വർദ്ധിപ്പിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്. കയറ്റുകൂലി 22 രൂപ വേണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അത് ആലോചിക്കുന്നതാണ്.

(2) ആദിവാസി ഗോത്രസമൂഹങ്ങളുടെ അവകാശ സംരക്ഷണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ആദിവാസി ഗോത്രസമൂഹങ്ങളുടെ നിയമപരമായ അവകാശങ്ങൾ ചില ഉദ്യോഗസ്ഥർ ലംഘിക്കുന്നത് സംബന്ധിച്ച ശ്രദ്ധ ക്ഷണിക്കലാണ് ഞാൻ അവതരിപ്പിക്കുന്നത്. ഒന്നാം യു.പി.എ. ഗവൺ മെന്റിന്റെ കാലത്ത് കൊണ്ടുവന്ന കേന്ദ്ര വനാവകാശനിയമ പ്രകാരം 2005 ഡിസംബർ 13-ാം തീയതിവരെ വനവുമായി ബന്ധപ്പെട്ട് താമസിക്കുന്ന കുടുംബങ്ങൾക്ക് 5 ഏക്കർവരെ ഭൂമി കൊടുക്കണമെന്നാണ് പറയുന്നത്. സംസ്ഥാനത്ത് ധാരാളം നിക്ഷിപ്ത വനഭൂമിയുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ സർവ്വേ നടപടികൾ പലഘട്ടങ്ങളിലും പൂർത്തീകരിച്ചിട്ടുമുണ്ട്. നിയമം നടപ്പാക്കിയിട്ടില്ലെന്ന് ഞാൻ പറയുന്നില്ല; നിയമം നടപ്പാക്കിയിട്ടുണ്ട്. വനാവകാശനിയമപ്രകാരം പതിച്ചുകൊടുത്ത ഭൂമി അവർക്ക് നാളിതുവരെ അളന്ന് തിട്ടപ്പെടുത്തിക്കൊടുക്കുകയോ അല്ലെങ്കിൽ നിയമപരമായ കൈവശരേഖ കൊടുക്കുകയോ ചെയ്യാത്ത സംഭവങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പല കുടുംബങ്ങൾക്കും പതിച്ചുകൊടുത്ത ഭൂമിയിൽ അവർക്ക് താമസിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവർക്ക് അവിടെ വീടുവയ്ക്കാൻ സാധിക്കില്ല; അവിടെ റോഡില്ല; കുടിവെള്ളം കിട്ടുന്നില്ല; വൈദ്യുതി എത്തിക്കാൻപോലും കഴിയാത്ത സാഹചര്യമാണുള്ളത്. അപ്രകാരമുള്ള ദുരന്ത ഭൂമിയാണ് അവർക്ക് പതിച്ച് നൽകിയിരിക്കുന്നത്. പതിച്ചുകൊടുക്കുന്ന ഭൂമിയിൽ സ്വാഭാവികമായും അവരുടെ ക്ഷേത്രങ്ങളും കാവുകളും ശ്മശാനങ്ങളുമെല്ലാമുണ്ടാകും. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ, ആദിവാസി ഉദ്യോഗാർത്ഥികൾക്ക് പോലീസ്/എക്സൈസ് വകുപ്പു കളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ജോലി നൽകുമെന്ന് പറഞ്ഞു. അവരൊക്കെ കായികപരമായി വളർന്നുവന്ന വനത്തോടനുബന്ധിച്ചുള്ള ഗ്രൗണ്ടുകളും കളിസ്ഥലങ്ങളും ഇപ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥർ പലഘട്ടങ്ങളിലായി തടസ്സപ്പെടുത്തിയിരി ക്കുകയാണ്. അതുകൂടാതെ ധാരാളം ഭൂമി അന്യാധീനപ്പെട്ടുപോയ കാര്യം നന്നായി ഇടപെടുന്ന ഒരു വ്യക്തിയെന്ന നിലയിൽ അങ്ങേയ്ക്കുമറിയാം.

വൈത്തിരി താലൂക്കിലെ സുഗന്ധഗിരിയിൽ 1970-ലെ കേരള ലാൻഡ് റിഫോംസ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) ആക്ട് അനുസരിച്ച്, 1975-ൽ ഇന്ദിരാഗാന്ധി 715 കുടുംബങ്ങൾക്ക് 5 ഏക്കർ ഭൂമി വീതം അസൈൻ ചെയ്തിട്ടുള്ളതാണ്.

വനാവകാശനിയമം പ്രാബല്യത്തിൽ വന്നതിനുശേഷം, ആ ഭൂമിയിൽ അവർക്ക് നിയമപരമായ കൈവശരേഖയാണ് കൊടുത്തിട്ടുള്ളത്. അവർക്ക് ഉപാധിരഹിത പട്ടയരേഖ കൊടുക്കാൻ സർക്കാരുകൾ തയ്യാറായിട്ടില്ലെന്നതാണ് വസ്തുത. രണ്ടാമത്തെ ഉദാഹരണം, പാലക്കാട് കാഞ്ഞിരപ്പുഴ ഡാമിന് ഭൂമി അക്വയർ ചെയ്തപ്പോൾ അവിടത്തെ ആദിവാസികൾക്ക് കൈവശരേഖയില്ലാത്തതിനാൽ അവർ തൊട്ടടുത്ത് ശിരുവാണി ഡാമിന്റെ പരിസരങ്ങളിലേയ്ക്ക് മാറിത്താമസിച്ചു. ഏതാണ്ട് 75 കുടുംബങ്ങൾക്ക് ഇന്നും പട്ടയം നൽകാൻ തയ്യാറായിട്ടില്ല. വനാവകാശ നിയമമനുസരിച്ച് രേഖയുള്ളതും ഇല്ലാത്തതുമായ ഭൂമിയിൽ താമസിക്കുന്ന ആദിവാസികൾ കൃഷിചെയ്തുവരുമ്പോൾ ഉദ്യോഗസ്ഥർ ആ കൃഷിയടക്കം വെട്ടിനശിപ്പിക്കുകയാണ്. അതിന് ഉദാഹരണമായി രേഖ ഞാൻ സമർപ്പിക്കാം. അത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ഭരണസിരാകേന്ദ്രമായ തിരുവനന്തപുരത്ത് കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ കരുവിലാഞ്ചി എന്നുപറയുന്ന സ്ഥലത്ത് ചിന്നൻ-പൊന്നു കാണിക്ക് 1960-ൽ കാട്ടാക്കട സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് രജിസ്ട്രേഷൻ ചെയ്തുകൊടുത്ത ഭൂമി അന്യാധീനപ്പെട്ടിരിക്കുകയാണ്. ആ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുത്തിരിക്കുകയാണ്. അവിടെ താമസിക്കുന്ന തങ്കമ്മ, മണിയൻ കാണി, സരസമ്മ, മരിച്ച ശശിയുടെ ഭാര്യ അമ്മുക്കുട്ടി എന്നിവർ ഇന്നും നിയമപോരാട്ടം നടത്തിക്കൊണ്ടിരിക്കുന്നു. ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വ്യക്തമായ ഇടപെടലുകളുണ്ടാകണമെന്ന ഏറ്റവും പ്രധാനപ്പെട്ട ആവശ്യം അങ്ങ് പരിഗണിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ഐ. സി. ബാലകൃഷ്ണൻ ഉന്നയിച്ച ശ്രദ്ധക്ഷണിക്കൽ ആദിവാസി ജനവിഭാഗവുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാനത്ത് പട്ടികവർഗ്ഗ ഗോത്രസമൂഹങ്ങളുടെ നിയമപരമായ അവകാശങ്ങളും അവരുടെ മറ്റ് ആവശ്യങ്ങളും ലംഘിക്കുകയെന്നുള്ളതല്ല ഗവൺമെന്റിന്റെ നിലപാട്. പട്ടികവർഗ്ഗക്കാർക്ക് നിയമപരമായ പരിരക്ഷ ലഭ്യമാക്കാൻ സർക്കാർ സംവിധാനങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നുണ്ട്. നിയമ പരിരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളും ഗോത്രജനവിഭാഗങ്ങൾക്ക് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്ത് 2006-ലെ കേന്ദ്ര വനാവകാശനിയമം ഏറ്റവും ഫലപ്രദമായി നടപ്പിലാക്കാനാണ് ശ്രമിച്ചുവരുന്നത്. ആ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനാവകാശ നിയമപ്രകാരം സംസ്ഥാനത്താകെ 26,600 പേർക്ക് 35,349.89 ഏക്കർ ഭൂമിക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. സാമൂഹികാവകാശങ്ങളും ആവാസസ്ഥലങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ

വികസനത്തിനുമായി യഥാസമയം ഇടപെടാൻ ശ്രമിച്ചിട്ടുമുണ്ട്. വനവിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും ആദിവാസി സമൂഹം താമസിച്ചു കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നു. ഇനിയും വനഭൂമി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾനീക്കാൻ വനംവകുപ്പുമായും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്.

[11.00 A.M.]

ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിനുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആദിവാസികൾക്ക് നിയമപരമായി ലഭിക്കേണ്ട എല്ലാ അവകാശങ്ങളും സംരക്ഷിക്കണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. ഓരോ ആദിവാസി ഊരുകളിലും അവരുടെ ജീവിതം മെച്ചപ്പെടുത്താൻ ഫലപ്രദമായ ഇടപെടലുകളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പല സ്ഥലത്തും അവരുടെ ഭൂമി അന്യാധീനപ്പെട്ടുപോയിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അവ ഈയടുത്ത കാലത്ത് അന്യാധീനപ്പെട്ടുപോയതല്ല; നേരത്തെതന്നെ അന്യാധീനപ്പെട്ടതാണ്. മുൻകാലങ്ങളിൽ അന്യാധീനപ്പെട്ടുപോയ ഭൂമി വീണ്ടെടുക്കാനുള്ള നിയമം രൂപീകരിച്ചെങ്കിലും നടപ്പാക്കാൻ കഴിയാതെ പോയി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് 2006-ലെ കേന്ദ്ര വനാവകാശ നിയമപ്രകാരം ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമി കൊടുക്കാനുള്ള സംവിധാനം കൊണ്ടുവരുന്നതിന് വളരെ ഉത്തരവാദിത്വത്തോടെയാണ് പ്രവർത്തിച്ചത്. അവർക്ക് നൽകിയ ഭൂമിക്ക് റവന്യൂ പട്ടയം വേണമെന്ന ആവശ്യത്തിന്മേൽ റവന്യൂ വകുപ്പും ഫോറസ്റ്റ് വകുപ്പും ചർച്ചകൾ നടത്തിവരികയാണ്.

അതോടൊപ്പം ഒട്ടേറെ പുനരധിവാസ പ്രോജക്ടുകളുണ്ട്. ആദിവാസികൾക്ക് ഭൂമി വീതം വച്ചുകൊടുക്കുന്നതിന്റെ ഭാഗമായതുകൊണ്ട് സുഗന്ധഗിരി കാർഡമം പ്രോജക്ട് തന്നെ ഇല്ലാതെയായ സ്ഥിതിയിലാണ്. അതുപോലെ നേരത്തെയുണ്ടായിരുന്ന പ്രിയദർശിനി ടീ എസ്റ്റേറ്റും പൂക്കോട് ഡയറി ഫാമും ഇതേ അവസ്ഥയിലാണ്. ഇങ്ങനെ ഭൂമി പങ്കുവച്ച് കൊടുക്കുന്നതോടുകൂടി പുനരധിവാസ കേന്ദ്രങ്ങളെല്ലാം ഇല്ലാതാകുന്ന സ്ഥിതിയിലാകുമെന്ന കാര്യം നാം മനസ്സിലാക്കണം. പുനരധിവാസ കേന്ദ്രങ്ങളിലെ ഭൂമി അവർക്ക് പതിച്ചുകൊടുത്തതിന്റെ ഫലമായി അത്തരം ഭൂമിയെല്ലാം പിന്നീട് നഷ്ടപ്പെടുന്ന സ്ഥിതിയിലേയ്ക്ക് പോകുമ്പോൾ, വീണ്ടും ആദിവാസികൾ ഭൂമിയില്ലാത്തവരായി മാറും എന്നുള്ള കാര്യംകൂടി നാം ശ്രദ്ധിക്കേണ്ടതാണ്. ആദിവാസികൾക്ക് പ്രയോജനപ്പെടുന്ന രീതിയിലുള്ള ഭൂമി തന്നെ കൊടുക്കുന്നതിനും ആ ഭൂമി കൃഷിയോഗ്യവും വാസയോഗ്യവും ആക്കുന്ന

തിനുമുള്ള സംവിധാനമുണ്ടാക്കണം. ചില സ്ഥലത്ത് നൽകിയ ഭൂമി വാസയോഗ്യമല്ല അല്ലെങ്കിൽ കൃഷി യോഗ്യമല്ല എന്ന കാരണത്താൽ അവിടെ നിന്നും മാറി പോകേണ്ട സ്ഥിതിയുണ്ടായിട്ടുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ട് ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് ഏറ്റവും ഫലപ്രദമായി നടപ്പിലാക്കാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് ഇന്ന് നടന്ന അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. സ്വാഭാവികമായും പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് അനുസരിച്ച് കേസ് എടുക്കുമ്പോൾ കേസുകളുടെ എണ്ണം വർദ്ധിക്കാൻ സാധ്യതയുണ്ട്. മറ്റ് പല സംസ്ഥാനങ്ങളിലും ഈ ആക്ട് പ്രകാരം കേസ് കൊടുക്കുന്നതിന് ആളുകൾക്ക് മടിയാണ്; എന്നുമാത്രമല്ല, കേസ് കൊടുക്കുകയാണെങ്കിൽ അവരെ ഭീഷണിപ്പെടുത്തി കേസ് പിൻവലിപ്പിക്കുകയും ചെയ്യും. എന്നാൽ കേരളത്തിൽ ധൈര്യസമേതം കേസ് കൊടുക്കാൻ ആദിവാസികൾക്കും പാവപ്പെട്ടവർക്കും കഴിയുന്നുവെന്ന പ്രത്യേകതയും ഇവിടെ കേസ് വർദ്ധിക്കാൻ ഇടയാക്കുന്നുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കേസ് കൊടുക്കാൻ തയ്യാറായി ആരും മുന്നോട്ടുവരികയില്ല. കാരണം കേസ് കൊടുത്താൽ ആ പ്രദേശത്തെ ആദിവാസികളായാലും പാവപ്പെട്ടവരായാലും അവരെ ഇല്ലാതാക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിൽ ആദിവാസികളുടെ അവകാശം സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് കേസുകൾ വർദ്ധിക്കുന്നതെന്നുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആദിവാസികളുടെ നിയമപരമായ എല്ലാ അവകാശങ്ങളെയും പരിരക്ഷിച്ചു പോരുക, അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നുള്ള നിലപാടുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ 36 ആദിവാദി വിഭാഗങ്ങളും വ്യത്യസ്ത ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് പാലിച്ചുപോരുന്നത്. ഓരോ സമുദായത്തിന്റെയും ജീവിത രീതിയും വസ്ത്രധാരണവും ഭക്ഷണ രീതിയും വ്യത്യസ്തമാണ്. അതുകൊണ്ട് ഓരോ സമുദായത്തെയുംകുറിച്ച് വ്യക്തമായി പഠനം നടത്തി അവർക്കാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കണം. വനത്തിലെ ക്ഷേത്രങ്ങളെയും കാവുകളെയും ശ്മശാനങ്ങളെയും കുട്ടികളുടെ കളിസ്ഥലങ്ങളെയും സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ഇത് നേരത്തെ സംസാരിച്ച കാര്യമാണ്. ആദിവാസികൾ താമസിക്കുന്ന സ്ഥലങ്ങളിൽ അടിസ്ഥാനപരമായ സൗകര്യങ്ങളും അവരുടെ കുട്ടികൾക്ക് പഠനസൗകര്യങ്ങളും ഒരുക്കി കൊടുക്കുന്നുണ്ട്. സ്ഥലലഭ്യത

യ്ക്കനുസരിച്ച് എല്ലാ ആദിവാസി ഊരുകളിലും കളിസ്ഥലങ്ങൾ നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ 36 ആദിവാസി വിഭാഗങ്ങളാണുള്ളത്. കേരളത്തിൽ 2011-നുശേഷമുള്ള കണക്കുപ്രകാരം ഏകദേശം 5,02,075-ഓളം ആദിവാസികളുണ്ട്. അവർ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി ചിതറിക്കിട ക്കുകയാണ്. ഓരോ പ്രദേശത്തെയും ആദിവാസികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായി ഏറ്റവും വൾനറബിളായ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ ഉയർത്തിയെടുക്കാനുള്ള ഒട്ടേറെ പരിപാടികൾ ഗവൺമെന്റ് നടപ്പിലാക്കി വരുന്നുണ്ട്. അതുകൊണ്ടുതന്നെ അവരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. എസ്.ടി. വിഭാഗത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് പലപ്പോഴും മുന്നോട്ടുവരാൻ തടസ്സമുണ്ടാകും. അത് കണക്കിലെടുത്താണ് അവർക്ക് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നതിനും ഈ വിഭാഗത്തിനായി എക്സൈസ്, പോലീസ്, ഫോറസ്റ്റ് തുടങ്ങി എല്ലായിടത്തും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനും തീരുമാനിച്ചത്. തീർച്ചയായും അവരുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

## IV സബ്മിഷൻ

മി. സ്പീക്കർ: ഇന്ന് എട്ട് ധനാഭ്യർത്ഥനകളാണുള്ളത്. അതുകൊണ്ട് അംഗങ്ങൾ പരമാവധി ഒരു മിനിറ്റ് എടുത്ത് വിഷയം മാത്രം സബ്മിഷനിലൂടെ ഉന്നയിക്കണം.

### (1) പുനർഗേഹം പദ്ധതി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തീരപ്രദേശത്തെ ജനങ്ങൾ വലിയ അരക്ഷിതാവസ്ഥയിലും അസൗകര്യങ്ങളിലുമാണ് ജീവിക്കുന്നത്. തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കാൻവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതിയാണ് 'പുനർഗേഹം പദ്ധതി'. 18,865 കുടുംബങ്ങളെയാണ് ഇത്തരത്തിൽ മാറ്റി പാർപ്പിക്കേണ്ടത്. വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്റർ പരിധിയിൽ സ്വന്തമായി വീടും സ്ഥലവും ഉള്ളവരെയാണ് ഈ സ്കീമിലുൾപ്പെ ടുത്തിയിരിക്കുന്നത്. ഇവർക്ക് നഗര പരിധിയിലാണെങ്കിൽ രണ്ട് സെന്റ് സ്ഥലവും ഗ്രാമപ്രദേശങ്ങളിലാണെങ്കിൽ മൂന്ന് സെന്റ് സ്ഥലവും വാങ്ങി വീട് പണിയുന്നതിന് 10 ലക്ഷം രൂപയാണ് നൽകുന്നത്. ഇതിൽ 6 ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിനും 4 ലക്ഷം രൂപ വീട് പണിയുന്നതിനുമാണ് നൽകുന്നത്. വളരെ വിചിത്രമായ നിബന്ധനകളാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വേലിയേറ്റ രേഖയായ 50 മീറ്ററിനുപുറത്ത് ഇവർക്ക് സ്ഥലം ഉണ്ടാകരുതെന്നും ഒരാൾക്ക് പതിനഞ്ചോ

ഇരുപതോ സെന്റ് ഭൂമിയും വീടുമുണ്ടെങ്കിൽ അയാളെ മാറ്റി പാർപ്പിക്കണമെങ്കിൽ ആ സ്ഥലവും വീടുമുൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും സറണ്ടർ ചെയ്യണമെന്നും പിന്നീടത് അയാൾ ഉപയോഗിക്കാൻ പാടില്ലെന്നും നിബന്ധനയിൽ പറയുന്നുണ്ട്. അയാൾക്ക് പകരം കിട്ടുന്നത് രണ്ടോ മൂന്നോ സെന്റ് ഭൂമി വാങ്ങാനുള്ള 6 ലക്ഷം രൂപ മാത്രമായിരിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്നവർ നിലവിൽ സ്വന്തമായുള്ള ഭൂമി പൂർണ്ണമായും ഉപേക്ഷിക്കുന്നതോടൊപ്പം അവിടെ കെട്ടിടമുണ്ടെങ്കിൽ അവരുടെ സ്വന്തം ചെലവിൽ പൊളിച്ചുനീക്കുകയും പിൽക്കാലത്ത് ആ ഭൂമിയിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തില്ലെന്ന് ഫിഷറീസ് വകുപ്പുമായി കരാറുണ്ടാക്കുകയും ചെയ്യണം. വേറൊരു വിചിത്രമായ നിബന്ധന ഉൾപ്പെടുത്തി യിരിക്കുന്നത്, ആദ്യ ഗഡു കൈപ്പറ്റി 12 മാസത്തിനുള്ളിൽ വീട് നിർമ്മാണം പൂർത്തിയാക്കിയില്ലെങ്കിൽ ആ കൈപ്പറ്റിയ പണത്തിന്റെ 18 ശതമാനം പലിശയടക്കം സർക്കാരിലേക്ക് തിരിച്ചടയ്ക്കണം എന്നതാണ്. ഇത് ആരോടാണ് പറയുന്നത്; മത്സ്യത്തൊഴിലാളികളോടാണ്. സർക്കാർ വിചാരിച്ചാൽ ഒന്നോ രണ്ടോ കൊല്ലംകൊണ്ട് പണി പൂർത്തിയാക്കാനാകുമോ? സർക്കാർ വിചാരിച്ചിട്ട് മൂന്ന് കൊല്ലം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സ്ഥാനത്ത് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ സർക്കാർ കൊടുക്കുന്ന 10 ലക്ഷം രൂപയിൽ 6 ലക്ഷം രൂപ കൊണ്ട് തിരുവനന്തപുരം സിറ്റിയിലാണെങ്കിൽ 2 സെന്റ് സ്ഥലവും ഗ്രാമപ്രദേശങ്ങളിലാണെങ്കിൽ 3 സെന്റ് സ്ഥലവും വാങ്ങി ബാക്കി 4 ലക്ഷം രൂപയ്ക്ക് വീട് പണിയണമെന്നാണ് പറയുന്നത്. അവർക്കുണ്ടായിരുന്ന വീടും സ്ഥലവും ഉപേക്ഷിക്കണം; അത് തിരിച്ചുകിട്ടുകയില്ല. അത് ചെയ്തില്ലെങ്കിൽ 18 ശതമാനം പലിശ നൽകണം.

ഇവിടെ സർക്കാരിന്റെ റോളെന്താണ്; വട്ടിപ്പലിശക്കാരന്റെ റോളാണോ? നിർമ്മാണം പൂർത്തിയാക്കി 12 വർഷത്തേയ്ക്ക് വീടും സ്ഥലവും കൈമാറ്റം ചെയ്യാൻ പാടില്ല. സ്വന്തം സ്ഥലവും വീടുമുണ്ടായിരുന്നവൻ അത് ഉപേക്ഷിച്ച് വേറെ സ്ഥലത്ത് വന്ന് താമസിക്കുകയാണ്. ആ സ്ഥലം പന്ത്രണ്ട് വർഷത്തേയ്ക്ക് വിൽക്കാൻ പാടില്ലെന്നാണ് പറയുന്നത്. മക്കളുടെ കല്യാണത്തിനും സ്വന്തം ആവശ്യങ്ങൾക്കും വേണ്ടി പണമെടുക്കുന്നത് ഈ ഭൂമി പണയം വച്ചാണ്. മൂന്ന് സെന്റിൽ താഴെയുള്ള ഭൂമി പണയം വച്ചാൽ എവിടെനിന്നെങ്കിലും പണം ലഭിക്കുമോ? ഒരു മര്യാദ യുമില്ലാത്ത രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. തീരപ്രദേശത്ത് നിരന്തരമായി കടലാക്രമണവും സുനാമി പോലുള്ള ദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും കൊണ്ട് ചുഴലിക്കാറ്റും തീരശോഷണവുമുണ്ടാകുന്നു. ഇന്ന് കാണുന്ന കടൽത്തീരം നാളെ കാണില്ല; ഒരു കാലവർഷം കഴിയുമ്പോൾ അത് ഇല്ലാതാകുന്നു. ആ പാവങ്ങളെ സുരക്ഷിതമായി സംരക്ഷിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പരിപാടി

നടത്തുന്നതെങ്കിൽ അവരെ സുരക്ഷിതരായി താമസിപ്പിക്കാനുള്ള നല്ല പദ്ധതി ഗവൺമെന്റ് തയ്യാറാക്കണം. എന്റെ അഭ്യർത്ഥന പുനർഗേഹം പദ്ധതിയുടെ നിബന്ധനകൾ മാറ്റണമെന്നാണ്. മത്സ്യത്തൊഴിലാളികൾക്ക് എതിരായ, അവർക്ക് ഇഷ്ടപ്പെടാത്ത, താൽപ്പര്യമില്ലാത്ത പദ്ധതിയാണ് പുനർഗേഹം പദ്ധതി. അതുകൊണ്ട് പതിനായിരം വീടിന് അനുമതി നൽകിയിട്ടും ആകെ 368 വീടുകൾ മാത്രമേ ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളൂ, 1.9 ശതമാനമാണത്. ആ തീരപ്രദേശത്തുനിന്നും അവരുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുത്തി ബാക്കി സ്ഥലത്തുവന്ന് താമസിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള ആകർഷകമായൊരു പദ്ധതിയാക്കി പുനർഗേഹം പദ്ധതിയെ അടിയന്തരമായി മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടുള്ള എല്ലാ ബഹുമാനത്തോടുകൂടിയും ഒരുകാര്യം പറയുകയാണ്, പച്ചപുല്ലിന് തീ പിടിപ്പിക്കരുത്. കാരണം ഇന്ത്യയിൽ ആദ്യമായി ഏറ്റവും നല്ല നിലയിൽ നടത്തുന്ന പദ്ധതിയാണ് പുനർഗേഹം പദ്ധതി. കഴിഞ്ഞ പിണറായി ഗവൺമെന്റിന്റെ സ്വപ്നപദ്ധതിയാണ് ഇതെന്ന് ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം കാലാവസ്ഥാ വ്യതിയാനവും കടൽക്ഷോഭവുംമൂലം കടലോരത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ നൂറുകണക്കിന് ഭവനങ്ങളും സ്ഥാവര ജംഗമ വസ്തുക്കളും നഷ്ടപ്പെടുന്ന സാഹചര്യം കേരളത്തീരത്ത് സർവ്വ സാധാരണമാണ്. 2016 ജൂണിൽ ഇത്തരത്തിൽ 248 ഭവനങ്ങൾ പൂർണ്ണമായി നഷ്ടപ്പെട്ടു. 2019 ജൂണിൽ ആഞ്ഞുവീശിയ വായുകൊടുങ്കാറ്റിൽ മത്സ്യത്തൊഴിലാളികളുടെ 83 വീടുകൾ പൂർണ്ണമായും 126 വീടുകൾ ഭാഗികമായും നശിക്കുകയും 575 വീടുകളിൽ വെള്ളം കയറുകയും ചെയ്തു. ഈ സാഹചര്യങ്ങൾ കണക്കിലെടുത്താണ് കടലോരത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരെ സുരക്ഷിതമേഖലകളിൽ പുനരധിവസിപ്പിക്കാൻ സർക്കാർ 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി ആവിഷ്കരിച്ചത്. ഇന്ത്യയിലെ തീരദേശത്ത് അധിവസിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്ന ആദ്യത്തെ പുനരധിവാസ പദ്ധതിയാണിത്. 2018-ൽ മത്സ്യബന്ധന വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേയുടെ അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കിയത്. സർവ്വേ പ്രകാരം തീരദേശത്ത് വേലിയേറ്റ മേഖലയിൽനിന്നും 10 മീറ്റർ പരിധിക്കുള്ളിൽ 3367 കുടുംബങ്ങളും 10 മുതൽ 20 മീറ്റർവരെ അകലത്തിൽ 3921 കുടുംബങ്ങളും 20 മുതൽ 30 മീറ്റർ വരെ അകലത്തിൽ 4577 കുടുംബങ്ങളും 30 മുതൽ 50 മീറ്റർ വരെ 6820 കുടുംബങ്ങളുമുൾപ്പെടെ 18685 കുടുംബങ്ങളാണ് ഈ പരിധിക്കുള്ളിൽ താമസിക്കുന്നത്. ഇതിൽ 7692 പേർ മാറിത്താമസിക്കുന്നതിന് നിലവിൽ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

അതാണ് അങ്ങ് പറയുന്നതിന്റെ വസ്തുതയെ ഞാൻ ചോദ്യം ചെയ്തത്. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് തയ്യാറാക്കിയ പുനർഗേഹം പദ്ധതിക്ക് 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നുമാണ് കണ്ടെത്തുന്നത്. അതിനാലാണ് ഏറ്റവും മാതൃകാപരമായ പ്രവർത്തനമാണിതെന്ന് ഞാൻ പറഞ്ഞത്. 26-12-2019-ൽ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ നിർവ്വഹണത്തിന് 7-1-2020-ൽ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായി. 2020 ജനുവരി മുതൽ മൂന്ന് വർഷത്തേയ്ക്കായിരുന്നു പദ്ധതി. തീരദേശത്തെ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഒരേ വീട്ടിൽ പ്രത്യേകം റേഷൻ കാർഡുള്ള കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അവരെയും വ്യത്യസ്ത ഗുണഭോക്താക്കളായി പരിഗണിക്കും. ഇതിനുപുറമെ ഒരേ റേഷൻ കാർഡിലുൾപ്പെട്ടുന്ന, സ്വന്തമായി വീടില്ലാത്തതുകൊണ്ടുമാത്രം മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ താമസിക്കുന്നവരെയും വ്യത്യസ്ത കുടുംബമായി പരിഗണിച്ച് പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നുണ്ട്. ഒരു ഗുണഭോക്തൃ കുടുംബത്തിൽ രണ്ടുമുതൽ മൂന്ന് സെന്റ് വരെ ഭൂമി വാങ്ങാൻ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും എഴുത്തുകൂലിയുമുൾപ്പെടെ ആറ് ലക്ഷം രൂപയും ഭവന നിർമ്മാണത്തിനായി നാല് ലക്ഷം രൂപയുമുൾപ്പെടെ 10 ലക്ഷം രൂപയാണ് സർക്കാർ നൽകുന്നത്. ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമിയുടെ വില ആറ് ലക്ഷം രൂപയ്ക്ക് താഴെയാണെങ്കിൽ ബാക്കി തുകകൂടി ഭവന നിർമ്മാണത്തിന് ധനസഹായമായി അനുവദിക്കും. പദ്ധതി ആനുകൂല്യം DBT (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) മുഖാന്തരം ബാങ്കുകളിലേയ്ക്കെത്തും. ഭൂമിവില ഭൂവുടമയ്ക്കും മറ്റ് ചെലവുകൾ ഗുണഭോക്താവിനും അനുവദിക്കും. ഭവന നിർമ്മാണ ധനസഹായം നിർമ്മാണത്തിന്റെ ഘട്ടങ്ങൾ വിലയിരുത്തി ഡി.ബി.ടി.-യായി ഗുണഭോക്താവിന് അനുവദിക്കുന്നു. ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമി വാങ്ങി ഭവനം നിർമ്മിക്കുന്നതിനും ഭൂമിയും വീടും ഒരുമിച്ച് വാങ്ങുന്നതിനും റെസിഡന്റ് ഗ്രൂപ്പുകളായി ഒരുമിച്ച് ഭൂമി കണ്ടെത്തി അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനും പദ്ധതിപ്രകാരം കഴിയുന്നതാണ്. എന്നാൽ ഒരു ഗുണഭോക്തൃ കുടുംബത്തിന് അനുവദിക്കുന്ന പരമാവധി ധനസഹായം 10 ലക്ഷം രൂപ മാത്രമായിരിക്കും. സർക്കാർ ഭൂമി കണ്ടെത്തിയോ വിലയ്ക്കു വാങ്ങിയോ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും പദ്ധതി വിവക്ഷിക്കുന്നു. നിലവിൽ ഇത്തരത്തിൽ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള 303

ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. എല്ലാ നിർമ്മാണ മേഖലകളിലും ഞാൻ പോയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറ് ദിന പരിപാടിയിൽ 1174 ഫ്ലാറ്റുകളുടെ താക്കോൽ നൽകുമെന്ന് ഞാൻ നിയമസഭയിൽ ഉറപ്പുപറയുകയാണ്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപ്പള്ളി, കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി, മലപ്പുറം ജില്ലയിലെ പൊന്നാനി എന്നിവിടങ്ങളിലെല്ലാം നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. പദ്ധതി നടപ്പാക്കലിന്റെ ആദ്യഘട്ടമായി 15-1-2020-ൽ മുൻഫിഷറീസ് വകുപ്പുമന്ത്രി തീരദേശ എം.എൽ.എ.-മാരുമായും ഞാൻ മന്ത്രിയായതിനുശേഷം 11-06-2021-ൽ വീണ്ടും തീരദേശ എം.എൽ.എ.-മാരുമായും യോഗം ചേർന്നു. ഇതിലൊന്നിലും പുനർഗേഹം പദ്ധതിയുടെ അപാകത സംബന്ധിച്ച് ഒരു പരാതിയും എം.എൽ.എ.-മാർ ഉന്നയിച്ചിട്ടില്ല. യു.ഡി.എഫ്.-ലെ എം.എൽ.എ.-മാർ ആരുംതന്നെ ഒരു പരാതിയും ഉന്നയിച്ചിട്ടില്ലെന്ന കാര്യം ഞാൻ പ്രത്യേകം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. പദ്ധതി ആരംഭിച്ച് രണ്ടുമാസം കഴിഞ്ഞപ്പോഴുണ്ടായ കോവിഡ് മഹാമാരി, തുടർന്നുള്ള ലോക്ഡൗൺ എന്നിവ പദ്ധതി നിർവ്വഹണത്തിന് പ്രതികൂലമായ ചില ഘടകങ്ങളായിട്ടുണ്ട്. 10,307 പേരുടെ ലിസ്റ്റ് ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 2275 പേർക്ക് ഭൂമി കണ്ടെത്തി ഭൂമിവില കളക്ടർ ചെയർമാനായ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 1630 പേർ ഭൂമി രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം നടത്തിവരുന്നു. 368 എന്ന് അങ്ങ് പറഞ്ഞ കണക്ക് തെറ്റാണ്; 428 പേരുടെ ഭവനം നിർമ്മിച്ചുകഴിഞ്ഞു. 303 ഫ്ലാറ്റുകളുടെ നിർമ്മാണം ഈ നൂറ് ദിനങ്ങൾക്കുള്ളിൽ പൂർത്തീകരിക്കും. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ച 7692 പേരെ പുനരധിവസിപ്പിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നത്. പുനർഗേഹം പദ്ധതിപ്രകാരം തീരദേശത്തുനിന്ന് കുടിയൊഴിപ്പിക്കലോ ഭൂമിയേറ്റെടുക്കലോ നടത്തുന്നത് സർക്കാർ പരിഗണനയിലില്ല. എന്നാൽ കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശത്ത് ജൈവകവചം വച്ചുപിടിപ്പിച്ച് ബഫർ സോണായി ഇതിനെ നിലനിർത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഗുണഭോക്താക്കൾക്ക് സ്വന്തം നിലയിൽ ഭൂമി കണ്ടെത്താൻ കഴിയാത്ത പ്രദേശങ്ങളിൽ ജനപ്രതിനിധികളുടെ സഹകരണത്തോടെ സർക്കാർ-സ്വകാര്യ ഭൂമി കണ്ടെത്തി കെട്ടിട സമുച്ചയ നിർമ്മാണം നടത്തുന്നതാണ്. അതിലേയ്ക്കായി തിരുവനന്തപുരത്തെ രണ്ട് സ്ഥലങ്ങളും പൊന്നാനിയിൽ ഒരു സ്ഥലവും കോഴിക്കോട് ടൗണിൽ ഒരു സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് കണ്ടെത്തിയ സ്ഥലത്ത് സൈനിക സ്ഥാപനവുമായി ബന്ധപ്പെട്ട് ചെറിയ തർക്കമുണ്ടായിരുന്നു. ഞാൻ മുൻകയ്യെടുത്ത് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി സംസാരിച്ച് ആ തർക്കം പരിഹരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുമായി

സംസാരിച്ച് ഭൂമിയുടെ രജിസ്ട്രേഷൻ ചാർജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. രജിസ്ട്രേഷനുവേണ്ടി മത്സ്യത്തൊഴിലാളികൾ പണം നൽകേണ്ടതില്ല, അത് രജിസ്ട്രേഷൻ വകുപ്പ് നേരിട്ടോ ഇല്ലെങ്കിൽ ഫിഷറീസ് വകുപ്പോ നൽകുമെന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ട്. ആകെ കുടുംബങ്ങൾ 18685, മാറിത്താമസിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചവർ 7692 എന്നിങ്ങനെയാണ് കണക്ക്. 2450 കോടി രൂപയുടെ എ.എസ്. ലഭിച്ചിട്ടുണ്ട്. നിലവിലെ സ്ഥിതി വിശദമാക്കാം:- അപ്രൂവൽ ലഭിച്ചത് - 10307, ഭൂമി വില ഇപ്പോൾ അംഗീകരിച്ച് ലഭിച്ചിട്ടുള്ളത് - 2275, കെട്ടിട നിർമ്മാണം നടന്നുവരുന്നത് -1630 (വ്യക്തിഗത നിർമ്മാണം), പൂർത്തീകരിച്ചത് - 428, ഫ്ലാറ്റ് - 1174, നിലവിൽ 7692 ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നത് പുരോഗമിക്കുന്നു; ഇതിൽ 5507 യാഥാർത്ഥ്യമാക്കും. അടുത്ത ഒരു വർഷം കൊണ്ട് 2185 വീടുകളും യാഥാർത്ഥ്യമാകും. രണ്ടാംഘട്ടത്തിൽ അങ്ങ് പറഞ്ഞത് ശരിയാണ്, ഏകദേശം 7692 വീടുകളുടെ പണി പൂർത്തിയാകാൻ ഒരു വർഷം കൂടി വേണ്ടിവരും. ഇതിന്റെ യഥാർത്ഥ പ്രശ്നം ഗൈഡ്‌ലൈനുമായി ബന്ധപ്പെട്ടതല്ല. അങ്ങു പറഞ്ഞതിലെ ഒന്നുരണ്ട് വിഷയങ്ങൾ വിശദമായി പരിശോധിച്ചു. മത്സ്യത്തൊഴിലാളികളുടെ സ്ഥലം സർക്കാർ ഏറ്റെടുക്കാൻ പോകുന്നുവെന്ന രീതിയിൽ മത്സ്യത്തൊഴിലാളികളെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അത് അങ്ങേയറ്റം തെറ്റിദ്ധാരണാജനകമാണ്. ഒരു സ്ഥലവും സർക്കാർ ഏറ്റെടുക്കുന്നില്ല. അവിടെ ബഫർ സോണായി നിലനിർത്തി ജൈവ കവചമായി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ നടക്കുന്ന ഈ പദ്ധതി ഇന്ത്യയിലെ ആദ്യത്തെ മാതൃകാ പദ്ധതിയും സംസ്ഥാന ഗവൺമെന്റിന്റെ ഏറ്റവും വലിയ സ്വപ്നപദ്ധതിയുമാണ്. ഇതുമായി ബന്ധപ്പെട്ട് ഒരാശങ്കയും വേണ്ട. ഈ ഗവൺമെന്റിന്റെ കാലത്ത് പുനർഗേഹം പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കുമെന്ന് ഉറപ്പുപറയാൻ ആഗ്രഹിക്കുകയാണ്.

(2) <u>വടകര- മാഹി കനാൽ</u>

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, പശ്ചിമതീര ജലപാതയുടെ ഭാഗമാണ് കുറ്റ്യാടി-മാഹി കനാൽ. കുറ്റ്യാടിപ്പുഴയേയും മാഹി പുഴയേയും ബന്ധിപ്പിക്കുന്ന കനാലിന് 17.61 കിലോമീറ്റർ ദൂരമുണ്ട്. 1957-ൽ മഹാനായ ഇ.എം.എസ്. സർക്കാരിന്റെ കാലത്താണ് പദ്ധതിയുടെ തുടക്കം. സമൃദ്ധമായ കാർഷിക മേഖലയായ കടത്തനാടിന്റെ സ്വപ്നപദ്ധതിയാണിത്. കാർഷികോൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും കർഷകർക്ക് ആവശ്യമായ വളങ്ങൾ, ഉപകരണങ്ങൾ, ഭക്ഷ്യവസ്തുക്കൾ എന്നിവ ആവശ്യമുള്ള സ്ഥലങ്ങളിൽ കൊണ്ടുപോകുന്നതിന് ചെലവ് കുറഞ്ഞതും എളുപ്പമുള്ളതുമായ മാർഗ്ഗമാണ് ഈ ജലപാത. സജീവ മത്സ്യബന്ധന കേന്ദ്രങ്ങളായ മയ്യഴിയിൽനിന്നും മൂരാടുനിന്നും മത്സ്യം

ഉൾനാടുകളിൽ എത്തിക്കുന്നതിനും ഈ ജലപാത പ്രത്യേകം പ്രയോജനപ്പെടും. കടൽക്ഷോഭമുണ്ടാകുന്ന ഘട്ടത്തിൽ ബോട്ടുകളുടെ സുരക്ഷിത സ്ഥാനമായും ഉപയോഗിക്കപ്പെടും. ടൂറിസത്തിന് അനന്ത സാധ്യതകളാണ് കനാൽ പൂർത്തിയാകുന്നതോടെ ലഭ്യമാകുന്നത്. കനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ദേശീയ ജലപാതയിലെ പ്രധാന ലിങ്ക് കനാലായ കുറ്റ്യാടി-മാഹി പുഴകളെ ബന്ധിപ്പിക്കുന്ന വടകര-മാഹി കനാലിന്റെ നിർമ്മാണം 5 റീച്ചുകളിലായി പുരോഗമിച്ചുവരികയാണ്. റീച്ച് ഒന്നിൽ കനാൽ നിർമ്മാണത്തിനുള്ള 29.9 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാമൂഹികാഘാത പഠനവും വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശവും ലഭിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം 2022 ഡിസംബർ മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കന്നിനട പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. രണ്ട് നടപ്പാലങ്ങളിൽ ഒരെണ്ണം പൂർത്തിയായി. രണ്ടാമത്തേത് ഒക്ടോബർ 31-നകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. റീച്ച് 2-ൽ ആഴം, വീതി കൂട്ടൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കോട്ടപ്പള്ളിപ്പാലം പുനർ നിർമ്മാണത്തിനുള്ള സാമൂഹികാഘാത പഠനം പൂർത്തിയാക്കി. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. നാല് നടപ്പാലങ്ങളിൽ രണ്ടെണ്ണം പൂർത്തിയായിട്ടുണ്ട്. റീച്ച് 3-ൽ കനാൽ നിർമ്മാണം പുരോഗമിച്ചുവരുന്നു. രണ്ട് പാലങ്ങളുടേയും നടപ്പാലങ്ങളുടേയും നിർമ്മാണം പൂർത്തിയായി. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ചെറിയ പൊയിൽ അക്വഡക്ട് സ്പാനുകൾ പുനർനിർമ്മിക്കേണ്ടതുണ്ട്. റീച്ച് 4-ൽ ആഴം കൂട്ടൽ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തിയായി. വെങ്ങോലി പാലത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തളിയാമ്പള്ളി പാലത്തിനുള്ള ഭൂമി ഏറ്റെടുക്കൽ വൈകാതെ പൂർത്തിയാക്കാനാകും. നാല് നടപ്പാലങ്ങളിൽ രണ്ടെണ്ണത്തിന്റെ നിർമ്മാണം ഇതിനകം പൂർത്തിയായി. റീച്ച് 5-ൽ കനാൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വീതി കൂട്ടുന്നതിനായി 37.56 ഏക്കർ സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം നടന്നുവരുന്നു. പാലം, നടപ്പാലം എന്നിവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 2025-നകം വടകര-മാഹി കനാലിനെ ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള സത്വര നടപടികളാണ് നടന്നുവരുന്നത്.

(3) <u>കരമന-വെള്ളറട റോഡ് നിർമ്മാണം</u>

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, തലസ്ഥാന നഗരിയിലെ നേമം, വട്ടിയൂർക്കാവ്, കാട്ടാക്കട, അരുവിക്കര, പാറശ്ശാല മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പാതയാണ് നിർദ്ദിഷ്ട കരമന-വെള്ളറട റോഡ്. 35.50 കിലോമീറ്റർ ദൈർഘ്യമുള്ള ഈ റോഡ് തലസ്ഥാന നഗരത്തേയും തമിഴ്നാടിനേയും ബന്ധിപ്പിക്കുന്നതാണ്. സംസ്ഥാന റോഡ് വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിലുൾപ്പെടുത്തി കരമന-വെള്ളറട റോഡ് അപ്ഗ്രേഡ് ചെയ്യുന്നതിന് 2016 ഫെബ്രുവരി 16-ന് ഭരണാനുമതി ലഭ്യമാകുകയും 21.44 കോടി രൂപ അനുവദിക്കുകയും ചെയ്തു. പ്രസ്തുത റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ മൂന്ന് ഘട്ടമായിട്ടാണ് നടന്നുവരുന്നത്. ഒന്നാംഘട്ടം പ്രവൃത്തി പൂർത്തിയായി. രണ്ടാംഘട്ട പ്രവൃത്തി അന്തിമഘട്ടത്തിലും മൂന്നാംഘട്ട പ്രവൃത്തിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടന്നുവരികയുമാണ്. ഈ പ്രവൃത്തിയുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് RICK (Road Infrastructure Company Kerala)-ന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട റോഡുകളിലൊന്നായ കരമന-വെള്ളറട റോഡിനുള്ള രണ്ടാംഘട്ട ഭരണാനുമതി ലഭ്യമാക്കുന്നതിനും റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട അംഗം ഐ. ബി. സതീഷ് ഉന്നയിച്ചത് തിരുവനന്തപുരം ജില്ലയിലെ നാല് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട റോഡുകളെക്കുറിച്ചാണ്. സംസ്ഥാന വികസന പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിലുൾപ്പെടുത്തിയാണ് കരമന-വെള്ളറട റോഡ് വികസിപ്പിക്കാൻ 2016-ൽ തീരുമാനിച്ചത്. ഇതനുസരിച്ച് റോഡിനുവേണ്ടി 8.375 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ 21.448 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനും കണ്ടിജൻസി ചാർജ്ജിനുമായി സർക്കാർ അനുവദിച്ച 7.507 കോടി രൂപയിൽനിന്നും 1.0724 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി RICK Ltd. പൂർത്തീകരിച്ചു. ആദ്യത്തെ 20 കിലോമീറ്ററിന്റെ സെക്ഷൻ 11(1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പിൽനിന്നും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 20 കിലോമീറ്റർ മുതൽ 35 കിലോമീറ്റർ വരെ സാമൂഹികാഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ട്. ഈ റീച്ചിന്റെ സെക്ഷൻ 11(1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പ്രസിദ്ധീകരിക്കണം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഡിസൈൻ വിഭാഗം

ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 225.3 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരികയാണ്. ഇത് പാറശ്ശാല, കാട്ടാക്കട, അരുവിക്കര, നേമം എന്നിങ്ങനെ നാല് മണ്ഡലങ്ങളിലൂടെ പോകുന്ന റോഡാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വി. ശിവൻകുട്ടിയും ബഹുമാനപ്പെട്ട എം.എൽ.എ. ഐ. ബി. സതീഷും മറ്റ് രണ്ട് മണ്ഡലങ്ങളിലെ എം.എൽ.എ.-മാരും ഈ റോഡിന്റെ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. റോഡ് വികസനം ചർച്ച ചെയ്യാൻ പ്രത്യക യോഗം വിളിക്കണമെന്ന ആവശ്യവും പരിഗണനയിലുണ്ട്.

(4) ഹൗസ് ബോട്ട് മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ടൂറിസം രംഗത്തെ പ്രധാനപ്പെട്ട മേഖലയാണ് ഹൗസ് ബോട്ട് ടൂറിസം. ഏകദേശം ആയിരത്തിനുമേൽ ഹൗസ് ബോട്ടുകളും നാനൂറോളം വരുന്ന ശിക്കാരി ബോട്ടുകളിലുമായി അയ്യായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അതോടൊപ്പം ഇതിന്റെ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് ആളുകൾക്കുകൂടി തൊഴിൽ ലഭിക്കുന്ന ഈ മേഖല കടുത്ത പ്രതിസന്ധിയിലാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കഴിഞ്ഞ ഏഴ് മാസത്തോളമായി പൂർണ്ണമായും ടൂറിസ്റ്റുകളൊന്നുമില്ലാതെ ഹൗസ് ബോട്ടുകളൊന്നും ഓടുന്നില്ല. ഇവരെ പുനരുജ്ജീവിപ്പിക്കണമെങ്കിൽ തീർച്ചയായും ഒരു അടിയന്തര സഹായമുണ്ടാകണം. അതിനായി മെയിന്റനൻസുൾപ്പെടെ പല കാര്യങ്ങളും ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ഇവർക്ക് സാമ്പത്തികസഹായം നൽകുന്നതിനായി ഒരു പ്രത്യേക പാക്കേജിനെക്കുറിച്ച് ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിദേശ ടൂറിസ്റ്റുകളുടെ വരവ് വളരെ വൈകുന്ന സാഹചര്യത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്ന നിലയിലുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് മാലിന്യ സംസ്കരണം. മാലിന്യം സംസ്കരിക്കുന്നതിനായി ഒരു ആധുനിക കേന്ദ്രീകൃത സ്വീവേജ് പ്ലാന്റ് പുന്നമട ഫിനിഷിംഗ് പോയിന്റിൽ സ്ഥാപിക്കാൻ നടപടിയുണ്ടാകണം. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഫയർ സ്റ്റേഷൻ ഫിനിഷിംഗ് പോയിന്റിൽ നിർമ്മിക്കുന്നത് ഏറ്റവും ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ട ഫ്യൂവൽ ഫില്ലിംഗിന്റെ ഒരു സ്റ്റേഷൻ ഈ ഫിനിഷിംഗ് പോയിന്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം.

തുറമുഖ വകുപ്പിലെ ചില ഉദ്യോഗസ്ഥർ ഈ മേഖലയെ പീഡിപ്പിക്കുകയാണ്. ഹൗസ് ബോട്ട്, ശിക്കാരി ബോട്ട് എന്നിവയുടെ ലൈസൻസ്, പെർമിറ്റ് എന്നിവയെല്ലാം പുതുക്കുന്നത് തുറമുഖ വകുപ്പിലാണ്. അവർ പലപ്പോഴും പല തൊടുന്യായങ്ങൾ

പറഞ്ഞ് വലിയ പ്രയാസം അനുഭവിപ്പിക്കുകയാണ്. വ്യവസായ മേഖലയിലടക്കം നടപ്പാക്കുന്ന സമഗ്ര പദ്ധതികളുടെ മാതൃകയിൽ ടൂറിസം മേഖലയുടെ വളർച്ച ലക്ഷ്യമാക്കി ടൂറിസം വകുപ്പ് ഇക്കാര്യത്തിൽ ഇടപെടൽ നടത്തണമെന്നും ടൂറിസം-തുറമുഖ വകുപ്പുകൾ ചേർന്നുകൊണ്ടുള്ള ഒരു ഏകജാലക സംവിധാനത്തിലൂടെ ഈ മേഖലയെ സംരക്ഷിക്കണമെന്നും ഈ രംഗത്തെ രക്ഷിക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ ഉന്നയിച്ച വിഷയം വളരെ പ്രസക്തമാണ്. കോവിഡ് മഹാമാരി ലോകമാകെ വൻ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ കോവിഡ് ഉണ്ടാക്കിയ ആഘാതം കഴിഞ്ഞ ദിവസങ്ങളിലെല്ലാം ചർച്ച ചെയ്തതാണ്. അതിൽ ഹൗസ് ബോട്ടുകൾ നേരിടുന്ന പ്രശ്നങ്ങളും ഉയർന്നുവന്നിരുന്നു. സർക്കാരിന്റെ പുതിയ ഉത്തരവുപ്രകാരം താമസ സൗകര്യമൊരുക്കുന്ന ടൂറിസം സംവിധാനങ്ങൾ തുറക്കുവാനും തുറസ്സായ ടൂറിസം കേന്ദ്രങ്ങൾ തുറക്കുവാനും അനുവാദം നൽകി യിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഹൗസ് ബോട്ടുകൾക്കും നിലവിൽ പ്രവർത്തിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴയിലുൾപ്പെടെ ഹൗസ് ബോട്ടുകൾക്ക് അനുമതി നൽകിത്തുടങ്ങിയിട്ടുണ്ട്. ബയോ ബബിൾ അടിസ്ഥാനത്തിലാണ് ഹൗസ് ബോട്ടുകളിൽ പ്രവേശനം അനുവദിക്കുന്നത്. ഒരു ഡോസെങ്കിലും വാക്സിനേഷൻ സ്വീകരിച്ച അതിഥികൾ, വാക്സിനേഷനെടുത്ത ഡ്രൈവർമാർ ഓടിക്കുന്ന വാഹനത്തിൽ, വാക്സിനേഷൻ ചെയ്ത ജീവനക്കാരുള്ള റിസോർട്ട്, ഹോട്ടൽ, ഹൗസ് ബോട്ടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ പോകുന്നതിനായി ബയോ ബബിൾ സംവിധാനമാണ് നടപ്പാക്കുന്നത്. ഈ പ്രവൃത്തിയിലൂടെ ടൂറിസം മേഖലയ്ക്ക് ഉണർവുണ്ടാക്കുന്ന ഓണ സീസണിൽ ഹൗസ് ബോട്ട് മേഖലയെ സഹായിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവരെ സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുമ്പോൾ ഹൗസ് ബോട്ട് ജീവനക്കാർക്കും ശിക്കാരി വള്ളങ്ങളിലുള്ളവർക്കും ഇതിന്റെ ഗുണം ലഭിക്കും. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി സഹകരിച്ച് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സ്കീം എന്നപേരിൽ വായ്പാ പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഇതോടൊപ്പം വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കേരള ബാങ്കുവഴി 30,000/- രൂപ വരെയുള്ള വായ്പ ലഭ്യമാക്കുന്ന ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമും നടപ്പാക്കി. കോവിഡിന്റെ ആദ്യ തരംഗത്തെ തുടർന്നുതന്നെ ഈ രംഗത്തുള്ളവരുടെ സംരക്ഷണാർത്ഥം ഒറ്റത്തവണ ധനസഹായ പദ്ധതിയായ ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം നടപ്പാ

ക്കിയിരുന്നു. ഈ പദ്ധതിയനുസരിച്ച് 261 ഹൗസ് ബോട്ടുകൾക്ക് സഹായധനമായി 1,60,80,000 രൂപ അനുവദിച്ചു. ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം ഈ വർഷവും തുടരാൻ അനുമതി നൽകിയിട്ടുണ്ട്.

(5) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ

ശ്രീ. രമേശ് ചെന്നിത്തല: സർ, സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ കടുത്ത പ്രതിസന്ധിയിലാണ്. സൗജന്യ ഭക്ഷ്യക്കിറ്റ് നൽകിയ വകയിൽ റേഷൻ വ്യാപാരികൾക്ക് പത്ത് മാസമായി കമ്മീഷൻ ലഭിക്കുന്നില്ല. ഏകദേശം 14300-ഓളം റേഷൻ വ്യാപാരികൾക്ക് 45 കോടി രൂപയിലധികം ലഭിക്കാനുണ്ടെന്നാണ് മനസ്സിലാകുന്നത്. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടും പ്രയാസവുമാണ് റേഷൻ വ്യാപാരികൾ നേരിടുന്നത്. റേഷൻ വ്യാപാരികളുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോണി നെല്ലൂരിന്റെ നേതൃത്വത്തിൽ പ്രത്യക്ഷ സമരപരിപാടികൾ ആവിഷ്ക്കരിക്കുമെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളതാണ്. കിറ്റ് വിതരണത്തിന്റെ ആദ്യമാസങ്ങളിൽ കിറ്റ് ഒന്നിന് 7 രൂപയും പിന്നീടുള്ള മാസങ്ങളിൽ 5 രൂപയും വീതമാണ് റേഷൻ വ്യാപാരികൾക്ക് നൽകിക്കൊണ്ടിരുന്നത്. കഴിഞ്ഞ പത്ത് മാസമായി ഇത് നൽകുന്നില്ല. പ്രതിമാസം 85 ലക്ഷത്തിലധികം വരുന്ന റേഷൻ കാർഡ് ഉടമകൾക്ക് യാതൊരു പരാതിക്കും ഇടവരാതെ റേഷൻ വ്യാപാരികൾ കിറ്റുകൾ വിതരണം ചെയ്യുകയാണ്. പല റേഷൻ കടകളിലും സ്ഥല സൗകര്യമില്ലാത്തതുകൊണ്ട് വാടകയ്ക്ക് എടുത്ത സ്ഥലങ്ങളിൽ കിറ്റുകൾ സൂക്ഷിക്കുന്നതും ഇവർക്ക് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നുണ്ട്. മാത്രമല്ല, ഇ-പോസ് മെഷീന്റെ സെർവർ തകരാറുമൂലം വലിയ പ്രശ്നങ്ങൾ നേരിടുകയും പലപ്പോഴും റേഷൻ വിതരണം മുടങ്ങുന്ന സ്ഥിതിയുമുണ്ടാകുന്നുണ്ട്. ഇതുമൂലം നാട്ടുകാരും റേഷൻ കടക്കാരും തമ്മിൽ തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. എല്ലാ മാസങ്ങളിലും ചുരുങ്ങിയത് ആറേഴ് ദിവസമെങ്കിലും ഈ തകരാർ ഉണ്ടാകുമെന്നാണ് റേഷൻ വ്യാപാരികൾ പറയുന്നത്. റേഷൻ കാർഡ് ഉടമകളും റേഷൻ വ്യാപാരികളും തമ്മിലുണ്ടാകുന്ന തർക്കം ഒരു നിത്യസംഭവമായി മാറിയിരിക്കുന്നു. ഈ പ്രതിസന്ധി പരിഹരിച്ച് സുഗമമായ റേഷൻ വിതരണം സാധ്യമാക്കാനുള്ള നടപടി കൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആഗസ്റ്റ് മാസം 18-ാം തീയതിക്കുള്ളിൽ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഓണക്കിറ്റ് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും 20 ശതമാനം കിറ്റുകൾപോലും റേഷൻ കടകളിൽ എത്തിയിട്ടില്ല. ആളുകൾ റേഷൻ കടയിൽ വരുമ്പോൾ കിറ്റ് ഇല്ലാത്തതുകൊണ്ട് സംഘർഷങ്ങൾ ഉണ്ടാകുന്നുവെന്ന പരാതിയും ഉയർന്നുവരുന്നുണ്ട്. കോവിഡുമൂലം മരണപ്പെട്ട 55 റേഷൻ കടക്കാർക്ക് നഷ്ടപരിഹാരം നൽകിയില്ലെന്ന പരാതിയും നിലനിൽക്കുകയാണ്. ഭക്ഷ്യ വകുപ്പുമന്ത്രി മാത്രം വിചാരിച്ചാൽ ഇതിന് പരിഹാരം

കണ്ടെത്താൻ കഴിയില്ല. ധനകാര്യ വകുപ്പുമന്ത്രികൂടി ഇതിലിടപെട്ട് ഇവരെ സമരത്തിലേയ്ക്ക് തള്ളിവിടാതെ അടിയന്തരമായി ഇവർക്ക് നൽകാനുള്ള പണം നൽകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഏകദേശം 14300-ഓളം വരുന്ന ചെറുകിട റേഷൻ കടക്കാരുടെ സ്തുത്യർഹമായ പ്രവർത്തനമാണ് സംസ്ഥാനത്തെ പൊതു വിതരണ മേഖലയെ ശക്തിപ്പെടുത്തുന്നത്. അതുകൊണ്ട് അടിയന്തരമായി ഭക്ഷ്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഗൗരവമേറിയ വിഷയമാണ്. കിറ്റ് വിതരണത്തിന് യാതൊരു തടസ്സവുമില്ല, എല്ലാ റേഷൻകടകളിലും ആവശ്യത്തിലേറെ കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി ഘട്ടത്തിൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് സമാശ്വാസ ഭക്ഷ്യക്കിറ്റുകളുടെ വിതരണം ആരംഭിച്ചത്. സപ്ലൈകോ തയ്യാറാക്കിയ കിറ്റുകൾ സംസ്ഥാനത്തെ റേഷൻ കടകൾ മുഖേനയാണ് വിതരണം ചെയ്തിട്ടുള്ളത്. കോവിഡ് വ്യാപനം തീവ്രമായി നിലനിന്നിരുന്ന കാലയളവിൽ ഭക്ഷ്യ ലഭ്യത ഉറപ്പുവരുത്തുകയെന്ന സംസ്ഥാന സർക്കാരിന്റെ നയം സാക്ഷാത്കരിക്കുന്നതിൽ മുന്നണി പോരാളികളായി പ്രവർത്തിച്ച ഒരു വിഭാഗമാണ് കേരളത്തിലെ റേഷൻ വ്യാപാരികൾ. 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് 5,91,36,112 രൂപയും 2020 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത ഭക്ഷ്യക്കിറ്റുകൾക്ക് 4,68,92,680 രൂപയും കമ്മീഷനായി റേഷൻ വ്യാപാരികൾക്ക് സർക്കാർ അനുവദിച്ച് നൽകിയിരുന്നു. ഇതുകൂടാതെ സംസ്ഥാനത്തെ എല്ലാ റേഷൻ വ്യാപാരികൾക്കും ആയിരം രൂപ ഓണറേറിയം നൽകുകയും ചെയ്തിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുൾപ്പെടെ എല്ലാവരുടെയും സജീവ പിന്തുണ സർക്കാരിനുണ്ടായി. സമാശ്വാസ കിറ്റുകൾ വിതരണം ചെയ്യുന്നതിൽ റേഷൻ വ്യാപാരികൾ വഹിച്ച പങ്ക് പ്രത്യേകമെടുത്ത് പറയേണ്ടതാണ്. റേഷൻ കടകളുടെ പരിമിതമായ സ്ഥലസൗകര്യം കാരണം കിറ്റുകൾ സൂക്ഷിക്കുന്നതിന് പ്രത്യേക സ്ഥലസൗകര്യം ലഭ്യമാക്കേണ്ട അവസ്ഥയും ചില റേഷൻ വ്യാപാരികൾക്ക് ഉണ്ടായിട്ടുണ്ടെന്നുള്ളതും വസ്തുതയാണ്. മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം കടന്നുപോകുന്നത്. കോവിഡ് വ്യാപനം ഇപ്പോഴും സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ കിറ്റ് വിതരണത്തിന് പ്രത്യേക കമ്മീഷൻ വേണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം ഉടൻ പരിഗണിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. എങ്കിലും

റേഷൻ വ്യാപാരികളുടെ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയുമോയെന്നകാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. അതുപോലെ ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം സെർവറിലെ തകരാറുമൂലം വളരെ അപൂർവ്വമായി മാത്രമെ തടസ്സപ്പെടാറുള്ളൂ. അത്തരം സാഹചര്യങ്ങളിൽ ആയത് ഉടനടി പരിഹരിക്കാറുണ്ട്. എന്നാൽ അപൂർവ്വമായി മെഷീനിൽ ഉപയോഗിക്കുന്ന സിം കാർഡുകളിൽ നെറ്റ്‌വർക്ക് ലഭ്യമാകാതെ വരുമ്പോഴോ ആധാർ സെർവറുമായി കണക്ഷൻ ലഭിക്കാതെ വരുമ്പോഴോ ചുരുങ്ങിയ സമയത്തേയ്ക്ക് റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യമുണ്ടാകാറുണ്ട്. ആയത് പരിഹരിക്കുന്നതിനായി മൊബൈൽ സേവന ദാതാക്കളായ വോഡഫോൺ, ഐഡിയ, ബി.എസ്.എൻ.എൽ., എയർടെൽ എന്നിവരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ആതന്റിക്കേഷൻ യൂസർ ഏജൻസികളുടെ സെർവറിലുണ്ടാകുന്ന നെറ്റ്‌വർക്ക് തടസ്സംകാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി എൻ.ഐ.സി.-യുടെ എ.യു.എ. സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആതന്റിക്കേഷൻ സർവ്വീസ് ഏജൻസി, യുണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമെ വിതരണത്തിന് തടസ്സം നേരിടുന്നത് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ എ.യു.എ., യുണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലല്ലാത്തതിനാൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കാനായി എൻ.ഐ.സി.-യുടെ എ.യു.എ. സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. അപ്രകാരം ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണത്തിൽ ഉണ്ടാകുന്ന തടസ്സം പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന കാര്യം അറിയിക്കുകയാണ്.

(6) ചിറ്റാരി-കണ്ടി വാതുക്കൽ റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം മണ്ഡലത്തിലെ ചെക്യാട് പഞ്ചായത്തിലെ ചിറ്റാരി-കണ്ടി വാതുക്കൽ റോഡ് സമീപ പഞ്ചായത്തുകളായ വാണിമേൽ, വളയം എന്നിവയേയും ആദിവാസി കോളനികളേയും ബന്ധിപ്പിക്കുന്ന റോഡാണ്. 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത റോഡിന്റെ ടെണ്ടർ ഏറ്റെടുത്തിരുന്നത് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫ് കേരളയാണ്. ഇപ്പോൾ ആ റോഡിലൂടെ കാൽനടയായോ സൈക്കിളിലോ പോകാൻ കഴിയാത്ത തരത്തിൽ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി

പൂർത്തീകരിക്കാൻ കൺസ്ട്രക്ഷൻ കോർപ്പറേഷന് കഴിഞ്ഞില്ല. അവർ വേറൊരു ഏജൻസിയെ പ്രവൃത്തി ഏൽപ്പിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ കഴിഞ്ഞ 5 വർഷമായി നാട്ടുകാർക്ക് ഇതൊരു ദുരിതമായി മാറിയിരിക്കുകയാണ്. അതുപോലെ അവിടെ ട്രൈബൽ ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള 7 കോടി രൂപയുടെ വർക്ക് ഇത്തരത്തിലുള്ള മറ്റൊരു ഏജൻസി എറ്റെടുത്തിട്ടുണ്ട്. ഇതുപോലെയുള്ള ഏജൻസികൾക്ക് വർക്ക് നൽകരുതെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. നിരവധി തവണ എം.എൽ.എ.-യുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവരുടെ യോഗങ്ങൾ വിളിച്ചിരുന്നു. പക്ഷേ ഇതിനൊരു പരിഹാരമുണ്ടാകുന്നില്ല. നേരത്തെ കാൽനടയായും ഇരുചക്ര വാഹനങ്ങളിലൂടെയും ഓട്ടോറിക്ഷയിലുമൊക്കെ അതുവഴി യാത്ര ചെയ്യാൻ സാധിക്കുമായിരുന്നു. എന്നാൽ റോഡിന്റെ പണി ആരംഭിച്ചതിനുശേഷം കാൽനട യാത്രപോലും സാധിക്കുന്നില്ല. ഇരുചക്ര വാഹനങ്ങളിലൂടെ യാത്ര ചെയ്ത എത്രയോ ആളുകളെ അപകടം സംഭവിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. നിലവിൽ ആ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്തിട്ടുണ്ടെന്നാണ് കരുതുന്നത്. ഈ റോഡിന്റെ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാകാനുള്ള സംവിധാനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. ആദിവാസികളുടെ റോഡ്, കൺസ്ട്രക്ഷൻ തുടങ്ങിയവ ഇത്തരം ഏജൻസികളെ ഏൽപ്പിക്കുന്നത് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്ന് ആദിവാസി സമൂഹത്തിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട നാദാപുരം അംഗം ഇവിടെ ഉന്നയിച്ച സബ്മിഷൻ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഏകദേശം 3.83 കിലോമീറ്റർ വരുന്ന റോഡാണ്. 2015-16-ൽ നബാർഡ് ആർ.ഐ.ഡി.എഫ്.-XX സ്കീമിലുൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് വർക്ക് ഏൽപ്പിച്ചിരുന്നത്. എന്നാൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെൽകോൺ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് സബ് കോൺട്രാക്ട് നൽകുകയുണ്ടായി. പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിക്കാൻ കമ്പനിക്ക് കഴിയാതെവന്നതിനെത്തുടർന്ന് നിരവധി ചർച്ചകൾ നടത്തിയതിന്റെ ഫലമായി 2020-21 സാമ്പത്തിക വർഷം അതിന്റെ പുതിയ പ്രൊപ്പോസൽ തയ്യാറാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്തുകൊണ്ട് റിസ്ക് ആൻഡ് കോസ്റ്റിൽ കമ്പനിയുമായുള്ള കരാർ റദ്ദാക്കുകയും ചെയ്തു. പണി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചു

പോലെ, നിരവധി വർക്കുകൾ വിവിധ ഏജൻസികൾ ഏറ്റെടുക്കുന്നുണ്ട്. എന്നാൽ ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ പാവപ്പെട്ട ആളുകൾക്ക് പ്രയാസമുണ്ടാകുന്നുവെന്ന കാര്യം ശരിയാണ്. നേരത്തെ കാൽനടയ്ക്കായി ഉപയോഗിച്ചിരുന്ന സ്ഥലമാണ്, റോഡുവരുമെന്ന് കരുതിയാണ് നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കടന്നത്. റോഡിന്റെ ഉപരിതലം തയ്യാറാക്കുകയും സംരക്ഷണഭിത്തി നിർമ്മിക്കുകയും ഒന്നാം ലെയർ മെറ്റലിങ്ങും രണ്ട് കൾവെർട്ടുകളുടെ പണിയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പണം നൽകിയിട്ടും പ്രവൃത്തി പൂർത്തീ കരിക്കാത്തതുകൊണ്ടാണ് റിസ്ക് ആൻഡ് കോസ്റ്റിൽ കമ്പനിയെ ടെർമിനേറ്റ് ചെയ്തത്. ഇപ്പോൾ റീ-ടെണ്ടർ നടപടികളുമായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുന്നോട്ട് പോയിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. സ്കീമായതുകൊണ്ട് 30-9-2021 വരെയാണ് നിലവിലെ കാലാവധി. ബില്ലുകൾ സമർപ്പിക്കാനുള്ള കാലാവധി 31-12-2021 ആണ്. അതിനുമുൻപായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ നബാർഡിൽ നിന്നുള്ള സഹായം ലഭിക്കാതെ വരുന്ന സ്ഥിതിയു ണ്ടാകും. അതുകൊണ്ടുതന്നെ എത്രയും പെട്ടെന്ന് നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടി ത്വരിത ഗതിയിൽ സ്വീകരിച്ചുവരികയാണ്. ഇങ്ങനെയുള്ള ഏജൻസികളെ ഒഴിവാക്കുന്ന കാര്യം സംബന്ധിച്ച് ചർച്ച നടത്തേണ്ടതാണ്. ചില ഏജൻസികൾ പ്രവൃത്തി ഏറ്റെടുക്കുയല്ലാതെ പൂർത്തീകരിക്കുകയെന്നത് അവരുടെ സമീപനമല്ല. അങ്ങനെ യുള്ളവയെ ഒഴിവാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

(7) ഫാം തൊഴിലാളികളുടെ ശമ്പളവും ക്ഷാമബത്തയും സ്പാർക്കിലുൾപ്പെടുത്തൽ

ശ്രീ. ഡി. കെ. മുരളി: സർ, സംസ്ഥാന കൃഷിവകുപ്പിന് കീഴിൽ ധാരാളം ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലെ പെരിങ്ങമ്മല പഞ്ചായത്തിൽ വകുപ്പ് നേരിട്ട് നടത്തുന്ന ബനാനാ ഫാമും ജില്ലാപഞ്ചായത്ത് നേതൃത്വം കൊടുക്കുന്ന കൃഷിത്തോട്ടവുമുണ്ട്. ആയിരക്കണക്കിന് തൊഴിലാളികൾ ഈ ഫാമുകളിൽ ജോലിചെയ്യുന്നുണ്ട്. ഇവരുടെ പുതുക്കിയ ശമ്പള നിർണ്ണയം നടത്തിക്കഴിയുകയും ക്ഷാമബത്ത കുടശ്ശിക സർക്കാർ ഉത്തരവ് പ്രകാരം 2021 മാർച്ച് മാസത്തെ ശമ്പളത്തോടൊപ്പം പ്രോവിഡണ്ട് ഫണ്ടിൽ ലയിപ്പിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. 2021 മാർച്ച് മാസം മുതലുള്ള പുതുക്കിയ ശമ്പളവും ക്ഷാമബത്ത കുടിശ്ശികയും തൊഴിലാളികൾക്ക് നൽകാനുണ്ട്. സ്പാർക്ക് സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യാത്തതുകൊണ്ടും സോഫ്റ്റ്‌വെയറിന്റെ ചില സാങ്കേതിക പ്രശ്നങ്ങൾകൊണ്ടുമാണ് ഇവ ലഭ്യമാക്കാൻ കഴിയാത്തതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് പരിഹാരം

കാണണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ചെറിയ വേതനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ എന്നതുകൊണ്ടുതന്നെ പ്രത്യേകിച്ച് ഓണക്കാലം വരുന്നതിനാൽ അവരുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ ഇത് സഹായകമാകും.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാനത്തെ ഫാം വർക്കേഴ്സിന്റെ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഡി. കെ. മുരളി ഉന്നയിച്ച പ്രശ്നം ഏറ്റവും പ്രധാനപ്പെട്ടതാണ്. ഞാൻ ഫാം വർക്കേഴ്സ് യൂണിയന്റെ സംസ്ഥാന പ്രസിഡന്റുകൂടിയാണ്, ഭാഗ്യവശാൽ ധനകാര്യ വകുപ്പു മന്ത്രിക്കുവേണ്ടി മറുപടി പറയേണ്ടി വന്നു. സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് 8-2021-ലാണ്. അതോടൊപ്പംതന്നെ ഫാം വർക്കേഴ്സിന്റെ ശമ്പളപരിഷ്കരണവും നടപ്പാക്കേണ്ടിയിരുന്നെങ്കിലും അത് ചെയ്തില്ല. അതുമായി ബന്ധപ്പെട്ട് നിരവധി പ്രാവശ്യം ചർച്ചകൾ നടന്നതാണ്. അതിനുശേഷം ഈ വിഷയവുമായി ബന്ധപ്പെട്ട ശിപാർശകളിൽ ഭരണവകുപ്പ് തീരുമാനമെടുത്ത് ധനകാര്യവകുപ്പിന് നടപടിക്കായി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ശിപാർശകൾ മന്ത്രിസഭായോഗത്തിൽ സമർപ്പിക്കേണ്ടത് ധനകാര്യ വകുപ്പ് പരിശോധിച്ചതിനു ശേഷമാണ്. ഈ വിഷയത്തിൽ പിന്നീട് ഭരണ വകുപ്പ് പ്രവർത്തിക്കേണ്ടത് മന്ത്രിസഭാ യോഗതീരുമാനപ്രകാരമാണ്. എന്നാൽ നടപടി ക്രമങ്ങൾ ഇതുവരെ പാലിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അത്തരമൊരു തീരുമാനമെടുത്തെങ്കിൽ മാത്രമെ സ്പാർക്ക് സോഫ്റ്റ്വെയറിൽ ശമ്പള വർദ്ധനവ്, ക്ഷാമബത്ത കുടിശ്ശിക മുതലായവ അപ്ഡേറ്റ് ചെയ്യാൻ കഴിയുകയുള്ളൂ. ഇതിനുള്ള നടപടികൾ ഭരണവകുപ്പ് കൃത്യസമയത്ത് എടുത്തിട്ടില്ലെന്നാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് ഫാം വർക്കേഴ്സിന്റെ ശമ്പള വർദ്ധനവിനുള്ള ശിപാർശകൾ ഉടൻതന്നെ ഭരണവകുപ്പിൽനിന്നും ധനകാര്യ വകുപ്പിന് ലഭ്യമാക്കാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അത്തരത്തിൽ ലഭ്യമാകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയേണ്ടതാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

(8) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡി.വൈ.എഫ്.ഐ. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു ഹർജി നൽകുകയുണ്ടായി. നഷ്ടപരിഹാരം കേന്ദ്രഗവൺമെന്റും എൻഡോസൾഫാൻ കമ്പനിയും നൽകണമെന്ന വിധിയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ

നിന്നുണ്ടായത്. എന്നാൽ ഇതുവരെ കേന്ദ്രഗവൺമെന്റോ എൻഡോസൾഫാൻ കമ്പനിയോ നഷ്ടപരിഹാരം നൽകിയതായി കാണുന്നില്ല. മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചപ്രകാരം ദുരിതബാധിതർക്ക് സാമ്പത്തിക സഹായമടക്കം പല ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. 2010 മുതൽ ദുരിതബാധിതർക്ക് പ്രതിമാസം പെൻഷൻ, സൗജന്യ റേഷൻ, സൗജന്യ ചികിത്സ, പരിചാരകർക്കുള്ള പ്രത്യേകസഹായം, കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം, ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളൽ എന്നിവയുൾപ്പെടെ ഒട്ടേറേ കാര്യങ്ങൾ സർക്കാർ ചെയ്തുകൊടുത്തിട്ടുണ്ട്. ഇപ്പോൾ ഏതാനും മാസങ്ങളായി അവരുടെ പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ഥിതിയുണ്ട്. അതുകൊണ്ട് അവരുടെ മുടങ്ങിപ്പോയ ആനുകൂല്യങ്ങൾ ഉടൻതന്നെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. മാനസിക വൈകല്യമുള്ള കുട്ടികൾക്ക് പഠിക്കുന്നതിനായി ബഡ്സ് സ്കൂളുകളും ആരംഭിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള റീഹാബിലിറ്റേഷൻ വില്ലേജിന്റെ നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുകയും മാസ്റ്റർപ്ലാൻ തയ്യാറാക്കി അംഗീകാരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർമ്മാണത്തിന്റെ തറക്കല്ലിടൽ കർമ്മം കഴിഞ്ഞെങ്കിലും ഇതുവരെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രസ്തുത സംരംഭത്തിന്റെ നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകിയത് കാസർഗോഡ് വികസന പാക്കേജിൽ നിന്നാണ്. അതുകൊണ്ടുമാത്രം ആ പ്രവൃത്തി പൂർത്തി യാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആവശ്യമായ സഹായം ഗവൺമെന്റ് കൂടി ലഭ്യമാക്കേണ്ടതുണ്ട്. പുനരധിവാസ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ഗവൺമെന്റ് ഇടപെടലുണ്ടാകണമെന്നാണ് ആവശ്യപ്പെടുന്നത്. ഭരണകൂടത്തിന്റെ അശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ ഫലമായി കാൽനൂറ്റാണ്ടുകാലം പി.സി.കെ. (പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള)യുടെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ എന്ന മാരക കീടനാശിനി ഹെലികോപ്റ്റർ വഴി ഏരിയൽ സ്പ്രേ ചെയ്തതിന്റെ തീരാദുരിതമാണ് ഈ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്നത്. കേന്ദ്രഗവൺമെന്റിൽനിന്നും എൻഡോസൾഫാൻ നിർമ്മാതാക്കളിൽനിന്നും സുപ്രീംകോടതി വിധിപ്രകാരം തുക നേടിയെടുക്കുന്നതിനാവശ്യമായ ഇടപെടൽ കേരള സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം, നിർധന കുടുംബങ്ങളെ സംരക്ഷി ക്കുകയും ചെയ്യണം. പ്രസ്തുത ഉദ്ദേശ്യത്തിലേയ്ക്കായി ജില്ലാടിസ്ഥാനത്തിൽ റവന്യൂ വകുപ്പുമന്ത്രി ചെയർമാനായ എൻഡോസൾഫാൻ പുനരധിവാസ സെൽ പ്രവർത്തി ക്കുന്നുണ്ട്. സെല്ലിന്റെ പ്രവർത്തനം നിലച്ചിരിക്കുന്നതിനാൽ അത് പുനഃസംഘ ടിപ്പിക്കണം. ഈ ആവശ്യങ്ങൾക്കായാണ് സബ്മിഷൻ ഉന്നയിക്കുന്നത്.

ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരവും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശപ്രകാരവുമുള്ള നഷ്ടപരിഹാരത്തുക, സൗജന്യ ചികിത്സ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി സംസ്ഥാന സർക്കാർ നാളിതുവരെ 300 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ ആരോഗ്യദൗത്യം കാസർഗോഡ് കാര്യാലയം മുഖേന കേരളത്തിലും കർണാടകത്തിലുമായി എംപാനൽ ചെയ്ത 17 ആശുപത്രികൾവഴി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉന്നമനം ലക്ഷ്യമാക്കി ദുരിതബാധിത പഞ്ചായത്തുകളിൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ചുവരുന്നു. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ദുരിതബാധിതർക്കായി സ്നേഹസാന്ത്വനം പദ്ധതി, കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി, സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി എന്നിവയിലൂടെ ധനസഹായം നൽകിവരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സയ്ക്കായി ആശുപത്രികളിലെത്തുന്നതിന് പ്രസ്തുത പഞ്ചായത്തുകളിൽ 11 ആംബുലൻസുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ വീടുകളിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരുടെ ശാരീരികവും മാനസികവുമായ സമഗ്രപുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാറിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കും മറ്റ് ശാരീരിക-മാനസിക വൈകല്യമുള്ള എല്ലാ ഭിന്നശേഷിക്കാർക്കും വേണ്ടി കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും അതിന്റെ ആദ്യഘട്ടനിർമ്മാണം തുടങ്ങുന്നതിന് അഞ്ച് കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തറക്കല്ലിടൽ കർമ്മം 2020 മാർച്ച് 14-ന് നിർവ്വഹിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി നിർമ്മാണ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം നൽകുന്നതിനായി കേന്ദ്രസർക്കാരിൽനിന്നോ കീടനാശിനി നിർമ്മാണക്കമ്പനികളിൽ നിന്നോ യാതൊരു സഹായവും ഇതുവരെയും ലഭിച്ചിട്ടില്ല. കേന്ദ്രസർക്കാരിന് ഇതുസംബന്ധിച്ച് നിവേദനം നൽകിയെങ്കിലും സഹായം ലഭ്യമായിട്ടില്ല. എൻഡോസൾഫാൻ നിർമ്മാണ കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി കേരള സർക്കാരിനു വേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ വാദിയായി തിരുവനന്തപുരം സബ്കോടതി

III-ൽ പതിനഞ്ച് എൻഡോസൾഫാൻ കമ്പനികൾക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളും പരിഗണിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(9) പിറവം താലൂക്കാശുപത്രി

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിലെ വിവിധ സി.എച്ച്.സി.-കൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട് ആവശ്യമായ സ്റ്റാഫ് ക്രിയേഷനുൾപ്പെടെ വേണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. ഏറ്റവും പ്രധാനമായി പിറവം താലൂക്ക് ആശുപത്രിയുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. മറ്റുള്ള വിഷയങ്ങൾ എഴുതി നൽകിയിട്ടുണ്ട്. 2008-09 കാലയളവിൽ ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും യാതൊരു തസ്തികയും സൃഷ്ടിക്കാതെ പ്രഖ്യാപനം മാത്രമാണുണ്ടായത്. 2013-14 കാലയളവിൽ സൂപ്രണ്ട് അടക്കം 16 തസ്തികകൾ അവിടെ ലഭ്യമാക്കിയെങ്കിലും 46 തസ്തികകൾ ഇനിയും ആവശ്യമായിട്ടുണ്ട്. ഈ ആശുപത്രിയെ ചികിത്സയ്ക്കായി ആശ്രയിക്കുന്നത് പിറവം നിയോജകമണ്ഡലത്തിലെ ആളുകൾ മാത്രമല്ല, കോട്ടയം ജില്ലയിലെ പെരുവ, വെള്ളൂര, കാരിക്കോട്, മുളക്കുളം എന്നീ പ്രദേശങ്ങളിൽ നിന്നുള്ളവരും കൂടിയാണ്. താലൂക്ക് ആശുപത്രി എന്ന നിലയിൽ അവിടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും കൂടുതൽ ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുകയും ചെയ്യണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്, ഡയഗ്നോസ്റ്റിക് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിനും ഓർത്തോപീഡിക്സ്, ഗൈനക്കോളജി, നവജാതശിശു വിഭാഗം തുടങ്ങിയ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഓഫീസ് സ്റ്റാഫുമുൾപ്പെടെ ഏകദേശം 46 തസ്തികകൾ അടിയന്തരമായി ലഭ്യമാക്കണമെന്നും സബ്മിഷനിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ അംഗം പിറവം താലൂക്ക് ആശുപത്രിയെ സംബന്ധിച്ചും അവിടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യങ്ങളുമാണ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. പ്രാഥമികാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചിരുന്ന പിറവം സർക്കാർ ആശുപത്രിയെ 1990-ലാണ് സാമൂഹിക ആരോഗ്യ കേന്ദ്രമായും തുടർന്ന് 2009-ൽ താലൂക്ക് ആശുപത്രിയായും ഉയർത്തിയത്. പിറവം നഗരസഭയിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രി ശുശ്രൂഷാ രംഗത്ത് നല്ല രീതിയിൽ മികവ് പുലർത്തുന്ന ഒരു സ്ഥാപനമാണ്. ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം

93-ഉം പ്രതിദിന ശരാശരി ഒ.പി. 267-ഉം ആണ്. ഇപ്പോൾ ഐ.പി. വിഭാഗത്തിൽ കോവിഡ് രോഗികൾ മാത്രമാണുള്ളത്. ആയത് പ്രതിദിനം 27 എണ്ണം മാത്രമാണ്. ഇവിടെ വിവിധ വിഭാഗം ജീവനക്കാരുടെ 62 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അതിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ-4, ജനറൽ മെഡിസിൻ, ഓർത്തോ, പീഡിയാട്രിക്സ്, ഒഫ്ത്താൽമോളജി, ഇ.എൻ.ടി. വിഭാഗങ്ങളിലായി ആകെ 5 ജൂനിയർ കൺസൾട്ടന്റുമാർ, നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, ഒരു അസിസ്റ്റന്റ് ദന്തൽ സർജൻ എന്നിങ്ങനെ 15 ഡോക്ടർമാരുടെ തസ്തികകളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പുതിയ 5 തസ്തികകൾ ഈ ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്. അവ സ്റ്റാഫ് നഴ്സ് - 2, ലാബ് ടെക്നീഷ്യൻ-1, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II-1, ഫാർമസിസ്റ്റ് ഗ്രേഡ് II-1 എന്നിങ്ങനെയാണ്. അതുകൂടാതെ എൻ.എച്ച്.എം. (നാഷണൽ ഹെൽത്ത് മിഷൻ) മുഖാന്തരം 6 മെഡിക്കൽ ഓഫീസർമാരുൾപ്പെടെ 13 ജീവനക്കാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എച്ച്.എം.സി. (ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി) ഉൾപ്പെടെ 27 താൽക്കാലിക ജീവനക്കാരെക്കൂടി നിയമിച്ചിട്ടുണ്ട്. കോവിഡ് ആശുപത്രിക്കായി എൻ.എച്ച്.എം. മുഖാന്തരം 16 ജീവനക്കാരെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ, ഓർത്തോപീഡിക്സ്, ഇ.എൻ.ടി., ഒഫ്ത്താൽമോളജി, സർജറി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഡയാലിസിസ്, ദന്തരോഗ വിഭാഗം, ആധുനിക സൗകര്യങ്ങളടങ്ങിയ ലാബ്, ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, ആന്റിനേറ്റൽ ക്ലിനിക്, മെന്റൽ ഹെൽത്ത് ക്ലിനിക്, ഫൈലേറിയ ക്ലിനിക്, ആസ്മ, അലർജി ക്ലിനിക്, പ്രൈമറി ആൻഡ് സെക്കന്ററി പാലിയേറ്റീവ് കെയർ ക്ലിനിക് തുടങ്ങിയ സേവനങ്ങൾ ഇവിടെ ലഭ്യമാണ്. പിറവം താലൂക്ക് ആശുപത്രിയിൽ നേത്രരോഗ സർജറിക്കായുള്ള ഓപ്പറേഷൻ തിയേറ്റർ, വാർഡുകൾ എന്നിവയുടെ നിർമ്മാണ ജോലികൾക്കായി എൻ.എച്ച്.എം. മുഖാന്തരം ഒരുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനെയാണ് നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുള്ളത്. പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കു ന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പിറവം താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി 10 ലക്ഷം രൂപ ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന എൻ.എച്ച്.എം.-ന് കൈമാറിയിട്ടുണ്ട്. കിറ്റ്കോയെയാണ് ചുമതല ഏൽപ്പി ച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായുള്ള പ്രവൃത്തിയെന്ന നിലയ്ക്ക് നിലവിലുള്ള ഒ.പി. ബ്ലോക്ക് നവീകരിക്കുന്നതിനും ഫാർമസി, ലാബ് തുടങ്ങിയവ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തി ഒ.പി. ബ്ലോക്ക് വിപുലീകരിക്കുന്നതിനുമായി 2021-2022-ലെ ആർ.ഒ.പി. (Record of Proceedings)-യിലുൾപ്പെടുത്തി ദേശീയ ആരോഗ്യ ദൗത്യം സമർപ്പിച്ച

പ്രൊപ്പോസൽ പരിഗണിച്ച് 2.35 കോടി രൂപയുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ തുടർപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ നിശ്ചിത മാനദണ്ഡങ്ങളോടുകൂടി താലൂക്കുതല ആശുപത്രിയായി വികസിപ്പിക്കാനും സൗകര്യങ്ങൾ ക്രമീകരിക്കാനുമുള്ള നയമാണ് ആർദ്രം മിഷൻ വിഭാവന ചെയ്യുന്നത്. ഇതനുസരിച്ച് ആർദ്രം പദ്ധതിയുടെ ഭാഗമായി പിറവം താലൂക്കാശുപത്രിയെ താലൂക്കുതല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. ഈ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കാക്കി പരിശോധിക്കു ന്നതാണ്.

(10) <u>മഞ്ചേരി ജനറൽ ആശുപത്രി</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, പൊതുജനങ്ങളിൽനിന്നും സംഭാവന സ്വീകരിച്ചു കൊണ്ട് ജനപങ്കാളിത്തത്തോടുകൂടി മലപ്പുറം മോഡലിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, 'ശ്രീ. സെയ്ദ് മുഹമ്മദലി ശിഹാബ് തങ്ങൾ ജനറൽ ആശുപത്രി' എന്ന് പേരിട്ടു. ഉമ്മൻചാണ്ടി സർക്കാർ മലപ്പുറം ജില്ലയ്ക്ക് നൽകിയ മഞ്ചേരി മെഡിക്കൽ കോളേജിനെ ജില്ലയിലെ ജനങ്ങൾ വളരെ സന്തോഷത്തോടെ സ്വീകരിച്ചു. മാത്രമല്ല ജില്ലാ ആശുപത്രി നഷ്ടപ്പെടാതിരിക്കാൻ 2014 ഡിസംബർ 30-ന് മഞ്ചേരി ആശുപത്രിക്കായി ചെരണിയിൽ പുതിയ കെട്ടിടം നിർമ്മിക്കു ന്നതിന് സർക്കാർ ഉത്തരവിറക്കി. പിന്നീട് വന്ന സർക്കാരുകൾ ബഡ്ജറ്റുകളിൽ പത്ത് കോടി രൂപ മുതൽ പതിനൊന്ന് കോടി രൂപ വരെ ഇതിനായി വകയിരുത്തി. ചെരണിയിൽ പുതിയ ജനറൽ ആശുപത്രി നിർമ്മിക്കാൻ പ്രയാസമുണ്ടെന്ന് 27-08-2016-ന് ആരോഗ്യ വകുപ്പ് സെക്രട്ടറി അറിയിച്ചു. 31-10-2017-ന് ചേർന്ന മഞ്ചേരി മുനിസിപ്പൽ കൗൺസിൽ യോഗം ജനറൽ ആശുപത്രി ചെരണിയിൽ തന്നെ സ്ഥാപിക്കണമെന്ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. 5-3-2018-ന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഇൻകെൽ എന്ന കമ്പനിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിറക്കി. കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. വർഷങ്ങൾ കഴിഞ്ഞിട്ടും ജനറൽ ആശുപത്രി യാഥാർത്ഥ്യമായില്ല. അവിടെ 501 കിടക്കകളും ഒരു ദിവസം രണ്ടായിരത്തി അഞ്ഞൂറോളം ഒ.പി.-യുമുണ്ടായിരുന്നു. മാസത്തിൽ രണ്ടായിരത്തിലധികം പ്രസവം നടക്കുമായിരുന്നു. മഞ്ചേരി, മലപ്പുറം, കൊണ്ടോട്ടി, വണ്ടൂർ, മങ്കട മണ്ഡലങ്ങളിലെ ഒന്നരലക്ഷത്തിലധികം ആളുകൾ ആശ്രയിച്ചിരുന്ന ജനറൽ ആശുപത്രി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ മാസം 25-ന് മഞ്ചേരിയിൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ജനറൽ ആശുപത്രികളുടെ പ്രവർത്തനം

ഊർജ്ജിതപ്പെടുത്താൻ സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചു. 14-6-2021-ന് ചേർന്ന മഞ്ചേരി മുനിസിപ്പൽ കൗൺസിൽ യോഗം നിലവിലുള്ള ഡോക്ടർമാരെയും സ്റ്റാഫിനെയും ഉപയോഗിച്ചുതന്നെ ജില്ലാ ആശുപത്രി നിലനിർത്തണമെന്ന് ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ഒ.പി. അടക്കമുള്ള താൽക്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ തയ്യാറാണെന്ന് മുനിസിപ്പാലിറ്റി ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തു. അതുകൊണ്ട് മഞ്ചേരിയിലെ ജനറൽ ആശുപത്രിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, മലപ്പുറം ജില്ലയിലെ മഞ്ചേരി സർക്കാർ ജനറൽ ആശുപത്രിയെ നിലനിർത്തിക്കൊണ്ടും ആശുപത്രിയുടെ ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിക്കൊണ്ടും മഞ്ചേരിയിൽ സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ സാധാരണക്കാർ ത്രിതീയ ചികിത്സയ്ക്കായി ആശ്രയിക്കുന്ന ആശുപത്രിയാണ് മഞ്ചേരി മെഡിക്കൽ കോളേജ്. ഈ ആശുപത്രിയുടെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി അത്യാഹിത വിഭാഗം, ആശുപത്രി വാർഡുകൾ എന്നിവ നവീകരിക്കുകയും ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രി രോഗീസൗഹൃദമാക്കുകയും ചെയ്തിട്ടുണ്ട്. അത്യാഹിത വിഭാഗം നവീകരിക്കുന്നതിനായി 99 ലക്ഷം രൂപ അനുവദിച്ചു. അതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും എട്ട് കോടി രൂപ മുതൽമുടക്കി കാത്ത് ലാബ് അനുവദിക്കുകയും ആയത് പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. ആശുപത്രിയിൽ എത്തുന്ന രോഗികളുടെ ചികിത്സയ്ക്കായി സി.ടി. സ്കാൻ, മാമോഗ്രാഫി, അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ, വെന്റിലേറ്റർ, കളർ ഡോപ്ലർ, ഇക്കോ കാർഡിയോഗ്രാഫി, ഹൈ എൻഡ് അൾട്രാ സോണോഗ്രാം തുടങ്ങി ഒട്ടനവധി ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2.81 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകി നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ എം.ബി.ബി.എസ്. മാത്രമുണ്ടായിരുന്ന ഈ മെഡിക്കൽ കോളേജിൽ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഇ.എൻ.ടി. വിഭാഗത്തിൽ പി.ജി. കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള കൂട്ടായ ആലോചനയിലൂടെ തുടർനടപടി സ്വീകരിക്കുന്നതാണ്.

[12.00 Noon]

## V റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്നുമുതൽ പത്തുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നുമുതൽ പത്തുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VI ക്രമപ്രശ്നം

ക്രമവിരുദ്ധമായി ഉത്തരവ് പുറപ്പെടുവിച്ചത് സംബന്ധിച്ച്

ശ്രീ. റോജി എം. ജോൺ: സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിലെ 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' വ്യവസ്ഥ പ്രകാരമെന്ന് ചൂണ്ടിക്കാണിച്ച് 26-7-2021-ന് സർക്കാർ ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കിയത് പ്രസ്തുത ആക്ടിലെ 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' വകുപ്പിന് വിരുദ്ധമായിട്ടാണ്. വകുപ്പ് 63 പ്രകാരം 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' എന്നതിൽ രണ്ട് കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. അതിൽ പറയുന്നത്, 'ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനുതോന്നുന്നതും ആ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്' എന്നാണ്. നിയമസഭ പാസ്സാക്കിയ നിയമം നടപ്പിലാക്കുന്ന ഘട്ടത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ വന്നപ്പോൾ അതിൽ മാറ്റം വരുത്തുന്നതിനുവേണ്ടി 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' വകുപ്പിൽത്തന്നെ പറഞ്ഞിരിക്കുന്നത്, 'ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം' അത് ചെയ്യണമെന്നാണ്. അങ്ങനെ പറഞ്ഞിരിക്കെ, ഇവിടെ സർക്കാർ അതിന് വിരുദ്ധമായി ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കി അതിൽ മാറ്റം വരുത്തിയിരിക്കുന്നത് ഈ വകുപ്പിനുതന്നെ വിരുദ്ധമായ കാര്യമാണ് എന്നതാണ് ഒരു കാര്യം. രണ്ടാമത്തെകാര്യം, 'വൈഷമ്യങ്ങൾ നീക്കം ചെയ്യൽ' വകുപ്പിൽ വളരെ കൃത്യമായി പറയുന്നത്, ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത കാര്യങ്ങൾക്ക് മാത്രമാണ് അത് ഉപയോഗിക്കാൻ സാധിക്കുന്നതെന്നാണ്. അത്തരത്തിലുള്ള എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ടെങ്കിൽ സർക്കാർ അത് നിയമ ഭേദഗതിയിലൂടെ ചെയ്യേണ്ടതാണെന്നും പറയുന്നുണ്ട്. അല്ലെങ്കിൽ എസ്.ആർ.ഒ.

ആയി കൊണ്ടുവന്ന് ഗസറ്റിൽ പ്രസിദ്ധീകരിച്ച് സഭയിൽ കൊണ്ടുവരാവുന്നതാണ്. അത്തരം കീഴ്വഴക്കം ഇവിടെ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ട്. 2012-ൽ സേവനാവകാശനിയമം നടപ്പിലാക്കിയപ്പോൾ അതിലുണ്ടായ ചില പ്രാക്ടിക്കൽ ബുദ്ധിമുട്ടുകൾ നീക്കം ചെയ്യുന്നതിനുവേണ്ടി, വൈഷമ്യം നീക്കം ചെയ്യുന്നതിനുള്ള പ്രൊവിഷൻ ഉപയോഗിച്ചുകൊണ്ടുതന്നെ 2013-ലെ ഒരു ഗസറ്റ് ഉത്തരവിലൂടെ അതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. ഈ ആക്ടിലെ 72-ാം വകുപ്പിന് വിരുദ്ധമായിട്ടാണ് സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കിയിരിക്കുന്നത്. ഈ സർവ്വകലാശാല നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് മറ്റ് സർവ്വകലാ ശാലകളിൽ ഡിസ്റ്റൻസ് മോഡിലുള്ള അഡ്മിഷനോ രജിസ്ട്രേഷനോ നൽകാൻ പാടില്ലെന്ന് ഈ ആക്ടിന്റെ 72-ാം വകുപ്പിൽ വളരെ കൃത്യമായി പറഞ്ഞിരിക്കുന്നു. നിയമസഭ പാസ്സാക്കിയ ഒരു ആക്ടിൽ, ഒരു വകുപ്പിൽ, ഒരു പ്രൊവിഷനിൽ പറഞ്ഞിരിക്കുന്ന കാര്യത്തിന് വിരുദ്ധമായി ഒരു ഉത്തരവ് ' Removal of Difficulties' പ്രൊവിഷൻ ഉപയോഗിച്ചുകൊണ്ട് ഇറക്കിയിരിക്കുന്നത് ക്രമ വിരുദ്ധമാണ്. അതിനുതന്നെ ഉപയോഗിച്ചിരിക്കുന്ന മാർഗ്ഗം, ഗസറ്റ് ഉത്തരവിലൂടെ വരണമെന്നിരിക്കെ എക്സിക്യൂട്ടീവ് ഓർഡറിലൂടെ ചെയ്തിരിക്കുന്നത് രണ്ടാമത്തെ ക്രമവിരുദ്ധതയാണ്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എസ്.ആർ.ഒ. പുറപ്പെടുവിച്ച് സഭയുടെ പരിഗണനയിൽ കൊണ്ടുവരുന്നതിനുപകരം ക്രമവിരുദ്ധമായി എക്സിക്യൂട്ടീവ് ഓർഡർ ഇറക്കിയതുമൂലം നിയമസഭാ ചട്ടം 166 പ്രകാരമുള്ള സഭയുടെ അവകാശം നിഷേധിക്കുന്നതും ഈ സഭയോടുള്ള അവഹേളനവുമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ വകുപ്പ് 72(1)-ന്റെ പ്രാബല്യത്തീയതി മുതൽ വിദൂരവിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയോ ഉള്ള പഠനകോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല മുഖേനയല്ലാതെ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണെന്ന് നിയമത്തിന്റെ വകുപ്പ് 63-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ വിവിധ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയാക്കിയശേഷം യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ

ബ്യൂറോയുടെ അനുമതി ലഭിച്ചശേഷം മാത്രമെ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. ഡിസ്റ്റൻസ് എഡ്യുക്കേഷൻ ബ്യൂറോയുടെ അനുമതിക്ക് കാലതാമസമുണ്ടായാൽ വിദൂര വിദ്യാഭ്യാസം മുഖേനയുള്ള കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികളുടെ പഠനാവസരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനുവേണ്ടി നിലവിൽ ഇത്തരം കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ പ്രസ്തുത കോഴ്സുകൾ തുടർന്നും നടത്തുന്നതിലേയ്ക്കായാണ് നിയമത്തിലെ 63-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാ ശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവിറക്കിയത്. വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പഠനം ആഗ്രഹിക്കുന്ന കുട്ടികളുടെ മികച്ച പഠനം ഉറപ്പുവരുത്തുകയാണ് ആക്ടിന്റെ അന്തഃസത്ത. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് പ്രകാരം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ ഉപയോഗിച്ചുകൊണ്ട് വിദൂര വിദ്യാഭ്യാസ രജിസ്ട്രേഷൻ മുഖേന വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്ദേശിച്ച് സർക്കാർ സ്വീകരിച്ച നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമായതിനാൽ സഭയുടെ അവകാശം ലംഘിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കാതെ നിയമത്തിലെ 72-ാം വകുപ്പിലെ 1-ാം ഉപവകുപ്പിലെ വ്യവസ്ഥ നടപ്പിലാക്കുന്നപക്ഷം ഇതര സർവ്വകലാശാലകളിൽ വിദൂരവിദ്യാഭ്യാസത്തിനോ തുടർ വിദ്യാഭ്യാസത്തിനോ ഈ വർഷം പ്രവേശനം സാധിക്കാതെ വരുമെന്നത് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുമെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും അങ്ങനെ നിയമത്തിലെ 72-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് നടപ്പാക്കുന്നതിൽ വൈഷമ്യം നേരിട്ടതിനാലും നിയമത്തിലെ 63-ാം വകുപ്പിലെ വൈഷമ്യം നീക്കം ചെയ്യുന്നതിന് സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. തുടർന്ന് ഗസറ്റിൽ വിജ്ഞാപനം ചെയ്യാനുള്ള തുടർ നടപടികളാരംഭിക്കുകയും ആ നടപടി പൂർത്തീകരിച്ച് എസ്.ആർ.ഒ. 559/21, 590/21 ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡർ...ഓർഡർ... 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിൽ വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള 63-ാം വകുപ്പിലെ വ്യവസ്ഥയുടെ പിൻബലത്തിൽ ഒരു സർക്കാർ ഉത്തരവിലൂടെ പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധമായ നടപടി സ്വീകരിച്ചത് തികച്ചും നിയമവിരുദ്ധവും

സഭാനടപടി ചട്ടങ്ങൾക്കും സബോർഡിനേറ്റ് ലെജിസ്ലേഷൻ തത്വങ്ങൾക്കും വിരുദ്ധമാണെന്നും അതുവഴി സഭാംഗങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന അവകാശങ്ങൾ ഹനിക്കപ്പെടുകയുണ്ടായെന്നുമാണ് ശ്രീ. റോജി എം. ജോൺ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച പ്രധാന ആക്ഷേപം.

2021 ജൂലൈ 26-ാം തീയതിയിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 29/2021-ാം നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും അതുമൂലം ഉളവായ ക്രമരാഹിത്യത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദീകരിച്ചിട്ടുണ്ട്. അതോടൊപ്പം പരാമർശ വിധേയമായ സർക്കാർ ഉത്തരവിന് പകരമായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ഓർഡർ (SRO) ഗസറ്റിൽ വിജ്ഞാപനം നടത്തിക്കഴിഞ്ഞതായും ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ടിലെ 62-ാം വകുപ്പിലെ നിബന്ധനയെ ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്തത് സംബന്ധിച്ച വിഷയം ഈ സമ്മേളനത്തിൽതന്നെ ജൂലൈ 27-ാം തീയതി ചോദ്യോത്തരവേളയിൽ സഭയിലുയർന്നുവരികയും സഭ പാസ്സാക്കിയ ഒരു നിയമത്തിലെ വ്യവസ്ഥയെ നടപടിക്രമങ്ങൾ പാലിക്കാതെ കേവലം ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്യുന്നതിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെകൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്കും സഭാചട്ടങ്ങൾക്കും അനുരോധകമാകത്തക്ക വിധത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിലവിൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ തുടർന്നും പ്രസ്തുത കോഴ്സുകൾ നടത്തുന്നതിലേയ്ക്കാവശ്യമായ അനുമതി നൽകിക്കൊണ്ടുള്ള S.R.O. (Statutory Rules and Orders) ഗസറ്റിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞതായി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ അറിയിച്ച സാഹചര്യത്തിൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച ആക്ഷേപങ്ങൾ പരിഹരിക്കപ്പെട്ടുകഴിഞ്ഞതായി കാണുന്നു. എന്നിരുന്നാലും ഇത്തരത്തിലുള്ള ന്യൂനതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻവേണ്ട ജാഗ്രത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഓഫീസേഴ്സ് ഗ്യാലറിയിൽ ഉദ്യോഗസ്ഥർ നിൽക്കുകയാണ്. അവർക്ക് ഇരിക്കാനുള്ള സൗകര്യമുണ്ടാക്കി കൊടുത്താൽ നന്നായിരുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇന്നത്തെ ധനാഭ്യർത്ഥനയിൽ ആറ് വകുപ്പുകളുള്ളതിനാൽ ധാരാളം ഉദ്യോഗസ്ഥർ വന്നിട്ടുണ്ട്. അവർക്ക് ഇരിക്കാൻ സൗകര്യമൊരുക്കണം. വേറെ ഏതെങ്കിലും ഗ്യാലറി തുറന്നുകൊടുക്കാനുള്ള അനുവാദം നൽകണം.

<u>മി. സ്പീക്കർ</u>: ഇക്കാര്യം ചൂണ്ടിക്കാണിച്ച അംഗങ്ങളെ അഭിനന്ദിക്കുന്നു. മുകളിലെ സ്റ്റാഫ് ഗ്യാലറിയിലേയ്ക്ക് കുറച്ചുപേരെ മാറ്റാനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. സാമൂഹിക അകലം പാലിക്കാനുതകുന്ന തരത്തിൽ ഇപ്പോൾ ഓഫീസേഴ്സ് ഗ്യാലറിയിലുള്ള കുറച്ചുപേരെ മുകളിലെ സ്റ്റാഫ് ഗ്യാലറിയിലേയ്ക്ക് മാറ്റാനുള്ള ക്രമീകരണം ചെയ്യാം.

## VII ധനകാര്യം

### <u>2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം

കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25-1-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10-6-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XVII | വിദ്യാഭ്യാസം, കായിക വിനോദം, കല സംസ്കാരം | 7812,05,43,000 | 103,58,36,000 | 5903,61,86,000 | 77,22,83,000 | 9857,11,36,000 | 29,93,89,000 | 9987,05,25,000 |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 365,79,22,000 | 59,14,00,000 | 278,07,91,000 | 44,35,50,000 | 459,90,80,000 | 73,92,50,000 | 533,83,30,000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 987,30,08,000 | 80,04,78,000 | 740,47,57,000 | 60,03,58,000 | 1234,12,60,000 | 100,05,97,000 | 1334,18,57,000 |
| XXXI | മൃഗസംരക്ഷണം | 270,79,80,000 | 7,11,00,000 | 203,09,86,000 | 5,33,26,000 | 338,49,76,000 | 8,88,75,000 | 347,38,51,000 |
| XXXII | ക്ഷീരവികസനം | 52,36,05,000 | 1,66,67,000 | 39,27,04,000 | 1,25,00,000 | 65,45,07,000 | 2,08,33,000 | 67,53,40,000 |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 3521,46,53,000 | 33,39,60,000 | 2685,54,12,000 | 24,72,24,000 | 4494,01,16,000 | 42,06,95,000 | 4536,08,11,000 |
| *I | സംസ്ഥാന നിയമസഭ | 44,46,15,000 | - | 48,87,45,000 | - | 66,66,86,000 | - | 66,66,86,000 |
| *VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 96,52,86,000 | - | 72,39,65,000 | - | 120,66,08,000 | - | 120,66,08,000 |
| *X | ട്രഷറികളും അക്കൗണ്ടുകളും | 128,34,64,000 | - | 96,25,98,000 | - | 160,43,30,000 | - | 160,43,30,000 |
| *XVI | പെൻഷനും പലവകയും | 10966,17,46,000 | - | 8348,44,42,000 | - | 13857,14,87,000 | - | 13857,14,87,000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| *XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 3482,81,05,000 | - | 2612,10,79,000 | - | 4353,51,31,000 | - | 4353,51,31,000 |
| *XLV | പലവക വായ്പകളും മുൻകൂറുകളും | - | 5,34,43,000 | - | 4,00,83,000 | - | 6,68,04,000 | 6,68,04,000 |

*ചർച്ച കൂടാതെ വോട്ടിനിടുന്നതാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും പട്ടിജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XVII

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ :

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എസ്.എസ്.എൽ.സി

പാസ്സായ എല്ലാ കുട്ടികൾക്കും ഉന്നതവിദ്യാഭ്യാസത്തിന് അവസരം ഒരുക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയ കൂടുതൽ കുട്ടികളുള്ള ജില്ലകളിൽ കൂടുതൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എസ്.എസ്. എൽ.സി പരീക്ഷയിൽ വിജയം നേടിയ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് അവസരം ഉറപ്പുവരുത്തുന്നതിനായി സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകൾ/ബാച്ചുകൾ അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി വിജയിച്ച കുട്ടികളുടെ എണ്ണത്തിന് അനുസൃതമായി പ്ലസ് വൺ സീറ്റുകൾ അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്മാർട്ട് ഫോണുകൾ ഇല്ലാത്തതിനാൽ ഡിജിറ്റൽ ഓൺലൈൻക്ലാസ്സുകൾ നഷ്ടപ്പെടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം ഇതര വിഭാഗങ്ങളെക്കാൾ കൂടുതലാണെന്നുള്ള എസ്.സി.ഇ.ആർ.ടി.-യുടെതായി പറയപ്പെടുന്ന പഠന റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്

(കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മുഴുവൻ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് കാലത്തെ ഓൺലൈൻ വിദ്യാഭ്യാസത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് സാഹചര്യത്തിൽ സർവ്വകലാശാലാ പരീക്ഷകൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ നടത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എല്ലാ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സെന്റർ ഓഫ് എക്സലൻസ് ആയി മാറ്റാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്

(സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം പരിഗണിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർവ്വകലാശാലകൾ സമയബന്ധിതമായി വിദൂര വിദ്യാഭ്യാസ കോഴ്സുകൾ ഉൾപ്പെടെയുള്ളവയുടെ പരീക്ഷാഫലം പ്രഖ്യാപിക്കാത്തതുമൂലം ഉയർന്ന കോഴ്സുകളിൽ പ്രവേശനം നേടാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിദൂരവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മറ്റ് സർവ്വകലാശാലകളുടെ കോഴ്സുകൾക്ക് ഇക്വലൻസി സർട്ടിഫിക്കറ്റിന്റെ പേരിൽ ഫീസ് ഈടാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ രാഷ്ട്രീയ നേതാക്കന്മാരുടെ ബന്ധുക്കൾക്ക് യോഗ്യതാമാനദണ്ഡങ്ങൾ ലംഘിച്ച് അദ്ധ്യാപകതസ്തികകളിലുൾപ്പെടെ നിയമനം നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എൻജിനീയറിംഗ് കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കായിക പരിശീലനത്തിനായി എല്ലാ പഞ്ചായത്തുകളിലും സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് പശ്ചാത്തലത്തിൽ പൊതുവേദികൾ നഷ്ടപ്പെട്ട കലാകാരന്മാരെ സഹായിക്കുവാൻ സാംസ്കാരിക വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് കാലഘട്ടത്തിൽ പ്രതിസന്ധിയിലായ കലാകാരന്മാർക്ക് സമാശ്വാസസഹായം അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u> :

<u>ശ്രീമതി കെ. കെ. രമ</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2202-02-001-94-04(4) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 70,000 രൂപ 10,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിലെ വിദ്യാർത്ഥികൾക്ക് അവർക്കിഷ്ടമുള്ള വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നതിനാവശ്യമായ പ്ലസ് വൺ സീറ്റുകൾ ഇല്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2202-02-001-95-04(4) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 36,000 രൂപ 1,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (മലബാർ മേഖലയിൽ ആവശ്യത്തിന് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളും ബാച്ചുകളും ഇല്ലാത്തതിനാൽ പത്താം ക്ലാസ് പാസ്സായ കുട്ടികൾക്ക് ഇഷ്ടമുള്ള വിഷയങ്ങൾ പഠിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 4202-03-102-94 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 8,25,00,000 രൂപ 7,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കായിക മത്സരങ്ങളിൽ മികവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ :

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9987,05,25,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. സനീഷ്കുമാർ ജോസഫ്
2. ശ്രീ. റോജി എം. ജോൺ
3. ശ്രീ. എം. വിൻസെന്റ്
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. ഷാഫി പറമ്പിൽ
6. ശ്രീ. ടി. ജെ. വിനോദ്
7. ശ്രീ. അനൂപ് ജേക്കബ്

## ധനാഭ്യർത്ഥന നമ്പർ XXIV

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഐ.ടി. മേഖലയിലെ തൊഴിൽചൂഷണം തടയുന്നതിനും തൊഴിൽ സ്ഥിരത ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിദ്യാഭ്യാസ-തൊഴിൽ ആവശ്യങ്ങൾക്കായി വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന പ്രവാസി മലയാളികളുടെ കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കാത്തതിനാൽ കോവിഡ്കാലത്ത് അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രവാസി മലയാളികളുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രവാസികളുടെ തൊഴിൽനഷ്ടം സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയിൽ തൊഴിൽരഹിതരായ വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ആശ്വാസമേകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടമുണ്ടായതിനാലും ഇതര ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയാത്തതിനാലും അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് ദുരന്തവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുംമൂലം പ്രയാസമനുഭവിക്കുന്ന ഓട്ടോറിക്ഷ, ടാക്സി തൊഴിലാളികളെ സഹായിക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയംചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയിൽ ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സാമ്പത്തികപ്രതിസന്ധി നേരിടുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മഞ്ചേശ്വരം മണ്ഡലത്തിൽ ന്യൂനപക്ഷ ഐ.ടി.ഐ ആരംഭിക്കണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം വേതനവും തൊഴിൽസുരക്ഷയും ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്നും ദിവസവേതന കരാർ തൊഴിലവസരങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തണമെന്നുമുള്ള ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇ.എസ്.ഐ. ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തോട്ടം തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോട്ടയ്ക്കൽ മണ്ഡലത്തിലെ എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ വികസനത്തിനായി നടപടികൾ സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് നൽകുന്ന ധനസഹായത്തിന്റെ പരിധി വർദ്ധിപ്പിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ :

ശ്രീമതി കെ. കെ. രമ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 2230-01-001-95 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 10,00,000 രൂപ നീക്കം ചെയ്യേണ്ടതാണ് (ലോക്ഡൗൺ കാലയളവിൽ തൊഴിൽസ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്ക് ധനസഹായപാക്കേജ് നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 2230-01-103-90 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1,00,00,000 രൂപ നീക്കം ചെയ്യേ ണ്ടതാണ് (കോവിഡ് നിയന്ത്രണങ്ങൾമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത തായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ :

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 533,83,30,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
3. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
4. ശ്രീ. സണ്ണി ജോസഫ്
5. ശ്രീ. എം. വിൻസെന്റ്
6. ശ്രീ. പി. സി. വിഷ്ണുനാഥ്
7. ശ്രീ. സജീവ് ജോസഫ്
8. ശ്രീ. റോജി എം. ജോൺ
9. ഡോ. മാത്യു കുഴൽനാടൻ
10. ശ്രീ. സനീഷ്കുമാർ ജോസഫ്

**ധനാഭ്യർത്ഥന നമ്പർ XXV**

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികളുടെ ഗുണം ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി ജനവിഭാഗത്തിന്റെ ക്ഷേമത്തിനായി അനുവദിക്കുന്ന തുകയിൽ വെട്ടിപ്പ് നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതിവിഭാഗക്കാരുടെ ക്ഷേമപദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക ലഭിക്കേണ്ട പണം ഒരു വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് വെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവരുടെ വിവിധ വായ്പാക്കുടിശ്ശികകൾ എഴുതിത്തള്ളണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള കുടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട മുഴവൻ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക / ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിലും തടയുന്നതിലും വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അട്ടപ്പാടിയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നവജാതശിശു മരണങ്ങൾ ആവർത്തിക്കപ്പെടുന്നത് തടയുന്നതിനായി ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ നടപടികളുണ്ടാകേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആദിവാസി കോളനികളിൽ പോഷകാഹാരക്കുറവ് മൂലം ശിശുമരണങ്ങൾ സംഭവിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥ നയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷക്ഷേമത്തിന് കൂടുതൽ തുക അനുവദിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർ ത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന മത്സര പരീക്ഷകൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോ പക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർ ത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ന്യൂനപക്ഷക്ഷേമ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ന്യൂനപക്ഷ സ്കോളർഷിപ്പ് വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ :

ശ്രീമതി കെ. കെ. രമ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2225-01-227-94-01(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 27,47,000 രൂപ നീക്കം ചെയ്യേണ്ടതാണ് (പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഭൗതിക സൗകര്യങ്ങളുടെ അഭാവംമൂലം വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകളുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2225-01-277-99(12) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 33,00,00,000 രൂപ 30,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തി കമായി പിന്നാക്കാവസ്ഥയിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള സാമഗ്രികൾ ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2225-01-793-99(04) എന്ന ഇനത്തിന് വകകൊള ളിച്ചിട്ടുള്ള 12,00,000 രൂപ 11,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടിക ജാതിക്കാർക്കായുള്ള ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകൾ തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u> :

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1334,18,57,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. ടി. ജെ. വിനോദ്
2. ശ്രീ. ഷാഫി പറമ്പിൽ
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. ശ്രീ. സണ്ണി ജോസഫ്
5. ശ്രീ. എം. വിൻസെന്റ്
6. ശ്രീ. പി. സി. വിഷ്ണുനാഥ്
7. ശ്രീ. സജീവ് ജോസഫ്
8. ശ്രീ. റോജി എം. ജോൺ
9. ഡോ. മാത്യു കുഴൽനാടൻ
10. ശ്രീ. അനൂപ് ജേക്കബ്

## ധനാഭ്യർത്ഥന നമ്പർ XXXI

### മൃഗസംരക്ഷണം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. കെ. ബഷീർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജന്തുജന്യ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയത് നിയന്ത്രിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗപരിപാലനത്തിന് ആവശ്യമായ മരുന്നുകൾ ക്ലിനിക്കുകളിലുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗാശുപത്രികളുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ-വികസനങ്ങൾക്കും ഫണ്ട് അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗാശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗാശുപത്രികളുടെ പ്രവർത്തനം ഇരുത്തിനാല് മണിക്കൂറും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗാശുപത്രികളിൽ രാത്രികാലസേവനം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗാശുപത്രികളിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ചെക്ക്പോസ്റ്റുകൾവഴി കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധിക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കന്നുകാലികൾക്ക് യഥാസമയം വാക്സിനേഷൻ നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോഴിയിറച്ചിയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോഴിത്തീറ്റയുടെ വില വർദ്ധന നിയന്ത്രിച്ച് കോഴിക്കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ചചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുട്ടയുൽപാദനത്തിൽ സ്വയംപര്യാപ്തത നേടാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വെറ്ററിനറി ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൊബൈൽ വെറ്ററിനറി ആശുപത്രികളുടെ എണ്ണം വർദ്ധിപ്പിച്ച് കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ:</u>

മൃഗസംരക്ഷണം XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 347,38,51,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീമതി കെ. കെ. രമ
3. ശ്രീ. ടി. ജെ. വിനോദ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
6. ശ്രീ. സനീഷ്കുമാർ ജോസഫ്
7. ശ്രീ. സജീവ് ജോസഫ്
8. ശ്രീ. സണ്ണി ജോസഫ്
9. ശ്രീ. ഷാഫി പറമ്പിൽ
10. ശ്രീ. പി. സി. വിഷ്ണുനാഥ്
11. ശ്രീ. എം. വിൻസെന്റ്
12. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
13. ശ്രീ. റോജി എം. ജോൺ
14. ഡോ. മാത്യു കുഴൽനാടൻ

## ധനാഭ്യർത്ഥന നമ്പർ XXXII

### ക്ഷീരവികസനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ലോക്ഡൗൺ കാലയളവിൽ പാൽശേഖരണം നടത്തുന്നതിൽ പിഴവുണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗ്രാമീണ മേഖലകളിലെ പാൽ സംഭരണ-വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്താൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരോൽപാദനമേഖല കൂടുതൽ ആദായകരവും സുസ്ഥിരവുമാക്കുന്നതിന് പദ്ധതികൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാലിന് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷകർക്ക് നൽകിവരുന്ന സഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ മൃഗങ്ങളെ ഇൻഷ്വർ ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷകക്ഷേമനിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി എല്ലാ ക്ഷീരകർഷകർക്കും അതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷക സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ശാസ്ത്രീയമായി കന്നുകാലി ഷെഡ് നിർമ്മിക്കുന്നതിനുള്ള സഹായം കൂടുതൽപേർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഒഴിഞ്ഞുകിടക്കുന്ന, ഫലഭൂയിഷ്ഠമായ സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തീറ്റപ്പുൽകൃഷി വ്യാപകമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മായംകലർന്ന പാലും പാലുൽപന്നങ്ങളും വിപണനം നടത്തുന്നത് തടയുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഗുണനിലവാരമില്ലാത്തതും രാസപദാർത്ഥങ്ങൾ ചേർത്തതുമായ പാൽ കൊണ്ടുവരുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ:</u>

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 67,53,40,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
3. ശ്രീ. സനീഷ്കുമാർ ജോസഫ്
4. ശ്രീ. സജീവ് ജോസഫ്
5. ശ്രീ. സണ്ണി ജോസഫ്
6. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
7. ശ്രീ. റോജി എം. ജോൺ
8. ശ്രീ. ഷാഫി പറമ്പിൽ
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. ടി. ജെ. വിനോദ്
11. ഡോ. മാത്യു കുഴൽനാടൻ

12. ശ്രീ. എം. വിൻസെന്റ്

13. ശ്രീ. പി. സി. വിഷ്ണുനാഥ്

14. ശ്രീ. പി. ടി. തോമസ്

15. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

## ധനാഭ്യർത്ഥന നമ്പർ XLVI

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. പി. ഉബൈദുള്ള: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വനിതാ ശിശുവികസന വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാന വനിതാവികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളി, ഭിന്നശേഷി എന്നിവയുള്ളവർക്ക് നടപ്പിലാക്കി വരുന്ന പദ്ധതികൾ മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വികലാംഗ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അർഹരായ എല്ലാവർക്കും സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങൾമൂലം വയോജനങ്ങൾ അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഗാർഹിക പീഡനത്തിന് ഇരയായി സ്ത്രീകൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യങ്ങളിൽ വനിതാ കമ്മീഷന്, ഫലപ്രദമായ ഇടപെടൽ നടത്താൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (അഗതിമന്ദിരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നിർഭയ പാർപ്പിട കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വയോജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമവും അവകാശ സംരക്ഷണവും ഉറപ്പാക്കുന്നതിൽ സർക്കാർ സംവിധാനം പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് നൽകുന്ന സാമ്പത്തികസഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ലോക്ഡൗൺ കാലയളവിൽ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സാമ്പത്തികസഹായം വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ:

ശ്രീ. സണ്ണി ജോസഫ്: സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2235-02-103-90(03) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 2,13,00,000 രൂപ 2,03,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മാനസികവും ശാരീരികവുമായ പീഡനങ്ങളേൽക്കേണ്ടി വരുന്ന സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതിൽ സംസ്ഥാന വനിതാകമ്മീഷൻ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4536,08,11,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. ഷാഫി പറമ്പിൽ
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

6. ശ്രീ. പി. സി. വിഷ്ണുനാഥ്

7. ശ്രീ. പി. ടി. തോമസ്

8. ഡോ. മാത്യു കുഴൽനാടൻ

9. ശ്രീ. സനീഷ്കുമാർ ജോസഫ്

10. ശ്രീ. ടി. ജെ. വിനോദ്

11. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

മി. സ്പീക്കർ: ആറ് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ആയതിനാൽ അത്രയുംതന്നെ മന്ത്രിമാരുടെ മറുപടിയും ഉണ്ടാകുന്നതാണ്. അതുകൊണ്ട് ചർച്ചയിൽ പങ്കെടുക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും കർശനമായ സമയക്രമം പാലിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. നന്ദകുമാർ: സർ, പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്. കേരളത്തിലെ തൊഴിൽ മേഖലയിലെ നേട്ടങ്ങൾ ഇന്ത്യയിലെ ഏത് സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ടതാണ്. വർക്കേഴ്സ് പോപ്പുലേഷൻ റേറ്റ് ഇന്ത്യൻ ശരാശരിയേക്കാൾ കൂടുതലാണ്. സാമ്പത്തിക പ്രവർത്തനങ്ങളിൽ സ്ത്രീ തൊഴിലാളികളുടെ ഇടപെടൽ മെച്ചപ്പെട്ടതാണ്. ഗ്രാമീണ നഗര കാഷ്വൽ തൊഴിലാളികളുടെയും അസംഘടിത തൊഴിലാളികളുടെയും കൂലിയുമായി ബന്ധപ്പെട്ട കാര്യങ്ങളും വളരെ മെച്ചപ്പെട്ട രൂപത്തിലാണ്. കേരളത്തിലെ സ്ത്രീകളുടെ കൂലി നിരക്ക് ദേശീയ ശരാശരിയേക്കാൾ 50 ശതമാനം കൂടുതലാണ്. പുത്തൻ തൊഴിൽ വിപണി ആഗോള തലത്തിൽ സജ്ജീവമാകുകയാണ്. 'Gig Economy' എന്ന വിശേഷണത്തിലൂടെ അറിയപ്പെടുന്ന പുതിയ വിപണി Job sharing, crowd sourcing, interim management, voucher-voucher based work, portfolio work തുടങ്ങിയ പുതിയ തൊഴിൽദാന രീതികളിലൂടെ വളർന്നുവരികയാണ്. നമ്മൾ അഭിമുഖീകരിക്കാൻ പോകുന്ന പ്രധാന പ്രശ്നമായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. തൊഴിൽ മേഖലയിൽ സുനിശ്ചിത വേതനമുള്ളവരെയും (Salaried classes) വിദഗ്ദ്ധ തൊഴിലാളികളെയും ഒരു ഭാഗത്ത് നിർത്തി അസ്ഥിര തൊഴിലാളികളെയും തൊഴിൽരഹിതരെയും കേന്ദ്രീകരിച്ചുകൊണ്ട് ഭിന്നിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ടെന്ന് നമുക്കറിയാം. Knowledge based industries വർദ്ധിക്കുന്നതോടെ സംഘടിത തൊഴിലാളികളുടെ എണ്ണത്തിൽ വലിയതോതിൽ കുറവ് സംഭവിക്കും. ഇത്തരത്തിൽ തൊഴിൽ മേഖലയിൽ വളർന്നുവരുന്ന പ്രശ്നങ്ങളെക്കുറിച്ച് ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച

തൊഴിൽനയം ഇന്ത്യയാകെ മാതൃകയാക്കുകയാണ്. വേതന സുരക്ഷ നടപ്പാക്കി, സാമ്പത്തിക ഭദ്രതയും ആരോഗ്യ സുരക്ഷയും ഉറപ്പുവരുത്തി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള പുതിയ തൊഴിൽ നയമാണ് എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചത്. ഇന്ത്യയിൽ കേരളം മാത്രമാണ് ഇത്തരത്തിലുള്ള നയം പ്രഖ്യാപിച്ച ഏക സംസ്ഥാനം. കേരളത്തിൽ പ്രഖ്യാപിച്ച പുതിയ തൊഴിൽ നയത്തിൽ ലേബർ കമ്മീഷണറേറ്റ് ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുകൂടാതെ ലേബർ കമ്മീഷണറേറ്റ് കൈകാര്യം ചെയ്യേണ്ട വിവിധ നിർദ്ദേശങ്ങളുമുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണമെങ്കിൽ അതിനാവശ്യമായ സ്റ്റാഫ് പാറ്റേൺ വേണം. ഇന്ന് അതിന്റെ കുറവ് അനുഭവപ്പെടുന്നുണ്ട്. തൊഴിലാളികളിൽ ലിംഗ സമത്വം നടപ്പിലാക്കുന്നതിനും സ്ത്രീ തൊഴിലാളി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും മുന്തിയ പരിഗണനയാണ് നയപ്രഖ്യാപനത്തിൽ നൽകിയിട്ടുള്ളത്. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം ലഭിക്കുന്നതിന് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഉൽപ്പാദന മേഖലയിൽ അവസരങ്ങൾ വർദ്ധിപ്പിച്ച് തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മൂന്ന് ഷിഫ്റ്റും പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമുണ്ടാക്കുകയും അവരുടെ അധിക വരുമാനം വർദ്ധിപ്പിക്കത്തക്ക രൂപത്തിലുള്ള നടപടി കൈക്കൊള്ളുകയും ചെയ്യണം. ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യമാണ് തൊഴിൽ നിയമങ്ങളുടെ ഭേദഗതികൾ. പുതിയ കേന്ദ്ര നിയമം പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ അതിന് നമുക്ക് എത്രത്തോളം കഴിയുമെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയശേഷം കേന്ദ്രം പാസ്സാക്കിയ കരിനിയമത്തിന്റെ വ്യാപ്തിയുംകൂടി മനസ്സിലാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്താൻ സാധിക്കണം. കേന്ദ്ര നിയമത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി ആവശ്യമായ നിയമങ്ങൾ കൊണ്ടുവരാൻ കഴിയേണ്ടതുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

എൽ.ഡി.എഫ്. സർക്കാർ നല്ല രൂപത്തിൽ ഇടപെട്ടിട്ടുള്ള പ്ലാന്റേഷൻ മേഖലയെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരവധി നിർദ്ദേശങ്ങൾ അന്നത്തെ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. അന്ന് പ്രഖ്യാപിക്കപ്പെട്ട പാക്കേജ് നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്. കോവിഡ് മഹാമാരിയുടെ സമയത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ അതിഥി തൊഴിലാളികളുടെ അവസ്ഥ നമ്മൾ കണ്ടതാണ്. സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് മുന്തിയ പരിഗണന നൽകുകയും അവരെ

പരിരക്ഷിക്കുന്നതിനാവശ്യമായ ഒട്ടനവധി നിർദ്ദേശങ്ങൾ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത തൊഴിലാളികളെ കണ്ടെത്തുന്നതിനും 'ആവാസ് പദ്ധതി' രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി കൈക്കൊള്ളണം. ശ്രദ്ധിക്കപ്പെടാത്ത വകുപ്പായിരുന്ന ODEPC (Overseas Development and Employment Promotion Consultants Ltd)-ന്റെ പ്രവർത്തനം ഉന്നതനിലവാരത്തിലെത്തിക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. KILE (Kerala Institute of Labour and Employment) ദേശീയ നിലവാരമുള്ള പഠന പരിശീലന കേന്ദ്രമായി മാറിയിരിക്കുകയാണ്. രാജ്യത്തിന്റെ പുരോഗതിയുടെ മുന്നോട്ടുള്ള കുതിപ്പിൽ പ്രധാനപ്പെട്ടതാണ് അറിവും നൈപുണ്യവും. അദ്ധ്വാനശേഷിയുള്ളവരുടെ എണ്ണത്തിൽ കേരളം ഒന്നാമതാണ്. അവർക്ക് തൊഴിലവസരമുണ്ടാക്കുന്നതിന് നൈപുണ്യ വികസനം ആവശ്യമായതിനാൽ കഴിഞ്ഞ സർക്കാർ ആരംഭം കുറിച്ച നടപടികൾ പൂർത്തീകരിക്കുന്നതിനും ഒരു നൈപുണ്യ നയം ഉടനെ പ്രഖ്യാപിക്കുന്നതിനും സംവിധാനമൊരുക്കണം. നമ്മുടെ മുന്നിൽ ചൈനയുടെ ഉദാഹരണമുണ്ട്. ബനാറസ് സാരിയും മറ്റ് ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിക്കുന്നതിന് ഇവിടെനിന്നുള്ള കൈത്തറി തൊഴിലാളികളെ ചൈനയിൽ കൊണ്ടുപോയി പരിശീലിപ്പിച്ച് അവിടെ ഉൽപ്പാദനം നടത്തി വിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. അത്തരത്തിൽ പരമ്പരാഗത മേഖലയിലടക്കമുള്ള ആളുകളുടെ നൈപുണ്യം വികസിപ്പിച്ചെടുത്ത് കേരളത്തിലെ സാഹചര്യം ഉപയോഗപ്പെടുത്തി ആവശ്യമായ രൂപത്തിൽ നൈപുണ്യ നയം അടിയന്തരമായി പ്രഖ്യാപിക്കേണ്ടതുണ്ട്. കേരളത്തിൽ ശക്തമായ തൊഴിലാളി ക്ഷേമ പദ്ധതികളുണ്ട്. 26 ക്ഷേമനിധി ബോർഡുകളും 16 പെൻഷൻ ഫണ്ട് ബോർഡുകളും പ്രവർത്തിക്കുന്നതിൽ 79,03,500-ൽപ്പരം ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്ത് തൊഴിലാളികൾക്ക് ഈ ബോർഡുകൾ എപ്രകാരമാണ് താങ്ങായതെന്ന് നാം കണ്ടതാണ്. സ്വന്തം കാലിൽ നിൽക്കാൻ കഴിയാത്ത ക്ഷേമനിധി ബോർഡുകളെ പരസ്പരം ലയിപ്പിക്കാനുള്ള നടപടി മുൻപ് ആലോചിച്ചതാണെങ്കിലും അത് നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. ക്ഷേമനിധിയെ തകർക്കുന്ന രീതിയിൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതാണ് നിലവിലുള്ള ഡെപ്യൂട്ടേഷൻ സമ്പ്രദായം. എല്ലാ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളും ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും സെക്രട്ടേറിയറ്റ്, തൊഴിൽ വകുപ്പ് എന്നീ കാര്യാലയ ങ്ങളിൽനിന്നുപോലും ഉദ്യോഗസ്ഥർ ബോർഡുകളിലേയ്ക്ക് ചേക്കേറുകയാണ്. ഇതിന്റെ ഫലമായി അവരുടെ വകുപ്പിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരികയും ബോർഡിനകത്ത് ബാദ്ധ്യത വർദ്ധിക്കുകയുമാണ് ചെയ്യുന്നത്.

അതുകൊണ്ട് അടിയന്തരമായി ഡെപ്യൂട്ടേഷൻ സമ്പ്രദായം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിൽ എഴുപതിൽപ്പരം മേഖലകളിൽ സാമാന്യം മെച്ചപ്പെട്ട മിനിമം വേജ് സംവിധാനമാണുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 49 വ്യവസായങ്ങളിൽ മിനിമം വേജ് പുതുക്കുകയും നിലവിൽ പുതിയതായി ആറ് മേഖലകൾക്ക് മിനിമം വേജ് പ്രഖ്യാപിക്കുകയും ചെയ്തു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും തൊഴിൽ മേഖലയിൽ ഈ രീതിയില്ല. സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, നമ്മുടെ കുടുംബിനികളിൽ നല്ലൊരു വിഭാഗവും മറ്റ് ജോലികൾ ചെയ്യുന്നവരാണെന്ന നിലയിൽ അവരുടെ ഗാർഹിക അദ്ധ്വാനഭാരം കുറയ്ക്കണം. വീടുകളിൽ അവർ ഇരട്ടിപ്പണി ചെയ്യുകയാണ്; അതിൽ ഒരളവുമില്ലെന്നു മാത്രമല്ല, അത് ആരും പരിശോധിക്കുന്നുമില്ല. അവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഈ ഗവൺമെന്റ് ചില പദ്ധതികൾ പ്രഖ്യാപിക്കുകയും ഒരു പഠനം നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് എനിക്കറിയില്ല. കുടുംബിനികളുടെ ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തിക്കൊണ്ട് പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തീരുമാനം വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കണം. അതിനോടൊപ്പം സ്മാർട്ട് കിച്ചൻ പദ്ധതി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം കാര്യങ്ങളെ പിന്തുണയ്ക്കാനുള്ള മനസ്സ് യു.ഡി.എഫ്. കാണിക്കില്ല, കാരണം അവർ ബദൽ നയം അംഗീകരിക്കുന്നവരല്ല; മറിച്ച് അവർ നവ ലിബറൽ നയത്തിന്റെ വക്താക്കളാണ്. അതുകൊണ്ടാണ് തൊഴിലാളി വിരുദ്ധ നിയമങ്ങൾ ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ വോട്ടെടുപ്പിന് അവർ തയ്യാറാകാത്തത്. ഒരു ഡിവിഷനും അവർ ആവശ്യപ്പെട്ടില്ല. കേരളത്തിലെ 19 എം.പി.-മാർ പാർലമെന്റിലുണ്ടെങ്കിലും യു.ഡി.എഫ്.-ലെ ഒരു എം.പി.-പോലും ഈ നയത്തിനെതിരായി വോട്ട് രേഖപ്പെടുത്തിയില്ല. ഈ സഭയ്ക്കകത്ത് ഒരു മുൻ എം.പി. ഉണ്ട്. അദ്ദേഹവും നയത്തിനെതിരെ വോട്ട് രേഖപ്പെടുത്തിയില്ല എന്നതാണ് അവസ്ഥ. ഇടതുപക്ഷം മാത്രമാണ് കരിനിയമങ്ങൾക്ക് എതിരായി ശക്തമായ പോരാട്ടം സംഘടിപ്പിച്ചത്. നവ ലിബറൽ നയങ്ങളെ എതിർക്കണമെന്ന് പറഞ്ഞത് ഞാനല്ല, കോൺഗ്രസ് നേതാവായ ശ്രീ. വി. എം. സുധീരനാണ്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പാലക്കാട് ജില്ലയിലെ ഷോളയാർ പഞ്ചായത്തിൽ വട്ട്ലക്കി ഊരിലെ ചെറിയമൂപ്പനും മകൻ മുരുകനുമുൾപ്പെട്ട സംഘർഷം പറഞ്ഞുതീർക്കാവുന്നതേയുണ്ടായിരുന്നുള്ളൂ. ഒരു കൊലപാതക കേസിലെ പ്രതിയെപ്പോലെ അവരെ അറസ്റ്റ് ചെയ്ത പോലീസ് നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ ഈ

ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പട്ടികവർഗ്ഗ മേഖലയിൽ കിടന്നുറങ്ങാൻ ഒരു സെന്റ് ഭൂമിപോലുമില്ലാത്ത നിരവധി കുടുംബങ്ങൾ ഇന്നുമുണ്ടെന്ന കാര്യം ഓരോ പഞ്ചായത്തിലും വാർഡ് തലത്തിൽ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. നിരവധി നിയമനിർമ്മാണം നടപ്പാക്കിയ ഈ സഭയിൽ പട്ടികവർഗ്ഗ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സാഹചര്യമൊരുക്കുന്നതിന് സംവിധാനം ഉണ്ടാകണം. ഒരു മനുഷ്യന്റെ ജീവിതമെന്ന് പറയുന്നത് ഭൂമിയാണ്; പിന്നെയുള്ളത് വീടും വെളിച്ചവും കുടിവെള്ളവുമാണ്. ഇന്ന് അശാസ്ത്രീയമായ രീതിയിലാണ് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങളൊക്കെ വളരെ നന്നായി ഉൾക്കൊള്ളുന്ന വ്യക്തിയാണ്. മോഡൽ കോളനി സംവിധാനവും അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമും കൊണ്ടുവരികയും വിവിധ ഏജൻസികൾ പ്രവൃത്തി നടപ്പാക്കുകയും ചെയ്തു വരികയുമാണ്. പക്ഷെ അവർ പ്രവൃത്തി നടപ്പാക്കുന്നതിന്റെ ചുമതല ബിനാമികൾക്ക് നൽകിയതിലൂടെ പണി പൂർത്തിയാക്കാത്ത നിരവധി അംബേദ്കർ സെറ്റിൽമെന്റ് കോളനികൾ നിലനിൽക്കുന്ന സാഹചര്യം പരിശോധിക്കപ്പെടണം. ലൈഫ് പദ്ധതിയുടെ ഭാഗമായി മൂന്ന് ലക്ഷം വീടുകളുടെ നിർമ്മാണം ആറ് ലക്ഷമായി വർദ്ധിപ്പിച്ചതിന്റെ ഫലമായി ഒരു വീടിനെത്തന്നെ രണ്ടാക്കി പണിതുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ 2018-ൽ പണി ആരംഭിച്ച വീടുൾപ്പെടെ നിരവധി വീടുകൾ പണിതീരാത്ത അവസ്ഥയിലാകുകയും അതിനുള്ള തുക വർദ്ധിക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അനീതി അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് പരാതി സമർപ്പിക്കാൻ പോകുകയാണ്. വാട്ടർ അതോറിറ്റിയുടെ ജൽജീവൻ പദ്ധതിയുൾപ്പെടെ നിരവധി പദ്ധതികൾ നടപ്പാക്കുമ്പോൾപോലും നിരവധി കുടുംബങ്ങൾ കുടിവെള്ള പ്രശ്നം നേരിടുകയും നിരവധി സഹോദരിമാർ വളരെ ദൂരെനിന്നും തലയിൽ വെള്ളമേറ്റി വരുന്ന കാഴ്ച കാണേണ്ടിവരികയുമാണ്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാകണം. ഓരോന്നും ഓരോ സെറ്റിൽമെന്റ് കോളനികളാണ്. ഉദ്യോഗാർത്ഥികൾക്കും ചെറുപ്പക്കാർക്കും തൊഴിൽ കൊടുക്കാൻ കഴിയുന്ന നിരവധി പദ്ധതികൾ ഇന്ന് ഗവൺമെന്റിന്റെയും ഡിപ്പാർട്ടുമെന്റിന്റെയും മുന്നിലുണ്ടെങ്കിലും അവർക്ക് തൊഴിൽ കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. അതൊന്നും മുന്നോട്ടുകൊണ്ടുവരാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥർ പഴയ കാലത്തിന്റെ അനിഷ്ട രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് പാവപ്പെട്ട ആദിവാസി ചെറുപ്പക്കാരോട് കാണിക്കുന്ന ഏറ്റവും വലിയ അനീതിയാണ്. ഇവിടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ട്. രാവിലെ മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ പോലീസ്, എക്സൈസ് ഉൾപ്പെടെ വിവിധ വകുപ്പുകളിലേക്ക്

സ്പെഷ്യൽ റിക്രൂട്ട്മെന്റ് സിസ്റ്റം കൊണ്ടുവന്നതിനെക്കുറിച്ച് സൂചിപ്പിച്ചു. ആദിവാസി സമൂഹത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ തസ്തികകളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടപ്പാക്കിയത് ലീഡർ കെ. കരുണാകരന്റെ കാലത്താണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട കാര്യത്തെ സംബന്ധിച്ച് ഒരു കാര്യം കൂട്ടിച്ചേർക്കുകയാണ്. ലീഡർ കെ. കരുണാകരന്റെ കാലത്ത് പ്രാധാന്യം കൊടുത്തിരുന്ന കായിക മേഖലയിൽ ഇന്ന് മലയാളിയുടെ അഭിമാനമുയർത്തി നീണ്ട 49 വർഷത്തിനുശേഷം ഒരു മലയാളി കായികതാരം ഒളിമ്പിക്സിൽ മെഡൽ നേടിയിരിക്കുന്നത് ശ്രീ. പി. ആർ. ശ്രീജേഷിലൂടെയാണ്. കായിക വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ച പാസ്സാക്കുന്ന ദിവസമാണിന്ന്. ശ്രീ. പി. ആർ. ശ്രീജേഷിന് അർഹമായ പാരിതോഷികം പ്രഖ്യാപിക്കാൻ ഗവൺമെന്റ് ഇതുവരെയും തയ്യാറാകാതിരിക്കുന്നത് ഖേദകരമാണ്. 1972-ലെ മ്യൂണിച്ച് ഒളിമ്പിക്സിൽ ശ്രീ. മാനുവൽ ഫ്രെഡറിക്കിനുശേഷം ഒരു മലയാളി കായികതാരം മെഡൽ നേടിയിട്ട് അതിന് പാരിതോഷികം പ്രഖ്യാപിക്കാത്തത് ശരിയല്ല. അദ്ദേഹത്തിന് അടിയന്തരമായി പാരിതോഷികം പ്രഖ്യാപിക്കണമെന്ന് ഈ സഭയ്ക്കുവേണ്ടി ആവശ്യപ്പെടുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസുകാർക്ക് നിയമനം നൽകിയതിലെ അപാകത പരിശോധിക്കണം. വനത്തിൽ അധിവസിക്കുന്ന ഉദ്യോഗാർത്ഥികൾക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തിയത്. വനത്തിനകത്തും പുറത്തും നിരവധി സ്പോർട്സ് താരങ്ങളായ പട്ടികജാതി/പട്ടികവർഗ്ഗ യുവാക്കളും ഉദ്യോഗാർത്ഥികളുമുണ്ട്. വനത്തിന്റെ പുറത്ത് താമസിക്കുന്നവർ ഇതിന് അപേക്ഷ നൽകുമ്പോൾ റിജക്ട് ചെയ്തു വിടുകയാണ്. അവർക്ക് റേഞ്ച് ഓഫീസറുടെ അനുമതി ആവശ്യമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് പൊതുനിയമം കൊണ്ടുവരേണ്ടത് അനിവാര്യമാണ്. യുവാക്കൾക്കും ഉദ്യോഗാർത്ഥികൾക്കും സ്പോർട്സ് താരങ്ങൾക്കും സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ പങ്കെടുക്കാനും നിയമനം കൊടുക്കാനുമുള്ള നടപടിയാണുണ്ടാകേണ്ടത്. നിരവധി രോഗികൾക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി എന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി പറഞ്ഞതിനെ നിഷേധിക്കുന്നില്ല. ഇന്ന് പാവപ്പെട്ട ആദിവാസി രോഗികൾ; ക്യാൻസർ, കിഡ്നി സംബന്ധമായ രോഗം ബാധിച്ചവർ, ഹാർട്ട് സംബന്ധമായ രോഗം ബാധിച്ചവർ, കെട്ടിടങ്ങളിൽനിന്നും മരത്തിൽനിന്നും വീഴുന്നതുമൂലമുള്ള അപകടങ്ങൾ സംഭവിച്ചവർ, വാഹനാപകടങ്ങളിൽപ്പെടുന്നവർ എന്നിവർ രോഗങ്ങളോ അപകടമോ സംഭവിച്ചാൽ പോകുന്നത് തൊട്ടടുത്ത ജില്ലാ ആശുപത്രികളിലോ അല്ലെങ്കിൽ ഏതെങ്കിലും പ്രൈവറ്റ് ആശുപത്രികളിലോ ആയിരിക്കും. അങ്ങനെ അഡ്മിറ്റ് ചെയ്യപ്പെട്ടവർക്ക് ആശുപത്രി ചെലവുകൾ

വഹിക്കുന്നതിനുവേണ്ടി ഒരു ലക്ഷം രൂപവരെ സർക്കാരിന് സഹായം നൽകാം. ഈ സഭ തുടങ്ങുന്നതിന് രണ്ടാഴ്ച മുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ ശ്രീ. സുമേഷ് എന്ന പട്ടികവർഗ്ഗക്കാരനായ ഒരു യുവാവ് മരത്തിൽനിന്ന് വീണ് നട്ടെല്ലൊടിഞ്ഞു. കൽപ്പറ്റ മേപ്പാടിയിലെ DM WIMS മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടു. ടി.ഒ., ടി.ഡി.ഒ. (Tribal Development Officer) എന്നിവരുടെയും ഡോക്ടറുടെയും സർട്ടിഫിക്കറ്റുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടതിനുശേഷം ഉത്തരവാദപ്പെട്ട സ്റ്റാഫിനെ അദ്ദേഹം ഏൽപ്പിക്കുകയും അവർ വകുപ്പ് സെക്രട്ടറിക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയും ഒരു ലക്ഷം രൂപയുടെ സഹായം അനുവദിച്ചിട്ടില്ല. എന്റെ ജാമ്യത്തിലാണ് ആശുപത്രിക്കാർ ആ യുവാവിനെ അവിടെനിന്നും ഡിസ്ചാർജ് ചെയ്തത്. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെമേലുള്ള ഉദ്യോഗസ്ഥരുടെ അനാസ്ഥ അവസാനിപ്പിച്ചില്ലെങ്കിൽ ഒരിക്കലും രക്ഷപ്പെടാൻ പോകുന്നില്ല.

സംസ്ഥാനത്തെ ഊരുകളിൽ ഓൺലൈൻ സംവിധാനം ലഭ്യമല്ലാത്ത നിരവധി വിദ്യാർത്ഥികളുണ്ട്. ഉദ്യോഗസ്ഥർ ഇന്നും ഗവൺമെന്റ് പറയുന്ന ജോലി ചെയ്യാൻ തയ്യാറാകുന്നില്ല. ഷോളയൂർ പഞ്ചായത്ത് കോളനിയിലെ മൂപ്പനെയും മക്കളെയും അറസ്റ്റുചെയ്യാനുള്ള സാഹചര്യമാണ് രാവിലെ അടിയന്തരപ്രമേയത്തിൽ സൂചിപ്പിച്ചത്. അവർ ശരിയും തെറ്റും തിരിച്ചറിയാൻ തയ്യാറാകുന്നില്ല. ചില ഉദ്യോഗസ്ഥമാർ ആദിവാസികളുടെ പദ്ധതികൾ അട്ടിമറിക്കുന്ന നയമാണ് ഗവൺമെന്റിന്റെ നേതൃത്വത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. കോർപ്പസ് ഫണ്ട് സംവിധാനത്തിലൂടെ ഭവന നിർമ്മാണം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പ്രത്യേക വകുപ്പ് എന്ന നിലയ്ക്ക് സബ്പ്ലാൻ പദ്ധതികൾ നടപ്പാക്കുന്നതിനായി അതുമായി ബന്ധപ്പെട്ട് ഒരു എഞ്ചിനീയറിംഗ് വിംഗ് സംസ്ഥാനത്തില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കെ. രാധാകൃഷ്ണൻ ഇത് വളരെ ഗൗരവത്തോടെയെടുക്കണം. പദ്ധതികൾ നന്നായി കൈകാര്യം ചെയ്യുന്നതിന് എഞ്ചിനീയറിംഗ് വിംഗ് ആവശ്യമായ സാഹചര്യത്തിൽ കേരളത്തിൽ ഇത് ആവിഷ്കരിക്കാൻ അങ്ങയുടെ നേതൃത്വത്തിൽ തയ്യാറാകണം. 140 നിയോജകമണ്ഡലങ്ങളിലും ട്രൈബൽ ഹോസ്പിറ്റൽ അന്താരാഷ്ട്ര നിലവാര ത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഈ ഗവൺമെന്റിന്റെ കാലത്ത് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റുകാര്യങ്ങളൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. ശശി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികവിഭാഗങ്ങളുടെ വികസനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ പിണറായി സർക്കാർ ചെയ്തുവരികയാണ്. വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

വളരെ ശ്രദ്ധേയമായിരുന്നു. 16,122 പഠന മുറികൾ നിർമ്മിക്കാൻ ഈ സർക്കാർ അനുമതി നൽകിയതിൽ 9,316 എണ്ണം ഇതിനകം പൂർത്തിയാക്കി. കൂടാതെ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 50 ശതമാനം വർദ്ധിപ്പിച്ചു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി. നിലവിലുണ്ടായിരുന്ന പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആധുനികവത്കരിച്ചു. സ്വാശ്രയ പ്രൊഫഷണൽ കോളേജ് ഹോസ്റ്റലിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 4,500 രൂപ ഗ്രാന്റ് അനുവദിച്ചു. സ്വകാര്യ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്കും 4,500 രൂപ ഗ്രാന്റ് അനുവദിക്കുകയുണ്ടായി. കൂടാതെ, നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികവിഭാഗം യുവതീ-യുവാക്കൾക്ക് സർക്കാർ ആശുപത്രിയിൽ രണ്ട് വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുകയും അതിന് പ്രതിമാസം 15,000 രൂപ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കഴിഞ്ഞ സർക്കാർ പുറപ്പെടുവിക്കുകയുമുണ്ടായി. ഡോ. അംബേദ്കർ മെമ്മോറിയൽ എം.ആർ.എസ്. തിരുവനന്തപുരത്തെ കട്ടേലയിൽ 1990-ലാണ് ആദ്യമായി സ്ഥാപിക്കുന്നത്. വയനാട് ജില്ലയിലെ മാനന്തവാടിയിലും എം.ആർ.എസ്. (മോഡൽ റസിഡൻഷ്യൽ സ്കൂൾ) സ്ഥാപിക്കുകയുണ്ടായി. ഈ രണ്ട് എം.ആർ.എസ്.കൾ സ്ഥാപിച്ചതിനുശേഷം കേരളത്തിൽ അങ്ങോളമിങ്ങോളം എല്ലാ ജില്ലകളിലും ഏതാണ്ട് പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി 18 എം.ആർ.എസ്.-കളും പട്ടികവർഗ്ഗക്കാർക്കുവേണ്ടി 20 എം.ആർ.എസ്-കളും സ്ഥാപിക്കുകയും അവ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് പട്ടികവിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. അതോടൊപ്പം, പ്രിയദർശിനി പാരാമെഡിക്കൽ സെന്ററുകൾ സ്ഥാപിച്ചു. ഇതിലൂടെ നഴ്സിംഗിലും പാരാമെഡിക്കൽ കോഴ്സുകളിലും പഠിക്കാനുള്ള വലിയൊരു അവസരമാണ് എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ലഭിച്ചത്. എം.ആർ.എസ്.-ന്റെയും പ്രിയദർശിനി പാരാമെഡിക്കൽ സെന്ററിന്റെയും നിർമ്മാണത്തിനാവശ്യമായ ഫണ്ട് പൂർണ്ണമായും പട്ടികവിഭാഗത്തിന്റെ വികസനത്തിനായി നീക്കിവച്ചിട്ടുള്ള എസ്.സി.പി., ടി.എസ്.പി., എസ്.സി.എ. ടു എസ്.സി.പി. തുടങ്ങിയ ഫണ്ടുകളിൽ നിന്നാണ് ഉപയോഗിച്ചിട്ടുള്ളത്. എം.ആർ.എസ്.-കളിലെ അദ്ധ്യാപകരെയും മറ്റ് ജീവനക്കാരെയും വിദ്യാഭ്യാസ വകുപ്പിൽനിന്നാണ് നിയമിച്ചിട്ടുള്ളത്. ഇവരുടെ ശമ്പളം പൂർണ്ണമായും വിദ്യാഭ്യാസ വകുപ്പിൽനിന്നാണ് ഇപ്പോഴും നൽകിവരുന്നത്. ആവർത്തന ചെലവുകളും വിദ്യാഭ്യാസ വകുപ്പിൽ നിന്നാണ് നൽകിവരുന്നത്. പ്രിയദർശിനി പാരാമെഡിക്കൽ സെന്ററിന്റെ പ്രവർത്തനം പരിശോധിച്ചാൽ അവിടെയുള്ള അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും ആ വകുപ്പുമായി ബന്ധപ്പെട്ട

ഹെഡിൽനിന്നാണ് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതെന്ന് കാണാൻ കഴിയും. പട്ടികവിഭാഗങ്ങൾക്കുവേണ്ടി പാലക്കാട് സ്ഥാപിച്ചിട്ടുള്ള മെഡിക്കൽ കോളേജിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാനിത് സൂചിപ്പിച്ചത്. ഇതിന്റെ അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കുന്നതിനുവേണ്ടി എസ്.സി.പി./ ടി.എസ്.പി./ എസ്.സി.എ. ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്. മറ്റെല്ലാ ആവർത്തന ചെലവുകളും മെഡിക്കൽ കോളേജുകളെപ്പോലെ ആരോഗ്യ വകുപ്പാണ് വഹിക്കേണ്ടത്. എം.ആർ.എസ്.-ന്റെ വിഷയത്തിലും പ്രിയദർശിനി പാരാമെഡിക്കൽ സെന്ററിന്റെ കാര്യത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത് ആ നിലപാടാണ്. അതല്ലാതെ പട്ടിക വിഭാഗങ്ങളുടെ വികസനത്തിനായി നീക്കിവയ്ക്കുന്ന തുക പാലക്കാട് മെഡിക്കൽ കോളേജിലെ ആവർത്തന ചെലവുകൾക്കായി വിനിയോഗിച്ചാൽ അത് പട്ടികവിഭാഗങ്ങൾക്കുവേണ്ടി നീക്കിവയ്ക്കുന്ന തുക ദുർവിനിയോഗം ചെയ്യുന്നതായി കണക്കാക്കപ്പെടും. വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുതിയ മൂന്ന് എം.ആർ.എസ്. സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു ഐ.ടി.ഐ., മൂന്ന് പ്രീമെട്രിക് ഹോസ്റ്റലുകൾ, ഒരു പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ തുടങ്ങിയ പ്രോജക്ടുകളും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇവയുടെ നടത്തിപ്പിനാവശ്യമായ ജീവനക്കാരുടെ കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ ഇപ്പോൾത്തന്നെ നടപടി സ്വീകരിച്ചാൽ മാത്രമെ അവയുടെ നിർമ്മാണം പൂർത്തിയാക്കുമ്പോൾ എം.ആർ.എസ്.-ന്റെയും മറ്റ് ഐ.ടി.ഐ. സ്ഥാപനങ്ങളുടെയും പ്രവർത്തനവും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. കേരളത്തിൽ പട്ടികവിഭാഗങ്ങളുടെ തൊഴിലവസരം ലക്ഷ്യമാക്കി 1956 മുതൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. 1956-ൽ തൊഴിൽ പരിശീലനം നൽകിയത്, മരപ്പണി, ചൂരൽപ്പണി, തഴപ്പായ് നെയ്ത്ത്, കൈത്തറി നെയ്ത്ത് തുടങ്ങിയ മേഖലകളിലായിരുന്നു. 34 വർഷങ്ങൾക്കുശേഷം 1990-ൽ 12 ജില്ലകളിലായി 41 ഐ.ടി.ഐ.-കളും 2010-ൽ പട്ടികവർഗ്ഗക്കാർക്കായി 3 ഐ.ടി.ഐ.-കളും പ്രത്യേകമായി പ്രവർത്തനം ആരംഭിച്ചു. സർവ്വേയർ, ഡ്രാഫ്റ്റ്സ്മാൻഷിപ്പ്, സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, മെക്കാനിക്, പെയിന്റിംഗ്, കാർപ്പെന്റർ, വെൽഡർ, പ്ലംബർ തുടങ്ങിയ മേഖലയിലുള്ള പരിശീലനമാണ് ഇവർക്ക് നൽകിവരുന്നത്. പ്രതിവർഷം ശരാശരി 1,500-ഓളം വിദ്യാർത്ഥികൾ NCVT (National Council of Vocational Training) ട്രേഡുകളിൽ പരിശീലനം പൂർത്തിയാക്കി പുറത്തുവരുന്നു. ഈ പരിശീലന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതും കുറവുള്ള ജീവനക്കാരെ നിയമിക്കേണ്ടതുമുണ്ട്. ഇവ രണ്ടും നിർവ്വഹിച്ചുകഴിഞ്ഞാൽ കൂടുതൽ യുവതീ-യുവാക്കൾക്ക്

പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകാൻ സാധിക്കും. നിലവിലുള്ള കോഴ്സുകൾ നിലനിർത്തിക്കൊണ്ട് പുതിയ മേഖലകളിൽ പരിശീലനം നൽകുന്ന നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. എയ്ഡഡ് സ്കൂളായി പ്രവർത്തിക്കുന്ന മഹാത്മാ അയ്യങ്കാളി വെങ്ങാനൂരിൽ സ്ഥാപിച്ച സ്കൂൾ ഇന്ന് അടച്ചുപൂട്ടലിന്റെ വക്കിലാണ്. 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത സ്കൂൾ ഏറ്റെടുത്ത് സർക്കാർ സ്കൂളാക്കി മാറ്റുന്നതാണെന്നും എം.ആർ.എസ്. പദവിയിലേയ്ക്ക് ഉയർത്തി നിലനിർത്താമെന്നും ധനകാര്യ വകുപ്പുമന്ത്രി അന്ന് നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും തുടർ നടപടിയുണ്ടായിട്ടില്ല. ചരിത്ര സ്മാരകമായ വിദ്യാഭ്യാസ സ്ഥാപനം എം.ആർ.എസ്. നിലയിലേയ്ക്കുയർത്തി നിലനിർത്തണമെന്ന് ഈ സന്ദർഭത്തിൽ വീണ്ടും ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര സർക്കാർ 2021-22-ൽ 51.65 ശതമാനം വർദ്ധനവ് എസ്.സി./എസ്.ടി. വിഹിതത്തിൽ നടത്തിയെന്നാണ് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചത്. പട്ടികജാതി വികസനത്തിനുമാത്രം 83,256 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഇത് ഒരു കോടി ഇരുപത്തിയാറ് ലക്ഷത്തി ഇരുന്നൂറ്റി അൻപത്തൊൻപത് രൂപയായി വർദ്ധിപ്പിച്ചിരുന്നുവെന്നും പ്രഖ്യാപിച്ചിരുന്നു. വലിയ തുകയാണ് കേന്ദ്ര സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി നീക്കിവയ്ക്കുന്നത്. ജനസംഖ്യയ്ക്ക് ആനുപാതികമായ വിഹിതം സംസ്ഥാന ഗവൺമെന്റിനും ലഭിക്കേണ്ട തായിട്ടുണ്ട്. അത് എത്രമാത്രം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വളരെ വിശദമായ പരിശോധനയ്ക്ക് ഗവൺമെന്റ് തയ്യാറാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. സെൻട്രൽ സ്കീം, സെൻട്രലി സ്പോൺസേഡ് സ്കീം എന്നീ രണ്ട് ഇനങ്ങളിലാണ് ഫണ്ട് അനുവദിച്ചുവരുന്നത്. ഈ രണ്ടിനങ്ങളിലായി ഏതെല്ലാം പദ്ധതികൾ വഴി ഫണ്ട് ലഭ്യമാക്കാൻ സാധിച്ചിട്ടു ണ്ടെന്നുള്ളത് സംബന്ധിച്ച് വിശദമായ പരിശോധനയ്ക്ക് ഗവൺമെന്റ് തയ്യാറാക ണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ അനുകൂലിച്ചു കൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജനകീയ പങ്കാളിത്തത്തോടും എല്ലാവരുടേയും സഹകരണത്തോടുംകൂടി വളരെ ഫലപ്രദമായി നിർവ്വഹിക്കാൻ സാധിച്ചു. അതുവഴി പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പൊതുവിദ്യാലയങ്ങളിൽ അഡ്മിഷൻ വർദ്ധിപ്പിക്കാനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും സാധിച്ചുവെന്നു മാത്രമല്ല, റിസൾട്ടിലും അതിന്റെ പ്രതിഫലനമുണ്ടാക്കാൻ സാധിച്ചു. എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി റിസൾട്ട് സർവ്വകാല റിക്കോർഡായി കണ്ടുകൊണ്ടിരിക്കുകയാണ്. പാസ്സായ കുട്ടികൾക്ക് തുടർപഠനത്തിനുള്ള അവസര

മുണ്ടാകണം. കഴിഞ്ഞ പ്രാവശ്യം ഇതുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയവും സബ്മിഷനും ശ്രദ്ധക്ഷണിക്കലുമൊക്കെ സഭയിൽ അവതരിപ്പിച്ചതാണ്. മലപ്പുറം ജില്ലയിൽ 75987 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയപ്പോൾ 75527 കുട്ടികൾ ജയിച്ചു. എല്ലാവിഷയത്തിനും എ പ്ലസ് നേടിയ കുട്ടികളുടെ എണ്ണം ഏകദേശം 18962 ആണ്. ജയിച്ച കുട്ടികൾ ഇനി എന്ത് ചെയ്യും. അഡ്മിഷനുവേണ്ടി രക്ഷിതാക്കളും കുട്ടികളും നെട്ടോട്ടമോടുകയാണ്. അവിടെയുള്ള പ്ലസ് വൺ സീറ്റുകളുടെ ആകെ എണ്ണം ഏകദേശം അമ്പത്തിരണ്ടായിരമാണ്. സീറ്റുകൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം കാര്യമില്ല. പുതിയ ബാച്ചുകൾ അനുവദിച്ചുകൊണ്ട് എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച മുഴുവൻ കുട്ടികൾക്കും പഠന സൗകര്യമൊരുക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകണമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അപേക്ഷിക്കുകയാണ്. ഹയർ സെക്കണ്ടറിയുടെ കാര്യവും അതുപോലെയാണ്. ഹയർ സെക്കണ്ടറി പരീക്ഷയിൽ നല്ല റിസൾട്ടാണ് ലഭിച്ചത്. കുട്ടികൾ ഡിഗ്രി പഠനത്തിനുവേണ്ടി നെട്ടോട്ടമോടുകയാണ്. അവർക്കും പഠിക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. എല്ലാ വിഷയത്തിനും എ പ്ലസ് നേടിയ കുട്ടികൾ പഠിക്കാൻ ആഗ്രഹിക്കുന്ന വിഷയങ്ങളും ആഗ്രഹിക്കുന്ന കോളേജുകളും ലഭിക്കാത്ത അവസ്ഥക്ക് പരിഹാരം കണ്ടെത്തുന്നതിനും തുടർപഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം. ശ്രീ. കെ. പി. എ. മജീദിന്റെ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലും എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്നിലും സർക്കാർ മേഖലയിൽ കോളേജുകളില്ല. വള്ളിക്കുന്നിൽ കോളേജ് അനുവദിക്കണമെന്നത് നിരവധി തവണ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇതിനായി ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. അടിയന്തരമായി വള്ളിക്കുന്നിൽ ന്യൂജെൻ കോഴ്സുകളോടു കൂടിയ ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും അഭ്യർത്ഥി ക്കുകയാണ്. ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചേളാരി ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽനിന്ന് ഏകദേശം 2 കോടി 85 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും ഇപ്പോഴും പരിഹാരമുണ്ടായിട്ടില്ല. ഈ വിഷയവും നിരവധി തവണ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നിട്ടുണ്ട്. ആ കെട്ടിട നിർമ്മാണം പകുതിയിൽ വച്ച് മുടങ്ങിക്കിടക്കുകയാണ്. ജില്ലാപഞ്ചായത്തും പി.ടി.എ.-യും എം.എൽ.എ.-യും ജനപ്രതിനിധികളും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടെങ്കിലും നിർത്തിവച്ച നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ ദിവസം ഞാൻ ഈ വിഷയം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു; അടിയന്തരമായി ഇക്കാര്യത്തി ലിടപെട്ട് പരിഹാരമുണ്ടാക്കണമെന്നാണ് പറയാനുള്ളത്. അതുപോലെ, ഏറ്റവും

കൂടുതൽ പ്രവാസികളുള്ള മലപ്പുറം ജില്ലയിൽ കോവിഡ് പ്രതിസന്ധി കാരണം പതിനായിരക്കണക്കിന് പ്രവാസികളാണ് നാട്ടിലേയ്ക്ക് മടങ്ങിവന്നത്. സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിൽ നിർണ്ണായക പങ്കുവഹിച്ച പ്രവാസികളുടെ കദനകഥകൾ സർക്കാർ മനസ്സിലാക്കണം. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുന്നതിനുവേണ്ടി കഷ്ടപ്പെടുന്ന പ്രവാസികൾക്കായി ഈ അവസരത്തിൽ ധനസഹായ പാക്കേജും വരുമാന മാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ടിയുള്ള തൊഴിൽപരമായ ബിസിനസ്സ് പാക്കേജും പ്രഖ്യാപിക്കണം. അവർക്ക് പലിശരഹിത വായ്പാസഹായവുംകൂടി നൽകണമെന്ന് ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. സർവ്വകലാശാല കൾക്കുവേണ്ടി കാലാകാലങ്ങളിൽ സർക്കാർ ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുന്നുണ്ട്. ഇക്കഴിഞ്ഞ അഞ്ച് വർഷക്കാലം അനുവദിച്ച തുകയിൽനിന്ന് പത്ത് ശതമാനം മാത്രമാണ് അവർക്ക് ലഭിച്ചിട്ടുള്ളത്. പരീക്ഷാ ഫീസ് ഇനത്തിലും മറ്റിനങ്ങളിലും വാങ്ങുന്ന സർവ്വകലാശാലകളുടെ തനതുഫണ്ടാണ് അറ്റകുറ്റപ്പണികൾക്കടക്കം ദൈനംദിന കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത്. ബഡ്ജറ്റിൽ ആലങ്കാരികമായി വയ്ക്കുകയെന്നല്ലാതെ ഇതുകൊണ്ട് യാതൊരു ഗുണവും ലഭിക്കുന്നില്ല. അതുകൊണ്ട് ബഡ്ജറ്റിൽ നീക്കി വയ്ക്കുന്ന സംഖ്യ അവർക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. 2017-18-ൽ ബഡ്ജറ്റിൽ 24 കോടി രൂപ വകയിരുത്തിയി രുന്നെങ്കിലും അവർക്ക് നൽകിയത് അഞ്ച് കോടി രൂപ മാത്രമാണ്. 2018-19-ൽ 25 കോടി രൂപ നീക്കിവച്ചപ്പോൾ അവർക്ക് നൽകിയത് 13 കോടി രൂപയാണ്. 2019-20-ൽ 25 കോടി രൂപയും 2020-21-ൽ 22 കോടി രൂപയും നീക്കിവച്ചെങ്കിലും ഒരു നയാപൈസപോലും നൽകിയിട്ടില്ല. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ച് വർഷംകൊണ്ട് 110 കോടി രൂപ സർവ്വകലാശാലകൾക്ക് നൽകുകയുണ്ടായി. ഈ അന്തരം മനസ്സിലാക്കി ഇതിനായി ബഡ്ജറ്റിൽ വകയിരുത്തുന്ന സംഖ്യ കൃത്യമായി അവർക്ക് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഷോളയൂർ പഞ്ചായത്തിൽ ആദിവാസി ഊരിൽ നടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് ഇന്ന് രാവിലെ സഭയിൽ ചർച്ച ചെയ്തതാണ്. ഇത്തരത്തിൽ ആദിവാസി ഊരുകളിൽ കയറിയുള്ള പോലീസിന്റെ അതിക്രമം കാരണം ആ ജനവിഭാഗങ്ങൾക്കുണ്ടാകുന്ന അരക്ഷിതാവസ്ഥ വളരെ വലുതാണ്. അത് ഒരിക്കലും ഒരു സർക്കാരിന് ഭൂഷണമല്ലെന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രത്യേക ഭവന പദ്ധതികൾ ഇല്ലാത്തതുകൊണ്ടുണ്ടാകുന്ന പ്രതിസന്ധിയും വളരെ വലുതാണ്. അനവധി അർഹരായ വ്യക്തികൾക്ക്/കുടുംബങ്ങൾക്ക് വീടുകൾ

നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവിടെ ഗവൺമെന്റ് നൽകിയ കണക്കിൽ സൂചിപ്പിക്കുന്നത്, 8764 ഭവനങ്ങൾക്കാണ് ലൈഫ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ അനുമതി നൽകിയത് എന്നാണ്. അതിൽ 4387 വീടുകൾ പൂർത്തിയാക്കുവാൻ കഴിഞ്ഞു. അർഹതപ്പെട്ട എത്രയോ ആളുകൾ ഭവനമില്ലാതെ നിൽക്കുന്നുവെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അംബേദ്കർ ഭവന പദ്ധതിയെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുകയുണ്ടായി. അംബേദ്കർ കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഒരു കോടി രൂപയാണ് ഒരു കോളനിക്ക് നൽകുന്നത്. എത്ര കോളനികൾ പൂർത്തിയാകാത്തതായി ഉണ്ടെന്ന് എല്ലാ നിയോജകമണ്ഡലവും പരിശോധിച്ചുനോക്കിയാൽ മനസിലാക്കാൻ സാധിക്കും. നിർമ്മിതിപോലുള്ള ഏജൻസിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്. അവർ നിർമ്മാണ പ്രവർത്തനങ്ങൾ പകുതി വഴിക്ക് ഇട്ടിട്ടുപോകും. ഇത്തരത്തിലുള്ള പിന്നാക്ക ജനവിഭാഗങ്ങളുടെ മുന്നേറ്റത്തിനും സാമൂഹ്യ മാറ്റത്തിനുംവേണ്ടിയാണ് ഈ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുള്ളത്. അവ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ലെങ്കിൽ, അത് ഏറ്റെടുക്കുന്ന ഏജൻസികൾക്കെതിരെ ക്രിമിനൽ കേസ്സെടുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ എത്ര പട്ടികജാതി വിഭാഗങ്ങളുണ്ടെന്നുള്ള ചോദ്യത്തിന്, 261 പട്ടികജാതി കുടുംബങ്ങളുണ്ടെന്നും അതിൽ 39 കുടുംബങ്ങൾക്കാണ് വീട് നൽകിയതെന്നും ഗവൺമെന്റ് രേഖാമൂലം മറുപടി നൽകിയിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലത്ത് 222 കുടുംബങ്ങൾക്കുംകൂടി വീട് നൽകുമെന്ന് മന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. ഇതേ മറുപടിതന്നെയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ലഭിച്ചത്. അതോടൊപ്പം എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന എന്റെ മറ്റൊരു ചോദ്യത്തിന്, 27 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനങ്ങൾ നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭിച്ചത്. അതിൽ അഞ്ച് വീടുകൾ പിറവം നിയോജകമണ്ഡലത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രത്യേക ഭവന പദ്ധതികൾ ഇല്ലാത്തതുമൂലമുണ്ടായിരിക്കുന്ന പ്രതിസന്ധികളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. മൂന്ന് വർഷംമുമ്പ് എനിക്കുണ്ടായ ഒരു അനുഭവത്തെക്കുറിച്ച് പറയാം. എന്റെ നിയോജകമണ്ഡലത്തിലെ ചോറ്റാനിക്കരയിൽ വെട്ടിക്കൽ കോളനിയിൽ ആറ് പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടിന്റെ ശോചനീയാവസ്ഥ എന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ, ഞാൻ ആ കോളനിയിൽ സന്ദർശനം നടത്തുകയും വീടുകൾ കാണുകയും വീടിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് അന്നത്തെ പട്ടികജാതി വകുപ്പുമന്ത്രിയെ സമീപിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനാൽ ഞാൻ അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെ കാണുകയും അദ്ദേഹം ഇത് ലൈഫ് മിഷൻ

പദ്ധതിയിലുൾപ്പെടുത്തണമെന്ന് ഫയലിൽ എഴുതിവയ്ക്കുകയും ചെയ്തു. പക്ഷെ ഈ ഫയൽ താഴെത്തലത്തിൽ വന്നപ്പോൾ ഇവർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണെന്നതിന് തെളിവൊന്നുമില്ലെന്നാണ് അറിയിച്ചത്. ആ തെളിവുകൾ ഉണ്ടാക്കിയെടുക്കുന്നതിന് ഒരുവർഷത്തിനുമുകളിൽ കാലതാമസമുണ്ടായി. അതിനുശേഷം സർട്ടിഫിക്കറ്റ് അവർക്ക് ലഭിക്കുകയും അവരെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തുകയും ചെയ്തു. പക്ഷെ ഇവരുടെ പേര് ലിസ്റ്റിന്റെ അവസാനമായതുകൊണ്ട് ഇപ്പോഴും അവർ മുൻഗണനയിൽ എത്തിയിട്ടില്ല. അവരുടെ വീട് തീർത്തും ശോചനീയമായ അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള ജനവിഭാഗങ്ങൾക്ക് പ്രത്യേക ഭവന പദ്ധതി പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടത് അനിവാര്യമാണെന്നും ഇതുപോലെ അനവധി ഉദാഹരണങ്ങൾ കേരളത്തിലുണ്ടെന്നും ഞാൻ ഓർമ്മപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ചോറ്റാനിക്കര പഞ്ചായത്തിലെ ആറ് പട്ടികവർഗ്ഗ കുടുംബങ്ങളുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ പ്രത്യേകം നിവേദനം നൽകിയിട്ടുണ്ട്. അത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് അടിയന്തര ഇടപെടലുണ്ടാകണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

[1.00 P.M.]

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഇവിടെ അവതരിപ്പിച്ച ആറ് ധനാഭ്യർത്ഥനകളെയും ഞാൻ അനുകൂലിക്കുകയാണ്. അതിൽ പ്രധാനമായും രാജ്യം 75-ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കാൻ പോകുന്ന ഈ അവസരത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെയും ആദിവാസി വിഭാഗങ്ങളുടെയും കാര്യം പരിശോധിക്കുമ്പോൾ അവരൊക്കെ സമൂഹത്തിന്റെ ഉന്നതിയിലെത്തിയിട്ടില്ലെന്ന് കാണാൻ കഴിയും. പക്ഷേ ഇങ്ങനെയൊരു പശ്ചാത്തലം നിൽക്കുമ്പോൾ ഇന്ന് കേന്ദ്രം ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റും അതിന് പിന്തുണ കൊടുക്കുന്ന ആർ.എസ്.എസ്.-ന്റെ നേതാവ് മോഹൻ ഭാഗവതും പറയുന്നത് ഭരണഘടനാപരമായി അവർക്ക് സംവരണം ഇനി ആവശ്യമില്ലെന്നാണ്. പക്ഷേ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇന്ന് ഓരോ മണിക്കൂറിലും ഓരോ പട്ടികവർഗ്ഗക്കാരനും പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നാണ് പൊതുവായി കണക്കുകൾ സൂചിപ്പിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിലെ ഒരാൾ മരിച്ചാൽ അയാളുടെ മൃതശരീരം കൊണ്ടുപോകാൻ ആംബുലൻസുപോലും ലഭിക്കാത്ത കാലമാണിത്; വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മരിച്ചാൽ കുഴിച്ചിടാൻപോലും നിർവ്വാഹമില്ലാത്ത അവസ്ഥയാണ്. ഇതാണ് ഇന്ത്യാരാജ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ ആളുകൾ നേരിട്ടുകൊണ്ടിരിക്കുന്ന പൊതുസ്ഥിതി. പക്ഷേ ഇവയെല്ലാം കണക്കിലെടുത്ത് കേരളത്തിന്റെ കാര്യം മാത്രം പരിശോധിക്കുകയാണെങ്കിൽ

കേരളത്തിലെ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റും ഇപ്പോൾ തുടർന്നുഭരിക്കുന്ന ഇടതുപക്ഷ ഗവൺമെന്റും ഈ വിഭാഗത്തോട് വളരെ അനുകൂല നിലപാടാണ് സ്വീകരിച്ചതെന്ന് കാണാൻ കഴിയും. കഴിഞ്ഞ ഗവൺമെന്റ് 241 പട്ടികവർഗ്ഗ മെന്റർ ടീച്ചർമാരെ നിയമിച്ചതിലൂടെ അവർക്ക് ജോലിയും വരുമാനവും കൊടുക്കാൻ സാധിച്ചു. 175 യുവതീയുവാക്കൾക്ക് പോലീസിൽ ജോലി കൊടുത്തുകൊണ്ട് അവർക്കൊരു ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനി 200 സ്പെഷ്യൽ റിക്രൂട്ട്മെന്റുകൂടി ഇവിടെ നടത്താൻ പോകുന്നുണ്ടെന്നാണ് ഇന്ന് രാവിലെ അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മുഖ്യമന്ത്രി പറഞ്ഞത്. അങ്ങനെ സർക്കാരിന്റെ ജോലി ലഭിക്കുമ്പോൾ അവർക്കൊരു തൊഴിലും വരുമാനവും സാമൂഹ്യസംസ്കാരവുമാണ് ഇതിൽക്കൂടി ഉണ്ടാക്കിയെടുക്കാൻ കഴിയുന്നത്. ഈ രീതിയിലാണ് കേരളത്തിലെ ഗവൺമെന്റ് ഈ വിഭാഗത്തോട് അനുകൂല നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. റൂൾ 50 പ്രകാരം അവതരിപ്പിച്ച അട്ടപ്പാടിയിലെ വിഷയത്തിന്റെ യാഥാർത്ഥ്യം എന്താണെന്നുള്ളത് എല്ലാവർക്കും മനസിലായിട്ടുണ്ട്. അതിലും വലിയ കാര്യമാണല്ലോ യു.ഡി.എഫ്. ഭരണ കാലത്തുണ്ടായത്; അത് വീണ്ടും ഓർമ്മിപ്പിക്കുന്നതിൽ പ്രയാസമുണ്ട്. വയനാട്ടിലെ മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട് കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റും പോലീസും പട്ടികവർഗ്ഗ വിഭാഗത്തോട് സ്വീകരിച്ച നിലപാട് ഇന്ത്യൻ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ട, ആദിവാസിയായ ജോഗിയെ വെടിവച്ചുകൊല്ലുകയും വയനാട് ജില്ലയിലെ ആദിവാസികളെ മൃഗീയമായി മർദ്ദിച്ചൊതുക്കുകയും ചെയ്ത ചരിത്രസംഭവം കേരളത്തിൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായത് യു.ഡി.എഫ്.-കാർ മറക്കാൻ പാടില്ല. ഈ രീതിയിലാണ് യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും ഭരണം സംബന്ധിച്ച് കാണാൻ കഴിയുന്നത്. ഇന്ന് കേരളത്തിൽ നൂറുകണക്കിന് പ്രൊമോട്ടർമാരും സോഷ്യൽ മെന്റർമാരായ പ്രൊമോട്ടർമാരും ജോലിയെടുത്ത് ജീവിക്കുന്നു. ഈ ഗവൺമെന്റ് അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ ഒട്ടനവധി കോളനികൾ നവീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇന്ന് കേരളത്തിലെ ഏതെങ്കിലും ഒരു ആദിവാസി കുടുംബത്തിലെ ഒരാൾക്ക് രോഗം വന്ന്, വാഹനം വേണമെന്ന് പ്രൊമോട്ടർമാരെ വിളിച്ച് ആവശ്യപ്പെടുകയാണെങ്കിൽ അവരുടെ വീട്ടുപടിക്കൽ ആംബുലൻസ് എത്തിനിൽക്കുന്ന അവസ്ഥയാണുള്ളത്. സർക്കാരിന്റെ എല്ലാ ആശുപത്രികളിലും ഇന്ന് ആദിവാസികൾക്ക് പരമാവധി സൗജന്യ ചികിത്സ കൊടുക്കുന്നതിനുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ രീതിയിലുള്ള ഏറ്റവും മികച്ച പ്രവർത്തനമാണ് ഈ മേഖലയ്ക്കുവേണ്ടി കേരളത്തിലെ ഗവൺമെന്റ് ചെയ്യുന്നത്.

യു.ഡി.എഫ്.-ന്റെ കാലത്ത് ആദിവാസികളെ സംരക്ഷിക്കുന്നതിനായി 'ആശിക്കും ഭൂമി ആദിവാസിക്ക്' എന്ന വ്യത്യസ്തമായ പദ്ധതി നടപ്പാക്കിയിരുന്നു. അതിന്റെ നിജസ്ഥിതി പലതവണ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. ആർക്കാണ് ഭൂമി ലഭിച്ചത്, ഏത് ആദിവാസിക്കാണ് ആശിക്കുന്ന ഭൂമി ലഭിച്ചിട്ടുള്ളത്? അതുപോലെ യു.ഡി.എഫ്.-ന്റെ കാലത്ത് ആദിവാസി വിഭാഗത്തിന്റെ കടങ്ങൾ/ ലോണുകൾ എഴുതിത്തള്ളാനുള്ള ഒരു പദ്ധതി നടപ്പാക്കിയിരുന്നു. ആരുടെ ലോണാണ് എഴുതിത്തള്ളിയതെന്ന് എല്ലാവർക്കും അറിയാം. ഇതാണ് യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം തമ്മിലുള്ള വ്യത്യാസം. വളരെ അനുകൂലമായ നടപടിയും പരിരക്ഷയുമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ നവകേരള മിഷനിലുൾപ്പെടുത്തി നമ്മുടെ സ്കൂളുകളെയെല്ലാം ആധുനിക വത്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഏറ്റവും നല്ല രീതിയിൽ ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കാനുള്ള നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ച് വരുന്നുണ്ട്. കായികപരമായി പരിശോധിക്കുമ്പോൾ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഓരോ ജില്ലയിലും കായിക വിനോദവും കായിക താരങ്ങളെ വളർത്തുന്നതിനായി ആവശ്യമായ കളിസ്ഥലങ്ങൾ ജില്ലാതലത്തിലും പഞ്ചായത്ത്തലത്തിലും നിർമ്മിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കായിക മത്സരത്തിൽ മികവ് നേടിയ ഒട്ടനവധി കുട്ടികൾക്ക് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് സർക്കാർതലത്തിൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. കലാ-സാംസ്കാരിക രംഗത്ത് ഓരോ ജില്ലയിലും ഓരോ സാംസ്കാരിക സമുച്ചയം നിർമ്മിക്കാനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട സാംസ്കാരിക നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങളും സാംസ്കാരിക ഭവനങ്ങളും നിർമ്മിച്ചുകൊണ്ട് കേരളത്തിന്റെ സാംസ്കാരിക ഉന്നമനം ഉയർത്തിപ്പിടിക്കാനാണ് സർക്കാർ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തോട്ടം തൊഴിലാളികൾക്ക് വേതനംപോലും കുടിശ്ശികയായി കിടക്കുന്ന അവസ്ഥയായിരുന്നു. ഇടതുപക്ഷ ഗവൺമെന്റ് വന്നതിനു ശേഷമാണ് കുടിശ്ശികയും കൂലിയുമൊക്കെ കൃത്യമായി കൊടുത്തുകൊണ്ട് അവരെ പരിരക്ഷിക്കാനുള്ള സമീപനം സ്വീകരിച്ചത്. തോട്ടം തൊഴിലാളിയുടെ ഭവന നിർമ്മാണ പദ്ധതി ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി വീടുകൊടുക്കാനുള്ള നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ, പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഇന്ന് പാലുല്പാദനം 100 ശതമാനം തികയ്ക്കുന്നതിനുള്ള ശക്തമായ നടപടി മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ചുവരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ

കാലത്താണ് കേരളത്തിൽ ഇതിലേയ്ക്കായി ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ സാധിച്ചത്. അധികം വരുന്ന പാൽ സംസ്കരിക്കുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മലപ്പുറത്ത് ഒരു പാൽപ്പൊടി കേന്ദ്രം നിർമ്മിക്കുന്നതിനെക്കുറിച്ച് തീരുമാനമെടുക്കുകയും അതിന്റെ നടപടിയുമായി ഈ ഗവൺമെന്റ് ഇപ്പോൾ മുന്നോട്ടുപോകുകയുമാണ്. സാമൂഹിക സുരക്ഷയുമായി ബന്ധപ്പെട്ട്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വളർന്നുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് ഒട്ടനവധി നിയമനടപടികളും പരിരക്ഷയും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ തുടർച്ചയെന്ന നിലയ്ക്കാണ് ഈ ഗവൺമെന്റ് നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഇന്നത്തെ ആധുനിക കാലഘട്ടത്തിൽ കേരളത്തിന്റെ സമസ്ത മേഖലകളെയും വകുപ്പുകളെയും മുന്നോട്ടുനയിക്കുന്നതിനുള്ള ശക്തമായ നടപടി നടത്തിക്കൊണ്ടിരിക്കുന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, വെടിയുണ്ടകൾക്ക് തകർക്കാനാകാത്ത ധീരതയോടെ മലാല യൂസഫ്സായ് വരച്ചിട്ട ഈ വാക്കുകളിലൂടെ കാലത്തിനു മുമ്പേ നടന്ന നാടാണ് കേരളം. 'One child, one teacher, one book and one pen can change this world'. കേരളത്തിന്റെ വൈജ്ഞാനിക മുന്നേറ്റത്തിലെ ചൈതന്യമാർന്ന കാലഘട്ടംതീർത്ത കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കോവിഡ് കാലത്തെ വിദ്യാഭ്യാസത്തെക്കുറിച്ച് യൂണിസെഫിന്റെ റിപ്പോർട്ട് പുറത്തിറങ്ങിയിട്ടുണ്ട്. "..1.6 billion children were affected by school closures, causing the largest mass disruption of education.." എന്നാണ് പറയുന്നത്. ലോകത്തിന്റെ എല്ലാ ഭാഗത്തും വിദ്യാഭ്യാസത്തിന് വലിയ തകർച്ച നേരിട്ടപ്പോൾ ആ അറിവിന്റെ ചരടുകൾ പൊട്ടാതെ സംരക്ഷിച്ച കേരളത്തിലെ ഗവൺമെന്റിനെ ചിലർ പെറ്റി സർക്കാർ എന്ന് വിശേഷിപ്പിച്ചേക്കാം. പക്ഷെ 'what a pretty government is this!' എന്നു പറയുന്നത് കേരളത്തിലെ കുഞ്ഞുങ്ങളാണെന്ന് അഭിമാനത്തോടെ പറഞ്ഞു വയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അടുത്ത കാലത്ത് ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ SIET Director ശ്രീ. ബി. അബുരാജ് 'കുട്ടികളുടെ സന്തോഷം' എന്ന ലേഖനം എഴുതിയത് ഞാൻ വായിച്ചു. ഒരു നൂറ്റാണ്ടിനപ്പുറം 1907 ജനുവരി 6-ന് ഇറ്റലിയിലെ സാൻ ലോറൻസോ എന്ന ചേരിയിൽ കണ്ണിൽകണ്ടതെല്ലാം നശിപ്പിക്കുന്ന കുട്ടികളെ അടച്ചിടാൻ ഒരു പകൽമുറി തുറന്നു. ആ മുറിയിലേയ്ക്കെത്തിയ പകച്ചുനിന്ന കുരുന്നുകളുടെ മുന്നിൽ കുറേ പഠനോപകരണങ്ങൾ നിരത്തിയിട്ട് നിങ്ങൾക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്തോളൂ എന്നുപറഞ്ഞ അദ്ധ്യാപികയുടെ പേര് മരിയ മോണ്ടിസോറിയെന്നും ആ സ്കൂളിന്റെ

പേര് Casa dei Bambini എന്നുമായിരുന്നു. Happiness index of children, കുട്ടികളിലെ സന്തോഷമെന്നാൽ സ്വതന്ത്രമായ ഒരു മനുഷ്യന്റെ വികാസത്തിനുള്ള അന്തരീക്ഷം ഒരുക്കലാണെന്ന് ലോകത്തിന് കാണിച്ചുതന്ന മരിയ മോണ്ടിസോറിയുടെ വിദ്യാഭ്യാസ ആവിഷ്കാരം ഒരു നൂറ്റാണ്ട് പിന്നിടുമ്പോഴും നാം ഇപ്പോഴും A for Apple, B for Boy എന്ന് പ്രീ-പ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുകയാണ്. പുതിയൊരു വാക്കിനെക്കുറിച്ച് ആരായാനുള്ള സാധ്യതപോലും തല്ലിക്കെടുത്തുന്ന ഈ സമ്പ്രദായത്തിൽനിന്ന് മാറിനടക്കാൻ കേരളത്തിന് കഴിയണം. കേരളത്തിൽ രൂപീകരിച്ചിരിക്കുന്ന കരിക്കുലം കമ്മീഷനെ മോണ്ടിസോറി വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്താൻ കഴിയണം. 'എന്റെ കുഞ്ഞുഹൃദയം അറിവിന്റെ പരിമിതികളെ ഭേദിച്ച് ആനന്ദഭരിതമാകുകയും വാക്കുകൾക്ക് അതീതമായ നിമന്ത്രണങ്ങളിലേയ്ക്ക് പുനർജ്ജനിക്കുകയും ചെയ്യുന്നു' എന്ന് ടാഗോർ 'ഗീതാഞ്ജലി'യിൽ രേഖപ്പെടുത്തിയത് അങ്ങേയ്ക്ക് അറിയാമല്ലോ; കുഞ്ഞ് മക്കളുടെ ഹൃദയങ്ങൾ ആനന്ദഭരിതമാകട്ടെ, വിദ്യാഭ്യാസ രംഗത്തുള്ള ഏത് ഇടപെടലുകളും കുട്ടികളുടെ സന്തുഷ്ടി (Happiness index of children) എന്ന പരിഗണനയിലും വീക്ഷണത്തിലുമായിരിക്കണം എന്ന് ആവിഷ്കരിക്കുന്ന ലോകത്തിലെ ആദ്യത്തെ നാടായി കേരളത്തിന് മാറാൻ കഴിയണം. അഭിമാനത്തോടെ നാം ചൂണ്ടിക്കാണിക്കുന്ന ടോക്കിയോ ഒളിമ്പിക്സിലെ മെഡൽ ജേതാവ് ശ്രീ. പി. ആർ. ശ്രീജേഷ്, ക്ലാസിലേയ്ക്ക് പഠിക്കാൻ എത്തിയപ്പോൾ ആദ്യം പരിശീലിച്ചത് വോളിബോളായിരുന്നു. ഹോക്കിയെന്ന വാക്കുപോലും കേൾക്കാത്ത ആ കുട്ടിയുടെ ഉള്ളിൽ ഇതാണ് നിന്റെ വഴിയെന്ന് കാട്ടിക്കൊടുത്തത് ഗുരുനാഥനായിരുന്നു. അഭിരുചി എന്നത് പ്രധാനമാണ്. കുട്ടികളുടെ (latent inclination) ആഗ്രഹവും അഭിരുചിയെ അടിസ്ഥാനപ്പെടുത്തിയുള്ള ലക്ഷ്യവും തമ്മിലുള്ള വ്യത്യാസം ഇപ്പോഴും കണ്ടെത്താൻ നമുക്ക് കഴിയുന്നില്ല. ഹയർ സെക്കണ്ടറി മേഖലയിൽ കുട്ടികളുടെ അഭിരുചി കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഒരുപാട് പ്രതിഭകൾ മാഞ്ഞുപോകുകയാണ്, നഷ്ടപ്പെടുകയാണ്. കേരളത്തിലെ മുഴുവൻ കുട്ടികളുടെയും അഭിരുചികൾ കണ്ടെത്താനുള്ള സമഗ്രപദ്ധതി നടപ്പാക്കാൻ കഴിയണം. സ്കൂളുകൾ ഇനി തുറന്നാലും blended learning-ന്റെ കാലമാണ് വരുന്നത്. Role of teachers, ഗുരു എന്ന വാക്കിൽനിന്ന് ചിതറുന്ന കലീനമായ അകലത്തിൽനിന്നും മാറി വഴികാട്ടിയായി, മാർഗ്ഗദർശിയായി, നിത്യപ്രചോദനം നൽകുന്ന മെന്ററായി അദ്ധ്യാപകൻ മാറുമ്പോൾ അദ്ധ്യാപനം സർഗ്ഗാത്മകമാക്കുന്നതോടൊപ്പം അദ്ധ്യാപന പരിശീലനവും അദ്ധ്യാപനത്തെക്കുറിച്ചുള്ള ഗവേഷണവും മെച്ചപ്പെടുത്തണം. ടെക്നോ പെഡഗോഗി രൂപപ്പെടുത്താൻ കേരളത്തിലെ വിദ്യാഭ്യാസ ഗവേഷകർക്ക് കഴിയണം. ഡയറ്റുകളുടെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിയണം. കേരളത്തിന്റെ സാമൂഹിക പുരോഗതിക്ക് പുതിയ

ദിശയും തലവും നൽകുന്ന ആശയമാണ് നോളഡ്ജ് ഇക്കോണമി. അതിന്റെ ആധാര പ്രേരണയാകേണ്ടത് സർവ്വകലാശാലകളാണ്. സർവ്വകലാശാലകൾ പരീക്ഷാ നടത്തിപ്പിലും സർട്ടിഫിക്കേഷനിലുംമാത്രം പരിമിതപ്പെടുകയാണ്. ജ്ഞാനോല്പാദന കേന്ദ്രങ്ങളായി സർവ്വകലാശാലകൾക്ക് മാറാൻ കഴിയണം. മോളിക്കുലാർ മെഷീൻസ്പോലെ നമ്മെ വിസ്മയിപ്പിക്കുന്ന നാനോ ടെക്നോളജി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മാത്രമല്ല, Social R&D (Social Research and Development)-യുടെ പ്രാധാന്യം കേരളം തിരിച്ചറിയണം. കുടുംബശ്രീ എന്ന ആശയം കേരള വികസനത്തിന്റെ മുഖമുദ്രയാണ്. Tata Institute of Social Sciences പോലുള്ള സ്ഥാപനങ്ങൾ നമുക്കില്ല. അത്തരത്തിൽ ആഗോളതലത്തിൽ വളരെ പ്രശസ്തിയാർജ്ജിക്കാൻ കഴിയുന്ന ഗവേഷണ സ്ഥാപനത്തെക്കുറിച്ച് കേരളത്തിന് ചിന്തിക്കാൻ കഴിയണം. ലോകത്തിലെ പല സർവ്വകലാശാലകളും ആരംഭിച്ച public policy in the time of covid പോലുള്ള കോഴ്സുകളെക്കുറിച്ച് ആലോചിക്കണം. സർക്കാർ സ്കൂിൽ മെച്ചപ്പെടുത്താൻ ഒരുപാട് കോഴ്സുകൾ ആവിഷ്കരിക്കുകയും കുട്ടികൾ കോഴ്സുകൾ കഴിഞ്ഞ് പുറത്തിറങ്ങുകയും ചെയ്യുന്നുമുണ്ട്. പക്ഷേ ബാങ്കിൽ ചെന്നാൽ ബി.ടെക്.-കാരനെയും ആയുർവേദ ഫാർമസി കോഴ്സ് പഠിച്ച കുട്ടി സെയിൽസ് ഗേളായി നിൽക്കുന്നതും കാണേണ്ടിവരുന്നു. കുട്ടികളുടെ പഠനവും ഇൻഡസ്ട്രിയും തമ്മിലുള്ള ലിങ്കേജില്ലായ്മ പ്രധാനപ്പെട്ട പ്രശ്നമാണ്. അത്തരമൊരു പ്ലാറ്റ്ഫോമിനെക്കുറിച്ച് ആലോചിക്കണം. സാംസ്കാരിക രംഗത്ത് വലിയ ഇടപെടലുകളാണ് ചുരുങ്ങിയ സമയത്തിനുള്ളിൽ സർക്കാർ നടത്തിയത്. ഒരു അന്താരാഷ്ട്ര സാംസ്കാരികോത്സവം സംഘടിപ്പിക്കാൻ കഴിയണം. ഫിലിം ഫെസ്റ്റിവൽപോലെ കൃത്യമായി എല്ലാ വർഷവും അന്താരാഷ്ട്ര സാംസ്കാരികോത്സവം സംഘടിപ്പിക്കാൻ കഴിയണം. എന്റെ മണ്ഡലമായ റാന്നിയിൽ ഒരു നോളഡ്ജ് വില്ലേജ് സ്ഥാപിക്കണമെന്ന ആശയം സംസ്ഥാന സർക്കാരിനുമുന്നിൽ സമർപ്പിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള സഹായം ഇതിന് ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്ത് വിദ്യാഭ്യാസം നിർബന്ധവും സൗജന്യവും സാർവ്വത്രികവുമാണ്. പക്ഷേ ഇപ്പോഴും എക്കണോമിക്ക് - അൺ എക്കണോമിക്ക് എന്ന് വേർതിരിച്ചു കൊണ്ട് ലാഭം, നഷ്ടം എന്ന കച്ചവടക്കണ്ണിൽ കാണുന്ന വിദ്യാഭ്യാസ രീതി എന്നാണ് മാറുന്നത്? മരിയാന ട്രഞ്ചിന്റെ ആഴംപോലും അളക്കാൻ കഴിയുന്ന ടെക്നോളജിയുള്ള കാലഘട്ടത്തിൽ കുട്ടികളുടെ തലയെണ്ണൽ നടത്താൻ കഴിയാത്തതുമൂലം ഇക്കോണമി അൺ ഇക്കോണമിക്കായി ഇപ്പോഴും തുടരുകയാണ്. ഇതുപോലെ സ്റ്റാഫ് ഫിക്സേഷൻ നടത്താൻ കഴിയുന്നില്ല. 1200-ലധികം അദ്ധ്യാപകർ ജോലിയും

ശമ്പളവുമില്ലാതെ കഴിയുന്ന ദുഃസ്ഥിതിയാണ് ഇപ്പോഴുമുള്ളത്. ഏജ് ഓവറായി പലരുടെയും ജോലി സാധ്യത അവസാനിക്കാൻ പോകുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം ഗൗരവമായി പരിഗണിക്കണം. ജനിച്ചു വീഴുമ്പോൾത്തന്നെ മൊബൈൽ ചാറ്റിംഗുമായിട്ടാണ് കുട്ടികൾ വളരുന്നത്. പാഠ്യപദ്ധതിയിൽ ഐ.ടി. പ്രധാന വിഷയമായി ഉൾപ്പെടുത്തുന്നില്ല. താൽക്കാലിക അടിസ്ഥാനത്തിൽ ഐ.ടി. പഠിപ്പിക്കുന്ന ഗ്രാജ്വേറ്റോ പോസ്റ്റ് ഗ്രാജ്വേറ്റോ ആയ അദ്ധ്യാപകർ, ഉച്ചക്കഞ്ഞി വയ്ക്കുന്ന പാചകക്കാർ, പ്രീ പ്രൈമറി അദ്ധ്യാപകർ തുടങ്ങി സ്കൂളുകളുടെ ഉയർച്ചയ്ക്കു വേണ്ടി ശ്രമിക്കുന്ന പല ആളുകളും കോവിഡ് കാലത്ത് വലിയ ബുദ്ധിമുട്ടി ലാണെന്നുള്ള കാര്യം സർക്കാർ പരിഗണിക്കണം. വടകരയ്ക്കടുത്ത് ഒരു എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ കഴിഞ്ഞ ദിവസം വിദ്യാഭ്യാസ വകുപ്പുമന്ത്രി പഠന ക്ലാസ് ഉദ്ഘാടനം ചെയ്തു. തൊട്ടടുത്ത സ്കൂളുകളിലും ഹാളുകളിലുമൊക്കെ വിദ്യാർത്ഥികളെ എത്തിച്ച് പഠനം നടത്തുന്നതിനായി നടപ്പിലാക്കിയ ഈ പദ്ധതിക്ക് വ്യാപകമായ പരാതികൾ പല സ്ഥലത്തുനിന്നും ഉയർന്നുവരുന്ന സാഹചര്യത്തിൽ ഇതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതിയുണ്ടോയെന്ന് അറിയണം. ഓൺലൈൻ വിദ്യാഭ്യാസം നടക്കുമ്പോൾ സമീപത്തെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എത്താൻ കഴിയാത്ത സാഹചര്യം പരിശോധിക്കണമെന്നാണ് പറയാനുള്ളത്. ഡിജിറ്റൽ സർവ്വകലാശാല ആരംഭിക്കുന്നതിന് മുൻകയ്യെടുക്കുന്ന സർക്കാർ വടകരയിലെ സാങ്കേതിക വിദ്യാഭ്യാസ മേഖലയോട് മുഖം തിരിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. വടകരയിൽ ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കലാരംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ അനുഭവിക്കുന്ന ലോക്ഡൗൺ ദുരിതങ്ങൾ വിവരണാതീതമാണ്. സ്കൂൾകുട്ടികൾക്ക് മേക്കപ്പിടുന്ന കലാദ്ധ്യാപകർ, അനുഷ്ഠാന കലാകാരന്മാർ, വിവിധ സ്റ്റേജ് കലാകാരന്മാർ, പ്രൊഫഷണൽ നാടക ട്രൂപ്പുകൾ തുടങ്ങിയവരെല്ലാം മുഴുപ്പട്ടിണിയിലാണ്. ഈ മേഖലകളിൽ ഉപജീവനം നടത്തുന്ന ആളുകളുടെ ദുരിതങ്ങൾ പരിഹരിക്കുന്ന തിനാവശ്യമായ ക്രിയാത്മക നിർദ്ദേശങ്ങളോ പദ്ധതികളോ ബഡ്ജറ്റിൽ ഉൾപ്പെടു ത്തിയിട്ടില്ല. കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെ സർക്കാർ അക്കാദ മികളിലും മറ്റ് ഔദ്യോഗിക തലങ്ങളിലും ഇപ്പോഴും ജാതി-വർണ്ണ-ലിംഗ വിവേചനം നിലനിൽക്കുകയാണ്. അനുഗ്രഹീത കലാകാരൻ കലാഭവൻ മണിയുടെ സഹോദരൻ ശ്രീ. ആർ. എൽ. വി. രാമകൃഷ്ണൻ നേരിട്ട വിവേചനം നാം ചർച്ച ചെയ്തതാണ്. പുരോഗമന പ്രസ്ഥാനമെന്ന് അവകാശപ്പെടുന്ന ഇടതുപക്ഷം ഭരിക്കുന്ന സംസ്ഥാനത്ത് ഇത് നിലനില്ക്കുന്നത് തീർച്ചയായും പരിശോധിക്കപ്പെടേണ്ടതും ഇത് മറികടക്കാനാവശ്യമായ സാസ്കാരിക അവബോധം വളർത്തിയെടുക്കാൻ ബോധപൂർമായ ഇടപെടൽ നടത്തേണ്ടതുമാണ്. കലാകാരന്മാർക്ക് പ്രത്യേക ധനസഹായ

പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം. മഹത്തായ കായിക-സാംസ്കാരിക പാരമ്പര്യം പേറുന്ന നാടായ വടകരയുടെ വികസന കാര്യത്തിൽ വലിയ അവഗണനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആയോധന കലയായ കളരിയുമായി ബന്ധപ്പെട്ട് കേരളത്തിൽ ആദ്യമായി പത്മശ്രീ നേടിയ വനിത, പത്മശ്രീ മീനാക്ഷി ഗുരുക്കൾ വടകരയുടെ മാത്രമല്ല കേരളത്തിന്റെ അഭിമാനം കൂടിയാണ്. വടകരയിൽ കളരി അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഒളിമ്പ്യൻ അച്യുതക്കുറുപ്പ്, Iron finger എന്ന് പ്രശസ്തി നേടിയ മുകുന്ദൻ ഉൾപ്പെടെയുള്ള പ്രതിഭകളെ സംസ്ഥാന, ദേശീയാടിസ്ഥാനത്തിൽ കായികരംഗത്ത് സംഭാവന ചെയ്ത നാടാണ് വടകര. ഇക്കാര്യങ്ങൾ പരിഗണിച്ച് വടകരയിൽ ഒരു വോളിബോൾ അക്കാദമി സ്ഥാപിക്കുന്നതിന് ആവശ്യമായ പരിഗണന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളം നിരവധി അഭിമാനകരമായ നേട്ടങ്ങൾക്ക് നെറുകയിലാണ്. ഇന്ത്യാരാജ്യത്തെ വലിയ വിദ്യാഭ്യാസ വിപ്ലവത്തിനാണ് സംസ്ഥാനം സാക്ഷ്യം വഹിക്കുന്നത്. അനാകർഷകമായും അവജ്ഞയോടുകൂടിയും പൊതുവിദ്യാലയങ്ങളെ കാണുന്ന കാലം മാറ്റപ്പെട്ടിരിക്കുകയാണ്. കിഫ്ബി പുതിയ അത്ഭുതങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറുകയാണ്. 982 സ്കൂളുകളുടെ കെട്ടിട നിർമ്മാണമാണ് കിഫ്ബി മുഖേന നടന്നുകൊണ്ടിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ കേരളം നേടിയ മുന്നേറ്റങ്ങളെ തിരിച്ചറിയാൻ കഴിയുന്നത്. സർവ്വതും നിലച്ചുപോകുമെന്ന് കരുതിയ കോവിഡിന്റെ കാലത്ത് നിലയ്ക്കാത്ത പ്രവർത്തനങ്ങളുടെ പുതിയ മാതൃക തീർത്താണ് വിദ്യാഭ്യാസ മേഖല ശക്തമായി മുന്നോട്ടുകുതിച്ചത്. ഓൺലൈൻ ക്ലാസുകൾ പുതിയ മാതൃക സൃഷ്ടിക്കുകയും ഓരോ വീടും ഓരോ വിദ്യാലയങ്ങളായി മാറുകയും മാതാപിതാക്കൾ അദ്ധ്യാപകരും കൂടിയാണെന്ന മഹാത്മാ ഗാന്ധിയുടെ വാക്കുകൾ അന്വർത്ഥമാകുകയും ചെയ്യുന്ന കാലമാണ് കടന്നുപോകുന്നത്. ഓരോ വീട്ടിനകത്തും പഠനമുറി സജ്ജീകരിച്ച് അങ്കണവാടിമുതൽ ഉന്നത വിദ്യാഭ്യാസ രംഗം വരെ ഓൺലൈനായി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകുന്ന ഏറ്റവും ശ്രദ്ധേയമായ ഇടപെടൽ നടന്നുകൊണ്ടിരിക്കുന്ന കാലമാണിത്. പ്രതിപക്ഷമുൾപ്പെടെ വിവിധ മേഖലകളിൽനിന്നും പൊതുപരീക്ഷ നടത്തുന്നതിന് എതിരായി ഇടപെടലുകളും വാദപ്രതിവാദങ്ങളും കോലാഹലങ്ങളും സൃഷ്ടിക്കപ്പെട്ടു. എന്നാൽ എല്ലാ കോലാഹലങ്ങളെയും തട്ടിമാറ്റിയാണ് കേരളത്തിലെ പൊതുപരീക്ഷകൾ സമയബന്ധിതമായി സർക്കാർ പൂർത്തീകരിച്ചത്. വിദ്യാർത്ഥികൾക്ക് പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിനു ശേഷമുണ്ടായ ആത്മവിശ്വാസം ചെറുതല്ല. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം

നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചില ചടങ്ങുകളിൽ പങ്കെടുക്കാൻ എനിക്ക് അവസരമുണ്ടായി. ചടങ്ങ് കഴിഞ്ഞ് മടങ്ങുന്നയവസരത്തിൽ ഉന്നതവിജയം നേടി എസ്.എസ്.എൽ.സി. പരീക്ഷ പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ മുഖത്തു നോക്കി സംസാരിക്കുമ്പോൾ അവരുടെ കണ്ണുകളിൽ പ്രതീക്ഷയുടെ പുതുവെളിച്ചം തെളിയുകയാണ്. അത് അവരുടെ ഭാവിയെ മാത്രം സംബന്ധിച്ച പ്രതീക്ഷയുടെ പുതുവെളിച്ചമായിരുന്നില്ല. അതിനപ്പുറത്ത് അവർക്ക് താങ്ങും തണലുമായി, കരുത്തായി, അവരുടെ ഭാവിയെ ശരിയായ രീതിയിൽ മുന്നോട്ടുനയിക്കാൻ ഇച്ഛാ ശക്തിയുള്ള കേരളത്തിലെ ഗവൺമെന്റിലുള്ള പ്രതീക്ഷയുടെ പുതുവെളിച്ചമാണ് അവരുടെ കണ്ണുകളിലൂടെ കാണാൻ കഴിഞ്ഞത്. ഓൺലൈൻ ക്ലാസ്സുകളിൽ മാത്രമല്ല, പൊതുവിദ്യാഭ്യാസരംഗത്ത് ഏറ്റവും ശരിയായ വിധത്തിൽ കൈറ്റ് - വിക്ടേഴ്സ് ചാനൽവഴി ക്ലാസ്സുകൾ നടത്തിവരികയാണ്. 14102 കുട്ടികൾക്കാണ് ഗവൺമെന്റ് പ്രീ-സ്കൂൾ കിറ്റ് വിതരണം ചെയ്തിട്ടുള്ളത്. വീടുകളിൽ പഠന സൗകര്യമില്ലാത്ത ഇരുപതിനായിരത്തിലധികം ആദിവാസി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കിയത് ഈ സർക്കാരാണ്. ഇങ്ങനെ സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം മാതൃകാപരമായ പുതിയ തലങ്ങളിലേയ്ക്ക് ഉയരുകയാണ്.

കലകളുടെകൂടി നാടായ കേരളം കലാരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച് മുന്നോട്ടുപോകുകയാണ്. കലകൾകൊണ്ട് സമ്പന്നമായ നിരവധി സവിശേഷമാർന്ന ഇടപെടലുകൾ നടത്താൻ സർക്കാരിന് സാധിക്കുന്നുവെന്ന് അഭിമാനത്തോടുകൂടിയല്ലാതെ എങ്ങനെയാണ് ഈ സന്ദർഭത്തിൽ ഓർക്കാൻ കഴിയുന്നത്. കലാ-സാംസ്കാരിക രംഗത്തെ വളരെ ഗൗരവത്തോടുകൂടി കാണുന്ന സർക്കാർ കലാകാരൻമാരുടെ പെൻഷനും വർദ്ധിപ്പിച്ചു. ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോവിഡ്-19 മൂലം ജീവനോ പാധികൾ നഷ്ടപ്പെട്ട 32000 പേർക്ക് 2,000 രൂപ വീതം ധനസഹായം നൽകി ക്കൊണ്ട് അവരെ ശരിയായ വിധത്തിൽ മുന്നോട്ടുനയിക്കാൻ ശ്രദ്ധിക്കുകയുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റാണ് കലാപഠനം പൂർത്തിയാക്കി യോഗ്യത നേടിയ 1000 പേർക്ക് 15,000 രൂപ വീതം വജ്രജൂബിലി ഫെലോഷിപ്പ് ഏർപ്പെടുത്താൻ തയ്യാറായത്. കലാ-സാംസ്കാരിക രംഗത്ത് അഭിമാനപൂർവ്വം നൽകിപ്പോരുന്ന അവാർഡുകളുടെ തുക വർദ്ധിപ്പിച്ചത് ഇടതുപക്ഷത്തിന്റെ കാലത്താണ്. എഴുത്തച്ഛൻ പുരസ്കാരം ഒന്നര ലക്ഷം രൂപയിൽനിന്ന് അഞ്ച് ലക്ഷം രൂപയായി ഉയർത്തിയതും ജെ.സി. ഡാനിയൽ പുരസ്കാരം ഒരു ലക്ഷം രൂപയിൽനിന്ന് അഞ്ച് ലക്ഷം രൂപയാക്കി ഉയർത്തിയതും രാജാരവിവർമ്മ പുരസ്കാരം ഒന്നര ലക്ഷം രൂപയിൽനിന്ന് മൂന്ന് ലക്ഷം രൂപയാക്കി ഉയർത്തിയതും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്താണ്. ഗുരുഗോപിനാഥിന്റെ പേരിൽ നൃത്തകലയ്ക്ക് ദേശീയ പുരസ്കാരം ഏർപ്പെടുത്തിയത്

എൽ.ഡി.എഫ്.-ന്റെ കാലത്തെ പ്രത്യേക ഇടപെടലിന്റെ ഭാഗമായാണ്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഏറ്റവും കൂടുതൽ സ്മാരകങ്ങൾ ഉയർത്തിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്താണ്. വിഖ്യാത കർണ്ണാടക സംഗീതജ്ഞനായ ശ്രീ. എം.ഡി. രാമനാഥനും കവി എൻ.എൻ. കക്കാടിനും ഉചിതമായ സ്മാരകം കേരളത്തിന്റെ മണ്ണിൽ ഉയർത്തപ്പെട്ടു. ചലച്ചിത്രതാരം ഒടുവിൽ ഉണ്ണികൃഷ്ണനും കവി കുഞ്ഞുണ്ണിമാഷിനും വെള്ളൂർ പി. രാഘവനും സ്മാരകങ്ങൾ നിർമ്മിക്കാൻ ഇടതുപക്ഷത്തിന്റെ കാലത്ത് സാധിച്ചുവെന്നത് അഭിമാനത്തോടെയല്ലാതെ എങ്ങനെയാണ് പറയാൻ കഴിയുന്നത്. കൊല്ലം ചവറയിൽ വി. സാംബശിവൻ സ്മാരക നിർമ്മാണം പൂർത്തിയാക്കപ്പെട്ടു. കാസർഗോഡ് ഗോവിന്ദ പൈ സ്മാരകം ഈ കാലത്ത് പൂർത്തീകരിക്കപ്പെട്ടതാണ്. ഇങ്ങനെ വൈവിദ്ധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾക്ക് കരുത്തോടുകൂടി നേതൃത്വം കൊടുക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. സർക്കാർ കരുത്തോടുകൂടി മുന്നോട്ടുപോകുന്ന സന്ദർഭത്തിൽ പ്രതികൂലമായി ബാധിക്കത്തക്ക തെറ്റായ വിധത്തിലുള്ള ആരോപണങ്ങൾ ഉയർത്തുന്ന പ്രതിപക്ഷമായിപ്പോയി എന്ന ഒരൊറ്റ വിഷമം മാത്രമേ കേരളത്തിലെ ജനങ്ങൾക്കുള്ളൂ. ക്രിയാത്മക പ്രതിപക്ഷമെന്ന് പറഞ്ഞ് കേരളത്തിന്റെ നിയമസഭയിലിരിക്കുന്ന പ്രതിപക്ഷം, വലിയ രൂപത്തിലുള്ള തെറ്റായ പ്രചാരവേല നടത്തുന്ന പ്രത്യേക ഏജൻസിയെന്നപോലെ മാറുകയാണോ എന്നുള്ള ആശങ്ക ജനങ്ങൾക്കുണ്ട്. തീർച്ചയായും വളരെ വൈവിദ്ധ്യമാർന്ന, അഭിമാനകരമായ നേട്ടങ്ങളുടെ നെറുകയിൽ നിൽക്കുന്ന സർക്കാരിനെ ഓർത്ത് കേരളത്തിലെ ജനങ്ങളാകെ അഭിമാനത്തോടുകൂടി വലിയ രൂപത്തിലുള്ള ഇടപെടലുകൾ നടത്തിവരികയാണ്. അതിന്റെ വലിയ റിസൾട്ടാണ് കേരളത്തിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ കാലത്തുണ്ടായത്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തേയും കലാ-സാംസ്കാരിക രംഗത്തേയും ചേർത്തുപിടിച്ച് തുല്യ പ്രാധാന്യം നൽകി കേരളത്തിന്റെ മണ്ണിൽ എല്ലാ ജനങ്ങൾക്കുംവേണ്ടി ക്ഷേമവും ഐശ്വര്യവും നൽകിയ ഗവൺമെന്റിനുള്ള വലിയ പിന്തുണയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ആ പിന്തുണ കേവലം തെറ്റായ ആരോപണങ്ങൾക്കുമുന്നിലും വാദപ്രതിവാദങ്ങൾക്കുമുന്നിലും തകർന്നു പോകുന്നതല്ല. ഈ നാട്ടിലെ ജനങ്ങളുടെ മനസ്സിൽ ഇടംപിടിച്ച സർക്കാരിനെ അവർ ഹൃദയത്തോട് ചേർത്തുപിടിച്ചാണ് മുന്നോട്ടുപോകുന്നത്. ഇവിടെ ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പറഞ്ഞുകൊണ്ട് രാവിലെ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇറങ്ങിപ്പോയി. യു.ഡി.എഫ്.-ന്റെ കാലത്ത് എങ്ങനെയാണ് ആദിവാസി മേഖലയിലെ ജനങ്ങളെ ഇവർ നേരിട്ടത്? പോലീസിന്റെ മർദ്ദക സംവിധാനത്തെ അഴിച്ചുവിട്ടുകൊണ്ട്

മുത്തങ്ങയിലുൾപ്പെടെ അവർ നടത്തിയ നരനായാട്ടിനെ സംബന്ധിച്ച് കേരളം മറന്നുപോയിട്ടില്ലെന്ന യാഥാർത്ഥ്യം ഈ സന്ദർഭത്തിൽ ഓർത്തുപോകുകയാണ്. തീർച്ചയായും ഈ നിലയിൽ മാതൃകപരമായ പ്രവർത്തനം നടത്തുന്ന സർക്കാർ മുന്നോട്ടുവയ്ക്കുന്ന എല്ലാ ധനാഭ്യർത്ഥനകളേയും വളരെ സന്തോഷപൂർവ്വം പിന്തുണച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി പിന്താങ്ങുകയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഏറ്റവും വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്താണ്. കഴിഞ്ഞ അഞ്ച് വർഷം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെയെല്ലാം പുറകിലാക്കിക്കൊണ്ട് വിദ്യാഭ്യാസരംഗത്ത് വലിയ കുതിച്ചുചാട്ടം നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും ലാബുകളും ക്ലാസ്സുമുറികളും ഹൈടെക് ആക്കിമാറ്റുന്നതിലും ഗവൺമെന്റ് സ്വീകരിച്ച നയത്തിന്റെ തുടർച്ചതന്നെയാണ് ഏറ്റവും ജനകീയനായ, ജനങ്ങളുമായി ഏറ്റവും ബന്ധമുള്ള മന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ നേതൃത്വത്തിൽ തുടർന്നു കൊണ്ടുപോകുന്നത്. ആ നയത്തിന് നേതൃത്വം കൊടുക്കുന്നത് കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിയാണ്. ശ്രീ. മാത്യു ടി. തോമസിന്റെ ചോദ്യത്തിന് ഇന്നലെ ബഹുമാന്യനായ മന്ത്രി മറുപടിയായി പറഞ്ഞത് കുഞ്ഞുങ്ങളെ ക്ലാസ്സ്മുറികളിലേയ്ക്ക് കൊണ്ടുവരുന്നതിനെക്കുറിച്ചാണ്. അത് തീർച്ചയായും ചെയ്യേണ്ട കാര്യമാണ്. സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസം നല്ല രീതിയിൽ പുരോഗമിക്കുന്നതിന് ഒരുപാട് ജനങ്ങൾ ധാരാളം സഹായങ്ങളും സ്നേഹപരമായ സമ്മാനങ്ങളും എത്തിക്കുന്നുണ്ട്. അതെല്ലാം വരുമ്പോഴും രണ്ടര ഇഞ്ച് സ്ക്രീനിലേയ്ക്ക് കുഞ്ഞുങ്ങളുടെ മനസ്സിനേയും ചിന്തകളേയും കൊണ്ടുവരുന്നത് സമൂഹത്തിന് നല്ലതല്ല. ഒന്നര വർഷംമുമ്പ്, കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ സ്കൂളുകൾ അടച്ചപ്പോൾ കുഞ്ഞുങ്ങൾ വിചാരിച്ചത് സ്കൂൾ അടച്ചല്ലോ രക്ഷപ്പെട്ടു, പരീക്ഷ എഴുതണ്ടല്ലോ, പരീക്ഷ ഒഴിവായിക്കിട്ടി, പരീക്ഷയെഴുതാതെ ജയിച്ചല്ലോ എന്നൊക്കെയാണ്. കുഞ്ഞായിരുന്ന കാലത്ത് നമ്മളെല്ലാം അതുപോലെ ഓർത്തിട്ടുണ്ട്. അന്ന് സന്തോഷിച്ച കുട്ടികൾ ഇന്ന് വീട്ടിൽനിന്ന് പുറത്തിറങ്ങാൻ കഴിയാതെ, കൂട്ടുകാരോടൊത്ത് ഒരു ബഞ്ചിലിരുന്ന് പഠിക്കാൻ കഴിയാതെ, കളിക്കാൻ കഴിയാതെ, അദ്ധ്യാപകർ പഠിപ്പിക്കുന്ന പാഠഭാഗം കേൾക്കാൻ കഴിയാതെ, വെള്ള യൂണിഫോമിട്ട് കളിച്ച് വൈകുന്നേരമാകുമ്പോൾ അഴുക്കാക്കി വീട്ടിലേയ്ക്ക് ഓടിപ്പോകാനാകാതെ വിമ്മിഷ്ടപ്പെടുകയാണ്. കോവിഡ് കാലത്ത് സമൂഹത്തിൽ ഏറ്റവും കൂടുതൽ മാനസികസമ്മർദ്ദം അനുഭവിക്കുന്നത് കുഞ്ഞുങ്ങൾ തന്നെയാണ്. കുഞ്ഞുങ്ങളെ ക്ലാസ്സുമുറികളിലേയ്ക്ക് കൊണ്ടുവരണമെന്ന ചിന്താഗതി ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ പ്രകടിപ്പിച്ചതിനെ അനുമോദിക്കു

കയാണ്. ഒരുമിച്ച് കൊണ്ടുവന്നില്ലെങ്കിലും 40 കുട്ടികളുള്ള ഒരു ക്ലാസ്സിലെ 10 കുട്ടികൾ രാവിലെ വരികയും അടുത്ത 10 കുട്ടികൾ ഉച്ചയ്ക്ക് വരികയും അടുത്ത ദിവസം ബാക്കിയുള്ള 20 കുട്ടികൾ വരികയും ചെയ്യണം. ഒന്നിടവിട്ട ദിവസങ്ങളിലെങ്കിലും കുട്ടികൾക്ക് ക്ലാസ്സിലെത്താനും പഠിക്കാനുമുള്ള സംവിധാനത്തെക്കുറിച്ച് സർക്കാർ ആലോചിക്കണം. പത്താം ക്ലാസ് കഴിഞ്ഞവർ പ്ലസ്ടു സീറ്റിനെക്കുറിച്ച് ആശങ്കപ്പെടുന്നു. പല കുട്ടികളും പഠിക്കാൻ സമർത്ഥരാണ്. പഠിക്കാൻ സമർത്ഥരല്ലാത്ത കുട്ടികളും സമൂഹത്തിലുണ്ടെന്ന യാഥാർത്ഥ്യം മറക്കരുത്, ആ കുഞ്ഞുങ്ങൾക്ക് പഠിക്കാൻവേണ്ടി പോളിടെക്നിക് മോഡലിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ കൊണ്ടുവരണം. കേരള ഗവൺമെന്റിന്റെ അംഗീകാരമുള്ള തൊഴിൽ പരിശീലനം നൽകുന്ന, ടെക്നിക്കൽ സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സുകളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഇന്ന് വിദ്യാഭ്യാസം ഡിജിറ്റൽ ക്ലാസ്സ് സമ്പ്രദായത്തിലേയ്ക്ക് മാറിയിരിക്കുന്നു. ഞാൻ ഉദ്ദേശിക്കുന്ന ഒരു ഡിജിറ്റൽ സ്വപ്നമുണ്ട്. ഇന്ത്യയിലാദ്യമായി ഈ സംസ്ഥാനത്ത്, പാഠപുസ്തകങ്ങൾ ഒഴിവാക്കി ടാബിലേക്ക് മാറണം. നിലവിലുള്ള ടെക്സ്റ്റ്ബുക്കുകളെ ടാബിലേയ്ക്ക് മാറ്റുകയെന്നല്ല ഉദ്ദേശിച്ചത്, വളരെ ഇലാബറേറ്റായി ഗ്രാഫിക്കെല്ലാം കാണിച്ചുകൊടുത്ത് പഠിക്കാൻ കഴിയുന്ന, രക്ഷകർത്താവിനുപോലും എളുപ്പത്തിൽ പഠിപ്പിക്കാൻ കഴിയുന്ന ഒരു ടാബ് സംവിധാനത്തിലേയ്ക്ക് മിനിമം അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലുള്ള കുട്ടികളെയെങ്കിലും കൊണ്ടുവരണം. മൂന്നുവർഷം ടെക്സ്റ്റ്ബുക്ക് പ്രിന്റുചെയ്യുന്ന തുകമതി അഞ്ചുവർഷം ഗ്യാരന്റിയുള്ള ടാബ് വാങ്ങാം. ഈ ടാബ് തറയിലിട്ടുപൊട്ടിച്ചാൽ രക്ഷകർത്താവ് ഇൻഷ്വറൻസ് കൊടുക്കേണ്ടിവരുമെന്ന നിലയിൽ ഡിജിറ്റലൈസ് ചെയ്യണം. ഇതിലൂടെ കുട്ടികൾക്ക് വലിയ ഭാരം ചുമന്നുകൊണ്ട് സ്കൂളിൽപോകുന്നത് ഒഴിവാക്കാം. സ്കൂളുകളിൽ പഞ്ചായത്തുവഴി ഗവൺമെന്റ് ഉച്ചഭക്ഷണവും പ്രഭാത ഭക്ഷണവുമെല്ലാം കൊടുക്കുന്നുണ്ട്. കുഞ്ഞുങ്ങൾ ടാബുമായി പോയിക്കഴിഞ്ഞാൽ പഠിപ്പിക്കുന്ന നോട്ടുകൾ അതിലേയ്ക്ക് മാറ്റിക്കൊടുക്കാൻ കഴിയും. ഒരു ദിവസം കുട്ടി ആബ്സെന്റായാൽ പിറ്റേദിവസം ക്ലൗഡ് ആപ്പിൽനിന്ന് ഡൗൺലോഡ് ചെയ്ത് പഠിക്കാൻ കഴിയും. ടെക്സ്റ്റ്ബുക്കിനൊപ്പം ഇത് വിശദമായി പഠിപ്പിക്കുന്നത് എങ്ങനെയെന്ന് കാണിക്കുന്ന അദ്ധ്യാപകന്റെ ഹാൻഡ് ബുക്കും ഡിജിറ്റലൈസ് ചെയ്യണം. അങ്ങനെയൊരു ടോട്ടൽ ഡിജിറ്റലൈസേഷൻ സംവിധാനത്തിലേയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസം വരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒളിമ്പിക്സിൽ മികച്ച വിജയം കരസ്ഥമാക്കിയ കേരളത്തിന്റെ അഭിമാനമായ ശ്രീ. പി. ആർ. ശ്രീജേഷ്, രാജ്യത്തിന്റെ അഭിമാനമായ ശ്രീ. നീരജ് ചോപ്ര തുടങ്ങിയവരെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. മുഖ്യമന്ത്രി പ്രഖ്യാപിച്ചതിനുശേഷം, ശ്രീ. പി. ആർ. ശ്രീജേഷിന് അവാർഡ് നല്കുന്നതായിരിക്കും.

ഇത്രയും വലിയ ഒരു നേട്ടം കൈവരിച്ച മലയാളിയെന്ന നിലയിൽ ശ്രീ. പി. ആർ. ശ്രീജേഷിനെ അഭിനന്ദിക്കാതിരിക്കാനും അംഗീകരിക്കാതിരിക്കാനും കഴിയില്ല. കായിക രംഗത്ത് അംഗീകാരം കിട്ടിയവരെ എന്നാണ് അഭിനന്ദിക്കാതിരുന്നിട്ടുള്ളത്? എല്ലാവരെയും അംഗീകരിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസിനോടനുബന്ധിച്ച് ലോകോത്തര നിലവാരമുള്ള സ്റ്റേഡിയങ്ങളും കളിക്കളങ്ങളും നിർമ്മിച്ചിട്ടുണ്ട്. എല്ലാ ഗ്രാമങ്ങളിലും സ്റ്റേഡിയം നിർമ്മിക്കുന്നത് യുവത്വത്തെ കായികരംഗത്തേയ്ക്ക് കൊണ്ടുവരുകയെന്ന ലക്ഷ്യത്തോടെയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയും, ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിക്കുകയും ചെയ്തു. ഇത് തീർച്ചയായും അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. നാഷണൽ ഗെയിംസിനുവേണ്ടി തയ്യാറാക്കിയ എല്ലാ സ്റ്റേഡിയങ്ങളും പൂർണ്ണതോതിൽ കളിക്കളങ്ങളായി മാറ്റണം. അതോടൊപ്പം പുതിയ സ്റ്റേഡിയങ്ങളും, കളിക്കാനുള്ള സംവിധാനങ്ങളുമുണ്ടാക്കണം. യുവത്വത്തെ കായിക രംഗത്തേയ്ക്ക് കൊണ്ടുവരുന്നത് അവരുടെ ആരോഗ്യപരവും മാനസികവുമായ വളർച്ചയ്ക്ക് വളരെയേറെ ഗുണം ചെയ്യുന്ന കാര്യമാണ്. കായികരംഗത്ത് അന്തർദേശീയ അംഗീകാരം ലഭിക്കണമെങ്കിൽ നമുക്ക് ഇതാണ് ചെയ്യാനുള്ളത്. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു.

തൊഴിൽ വകുപ്പ് തൊഴിൽ പ്രശ്നങ്ങൾ വളരെ കൃത്യമായി കൈകാര്യം ചെയ്യുന്നുണ്ട്. തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിൽ കഴിഞ്ഞ അഞ്ച് വർഷവും മികച്ച പ്രകടനം കാഴ്ചവച്ചു. തർക്കങ്ങൾ പരിഹരിക്കുന്നതുവഴി കേരളത്തിൽ നിക്ഷേപകർ വരുന്നുണ്ടെന്നത് വളരെ നല്ല കാര്യമാണ്. തൊഴിലാളികൾ താമസിക്കുന്ന ക്വാർട്ടേഴ്സുകൾ നവീകരിക്കുമെന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കണം. പ്രത്യേകിച്ച് ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (എസ്.എഫ്.സി.കെ.), എണ്ണപ്പനതോട്ടം, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് (ആർ.പി.എൽ.) തുടങ്ങിയ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങളിലെ ക്വാർട്ടേഴ്സുകളുടെ ചോർച്ച ഒഴിവാക്കി നവീകരിക്കാനും കുടിവെള്ളം, ശൗചാലയങ്ങൾ, തുടങ്ങിയ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനും മുൻഗണന നൽകണം. പെട്ടിമുടി ദുരന്തം നടന്നിട്ട് ഒരു വർഷമായി. പെട്ടിമുടി ദുരന്തം ബാധിച്ച ക്വാർട്ടേഴ്സുകൾ വളരെ ശോചനീയമായ നിലയിലാണെന്ന് കണ്ടാലറിയാം. പ്രൈവറ്റ് എസ്റ്റേറ്റുകളുടെ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനും തൊഴിലാളികൾക്ക് നല്ല ജീവിത സാഹചര്യമുണ്ടാക്കാനും തൊഴിൽ വകുപ്പ് മുന്നോട്ടുവരണം. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള കോളനികൾ വളരെ മോശമായ നിലയിലാണ്. സർക്കാർ മുന്നോട്ടുവച്ച 'സ്വയം പര്യാപ്ത ഗ്രാമം' എന്ന പദ്ധതിയിലൂടെ ഒരുപാട് കോളനികൾ നവീകരിച്ചിട്ടുണ്ട്. നവീകരണത്തിന് ഒരു വർഷത്തേയ്ക്ക് ഒരു കോടി രൂപയെന്ന് പറഞ്ഞിരുന്നത് ഇപ്പോൾ 50

ലക്ഷം രൂപ വീതം രണ്ട് കോളനികൾക്കാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വളരെ ശുഷ്കാന്തിയോടുകൂടി പ്രവർത്തിച്ച് തീർച്ചയായും എല്ലാ കോളനികളും നവീകരിക്കാനുള്ള പദ്ധതിയിലേയ്ക്ക് പോകണം. ഇതിനായി ധാരാളം നിബന്ധനകൾ വച്ചിട്ടുള്ളതിനാൽ അവ പാലിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവിടെ താമസിക്കുന്ന പാവങ്ങളുടെ ആവശ്യം മനസ്സിലാക്കി നിബന്ധനകളിൽ മാറ്റം വരുത്തിക്കൊണ്ട് ഫ്ലെക്സിബിലിറ്റി കൊണ്ടുവരുന്നതിനും പദ്ധതി നടപ്പാക്കുന്നതിന് ഏജൻസിയെ നിശ്ചയിക്കുന്നതിനും സംവിധാനമൊരുക്കണം. പല ഏജൻസികളും പ്രവൃത്തി ഏറ്റെടുത്തിട്ട് പണി പൂർത്തിയാക്കാതെ പോകുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി വകുപ്പിൽനിന്ന് നാലഞ്ച് ഉദ്യോഗസ്ഥരെ നിയമിച്ച്, എഞ്ചിനീയറെ മാറ്റിക്കൊണ്ട്, വകുപ്പിന്റെ കീഴിൽത്തന്നെ ഒരു സംവിധാനമുണ്ടാക്കി, കോളനികളുടെ നിർമ്മാണം വേഗത്തിലാക്കാനുള്ള സംവിധാനം ചെയ്യണം. പല പ്രവൃത്തികളും ഏറ്റെടുക്കുന്ന ഏജൻസികൾ നല്ല രീതിയിലല്ല പ്രവർത്തിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കുര്യോട്ട്മലയിലെ എസ്.ടി. കോളനിയിൽ 24 വീടുകളുടെ പണി പൂർത്തിയാക്കാനുണ്ട്. പോലീസ് ഹൗസിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി എന്ന ഏജൻസിയെയാണ് ഈ പ്രവൃത്തി ഏൽപ്പിച്ചത്, പക്ഷേ അവർ പണി പൂർത്തിയാക്കിയില്ല. 25 ലക്ഷം രൂപ അനുവദിച്ചാൽ പ്രസ്തുത പണി പൂർത്തിയാകും. അത് നല്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കോവിഡ് മാനദണ്ഡങ്ങളോടുകൂടി കടകളെല്ലാം തുറക്കുന്നുണ്ട്. രണ്ടുമൂന്ന് ആഴ്ചകൾക്കുശേഷം പരിശോധനയിൽ കോവിഡ് വ്യാപനം കൂടുന്നില്ല എന്ന സാഹചര്യമാണെങ്കിൽ തീയേറ്ററുകൾ തുറന്നുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. സാംസ്കാരിക വകുപ്പു മന്ത്രി അതിലിടപെടണമെന്നും സാംസ്കാരിക വകുപ്പിന് കുറച്ചുകൂടി പണം മാറ്റിവച്ച് കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ സാംസ്കാരിക പരിപാടികളുടെ സ്ഥിരം വേദികളുണ്ടാക്കാൻ മുൻകയ്യെടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഇതിലൂടെ അനേകം കലാകാരന്മാർക്ക്, സീസണല്ലാത്ത സമയത്തും ജീവിക്കാൻ അവസരമുണ്ടാകും.

കേരളത്തിൽ ധാരാളം നാട്ടാനകൾ സമീപകാലത്ത് ചരിഞ്ഞു. ആനകളിൽ പടർന്നുപിടിക്കുന്ന ക്ഷയരോഗമാണ് ഇതിന് കാരണമെന്ന് പറയപ്പെടുന്നു. ക്ഷയരോഗമുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനം മൃഗസംരക്ഷണ വകുപ്പിലുണ്ടാകുകയും, ഡോക്ടർമാർ അത് പരിശോധിക്കുകയും ചെയ്യണം. ആനകൾക്ക് ക്ഷയരോഗമുണ്ടെങ്കിൽ പാപ്പാന്മാർക്കും ക്ഷയരോഗമുണ്ടാകാം. രോഗനിർണ്ണയം നടത്തി, ആനകളുടെ ക്ഷയരോഗം ചികിത്സിച്ച് ഭേദമാക്കാൻ നടപടിയെടുക്കണം. അതുപോലെ തൃശ്ശൂർ കേന്ദ്രീകരിച്ച് ആനകളെ ചികിത്സിക്കാനുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം. വിരലിലെണ്ണാവുന്ന ഡോക്ടർമാർക്ക് മാത്രമേ

ആനചികിത്സയിൽ പ്രാഗത്ഭ്യമുള്ള. മൃഗസംരക്ഷണ വകുപ്പ് അവരെ ഏകോപിപ്പിച്ചു കൊണ്ട്, ആനകൾക്ക് അസുഖമുണ്ടാകുമ്പോൾ പ്രസ്തുത ടീമിനെ എത്തിച്ച് ചികിത്സിപ്പിക്കണം. വൈറസ് ആക്രമണം കാരണം വനം വകുപ്പിന്റെ 5 ആനകൾ കോട്ടൂരിൽ ചരിഞ്ഞു. ആനകളെ ശരിയായി ചികിത്സിക്കാനറിയുന്ന ടീമിന്റെ സഹായത്തോടുകൂടി, വനം വകുപ്പുമായി സഹകരിച്ചുകൊണ്ട് ആനകളെ ചികിത്സി ക്കാനുള്ള ഹൈടെക്ക് ഹോസ്പിറ്റൽ തൃശ്ശൂർ കേന്ദ്രീകരിച്ച് ആരംഭിക്കണം. ലോകത്ത് മലേഷ്യ, ഇൻഡോനേഷ്യ, തായ്‌ലൻഡ് തുടങ്ങിയ സ്ഥലങ്ങളിൽ ഇത് നിലവിലുണ്ട്. ആനകൾക്ക് എക്സ്റേ, സ്കാൻ തുടങ്ങിയ പരിശോധനകൾ നടത്തുന്നതിനായി മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള നടപടിയും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, നല്ല കാര്യങ്ങൾ ഒരുപാട് ചെയ്യുന്ന മന്ത്രിമാരെ അഭിനന്ദിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഹൃദയപൂർവ്വം പിന്താങ്ങുന്നു.

ശ്രീ. എം. മുകേഷ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണക്കുകയാണ്. മുമ്പെങ്ങും പരിചയിച്ചിട്ടില്ലാത്ത പ്രതികൂല സാഹചര്യ ങ്ങളിലും, സംസ്ഥാനത്തിന്റെ വളർച്ചയും സാമൂഹിക നീതിയും ഉറപ്പാക്കിയാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. ഇത് നിഷ്പ്രയാസം സാധിക്കുന്ന കാര്യമല്ല; പലവിധ പ്രതിസന്ധികളെ മറികടക്കേണ്ടതുണ്ട്. കലാ-സാംസ്കാരിക രംഗത്ത് സർക്കാർ നല്കുന്ന പിന്തുണ എക്കാലത്തും ഓർമ്മിക്കപ്പെടും. സർക്കാർ കലാപ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നുവെന്ന് വെറുതെ പറയുന്നതല്ല. പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഉൾക്കൊള്ളുകയും, കാലാനുസൃതമായ ടെക്നോളജിയുടെ പിന്തുണയോടെ വ്യത്യസ്ത കലാപ്രകടനങ്ങൾക്ക് അനുയോജ്യമായ പശ്ചാത്തല സംവിധാനം വികസിപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധേയമാണ്. ഈ മാതൃകയാണ് 14 ജില്ലാ ആസ്ഥാനങ്ങളിലുമായി ഉയർന്നുവരുന്ന സാംസ്കാരിക സമുച്ചയങ്ങൾ. നാടകം, നൃത്തം, വാദ്യകല, സംഗീതം തുടങ്ങിയ എല്ലാ കലാരൂപങ്ങളുടേയും പ്രകടന ങ്ങൾക്കുള്ള സ്ഥിരം വേദിയാകും ഓരോ സാംസ്കാരിക സമുച്ചയവും. നമ്മുടെ കലാ-സാംസ്കാരിക പൈതൃകം സംരക്ഷിക്കപ്പെടുകയും അത് അടുത്ത തലമുറയ്ക്കായി ഭദ്രമാകുകയും ചെയ്യും. ലണ്ടനിലും അമേരിക്കയിലും നഗരങ്ങളിൽ പ്രസിദ്ധമായ ബ്രോഡ് വേ തീയറ്ററുകളുണ്ട്; എല്ലാ ദിവസവും നാടകങ്ങൾ അരങ്ങേറുന്ന വേദിക ളാണത്. തിങ്ങി നിറഞ്ഞ കാണികൾ, ബ്രോഡ് വേ തീയേറ്ററുകളിൽ പോയി നാടകം കാണാൻ എനിക്കും അവസരം ലഭിച്ചിട്ടുണ്ട്. മാസങ്ങൾക്കുമുമ്പേ ഇത്തരം തീയേറ്ററുകളിൽ ടിക്കറ്റ് വിറ്റഴിയുന്നു. ടിക്കറ്റ് ലഭിക്കുന്നതിന് വലിയ ശിപാർശ ആവശ്യമാണ്. കല്യാണം കഴിഞ്ഞയുടൻ വരുന്നവർക്ക് ബ്രോഡ് വേയിലേയ്ക്ക് പോകാനുള്ള രണ്ട് ടിക്കറ്റ് വിലപ്പെട്ട ഗിഫ്റ്റായി നൽകുന്ന രീതിയാണ് പാശ്ചാത്ത്യ രാജ്യങ്ങളിലുള്ളത്. ഇത്തരം ലോക മാതൃകകൾ നമ്മുടെ കണ്ണ് തുറപ്പിക്കണം. അര

നൂറ്റാണ്ടിലേറെയായി ഷേക്സ്പിയർ നാടകങ്ങൾ മാത്രം അരങ്ങേറുന്ന ബ്രോഡ് വേ തീയേറ്ററുകളുണ്ട്. മികച്ച ടെക്നോളജിയുടെ പിൻബലത്തിലാണ് അവയുടെ പ്രവർത്തനം നടക്കുന്നത്. നമുക്കില്ലാതെ പോകുന്നതും ഈ സാങ്കേതിക മികവാണ്. ഒന്നാന്തരം അഭിനേതാക്കളും, സാങ്കേതിക പ്രവർത്തകരുമൊക്കെ നമുക്കുണ്ടെങ്കിലും അവരുടെ വൈഭവം പ്രകടിപ്പിക്കാൻ അനുയോജ്യമായ വേദികളില്ല. സാംസ്കാരിക സമുച്ചയങ്ങൾ ഈ കുറവ് നികത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. 57 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള ശ്രീനാരായണഗുരുവിന്റെ നാമധേയത്തിലുള്ള കൊല്ലത്തെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. സാംസ്കാരിക സമുച്ചയങ്ങളുടെ നടത്തിപ്പിനും ആസ്തികളുടെ ശരിയായ പരിപാലനത്തിനും സർക്കാർ കൃത്യമായ സംവിധാനം ഒരുക്കേണ്ടതുണ്ട്. ഒരിക്കൽ എനിക്ക് അമേരിക്കയിലെ വളരെ ഗംഭീരമായ സമുച്ചയത്തിൽ നാടകം കളിക്കാൻ ഭാഗ്യമുണ്ടായി. നാടകം തുടങ്ങുന്നതിനുമുമ്പ് സ്റ്റേജിന്റെ പുറകിൽ വലിയ ബഹളം നടക്കുകയുണ്ടായി. അവിടെ ഉദ്യോഗസ്ഥരും കലാസംവിധായകനും തമ്മിലുണ്ടായ തർക്കമായിരുന്നു. കലാസംവിധായകൻ ഒരു ആണി അടിക്കാൻ ശ്രമിക്കുന്നതിനിടെ, ഉദ്യോഗസ്ഥർ അതിലിടപെടുകയും ആണിയടിച്ചിരുന്നെങ്കിൽ ലക്ഷക്കണക്കിന് ഡോളർ നിങ്ങൾ നഷ്ടപരിഹാരമായി കൊടുക്കേണ്ടിവരുമായിരുന്നെന്ന് പറയുകയും ചെയ്തു. അവർക്ക് വേണ്ടതെന്താണെന്നും ലൈറ്റ് എവിടെ വേണമെന്നും പുകവരുന്ന സംവിധാനം വേണമെങ്കിൽ അതും അവർ തന്നെ ചെയ്തുതരാമെന്നും പറയുകയുണ്ടായി. നിർദ്ദിഷ്ട യോഗ്യതയുള്ള പരിശീലനം നേടിയ ജീവനക്കാരെ മാത്രമേ ഇത്തരം സ്ഥാപനങ്ങളിൽ നിയമിക്കാവൂ. എങ്കിൽ മാത്രമേ അവർക്ക് അഭിമാനസ്തംഭങ്ങളാകുന്ന സാംസ്കാരിക സമുച്ചയങ്ങളെ, അന്താരാഷ്ട്ര നിലവാരത്തിൽ പ്രൊഫഷണലായി നയിക്കാൻ കഴിയുകയുള്ളൂ. അങ്ങനെയല്ലെങ്കിൽ മുടക്കിയ കോടികൾ പാഴായിപ്പോകും. അടുത്തിടെ സിനിമ ഷൂട്ടിംഗിൽ പങ്കെടുക്കാൻ പീരുമേട്ടിലേയ്ക്ക് പോയിരുന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് ഒരു ചെറുസംഘം അവിടെയുണ്ടായിരുന്നു. എന്റെ സിനിമാ ജീവിതം തുടങ്ങിയിട്ട് 40 വർഷമായി. ഇതിനിടയിൽ ഇത്രമാത്രം അച്ചടക്കവും സാമൂഹിക അകലവും പാലിച്ചുള്ള ചിത്രീകരണങ്ങൾ കണ്ടിട്ടില്ല. ഇത് സ്വയം നിയന്ത്രണമാണ്, സാമൂഹിക പ്രതിബദ്ധതയാണ്. ഇത്തരം സന്ദേശം ഇന്ന് മലയാള സിനിമയുടെ എല്ലാ ഷൂട്ടിംഗ് സ്ഥലങ്ങളിലും പ്രകടമാണ്. കലാകാരന്മാർ, സാമൂഹിക പ്രതിബദ്ധതയുടെ കാര്യത്തിലെന്നും മുന്നിലാണെന്ന് സൂചിപ്പിക്കുവാനാണ് ഞാൻ ഇക്കാര്യം ചൂണ്ടിക്കാണിച്ചത്. അമെച്വർ പ്രൊഫഷണൽ കലാകാരന്മാർക്കും നാടകസമിതികൾക്കും സഹായധനമായി രണ്ട് കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ സർക്കാർ വകയിരുത്തിയത് അഭിനന്ദനാർഹമായ നടപടിയാണ്. പ്രസ്തുത തുക സമയബന്ധിതമായി കൊടുത്ത് തീർക്കണമെന്ന് അഭ്യർത്ഥനയുണ്ട്. കോവിഡ്

കാലം നിരവധി കലാകാരന്മാരുടെ ജീവിതത്തെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണെന്ന് എല്ലാവർക്കുമറിയാം. പലപ്പോഴും ഇവരെല്ലാം മാസ്ക് ധരിച്ചിരിക്കുന്നതിനാൽ മുഖത്തെ ദൈന്യത നാം തിരിച്ചറിയുന്നില്ലെന്ന് മാത്രം. ഹൃദയ വ്യഥകളോടെ അവർ ജീവിക്കുകയാണ്. മാസ്ക് അവരുടെ യഥാർത്ഥ മുഖത്തെ മറച്ചിരിക്കുന്നു. 'Behind every mask there is a face; a sorrow face.'

കായികരംഗമെടുത്താൽ വേദികളുടെ ശുഷ്കതയും ദൗർലഭ്യവും കാരണം പല സന്ദർഭങ്ങളിലും കഴിവുറ്റ കായിക പ്രതിഭകൾ മുന്നേറി വരുന്നില്ല. ഏത് മേഖലയിലാണ് തനിക്ക് കഴിവുള്ളതെന്ന് നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ തിരിച്ചറിയുന്നത് വർഷത്തിലൊരു ദിവസമാണ്; ഓണം കഴിഞ്ഞ് അവിട്ടം ദിനത്തിലാണ്. എല്ലാ സ്ഥലത്തും 9 മണി മുതൽ 5 മണി വരെ കായിക മത്സരവും, 6 മണി മുതൽ 9 മണി വരെ കലാമത്സരവും കാണും. ആ ദിവസമാണ് താൻ ഓടുമോ, ചാടുമോ, പാടുമോ, നൃത്തം ചെയ്യുമോയെന്ന് ചെറുപ്പക്കാരറിയുന്നത്. അങ്ങനെ ഒരു അവിട്ടം നാളിൽ ഞാൻ കായിക മത്സരത്തിന് പേര് കൊടുക്കുന്നതിനായി ക്യൂ നില്ക്കുമ്പോൾ, എന്റെ ബന്ധുവായ ഒരു ചെറുപ്പക്കാരൻ അതുവഴി വന്നു; അദ്ദേഹം എന്റെ സീനിയറാണ്. ഇവിടെയെന്താണ് പരിപാടിയെന്ന് സൈക്കിളിൽ വന്ന അദ്ദേഹം ചോദിച്ചു. കായിക മത്സരത്തിന് പേര് കൊടുക്കുകയാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന് പങ്കെടുക്കാൻ പറ്റുമോയെന്ന് ചോദിച്ചു. നിങ്ങൾക്കും സാധിക്കും, നിങ്ങളും അടുത്തല്ലേ താമസിക്കുന്നത് എന്ന് മറുപടി പറഞ്ഞപ്പോൾ അദ്ദേഹവും പേര് കൊടുത്തു. എന്റെ പുറകിൽ അദ്ദേഹം നിന്നു. ഞാൻ ഏത് ഐറ്റത്തിനാണ് ചേരേണ്ടതെന്ന് എന്റെ ചെവിയിൽ അദ്ദേഹം ചോദിച്ചു. കാലിനൊക്കെ നല്ല നീളമുണ്ടല്ലോ.. നിങ്ങൾ ചാട്ടത്തിന് ചേരാൻ ഞാനും പറഞ്ഞു. ലോംഗ് ജംപ്, ഹൈ ജംപ്, ട്രിപ്പിൾ ജംപ് ഇതിലേതാണ് വേണ്ടതെന്ന് അവിടെ പേര് രേഖപ്പെടുത്താനിരിക്കുന്ന സുദർശനൻ എന്നയാൾ ചോദിച്ചു. അദ്ദേഹം എന്നെ നോക്കിയപ്പോൾ, ലോംഗ് ജംപ് എന്ന് ഞാൻ പറഞ്ഞു. ബാക്കി വിഭാഗങ്ങൾക്ക് പ്രാക്ടീസ് വേണം. പേര് വിളിച്ചപ്പോൾ അദ്ദേഹം വന്നൊരൊറ്റ ചാട്ടം, പിറ്റിന് അപ്പുറത്തേയ്ക്ക് പോയി. പട്ടത്താനം സ്പോർട്സ് ക്ലബ് ഞെട്ടി; ആദ്യമായിട്ടാണ് ഇങ്ങനെയൊരു ചാട്ടം, അദ്ദേഹം ഒന്നാം സമ്മാനം നേടി. അതിനടുത്തവർഷം അദ്ദേഹം കൊല്ലത്തിന്റെ ചാമ്പ്യനായി. അതുകഴിഞ്ഞ് രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം കേരളത്തിന്റെ ചാമ്പ്യനായി. മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം ഇന്ത്യയുടെ ചാമ്പ്യനായി. പിന്നീട് ഇന്ത്യയെ പ്രതിനിധീകരിച്ച് അദ്ദേഹം ഒളിമ്പിക്സിന് പോയി. അദ്ദേഹത്തിന്റെ പേരാണ് ശ്രീ. സുരേഷ് ബാബു; ഒളിമ്പ്യൻ സുരേഷ് ബാബു. അന്ന് ആ ഓണനാളിൽ അതുവഴി സൈക്കിളിൽ വന്നില്ലായിരുന്നെങ്കിൽ ഇന്ത്യയ്ക്കൊരു

ഒളിമ്പ്യനെ നഷ്ടപ്പെട്ടുമായിരുന്നു. ഒളിമ്പ്യനായതിനുശേഷം രണ്ടുകൊല്ലം കഴിഞ്ഞ് അദ്ദേഹം വീണ്ടും വന്നു. എല്ലാവരും അദ്ദേഹത്തിന്റെ ഓട്ടോഗ്രാഫ് വാങ്ങി. അദ്ദേഹം സുദർശനനോട് പറഞ്ഞു. എന്റെ പേരുകൂടി എഴുതിയിട്ടോ; ട്രിപ്പിൾ ജമ്പ്. ആദ്യം തമാശയാണെന്ന് വിചാരിച്ചു, അല്ല. അദ്ദേഹം പേര് കൊടുത്തു. ഇവിടെ നിന്നല്ലേ തുടങ്ങിയത്. ഇവിടെ എനിക്ക് മത്സരിക്കാം. അദ്ദേഹം ഓടിയൊന്നും വന്നില്ല, ഒറ്റ ചാട്ടത്തിൽ വീണ്ടും പിറ്റിനപ്പുറത്ത് പോയി. ഒരുപാട് പേരോട് ഞാൻ പറഞ്ഞു. ഇന്നലെ ഒരു ടൈറ്റ് മത്സരമുണ്ടായിരുന്നു. ഒളിമ്പ്യൻ സുരേഷ്ബാബു ഫസ്റ്റ് അടിച്ചുകൊണ്ടുപോയി. സെക്കന്റ് ഞാനാണ്. ഒന്നര കിലോമീറ്റർ വ്യത്യാസമുള്ള കാര്യം ഞാൻ ആരോടും പറഞ്ഞില്ല. നമ്മുടെ കായികരംഗത്ത് നിർദ്ദിഷ്ട സ്പോർട്സ് നയം യാഥാർത്ഥ്യമാകുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള സ്പോർട്സ് താരങ്ങൾ കൂടുതലായി ഈ രംഗത്തുവരും. വിപുലമായ അടിസ്ഥാന സൗകര്യവികസനവും പരിശീലനവും ഇതിന്റെ ഭാഗമായുണ്ടാകും. ഒളിമ്പിക്സ് മെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിന്റെ ഗോൾവലയം കാത്ത ശ്രീ. പി. ആർ. ശ്രീജേഷിനെപ്പോലെയു ള്ളവർ ധാരാളമായി രാജ്യത്തിന്റെ അഭിമാനത്തിന്റെ ഗോൾവലയം കാക്കാൻ ഉയർന്നുവരും. കായികതാരങ്ങൾ എക്കാലത്തും നമ്മുടെ പ്രിയപ്പെട്ടവരാണ്. സിനിമാ താരങ്ങളെക്കാൾ എത്രയോ മതിപ്പാണ് കായികതാരങ്ങൾക്ക് കൊടുക്കു ന്നതെന്ന് ഞാൻ നേരിൽ കണ്ടിട്ടുള്ളതാണ്. ഞാൻ സ്കൂൾ ഫൈനലിൽ പഠിക്കുമ്പോൾ സന്തോഷ് ട്രോഫി എറണാകുളത്തെന്ന് ഒരു ന്യൂസ് വന്നു; അവിടെ ചെന്ന് കളി കാണുന്നു, ഫൈനലിൽ കേരളം റെയിൽവേയ്സിനെ 3-2 ഗോളിന് തോൽപ്പിക്കുന്നു. ക്യാപ്റ്റൻ മണി ഹാട്രിക് അടിക്കുന്നു. മണിയുടെ ഒരു ഓട്ടോഗ്രാ ഫിനുവേണ്ടി ആയിരക്കണക്കിനാളുകളാണ് അവിടെ കൂടിയത്. അവസാനം അദ്ദേഹം ഒരു കാറിൽ കയറി രക്ഷപ്പെടുകയായിരുന്നു. ഈ വളക്കൂറുള്ള മണ്ണാണ് കായിക-കലാപ്രേമികൾക്ക് കേരളത്തിലുള്ളത്. എന്റെ കക്ഷത്തിരുന്ന ആ ഓട്ടോഗ്രാഫ് മണിക്ക് കൊടുക്കാൻ കഴിഞ്ഞില്ലല്ലോ എന്ന നിരാശയോടെ പിന്നെ ഞാൻ മാറിയിരുന്ന് എഴുതി, ' പ്രിയ മുകേഷ്, ഫുട്ബോളിൽ നിങ്ങൾ കയറി വരും. മണി, ഒപ്പ്.' അതിനെയുംകൊണ്ട് കൊല്ലത്ത് പോകേണ്ട ഗതികേട് വന്നു. ഞാൻ ഒപ്പിട്ടതുതന്നെ എത്രയോ പേർ നോക്കി സ്വപ്നം കാണുന്നത് ഞാൻ കണ്ടിട്ടുണ്ട്. ആ വളക്കൂറ് ഇപ്പോഴുമുണ്ട്. ഒന്നുതൊട്ടാൽ മതി അത് പൊങ്ങിവരും. ഭാവി കേരളത്തിന്റെ സമൃദ്ധിയാണ് ഇടതുപക്ഷ സർക്കാരിന്റെ ലക്ഷ്യം. നാടിന്റെ ഭാവിയെ രൂപപ്പെടുത്താനുള്ള മുഖ്യമന്ത്രിയുടെ എല്ലാ ശ്രമങ്ങൾക്കും പിന്തുണ പ്രഖ്യാപിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഭൂതകാലത്തിൽ മാറ്റം വരുത്താൻ നമുക്കാവില്ല; എന്നാൽ ഭാവിയെ മാറ്റാനാകും. We cannot change the past, but we can change the future. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നിയമസഭയുടെ പൊതുമുതൽ നശിപ്പിച്ച കേസ് പിൻവലിക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി വരെ പോയി തോറ്റ് തുന്നം പാടിയിട്ടും, പൊരിഞ്ഞ പോരാട്ടമായിരുന്നെന്നും അവസാന ശ്വാസം വരെ പോരാടി ധീരമായി തോല്ക്കുന്നത് ജയിച്ചതിന് തുല്യമാണെന്നും, സ്വാതന്ത്ര്യ സമരകാലത്ത് ഡൽഹി അസംബ്ലിയിൽ ബോംബെറിഞ്ഞ ഭഗത് സിംഗിനോട് താരതമ്യം ചെയ്ത് നടക്കുന്നതും എത്ര പരിഹാസ്യമാണ്. സുപ്രീംകോടതി വിധിയെത്തുടർന്ന് ദേശീയ മാധ്യമങ്ങളിലടക്കം കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി മുണ്ടുംമടക്കിക്കുത്തി സ്പീക്കറുടെ ഡയസ്സിൽക്കയറി അവിടെയുള്ള കമ്പ്യൂട്ടറുകളും ഇലക്ട്രോണിക് ഉപകരണങ്ങളും മുഴുവൻ തല്ലിത്തകർക്കുന്ന, എം.എൽ.എ.-മാർ ഇരിക്കുന്ന ഡെസ്കിന്റെയും ബെഞ്ചിന്റെയും മുകളിൽക്കയറി സ്പൈഡർമാനെപ്പോലെ പറന്നുനടക്കുന്ന കാഴ്ചയാണ് സംപ്രേക്ഷണം ചെയ്തത്. ഇതാണോ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി? ഈ മന്ത്രിയാണോ കേരളത്തിലെ കുട്ടികൾക്ക് മാതൃക? ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കണ്ടാണോ കേരളത്തിലെ കുട്ടികൾ പഠിക്കേണ്ടതെന്ന് ഉൽക്കണ്ഠപ്പെടുന്നവരോട് എനിക്ക് ഒന്നേ പറയാനുള്ളു. ഈ രംഗങ്ങൾ ഇനി ചാനലുകളിൽ സംപ്രേക്ഷണം ചെയ്യുമ്പോൾ സിനിമയിലും പരസ്യത്തിലുമൊക്കെ കാണിക്കുന്നതുപോലെ, 'These stunts have been performed by an expert, please don't try this at home or school' എന്ന് നിയമപരമായ മുന്നറിയിപ്പ് കൊടുത്ത് ഉത്തരവിറക്കുകയാണ് സർക്കാർ അടിയന്തരമായി ചെയ്യേണ്ടത്.

സാർവ്വത്രികവും നിർബന്ധിതവുമായ സ്കൂൾ വിദ്യാഭ്യാസം വർഷങ്ങൾക്കു മുമ്പുതന്നെ യാഥാർത്ഥ്യമാക്കാൻ സാധിച്ചതാണ് കേരളത്തിന്റെ സവിശേഷത. റവന്യൂ വരുമാനത്തിന്റെ മൂന്നിലൊന്നോളം വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്ന സംസ്ഥാനമാണ് കേരളം. കോവിഡ് കാലത്ത് കേരളം കണ്ട അതിജീവനത്തിന്റെ ഏറ്റവും മനോഹരമായ വിജയമാണ് ഇത്തവണത്തെ എസ്.എസ്.എൽ.സി. പരീക്ഷാഫലം. അദ്ധ്യയന വർഷം മുഴുവൻ സ്കൂളുകൾ അടച്ചിടേണ്ടി വന്നിട്ടും കോവിഡിന് മുന്നിൽ തോൽക്കില്ലെന്ന് ശപഥം ചെയ്ത വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയുമൊക്കെ മഹാവിജയം. ഡിജിറ്റൽ ഉപകരണലഭ്യതയും നെറ്റ്‌വർക്ക് കണക്റ്റിവിറ്റിയും വലിയൊരു ശതമാനം കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് വിലങ്ങുതടിയാകുന്നുണ്ടെന്ന് തിരിച്ചറിഞ്ഞ പൊതുസമൂഹത്തിന്റെ സഹായഹസ്തങ്ങൾ അഭിനന്ദനം അർഹിക്കുന്നു. 421887 കുട്ടികൾ പരീക്ഷയെഴുതിയപ്പോൾ 2236 കുട്ടികൾക്ക് മാത്രമാണ് ഉപരിപഠന യോഗ്യത ലഭിക്കാതെ പോയത്. എല്ലാ വിഷയത്തിലും 90 ശതമാനത്തിലേറെ മാർക്ക് നേടി മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയവരുടെ എണ്ണം മൂന്ന് മടങ്ങായി ഉയർന്നുവെന്നതാണ് കോവിഡ്

കാലത്തെ വിസ്മയം. 80 ശതമാനത്തിലേറെ മാർക്ക് നേടിയവരുടെ എണ്ണം ഒരു ലക്ഷത്തി അറുപതിനായിരത്തിന് മുകളിലാണ്. എ പ്ലസ് ഒറ്റക്കൊല്ലം കൊണ്ട് മൂന്ന് മടങ്ങായത് പ്ലസ് വൺ പ്രവേശനത്തെ സങ്കീർണ്ണമാക്കാം. മലപ്പുറം, തൃശ്ശൂർ ഉൾപ്പെടെയുള്ള മലബാർ ജില്ലകളിൽ പ്ലസ് വൺ പ്രവേശനത്തിനാവശ്യമായ സീറ്റില്ലായെന്നുള്ളത് അടിയന്തരമായി പരിഹരിക്കേണ്ടതാണ്. അടിയന്തരമായി ബാച്ചുകൾ അനുവദിക്കുകയാണ് വേണ്ടത്. റിസൾട്ട് വന്ന് മൂന്നാഴ്ച പിന്നിട്ടിട്ടും ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. സ്കൂളും ഇഷ്ടപ്പെട്ട ഗ്രൂപ്പും തെരഞ്ഞെടുക്കാൻ എ പ്ലസുകാർ തമ്മിൽ നടക്കുന്ന മത്സരം രൂക്ഷമാകും. പത്താം ക്ലാസ് വരെ കേന്ദ്ര ബോർഡിന് കീഴിലുള്ള സ്കൂളിൽ പഠിച്ചവർ പ്ലസ് വണ്ണിന് അടിസ്ഥാന സിലബസിലേയ്ക്ക് ധാരാളമായി വരാറുണ്ട്. സീറ്റ് ദൗർലഭ്യം പ്രശ്നമായി മാറാം. മാർക്കല്ല, ഗ്രേഡ് ആണ് മാനദണ്ഡമെന്നതിനാൽ ഏകജാലകത്തിലൂടെയുള്ള പ്രവേശന നടപടികളിൽ സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ടാകാം. ഒരേ ഗ്രേഡുള്ള കുട്ടികളിൽ ചിലർക്ക് സീറ്റ് ലഭിക്കുമ്പോൾ ചിലർ നിർഭാഗ്യവശാൽ പിൻതള്ളപ്പെടാം. ചാലക്കുടിയിൽ 17 സ്കൂളുകളിലായി 738 വിദ്യാർത്ഥികൾക്ക് എ പ്ലസും, 488 വിദ്യാർത്ഥികൾക്ക് 80 ശതമാനം മാർക്കും ലഭിച്ചു. മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുപോലും ഉപരിപഠന സാദ്ധ്യതയില്ലാത്ത അവസ്ഥയാണ്. കോവിഡ് കാലത്തെ രണ്ടാം അദ്ധ്യയനവർഷം ആരംഭിച്ചിട്ടും ഓൺലൈൻ പഠന സൗകര്യമില്ലാത്ത എസ്.സി., എസ്.ടി. വിഭാഗത്തിലുള്ള ആയിരക്കണക്കിന് കുട്ടികൾ ഇപ്പോഴും പഠനത്തിന്റെ പടിക്കുപുറത്തുതന്നെയാണ്. എന്റെ നിയോജകമണ്ഡലമായ ചാലക്കുടിയിലെ മലക്കപ്പാറയിലും അതിരപ്പിള്ളിയിലും ഈ പ്രശ്നം അതിരൂക്ഷമാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണൻ, എസ്.ടി. കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കുമെന്ന് നിയമസഭയിൽ നല്കിയ ഉറപ്പ് ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. പന്ത്രണ്ടാം ക്ലാസ് വരെ സൗജന്യ വിദ്യാഭ്യാസം ലഭിച്ചുകൊണ്ടിരുന്ന കേരളത്തിൽ ഇപ്പോഴുള്ള വിദ്യാഭ്യാസം സൗജന്യമാണെന്ന് പറയാനാവില്ല. രക്ഷിതാക്കൾ മൊബൈൽ ഫോണിനും റീചാർജ്ജ് ചെയ്യാനുള്ള പണത്തിനും വേണ്ടി പരക്കം പായുന്നു. ഓൺലൈൻ വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ബഡ്ജറ്റിൽ പണം വകയിരുത്തിയെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ, മൊബൈൽ ഫോൺ വാങ്ങാനുള്ള പണത്തിനായി സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുക്കാനാണ് ഉത്തരവിട്ടത്. ഓൺലൈൻ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്കൂൾ പി.ടി.എ., പഠനസഹായ സമിതി, സഹകരണ ബാങ്കുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചുമലിലേയ്ക്ക് തള്ളി സർക്കാർ കയ്യൊഴിഞ്ഞിരിക്കുന്നു. നെറ്റ് ലഭ്യമായ നഗരകേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി ഓൺലൈൻ പഠനം പരിമിതപ്പെട്ടു. റേഞ്ച് കുറഞ്ഞ മലയോര മേഖലയിലെ

കുട്ടികൾ മുറിയുന്ന നെറ്റിലെ പഠനം ഉപേക്ഷിച്ചുപോകുകയാണ്. ഓൺലൈൻ പഠന സൗകര്യമില്ലാത്തതിനാൽ ആത്മഹത്യ ചെയ്ത മലപ്പുറം വളാഞ്ചേരിയിലെ ദേവിക നമ്മുടെ മുന്നിൽ ഒരു നൊമ്പരമായി അവശേഷിക്കുന്നു. ഇനിയും ദേവികമാർ ഉണ്ടായിക്കൂടാ. കെ.എസ്.എഫ്.ഇ. 'വിദ്യാഭ്യാസ വിദ്യാശ്രീ' ചിട്ടിയിൽ ചേർന്നാൽ ലാപ്ടോപ്പ് ലഭിക്കുമെന്ന വാഗ്ദാനത്തിൽ ചിട്ടിയിൽ ചേർന്നവർ വെട്ടിലായി. 1500 രൂപ അടയ്ക്കുമ്പോൾ തന്നെ ലാപ്ടോപ്പ് ലഭിക്കുമെന്ന് പ്രതീക്ഷിച്ചവർക്ക് ഒരുവർഷം പിന്നിട്ടിട്ടും ലാപ്ടോപ്പ് ലഭിച്ചിട്ടില്ല. അങ്ങനെ ലാപ്ടോപ്പില്ലാതെ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി.-യും പ്ലസ് ടുവും പഠിച്ചിറങ്ങി. കേരളത്തിലെ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ 2011 മുതൽ റെഗുലർ തസ്തികകളിൽ വിദ്യാഭ്യാസ വ്യവസ്ഥകൾക്കനുസൃതമായി നിയമനം നേടുകയും കുട്ടികളുടെ എണ്ണക്കുറവിന്റെ പേരിൽ ശമ്പളവും ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുകയും ചെയ്ത 1200-ഓളം അദ്ധ്യാപകരുണ്ട്. നാട്ടിൻപുറത്തെ കൊച്ചുവിദ്യാലയങ്ങളിലെ അദ്ധ്യാപകരായ ഇവരെ സംരക്ഷിക്കണം. ഹയർ സെക്കണ്ടറി മേഖലയിൽ അഞ്ചുവർഷം പൂർത്തിയാക്കിയ ജൂനിയർ അദ്ധ്യാപകരുടെ ന്യായമായ സ്ഥാനക്കയറ്റം പരിഗണിക്കണം. നിർദ്ധന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കും ഈ അദ്ധ്യയനവർഷം സുഗമമായ ഓൺലൈൻ പഠനം ഉറപ്പാക്കിയേ മതിയാവൂ. കോവിഡുമായുള്ള സഹവാസം ഇനിയും തുടരേണ്ടി വന്നേക്കാം. അതുകൊണ്ടുതന്നെ കുറവുകൾ പരിഹരിച്ച് പഠനവഴിയിലൂടെ നാം മുന്നോട്ട് പോകേണ്ടതുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന്]

ഒളിമ്പിക്സിൽ വെങ്കല മെഡൽ ജേതാവായ ഇന്ത്യയുടെ അഭിമാനം വാനോളമുയർത്തിയ മലയാളിയായ ശ്രീ. പി. ആർ. ശ്രീജേഷിനെ ഞാൻ അഭിനന്ദിക്കുകയാണ്. പഞ്ചാബുകാരായ സഹകളിക്കാർക്ക് ഒരു കോടിരൂപ വീതം പഞ്ചാബ് സർക്കാർ പ്രഖ്യാപിച്ചപ്പോൾ കേരള സർക്കാർ അനങ്ങാപ്പാറ നയം തുടരുകയാണ്. അർഹമായ പാരിതോഷികം സർക്കാർ പ്രഖ്യാപിക്കണം. ഇന്ത്യൻ ഹോക്കി ചരിത്രം കുറിച്ച് തിരിച്ചുവരുമ്പോൾ സംസ്ഥാനത്തെ ഏക പൊതുഹോക്കി സ്റ്റേഡിയം കാടുപിടിച്ചും മാലിന്യം നിറഞ്ഞും കിടക്കുകയാണ്. 2015-ലെ ദേശീയ ഗെയിംസിനുവേണ്ടി കൊല്ലത്ത് അഷ്ടമുടിക്കായലിന്റെ തീരത്ത് 18.5 കോടിരൂപ ചെലവിൽ രാജ്യാന്തര നിലവാരത്തിൽ പണിത സിന്തറ്റിക് ടർഫ് സ്റ്റേഡിയത്തിനാണ് ഈ ദുര്യോഗം. ഫുട്ബോൾ കളിക്കാരനായും ഇന്ത്യൻ ടീമിന്റെ പരിശീലകനായും അര നൂറ്റാണ്ടിലേറെ പാരമ്പര്യമുള്ള ശ്രീ. ടി. കെ. ചാത്തുണ്ണിയുടെ നാടാണ് ചാലക്കുടി. അദ്ദേഹത്തോടുള്ള ആദരസൂചകമായി ചാലക്കുടി പനമ്പിള്ളി കോളേജിന്റെ മൈതാനം അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്റ്റേഡിയമാക്കു

ന്നതിന് നടപടി സ്വീകരിക്കണം. അന്താരാഷ്ട്ര പ്രശംസ നേടിയ തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെയും അവസ്ഥ പരിതാപകരമാണ്. വളരെയേറെ ശ്രദ്ധയോടെ പരിപാലിക്കപ്പെടേണ്ട ക്രിക്കറ്റ് പിച്ചുകൾ ആർമി റിക്രൂട്ട്മെന്റ് റാലി പോലെയുള്ള പരിപാടികൾക്ക് വിട്ടുനല്കിയതാണ് ഇന്നത്തെ അവസ്ഥയ്ക്ക് കാരണം.

താരപരിവേഷമില്ലാതെ തികച്ചും സാധാരണക്കാരനായി ജീവിച്ച മലയാളികളുടെ പ്രിയപ്പെട്ട കലാഭവൻ മണി ഓർമ്മയായിട്ട് അഞ്ചുവർഷം പിന്നിടുകയാണ്. കലാഭവൻ മണിക്ക് സ്വന്തം നാട്ടിൽ സ്മാരകം നിർമ്മിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നല്കുന്നതിനും ആദ്യഗഡുവായി ഒരു കോടിരൂപ റിലീസ് ചെയ്യുന്നതും സംബന്ധിച്ച ഫയലിൽ സർക്കാർ അടിയന്തര നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഇരുളടഞ്ഞ നാൾവഴികളിലൂടെ പതിറ്റാണ്ടുകളായി ജാതിവിവേചന ത്തിന്റെ കൊടിയ മർദ്ദനങ്ങൾക്ക് ഇരയാവുകയും മനുഷ്യത്വ ഹീനമായ തൊട്ടുകൂടായ്മയിലൂടെ ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് ജാതി മേധാവിത്വം ആട്ടിപായിപ്പിക്കപ്പെട്ട ജനതയാണ് പട്ടികജാതി/പട്ടികവർഗ്ഗവിഭാഗം. ഇന്ത്യൻ ജനസംഖ്യയിൽ 2011-ലെ കണക്കനുസരിച്ച് 1108 വിഭാഗങ്ങളിലായി 16.6 ശതമാനം പട്ടികജാതിക്കാരും 744 വിഭാഗങ്ങളിലായി 8.6 ശതമാനം പട്ടികവർഗ്ഗ വിഭാഗങ്ങളുമാണുള്ളത്. ഇന്ത്യ ലോകത്തിന് നൽകിയ പുതിയ കാലത്തിന്റെ എഴുത്തുകാരി ശ്രീമതി മീന കന്ദസ്വാമി, "Touch (സ്പർശം)" എന്ന തന്റെ ആദ്യ പുസ്തകത്തിലൂടെ മാനവിക ചരിത്രത്തിലെ ഏറ്റവും ജീർണ്ണിതമായ തൊട്ടുകൂടായ്മ എന്ന മനുഷ്യത്വവിരുദ്ധമായ അവസ്ഥയുടെ അന്വേഷണങ്ങളി ലൂടെയാണ് കടന്നുപോകുന്നത്. 'തൊടുക' എന്നത് മനുഷ്യർ തമ്മിലുള്ള സാർവ്വത്രി കമായ സാഹോദര്യത്തിന്റെ ഐക്യപ്പെടലാകുമ്പോൾ മനുഷ്യന്റെ നിഴൽപോലും മറ്റൊരു മനുഷ്യൻ തൊടുന്നത് നിയമംമൂലം വിലക്കിയിരിക്കുന്ന സംസ്കാരത്തിന്റെ തുടർച്ചയും ജാതി ബ്രാഹ്മണ്യവും ജാതി ശരീരങ്ങളായും മാത്രംകണ്ട് ദളിത് ജീവിതങ്ങളെ നിരന്തരം കുരിശിലേറ്റപ്പെടുന്ന അനുഭവങ്ങളുടെ ഇന്ത്യയാണ് ഇന്ന് നാം കാണുന്നത്. ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യദിന ആഘോഷങ്ങളിലേയ്ക്ക് നീങ്ങുന്ന ഈ വേളയിൽ ഇന്ത്യയുടെ വിവിധ സംസ്ഥാന ങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന പീഡനപരമ്പരകൾക്ക് അറുതിയില്ല. ശ്രീമതി വന്ദന കതാരിയയെ അറിയാത്തവരാരുമില്ല. ഉത്തരാ ഖണ്ഡിലെ ഹരിദ്വാർ ജില്ലയിലെ റോഷ്നാബാദ് പ്രദേശത്തെ ശ്രീമതി വന്ദന കതാരിയ ഇന്ത്യൻ വനിതാ ഹോക്കി

ടീമിന് ഒളിമ്പിക്സിൽ ഹാട്രിക് നേടി മിന്നുന്ന വിജയം സമ്മാനിച്ച താരവും ഒളിമ്പിക്സ് ഹോക്കിയിൽ ഹാട്രിക് നേടുന്ന ആദ്യ ഇന്ത്യൻ വനിതയുമാണ്. ഇരുന്നൂറിലധികം അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യയ്ക്കുവേണ്ടി കളിച്ച് 2014-ൽ ഏഷ്യൻ ഗെയിംസിൽ വെങ്കല മെഡൽ നേടിയ ടീമിലെ അംഗമായിരുന്ന ശ്രീമതി വന്ദന കതാരിയ ഇക്കഴിഞ്ഞ ടോക്കിയോ ഒളിമ്പിക്സിൽ ഇന്ത്യൻ വനിതാ ടീം നേതൃത്വം കൊടുത്ത് അർജന്റീനയ്ക്കെതിരെ തോറ്റ് പുറത്തായപ്പോൾ ഉത്തരാഖണ്ഡിലെ വന്ദനയുടെ വീടിനുനേരെ ആക്രമണം നടന്നു. ദളിതുകളെ ടീമിലെടു ത്തതാണ് പരാജയപ്പെടാൻ കാരണമെന്ന് ജാതിവെറിയന്മാരായ ആർ.എസ്.എസ്.-കാർ ആർത്ത് കൂവുന്ന ഇന്ത്യയെയാണ് നാമിന്ന് കാണുന്നത്. ദളിത് വിഭാഗങ്ങളെ മനുഷ്യരായിപ്പോലും പരിഗണിക്കാത്ത, മനുസ്മൃതി അടിസ്ഥാനമാക്കിയാവണം ഇന്ത്യൻ ഭരണഘടന എഴുതേണ്ടതെന്ന് ഭരണഘടന നിർമ്മാതാക്കൾക്ക് കത്തെഴുതിയ ആർ.എസ്.എസ്. ഇന്ത്യ ഭരിക്കുമ്പോൾ ദളിത് വിഭാഗങ്ങൾക്ക് എന്ത് നീതിയാണിവിടെ ലഭിക്കുന്നത്? കേരളത്തിൽ 53 വിഭാഗങ്ങളിലായി 9.10 ശതമാനം പട്ടികജാതിക്കാരും 36 വിഭാഗങ്ങളിലായി 1.45 ശതമാനം പട്ടികവർഗ്ഗ വിഭാഗങ്ങളും അധിവസിക്കുന്നു. ഇന്ത്യയുടെ സാക്ഷരതാ നിരക്കിൽ ഏതാണ്ട് 61.1 ശതമാനം പട്ടികജാതിക്കാരും 59 ശതമാനം പട്ടികവർഗ്ഗക്കാരുമാണെങ്കിൽ കേരളത്തിന്റെ സാക്ഷരതാ നിരക്കിൽ 8.77 ശതമാനം പട്ടികജാതിക്കാരും 67 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്.

തൊഴിൽ മേഖലയിൽ 2011-12-ലെ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ റിപ്പോർട്ട് അനുസരിച്ച് 63 ശതമാനം പട്ടികജാതിക്കാർ കൂലിവേല ചെയ്യുന്നവരും 32 ശതമാനം പേർ താല്ക്കാലിക തൊഴിലുകളിലേർപ്പെട്ടി രുന്നവരുമാണ്. ഇന്ത്യയിലെ ശരാശരി ജനസംഖ്യയേക്കാൾ ഇരട്ടി വിഭാഗങ്ങൾ കൂലിവേലക്കാരും താല്ക്കാലിക തൊഴിലാളികളുമാണ്. പോസ്റ്റ് ഗ്രാജ്വേഷനുൾപ്പെടെ ഉയർന്ന യോഗ്യതയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളേക്കാൾ കൂടുതൽ അണ്ടർ ഗ്രാജ്വേറ്റ് വിദ്യാഭ്യാസ യോഗ്യതയുള്ള ഉയർന്ന ജാതിയിൽപ്പെടുന്നവർക്ക് 67 ശതമാനത്തിലധികം അവസരങ്ങൾ ലഭിക്കുന്നുവെന്ന ഭീകരാന്തരീക്ഷം തൊഴിൽ മേഖലയിലുണ്ട്. ഇതെല്ലാം തുറന്നുകാണിക്കുന്നത് ഇന്ത്യയിൽ ജാതീയതയുടെ കൊടിയ വിവേചനമാണുള്ളത് എന്നതാണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 2018-ലേക്കാൾ 7 ശതമാനം പട്ടികജാതിക്കാർക്കെതിരെയും 26 ശതമാനം പട്ടികവർഗ്ഗക്കാർക്കെതിരെയുമുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടുത്ത വിവേചനമാണ് ഇവർ നേരിടുന്നത്. സെൻട്രൽ യൂണിവേഴ്സിറ്റികളിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫാക്കൽറ്റികളെ നിയമിക്കാതെ ഒഴിഞ്ഞുകിടക്കുകയാണ്. കേന്ദ്ര വിദ്യാഭ്യാസ

വകുപ്പുമന്ത്രി ശ്രീ. രമേശ് പൊക്രിയാൽ അടുത്ത ദിവസങ്ങളിലായി പാർലമെന്റിൽ നൽകിയ മറുപടിയിൽ പറയുന്നത് അർഹതപ്പെട്ട സംവരണ സീറ്റുകളിൽ പിന്നോക്കക്കാരുടെ 50 ശതമാനവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ 40 ശതമാനവും ഒഴിഞ്ഞുകിടക്കുന്നു എന്നുള്ളതാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ സംവരണ വിഭാഗത്തിൽപ്പെടുന്ന ഒ.ബി.സി.-ക്കാരുടെ 60 ശതമാനം സീറ്റ് ഒഴിഞ്ഞുകിടക്കുമ്പോൾ എസ്.സി.,എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ 80 ശതമാനം സീറ്റും ഒഴിഞ്ഞുകിടക്കുകയാണ്. ഇത് കാണിക്കുന്നത് കേന്ദ്ര ഗവൺമെന്റ് ദളിത് പിന്നോക്ക വിരുദ്ധ സമീപനങ്ങൾ സ്വീകരിക്കുകയും ഇവരെ മുഖ്യധാരയിൽനിന്ന് അകറ്റിനിർത്തുകയും ചെയ്യുന്നു എന്നുള്ളതാണ്. തൊഴിൽ വിവേചനംമൂലം ദാരിദ്ര്യവും മൂലധന ലഭ്യതക്കുറവും ജാതിവിവേചനം മൂലമുള്ള തൊഴിൽക്കുറവും പരിഹരിക്കപ്പെടാൻ ശക്തമായ ഇടപെടൽ അനിവാര്യമാണ്. തൊഴിൽ രംഗത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും പട്ടികജാതി/ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് സമഗ്ര സംരക്ഷണം ഉറപ്പുനൽകുന്ന നിയമത്തിന്റെ അനിവാര്യതയാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. കേന്ദ്ര വനാവകാശ നിയമം, പട്ടികജാതി പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കുന്ന പി.ഒ.എ. ആക്ട് [Scheduled Caste and Scheduled Tribe (Prevention of Atrocities) Act] എന്നിവ കർശനമായി നടപ്പിലാക്കാൻ തയ്യാറാകണം. നവകേരള നിർമ്മിതിക്കുവേണ്ടി ഉറച്ച അടിത്തറപാകിയ കഴിഞ്ഞ 5 വർഷങ്ങൾ, കേരളത്തിൽ തോൽക്കാൻ മനസ്സില്ലാത്ത ഒരു ജനതയുടെ ഇച്ഛാശക്തിയെ ലോകം വിസ്മയത്തോടെയാണ് വീക്ഷിച്ചത്. 2011-ലെ റിസർവ് ബാങ്കിന്റെ കണക്ക് പ്രകാരം കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത് 45 ലക്ഷം കുടുംബങ്ങളാണ്. അതിന്റെയടിസ്ഥാനത്തിൽ രണ്ടാം പിണറായി സർക്കാർ ഈ മേഖലയിൽ മൈക്രോ പ്ലാനുകളുണ്ടാക്കി പരമദരിദ്രരെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളാണ് പരമദരിദ്രരരെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആന്റി റിസർവേഷൻ പോളിസി സ്വീകരിച്ച് പട്ടികജാതി ജനവിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി ലഭിക്കേണ്ട ഫണ്ടുകൾ വെട്ടിക്കുറയ്ക്കുന്നതും സംവരണ അട്ടിമറികളും കേരളം കണ്ടതാണ്. ഇതിൽനിന്നും വളരെ വിഭിന്നമായി ഇത്തരം വിഭാഗങ്ങളെ സംരക്ഷിക്കാനാവശ്യമായ നടപടി കേരളത്തിൽ സ്വീകരിക്കുമ്പോൾ inclusive development എന്ന ആശയം മുൻനിർത്തിയാണ് വിദ്യാഭ്യാസ പുരോഗതി, തൊഴിൽ സാദ്ധ്യതയിൽ വർദ്ധനവ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഭവനനിർമ്മാണം തുടങ്ങിയ മേഖലകളിൽ ഊന്നൽ നൽകി ക്കൊണ്ട് ജനസംഖ്യയെക്കാൾ കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഫണ്ടുകൾ മാറ്റിവച്ച് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നിരവധി വികസന പ്രവർത്തനങ്ങൾ ഇതിനകം ഏറ്റെടുക്കപ്പെട്ടിട്ടുണ്ട്. എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ഇതെല്ലാം സൂചിപ്പിച്ചതാണ്.

[2.00 P.M.]

വിദ്യാഭ്യാസ മേഖലയിലും ഉന്നത വിദ്യാഭ്യാസ മേഖലയിലുമുള്ള വിദേശ പഠനവും സിവിൽ സർവ്വീസ് പരീക്ഷകളുടെ പരിശീലനവുമുൾപ്പെടെ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് മുന്നോട്ടുപോകുന്ന കാഴ്ച കാണാൻ കഴിയും. ഇവിടെ പ്രതിപക്ഷം ചില കാര്യങ്ങൾ സൂചിപ്പിച്ചു. പട്ടികജാതി വിഭാഗങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിയമസഭയിൽ ചർച്ച നടക്കുന്ന വേളയിൽപ്പോലും അത് ശ്രദ്ധിക്കാതെ മുറവിളികൾ നടത്തിയത് എന്തിനുവേണ്ടിയാണെന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ഇവിടെ സൂചിപ്പിച്ചു. മുത്തങ്ങയിൽ ഭൂമിക്കുവേണ്ടി നടത്തിയ സമരത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളോട് നിങ്ങൾ കാണിച്ച നടപടി എന്താണ്? കൊല്ലപ്പെട്ട ജോഗിയുടെ കുടുംബം; ഇതൊന്നും ഒരിക്കലും മറന്നുകൂടാ. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പട്ടിണി മരണമുണ്ടായി. യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് പേരാവൂരിലെ ശ്രുതിമോൾ ഭക്ഷണംപോലും കിട്ടാതെ മരണപ്പെട്ടത്. അതിനെത്തുടർന്ന്, കേരളത്തിൽ പട്ടികവർഗ്ഗമേഖലയിൽ കമ്മ്യൂണിറ്റി അടുക്കളകൾ സ്ഥാപിച്ചു. അട്ടപ്പാടി ട്രൈബൽ താലൂക്ക്, ലിംഗനീതി ഉറപ്പുവരുത്തുന്നതിനുവേണ്ടി 2017-ൽ വനിത-ശിശു വികസന വകുപ്പ് കൊണ്ടുവന്ന ലിംഗസമത്വത്തിന്റെ ജനാധിപത്യബോധം സ്ത്രീകളിൽ ഊട്ടിയുറപ്പിച്ച് ബഡ്ജറ്റിന്റെ 18.4 ശതമാനവും വനിതകൾക്കുവേണ്ടി 3,809 കോടി രൂപയും നീക്കിവയ്ക്കുന്ന ഒരു ഗവൺമെന്റാണിത്. ചരിത്രത്തി ലാദ്യമായി സ്ത്രീധന നിരോധനനിയമത്തിന്റെ പഴുതുകൾ അടച്ചുകൊണ്ട് വിസ്മയ കേസിലെ കിരൺ എന്നുപറയുന്ന സർക്കാർ ജീവനക്കാരനെതിരെ കർശന നടപടിയെടുക്കാൻ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് കാട്ടിയ ചങ്കൂറ്റം നമുക്ക് വനിത-ശിശു വികസന മേഖലയിൽ വളരെ അഭിമാനപൂർവ്വം പറയാൻ സാധിക്കുന്ന കാര്യമാണ്. സ്ത്രീധന പീഡനക്കേസുകളിൽ മാതൃകാപരമായ തീരുമാനമെടുത്ത എൽ.ഡി.എഫ്. ഗവൺമെന്റിനെ അഭിനന്ദിക്കാതിരിക്കാൻ സാധിക്കില്ല. ഇത്തരത്തിലുള്ള സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ നാടിന്റെ വികസനത്തിനാ വശ്യമാണ്. കേന്ദ്രഗവൺമെന്റ് ഈയടുത്ത ദിവസങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് യു.ജി.സി. നിയമത്തിൽ കൊണ്ടുവന്ന ഒരു നിർദ്ദേശ ത്തെക്കുറിച്ച് പറയുകയാണ്. കേന്ദ്ര-സംസ്ഥാന ഡീംഡ് യൂണിവേഴ്സിറ്റി, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള നിയമാനുസൃത സംവരണം ഉറപ്പുവരുത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് നിർദ്ദേശിക്കു കയാണ്. കേരളത്തിലെ 810-ഓളം വരുന്ന പട്ടികജാതി സഹകരണസംഘങ്ങൾ പുന:സ്ഥാപിക്കാൻ പ്രത്യേക പാക്കേജ് ഉണ്ടാകണം. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവരുടെ ഫണ്ട് ദുർവിനിയോഗം നടത്തുന്ന ഉദ്യോഗസ്ഥർ ക്കെതിരെ കർശന നിയമനടപടി സ്വീകരിക്കാൻ പ്രത്യേക നിയമത്തിനുള്ള സാദ്ധ്യത ആരായണമെന്ന നിർദ്ദേശംകൂടി മുന്നിൽവച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ജാതി വിവേചനം നേരിടുന്നുവെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) നടത്തിയ സർവ്വേ ഫലത്തിൽ പറയുന്നത്. ജാതിവിവേചനം കൊണ്ട് പഠനം നിർത്തിയവർ 4.5 ശതമാനവും പണമില്ലാതെ വിദ്യാഭ്യാസം നിർത്തുന്നവർ 42 ശതമാനവും വീട്ടുകാരുടെ പിന്തുണയില്ലാതെ വിദ്യാഭ്യാസം നിർത്തുന്നവർ 20 ശതമാനവും ജോലിക്ക് പോകുന്നവർ 8 ശതമാനവുമാണ്. ഇത് വളരെ കൃത്യമായ ഞെട്ടിപ്പിക്കുന്ന കണക്കുകളാണ്. വളരെ വലിയ പ്രോത്സാഹനങ്ങൾ നൽകി ഈ മേഖലയിലെ കുട്ടികളെ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കണം. മാർട്ടിൻ ലൂഥർ കിംഗിന്റെ വളരെ പ്രശസ്തമായ ഒരു വാചകമുണ്ട്. 'I have a dream'. വർഷങ്ങൾ ക്കുമുമ്പുള്ള ആ പ്രസംഗത്തിലെ ഡ്രീം എന്തായിരുന്നു? മാർട്ടിൻ ലൂഥർ കിംഗിന്റെ ഒന്നരമണിക്കൂർ നീണ്ടുനിന്ന വിശാലമായ പ്രസംഗം, "എന്റെ സമൂഹത്തിൽപ്പെട്ട കറുത്തവർഗ്ഗക്കാർ അമേരിക്കയിലെ എല്ലാ മേഖലകളിലും എത്തിപ്പെടുന്നതാണ്". അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ എഫ് കെന്നഡി പോലും പറഞ്ഞു, 'what a marvelous speech' അപ്പോൾ ആ പ്രസംഗംപോലെ ഇവിടെയും സ്വപ്നം കണ്ട ധാരാളം ആളുകളുണ്ട്. നെൽസൺ മണ്ടേലയെപ്പോലെ മഹാത്മാഗാന്ധിയെപ്പോലെ, അയ്യൻകാളിയെപ്പോലെ അവരുടെയൊക്കെ സ്വപ്നം ഈ സമൂഹത്തിന്റെ നവോത്ഥാനമായിരുന്നു. അങ്ങനെ നവോത്ഥാനം പ്രതീക്ഷിക്കുന്ന നമ്മൾ കേൾക്കുന്നത്, ജാതിവിവേചനം കൊണ്ട് കേരളത്തിലും വിദ്യാർത്ഥികൾ പഠനരംഗത്ത് പിറകോട്ടുപോകുന്നുവെന്നാണ്, പ്രത്യേകിച്ച് എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ.

എല്ലായിടത്തും വെട്ടിപ്പും തട്ടിപ്പുമാണ് നടക്കുന്നത്. ചില പരസ്യങ്ങൾ നമ്മളെ വല്ലാതെ ക്യാച്ച് ചെയ്യും. മുമ്പ് ഒരു പരസ്യമുണ്ടായിരുന്നു. 'ലൈഫ് ബോയ് എവിടെയുണ്ടോ; അവിടെ ആരോഗ്യമുണ്ട് എന്ന്'. 'തട്ടിപ്പും വെട്ടിപ്പും എവിടെയുണ്ടോ; അവിടെ ഡി.വൈ.എഫ്.ഐ-യും സി.പി.ഐ.(എം.)-ഉം ഉണ്ട് ' എന്നതാണ് സ്ഥിതി. ഈ മേഖലയിലും വെട്ടിപ്പ്, തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി ഫണ്ടിൽ വെട്ടിപ്പ്. അതുസംബന്ധിച്ച് മ്യൂസിയം പോലീസ് കേസെടുത്തിട്ടുണ്ട്. ഞാൻ നിങ്ങളെ ആക്ഷേപിക്കാൻ പറഞ്ഞതല്ല. 73 ലക്ഷം മുതൽ ഒരു കോടി രൂപവരെ പാവപ്പെട്ട പട്ടികജാതിക്കാരന്റെ വീടുപണിക്കുള്ള പണം നിങ്ങൾ വെട്ടിച്ചു. ഡി.വൈ.എഫ്.ഐ.-യുടെ സംസ്ഥാന കമ്മിറ്റിയംഗം പ്രതിൻസാജ് കൃഷ്ണ ഈ കേസിൽ പ്രതിയാണ്. പാർട്ടിക്ക് അവിടെയുള്ള എസ്.സി. പ്രൊമോട്ടർ കൊടുത്ത പരാതിയുണ്ട്. പാർട്ടി അറിഞ്ഞുകൊണ്ടാണ് ഈ കളവ് നടത്തിയ

തെന്നാണ് പറയുന്നത്. പ്രളയത്തട്ടിപ്പിലും അതുപോലുള്ള മറ്റ് മേഖലയിലും സ്വർണ്ണക്കടത്തിലും നമുക്കൊരു സംവരണമുണ്ട് എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. (........ബഹളം......) ഇത്തരം തട്ടിപ്പുകളൊക്കെ ഈ മേഖലയിൽ പ്രത്യേകിച്ച് ശ്രദ്ധിക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. ഡി.വൈ.എഫ്.ഐ.-യുടെ ഒരു സംസ്ഥാന കമ്മിറ്റിയംഗം ഏതോ ഒരു തട്ടിപ്പു കേസിൽ പ്രതിയാണെന്നുള്ള രീതിയിൽ ഇവിടെ അടിസ്ഥാനരഹിതമായ ആരോപണം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചു. അത് സഭാരേഖയിലുണ്ടാകരുത്. അങ്ങനെ ഡി.വൈ.എഫ്.ഐ.-യുടെ ഒരു സംസ്ഥാന കമ്മിറ്റിയംഗവും ഇതുവരെ ഒരു കേസിലും പ്രതി ചേർക്കപ്പെട്ടിട്ടില്ല.

മി. ചെയർമാൻ: അടിസ്ഥാനരഹിതമാണോയെന്ന് പരിശോധിക്കാം.*

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അങ്ങനെയാണെങ്കിൽ ലൈബ്രറിയിലുള്ള ലൈബ്രേറിയനെതിരെയാണ് ആദ്യം നടപടി സ്വീകരിക്കേണ്ടത്. രണ്ട്, മാതൃഭൂമി പത്രത്തിനെതിരെ നിങ്ങൾ നടപടി സ്വീകരിക്കേണ്ടിവരും. മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലാണ് ഞാൻ ഈ സഭയിൽ ഉയർത്തിക്കാണിക്കുന്നത്. വേണമെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. (........ബഹളം......) മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത പട്ടികജാതി ഫണ്ട് തട്ടിപ്പുകേസിൽ ഡി.വൈ.എഫ്.ഐ.-യുടെ ഒരു സംസ്ഥാന കമ്മിറ്റിയംഗം പ്രതിൻസാജ് കൃഷ്ണ പ്രതിയാണെന്ന് വളരെ കൃത്യമായി പറയുന്നുണ്ട്. ഞാൻ എന്റെ വാക്ക് പിൻവലിക്കേണ്ട കാര്യമില്ല. ഇവിടെ പൊതു വിദ്യാലയങ്ങളിൽ ഇടതുപക്ഷഭരണം വന്നപ്പോൾ കുട്ടികൾ കൂടിയെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ ഒരു പഠനം പുറത്തുവന്നിട്ടുണ്ട്. എസ്.സി./എസ്.ടി. കുട്ടികൾ ഉൾപ്പെടെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരികയാണ്. നിങ്ങൾ നടത്തുന്ന വ്യാജപ്രചരണം പൊളിയുകയാണ്. മലബാർ മേഖലയിലെ പ്ലസ് ടു സീറ്റിന്റെ കുറവ് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ എല്ലാവരെയും പറ്റിക്കുന്ന ഒരു പണി നടത്തി. അത് ശരിയായില്ല; എന്താ പറഞ്ഞത്? 100 കുട്ടികൾ ജയിച്ചാൽ 75 കുട്ടികൾ മാത്രമേ തുടർപഠനത്തിന് പോകുന്നുള്ളൂ വെന്ന്. ആരാണ് നിങ്ങൾക്ക് ഈ കണക്ക് തന്നത്? അപ്പോൾ തുടർപഠനത്തിന് പോകുന്നവരുടെ എണ്ണം അനുസരിച്ച് ഇവിടെ സീറ്റുണ്ടെന്നാണ് മന്ത്രി സമർത്ഥിച്ചത്. പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ ഈ കണക്ക് നിങ്ങൾക്ക് ആരാണ് തന്നത്? അങ്ങനെയൊരു അടിസ്ഥാനമില്ല. ഡോ. എം. കെ. മുനീർ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യം അടിസ്ഥാനരഹിതമാണ്.

---

* ബഹു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം(ഫയൽ നമ്പർ 13110/ഇ.ബി/2021/നി.സെ തീയതി 10-8-2021) സഭാ രേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 100 കുട്ടികളിൽ 75 കുട്ടികൾ മറ്റ് ഉപരിപഠനത്തിന് പോകുന്നുവെന്നുള്ള കാര്യം ഞാൻ നിയമസഭയിൽ പറഞ്ഞിട്ടേയില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അദ്ദേഹം വിശദീകരിച്ചത്, ജയിക്കുന്ന കുട്ടികളിൽ 75 ശതമാനം മാത്രമെ ഉപരിപഠനത്തിന് പോകുന്നുള്ളൂവെന്നാണ്. അങ്ങനെ പോകുന്നവർക്കുള്ള സീറ്റ് ഇവിടെയുണ്ട്; സീറ്റ് കുറവല്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ആ ഒരു വിദ്യ ശരിയായില്ലായെന്നാണ് എന്റെ വാദം. ജയിക്കുന്ന കുട്ടികൾക്ക് അതനുസരിച്ചുള്ള സീറ്റ് കൊടുക്കാൻ കഴിയണം. എല്ലാ സീറ്റുകളും പരിഗണിച്ചാൽ മലപ്പുറം ജില്ലയിൽ 30,000-ത്തിന്റെ കുറവും പാലക്കാട് ജില്ലയിൽ 10,000-ത്തിന്റെ കുറവുമുണ്ട്. കാസർഗോഡും വയനാടും കോഴിക്കോടും ഒക്കെ കുറവുണ്ട്. അതുകൊണ്ട് അവർക്ക് ആ സീറ്റുകൾ അനുവദിക്കുകയെന്നുള്ളതാണ് ന്യായം. പുതിയ ബാച്ചുകൾ ഉണ്ടാകണം. മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ എല്ലാ സ്കൂളുകളിലും A+ വാങ്ങി ജയിച്ച കുട്ടികൾക്കുപോലും അഡ്മിഷൻ കൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. നെല്ലിപ്പുഴ സ്കൂളിലും എം.ഇ.എസ്. സ്കൂളിലും കല്ലടി സ്കൂളിലും അഗളി സ്കൂളിലും എടത്തനാട്ടുകര ഓറിയന്റൽ സ്കൂളിലും ഒക്കെ മുഴുവൻ A+ നേടിയ കുട്ടികളാണുള്ളത്. അവിടെയെല്ലാം 100 ശതമാനം വിജയമാണ്. പക്ഷെ, അവർക്ക് പ്ലസ് ടു വിന് അഡ്മിഷൻ കൊടുക്കാൻ സീറ്റില്ല.

അടുത്തതായി നിങ്ങൾ പറയുന്നത് ഉപരിപഠനത്തിന് 20 ശതമാനം സീറ്റിന്റെ വർദ്ധനവിനെക്കുറിച്ചാണ്; അത് മറ്റൊരു പറ്റിക്കലാണ്. 50 ശതമാനം എന്നത് അപ്രൂവ്ഡ് സ്ട്രെങ്ത്താണ്. അതിന്റെ 20 ശതമാനം സീറ്റ് കഴിഞ്ഞ വർഷം വർദ്ധിപ്പിച്ചില്ലേ? അങ്ങനെവരുമ്പോൾ 10 സീറ്റുകൾ മാത്രമാണ് ലഭിക്കുന്നത്. ഈ വർഷം ഒരു സീറ്റുപോലും അധികം കിട്ടുന്നില്ല. എന്നിട്ട് 20 ശതമാനം അധികം വർദ്ധിപ്പിച്ചുവെന്ന് പറയുകയാണ്. അതൊന്നുമല്ല ആവശ്യം; കുട്ടികൾക്ക് പഠിക്കാനുള്ള സീറ്റുണ്ടാകണം. മണ്ണാർക്കാട് മണ്ഡലത്തിൽ ഒരു പോളിടെക്നിക്ക് ആരംഭിക്കുന്നകാര്യം 2016-ലെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതാണ്. മണ്ണാർക്കാട് വളരെ പാവപ്പെട്ട പിന്നോക്ക ജനവിഭാഗങ്ങളുടെ നിയോജകമണ്ഡലമാണ്. ഒരു പോളിടെക്നിക്ക് മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ അനുവദിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു; എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇതിനുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ചന്ദ്രികാ തട്ടിപ്പും പാലം അഴിമതിയുമൊക്കെ മറച്ചു വയ്ക്കുന്നതിനുവേണ്ടി വെറുതെ ഒരു സംസ്ഥാന കമ്മിറ്റി അംഗത്തെ ഇല്ലാത്ത ആരോപണങ്ങൾ പറഞ്ഞു കൊണ്ട് കുത്തുന്നത് ശരിയല്ലെന്ന് സൂചിപ്പിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വ്യക്തിപരവും സാമൂഹ്യപരവുമായ വളർച്ചയാണ്. 'വിദ്യ കൊണ്ട് പ്രബുദ്ധരാകു' എന്ന് കേരള നവോത്ഥാനത്തിന്റെ രാജശിൽപ്പിയായ ശ്രീനാരായണ ഗുരു ഉദ്ബോധിപ്പിച്ചതും മറ്റൊന്നും കൊണ്ടല്ല. പഠിക്കാനുള്ള അവകാശത്തിനുവേണ്ടിയായിരുന്നു മഹാനായ അയ്യൻകാളിയുടെ നേതൃത്വത്തിൽ 1913-ൽ കേരളത്തിൽ ആദ്യമായി കർഷക പ്രക്ഷോഭം നടന്നത്. എല്ലാ കാലത്തും ഈ സന്ദേശം ഉൾക്കൊണ്ട വരായിരുന്നു ഇടതുപക്ഷം. അതുകൊണ്ടാണ് 1957-ലെ സർക്കാർ ഭൂപരിഷ്കരണ നിയമം അവതരിപ്പിക്കുന്നതിന് മുമ്പുതന്നെ വിദ്യാഭ്യാസ പരിഷ്കാരത്തിനുള്ള ബിൽ അവതരിപ്പിച്ചത്. ഈ പാരമ്പര്യം ഇടതുപക്ഷം അധികാരത്തിൽവന്ന സന്ദർഭങ്ങ ളിലെല്ലാം തുടർന്നുവന്നിട്ടുണ്ട്. എന്നാൽ ഈ മഹനീയ മാതൃകയെല്ലാം അട്ടിമറിക്കുന്ന നടപടിയാണ് യു.ഡി.എഫ്. അധികാരത്തിൽ എത്തുമ്പോഴെല്ലാം സ്വീകരിക്കുന്നത്. 1957-ലെ സർക്കാരിനെ അട്ടിമറിക്കാൻ സമരം നടത്താൻ കോൺഗ്രസ്സിനെ പ്രേരിപ്പിച്ചതുതന്നെ വിദ്യാഭ്യാസ, ഭൂപരിഷ്കരണ നിയമങ്ങളായിരുന്നു. തുടർന്ന് അധികാരത്തിൽ വന്ന ഓരോ യു.ഡി.എഫ്. സർക്കാരുകളും പൊതുവിദ്യാ ഭ്യാസത്തെ തകർക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗം, ബഹുമാന്യനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ആക്ഷേപിച്ചുകൊണ്ട് സംസാരിച്ചു. എന്നാൽ ബഹുമാന്യനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചരിത്രം അറിയാതെയാണ് ഇവർ ഇങ്ങനെ ആക്ഷേപം നടത്തുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ, യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോഴെല്ലാം വികലമായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ കേരളത്തിൽ വിദ്യാർത്ഥികൾ ധീരമായ പോരാട്ടങ്ങൾ നടത്തിയിട്ടുണ്ട്. ആ പോരാട്ടങ്ങൾ നടത്താൻ നേതൃത്വം നൽകിയ സഖാവിന്റെ പേരാണ് സഖാവ് വി. ശിവൻകുട്ടി. എത്രയോ ക്രൂരമായ മർദ്ദനങ്ങളാണ് നിങ്ങളുടെ കാലത്ത് അന്ന് നടത്തിയിട്ടുള്ളത്. ഈ നാട്ടിലെ വിദ്യാർത്ഥികൾ ചോര കൊടുത്താണ് ഇന്നത്തെ പൊതുവിദ്യാഭ്യാസ നയത്തെ സംരക്ഷിച്ചിട്ടുള്ളത്. ഇങ്ങനെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്ന പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ നാടിന്റെ പൊതുവിദ്യാഭ്യാസത്തെ കൂടുതൽ കരുത്തോടെ നയിക്കുമെന്നുള്ളതിൽ യാതൊരു സംശയവും വേണ്ട. കഴിഞ്ഞ തവണ ബി.ജെ.പി.-യും കോൺഗ്രസ്സും പത്മവ്യൂഹം ചമച്ച് അദ്ദേഹത്തെ തോൽപ്പിച്ചു. എന്നാൽ ഇത്തവണ അത് മനസ്സിലാക്കിയ ആ നാട് അദ്ദേഹത്തെ

നെഞ്ചേറ്റി. അതുകൊണ്ടാണ് ഇവർക്ക് ഇത്ര വെപ്രാളം. ഒന്നാം പിണറായി സർക്കാരിന് മുമ്പ് 2011-16 കാലഘട്ടത്തിൽ ഒരു സ്കൂളിൽ കുട്ടികൾ കുറഞ്ഞാൽ ആദായകരമല്ലെന്നായിരുന്നു യു.ഡി.എഫ്.-ന്റെ കാഴ്ചപ്പാട്. കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് സ്കൂൾ ഉൾപ്പെടെ നിരവധി സ്കൂളുകൾ 'അൺ ഇക്കണോമിക്' എന്ന പദം ഉപയോഗിച്ച് അടച്ചുപൂട്ടാൻ തീരുമാനിച്ചു. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നാണ് നാമെല്ലാം പറയുന്നത്; അതാണ് ആപ്തവാക്യം. എന്നാൽ യു.ഡി.എഫ്.-ഉം ലീഗും മനസ്സിലാക്കിയിരിക്കുന്നത് ധനമുണ്ടാക്കാൻ ഏറ്റവും പ്രധാനമാർഗ്ഗം വിദ്യാഭ്യാസമെന്നാണ്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ ശവപ്പറമ്പിന് സമാനമാക്കി മാറ്റിയത് മുസ്ലീംലീഗ് വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുമ്പോഴാണ്. എന്റെ നാട്ടിൽ ഒരു ചൊല്ലുണ്ട് 'പോത്തിന് എന്ത് ഏത്ത വാഴ' എന്നത്. ഇതുപോലെ തന്നെയാണ് മുസ്ലീംലീഗിനും യു.ഡി.എഫ്.-നും. എന്ത് പൊതുവിദ്യാഭ്യാസമാണ്; അതുകൊണ്ടല്ലേ സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിക്കുന്നത്. സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന പൊതുവിദ്യാലയങ്ങളിൽ പാഠപുസ്തകം കൊടുക്കാൻ കഴിയാത്തവരായിരുന്നില്ലേ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ്? പാഠപുസ്തകം വിതരണം ചെയ്യാത്തതെന്തന്ന് ചോദിച്ചപ്പോൾ ആ വർഷം ഓണം നേരത്തെ ആയതുകൊണ്ടാണ് പാഠപുസ്തകം അച്ചടിക്കാൻ കഴിയാത്തതെന്ന അത്ഭുതകരമായ മറുപടി പറഞ്ഞ മന്ത്രിയും നമുക്കുണ്ടായിരുന്നു. 2011-16 യു.ഡി.എഫ്. കാലത്ത് 1630 പേർക്ക് മാത്രമാണ് അദ്ധ്യാപക നിയമനം ലഭിച്ചിട്ടുള്ളത്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, അഞ്ച് വർഷം കൊണ്ട് അതിന്റെ അഞ്ചിരട്ടിയിലേറെ അദ്ധ്യാപക നിയമനങ്ങൾ നടന്നിട്ടുണ്ട്. 7322 പേർക്ക് അദ്ധ്യാപക നിയമനം നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചു. അഭിമാനകരമായ നേട്ടമല്ലേ ഇത്? പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന നിക്ഷേപം, ഭാവി തലമുറയ്ക്കുവേണ്ടിയുള്ള സോഷ്യൽ ഇൻവെസ്റ്റ്മെന്റായിട്ടാണ് എൽ.ഡി.എഫ്. കാണുന്നത്. അതിന്റെ ഭാഗമായാണ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത്. 141 സ്കൂളുകൾക്ക് 5 കോടി രൂപ, 395 സ്കൂളുകൾക്ക് 3 കോടി രൂപ 446 സ്കൂളുകൾക്ക് 1 കോടി രൂപ. ഇങ്ങനെ വിപ്ലവകരമായ മാറ്റമല്ലേ കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായത്. മക്കൾക്ക് നല്ല വിദ്യാഭ്യാസം വേണമെന്നാണ് നാട്ടിലെ എല്ലാ രക്ഷകർത്താക്കളും ചിന്തിക്കുന്നത്. അതിന് അവർ എത്ര പണം മുടക്കിയും കുട്ടികളെ പഠിപ്പിക്കാൻ തയ്യാറാകും. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്ത് സ്വകാര്യ മേഖലയിലേക്കായിരുന്നു കൂടുതൽ വിദ്യാർത്ഥികളെ അയച്ചിരുന്നത്. അഞ്ച് വർഷം കൊണ്ട് ആറ് ലക്ഷത്തിലധികം വിദ്യാർത്ഥികൾ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കടന്നുവന്ന സമയങ്ങളിൽ വിദ്യാർത്ഥികളുടെയും ഈ നാട്ടിലെ സാധാരണക്കാരായ രക്ഷിതാക്കളുടെയും

ജീവിതഭാരം കുറയ്ക്കുന്ന നിലയിലേയ്ക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാറ്റിതീർത്തത്. കോവിഡ് മഹാമാരി കാലത്ത് ഈ രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾ എഴുതി വിജയിച്ചവരാണ് നമ്മുടെ വിദ്യാർത്ഥികൾ. അവരെ ഈ ഘട്ടത്തിൽ പ്രത്യേകം അനുമോദിക്കുന്നു. അത്തരം പരീക്ഷകളെഴുതാൻ അവരെ പ്രാപ്തരാക്കിയ ഗവൺമെന്റിനെ ഈയവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. എസ്.എസ്.എൽ.സി. പരീക്ഷയെഴുതാൻ വിദ്യാർത്ഥികൾ ഒരുങ്ങുമ്പോൾ ഇന്നത്തെ കെ.പി.സി.സി. അദ്ധ്യക്ഷൻ പറഞ്ഞതെന്താണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ചൊരിഞ്ഞ വാക്കുകൾ എന്താണെന്നും ഓർമ്മയുണ്ടല്ലോ? എന്നാൽ ഇന്ന് ഈ നാട് ഒന്നടങ്കം ചോദിക്കുന്നു, ഇപ്പോൾ ഇരിക്കുന്ന കെ.പി.സി.സി. അദ്ധ്യക്ഷനല്ലേ ഭ്രാന്ത്, അല്ലെങ്കിൽ കെ.പി.സി.സി. അദ്ധ്യക്ഷസ്ഥാനത്തേക്ക് അദ്ദേഹത്തെ കൊണ്ടുവന്ന കോൺഗ്രസ്സിനല്ലേ മുഴുഭ്രാന്ത് എന്ന നിലയിലെത്തി.

നാട്ടിൽ നടക്കുന്ന പ്രധാനപ്പെട്ട വിഷയമാണ് സ്ത്രീധനം. പാഠപുസ്തകങ്ങളിൽ കൂടി ലിംഗസമത്വം ചെറുപ്പത്തിലെ പഠിപ്പിക്കുന്നതിനാവശ്യമായ തീരുമാനങ്ങളും പാഠ്യ പദ്ധതികളും ഉൾപ്പെടുത്തണം. ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട് നിരന്തരമായ വിഷയങ്ങൾ നാട്ടിലുണ്ടാകുന്നുണ്ട്. വിദ്യാഭ്യാസമേഖലയിൽ കായിക വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകണം. എന്റെ നിയോജകമണ്ഡലത്തിലെ 200 വർഷം പഴക്കമുള്ള രണ്ട് സ്കൂളുകളായ മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിനെയും മാവേലിക്കര ഗവൺമെന്റ് എൽ.പി.എസ്.-നെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

നിരവധി ഇടപെടലുകളാണ് കായിക മേഖലയുടെ ഉന്നമനത്തിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്നത്. ഒരുപാട് ശ്രീജേഷുമാർ ഉണ്ടാകുന്നതിനുള്ള പ്രവർത്തനം നടത്തുന്നു. ഓരോ പഞ്ചായത്തിനും കളിസ്ഥലങ്ങളുണ്ടാകാൻ പോകുകയാണ്. ആയിരം കോടി രൂപയുടെ വികസനങ്ങളാണ് കായികമേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് സ്പോർട്സ് ക്വാട്ട പ്രകാരം 580 കായിക താരങ്ങൾക്ക് നിയമനം നൽകി. യു.ഡി.എഫ്.-ന്റെ കാലത്ത് 110 പേർക്ക് മാത്രമാണ് നിയമനം നൽകിയത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി 195 കായിക താരങ്ങൾക്ക് ഒരുമിച്ച് നിയമനം നൽകിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കേരള പോലീസിൽ 137 കായിക താരങ്ങൾക്ക് നിയമനം നൽകി. പതിനാറിലധികം സ്റ്റേഡിയങ്ങൾ നാടിന് സമർപ്പിച്ചു. എന്റെ നാട്ടിൽ

താമരക്കുളത്തും ചെങ്ങന്നൂരിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. നാടിന്റെ സമൂലമായ മാറ്റത്തിനും പുരോഗതിക്കും വേണ്ടി നവകേരളത്തിനായി പ്രയത്നിക്കുന്ന ഈ ഗവൺമെന്റിന് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. ലോകത്തെ പല മേഖലകളിലും രാജ്യങ്ങളിലും ഗോത്രവർഗ്ഗക്കാർ ജീവിക്കുന്നുണ്ടെങ്കിലും ഇന്ത്യയിൽ നിലനിന്നിരുന്ന ജന്മിത്വവും ജാതിവ്യവസ്ഥയും അടിച്ചമർത്തലും കാരണം രാജ്യത്തെ 10 ശതമാനം ജനങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ടു പോയത് ലോക ചരിത്രത്തിൽത്തന്നെ അത്യപൂർവ്വ സംഭവമാണ്. സമൂഹത്തെ ജാതിയുടെയും മതത്തിന്റെയും പേരിൽ തട്ടുകളായി തിരിച്ച് പൊതു അവകാശങ്ങൾ നിഷേധിക്കുന്നത് എക്കാലത്തും സമൂഹത്തിനുമുകളിൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നവരുടെ നിഗൂഢതന്ത്രമാണ്. സ്വാതന്ത്ര്യം നേടി ഏഴര പതിറ്റാണ്ട് പിന്നിട്ടിട്ടും ഇതിന്റെ തിക്തഫലങ്ങൾ നാമിന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ആധുനിക തലമുറയിലെ യുവാക്കളെങ്കിലും ഈ സാമൂഹ്യവിപത്തിനെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടതായുണ്ട്. വസ്ത്രത്തിൽ കറപറ്റിയാൽ ആ കറയും അഴുക്കും കഴുകിക്കളയാമെങ്കിലും ഇത്തരം ജാതിചിന്ത മനസ്സിൽപറ്റിയാൽ പെട്ടെന്ന് കഴുകിക്കളയാൻ സാധിക്കാത്ത സാഹചര്യമാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. നവോത്ഥാന നായകനായ ശ്രീനാരായണ ഗുരുദേവൻ പറഞ്ഞിട്ടുള്ളത് ഏറെ ശ്രദ്ധേയമാണ്. പേരെന്ത്; നാടേത്; ജാതിയെന്ത്; തൊഴിലെന്ത്; വയസെത്ര തുടങ്ങിയ വാദങ്ങൾ ആരിലാണോ അവസാനിച്ചിട്ടുള്ളത് അവർ നിർവൃതിയെ പ്രാപിക്കുന്നു എന്നാണ് ഗുരുദേവൻ പ്രസ്താവിച്ചത്. ഈ സന്ദേശം ഉൾക്കൊണ്ടുകൊണ്ടാണ് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പം നവോത്ഥാന പ്രസ്ഥാനങ്ങളുടെ നിരന്തര ഇടപെടലിന്റെ ഭാഗമായി കേരളത്തിൽനിന്ന് കുറച്ചൊക്കെ ജാതിവ്യവസ്ഥ മാറിയിട്ടുണ്ടെങ്കിലും മോദി ഗവൺമെന്റിന്റെ കീഴിലുള്ള രാജ്യത്തിന്റെ പൊതുഅവസ്ഥ പരിശോധിച്ചാൽ ഇന്നും പഴയകാലത്തെ ജാതിവ്യവസ്ഥയിലേയ്ക്ക് തിരിച്ചുപോകുന്നതായാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ സമൂഹത്തിൽ എക്കാലവും മാറ്റിനിർത്തപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച സർക്കാരാണ് ഒന്നാം പിണറായി ഗവൺമെന്റ്. നവോത്ഥാന മൂല്യങ്ങളിൽ വിട്ടുവീഴ്ചയില്ലെന്ന് പ്രഖ്യാപിച്ച് സാംസ്കാരിക കേരളത്തിന് കരുത്തുപകരാൻ സർക്കാരിന് കഴിഞ്ഞുവെന്നത് ചരിത്രത്തിലെ സുവർണ്ണ ലിഖിതമായി

എക്കാലവും ഓർമ്മിക്കുമെന്നതിൽ സംശയമില്ല. ഇതിന് തുടർച്ചയായി, അഞ്ചു വർഷത്തിനകം ആദിവാസി വിഭാഗത്തിലുൾപ്പെടെ അതിദാരിദ്ര്യം ഉന്മൂലനം ചെയ്യുകയെന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ജനകീയ തീരുമാനങ്ങളാണ് രണ്ടാം പിണറായി സർക്കാർ കൈക്കൊണ്ട് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ അവകാശങ്ങൾക്കും സംരക്ഷണത്തിനും അവരുടെ സാമൂഹിക-സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്നതിനും വ്യക്തമായ പദ്ധതി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുവെന്നത് വകയിരുത്തിയിട്ടുള്ള പദ്ധതിവിഹിതം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഇപ്പോൾ രാജ്യത്താകെയുള്ള ആസൂത്രണം ഇല്ലാതായിരിക്കുകയാണ്. ആസൂത്രണ കമ്മീഷനെ മാറ്റി നീതി ആയോഗ് ആക്കി. ഇഷ്ടം പോലെ എന്തും ചെയ്യാവുന്ന അവസ്ഥ, ജനസംഖ്യാനു പാതികമായി എസ്.സി./എസ്.ടി. ഫണ്ട് കൊടുക്കുന്നതിനുപകരം കേന്ദ്രഗവൺമെന്റിന് ഇഷ്ടമുള്ള നിലയിൽ പദ്ധതിപണം വീതംവയ്ക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാർക്ക് അവരുടെ അവകാശങ്ങൾ മനസ്സിലാക്കി നൽകുന്നതിനും അവ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനും എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമായാണ് പ്രവർത്തിക്കുന്നത്. ഈ ധനാഭ്യർത്ഥനകൾ പരിശോധിച്ചാൽ പിന്നാക്ക ജനവിഭാഗങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ-ആദിവാസി വിഭാഗങ്ങൾക്കുംവേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. കേരളത്തിലെ പട്ടികജാതി ജനസംഖ്യ 9.1 ശതമാനവും പട്ടികവർഗ്ഗ ജനസംഖ്യ 1.45 ശതമാനവുമാണ്. അഭിമാനകര മെന്നുപറയട്ടെ കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ദേശീയ നിലവാരത്തേക്കാൾ വളരെ കൂടുതലാണ്. ആദിവാസികൾക്കും പിന്നാക്ക ജനവിഭാഗക്കാർക്കും സർക്കാരിന്റെ ഭാഗത്തുനിന്നും ഭൂമി നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 18690 പട്ടികജാതി കുടുംബങ്ങൾക്കും 4632 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 3787 ഏക്കർ ഭൂമി ഈ കാലയളവിൽ നൽകുകയുണ്ടായി. ഭവനനിർമ്മാണ രംഗത്ത് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വൻനേട്ടമാണ് കൈവരിച്ചത്. വിവിധ പദ്ധതികളിലൂടെ 23971 പട്ടികജാതി കുടുംബങ്ങൾക്ക് വീടുനൽകിയതിൽ 18968 വീടുകൾ ഇതിനകം പൂർത്തീകരിക്കാൻ കഴിഞ്ഞു. ലൈഫ് മിഷനിലൂടെ 9526 വീടുകൾ കൂടി അനുവദിച്ചതും പി.എം.എ.വൈ. (പ്രധാൻമന്ത്രി ആവാസ് യോജന) പദ്ധതിയും ചേർത്ത് ആകെ 38712 വീടുകളാണ് നൽകിയത്. ഇതൊരു സർവ്വകാല റെക്കോർഡാണ്. വിദ്യാഭ്യാസരംഗത്ത് സമൂലമായ പദ്ധതികളാണ് പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി നടപ്പാക്കിയിട്ടുള്ളത്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സംരക്ഷണ ത്തിനായി സംഘടന രൂപീകരിച്ചുവെന്ന ഒറ്റ കാരണത്താൽ ഹൈദ്രാബാദ്

യൂണിവേഴ്സിറ്റിയിലെ പി.എച്ച്.ഡി. വിദ്യാർത്ഥിയായിരുന്ന രോഹിത് വെമുല എന്ന ചെറുപ്പക്കാരന് പ്രതിമാസ സ്റ്റൈപ്പന്റ് നിഷേധിച്ചും തുടർന്നുണ്ടായ സംഭവവികാസങ്ങളെത്തുടർന്ന് ഈ വിദ്യാർത്ഥി മരണപ്പെട്ടതും ഒരിക്കലും മറക്കാൻ കഴിയില്ല. ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസരംഗത്തുൾപ്പെടെ ഇപ്പോഴും വിവേചനം നേരിടുന്നുവെന്നതിന്റെ നേർക്കാഴ്ചയായിരുന്നു ആ ദാരുണ സംഭവം. എന്നാൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയും അവകാശബോധം വളർത്തുകയും ചെയ്യുക എന്നത് ഒരു വിപ്ലവപ്രവർത്തനമായി മുന്നിൽക്കണ്ടുള്ള പദ്ധതികളാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ 85 നെഴ്സറി സ്കൂളുകൾ, 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഐ.ടി.ഐ.-കൾ, 87 പ്രീമെട്രിക് ഹോസ്റ്റലുകൾ, 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 4 പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, ഒരു കമ്മ്യൂണിറ്റി കോളേജ്, ഒരു മെഡിക്കൽ കോളേജ് എന്നിവ പ്രവർത്തിക്കുന്നു. ഇതിനുപുറമെ വിവിധ തരത്തിലുള്ള സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും ഗ്രാന്റുകളും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിലെ ഗവൺമെന്റ് പുരോഗമനപരമായ നിലപാടുകളാണ് സ്വീകരിക്കുന്നത്. കോവിഡ് കാലത്തെ പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിക്കുന്നത് ദളിത്-ആദിവാസി മേഖലയിലെ കുട്ടികളെയായിരിക്കും. എന്നാൽ ഇതെല്ലാം മുന്നിൽകണ്ട് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനും ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പാക്കുന്നതിനും സർക്കാർ ഉയർന്ന പ്രാതിനിധ്യം നൽകിവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് ഇന്റർനെറ്റ് സേവനദാതാക്കളുടെ യോഗം വിളിച്ചതിലൂടെ ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ കാര്യത്തിൽ വലിയ കുതിച്ചുചാട്ടമാണ് സമീപഭാവിയിൽ കേരളത്തിലുണ്ടാകാൻ പോകുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും പട്ടികജാതി ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് സർക്കാരിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് വളരെ സഹായകരമായിരിക്കും. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻവഴി 11000 പേർക്ക് സ്വയംതൊഴിൽ കണ്ടെത്താൻ ധനസഹായം നൽകി. മാത്രമല്ല ഭവന നിർമ്മാണ വായ്പ, സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പ, കൃഷിഭൂമി വായ്പ എന്നീ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഈ കാലഘട്ടത്തിൽ കഴിഞ്ഞു. പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണം നടത്തി കോവിഡ് ബാധിതർക്ക് മരുന്ന്, ഭക്ഷണം, ക്വാറന്റൈൻ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തി. പട്ടികജാതി വകുപ്പിനുകീഴിലെ ഭൂരിഭാഗം ഹോസ്റ്റലുകളും സ്കൂളുകളും കോവിഡ് കെയർ

സെന്ററുകളാക്കി മാറ്റി. പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങളോ ടൊപ്പംതന്നെ ഈ സർക്കാർ ക്ഷീരവികസന രംഗത്തും സമൂലമായ വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തി മികച്ച പ്രവർത്തനങ്ങളാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരും ഈ സർക്കാരും ചെയ്തുവരുന്നത്. ഇന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ പശുവിന്റെ പേരിൽ മനുഷ്യനെ തല്ലിക്കൊല്ലുമ്പോൾ കേരളത്തിൽ പശു മനുഷ്യന്റെ ജീവനോപാധിയായി മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. കേരളത്തിൽ പ്രതിദിനം ആവശ്യമുള്ള 87 ലക്ഷം ലിറ്റർ പാലിൽ 82 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്ത് ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ട്. ഉല്പാദന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് കർഷകന് പാൽ വില വർദ്ധിപ്പിച്ച് പ്രൈസ് ചാർട്ടിൽ മാറ്റം വരുത്തി കർഷകന് അനുകൂല സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. കമ്പോളത്തിൽ നൂറ് കണക്കിന് കാലിത്തീറ്റ കമ്പനികളാണ് നിലവിലുള്ളത്. ഇതിൽ രണ്ടെണ്ണം മാത്രമാണ് സർക്കാർ നിയന്ത്രണത്തിലുള്ളത്. ബാക്കിയുള്ള കാലിത്തീറ്റകളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുണ്ട്. കാലിത്തീറ്റയുടെ വില ഒരു പ്രധാന ഘടകമാണ്. ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ കർഷകന് എത്തിക്കുകയെന്നതാണ് ഈ മേഖലയെ സംരക്ഷിക്കാനുള്ള പ്രധാന മാർഗ്ഗം. നിലവിൽ 3643 ക്ഷീരസംഘങ്ങളിൽകൂടി പ്രതിദിനം 2083000 ലിറ്റർ പാൽ സംഭരിക്കുന്നു. സംസ്ഥാനം ക്ഷീരമേഖലയിൽ നടത്തിയ മുന്നേറ്റത്തിനുള്ള അംഗീകാരമാണ് അഖിലേന്ത്യാ തലത്തിൽ ലഭിച്ച ഇന്ത്യാ ടുഡേ അവാർഡ്. ക്ഷീര മേഖലയുടെ പ്രവർത്തങ്ങളിലൂടെ ഏകദേശം ഒൻപതര ലക്ഷം തൊഴിൽദിനങ്ങളാണ് പ്രതിവർഷം സൃഷ്ടിക്കാൻ കഴിഞ്ഞത്. ഇത്തരത്തിൽ ക്ഷീരമേഖലയിലും മൃഗസംരക്ഷണമേഖലയിലും ഒട്ടേറെ വികസന പദ്ധതികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളെ പൂർണ്ണമായി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കാരണം കഴിഞ്ഞ അഞ്ചുവർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചപ്പോൾ അവർ കള്ളക്കണക്ക് പറഞ്ഞ് ഈ സഭയെപോലും തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. അവർ നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പേരിൽ 6.8 ലക്ഷം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ വർദ്ധിച്ചുവെന്നാണ് ഈ സഭയിൽ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചത്. എന്നാൽ ഗവൺമെന്റിന്റെ ഔദ്യോഗിക സംവിധാനമായ കൈറ്റിന്റെ സാമേതം (Sametham) എന്ന സൈറ്റിൽ കൊടുത്തിരിക്കുന്ന കണക്കിൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട്

46172 കുട്ടികൾ കുറഞ്ഞതായി കാണിക്കുന്നു. അതുപോലെ DGE (Director of General Education) പുറത്തുവിട്ടിരിക്കുന്ന കണക്കിലും ഈ അന്തരം ശരിയാണെന്ന് കാണിക്കുന്നുണ്ട്. സഭയെയും കേരളത്തിലെ പൊതുസമൂഹത്തെയും തെറ്റിദ്ധരിപ്പിക്കുന്ന ഈ കണക്ക് ഇപ്പോഴെങ്കിലും ഗവൺമെന്റ് തിരുത്തുകയും യഥാർത്ഥ കണക്ക് പുറത്തുവിടുകയും ചെയ്യണമെന്ന് അപേക്ഷിക്കുകയാണ്. നിരവധി ഘട്ടങ്ങളിലൂടെ കടന്നുവന്ന AIP (Area Intensive Programme) സ്കൂളുകൾ എന്ന സംവിധാനം കേരളത്തിലുണ്ട്. എന്നാൽ ഈ എ.ഐ.പി. സ്കൂളുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഇന്നും വലിയ വിവേചനം നേരിടുകയാണ്. 11-11-2015-ലെ GO(MS). 285/2015 പ്രകാരം എ.ഐ.പി. സ്കൂളുകൾക്ക് എയ്ഡഡ് സ്റ്റാറ്റസ് കൊടുത്തിട്ടുണ്ട്. എന്നാൽ 33 എ.ഐ.പി. സ്കൂളുകളിൽ 5 എണ്ണം ഹയർ സെക്കണ്ടറിയാണ്; ഇവ എയ്ഡഡ് സ്റ്റാറ്റസിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും ബാക്കിയുള്ള 28 പ്രൈമറി എ.ഐ.പി. സ്കൂളുകളെ അവഗണിക്കുകയാണ്. ഇന്ത്യയിലെ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1:30 ആണ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതമെങ്കിൽ ഇവിടെ 1:45 ഉണ്ടായിട്ടും അദ്ധ്യാപകർക്ക് നിയമനാംഗീകാരം കൊടുക്കുന്നില്ലെന്നുള്ള വിവേചനം നടക്കുകയാണ്.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ട മറ്റൊരുകാര്യം ജൂനിയർ അദ്ധ്യാപകരുടേതാണ്. ഞാനൊരു ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായിരുന്നു. ജൂനിയർ അദ്ധ്യാപകനായി 23 വർഷം ജോലി ചെയ്ത് ജൂനിയർ അദ്ധ്യാപകനായിത്തന്നെ കഴിഞ്ഞ മേയ് മാസത്തിൽ വിരമിച്ചു. ജൂനിയർ അദ്ധ്യാപകർ എല്ലാക്കാലത്തും അവഗണന നേരിടുകയാണ്. അവരുടെ ക്വാളിഫിക്കേഷനിലോ അദ്ധ്യാപന സമയത്തിലോ ഒന്നിലും വ്യത്യാസമില്ല. പക്ഷേ പിരീഡ് കുറഞ്ഞുപോയി എന്നതിന്റെ പേരിൽ മാത്രം അവർക്ക് പ്രിൻസിപ്പളാകാൻ സാധിക്കില്ല; ഒരു പ്രൊമോഷനും ലഭിക്കുന്നില്ല. എൽ.പി. സ്കൂളിലെ പ്രൈമറി ടീച്ചർക്ക് യു.പി. സ്കൂളിലെ ടീച്ചറായും എച്ച്.എസ്.എ.-ആയും പ്രൊമോഷൻ വാങ്ങാം. അതിനുശേഷം എച്ച്.എം. ആകാം. എച്ച്.എം. വഴി ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പളാകുമ്പോഴും ഹയർ സെക്കണ്ടറി സ്കൂളിലെ ജൂനിയർ അദ്ധ്യാപകർ പ്രിൻസിപ്പളൊന്നുമാകാൻ കഴിയാതെ സ്റ്റാഗ്നേറ്റ് ചെയ്ത് പിരിഞ്ഞു പോകുന്നൊരു അവസ്ഥയുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കാര്യമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യം റെക്റ്റിഫൈ ചെയ്യേണ്ടതുണ്ട്.

മെഡിക്കൽ പി.ജി. രംഗത്തെ വളരെ ഗൗരവമായ പ്രശ്നത്തെക്കുറിച്ചാണ് പറയാനുള്ളത്. മെഡിക്കൽ പി.ജി. പ്രവേശന കാര്യത്തിൽ കേരളത്തിൽ സംവരണം നടപ്പിലാക്കുമ്പോൾ, അഖിലേന്ത്യാ തലത്തിൽപ്പോലും 30 ശതമാനം സംവരണം ഒ.ബി.സി.-ക്ക് കൊടുക്കുമ്പോൾ, കേരളത്തിൽ 70 ശതമാനം വരുന്ന ഒ.ബി.സി.-ക്ക് സംവരണം കൊടുക്കുന്നത് 9 ശതമാനമാണ്. എന്നാൽ 20 ശതമാനം മാത്രംവരുന്ന സവർണ്ണ സമുദായങ്ങൾക്ക് സംവരണം കൊടുക്കുന്നത് 10 ശതമാനമാണ്. ഇത് വിവേചനമല്ലേ; ഇത് തിരുത്തേണ്ടതല്ലേ? ഹയർ സെക്കണ്ടറി സ്കൂളുകളിലെ സീറ്റുകളുടെ കാര്യത്തിൽ മലബാർ മേഖല അവഗണിക്കപ്പെട്ടതിന്റെ കാര്യം എല്ലാവരും സൂചിപ്പിച്ചു. ഇത് എന്നാണ് തിരുത്തുക; ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കേരളത്തെ ഒരു യൂണിറ്റാക്കിയാണ് എപ്പോഴും പറയുന്നത്. അതുകൊണ്ട് ഇക്കാര്യത്തിന് പരിഹാരമുണ്ടാകില്ല. ജൂലൈ 6-ന് ദേശാഭിമാനി മുഖപത്രത്തിന്റെ ആദ്യത്തെ പേജിൽ വന്ന കണക്കിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകും. 'എല്ലാവർക്കും സീറ്റുണ്ട്' എന്നാണ് അതിന്റെ ഹെഡ്ഡിംഗിൽ പറഞ്ഞിരിക്കുന്നത്. ആ എണ്ണം വച്ചുമാത്രം നോക്കിയാൽ 58,668 സീറ്റുകൾ മലബാറിൽ കുറവാണ്. എന്നാൽ അവിടെനിന്ന് ഇങ്ങോട്ടുള്ള ഏഴ് ജില്ലകളിൽ 19486 സീറ്റുകൾ അധികവുമാണ്. 5 വർഷം മുമ്പ് പറയാൻ തുടങ്ങിയതാണ്. SCOLE Kerala (State Council for Open and Lifelong Education-Kerala)-യിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികളുടെ എണ്ണമെടുത്ത് പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാണ്. അതിൽ 80 ശതമാനവും മലബാറിലുള്ള കുട്ടികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇത് എന്നാണ് തിരുത്തുകയെന്നുകൂടി പറയണം. ഇതിന് ആകെയുള്ള പരിഹാരം, പുതിയ ബാച്ചും കോഴ്സും കൊടുക്കുക എന്നതുമാത്രമേയുള്ളൂ. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക. എന്റെ മണ്ഡലത്തിലെ മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന 200 വർഷത്തോളം പഴക്കമുള്ള പുളിക്കൽ എ.എം.എം. ഹൈസ്കൂളും ചാലിയപ്പുറം ജി.എച്ച്.എസ്. ഉം അപ്ഗ്രേഡ് ചെയ്തുകൊണ്ട് കൊണ്ടോട്ടി മണ്ഡലത്തിലെ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മലബാർ മേഖല അവഗണിക്കപ്പെട്ടുകിടക്കുകയാണ്. പത്തനംതിട്ട ജില്ലയിലെ പ്ലസ് ടു പാസ്സായ 42 ശതമാനം കുട്ടികൾക്ക് അവിടെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഉന്നതവിദ്യാഭ്യാസത്തിന് സംവിധാനമുണ്ട്. എന്നാൽ മലപ്പുറത്തേയ്ക്ക് വന്നാൽ അത് 11.72 ശതമാനമേയുള്ളൂ.

ന്യൂനപക്ഷക്ഷേമ വകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ന്യൂനപക്ഷക്ഷേമ വകുപ്പിനെ അവഗണിക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. 2016-ൽ ശ്രീ. മഞ്ഞളാംകുഴി അലി ഈ വകുപ്പിന്റെ മന്ത്രിയായിരുന്നിട്ട് അധികാരം ഒഴിഞ്ഞുപോകുമ്പോൾ ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്

107.34 കോടി രൂപയായിരുന്നു. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 5 വർഷം ഭരിച്ചപ്പോൾ അത് 52.41 കോടി രൂപയിലേയ്ക്ക് ചുരുങ്ങുകയായിരുന്നു. ഈ അഞ്ചുവർഷക്കാലയളവിൽ 432.61 കോടി രൂപ ഇതിനായി നീക്കിവച്ചെങ്കിലും 125.45 കോടി രൂപ പാഴാക്കുകയാണ് ചെയ്തത്. പ്രവാസികളെക്കുറിച്ച് എല്ലാവരും സൂചിപ്പിച്ചിരുന്നു. ഇവർക്ക് പ്രത്യേക പാക്കേജ് അനുവദിക്കണം. ഗൾഫ് രാജ്യങ്ങളിൽനിന്നടക്കം കോവിഡ് പോസിറ്റീവായി മരണമടഞ്ഞ ആളുകളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകണം. സർക്കാർ കോളേജുകളിലൊന്നും ന്യൂജെൻ കോഴ്സുകൾ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ എസ്.സി. വിദ്യാർത്ഥികൾക്ക് ന്യൂജെൻ കോഴ്സുകൾക്ക് ചേരാൻ കഴിയുന്നില്ല. ന്യൂജെൻ കോഴ്സുകളെല്ലാം സെൽഫ് ഫിനാൻസിംഗ് കോളേജുകളിലാണ് ആരംഭിച്ചിരിക്കുന്നത്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഫീസ് സൗജന്യവും ലഭിക്കുന്നുമില്ല; ആയതിനാൽ അതിനുള്ള സൗകര്യമുണ്ടാക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു. ജയ് ഹിന്ദ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സമകാലീന രാഷ്ട്രീയത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളാണ് ഈ ധനാഭ്യർത്ഥനകളിലുള്ളത്. പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം, വിദ്യാഭ്യാസം, സാംസ്കാരികം ഉൾപ്പെടെയുള്ള വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെടുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ, തൊഴിൽ നിയമ ഭേദഗതിയിലൂടെ, സാംസ്കാരിക അധിനിവേശ ത്തിലൂടെ എങ്ങനെ സമൂഹത്തെയും സമുദായങ്ങളേയും ഇല്ലായ്മ ചെയ്തുകൊണ്ട് പഴയ കാലഘട്ടങ്ങളിലേയ്ക്ക് ഈ രാജ്യത്തെയും ജനതയേയും കൊണ്ടെത്തിക്കാ മെന്നുള്ളതിന്റെ പാഠപുസ്തകമാണ് ഇന്നത്തെ കേന്ദ്ര ഗവൺമെന്റ്. അതിനെതി രെയുള്ള ഒരു പച്ചത്തുരുത്തായി നിൽക്കുന്ന ബദലാണ് കേരളത്തിലെ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് സർക്കാർ. അധ:സ്ഥിത വിഭാഗമായ മഹർ സമുദായത്തിൽപ്പെട്ട ഡോ. ബി. ആർ. അംബേദ്കർ എഴുതിയ ഭരണഘടനയല്ല ഞങ്ങളുടെ ഭരണഘടനയെന്ന് പ്രഖ്യാപിച്ചുകൊണ്ട് ആർ.എസ്.എസ്.-കാരൻ, ഇന്ത്യൻ ഭരണഘടനയെ നിശ്ചലമാക്കിക്കൊണ്ട് മനുസ്മൃതിയിലേയ്ക്ക്, ചാതുർവർണ്ണ്യ വ്യവസ്ഥിതിയിലേയ്ക്ക്, ഇന്ത്യൻ ഭരണഘടന മനുസ്മൃതിയാണെന്ന് പ്രഖ്യാപിക്കുന്ന രീതിയിലാണ് ഇന്ന് കേന്ദ്ര സർക്കാർ പൊയ്ക്കൊണ്ടിരിക്കുന്നത്. ഡോ. ബി. ആർ. അംബേദ്കറുടെ പ്രതിമയിൽ ചെരിപ്പുമാല അണിയിച്ചുകൊണ്ട്, മഹാരാഷ്ട്ര സർവ്വകലാശാലയ്ക്ക് അംബേദ്കറുടെ പേരിട്ടപ്പോൾ അവിടെ പഠിക്കില്ലെന്നു പറഞ്ഞ് സമരം നടത്തിയും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് കത്തിച്ച് ആത്മാഹുതിക്ക് ശ്രമിച്ചും

മഹാത്മാഗാന്ധിയെ വീണ്ടുംവീണ്ടും വെടിയുതിർത്തും ക്രിസ്ത്യൻ പാതിരിമാരെ ചുട്ടുകരിച്ചും ബാബറി മസ്ജിദ് തകർത്തും ജാതിമത ധ്രുവീകരണത്തിലൂടെ ബ്രാഹ്മണിസ-മുതലാളിത്ത അജണ്ടയാണ് ശ്രീ. നരേന്ദ്ര മോദിയിലൂടെ കേന്ദ്ര സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

എല്ലാ കാലഘട്ടങ്ങളിലും ബ്രിട്ടീഷുകാരുടെ പാദസേവ ചെയ്തിട്ടുള്ള ആർ.എസ്.എസ്.-കാർ അവരുടെ അജണ്ട കൃത്യമായി നടപ്പാക്കുന്നതിന് പൗരത്വ ഭേദഗതി നിയമങ്ങളിൽ അവർക്കെതിരെ നിൽക്കുന്നവർക്കെതിരെ, ജാതിമത ശക്തികൾക്കെതിരെ സംസാരിക്കുന്നവർക്കെതിരെ യു.എ.പി.എ. ചുമത്തി അറസ്റ്റ് ചെയ്യുകയും വെള്ളംപോലും കൊടുക്കാതെ കൊല ചെയ്യുന്ന അവസ്ഥാവിശേഷമാണ് ഫാദർ സ്റ്റാൻ സ്വാമിയിലൂടെ നമ്മൾ കണ്ടത്. മഹാരാഷ്ട്രയിലെ Bhima Koregaon ഗ്രാമത്തിൽ 200 വർഷം മുൻപ് ദളിതർ നടത്തിയ ധീരമായ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിന്റെ ഓർമ്മകൾ അയവിറക്കിയ സംഗമത്തിൽ പങ്കെടുത്തതിനാണ് ഇവരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. മലയാളികളായ പ്രൊഫ. സാനി ബാബു, ശ്രീ. റോണാ വിൽസൺ, ദളിത് ചിന്തകനും അംബേദ്കറുടെ പേരക്കുട്ടിയുമായ ശ്രീ. ആനന്ദ്, തെലുങ്കുകവി ശ്രീ. വരവര റാവു ഉൾപ്പെടെയുള്ളവരെയാണ് അറസ്റ്റ് ചെയ്ത് ജയിലിലടച്ചത്. പൗരത്വത്തിനും ആദിവാസികൾക്കും പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്കുംവേണ്ടി പോരാടിയെന്നുള്ളതാണ് ഇവർ ചെയ്ത കുറ്റം.

ഭരണഘടനയിൽനിന്ന് മതേതരത്വവും സമത്വവും സംവരണവും എടുത്തു കളഞ്ഞുകൊണ്ട് പഴയ അടിമ വ്യവസ്ഥിതിയിലേയ്ക്ക് രാജ്യത്തെ കൊണ്ടുപോകുന്നു. സംവരണം എടുത്തുകളയുന്നതിലൂടെ അധ:സ്ഥിത ജനവിഭാഗത്തെ എടുത്തുകളയുക എന്നുള്ളതാണ്. പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ ഇല്ലായ്മ ചെയ്യുന്നതിലൂടെ സ്വകാര്യ മേഖലയിൽ സംവരണമില്ലെന്ന അവസ്ഥാവിശേഷം വരുന്നതോടുകൂടി ഇന്നത്തെ അധ:സ്ഥിത ജനവിഭാഗങ്ങൾ, പാവപ്പെട്ട ജനവിഭാഗങ്ങൾ എന്നിവർ നാളെകളിൽ പട്ടിണിയിലേയ്ക്കും ദാരിദ്ര്യത്തിലേയ്ക്കും അടിമത്തത്തിലേയ്ക്കും ജാതി വ്യവസ്ഥിതിയിലേയ്ക്കും പോകുന്ന അവസ്ഥാവിശേഷങ്ങളുണ്ടാകുന്നു. ഇതിന് ബദലാണ് കേരളം. മഹാന്മാരായ അയ്യൻകാളിയും ശ്രീനാരായണഗുരുവും പണ്ഡിറ്റ് കറുപ്പനും വാഗ്ഭടാനന്ദനും അയ്യാ വൈകുണ്ഠ സ്വാമിയും സഹോദരൻ അയ്യപ്പനും പി. കൃഷ്ണപിള്ളയും കെ. കേളപ്പനും ഉൾപ്പെടെയുള്ളവരുടെ വലിയ പോരാട്ടങ്ങളുടെ ഫലമായാണ് നവോത്ഥാന കേരളം ഇന്നുണ്ടായത്. ഈ നാട്ടിലുണ്ടായിരുന്ന ദളിതരും ആദിവാസികളും അടിമകളായിരുന്നു. അതിൽനിന്നെല്ലാം ശ്രീനാരായണ ഗുരുവിന്റെ ശിവ പ്രതിഷ്ഠയിലൂടെ, അയ്യൻകാളിയുടെ വില്ലുവണ്ടി സമരങ്ങളിലൂടെ എല്ലാംതന്നെ വലിയ മാറ്റങ്ങളാണ് നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. മാറുമറയ്ക്കൽ സമരവും നങ്ങേലിയുടെ മുല മുറിച്ചുകൊണ്ടുള്ള പോരാട്ടവും ചാന്നാർ ലഹളയും

ഉൾപ്പെടെ നാം പഠിക്കേണ്ടതും പുതിയ തലമുറയെ പഠിപ്പിക്കേണ്ടതുമായ ഒട്ടേറെ പോരാട്ടങ്ങളുടെ കഥകളാണ് നമ്മുടെ മുന്നിലുള്ളത്. അതിലൂടെ വളർന്നുവന്ന ഒന്നാണ് നമ്മുടെ കൊച്ചു കേരളത്തിന്റെ സാംസ്കാരികവും മതേതരവുമായ പൈതൃകമെന്നാണ് കാണാൻ കഴിയുന്നത്. സ്കൂൾ പ്രവേശനം, പഞ്ചമിയെ ഊരുട്ടമ്പലത്തിലെ സ്കൂളിൽ ചേർക്കുന്നതിനായി അയ്യങ്കാളി നടത്തിയ സമരത്തിലൂടെ കേരളത്തിലെ അധ:സ്ഥിത ജനവിഭാഗങ്ങൾക്ക് സ്കൂളുകളിൽ പഠിക്കാൻ, 'അച്ഛൻ, അമ്മ' എന്ന അക്ഷരമെഴുതാനുള്ള അവസരമാണുണ്ടായിട്ടുള്ളത്. പാവപ്പെട്ടവന് പഠിക്കാനുള്ള അവസരം നിഷേധിക്കുന്ന രീതിയിലേയ്ക്ക്, ഐതിഹ്യങ്ങളും പുരാണങ്ങളും മാത്രം തിങ്ങിനിറഞ്ഞ് വർഗീയപരമായി ചിന്തിക്കുന്ന പാഠപുസ്തകങ്ങളായി ഇന്ന് ദേശീയ വിദ്യാഭ്യാസ നയം മാറുന്നുവെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. രാജ്യത്ത് ഇന്ന് 3.2 കോടി വിദ്യാർത്ഥികൾ വിദ്യാലയങ്ങളിലെത്തുന്നില്ലെന്നുള്ളത് നാം കാണേണ്ടതുണ്ട്. ദാരിദ്ര്യം, ലിംഗഭേദം, ജാതി, ഭിന്നശേഷി തുടങ്ങിയ പ്രശ്നങ്ങളിൽ വലയുന്നവർക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള പ്രത്യേക സൗകര്യങ്ങളെക്കുറിച്ച് ഇന്ന് കേന്ദ്ര ബഡ്ജറ്റ് മൗനംപാലിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗം, ഒ.ബി.സി. എന്നിവരുടെ കാര്യത്തിലും മൗനംപാലിക്കുന്നത് എവിടേയ്ക്കാണ് നമ്മുടെ രാജ്യം പോകുന്നുവെന്നതിന്റെ വലിയൊരു സൂചനയായി കാണാൻ കഴിയുന്നു. ഞാൻ എം. ബഷീറിന്റെ ദേശാഭിമാനിയിൽ വന്ന ഒരു കവിത വായിക്കാം. ഇന്ന് നമ്മുടെ ഫാസിസ്റ്റ് മുഖം എവിടേയ്ക്കാണ് പോകുന്നതെന്ന് പറയുവാൻ വേണ്ടി മാത്രമാണ്.

"എനിക്കറിയാം കറുത്തുപോയിയെന്ന
കുറ്റത്തിന് വഴിതെറ്റിയ ചില
വാക്കുകളെ വെട്ടിക്കളയുമെന്ന് "

ഒരു ഫാസിസ്റ്റ് കാലഘട്ടത്തിന്റെ മത-ജാതി-അധികാര-മേലാള ദംഷ്ട്രങ്ങളെ തുറന്നു കാട്ടുന്നതാണ് ഈ കവിത. സാംസ്കാരിക മേഖലയിൽ ഇന്ന് കേന്ദ്രത്തിന്റെ വലിയ അധിനിവേശങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. നാം എന്തെഴുതണമെന്നും ഏതു സിനിമ കാണണമെന്നും എന്തു ചിന്തിക്കണമെന്നും എന്തു കേൾക്കണമെന്നും പറയുന്ന രീതിയിലേയ്ക്ക് ഇന്ന് രാജ്യം മാറുന്നുവെന്നുള്ളതാണ്. ഗൗരീ ലങ്കേഷും ഗോവിന്ദ് പൻസാരെയും ഉൾപ്പെടെയുള്ളവർ കൊല ചെയ്യപ്പെട്ടത് മാധ്യമങ്ങൾക്കുനേരെയുള്ള ആക്രമണങ്ങൾ ഇന്ന് വളർന്നുവരുന്നതിന്റെ സൂചനകളാണ്. കമൽ, എം.ടി. വാസുദേവൻ നായർ, കുരീപ്പുഴ ശ്രീകുമാർ എന്നിവരടക്കമുള്ളവർക്കെതിരായ അക്രമങ്ങൾ തീർച്ചയായും സാംസ്കാരിക മണ്ഡലത്തിനുനേരെയുള്ള അധിനിവേശം തന്നെയാണെന്ന് പറയാൻ ആഗ്രഹിക്കുന്നു.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പാവന സ്മരണ ഇരമ്പുന്ന കൊടുങ്ങല്ലൂർ കേരളത്തിന്റെ ആദ്യത്തെ തുറമുഖമായ മുസിരിസാണ്. കേരളത്തിലെ ആദ്യത്തെ ജുമാ നടന്ന ചേരമാൻ ജുമാ മസ്ജിദ് കൊടുങ്ങല്ലൂരിലാണ്. ജൂതന്മാരുടെ സിനഗോഗ് നിലകൊള്ളുന്നതും ഇവിടെയാണ്. അതോടൊപ്പം തന്നെ തോമസ് ശ്ലീഹ വന്നിറങ്ങിയിട്ടുള്ള മണ്ണും കൊടുങ്ങല്ലൂരിലാണ്. മുസിരിസ് എന്നുപറയപ്പെടുന്ന സാംസ്കാരിക മണ്ഡലത്തിന്റെ കേന്ദ്രഭൂമിയായ കൊടുങ്ങല്ലൂർക്കാവ് ഐതിഹ്യപ്രസിദ്ധമാണ്. അവിടെയാണ് തന്റെ പ്രിയതമനായ കോവിലനെ കാണാൻ കണ്ണകി വന്നത്. ഭർതൃസ്നേഹത്തിന്റെ പരമസാക്ഷാത്കാരം കണ്ണകി നിർവ്വഹിച്ച കൊടുങ്ങല്ലൂർക്കാവ് പഴമയിലൊരു ബുദ്ധവിഹാര കേന്ദ്രമായിരുന്നു. ആ ബുദ്ധഭിക്ഷുക്കളെ പലായനം ചെയ്യിച്ച് ക്ഷേത്രം സ്വന്തമാക്കുന്നതിനുവേണ്ടി നടന്ന ആചാരമായ ഭരണിപ്പാട്ട് ഇന്ന് കേരളത്തിലും ലോകത്തിലും പ്രസിദ്ധമാണ്. ഇതൊരു സാംസ്കാരിക കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൂടി ഉണ്ടാകണമെന്ന് പറയുന്നതോടൊപ്പം, ആധുനിക കേരളത്തിന്റെ നഭോമണ്ഡലത്തിൽ ഉജ്ജ്വല നക്ഷത്രങ്ങളായ പി. ഭാസ്കരനും വി. ടി. നന്ദകുമാറും മുഹമ്മദ് അബ്ദുറഹമാൻ സാഹിബ്ബും ശ്രീ. കെ. സച്ചിദാനന്ദൻ മാഷുൾപ്പെടെയുള്ളവർക്ക് ജന്മം നൽകിയ മണ്ഡലത്തെ സാംസ്കാരിക സാഹിത്യ വേദികളാക്കി മാറ്റണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. വിജിൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ കേരളം കൈവരിച്ച നേട്ടം ഇന്ന് ലോകത്തിനുതന്നെ മാതൃകയാണ്. വിദ്യാഭ്യാസ രംഗത്ത് പഠിക്കേണ്ട പ്രായത്തിലുള്ള, അതായത് 15 വയസ്സിനു താഴെയുള്ള കുട്ടികളെല്ലാം വിദ്യാലയത്തിൽ എത്തുന്നുണ്ടെന്നുള്ളത് ഏറെ അഭിമാനിക്കാൻ കഴിയുന്ന വസ്തുതയാണ്. ഇപ്പോൾ കോവിഡ് വ്യാപനത്തിൽപോലും ഏറ്റവും സമഗ്രമായ ഡിജിറ്റൽ പഠനം രാജ്യത്തിനാകെ മാതൃകയാക്കിക്കൊണ്ട് നമുക്ക് ശക്തമായി സംഘടിപ്പിക്കാൻ സാധിക്കുന്നുണ്ട്. " Education is the manifestation of perfection already existing in man" . മനുഷ്യനിൽ അന്തർലീനമായ കഴിവുകളുടെ വികാസമാണ് വിദ്യാഭ്യാസമെന്ന് നമ്മോട് പറഞ്ഞത് സ്വാമി വിവേകാനന്ദനാണ്. വിദ്യാർത്ഥികളിൽ അന്തർലീനമായ കഴിവുകൾ വികസിപ്പിക്കുന്ന വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസമാണ് കഴിഞ്ഞ 5 വർഷക്കാലം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർക്കാർ മുന്നോട്ട് വച്ചത്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ കൂട്ടായ പരിശ്രമമാണ് കേരളത്തിൽ നടന്നത്. പൊതുവിൽ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റത്തിന്റെ കരുത്ത് പരിശോധിക്കണമെങ്കിൽ, രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ താരതമ്യം ചെയ്യുമ്പോഴാണ് എത്രമാത്രം വലിയ നിലയിലാണ് വിദ്യാഭ്യാസ

മേഖലയിൽ മാറ്റമുണ്ടായതെന്ന് കാണാൻ സാധിക്കുന്നത്. ഐക്യരാഷ്ട്രസഭ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ 2030-ഓടെ നേടിയെടുക്കേണ്ടതായി നിശ്ചയി ച്ചിരിക്കുന്ന ഒന്നാണ് സമഗ്രമായ വിദ്യാഭ്യാസ പുരോഗതി. 'Transform lives through education leaving no one behind' ആരും പിന്നിലല്ലാത്ത വിദ്യാഭ്യാസ ത്തിലൂടെ ജീവിതത്തെ പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഐക്യരാഷ്ട്രസഭ ഇത് അടിസ്ഥാനലക്ഷ്യമായിക്കണ്ടുകൊണ്ട്, 2030 ഓടുകൂടി സുസ്ഥിര വികസന ലക്ഷ്യം മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ 2030-ൽ എത്തിച്ചേരണമെന്ന് ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച ലക്ഷ്യത്തിനും അപ്പുറത്തേയ്ക്ക് എത്തിച്ചേരാൻ ഈ കാലയളവിൽ കേരളത്തിന് സാധിച്ചുവെന്നത് ഏറെ അഭിമാനത്തോടെ ലോകത്തോട് പങ്കുവയ്ക്കാൻ സാധിക്കുന്ന ഒന്നാണ്. വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ ദേശീയതലത്തിൽ കഴിഞ്ഞ 5 വർഷവും ഒന്നാമത് എത്തിയത് കേരളമാണ്. ഉയർന്ന സ്കോറോടുകൂടിയാണ് ഓരോ വർഷവും ഈ നേട്ടം സംസ്ഥാനത്തിന് അഭിമാനത്തോടെ കൈവരിക്കാൻ സാധിച്ചത്. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ മുന്നേറ്റങ്ങളെയെല്ലാം തകർത്തു കളഞ്ഞൊരു ചരിത്രത്തെയാണ് കാണാൻ സാധിക്കുന്നത്. ഇവിടെ പ്രതിപക്ഷത്തുനിന്ന് ചില അംഗങ്ങൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെക്കുറിച്ചും വിദ്യാഭ്യാസ മന്ത്രിയെക്കുറിച്ചുമൊക്കെ പല കാര്യങ്ങളും പറഞ്ഞു. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തെക്കുറിച്ചറിയാൻ വിദൂരതയിലേയ്ക്കൊന്നും പോകേണ്ടതില്ല, 2011-2016 കാലഘട്ടത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ അവസ്ഥയെന്താണ്? പാഠപുസ്തകം പോലും കൊടുക്കാത്ത വരായിരുന്നില്ലേ ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്ന, അന്ന് ഈ ഗവൺമെന്റിന് നേതൃത്വം കൊടുത്തവർ. കേരളത്തിലെ കുട്ടികൾ പാഠപുസ്തകം ചോദിച്ചപ്പോൾ, തെരുവിലിറങ്ങി പാഠപുസ്തകം ചോദിക്കേണ്ട സാഹചര്യം വന്നപ്പോൾ, ആ വിദ്യാർ ത്ഥികളെ ലാത്തികൊണ്ടും ഗ്രനേഡുകൊണ്ടും ജലപീരങ്കികൊണ്ടും കള്ളക്കേസ്സു കൊണ്ടും നേരിട്ടവരല്ലേ ഇവിടെ ഇരിക്കുന്ന പ്രതിപക്ഷത്തിന്റെ യു.ഡി.എഫ്-ന്റെ നേതാക്കന്മാർ? അവരായിരുന്നില്ലേ അന്ന് ആ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്നത്? പാഠപുസ്തകത്തിനുവേണ്ടി സമരം ചെയ്ത വിദ്യാർത്ഥികളുടെ വീട് നട്ടപ്പാതിരായ്ക്ക് വളഞ്ഞ് പോലീസിനെക്കൊണ്ട് മർദ്ദിപ്പിച്ച് അച്ഛന്റേയും അമ്മയുടേയും മുന്നിൽ വച്ച് അറസ്റ്റ് ചെയ്തുകൊണ്ടുപോയ ഒരു കാലഘട്ടം കേരളത്തിലുണ്ടായിരുന്നില്ലേ? പാഠപുസ്തകത്തെക്കുറിച്ച് ചോദിച്ചാൽ ഒരക്ഷരം മിണ്ടാൻ ഉണ്ടായിരുന്നില്ല. പാഠപുസ്തകം ചോദിച്ച വിദ്യാർത്ഥികളെ വേട്ടയാടൽ; അതുകൂടാതെ ഓണപ്പരീക്ഷ നടത്താനും പറ്റിയില്ല, എന്തേ ഓണപ്പരീക്ഷ നടത്താത്തത് എന്ന ചോദ്യത്തിന് അന്ന് വിദ്യാഭ്യാസ മന്ത്രി പറഞ്ഞത്, 'അത് ഞമ്മന്റെ കുഴപ്പമല്ല, ഓണം നേരത്തെ വന്നതാണ് എന്നത് പരിഹാസ്യേന കേരള സമൂഹം കേട്ടതല്ലേ? കേരളത്തിലെ

പൊതുവിദ്യാഭ്യാസ മേഖലയെ ലാഭത്തിന്റേയും നഷ്ടത്തിന്റേയും പേരിൽ തരംതിരിച്ചൊരു കാലഘട്ടം. സൂപ്പർ മാർക്കറ്റുകളെ, പച്ചക്കറി കടകളെ ലാഭത്തിന്റേയും നഷ്ടത്തിന്റേയും പേരിൽ തരംതിരിക്കാറുണ്ട്. പക്ഷേ യു.ഡി.എഫ്. ഭരിച്ച കേരളത്തിൽ പൊതു വിദ്യാഭ്യാസ മേഖലയെ ലാഭത്തിന്റേയും നഷ്ടത്തിന്റേയും പേരിൽ തരംതിരിച്ചു. നഷ്ടത്തിലായത് അടച്ചുപൂട്ടണമെന്ന് തീരുമാനിച്ചു. കേരളത്തിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരും അതിശക്തമായ സമരം ഏറ്റെടുത്തൊരു കാലഘട്ട മായിരുന്നില്ലേ യു.ഡി.എഫ്. കാലഘട്ടം? ഉച്ചഭക്ഷണം അട്ടിമറിച്ചു, യൂണിഫോം അട്ടിമറിച്ചു, അങ്ങനെ പറഞ്ഞുപോയാൽ ഒരുപാട് കാര്യങ്ങൾ യു.ഡി.എഫ്. ഭരണത്തെക്കുറിച്ച് പറയേണ്ടി വരും. 2016-ൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നു. പൊതുവിദ്യാലയങ്ങളെ ലാഭത്തിന്റെയും നഷ്ടത്തി ന്റെയും പേരിൽ തരംതിരിക്കില്ലെന്നും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്നും കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹത്തിന്റെ ആ പ്രതികരണ ത്തെപ്പോലും പരിഹസിച്ചവരാണ് ഇന്ന് പ്രതിപക്ഷത്തിരിക്കുന്നത്. എന്നാൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാലയങ്ങളെ എങ്ങനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കും ഹൈടെക് ക്ലാസ് മുറികളിലേയ്ക്കും കൊണ്ടുപോകാൻ സാധിക്കുമെന്ന് അഞ്ചു വർഷങ്ങൾ ക്കിപ്പുറം പിണറായി സർക്കാർ കാണിച്ചുതന്നിരിക്കുന്നു. 680000 വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്, കണക്കുകൾ തെറ്റാണെന്ന് പ്രതിപക്ഷത്തുനിന്നും പറഞ്ഞു. കണക്കുകളിൽ ഒരു തെറ്റുമില്ല, എന്നാൽ അന്ധത നടിക്കുന്നവരിലേയ്ക്ക് എല്ലാം തെറ്റെന്ന ബോദ്ധ്യമേ വരികയുള്ളൂ. 680000 കുട്ടികൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് അധികമായി കടന്നുവന്ന കാലഘട്ടമാണിത്. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർത്തു, എല്ലാ സ്കൂളുകളിലും ഹൈടെക് ലാബുകൾ ക്രമീകരിച്ചു, 20,800 കോടി രൂപയാണ് ഒന്നാം പിണറായി സർക്കാർ സ്കൂൾ വിദ്യാഭ്യാസത്തിനു മാത്രമായി മാറ്റിവച്ചത്. കോവിഡ് കാലഘട്ടത്തിൽ എല്ലാ കുട്ടികളിലേയ്ക്കും ഡിജിറ്റൽ വിദ്യാഭ്യാസമെത്തിയ ഇന്ത്യയിലെ ഏക സംസ്ഥാ നമാണ് കേരളം. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് വൈവിധ്യ മാർന്ന പദ്ധതികൾ ഈ സർക്കാർ മുന്നോട്ടുവച്ചില്ലേ? ഭാഷാവികസനത്തിനായി 'മലയാളത്തിളക്കം' , 'ഹലോ ഇംഗ്ലീഷ്', 'സുരീലി ഹിന്ദി' എന്നീ പദ്ധതികളും ഗണിതം ആനന്ദകരമാക്കാൻ 'ഗണിതവിജയം' പദ്ധതി, ഗണിതോത്സവങ്ങൾ തുടങ്ങിയവയും പ്രതിഭകളായ കുട്ടികൾക്ക് അതത് മേഖലയിൽ മികച്ച മുന്നേറ്റ ത്തിന് ടാലന്റ് സർച്ച് ലാബ്, കുട്ടികളെ ഇത്തരത്തിൽ സജ്ജമാക്കുന്നതിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടികൾ എന്നിവയെല്ലാം നടപ്പിലാക്കി.

'ഈ വിദ്യാഭ്യാസ മന്ത്രിയെയല്ലേ കേരളത്തിലെ കുട്ടികൾ കണ്ടുപഠിക്കേണ്ടത്, ഈ വിദ്യാഭ്യാസ മന്ത്രിയെയല്ലേ മോഡലാക്കേണ്ടത് ' എന്നെല്ലാം നേരത്തേ പ്രതിപക്ഷം ഇവിടെ ചോദിച്ചു. പാഠപുസ്തകം കൊടുക്കാതെയിരുന്ന, പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടിയ വിദ്യാഭ്യാസ മന്ത്രിയെയാണോ കുട്ടികൾ മാതൃകയാക്കേണ്ടത്? കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ ഈ നിലയിൽ ശക്തിപ്പെടുത്തുന്ന വിദ്യാഭ്യാസ മന്ത്രിയെതന്നെയല്ലേ കുട്ടികൾ പാഠമാക്കേണ്ടത്. നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ നിലവാര റാങ്കിങ്ങിൽ കേരളം ഒന്നാമത്. ഇന്ത്യാ ഗവൺമെന്റിന്റെ പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സിലും കേരളം ഒന്നാമത്. ഈ കാലഘട്ടത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലും കേരളത്തിനുണ്ടായത് വലിയ കുതിപ്പാണ്. കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കുമെന്ന പ്രഖ്യാപനം മുഖ്യമന്ത്രി നടത്തി. വിവിധ സർവ്വകലാശാലകളിലായി മികവിന്റെ 30 കേന്ദ്രങ്ങൾക്കായി 100 കോടി രൂപ വകയിരുത്തി. ഉന്നതവിദ്യാസമേഖലയിൽ മുപ്പത്തിയഞ്ച് ലക്ഷം പേർക്കുകൂടി പഠനസൗകര്യം, ആയിരം അദ്ധ്യാപക നിയമനം, കോളേജ് ക്ലാസ് മുറികൾ ഡിജിറ്റലാക്കുന്നതിന് 150 കോടി രൂപ, 'RUSA' വഴി കോളേജുകൾക്ക് 144 കോടി രൂപ, കോളേജുകളുടെ പശ്ചാത്തല വികസനത്തിനായി 56 കോടി രൂപ, ശാസ്ത്ര - സാങ്കേതിക -പരിസ്ഥിതി കൗൺസിലിന് 131 കോടി രൂപ എന്നിങ്ങനെ ബഡ്ജറ്റിലുള്ള കാര്യങ്ങൾ പറഞ്ഞുപോയാൽ, ഉന്നതവിദ്യാഭ്യാസ മേഖലയിലും കുതിച്ചുചാട്ടമുണ്ടാകാൻ പോകുന്ന, വരാനുള്ള അഞ്ചുവർഷക്കാലത്തിനാണ് കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നത്. ഒളിമ്പിക്സ് മെഡൽ പട്ടിക കാണുമ്പോൾ,

"പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയത്രെ
മനുഷ്യരെ പാരിലയച്ചതീശൻ"

എന്ന കെ. സി. കേശവപിള്ളയുടെ വരികൾ നാം ഓർക്കുകയാണ്. ഒളിമ്പിക്സ് മെഡൽ പട്ടികയിൽ ഒരു സ്ഥാനംപോലുമില്ലാതെ അപമാനത്തോടെ മടങ്ങിവന്ന ഒരു കാലഘട്ടം രാജ്യത്തിനുണ്ടായിരുന്നു. എന്നാലിതാ പതിറ്റാണ്ടുകൾക്കുശേഷം ഹോക്കിയിൽ മെഡൽ നേടിയപ്പോൾ ആ നേട്ടത്തിൽ ശ്രീജേഷിലൂടെ നമുക്കുകൂടി അഭിമാനിക്കാൻ സാധിക്കുന്നു. കേരളത്തിന്റെ കായികരംഗത്ത് സർക്കാർ ഇടപെടുന്നത് കൃത്യമായ ദിശാബോധത്തോടുകൂടിയാണ്. ഈ പദ്ധതികളുടെ ഫലം തീർച്ചയായും അടുത്ത ഒളിമ്പിക്സിൽ പ്രതിഫലിക്കുമെന്ന കാര്യത്തിൽ യാതൊരു

തർക്കവുമില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി നാടിന് സമർപ്പിക്കപ്പെട്ടത് ഉന്നതനിലവാരമുള്ള നാല് സ്റ്റേഡിയ ങ്ങളാണ്. കിഫ്ബിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങൾ, 43 പഞ്ചായത്ത്-മുനിസിപ്പൽ സ്റ്റേഡിയങ്ങൾ, 43 ഫുട്ബോൾ ഗ്രൗണ്ടുകൾ, 27 സിന്തറ്റിക് ട്രാക്കുകൾ, 33 സ്വിമ്മിംഗ് പൂളുകൾ, 33 ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിങ്ങനെ കായികരംഗത്ത് അടിസ്ഥാന വികസനത്തിന്റെ മുന്നേറ്റം കാണാൻ സാധിച്ചു. കായിക പരിശീലന പദ്ധതികൾ, കായികതാരങ്ങൾക്കുള്ള സഹായം എന്നിവ കൂടാതെ അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ 1300 രൂപയായി വർദ്ധിപ്പിച്ചു. കായിക വിദ്യാർത്ഥികൾക്ക് ഭക്ഷ്യകിറ്റുൾപ്പെടെ നൽകി വലിയ മുന്നേറ്റം കായിക മേഖലയിലുണ്ടാക്കാൻ സാധിച്ചു. മനസിന്റെയും ആത്മാവിന്റെയും വിശാലതയാണ് സംസ്കാരം. ഒരു ജനതയുടെ കലയും സാഹിത്യവും അവരുടെ മനസ്സിന്റെ യഥാർത്ഥ കണ്ണാടിയാണെന്ന് നമ്മോട് പറഞ്ഞത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ്. കേരളത്തിന്റെ സാംസ്കാരിക രംഗത്ത് വലിയ ഇടപെടലുണ്ടായി. കലാകാരന്മാരുടെ പെൻഷൻ 750 രൂപയിൽനിന്നും 1600 രൂപയാക്കി ഉയർത്തി. ആശ്രിത പെൻഷൻ, ചികിത്സാ സഹായം, വജ്രജൂബിലി ഫെലോഷിപ്പുകളുൾപ്പെടെ നൽകി ക്കൊണ്ട് ഈ സർക്കാർ മികവാർന്ന നിലയിൽ സാംസ്കാരിക മേഖലയിലിടപെട്ടു. ഈ കാലഘട്ടത്തിൽ കലാവേദികൾ ഉണർന്നില്ലെങ്കിലും സാഹിത്യസൃഷ്ടികളുടെ പൂക്കാലം മലയാള സാഹിത്യത്തിലുണ്ടായി. ഭയക്കാതെ എഴുതാൻ പറ്റുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറി. ശിഹാബുദ്ദീൻ പൊയ്ത്തും കടവിന്റെ 'കെ. പി. ഉമ്മർ', ഇ. സന്തോഷ് കുമാറിന്റെ 'പാവങ്ങളുടെ വീട് ', സുനു എ. വി. യുടെ 'അബൂബക്കർ അടപ്രഥമൻ', എം. എ. റഹ്മാന്റെ 'കിത്താബ് മഹൽ', പി. എഫ്. മാത്യൂസിന്റെ 'മുഴക്കം', എസ്. സിത്താരയുടെ 'വാക്കുകളുടെ ആകാശം' എന്നിവയെല്ലാം മലയാളികൾ ഏറെ ആസ്വദിച്ചു, ഭയക്കാതെ സാഹിത്യ സൃഷ്ടികളുണ്ടാകുന്നതിനുള്ള അന്തരീക്ഷം കേരളത്തിലുണ്ടായി. അങ്ങനെ സാംസ്കാരിക മേഖലയിലും വലിയ ഇടപെടൽ നടത്താൻ കേരളത്തിന് സാധിച്ചു. ഇത്തരത്തിൽ കേരളത്തിന്റെ സമഗ്രമേഖലയിലും പുരോഗതി കൈവരിച്ചതാണ് കഴിഞ്ഞ അഞ്ചുവർഷം, അതുപോലെതന്നെയായിരിക്കും വരാനിരിക്കുന്ന അഞ്ചുവർഷവും എന്നതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെയെല്ലാം പൂർണ്ണമായി പിന്തുണച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം പിണറായി വിജയൻ ഗവൺമെന്റിന് പലവിധ മുൻഗണനകളുമുണ്ടായിരുന്നു. പക്ഷേ ആ മുൻഗണാനാ ലിസ്റ്റിൽ പട്ടികജാതി വിഭാഗങ്ങളുടെ മുൻഗണനാ സ്ഥാനം എവിടെയാണെന്ന് ചോദിച്ചാൽ, സമൂഹത്തിൽ

അവർ എത്രമാത്രം അരികുചേർന്നു നിൽക്കുന്നുവോ അത്രമാത്രം അവസാനത്തേതാണ്, ഏറ്റവും ഒടുവിലത്തേതാണ്, ഭിത്തിയോട് ചേർത്തുനിർത്തുന്ന സ്ഥാനമാണ് അവർക്ക് ഈ ഗവൺമെന്റ് നൽകിയത്. അതുകൊണ്ടുതന്നെ പിണറായി വിജയൻ ഗവൺമെന്റ് ഒരു ദളിത് വിരുദ്ധ ഗവൺമെന്റായിരുന്നു എന്നൊരു കാര്യം അടിവരിയിട്ട് പറയാൻ കഴിയും. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിക്കഴിഞ്ഞാൽ അക്കാര്യം ബോദ്ധ്യമാകും. കഴിഞ്ഞകാലങ്ങളിലൊക്കെ ദളിത് സമൂഹവും മറ്റ് പിന്നാക്ക ജനവിഭാഗങ്ങളും ഏറ്റവും കൂടുതൽ പ്രയാസപ്പെട്ടിരുന്നത് പൊതുവിഭവ വിതരണത്തിലെ അസന്തുലിതാവസ്ഥയിലായിരുന്നു. പാടത്തും പറമ്പിലും പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളിക്ക് ഭൂമിയുടെ അവകാശമുണ്ടായിരുന്നില്ല. അന്ന് നിലനിന്നത് ജന്മിത്ത-നാടുവാഴിത്ത സമ്പ്രദായമായിരുന്നു. കാലം മാറി, ജനാധിപത്യ സംവിധാനത്തിൽ ഗവൺമെന്റുകൾ അധികാരത്തിൽ വന്നു. എന്നാൽ നിർഭാഗ്യമെന്നുപറയട്ടെ, കഴിഞ്ഞ അഞ്ചുവർഷക്കാലവും, കഴിഞ്ഞകാല ജന്മിത്ത മനോഭാവമുള്ള, നാടുവാഴിത്ത മനോഭാവമുള്ള ഒരു ജനാധിപത്യ ഗവൺമെന്റായിരുന്നു കേരളം ഭരിച്ചിരുന്നതെന്ന് പറയേണ്ട ഒരു സാഹചര്യമുണ്ടാകുകയാണ്. പൊതുവിതരണത്തിൽ അപാകതകളുണ്ടായി. പൊതുവിഭവങ്ങൾ വിതരണം നടത്തുന്നതിൽ കഴിഞ്ഞ അഞ്ചുവർഷക്കാലവും നമ്മൾ കണ്ടത് അസന്തുലിതാവസ്ഥയാണ്, പ്ലാനിലൂടെ നൽകുന്ന പണം നാമമാത്രമായിരുന്നു. ആദ്യത്തെ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ദളിത് വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി മുൻകാലങ്ങളിൽ നൽകിയിരുന്ന പ്ലാൻ ഫണ്ട് എട്ട് ശതമാനമാണെങ്കിൽ ഞങ്ങളത് രണ്ട് ശതമാനംകൂടി വർദ്ധിപ്പിക്കുന്നുവെന്നാണ്. ചരിത്രത്തിലാദ്യമായി ദളിത് വിഭാഗങ്ങൾക്ക് പ്ലാൻ ഫണ്ടിൽ വർദ്ധനവ് വരുത്തുന്നുവെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകാലത്തും ഈ വകുപ്പ് കൈകാര്യം ചെയ്തതാണ്, കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ മേഖലയ്ക്ക് ലഭിച്ച പ്ലാൻ ഫണ്ട് എത്രയാണ്, എത്രമാത്രം തുക ചെലവഴിച്ചു, ലാപ്സാക്കിയ തുകയെത്ര എന്നെല്ലാം ഞാൻ അങ്ങയോട് ചോദിക്കട്ടെ? പട്ടികജാതി വികസന വകുപ്പിനോട് എത്ര നിഷേധാത്മക സമീപനമാണ് ധനകാര്യ വകുപ്പ് കാണിച്ചതെന്ന് അക്കാര്യം നോക്കിയാൽ അങ്ങേയ്ക്കും ബോദ്ധ്യമാകും. അതിനപ്പുറത്ത് മറ്റൊരു കാര്യമുണ്ട്, നമ്മൾ ഏറ്റവും പ്രാധാന്യത്തോടെ ചർച്ച ചെയ്യുന്ന ഒന്നാണ് കിഫ്ബി. നമുക്കറിയാവുന്നതുപോലെ ഗവൺമെന്റ് ഖജനാവിൽ നിന്നാണ് കിഫ്ബിക്കും പണം നൽകുന്നത്, നാമമാത്രമായ തുകയാണ് കടമെടുക്കുന്നത്. 63,000 കോടി രൂപ കിഫ്ബിക്കുവേണ്ടി ചെലവഴിക്കുമ്പോൾ എത്രകോടി രൂപയാണ് പട്ടികജാതി വികസന വകുപ്പിനുവേണ്ടി കഴിഞ്ഞ അഞ്ചുവർഷക്കാലം ലഭിച്ചതെന്ന് പരിശോധിച്ചാൽ, ഞാൻ പറഞ്ഞ ജന്മിത്ത-നാടുവാഴിത്ത മനോഭാവമാണ് പ്രസ്തുത

വിഭാഗത്തോട് ഗവൺമെന്റ് കാണിച്ചുകൊണ്ടിരിക്കുന്നതെന്ന് അങ്ങേയ്ക്കും മനസിലാകും. ഒരു ഉദാഹരണംമാത്രം പറയുകയാണ്, പാലക്കാട് മെഡിക്കൽ കോളേജ് നാടിന് അഭിമാനമാണെന്ന കാര്യമൊക്കെ ഇവിടെ സൂചിപ്പിച്ചു. പതിനഞ്ച് സ്വാശ്രയ കോളേജുകളിൽ നിന്നും പഠിച്ചിറങ്ങുന്ന എസ്.സി. വിദ്യാർത്ഥികൾ എത്രയാണോ, അത്രയും വിദ്യാർത്ഥികളെ പാലക്കാട് മെഡിക്കൽ കോളേജിൽ നിന്നുമാത്രം പഠിച്ച് പുറത്തിറക്കാൻ കഴിഞ്ഞു. എഴുപതിലധികം കുട്ടികൾ പഠിച്ചിറങ്ങി. ശമ്പളം കൊടുക്കാത്തതിന്റെയും അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കാത്തതിന്റെയും പേരിൽ ഇപ്പോൾ അവിടെ സമരം നടക്കുകയാണ്. 250 കോടിരൂപ കിഫ്ബിയിൽ നിന്നും പ്രസ്തുത കോളേജിന് നൽകിയിരുന്നെങ്കിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന തരത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടിയ കോളേജാകാൻ പാലക്കാട് മെഡിക്കൽ കോളേജിന് കഴിയുമായിരുന്നു, എന്നാൽ പണം നൽകിയില്ല. അവിടെയാണ് ഈ ഗവൺമെന്റിന്റെ സമീപനത്തെക്കുറിച്ച് ഞാൻ പറയുന്നത്. മറ്റ് ഫണ്ടുകളടക്കം ഏതുകാര്യത്തിലായാലും കഴിഞ്ഞ അഞ്ചുവർഷക്കാലം ദളിത് പ്രശ്നങ്ങളൊന്നും ചർച്ച ചെയ്തിട്ടില്ല. സാമുദായിക പ്രശ്നങ്ങൾ ധാരാളമുണ്ടായിരുന്നു, അവയൊക്കെ ചർച്ച ചെയ്തിട്ടുമുണ്ട്. പക്ഷേ ദളിത് വിഷയങ്ങളിൽ ഈ ഗവൺമെന്റ് എടുത്തിട്ടുള്ള സമീപനം നേരെ തിരിച്ചായിരുന്നു. ലൈഫ് മിഷൻ പദ്ധതിയെ ക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയും ഇവിടെയുള്ള എം.എൽ.എ.-മാരും പരിശോധി ക്കണം. ലൈഫ് മിഷൻ എന്നുപറഞ്ഞാൽത്തന്നെ ഞങ്ങൾ നിങ്ങളെയെന്തോ വിമർശിക്കുകയാണെന്നാണ് പറയുന്നത്. പക്ഷേ ലൈഫ് മിഷനിലൂടെ എത്ര വീടുകൾ കൊടുക്കാൻ കഴിഞ്ഞു; പട്ടികജാതി വകുപ്പിലൂടെ ഫണ്ട് അനുവദിച്ചു കൊണ്ട് എത്ര വീടുകൾ നിർമ്മിച്ചു നൽകി? നിങ്ങൾ ഇവിടെ കണക്കുകൾ അവതരിപ്പിക്കുന്നു. ആ കണക്കുകളുടെ സ്ഥിതി എന്താണ്? പഞ്ചായത്തുകൾ കൊടുക്കുന്ന വീടുകളുടെ കണക്കാണ് ഇപ്പോൾ നമുക്ക് തരുന്നത്, അക്കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഒന്ന് പരിശോധിക്കണം. 2018-19 -ൽ 400 കോടി രൂപ അനുവദിച്ചുവെങ്കിലും വിനിയോഗിക്കാതെ മുഴുവൻ തുകയും ലാപ്സാക്കി. പതിനായിരം വീടുകളുണ്ടാക്കാനുള്ള അവസരമാണ് ഇല്ലാതായത്. പതിനായിര ത്തോളം പാവപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് നൽകേണ്ടിയിരുന്ന വീടാണ് ലാപ്സാക്കിക്കളഞ്ഞത്. ഇതിന് ഉത്തരം ആരാണ് പറയുക? അതിനുശേഷവും നിങ്ങൾ ലൈഫ് പദ്ധതിക്ക് പണം നൽകി, പക്ഷേ എത്ര വീടുകൾ നിർമ്മിച്ചു? ഇത് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് ഏറ്റവും നന്നായി നടത്തുന്ന ഒരു ഫ്ലാഗ്ഷിപ്പ് പരിപാടിയായിരുന്നില്ലേ, അതാണ് ലൈഫ് പദ്ധതിയിലേയ്ക്ക് മാറ്റിക്കൊണ്ട് ഒന്നുമല്ലാതാക്കിത്തീർത്തത്. ഞങ്ങൾ എതിർക്കുന്നത് ലൈഫ് പദ്ധതിയെയല്ല. നിങ്ങളുടെ സംവിധാനത്തിലുള്ള നിങ്ങളുടെ വകുപ്പല്ലേ, ഈ പരിപാടികൾ

നിങ്ങൾതന്നെ നടത്തു, അതിനുശേഷം എത്ര വീടുകൾ കൊടുത്തുവെന്ന കണക്കുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂട്ടിപ്പറഞ്ഞോളൂ, പാവപ്പെട്ട പട്ടികജാതിക്കാരന് വീട് കിട്ടണം, ഇന്നും അത് ലഭ്യമാകുന്നില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് അങ്ങ് എം.എൽ.എ.-മാരോടൊക്കെ അഭിപ്രായം ചോദിക്കണമെന്നാണ്. ലൈഫ് മിഷൻ ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തണം. കൊടുക്കുന്ന തുകയ്ക്ക് ആനുപാതികമായി വീടുകൾ കൊടുക്കുന്നുണ്ടോയെന്നൊക്കെ അങ്ങ് പരിശോധിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

[3.00 P.M.]

വിപ്ലവകരമായ കാര്യങ്ങളൊക്കെ നിങ്ങൾ പറയും പക്ഷെ പ്രവർത്തനത്തിൽ വരില്ല എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. വർഷങ്ങൾക്കുമുമ്പ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ഈ സഭ പാസ്സാക്കിയതാണ്. നേരത്തെ സംവരണമുണ്ടായിരുന്നില്ല. ഇപ്പോൾ അവിടെ സംവരണം കൊണ്ടുവരാൻ കഴിഞ്ഞു. ദേവസ്വം ബോർഡിന് കീഴിൽ എയ്ഡഡ് കോളേജുകളുണ്ട്. ആ എയ്ഡഡ് കോളേജുകളിൽ സംവരണം കൊണ്ടുവരാൻ ഇന്ന് ഈ ഗവൺമെന്റ് താല്പര്യമെടുക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാനത് സൂചിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസരം വരുമ്പോൾ ഞങ്ങളത് സ്വീകരിക്കാമെന്നാണ് പറഞ്ഞത്. എന്നാണ് അവസരം വരുന്നത്; ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ സംവരണം കൊണ്ടു വരുന്നതിന് ആരെയാണ് ഭയപ്പെടേണ്ടത്; നമുക്ക് മറ്റ് എയ്ഡഡ് കോളേജുകളിൽ സംവരണം കൊടുക്കാൻ പ്രയാസമുണ്ടാകും. കാരണം സാമുദായിക സംഘടനകളാണ് അവ നടത്തുന്നത്. ഇവിടെങ്കിലും നമുക്ക് കൊടുക്കാൻ കഴിയണ്ടേ; പി.ജി.-യും നെറ്റും പി.എച്ച്.ഡി.-യുമുള്ള എസ്.സി.-വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട എത്രയോ കുട്ടികളുണ്ട്. ഇതിൽ എത്രപേർക്ക് സംവരണം കൊടുക്കാൻ കഴിയുന്നുണ്ട്? കേരളത്തിന്റെ സ്ഥിതിയെന്താണ്; ഇന്ന് നോൺ പ്ലാനിൽ കൊടുക്കുന്ന ഫണ്ടിന്റെ ഭൂരിഭാഗവും ഏഴായിരത്തിലധികം വരുന്ന എയ്ഡഡ് സ്കൂളുകൾക്കാണ് കൊടുക്കുന്നത്. അതുപോലെ 200-ഓളം എയ്ഡഡ് കോളേജുകൾ, ഒരു ലക്ഷത്തിലധികം അദ്ധ്യാപകർ, അവിടെ എസ്.സി. വിഭാഗങ്ങൾ ഒരു ശതമാനമാണ്. ഗവൺമെന്റ് സാലറി കൊടുക്കുന്ന ഒരു ലക്ഷം അദ്ധ്യാപകരുള്ളിടത്ത് ഒരു ശതമാനമാണ് എസ്.സി.-വിഭാഗത്തിൽ അദ്ധ്യാപകരുള്ളത്. നിലവിലുള്ള സാഹചര്യം വച്ച് നമുക്ക് അവിടെ ഒന്നും ചെയ്യാൻ കഴിയില്ല. ആ പരിമിതിയൊക്കെ അറിയാം. എന്നാൽ ദേവസ്വം ബോർഡിനു കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ ഇത് ചെയ്യാൻ കഴിയും. അവിടെയും ഗവൺമെന്റ് മടിച്ചു നില്ക്കുന്നുവെന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ

കാര്യം. ബഹുമാനപ്പെട്ട മന്ത്രി ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് മറുപടി പറഞ്ഞപ്പോൾ എസ്.ടി. വിഭാഗങ്ങൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുമെന്ന് പറഞ്ഞു. ഇന്ന് ഗവൺമെന്റ് ഓൺലൈൻ പഠനത്തിനാവശ്യമായതൊന്നും ചെയ്യുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കേരളത്തിലെ ജനകീയ മുന്നേറ്റം കൊണ്ട് എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനത്തിനാവശ്യമായ മൊബൈൽ ഫോൺ ഉൾപ്പെടെ നല്കിക്കൊണ്ടിരിക്കുന്നു. സ്കൂളുകളിൽ എസ്.സി. വിഭാഗത്തിലുള്ള എത്ര കുട്ടികളുണ്ടെന്നത് സംബന്ധിച്ചും അവർക്ക് പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകണങ്ങൾ നൽകുന്നുണ്ടോയെന്നും എസ്.സി. വകുപ്പ് എസ്.സി. പ്രൊമോട്ടർമാരെ വച്ച് ഒരു അന്വേഷണം നടത്തി. ഞാൻ ഒന്നുരണ്ട് സ്കൂളുകളിൽ പോയപ്പോൾ അവിടത്തെ അധികൃതർ പറഞ്ഞത് എസ്.സി. വിഭാഗം കുട്ടികൾക്ക് ഇത് കൊടുക്കുന്നില്ലെന്നും, കാരണം എസ്.സി. ഡിപ്പാർട്ടുമെന്റ് സ്റ്റഡി നടത്തിയിട്ടുണ്ടെന്നും അവർക്ക് ആ രീതിയിൽ ഡിജിറ്റൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള പഠനസൗകര്യങ്ങൾ നൽകുമെന്നും അതുകൊണ്ട് പാവപ്പെട്ട മറ്റ് വിഭാഗം വിദ്യാർത്ഥികൾക്കാണ് ഇവ നൽകുന്നത് എന്നുമാണ്. ഇപ്പോൾ പഠനം നടക്കുന്നുവെന്നല്ലാതെ ഒരാൾക്കും ഫോൺകിട്ടിയില്ല. ജനകീയ മുന്നേറ്റത്തിലൂടെ ലഭിച്ച ഫോണുകളും കൊടുത്തില്ല. എം.എൽ.എ.-മാർ സംഘടിപ്പിച്ചു ലഭ്യമാക്കുന്ന ഫോണും അവർക്ക് കിട്ടാതെ പോകുന്ന സാഹചര്യമുണ്ട്. ഇതെല്ലാം ഗവൺമെന്റല്ല കൊടുക്കുന്നത്. കുട്ടികൾക്ക് എന്തുകൊടുക്കും, എന്ത് കൊടുക്കില്ലെന്ന് വ്യക്തതയോടുകൂടി പറയാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. എല്ലാ സഹായവും എസ്.സി. വിഭാഗത്തിനാണ് ലഭിക്കുന്നതെന്ന ഒരു പൊതു ബോധമുണ്ട്. എന്നാൽ ഏറ്റവും ഒടുവിലായി കുറച്ച് പണമാണ് പാവപ്പെട്ടവർക്ക് കിട്ടുന്നത്. അങ്ങേയ്ക്കറിയാമല്ലോ എന്താണ് കിട്ടുന്നതെന്ന്; വളരെ നാമമാത്രമായ തുകയാണ് കിട്ടുന്നത്. പിച്ചച്ചട്ടിയിൽ കയ്യിട്ട് വാരുക എന്ന് കേട്ടിട്ടുണ്ട്. പാവപ്പെട്ടവർക്ക് കിട്ടേണ്ട സ്കോളർഷിപ്പ്, അവർക്ക് കിട്ടേണ്ട വീടിന്റെ ആനുകൂല്യങ്ങൾ, ഇതൊക്കെ ഇന്ന് തട്ടിപ്പിലൂടെ പലരും തട്ടിയെടുക്കുമ്പോൾ ഗവൺമെന്റ് നോക്കി നില്ക്കുന്ന സാഹചര്യമാണുള്ളത്. എന്തുകൊണ്ട് ഇത് സംഭവിക്കുന്നുവെന്ന് പരിശോധിക്കണം. ആകെ കൊടുക്കുന്ന തുച്ഛമായ സഹായത്തിൽനിന്നും ഈ വക തട്ടിപ്പുകൾ എല്ലാ ജില്ലകളിലും നടക്കുന്നുണ്ട്. ഇവയൊക്കെ നിയന്ത്രിക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനില്ലേ; ഇത്തരം കാര്യങ്ങളിലൊന്നും പ്രയോറിറ്റി ഗവൺമെന്റിനില്ലേ; സമൂഹത്തിലെ ഏറ്റവും ദുർബല ജനവിഭാഗങ്ങളായ ദളിത് വിഭാഗളുടെ പ്രശ്നങ്ങൾ അഡ്രസ് ചെയ്യേണ്ട ബാദ്ധ്യത ഈ ഗവൺമെന്റിനില്ലേ? അത് കഴിഞ്ഞ അഞ്ച് വർഷവും കാണിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, പൊതുവിദ്യാഭ്യാസവും തൊഴിലും സംബന്ധിച്ച് നടന്ന ചർച്ചയിൽ ഇരുപത് പേരോളം പങ്കെടുത്തതിൽ പകുതിയോളം പേരാണ് ഈ രണ്ട് വിഷയങ്ങളെയും ബന്ധപ്പെടുത്തി സംസാരിച്ചത്. ചർച്ചയിൽ പങ്കെടുത്ത് വിലയേറിയ നിർദ്ദേശങ്ങൾ നല്കിയ എല്ലാവരെയും അഭിനന്ദിക്കുന്നു. അവർ ഉന്നയിച്ച പല നിർദ്ദേശങ്ങളും കൂട്ടായി ആലോചിച്ച് നടപ്പിലാക്കേണ്ട വിഷയങ്ങളാണ്. പൊതുവിദ്യാലയങ്ങൾ അനാകർഷകമാകുകയും സർക്കാർതന്നെ അടച്ചുപൂട്ടുകയും ചെയ്യുന്നൊരു അവസ്ഥയിലായിരുന്നപ്പോഴാണ് 2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നത്. അടച്ചുപൂട്ടാൻ തീരുമാനിച്ച വിദ്യാലയങ്ങൾ സർക്കാർ അന്ന് ഏറ്റെടുക്കുകയും പൊതുവിദ്യാഭ്യാസം സംരക്ഷിക്കപ്പെടുമെന്ന ശക്തമായ സന്ദേശം സമൂഹത്തിന് നല്കുകയും ചെയ്തു. പിന്നീടങ്ങോട്ട് വിദ്യാലയ ങ്ങളുടെ വസന്തകാലമായിരുന്നു. ഈ അദ്ധ്യയനവർഷം മാത്രം പൊതുവിദ്യാല യങ്ങളിൽ പുതിയതായി പ്രവേശനം നേടിയത് 2,51,238 കുട്ടികളാണ് എന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട മന്ത്രിമാരുടെ സമയം എത്രയാണെന്ന് പറയണം. ഇനി ആറ് മന്ത്രിമാർ സംസാരിക്കാനുണ്ട്. എം.എൽ.എ.-മാരുടെ സമയം കൃത്യമായി പാലിക്കുന്നുണ്ടായിരുന്നു. ആയതിനാൽ മന്ത്രിമാർക്കും സമയം തീരുമാനിക്കണം. എം.എൽ.എ.-മാർക്ക് മാത്രമല്ല മന്ത്രിമാർക്കും സമയനിഷ്ഠ വേണം.

<u>മി. ചെയർമാൻ</u>: ആറ് മന്ത്രിമാർ സംസാരിക്കാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാർ അത് ശ്രദ്ധിക്കുമെന്ന് വിശ്വസിക്കുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട മുൻമന്ത്രി കെ. ബാബു, അത് ഞാൻ ശ്രദ്ധിക്കാം. ഒന്നാം ക്ലാസിൽ മാത്രം പുതുതായി പ്രവേശനം നേടിയത് 27,953 കുട്ടികളാണ്. ഇതുവരെ 'സമ്പൂർണ്ണ 'യിൽ രേഖപ്പെടുത്തിയ കണക്കുപ്രകാരം മൊത്തം കുട്ടികളുടെ എണ്ണത്തിൽ 1,32,477-ന്റെ വർദ്ധനവാണ് കാണിക്കുന്നത്. അൺഎയ്ഡഡ് മേഖലയിൽ പ്രവേശനം തേടിയ കുട്ടികളുടെ എണ്ണത്തിൽ 2,02,676 കുട്ടികളുടെ കുറവുണ്ടായതാണ് പൊതു വിദ്യാലയങ്ങളിൽ വർദ്ധനവുണ്ടാകാൻ കാരണം. ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത അത്ഭുതപൂർവ്വമായ വളർച്ച പൊതു വിദ്യാഭ്യാസമേഖലയിലുണ്ടാക്കിയത് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ നടത്തിയ ഇടപെടലുകളുടെ ഭാഗമായാണ്; ഇത് നമ്മുടെ പൊതുസമൂഹം പുലർത്തിയ വിശ്വാസ്യതയുടെ തെളിവാണ്. 2020 ഏപ്രിൽ 12-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ആദ്യത്തെ

സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിച്ചു. വരാൻ പോകുന്ന ദിവസങ്ങളിൽ നിലവിലുള്ള പദ്ധതികൾ മികച്ച നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതോടൊപ്പം ഡിജിറ്റൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പുതിയ അഞ്ച് പദ്ധതികൾകൂടി പ്രഖ്യാപിക്കുന്നു. ഒന്ന്, ഓൺലൈൻ വിദ്യാഭ്യാസം വ്യാപകമാക്കൽ. കുട്ടികൾക്ക് നേരിട്ട് അദ്ധ്യാപകരുമായി ബന്ധപ്പെടുവാൻ 'ജി-സ്യൂട്ട്' പ്ലാറ്റ്ഫോം സജ്ജമാക്കുകയും നിലവിൽ 412 സ്കൂളുകൾ ഇന്ന് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഈ വർഷംതന്നെ സ്വന്തമായുള്ള സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത പ്ലാറ്റ്ഫോം 'കൈറ്റ്' സജ്ജമാക്കി. 'വിദ്യാകിരണം' പദ്ധതിയിലൂടെ ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമുള്ള 4.7 ലക്ഷം കുട്ടികൾക്കുൾപ്പെടെ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഭരണ-പ്രതിപക്ഷഭേദമില്ലാതെ കഴിഞ്ഞ വർഷം ഡിജിറ്റൽ വിദ്യാഭ്യാസത്തിൽ സൗകര്യമൊരുക്കാൻ കേരളം ഒരേ മനസ്സായി നിന്നതുപോലെ ഓൺലൈൻ പഠന സൗകര്യമൊരുക്കാനും കേരളം ഒറ്റക്കെട്ടായി നിൽക്കുമെന്ന കാര്യത്തിൽ ഉറപ്പുണ്ട്. കൈറ്റ് വിക്ടേഴ്സിന്റെ രണ്ടാമത്തെ ചാനലും ഈ മാസംതന്നെ സജ്ജമാക്കി കൂടുതൽ സമയം ഡിജിറ്റൽ ക്ലാസ്സുകൾ കുട്ടികളിലേയ്ക്കെത്തിക്കുന്നതിനുള്ള നടപടി ആരംഭിക്കും. ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് പദ്ധതി - കുട്ടികൾക്ക് ആഹ്ലാദകരമായി ഇംഗ്ലീഷ് പഠനമുറപ്പാക്കുന്ന തരത്തിൽ സ്കൂളിലും കുട്ടികൾക്ക് ലാപ്ടോപ്പുകളിൽ ഇൻസ്റ്റാൾ ചെയ്യാൻ കഴിയുന്നതും പൂർണ്ണമായും സൗജന്യവുമായ സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത ഇംഗ്ലീഷ് ലാംഗ്വേജ് ലാബ് 'കൈറ്റ്' ഈ വർഷം പുറത്തിറക്കും. ഈ നിലയിൽ ഡിജിറ്റൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അഞ്ചുകാര്യങ്ങളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. 2017-2018 അക്കാദമിക് വർഷം മുതൽ 2020 -2021 അക്കാദമിക് വർഷം വരെയുള്ള നാലുവർഷങ്ങളിലായി 6.8 ലക്ഷം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിൽ വിവിധ ക്ലാസ്സുകളിലെത്തിയിരുന്നു. ലോകം മുഴുവൻ പകച്ചുനിന്നപ്പോഴും കുട്ടികളെ പഠന പാതയിൽ നിലനിർത്തുവാനും അവർക്ക് ആത്മവിശ്വാസം പകരുവാനും കഴിയുംവിധം 2020 ജൂൺ 1-ന് തന്നെ ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസ് വിക്ടേഴ്സ് ചാനലിലൂടെ ആരംഭിക്കുന്നതിന് കഴിഞ്ഞു. ആദിവാസി ഭൂരിപക്ഷ പ്രദേശങ്ങളിലും മറ്റ് പാർശ്വവത്കൃതവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലും പ്രത്യേകമായി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഇടതുസർക്കാർ ജനകീയ ബദൽ ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി ലോകത്തിന് പുതിയൊരനുഭവം കാണിച്ചു കൊടുത്തു.

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, അനന്യമായ ഒട്ടേറെ അനുഭവങ്ങൾ എന്നിവ കേരളീയ വിദ്യാഭ്യാസ വികസന ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ചപ്പാടിനെ ജനകീയമാക്കി മാറ്റി. ഒരു നിയോജകമണ്ഡലത്തിൽ ഒന്നുവീതമെന്നനിലയിൽ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും ആയിരത്തി ലധികം കുട്ടികൾ പഠിക്കുന്ന 386 സ്കൂളുകൾക്ക് മൂന്നുകോടി രൂപ വീതവും 500-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപ വീതവും കിഫ്ബി ധനസഹായത്തോടെയാണ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണപ്രവൃത്തി നടത്തുന്നത്. ഇപ്രകാരം കിഫ്ബി 973 സ്കൂളുകൾക്കായി 2309 കോടി രൂപയും പ്ലാൻ ഫണ്ടിനത്തിലും മറ്റുമായി ആയിരത്തിലധികം സ്കൂളുകൾക്കായി 1375 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനവും മറ്റ് ഉദ്ഘാടന ച്ചടങ്ങുകളുമൊക്കെ തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്തുകൊണ്ടിരിക്കു കയാണ്. ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കുവാൻ സെക്കണ്ടറി-ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ 45000 ക്ലാസ്മുറികൾ സാങ്കേതികവിദ്യ സൗഹൃദമാക്കുകയും മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപി ക്കുകയും ചെയ്തിട്ടുണ്ട്. ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകൾക്കായി 119,054 ലാപ്ടോപ്പുകൾ, 69,943 പ്രൊജക്ടർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 ടി.വി., 4511 മൾട്ടി ഫങ്ഷണൽ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ് ക്യാമറ, 100472 യു.എസ്.ബി. സ്പീക്കർ, 43250 മൗണ്ടിംഗ് കിറ്റ് തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ സ്കൂളുകളിൽ വിന്യസിച്ചു. ഹയർ സെക്കണ്ടറി കുട്ടികൾക്ക് കരിയർ ഗൈഡൻസ്, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, സൗഹൃദ ക്ലബ്ബ്, കരുത്ത്, ദിശ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരികയാണ്. കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ ലൈബ്രറികളും ക്ലാസ് ലൈബ്രറികളും സമഗ്രമായി വികസിപ്പിക്കുന്ന 'വായനയുടെ വസന്തം' എന്ന പ്രവർത്തന പദ്ധതിയുടെ ഭാഗമായി വായനാശീലം വർദ്ധിപ്പിക്കാനുതകുന്ന നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം കൂടുതൽ മികവാർന്നതാക്കി മാറ്റാൻ വൈവിദ്ധ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. അദ്ധ്യാപ കരുടെ പ്രൊഫഷണലിസം ഇനിയും വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് കൂടുതൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായി എൽ.പി.-യു.പി. പ്രഥമാദ്ധ്യാപകർ, ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർ, ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വൊക്കേഷണൽ ഹയർസെക്കണ്ടറി കരിയർ മാസ്റ്റർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് സീമാറ്റിന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് പരിശീലനം നൽകുന്നുണ്ട്.

ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമാക്കുകയും പാചകം ചെയ്യുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും എൽ.പി.ജി. സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ യു.പി. സ്കൂളിൽ 2685 കലാകായിക പ്രവൃത്തിപഠന അദ്ധ്യാപകരെ സമഗ്ര ശിക്ഷാ കേരളം വഴി നിയോഗിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഈ അദ്ധ്യാപകരുടെ വേതനം ഏഴായിരം രൂപയായി വെട്ടിക്കുറച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് അത് പതിനാലായിരം രൂപയാക്കി വർദ്ധിപ്പിച്ചുവെന്നുള്ള കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഭിന്നശേഷിയുള്ള കുട്ടികളുടെ സേവനത്തിനായി 2160 റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ബാച്ചുകൾക്ക് സർക്കാർ മേഖലയിലും മെറിറ്റ് മേഖലയിലുംകൂടി നാലായിരത്തോളം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2016-വരെ നിർത്തിവച്ചിരുന്ന ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ നിയമനം സമയബന്ധിതമായി നടപ്പിലാക്കി. കോവിഡ് കാലഘട്ടത്തിൽ ഉച്ചഭക്ഷണത്തിന് അർഹരായിട്ടുള്ള കുട്ടികൾക്ക് ഭക്ഷ്യധാന്യങ്ങളായ ചെറുപയർ, കടല, പരിപ്പ്, ഭക്ഷ്യ എണ്ണ തുടങ്ങിയ വിഭവങ്ങളടങ്ങിയ ഭക്ഷ്യകിറ്റുകൾ വീടുകളിലെത്തിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 1,08,057 പേരെ സാക്ഷരരാക്കാനും 'തുല്യതാ പദ്ധതി' വിപുലീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. അതിഥിത്തൊഴിലാളികൾക്കായി വികസിപ്പിച്ച 'ചങ്ങാതി പദ്ധതി'-യിലൂടെ 5451 പേരെ സാക്ഷരരാക്കി മാറ്റിയിട്ടുണ്ട്. 2.62 കോടി പാഠപുസ്തകങ്ങളാണ് വിതരണം ചെയ്യുന്നത്. രണ്ടാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്; 1.70 കോടി പുസ്തകങ്ങളാണ് വിതരണം ചെയ്യാനുള്ളത്. യൂണിഫോം വിതരണം നടത്തുകയും 38.02 ലക്ഷം മീറ്റർ തുണി ഇതിലേയ്ക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതി - ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലേക്കുള്ള കുട്ടികളുടെ ഭക്ഷ്യഭദ്രതാ അലവൻസ് ഭക്ഷ്യകിറ്റുകളായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട്, കോവിഡ് പശ്ചാത്തലത്തിൽ 2021-2022-ലും സ്കൂൾ തുറക്കാൻ കഴിഞ്ഞില്ലെങ്കിലും പി.എസ്.സി. അഡ്വൈസിനെത്തുടർന്ന് 2828 പേർക്കും പുതുതായി അഡ്വൈസ് ലഭിച്ച 803 പേർക്കും ജൂലൈ മാസം 16 മുതൽ ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകിയിരിക്കുകയാണ്. ഇപ്രകാരം 3961 ഒഴിവുകൾ പുതുതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി. സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പാഠ്യപദ്ധതിയിലും പഠനബോധന സാമഗ്രികൾ വികസിപ്പിക്കുന്ന കാര്യത്തിലും അദ്ധ്യാപക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടും അക്കാദമിക പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിലും വളരെയേറെ സംഭാവനകൾ ചെയ്യുകയാണ്. സമഗ്രശേഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ; ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് സ്പെഷ്യൽ

എഡ്യൂക്കേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. പ്രൈമറി വിദ്യാർത്ഥി കളുടെ കലാകായിക പ്രവൃത്തിപരിചയ വിഷയങ്ങളുടെ പരിശീലനത്തിനായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്ന് സമൂഹം ചർച്ച ചെയ്തുകൊണ്ടി രിക്കുന്ന പ്രധാനപ്പെട്ട കാര്യത്തെക്കുറിച്ചാണ് പറയാനുള്ളത്. വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറാണ് ശ്രീ. പി. ആർ. ശ്രീജേഷ്. 2015-ൽ നടന്ന ദേശീയ ഗെയിംസിൽ സൂപ്പർ പെർഫോമൻസിനുവേണ്ടിയാണ് അദ്ദേഹത്തെ ഡെപ്യൂട്ടി ഡയറക്ടറായി നേരിട്ട് നിയമിച്ചത്. അദ്ദേഹമാണ് ഇപ്പോൾ ഇന്ത്യയ്ക്ക് അഭിമാന കരമായി വെങ്കല മെഡൽ വാങ്ങി കേരളത്തിലെത്തിയത്. അദ്ദേഹത്തിന് ഏതെങ്കിലും നിലയിലുള്ള, അഭിമാനം നിലനിർത്തത്തക്കവിധത്തിലുള്ള സമ്മാനം ഗവൺമെന്റ് കൊടുക്കുമോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് അങ്ങ് പറഞ്ഞാൽ മതി. ഇത് വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. കാരണം അദ്ദേഹം ഈ പോസ്റ്റിൽവന്നതുതന്നെ ദേശീയ ഗെയിംസിൽ സൂപ്പർ പെർഫോമൻസ് നടത്തിയതിന്റെ അടിസ്ഥാനത്തിലാണ്. അങ്ങ് ദേശീയ ഗെയിംസിന്റെ സംഘാടക സമിതിയുടെ ഒരു അംഗം കൂടിയായിരുന്നതുകൊണ്ടാണ് ഞാൻ അങ്ങയോട് ചോദിക്കുന്നത്. ശ്രീ. പി. ആർ. ശ്രീജേഷിനെ ബഹുമാനി ക്കത്തക്കവിധത്തിൽ കേരളത്തിലും മാതൃകാപരമായി അദ്ദേഹത്തിന് സമ്മാനം കൊടുക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇത് വിദ്യാഭ്യാസ വകുപ്പിൽ മാത്രം ഒതുങ്ങുന്ന കാര്യമല്ല. ശ്രീ. പി. ആർ. ശ്രീജേഷിന് സംസ്ഥാന ഗവൺമെന്റ് തന്നെ തീരുമാനിച്ച് അർഹമായ അംഗീകാരം കൊടുക്കുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള വിദഗ്ദ്ധ പരിശീലനം നടത്തുന്ന സ്ഥാപനമാണ് സീമാറ്റ്-കേരള. SCOLE-Kerala (State Council for Open and Lifelong Education-Kerala), കരിക്കുലം കമ്മിറ്റി അംഗീകരിച്ച ഡിപ്ലോമ ഇൻ യോഗ അടക്കമുള്ള നിരവധി കോഴ്സുകൾ നടത്തുന്ന സ്ഥാപനം നന്നായി പ്രവർത്തിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2020-21 ലെ ഇക്കണോമിക് സർവ്വേ പ്രകാരം ആറിനും പതിമൂന്നിനും ഇടയിൽ പ്രായമുള്ള കേരളത്തിലെ സ്കൂൾ കുട്ടികളിൽ നൂറ് ശതമാനവും സ്കൂളിൽ ഹാജരാകുകയാണ്. 14-17 പ്രായക്കാരിൽ 98.3 ശതമാനമാണ് കേരളത്തിലെ സ്കൂളുകളിലെ ഹാജർ നിരക്ക്. എന്നാൽ ഗുജറാത്തിൽ ഇത് 74.8 ശതമാനവും ഉത്തർപ്രദേശിൽ 68 ശതമാനവുമാണ്. ഈ പ്രായക്കാരുടെ ദേശീയ നിരക്ക് 78.5 ശതമാനമാണ്. സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണെന്ന്

അഭിമാനത്തോടെ പറയാൻ കഴിയും. വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രഥമ സ്ഥാനം കൊടുക്കുന്നതിൽ പാഠ്യപദ്ധതിയുടെ പരിഷ്കരണവും ഏകോപനവുമുണ്ടാകും. പ്രീ സ്കൂൾ മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂൾ സംവിധാനങ്ങളെ ഏകീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്യുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന SCERT (The State Council of Educational Research and Training), സമഗ്ര ശിക്ഷ കേരള, സീമാറ്റ്, കൈറ്റ്, SEIRT (The Student Early Intervention Response Team), സാക്ഷരതാ മിഷൻ, SIMC (State Institute for the Mentally Challenged) തുടങ്ങിയ സ്ഥാപനങ്ങളുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ മികവാർന്ന നിലയിൽ നടപ്പിലാക്കുന്നതിനുള്ള ക്രമീകരണമുണ്ടാക്കും. സ്കൂളുകളുടെ ഭൗതിക സൗകര്യ വികസന രംഗത്ത് വളരെ വലിയ മുന്നേറ്റമാണുണ്ടാക്കിയിരിക്കുന്നത്. തുടർന്നും ഭൗതിക സൗകര്യ വികസനം ആവശ്യമെങ്കിൽ അക്കാര്യം വിശദമായ പഠനത്തിന് വിധേയമാക്കും. ഫർണിച്ചർ നവീകരിക്കുന്നതിന് സമഗ്ര പദ്ധതിക്ക് രൂപം നൽകും. സ്കൂളുകൾ ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി വലിയ തോതിലുള്ള ഊർജ്ജം ആവശ്യമായി വരുന്നുണ്ട്. ഇതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കും. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള ക്ലാസ് മുറികളെക്കുറിച്ച് അദ്ധ്യാപകർക്ക് കൂടുതൽ പരിശീലനം നൽകും. പ്രീപ്രൈമറി രംഗത്ത് ക്ലസ്റ്റർ അധിഷ്ഠിതമായ ഇടപെടൽ ശക്തിപ്പെടുത്തും. പ്രീപ്രൈമറി രംഗത്ത് പന്ത്രണ്ട് വർഷം തികഞ്ഞ അദ്ധ്യാപകരുടെ ആനുകൂല്യങ്ങൾ കുറവാണ്. പന്ത്രണ്ട് വർഷത്തിൽക്കൂടുതൽ അദ്ധ്യാപനം നടത്തിയവർക്കാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമുള്ളത്. പന്ത്രണ്ട് വർഷം പൂർത്തിയാക്കിയ പ്രീ പ്രൈമറി അദ്ധ്യാപകരുടെ ആനുകൂല്യം ക്രമീകരിക്കുന്നത് സംബന്ധിച്ച് അവരുടെ സംഘടനകളുമായും മറ്റും ആലോചന നടത്തുന്നതാണ്. കുട്ടികളുടെ സമഗ്ര വികസനം സാധ്യമാകുന്നതിനെ സംബന്ധിച്ച് ആഴത്തിലുള്ള അന്വേഷണം അനിവാര്യമായതിനാൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ചെയ്ത് നോക്കുന്നതാണ്. ഇത്തരത്തിൽ അന്വേഷണത്തിനുള്ള പ്രായോഗിക കേന്ദ്രമായി ഒരു ജില്ലയിലെ ഒരു സ്കൂളിനെ മാറ്റിയെടുക്കുവാൻ കഴിയുമോ എന്നതുകൂടി പരിശോധിക്കുന്നതാണ്. കുട്ടികളുടെ എണ്ണത്തെ സംബന്ധിച്ച് ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിച്ചു. ഓരോ വർഷവും ഓരോ ക്ലാസിലും അധികമായി കുട്ടികൾ ചേരുന്നുണ്ടെന്ന വ്യത്യസ്തത കാണാതെ പോകരുത്. ബഹുമാന്യയായ കെ. കെ. രമ പറഞ്ഞ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട്, സ്കൂൾ തുറന്ന് കുട്ടികളുടെ എണ്ണം സംബന്ധിച്ച് വ്യക്തതയുണ്ടാക്കുന്നതിന് നിയമത്തിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ പാലിക്കേണ്ടതുണ്ട്. സ്കൂളുകൾ 2020 മാർച്ചിനുശേഷം തുറന്നിട്ടില്ല. 2019-20-ലെ

സ്റ്റാഫ് ഫിക്സേഷനാണ് 2020-21-ലും 2021-22-ലും തുടരുന്നത്. ഇത് എല്ലാ സ്കൂളുകളിലും ബാധകമാണ്. പത്താം ക്ലാസുവരെ കമ്പ്യൂട്ടർ സഹായ പഠന രീതിയാണ് നയമായി തീരുമാനിച്ചിരിക്കുന്നത്. ഓരോ അദ്ധ്യാപകരും അവരുടെ വിഷയ പഠനത്തിനായി സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തുന്ന അവസ്ഥയു ണ്ടാകേണ്ടതാണ്. നിലവിലെ നയമനുസരിച്ച് ഇതിനായി പ്രത്യേക അദ്ധ്യാപകരെയല്ല വേണ്ടത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞ നിർദ്ദേശങ്ങൾ തീർച്ചയായും പരിശോധിക്കാം. സ്കൂളുകൾ കഴിയുന്നതും വേഗം തുറക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനുള്ള അന്തരീക്ഷം അധികം വൈകാതെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. തൊഴിൽ, വിദ്യാഭ്യാസം എന്നിവ എങ്ങനെ മെച്ചപ്പെടുത്താമെന്നത് ഗൗരവമായി പരിഗണിക്കും. ശ്രീ. സനീഷ്കുമാർ ജോസഫ് വളരെ നല്ലരീതിയിൽ ചർച്ചയിൽ പങ്കെടുക്കുകയുണ്ടായി. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ബോർഡുകളും മറ്റ് പല സംസ്ഥാന ബോർഡുകളും പരീക്ഷകൾ വേണ്ടെന്ന് തീരുമാനിച്ചപ്പോൾ കുട്ടികളുടെ പക്ഷത്ത് നിൽക്കുന്ന നിലപാടാണ് കേരള സർക്കാർ കൈക്കൊണ്ടത്. കോവിഡ് പ്രതിസന്ധിയുണ്ടാക്കിയ വൈതര ണികൾക്ക് മുന്നിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളെല്ലാം നിസ്സഹായരായി നിന്നപ്പോൾ എല്ലാ കുട്ടികളെയും ചേർത്തുനിർത്തിക്കൊണ്ട് ഡിജിറ്റൽ പഠനം ഉറപ്പാക്കാൻ കഴിയുന്നതോടൊപ്പം ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള വൈതരണികൾ തരണം ചെയ്യുന്നതിനുള്ള കഠിന ശ്രമമാണ് സർക്കാർ നടത്തുന്നത്. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ എല്ലാവരുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഐ. സി. ബാലകൃഷ്ണൻ പറഞ്ഞ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളും. ബഹുമാനപ്പെട്ട അംഗം വി. ശശി ഉന്നയിച്ച, മഹാത്മാ അയ്യങ്കാളി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട പി. അബ്ദുൽ ഹമീദ് സൂചിപ്പിച്ച, എസ്.എസ്.എൽ.സി. പാസ്സായ കുട്ടികളുടെ തുടർ പഠനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിരവധി തവണ ചർച്ച ചെയ്തതാണ്. ഇതുസംബന്ധിച്ച മറുപടിയും നൽകിയിട്ടുണ്ട്. ഒന്നാം വർഷ അപേക്ഷകൾ ലഭ്യമായി ആദ്യ അലോട്ട്മെന്റിനുശേഷം സ്ഥിതി വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയാണ്. ചേളാരി ഹയർ സെക്കണ്ടറി സ്കൂൾ പ്രശ്നം പരിഹരിക്കാൻ ഉദ്യോഗസ്ഥ തലത്തിൽ അന്വേഷണം നടത്തുകയും നിർദ്ദേശങ്ങളുണ്ടാകുകയും ചെയ്തിട്ടുണ്ട്. നിലവിൽ നൽകിയ കോൺട്രാക്ട് അവസാനിപ്പിക്കുന്നതും ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുന്നതുമാണ്. ബഹുമാനപ്പെട്ട

മെമ്പർ പ്രമോദ് നാരായൺ സൂചിപ്പിച്ച തരത്തിൽ മുഴുവൻ കുട്ടികളുടെയും മുഴുവൻ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരണം വിഭാവന ചെയ്യുന്നതും പുതിയ പാഠ്യപദ്ധതിയുടെ ചട്ടക്കൂട് ഈ വർഷംതന്നെ തയ്യാറാക്കുന്നതു മാണ്. അതിലേയ്ക്കായി വിദഗ്ദ്ധരടങ്ങിയ കരിക്കുലം കമ്മിറ്റി രൂപീകരിക്കുകയും പാഠ്യപദ്ധതിയുടെ ചട്ടക്കൂടിനനുസരിച്ച് പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും സിലബസിൽ വരുത്തേണ്ട ലഘൂകരണം ഗൗരവമായി പരിഗണിക്കുകയും ചെയ്യുന്നതാണ്. പൊതുസമൂഹം ഇന്ന് ചർച്ച ചെയ്യുന്ന സ്ത്രീധനം വാങ്ങാതിരിക്കൽ, ഇന്ത്യൻ ഭരണഘടന, മതേതരത്വം, കായിക മേഖല, കാർഷിക രംഗം, തൊഴിലിന്റെ മഹത്വം തുടങ്ങിയ വിഷയങ്ങൾ കുട്ടികൾക്ക് പഠിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്. സംസ്ഥാ നത്തിന്റെ സാഹചര്യമനുസരിച്ച് മാത്രമേ കേന്ദ്ര വിദ്യാഭ്യാസ നയം നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയും പ്രധാനമന്ത്രിയും രണ്ട് യോഗങ്ങൾ വിളിച്ചുചേർക്കുകയും ആ യോഗത്തിൽ കേരളത്തിന്റെ സാഹചര്യമനുസരിച്ച് അക്കാര്യം പരിഗണിക്കാമെന്ന നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-ലാണ് അവസാനമായി പാഠ്യപദ്ധതി പരിഷ്കരണം നടപ്പാക്കിയത്. അതിനുശേഷം വൈജ്ഞാനിക രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും ബോധനശാസ്ത്ര രംഗത്തും വളരെ വലിയ മാറ്റങ്ങൾ വന്നിട്ടുള്ള സാഹചര്യത്തിൽ വിജ്ഞാന സമൂഹം, പ്രാദേശിക സമ്പദ് ഘടന ശക്തിപ്പെടുത്തുക തുടങ്ങി പൊതുസമൂഹത്തിന്റെ നിലപാടിനനുസരിച്ച് പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യ മായിരിക്കുന്നു. സാങ്കേതികവിദ്യയെ നിലവിലുള്ള പാഠ്യപദ്ധതിയിൽ കൂടുതൽ ഫലപ്രദമായി ഉൾപ്പെടുത്തേണ്ടതുണ്ട്. പ്രകൃതി ദുരന്തങ്ങളെ എങ്ങനെ അഭിമുഖീകരി ക്കണമെന്നതും സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കണം. മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സംരക്ഷണം, ഊർജ്ജ സംരക്ഷണം തുടങ്ങിയ കാര്യങ്ങളൊക്കെ പാഠ്യപദ്ധതിയുടെ ഭാഗമായി മാറേണ്ടിയിരിക്കുന്നു. ലിംഗ സമത്വം, ലിംഗ തുല്യത, ലിംഗ അവബോധം തുടങ്ങിയവയെല്ലാം ഇതിലുൾപ്പെടുത്തേണ്ടതായിട്ടുണ്ട്. 2022 ജനുവരി മാസത്തിന് മുമ്പുതന്നെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ കരട് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണം സംബന്ധിച്ച പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെ ടുത്തിയിട്ടുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കെ-ടെറ്റ് (കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്) പരീക്ഷ വർഷത്തിൽ മൂന്ന് പ്രാവശ്യമാണ് നടത്തിക്കൊ ണ്ടിരുന്നത്. 2020 ഫെബ്രുവരിക്കുശേഷം കോവിഡ് കാരണം ഒറ്റത്തവണ മാത്രമാണ് ഈ പരീക്ഷ നടത്തിയത്. ഇക്കാരണത്താൽ ഒരുപാട് അദ്ധ്യാപകരുടെ

നിയമനം വൈകുന്ന സ്ഥിതിയാണുള്ളത്. 2020-നുശേഷമുള്ള അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് ബാധകമല്ല എന്ന എക്സംപ്ഷൻ ഗവൺമെന്റ് കൊടുത്തില്ലെങ്കിൽ ഏതാണ്ട് പതിനായിരത്തോളം വരുന്ന അദ്ധ്യാപകർ പ്രതിസന്ധിയിലാകും. അത് പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അക്കാര്യം പരിശോധിക്കാം. ഇക്കാര്യത്തിൽ അങ്ങ് ഒരു കത്ത് നൽകിയാൽ ബന്ധപ്പെട്ടവരുമായി ആലോചിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്. പ്ലസ് വൺ പ്രവേശന അപേക്ഷയെ സംബന്ധിച്ച് ചില അഭിപ്രായങ്ങളുണ്ടായിട്ടുണ്ട്. ഇതുവരെയും പ്ലസ് വൺ-ന് അപേക്ഷ ക്ഷണിച്ചിട്ടില്ല. ആഗസ്റ്റ് 16-ാം തീയതി മുതൽ കുട്ടികൾക്ക് പ്ലസ് വൺ പ്രവേശന അപേക്ഷ കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ക്രമീകരണങ്ങൾ ചെയ്യുമെന്ന കാര്യം നിയമസഭയിൽത്തന്നെ പ്രഖ്യാപിക്കുകയാണ്. കുട്ടികൾ സ്കൂളിൽ വരാത്ത സാഹചര്യത്തിൽ പ്ലസ് വൺ പരീക്ഷ നടത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് പ്ലസ് വൺ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു മോഡൽ പരീക്ഷ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചിട്ടുണ്ടെന്ന കാര്യം സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. തൊഴിൽ വകുപ്പിനെക്കുറിച്ചുകൂടി കുറച്ചു കാര്യങ്ങൾ പറയട്ടെ.

<u>മി. സ്പീക്കർ</u>: അങ്ങ് പറയണമെന്നാണ് പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നും ആവശ്യപ്പെടുന്നത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, പ്രതിപക്ഷാംഗങ്ങളെല്ലാം നമ്മുടെ സ്വന്തം കക്ഷികളല്ലേ. തൊഴിലും നൈപുണ്യവും വകുപ്പ്, കേരളീയ പ്രവാസികാര്യ വകുപ്പ് എന്നിവയെ സംബന്ധിച്ചാണ് സൂചിപ്പിക്കാനുള്ളത്. പ്രധാനമായും ലേബർ കമ്മീഷണറേറ്റ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയ്മെന്റ് ഡിപ്പാർട്ടുമെന്റ്, ഇ.എസ്.ഐ., ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് എന്നീ വകുപ്പുകളും RPL (Rehabilitation Plantations Limited), ഭവന ഫൗണ്ടേഷൻ, KILE (Kerla Insitute of Labour and Employment), KASE (Kerala Academy for Skills Excellence), ODEPC (Overseas Development and Employment Promotion Consultants Ltd.) എന്നീ സ്ഥാപനങ്ങളും പതിനാറ് ക്ഷേമനിധികളുമാണുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്; ഈ കോവിഡ് കാലഘട്ടത്തിലാണെങ്കിലും, തൊഴിൽ വകുപ്പിന്റെ പരിധിയിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ എല്ലാ തൊഴിലാളികൾക്കും ഒന്നാംഘട്ടത്തിൽ ധനസഹായം നൽകുന്നതിനായി 358,38,97,840 രൂപ ചെലവഴിക്കുകയും കോവിഡ് സഹായധനമായി 2,10,32,000 രൂപയോളം വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട്, പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം, അതിഥി

തൊഴിലാളികളുടെ പ്രശ്നം, അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം തുടങ്ങി വിവിധ മേഖലകളിൽ പ്രശ്നങ്ങൾ പരിഹിക്കുന്നതിനായി ഇടപെടൽ നടത്തുന്നുണ്ട്. ഇതുകൂടാതെ ഈ മേഖലയിൽ അസംഘടിത ദിവസവേതന തൊഴിലാളികളുടെ ആശ്വാസ നിധി, 'അപ്നാ ഘർ' പദ്ധതി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികളുടെ പെൻഷൻ, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യത്തെ സംബന്ധിച്ച്, തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്ന 'ഭവനം പദ്ധതി', നഗര തൊഴിലാളികൾക്കുള്ള 'പാർപ്പിട പദ്ധതി', എസ്റ്റേറ്റ് തൊഴിലാളികളുടെ 'ആശ്വാസ നിധി', ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കുള്ള 'ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി', അതിഥി തൊഴിലാളി സംരക്ഷണ പദ്ധതി, 'കർമ്മചാരി' എന്ന പേരിൽ വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം അറിയിക്കുന്ന പദ്ധതി, തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പാക്കി വരുന്നുണ്ട്.

തൊഴിൽ വകുപ്പിന് കീഴിൽ വരുന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്. 37,77,670 പേരാണ് ആകെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 23,85,890 പേർ സ്ത്രീകളും 13,91,780 പേർ പുരുഷന്മാരുമാണ്. ഇതിൽ വനിതകളാണ് കൂടുതലും രജിസ്റ്റർ ചെയ്തിരിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ 633,458 പേരും പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 49,904 പേരും ഭിന്നശേഷി വിഭാഗക്കാർ 97,053 പേരും പ്രൊഫഷണൽ യോഗ്യത നേടിയവർ 1,71,894-ഉം ആണ്. സ്വകാര്യ സ്ഥാപനങ്ങൾ അവർക്കാവശ്യമായ തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ആവശ്യപ്പെട്ടാൽ കൊടുക്കാൻ സാധിക്കുമോയെന്ന കാര്യം വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. കേരളത്തിൽ ആകെയുള്ള 16 ക്ഷേമനിധി ബോർഡുകളിലായി 45,65,060 പേർക്കാണ് അംഗത്വമുള്ളത്. അതിൽ യോഗ്യത ഇല്ലാത്തവരും കടന്നുകൂടിയ സാഹചര്യത്തിൽ അതിനൊരു സ്ക്രൂട്ടിണി അത്യാവശ്യമാണ്. അതുപോലെ വരുമാനമില്ലാത്ത പല ക്ഷേമനിധി ബോർഡുകളിലും ഡെപ്യൂട്ടേഷനിൽ വരുന്ന ജീവനക്കാർക്ക് വലിയ തുക കൊടുക്കേണ്ടി വരുന്ന സാഹചര്യം മുൻനിർത്തി ഡെപ്യൂട്ടേഷൻ വിഷയം ഗൗരവമായി പരിശോധിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് 29 തൊഴിൽ നിയമങ്ങളെ നാല് കോഡുകളാക്കി മാറ്റിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രശ്നങ്ങൾ ബഹുമാനപ്പെട്ട അംഗം പി. നന്ദകുമാർ സൂചിപ്പിച്ചിരുന്നു. സംസ്ഥാന സർക്കാർ അക്കാര്യം പരിശോധിച്ചു കൊണ്ടിരിക്കു കയാണ്. തൊഴിൽ നിയമങ്ങളുടെ കേരള റൂൾസ് രൂപീകരിച്ചുവരുന്ന ഈ വേളയിൽ കേരളത്തിലെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിൽ ആവശ്യമായ മാറ്റങ്ങൾ സംസ്ഥാന റൂൾസിലൂടെ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കു

ന്നതാണ്. അതിഥി തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അവർക്കുവേണ്ടിയുള്ള സൗജന്യ ഇൻഷ്വറൻസ് പദ്ധതിയായ 'ആവാസ്'-ൽ എല്ലാ തൊഴിലാളികളെയും ഉൾപ്പെടുത്തു ന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ ODEPC (Overseas Development and Employment Promotion Consultants Ltd.), KILE (Kerala Institute of Labour and Employment) എന്നിവ ശക്തിപ്പെടുത്തുന്നതി നാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

കേരളീയ പ്രവാസികാര്യ വകുപ്പിന്റെ കീഴിൽ പ്രവാസികളുടെ സുരക്ഷിത കുടിയേറ്റം, ക്ഷേമം, പുനരധിവാസം ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രതിവർഷം ഒന്നര ലക്ഷത്തിനുതാഴെ കുടുംബ വരുമാനമുള്ള തിരിച്ചെത്തിയ പ്രവാസി മലയാളികൾക്കും അവരുടെ ആശ്രിതർക്കും വിവാഹം, മരണാനന്തര ചടങ്ങുകൾ, ചികിത്സ എന്നിവയ്ക്കുള്ള സഹായം നൽകുന്ന 'സാന്ത്വനം പദ്ധതി', മടങ്ങിയെത്തുന്ന പ്രവാസി മലയാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി മൂലധന സബ്സിഡി, പലിശയിളവ് അനുവദിച്ചുകൊണ്ടുള്ള ബാങ്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതി, വിദേശ മലയാളികൾക്കും വിദേശത്തുനിന്നും തിരിച്ചെത്തുന്നവർക്കും നിക്ഷേപ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഏകജാലക സംവിധാനം, 'നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി' തുടങ്ങി നിരവധി പദ്ധതികൾ പ്രവാസി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ട്. അതുപോലെ ശ്രദ്ധിക്കപ്പെടുന്ന മറ്റൊരു പദ്ധതിയാണ് 'ലോക കേരളസഭ'. വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും വിഷയങ്ങളാണ് ഈ ധനാഭ്യർത്ഥനയിലുൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ധനാഭ്യർത്ഥനകൾ പാസ്സാ ക്കിത്തരണമെന്ന് അപേക്ഷിക്കുന്നു

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വളരെ ചുരുക്കം അംഗങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് പരാമർശിച്ചത്; അവ സഗൗരവം ഉൾക്കൊള്ളുകയാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ലോക സാഹചര്യങ്ങൾക്കനുസൃതമായി കാലം ഉയർത്തുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ പാകത്തിൽ സമഗ്രവും സമൂലവുമായ മാറ്റം ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രാപ്തമാക്കി യെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേരളത്തെ ഒരു നവവൈജ്ഞാനിക സമൂഹമാക്കി മാറ്റിയെടുക്കുക എന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട ഉത്തരവാ ദിത്വമാണ് ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കുള്ളത്. നൂതനവും സവിശേഷവും പ്രായോഗി കവുമായ അറിവുകളുടെ ഉൽപ്പാദനത്തിലൂടെ നാടിന്റെ സമ്പദ്ഘടനയുടെ വിപുലീക

രണത്തിന് ഇ-വിജ്ഞാനം ഉപയോഗപ്പെടുത്തി മാറ്റത്തിന്റെ ചാലകശക്തി കളായി മാറാൻ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സജ്ജമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ മേഖലയിൽ പ്രാപ്യതയും തുല്യതയും ഗുണമേന്മയും ഉറപ്പുവരുത്തിക്കൊണ്ട് സർവ്വകലാശാലകളെയും ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളെയും മികവിന്റെ കേന്ദ്രങ്ങളായി വളർത്തിയെടുക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. വിദ്യാഭ്യാസവും നൈപുണ്യവും തൊഴിലും തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ടും വ്യവസായങ്ങളുമായുള്ള സഹകരണ സാധ്യതകൾ ഉറപ്പാക്കിക്കൊണ്ടുമുള്ള പുതിയ ചുവടുവയ്പുകൾ സാധ്യമാകണമെന്നാണ് കരുതുന്നത്. ഉന്നതവിദ്യാഭ്യാസ മേഖല കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഭാവി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ഒരു ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനെ നിയോഗിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതോടൊപ്പംതന്നെ കാലഹരണപ്പെട്ട സർവ്വകലാശാല നിയമങ്ങൾ കാലോചിതമായി മാറ്റിയെഴുതുന്നതിന് സർക്കാരിനെ സഹായിക്കാൻ സർവ്വകലാശാല നിയമ പരിഷ്കരണ കമ്മീഷനെയും നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സ്റ്റാറ്റ്യൂട്ടുകളും ആക്ടുകളുമെല്ലാം പരിശോധിച്ചുകൊണ്ട് കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്താനാണുദ്ദേശിക്കുന്നത്. പരീക്ഷാ രീതികളിലും നിയമങ്ങളിലും കാലോചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന് പരീക്ഷാ പരിഷ്കരണ കമ്മീഷനും രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്. ഈ മൂന്ന് കമ്മീഷനുകളും രൂപീകരിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റത്തിന് തുടക്കംകുറിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രാപ്യതയും ഗുണമേന്മയും വർദ്ധിപ്പിക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. കോഴ്സുകളും സീറ്റുകളും വർദ്ധിപ്പിച്ച് കൂടുതൽ പേർക്ക് ഉന്നതവിദ്യാഭ്യാസ രംഗത്ത് അവസരം നൽകുകയെന്നുള്ളത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഗ്രോസ് എൻറോൾമെന്റ് അഞ്ച് വർഷംകൊണ്ട് 75 ശതമാനമായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ബിരുദ കോഴ്സുകൾക്ക് 55 ശതമാനം വരെയും ബിരുദാനന്തര കോഴ്സുകൾക്ക് 50 ശതമാനം വരെയും സീറ്റുകൾ വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം നവീന രീതിയിലുള്ള കോഴ്സുകൾക്ക് അനുമതി നൽകിയിരുന്നു. ഈ വർഷവും അത്തരത്തിൽ അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ പോളിടെക്നിക് കോളേജുകൾ, IHRD (Institute of Human Resources Development) എന്നിവിടങ്ങളിൽ പുതിയ ബാച്ചുകൾ അനുവദിച്ചു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരീക്ഷയും ഫലപ്രഖ്യാപനവുമെല്ലാം വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയുണ്ടായി. എങ്കിൽപ്പോലും വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് സമയബന്ധിതമായി പരീക്ഷകൾ പൂർത്തിയാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ എല്ലാ സർവ്വകലാശാലകളും നല്ല

രീതിയിൽ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല മുഴവൻ ബിരുദ കോഴ്സുകളുടെയും ഫലം പ്രഖ്യാപിച്ചു. KTU (Kerala Technological University) അവസാന വർഷ പരീക്ഷാഫലം പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. എല്ലാ സർവ്വകലാശാലകളിലും അഡ്മിഷൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഡിജിറ്റൽ വിദ്യാഭ്യാസം ഊർജ്ജിതപ്പെടുത്തുന്നതിനും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും Let's Go Digital എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലും കോളേജുകളിലും moodle അടിസ്ഥാനമാക്കിയുള്ള ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും സാങ്കേതികവിദ്യാരംഗത്ത് പരിശീലിപ്പിക്കുന്നതിനും ഉപകരണ ലഭ്യതയില്ലാത്ത വിദ്യാർത്ഥികൾക്ക് അത് ലഭ്യമാക്കുന്നതിനും Bridge the Divide എന്ന പേരിൽ പദ്ധതി ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. Let's Go Digital എന്ന പദ്ധതിയുടെ ഭാഗമായി രണ്ടായിരത്തിലധികം അദ്ധ്യാപകരെ ഇതിനകം പരിശീലിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും ഡിജിറ്റൽ സർവ്വകലാശാലയുടെയും ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മുഴവൻ സാങ്കേതിക സ്ഥാപനങ്ങളുടെയും വിവിധ സർവ്വകലാശാലകളുടെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മിറ്റിയാണ് ഇതിന് നേതൃത്വം നൽകിവരുന്നത്. മികവിന്റെ കേന്ദ്രങ്ങളായി സ്വയംഭരണാവകാശമുള്ള interdisciplinary studies-നുള്ള 30 അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഏതാനും കേന്ദ്രങ്ങളെ തെരഞ്ഞെടുത്തു കൊണ്ട് മികവിന്റെ കേന്ദ്രങ്ങൾ എന്ന രീതിയിൽ പരിഗണിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കൊച്ചി സർവ്വകലാശാലയിൽ Inter University Centre for Intellectual Property Rights Studies, International Commercial and Environmental law, Inter-University Centre for Space Sciences; മഹാത്മാഗാന്ധി സർവ്വകലാശാലയിൽ Institute of multidisciplinary programme in Social Sciences, Institute of Intensive Research in Basic Sciences; കേരള സർവ്വകലാശാലയിൽ Inter-University Centre for Renewable energy, കണ്ണൂർ സർവ്വകലാശാലയിൽ Inter-University Centre for Biodiversity Studies, കാലിക്കറ്റ് സർവ്വകലാശാലയിൽ Centre for Malabar Studies എന്നിവയെയാണ് ഈ വർഷം മികവിന്റെ കേന്ദ്രങ്ങൾ എന്ന രീതിയിൽ തെരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒരു ലക്ഷം രൂപ മൂല്യമുള്ള 500 നവകേരള post doctoral fellowship-കൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പേരിൽ സൂചിപ്പിക്കുന്നതുപോലെ നവകേരള സൃഷ്ടിയുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക മേഖലയിലും ചരിത്രത്തിലും സമ്പദ്ഘടനയുടെ വികാസവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഗവേഷണം

പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. Post-doctoral fellowship-ന് മാസത്തിൽ ഒരു ലക്ഷം രൂപവരെ അനുവദിച്ചുനൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളിലും ഏകീകൃത അഡ്മിഷൻ സംവിധാനം നടപ്പാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഒരു ആപ്ലിക്കേഷൻ കൊടുത്താൽ വിദ്യാർത്ഥിക്ക് ഒരു കോഡ് നമ്പർ ലഭ്യമാകുകയും ആ നമ്പർ പ്രകാരം ഏത് സർവ്വകലാശാലയിലും ഏത് കോഴ്സിനും അർഹതയനുസരിച്ച് അഡ്മിഷൻ ലഭിക്കുന്നതിനും പരീക്ഷയെഴുതുന്നതിനും മാർക്ക് ലിസ്റ്റുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ digi-locker സംവിധാനത്തിൽനിന്ന് സ്വയം ഡൗൺലോഡ് ചെയ്യുന്നതിനും കഴിയുന്ന യൂണികോഡ് സംവിധാനം ഏർപ്പാട് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അന്യരാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്ക് സർട്ടിഫിക്കറ്റുകൾ വെരിഫൈ ചെയ്യുന്നതടക്കമുള്ള സൗകര്യങ്ങൾ ഇതിലൂടെ സാധിക്കുന്നതാണ്. ലോക റാങ്കിംഗിൽ എത്തുന്നതിന് സർവ്വകലാശാലകളെയും കോളേജുകളെയും പ്രേരിപ്പിക്കാനും അതിനുവേണ്ടി പ്രവർത്തിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കുന്നതാണ്. Academic ranking of World Universities or Shanghai ranking, Times Higher Education പോലെയുള്ള ലോക റാങ്കിംഗ് ഏജൻസികളുടെ റാങ്കിംഗ് മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സർവ്വകലാ ശാലകളെ പ്രേരിപ്പിക്കുകയും ഈ സ്ഥാപനങ്ങളെ അതിന് പ്രാപ്തമാക്കുകയും ചെയ്യും. നിലവിൽ സർവ്വകലാശാലകൾ National Institutional Ranking Framework (NIRF)-ഉം NAAC accreditation-ഉം വഴി ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്. NIRF റാങ്കിംഗിൽ കേരള സർവ്വകലാശാലയ്ക്ക് 23-ാം സ്ഥാനവും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 30-ാം സ്ഥാനവും കൊച്ചി സർവ്വകലാശാലയ്ക്ക് 62-ാം സ്ഥാനവും ലഭിച്ചിട്ടുണ്ട്. നാല് സർക്കാർ കോളേജുകൾക്കും 16 എയ്ഡഡ് കോളേജുകൾക്കും NIRF റാങ്കിംഗ് ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് ദേശീയ തലത്തിൽ 23-ാം സ്ഥാനമുണ്ട്. കേരള, മഹാത്മാഗാന്ധി, ശ്രീശങ്കരാചാര്യ, കൊച്ചിൻ എന്നീ സർവ്വകലാശാലകൾക്ക് NAAC എ ഗ്രേഡും കണ്ണൂർ സർവ്വകലാ ശാലയ്ക്ക് ബി ഗ്രേഡും ലഭിച്ചിട്ടുണ്ട്. 40 സർക്കാർ കോളേജുകളും 127 എയ്ഡഡ് കോളേജുകളും ഇതുവരെ NAAC അക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 80 കോളേജുകൾ എ ഗ്രേഡും 10 കോളേജുകൾ എ-പ്ലസ് ഗ്രേഡും കരസ്ഥമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്ക് കോളേജുകൾക്കും National Board of Accreditation (NBA) നേടാനാവശ്യമായ പ്രവർത്തനങ്ങൾ പുരോഗമി ക്കുന്നു. നിലവിൽ 8 എഞ്ചിനീയറിംഗ് കോളേജുകളിലും നെടുപുഴ സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജിലും NBA അക്രഡിറ്റേഷൻ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി എഞ്ചിനീയറിംഗ് കോളേജിൽ NBA അക്രഡിറ്റേഷൻ നടപടികൾ

പുരോഗമിക്കുന്നു. നാല് പോളിടെക്നിക്ക് കോളേജുകളിൽ അക്രഡിറ്റേഷൻ നടപടികൾ അവസാനഘട്ടത്തിലാണ്. ഗുണമേന്മയിൽ ഏറ്റവും പ്രധാനം അദ്ധ്യാപനവും അദ്ധ്യയനവുമാണ്. അദ്ധ്യാപന രംഗത്ത് നിരന്തരം പഠന ഗവേഷണം നടത്തി പുത്തൻ അറിവുകൾ ഉത്പാദിപ്പിക്കുന്നതിനും പുതിയ ബോധന സമ്പ്രദായങ്ങൾ ഉപയോഗിക്കുന്നതിനും അദ്ധ്യാപകരുടെ കപ്പാസിറ്റി ബിൽഡിംഗിന് ആവശ്യമായ തരത്തിൽ induction courses, orientation courses, refresher courses എന്നിവ സമയബന്ധിതമായി നടത്തുന്നതിനുമായി ഒരു കേന്ദ്രീകൃത സംവിധാനമായ Human resource development centre സർക്കാർ തലത്തിലുണ്ടാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ അത് സർവ്വകലാശാലകളാണ് ചെയ്തുപോരുന്നത്. ഗവേഷണങ്ങൾ തുടർ ഗവേഷണങ്ങളിലേയ്ക്ക് നയിക്കുന്നുണ്ടോ എന്നതാണ് ഗവേഷണത്തെപ്പറ്റിയുള്ള പ്രധാന മാനദണ്ഡം. Scopus പോലെയുള്ള citation index-ആണ് ഇതിന് പ്രധാനമായും ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർവ്വകലാശാലകളെയും മറ്റ് ഗവേഷണ കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമൊക്കെയായി Research Enhancement Council എന്ന സ്ഥാപനം പരിഗണനയിലുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളുടെ നൈപുണ്യ വികസനം ഒരു പ്രധാന കടമ്പയാണ്. യുവാക്കളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിന് Additional Skill Acquisition Programme (ASAP), LBS തുടങ്ങിയവയുടെ സഹായത്തോടുകൂടി പദ്ധതി നടപ്പിലാക്കുന്നത് പരിഗണിച്ചുവരികയാണ്. ASAP മുഖാന്തരം വിദ്യാർത്ഥികൾക്ക് തൊഴിൽക്ഷമത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി നൈപുണ്യ പദ്ധതികൾ ഇപ്പോൾത്തന്നെ നടപ്പിലാക്കിവരുന്നു. 111 Advanced Skill Development Centres (ASDC), 41 Industry on Campus, 5 Community Colleges, 16 Industrial Clusters അങ്ങനെ ഒട്ടേറെ നൈപുണ്യ വികസന കോഴ്സുകൾ ഈ കാലയളവിൽ ഏറ്റെടുത്തിട്ടുണ്ട്. 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ASAP-ന്റെ കീഴിൽ സജ്ജമായിരിക്കുകയാണ്. കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ നൂറ്റിനാൽപ്പതോളം പേർക്ക് പ്ലേയ്സ്മെന്റ് നൽകി തൊഴിലിലേയ്ക്ക് കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ASAP-ന്റെയും Amazon Web Services Academy-യുടേയും സംയുക്താഭിമുഖ്യത്തിൽ നൂതന വിവര സാങ്കേതിക രംഗത്തുനിന്ന് Artificial Intelligence and Machine Learning, Cloud computing, Cyber Security Operations, Center Analyst, Full Stack Developer അങ്ങനെ നിരവധി നവതലമുറ കോഴ്സുകളിലേയ്ക്ക് കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. ബാങ്കിംഗ് രംഗത്തും ഡാറ്റാ മാനേജ്മെന്റ് രംഗത്തും വിവിധ കോഴ്സുകൾ ASAP നടത്തിവരുന്നുണ്ട്. IT,

health care, food processing, media, linguistics, banking, logistics അങ്ങനെ മികച്ച തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്യുന്ന അൻപത്തിയഞ്ചോളം നൈപുണ്യ വികസന കോഴ്സുകൾ ASAP നടത്തിവരുന്നുണ്ട്. കിഫ്ബിയുടെ ഭാഗമായി സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും 48 സർക്കാർ കോളേജുകളുടെ വികസനത്തിനുമായി 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിന് 75 കോടി രൂപയും 5 പൈതൃക കോളേജുകളുടെ വികസനത്തിന് 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 9 സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിന് 50 കോടി രൂപ അനുവദിക്കണം. പുതിയതായി ആരംഭിച്ച 12 ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും കിഫ്ബി പ്രകാരം വകയിരുത്തിയിട്ടുണ്ട്. പുതിയതായി ആരംഭിച്ച കോളേജുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് 100 കോടി രൂപ ലഭ്യമാക്കുന്നുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 9 പോളിടെക്നിക്കുകളുടെ അടിസ്ഥാന വികസനത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കേരള സർവ്വകലാ ശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 43.52 കോടി രൂപയും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 50.28 കോടി രൂപയും കാലിക്കറ്റ് സർവ്വകലാ ശാലയ്ക്ക് 77.93 കോടി രൂപയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 40.43 കോടി രൂപയും കിഫ്ബിയുടെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. Cochin University of Science and Technology (CUSAT) അക്കാഡമിക്ക് ആൻഡ് റിസർച്ചിലെ മികവിനുള്ള അന്താരാഷ്ട്ര കേന്ദ്രമായി വികസിപ്പിക്കുന്നതിന് 91.6 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയിൽ സിവിൽ സർവ്വീസ് അക്കാഡമിയുടെയും ഉപകേന്ദ്രങ്ങളുടെയും, Institute of Fashion Technology, Institute of Career Studies and Research, Ponnani എന്നിവയുടെയും വികസന കാര്യങ്ങൾക്ക് പണം ആവശ്യമുണ്ട്. Rashtriya Uchchatar Shiksha Abhiyan പദ്ധതി ഇനത്തിൽ കേന്ദ്ര വിഹിതമായ 156 കോടി രൂപയുൾപ്പെടെ 260 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ മൂന്നാർ സർക്കാർ കോളേജ് കെട്ടിടം രണ്ടുകോടി രൂപ മുടക്കി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ 11 സർവ്വകലാശാലകളെയും 147 ലൈബ്രറികളെയും സംയോജിപ്പിച്ചുകൊണ്ട് കേരള അക്കാഡമിക് ലൈബ്രറി നെറ്റ്‌വർക്ക് ' KALNET' എന്ന പേരിൽ ഒരു ഓൺലൈൻ ലൈബ്രറി സംവിധാ നത്തിലൂടെ കേരളത്തിലെവിടെയുമുള്ള വിദ്യാർത്ഥികൾക്ക് അവരുടെ സ്ഥലത്തു നിന്ന് ഏത് സർവ്വകലാശാലയിലെയും catalogue പരിശോധിക്കുന്നതിനും പുസ്തകത്തിന്റെ ലഭ്യത അറിയുന്നതിനും സൗകര്യമൊരുക്കുന്നുണ്ട്. അഫിലിയേറ്റഡ്

കോളേജുകളെക്കൂടി ഈ ഡിജിറ്റലൈസ്ഡ് ലൈബ്രറി ശൃംഖലയിലേക്ക് കൊണ്ടുവരാനാണ് ലക്ഷ്യം വയ്ക്കുന്നത്. കേന്ദ്രസർക്കാർ നടപ്പിലാക്കി വന്നിരുന്ന INFLIBNET (Information and Library Network) സംവിധാനം നിർത്തലാക്കിയതോടുകൂടി ഗവേഷണ പേപ്പറുകൾ പ്രസിദ്ധീകരിക്കുന്ന ജേർണലുകളുടെ ലഭ്യത ഇല്ലാതായിരിക്കുകയാണ്. അത് കണക്കിലെടുത്ത് ഇ-ജേർണൽ കൺസോർഷ്യം ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച് അതിലൂടെ ഇ-ജേർണലുകൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർവഴി 1650 അദ്ധ്യാപകരെ, അദ്ധ്യാപന പ്രക്രിയയിലും ഐ.സി.ടി. (Information & Communication Technology) ഉപയോഗത്തിലും പരിശീലിപ്പിക്കുകയുണ്ടായി. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയടക്കമുള്ള പ്രവേശന പരീക്ഷകൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നന്നായി നടത്തുകയുണ്ടായി. എല്ലാ കോളേജുകളിലും സർവ്വകലാശാലകളിലും ഇന്റേണൽ കംപ്ലെയിന്റ് കമ്മിറ്റികളും ജെൻഡർ ജസ്റ്റിസ് ഫോറങ്ങളും ഭിന്നശേഷി സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിനുള്ള നടപടികളും ഉറപ്പാക്കണമെന്ന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും ഉപയോഗിക്കാവുന്ന യൂറേക്ക ലാബുകൾ, വിദ്യാർത്ഥികളുടെ പഠനത്തിന് അധിക സഹായം നൽകുന്ന സ്കോളർ മെന്റർ പ്രോഗ്രാമുകൾ, വിദ്യാർത്ഥികളുടെ മാനസികാരോഗ്യ കാര്യങ്ങളിൽ സഹായിക്കുന്ന ജീവനി പദ്ധതി, ഭിന്നശേഷി സൗഹൃദ ക്യാമ്പസ്, ബാരിയർ ഫ്രീ ക്യാമ്പസ് പദ്ധതി, എല്ലാ സർക്കാർ കോളേജുകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകളുൾപ്പെടെ 151.11 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ് മുഖേന ഏറ്റെടുക്കുകയാണ്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല 20 ബിരുദ കോഴ്സുകളുടെയും 9 ബിരുദാനന്തര കോഴ്സുകളുടെയും സിലബസും കോഴ്സ് മെറ്റീരിയലും തയ്യാറാക്കിക്കഴിഞ്ഞിരിക്കുകയാണ്. പടിഞ്ഞാറെകൊല്ലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഇതിന്റെ അക്കാഡമിക് ബ്ലോക്കായി ഉപയോഗയോഗ്യമാക്കുന്നതിന് 75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവൃത്തികളാണ് നടന്നുവരുന്നത്. സോഫ്റ്റ്‌വെയർ സൊല്യൂഷൻ വാങ്ങുന്നതിന് 50 ലക്ഷം രൂപ, ലൈബ്രറിക്ക് 10 ലക്ഷം രൂപ, അക്കാഡമിക് ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് 20 ലക്ഷം രൂപയുൾപ്പെടെ മൊത്തം 3 കോടി രൂപയുടെ പ്രവൃത്തികൾ ആവശ്യമാണ്. തിരുവനന്തപുരം ലോ കോളേജിലുൾപ്പെടെ എല്ലാ ലോ കോളേജുകളിലും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പണം ഇതിലൂടെ ലഭ്യമാക്കേണ്ടതുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സ്ഥലം

ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നുവരികയാണ്. മഹാത്മാഗാന്ധി സർവ്വകലാ ശാലയ്ക്ക് അനുവദിച്ച 27 കോടി രൂപയിൽ, ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി നിയമസർവ്വകലാശാലയായ NUALS-ന് 8 കോടി രൂപയും കോഴിക്കോട് സർവ്വകലാശാലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 5.15 കോടി രൂപയും ആധുനീകരണത്തിന് 5 കോടി രൂപയും കണ്ണൂർ സർവ്വകലാശാല ധർമ്മശാലാ ക്യാമ്പസ്സിലെയും പാലയാട് ക്യാമ്പസ്സിലെയും വനിതാ ഹോസ്റ്റലുകളുൾപ്പെടെ നിരവധി വികസന പ്രവർത്തനങ്ങൾക്ക് 22.50 കോടി രൂപയുമാണ് വകയിരു ത്തിയിരിക്കുന്നത്. അങ്ങനെ എല്ലാ സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നല്ലരൂപത്തിലുള്ള പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതും നടപ്പാക്കിവരുന്നതും. സ്വകാര്യമേഖലയുടെ പങ്കാളി ത്തത്തോടെ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലും ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിലും ആധുനിക സാങ്കേതികവിദ്യയിൽ പരിശീലന പരിപാടികൾ നടന്നുവരികയാണ്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരി ച്ചവർക്ക് സംരംഭകത്വത്തിൽ നൈപുണ്യം നേടുന്നതിന് ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ടു കൊണ്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും എച്ച്.ആർ.ഡി. സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനായി ഷീ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ ആർട്സ് ആൻഡ് സയൻസസിന് ഓട്ടോണമി നൽകുകയുണ്ടായി. നടപ്പുസാമ്പത്തിക വർഷം പ്രിവ്യൂ തിയേറ്ററുകൾ, ഡി.ഐ. റൂം, മ്യൂസിക് സ്റ്റുഡിയോ, സൗണ്ട് എഞ്ചിനീയറിംഗ് സങ്കേതങ്ങൾ, Atmos mixing studio എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

വയനാട് ജില്ലയിലെ കാരാപ്പുഴ അണക്കെട്ടിനോട് ചേർന്ന് ഒരേക്കർ സ്ഥലത്ത് അക്ഷരോദ്യാനം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരപ്രദേശങ്ങളിലെ കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിന് 70 ലൈബ്രറികളിൽ അത്യാധുനിക സൗകര്യത്തോടെ പഠനമുറികൾ ഫിഷറീസ് വകുപ്പുമായി സഹകരിച്ച് ഒരുക്കാനു ദ്ദേശിക്കുന്നു. കേരള ചരിത്ര ഗവേഷണ കൗൺസിൽ Digitizing Kerala's Past പ്രോജക്ടുകളിൽ ഉൾപ്പെടുത്തിക്കൊണ്ട്, The Visuality of City Scaper, Public History, trace of thinking contemporary Kerala എന്നീ പ്രോജക്ടുകളും നെതർലാൻഡിന്റെ ലെയ്ഡൻ സർവ്വകലാശാലയുമായി ചേർന്ന് early modern dutch scripts പഠനത്തിനായി കോസ്മോസ് മലബാറിക്കസ് എന്ന പദ്ധതിയും

നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, സയൻസ് സിറ്റി എന്നത് ബൃഹത്തായൊരു പദ്ധതിയാണ്. പൂർത്തീകരിക്കുമ്പോൾ ദക്ഷിണേന്ത്യയിലെ ആദ്യത്തെയും ഭാരതത്തിലെ നാലാമത്തെയും സയൻസ് സിറ്റിയായി അത് മാറും. Centre for Excellence in Disability Studies ഭിന്നശേഷി വിഭാഗത്തിനാവശ്യമായ അദ്ധ്യയന സംവിധാനത്തെക്കുറിച്ച് വിദഗ്ദ്ധ പഠനം ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനത്തിൽനിന്നും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഡി-സ്കിൽ കോഴ്സുകൾ പ്രദാനം ചെയ്തുവരികയാണ്. അത്തരത്തിൽ സമസ്തതല സ്പർശിയായ വിധത്തിൽ തന്നെയാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കാലാനുസൃതമായ പരിഷ്കാരങ്ങളിലൂടെ അത് കൂടുതൽ മെച്ചപ്പെടുത്തിയെടുക്കാനുള്ള പ്രവർത്തനങ്ങളി ലേയ്ക്കാണ് പോകാനുദ്ദേശിക്കുന്നത്. ഇക്കാര്യങ്ങൾക്കായി പ്രസ്തുത ധനാഭ്യർത്ഥന അനുവദിക്കണമെന്ന് അപേക്ഷിക്കുകയാണ്.

സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി സൂചിപ്പിക്കുകയാണ്. ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാൻ ബാരിയർ ഫ്രീ കേരള എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ ഭിന്നശേഷി വിഭാഗക്കാർ, ട്രാൻസ്ജെൻഡറുകൾ, വയോജനങ്ങൾ എന്നിവരുടെ കാര്യങ്ങൾ സഭ ചർച്ച ചെയ്യാതെ പോകരുത്. ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിനുവേണ്ടി വളരെ സ്വതന്ത്രമായി, സ്വയംപര്യാപ്ത നിലയിൽ ഭിന്നശേഷി വിഭാഗക്കാർക്ക് മൂവ് ചെയ്യാൻ സാധിക്കുന്ന ഒരു സൊസൈറ്റി സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച സഹജീവനം ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും സ്ഥാപിച്ചുകൊണ്ട് മൂന്ന് വോളണ്ടിയർമാരുടെ സേവനം ലഭ്യമാക്കുകയും വാതിൽപ്പടിയിൽ ഭിന്നശേഷി വിഭാഗങ്ങൾക്കുവേണ്ട ആനുകൂല്യങ്ങളും മറ്റ് സേവന സാഹചര്യങ്ങളും ഉറപ്പുനൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഭിന്നശേഷിക്കാർക്കുള്ള ആർ.പി.ഡബ്ല്യൂ.ഡി. ആക്ട് (റൈറ്റ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട്), 2016 നടപ്പാക്കൽ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ പൊതുമേഖലാ, സ്വകാര്യമേഖല എന്നിവിടങ്ങളിൽ 4 ശതമാനം സംവരണം ഉറപ്പാക്കുക, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ ബാധിച്ച ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പാക്കുക, നാഷണൽ ട്രസ്റ്റ് ആക്ട് 1999-ന്റെ പരിധിയിൽവരുന്ന ഭിന്നശേഷിക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 'നിരാമയ' നടപ്പിലാക്കുക, കേരള സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ രജിസ്ട്രേഷൻ റൂൾ നടപ്പിലാക്കൽ, പുതിയ

പദ്ധതികളായ 'ശ്രേഷ്ഠം' പദ്ധതി, ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങൾ അംഗീകരിക്കുന്ന 'വിജയാമൃതം' പദ്ധതി, 'സഹചാരി' പദ്ധതി - ഗ്രൂപ്പുകളുടെ സഹായത്തോടെ ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ, 'പരിരക്ഷ' - ഭിന്നശേഷിക്കാർക്ക് അടിയന്തര സഹായത്തിനുള്ള പദ്ധതി, 'വിദ്യാകിരണം പ്രോജക്ട്-ഭിന്നശേഷിക്കാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്, 'വിദ്യാജ്യോതി പ്രോജക്ട്- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള യൂണിഫോമിനും പഠനോപ കരണങ്ങൾക്കുമുള്ള ധനസഹായം, 'സ്വാശ്രയ' പദ്ധതി-അംഗപരിമിതരായ കുട്ടികളുടെ രക്ഷകർത്താക്കൾക്കുള്ള സ്വയം തൊഴിൽ പദ്ധതി, 'മാതൃജ്യോതി' - അന്ധത ബാധിച്ച/കാഴ്ചപരിമിതരായ കുട്ടികളുടെ അമ്മമാർക്ക് ധനസഹായം, ഭിന്നശേഷി ക്കാർക്ക് വിദൂരവിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം, ഭിന്നശേഷിക്കാരായ സ്ത്രീകൾക്കും അവരുടെ മക്കൾക്കും വിവാഹ ധനസഹായമായി 'പരിണയം' തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ നിംഹാൻസിന്റെ സഹായത്തോടെ ഭിന്നശേഷിക്കാരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി 'ഡേകെയർ' പദ്ധതി, സംസ്ഥാനത്തെ മൂന്ന് ജില്ലകളിൽ കാലിക്കറ്റ് സർവ്വകലാ ശാലയുടെ സഹായത്തോടുകൂടി സി.ഡി.എം.ആർ.പി. (Community Disability Management and Rehabilitation Project)-യുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ, NISH (National Institute of Speech and Hearing)-ന്റെ സാങ്കേതിക സഹായത്തോടുകൂടി നടപ്പാക്കുന്ന നിഷ് ഓൺലൈൻ ഡിസെബിലിറ്റി അവെയർനസ് പരിപാടികൾ, ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന്; അവരെ തൊഴിലിലേയ്ക്ക് കൊണ്ടുപോകുന്നതിന് സഹായകരമായ സ്കിൽ നൽകുന്ന പദ്ധതികൾ തുടങ്ങിയവയെല്ലാം നടപ്പാക്കേണ്ടതുണ്ട്.

[4.00 P.M.]

വയോജന ക്ഷേമം ഉറപ്പാക്കുന്നതിന് വയോജന നയത്തിനനുസൃതമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് കോവിഡിന്റെ പശ്ചാത്ത ലത്തിൽ പോഷകാഹാര കിറ്റ് നൽകുന്ന 'വയോപോഷണം' പദ്ധതി, ഗ്ലൂക്കോമീറ്റർ നൽകുന്ന 'വയോമധുരം' പദ്ധതി, കൃത്രിമ ദന്തനിര വച്ചുപിടിപ്പിക്കുന്ന 'മന്ദഹാസം' പദ്ധതി, വയോക്ഷേമ കോൾ സെന്ററുകളുടെ പ്രവർത്തനം, ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ട്രാൻസ്ജെൻഡർ പോളിസി അടിസ്ഥാനത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ, 'സ്കോളർഷിപ്പ്' പദ്ധതി, തൊഴിൽ പരിശീലനം, തൊഴിലിനുള്ള ധനസഹായം, വനിതാ വികസന കോർപ്പറേഷനുമായി സഹകരിച്ച് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ, ട്രാൻസ്ജെൻഡർ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന

'സഫലം' പദ്ധതി, അവരുടെ വിവാഹത്തിനായുള്ള ധനസഹായം, തുടർവിദ്യാഭ്യാസത്തിനുള്ള സമന്വയ പദ്ധതി, ഡ്രൈവിംഗ് പരിശീലന പദ്ധതി, തയ്യൽ മെഷീൻ നൽകുന്ന പദ്ധതി, ബ്യൂട്ടീഷ്യൻ കോഴ്സ് ഇത്യാദി പദ്ധതികൾ അവർക്കായി നടപ്പാക്കി വരുന്നു. Short-term care home-കൾ അവർക്കായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ആരംഭിക്കുന്ന കാര്യവും സാമൂഹികാധിഷ്ഠിത പുനരധിവാസ പദ്ധതികൾ അവർക്കായി നടപ്പാക്കുന്ന കാര്യവും ആലോചിച്ചുവരുന്നു. അവരുടെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും സർക്കാർ ആശുപത്രി കേന്ദ്രീകരിച്ച് അതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

പരോളിലുള്ള കുറ്റവാളികൾ, കുറ്റാരോപിതർ, തടവുകാരുടെ മക്കൾ എന്നിവർക്കെല്ലാം സംരക്ഷണം നൽകുന്നതിനും സാമൂഹിക നീതിവകുപ്പിന് ഉത്തരവാദിത്വമുണ്ട്. അവർക്കുവേണ്ടി നിരവധി സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കേരള സാമൂഹിക സുരക്ഷാ മിഷന്റെ ഭാഗമായി നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. തീവ്ര ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള 'ആശ്വാസകിരണം' പദ്ധതി, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ്, സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ നിയോഗിക്കാനുള്ള പദ്ധതി, വയോമിത്രം പദ്ധതി, വിശപ്പുനഗരം പദ്ധതി, ശ്രുതിതരംഗം പദ്ധതി, ധാരാളം മാരകരോഗങ്ങൾ ബാധിച്ചവരെയും യാതൊരു വിധത്തിലുള്ള സാമൂഹിക സാമ്പത്തിക സ്ഥിതിയില്ലാത്തവരുമായ നിരവധി ആളുകളെയും സഹായിക്കാൻ കഴിയുന്ന 'വി-കെയർ' പദ്ധതി, സമാശ്വാസം പദ്ധതി തുടങ്ങിയ പദ്ധതികളിലൊക്കെ ധാരാളം അപേക്ഷകളാണ് ബഹുമാനപ്പെട്ട എം.എൽ.എ.-മാരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ, ജീവിതത്തിൽ ഭ്രൂണാവസ്ഥ മുതൽ ജീവിതാന്ത്യം വരെ ഭിന്നശേഷി വിഭാഗത്തോടൊപ്പം നടക്കുന്ന അനുയാത്ര പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി വെർച്വൽ റിയാലിറ്റി വഴി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ കേന്ദ്രത്തിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ലോകത്തെ അറിയാനും അവരുടെ പരിമിതികളെ മറികടക്കാനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്ന നിരവധി സാധ്യതകളാണ് അവിടെ സജ്ജമാക്കുന്നത്. NIPMR (The National Institute of Physical Medicine and Rehabilitation), NISH (National Institute of Speech and Hearing) എന്നീ രണ്ട് സ്ഥാപനങ്ങളെയും ദേശീയ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക ഉറപ്പ് സർക്കാരിന്റെ ഭാഗത്തുനിന്നും നൽകേണ്ടതുണ്ട്. സാമൂഹ്യനീതി മേഖലയിലേയ്ക്ക് ആവശ്യമായ ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 102.34 കോടി രൂപ പ്ലാൻ ഫണ്ടിലും 45.45 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലുമുള്ള ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കലയും എല്ലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളും മനുഷ്യന്റെ ബൗദ്ധികമായ നേട്ടങ്ങളുടെ പാഠശാലയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങളുടെ ജനകീയ സാംസ്കാരിക പ്രവർത്തനം കഴിഞ്ഞ അഞ്ച് വർഷക്കാലം പിണറായി ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയത്. ഏറ്റവും കൂടുതൽ പ്രയാസം അനുഭവിച്ച വിഭാഗമാണ് കേരളത്തിലെ കലാകാരൻമാർ. എന്നാൽ കോവിഡിന്റെ ഈ പ്രതിസന്ധി ഘട്ടത്തിലും അവരെ ചേർത്തുപിടിച്ച് അവർക്ക് എല്ലാ സഹായങ്ങളും പിണറായി ഗവൺമെന്റിന്റെ നേതൃത്വത്തിൽ ചെയ്തുവെന്നത് വളരെ അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2016-21 കാലഘട്ടത്തിൽ 32,000 കലാകാരൻമാർക്ക് 2000 രൂപ വീതം 640 ലക്ഷം രൂപയുടെ സഹായം ഈ ഗവൺമെന്റ് കൊടുത്തു. 30,000 പേർക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 1000 രൂപ വീതം 3 കോടി രൂപ ചെലവഴിച്ചു. കലാകാരൻമാരുടെ പെൻഷൻ 750 രൂപയിൽനിന്ന് 1600 രൂപയാക്കി. ക്ഷേമനിധി പെൻഷൻ 1000 രൂപയിൽനിന്ന് 4000 രൂപയാക്കി വർദ്ധിപ്പിച്ചു. കലാകാരൻമാർക്ക് ആകെ 49.85 ലക്ഷം രൂപയുടെ ചികിത്സാ സഹായവും ക്ഷേമനിധി അംഗങ്ങൾക്ക് 2000 രൂപയും നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരുപാട് സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും 1000 രൂപവീതം 30,000 കലാകാരൻമാർക്ക് നൽകി. 32,000 കലാകാരൻമാർക്ക് 2000 രൂപ വീതം നൽകാനുള്ള നടപടി സ്വീകരിച്ച് ധനകാര്യ വകുപ്പിലേയ്ക്ക് ഫയൽ എത്തിയിട്ടുണ്ട്. അതിനുള്ള അനുവാദം ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ആ നിലയിൽ കലാകാരൻമാരെ ചേർത്തുപിടിച്ച ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ സാംസ്കാരിക മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തത്തിൽ വിലയിരുത്തിക്കൊണ്ടുള്ള സാംസ്കാരിക നയം പ്രത്യേകിച്ച്, ജാതി-മത-വർഗ്ഗീയ തീവ്രവാദബോധം, അന്ധവിശ്വാസം, അനാചാരം ഇവയെല്ലാം ശക്തിപ്പെടുന്ന ഒരു കാലഘട്ടത്തിൽ കേരളീയ സമൂഹത്തെ ഇതിൽനിന്നും മോചിപ്പിക്കാമെന്ന ലക്ഷ്യത്തോടെയുള്ള ശാസ്ത്രബോധത്തിലും യുക്തിബോധത്തിലും അധിഷ്ഠിതമായ മുന്നേറ്റവും മാറ്റവും നടത്താൻ കഴിയുന്ന ഒരു സാംസ്കാരിക നയം കേരളത്തിൽ രൂപപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി മഹാൻമാർ, മൺമറഞ്ഞുപോയ പ്രതിഭാശാലികൾ എന്നിവരുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയങ്ങളുടെ പ്രവർത്തനങ്ങൾ പലതരത്തിലാണ് നടന്നുവരുന്നത്. കാസർഗോഡ്, പാലക്കാട്, കൊല്ലം എന്നിവിടങ്ങളിലെ സമുച്ചയങ്ങളുടെ നിർമ്മാണം വളരെവേഗം പൂർത്തീ

കരിക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത സമുച്ചയങ്ങളുടെ ഓരോ കേന്ദ്രത്തിനും അൻപത് കോടി രൂപ വീതമാണ് ചെലവഴിക്കുന്നത്. മലപ്പുറം ജില്ലയിൽ ഡി.പി.ആർ.-ന് അപ്രൂവൽ ലഭിച്ച് ടെണ്ടർ നടപടിയായിട്ടുണ്ട്. കണ്ണൂരിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലെത്തുകയും ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴയിൽ സ്ഥലം ലഭ്യമാകുകയും ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. തൃശ്ശൂരിൽ സ്ഥലം ലഭ്യമായി ഡി.പി.ആർ. സമർപ്പിച്ചെങ്കിലും എൻ.ഒ.സി. ലഭിച്ചിട്ടില്ല. കോഴിക്കോട് ഇൻഡോറിൽ ഷാർജ കൾച്ചറൽ സെന്റർ സ്ഥാപിക്കുന്ന സ്ഥലത്ത് ഇതുകൂടി നിർവ്വഹിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നുണ്ട്. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ സ്ഥലം ലഭിച്ചിട്ടില്ല. ഇക്കാര്യം അവിടത്തെ ജനപ്രതിനിധികളെ അറിയിച്ചിട്ടുണ്ട്. 14 ജില്ലകളിലും ഏതാണ്ട് 700 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുകവഴി സമൂഹത്തിന് കലയെയും സാംസ്കാരത്തെയും സാഹിത്യത്തെയും വളർത്താൻ കഴിയുന്ന ഏറ്റവും വലിയ കേന്ദ്രങ്ങളായി മാറ്റാൻ സാധിക്കുമെന്ന് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. 'നാട്ടരങ്ങ്' എന്ന പേരിൽ നടപ്പാക്കിവരുന്ന പദ്ധതിയെ വിപുലീകരിക്കുന്ന കാര്യം ആലോചിക്കുകയാണ്. നാടൻ കലാകാരൻമാരുടെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, അവർക്ക് ജീവനോപാധി കണ്ടെത്തുക എന്നിവയാണ് നാട്ടരങ്ങിന്റെ പ്രത്യേകത. ഇപ്പോൾ ചില കേന്ദ്രങ്ങളിൽ ഈ പരിപാടി ആരംഭിച്ചിട്ടുണ്ട്. ചെറിയ സ്റ്റേജുകളിൽ കലാപരിപാടികൾ അവതരി പ്പിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രിയുമായും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായും റവന്യൂ വകുപ്പുമന്ത്രിയുമായും സംസാരിച്ച് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരു കേന്ദ്രം ആരംഭിക്കാനാണ് ആഗ്രഹിക്കുന്നത്. എം.എൽ.എ.-മാരുടെ സഹായത്തോടെ അത്തരം കേന്ദ്രങ്ങൾ ആരംഭിച്ചാൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ നാട്ടരങ്ങ് എന്നപേരിൽ നിരന്തരമായി കലാപരിപാടികൾ അവതരിപ്പിക്കാനും ഇവ ഗ്രാമീണ മേഖലയിലെത്തിക്കാനും ഈ പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. റൂറൽ ആർട്ട് ഹബ്ബിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ട്. ഗ്രാമീണ കലാകാരന്മാർ, പ്രത്യേകിച്ച് കരകൗശല വിദഗ്ദ്ധർ അവരുടെ കഴിവുകളുപയോഗിച്ച് ഒരുപാട് ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും ഇതെല്ലാം വിൽക്കപ്പെടാതെ വളരെയേറെ പ്രതിസന്ധി നേരിടുകയാണ്. ഇപ്പോൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തലത്തിൽ ഇതിന്റെ ഒരു വിപണന കേന്ദ്രം ആരംഭിക്കുകയും വളരെ നല്ല നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

അതിന്റെ വിപണന കേന്ദ്രം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിൽനിന്നും 14 ജില്ലാ കേന്ദ്രങ്ങളിലും ആദ്യഘട്ടത്തിൽ ഈ ഉല്പന്നങ്ങളുടെ വിപണന കേന്ദ്രം റൂറൽ ആർട്ട് ഹബ്ബ് എന്ന നിലയിൽ ആരംഭിക്കത്തക്ക നിലയിൽ സംവിധാനം ഒരുക്കുകയാണ്. തുടർന്ന് കേരളത്തിനുപുറത്തും രാജ്യത്തിനുപുറത്തും ഇത്തരം കേന്ദ്രങ്ങൾ എപ്രകാരം ആരംഭിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. ആറന്മുളയിലെ വാസ്തുശില്പം, റൂറൽ പെയിന്റിംഗ്, ലക്ഷക്കണക്കിന് വിലയുള്ള ചിത്രങ്ങൾ ഇവയൊക്കെ നിർമ്മിച്ചിട്ടും വിൽക്കാൻ കഴിയാതെവരികയാണ്. നമ്മുടെ അക്കാദമികളിൽ ഒരുപാട് പണം മുടക്കിയ ചിത്രങ്ങളും ശില്പങ്ങളും വിൽക്കാൻ സാധിക്കാത്ത നിലയിലാണ്. അതുകൊണ്ട് കലാകാരന്മാരെ സഹായിക്കാൻവേണ്ടിയുള്ള ഒരു സംവിധാനം കുറച്ചുകൂടി പരിഷ്കരിച്ച് വിപുലമാക്കാനാണ് ആലോചിക്കുന്നത്. എല്ലാ മണ്ഡലങ്ങളിലും ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെകൂടി സഹായത്തോടെ ഈ വിപണന കേന്ദ്രങ്ങൾക്ക് പുതിയ തന്ത്രം ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. വിവിധ ജില്ലകളിലായി 20 പൈതൃക ഗ്രാമങ്ങളും കൂടുതൽ വിപുലീകൃതമായി താഴേതലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. കഴിഞ്ഞ പിണറായി ഗവൺമെന്റ് പ്രഖ്യാപിച്ച ഏറ്റവും വലിയൊരു ഡ്രീം പ്രോജക്ടായ കൾച്ചറൽ മ്യൂസിയം പദ്ധതി സ്ഥലത്തിന്റെ പ്രശ്നം കാരണം നടപ്പാക്കാൻ സാധിച്ചില്ല. അതിനായി പത്തുമുപ്പത് ഏക്കർ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. കേരളത്തിന്റെ പുരാതനവും സമ്പന്നവുമായ എല്ലാ സംസ്കാരങ്ങളെയും സംസ്കൃതിയെയും അടയാളപ്പെടുത്തുന്നതിനും അതൊന്നും മൺമറഞ്ഞുപോകാതെ ഭാവിതലമുറയ്ക്കായി ഒരുക്കിവയ്ക്കുന്നതിനുമുള്ള ബൃഹത്തായ പദ്ധതിയാണത്. സ്ഥലലഭ്യത സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു പ്രദേശത്ത് സ്ഥലം ലഭിച്ചാൽ എല്ലാ കലകളെയും പാരമ്പര്യങ്ങളെയും സംസ്കാരങ്ങളെയും ഒന്നിച്ച് കേന്ദ്രീകരിപ്പിക്കുക എന്ന ആശയം സാധ്യമാക്കാൻ കഴിയും. അത് സാധ്യമായാൽ ഭാവിയിൽ ഒരു കൾച്ചറൽ യൂണിവേഴ്സിറ്റിയായി രൂപാന്തരപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അത് നടപ്പാക്കാൻ സാധിച്ചാൽ, കൂടുതൽ പഠനങ്ങളും ഗവേഷണങ്ങളും നടത്താൻ കഴിയുന്ന മേഖലയായി കേരളത്തിന്റെ സാംസ്കാരിക മേഖലയെ മാറ്റാൻ കഴിയുമെന്ന ലക്ഷ്യത്തിലെത്താൻ സാധിക്കും.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മറ്റ് പല സംസ്ഥാനങ്ങളും സിനിമാ തിയേറ്ററുകൾ തുറന്നു. ഇവിടെ അവ എന്നാണ് തുറക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ അതിന് മറുപടി നൽകാം. ആയിരം യുവ കലാകാരന്മാരെ വിന്യസിപ്പിച്ചുകൊണ്ട് രണ്ടുവർഷമായി നടത്തിക്കൊണ്ടിരിക്കുന്ന ഏറ്റവും നല്ലൊരു പ്രോജക്ടാണ് വജ്ര ജൂബിലി ഫെലോഷിപ്പ്. 170

ക്ലസ്റ്ററുകളായി ഇവരെ വിന്യസിച്ച് 45 കലാരൂപങ്ങൾ പരിശീലിപ്പിച്ച് വരുന്ന ഈ പ്രോജക്ടിന്റെ പ്രവർത്തനം കാലികമായി പരിഷ്കരിക്കുന്നതാണ്. ഇപ്പോൾ ഉദ്ദേശിക്കുന്നത് ഒരു പഞ്ചായത്തിലേയ്ക്ക് ഒരു കലാകാരൻ എന്ന നിലയിലാണ്. പഞ്ചായത്ത് വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വകുപ്പ് 5,000 രൂപയും 10,000 രൂപ സാംസ്കാരിക വകുപ്പും കൊടുക്കുന്നുണ്ട്. 15,000 രൂപ കൊടുത്ത് പഞ്ചായത്ത്-നഗരസഭ-കോർപ്പറേഷൻ തലത്തിൽ കലാപ്രവർത്തനം നടത്താൻ കഴിയുന്ന ഒരു ആളിനെ പൂർണ്ണസമയം നിയോഗിച്ചുകൊണ്ട് കേരളത്തിന്റെ കലാമേഖലയിൽ നല്ല ഇടപെടൽ നടത്തുക എന്നതാണ് വജ്രജൂബിലി ഫെലോഷിപ്പ് വഴി ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

ശ്രീ. എച്ച്. സലാം: സർ, കലാകാരന്മാരുടെ ഉപജീവനമാർഗ്ഗം ഏതാനും മാസങ്ങളായി പരിപൂർണ്ണമായി നിലച്ചുപോയ നിലയാണ്. അവരെ എങ്ങനെ സഹായിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, അത് ആദ്യം വിശദീകരിച്ചു. കേരള സംസ്കാര വ്യാപനം; നമ്മുടെ സംസ്കാരമെന്ന് പറഞ്ഞാൽ വളരെ മഹത്തരമാണ്. അതിന്റെ തനിമ രാജ്യത്തിന് പുറത്തും എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്ന ഒരു പരിപാടി ഇപ്പോൾ നടപ്പിലാക്കുകയാണ്. കേരളത്തിന്റെ സിനിമാ മേഖലയിൽ വലിയ തരത്തിലുള്ള പ്രൊഫഷണലിസം നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഒരു വ്യവസായമായി അതിനെ എങ്ങനെ മാറ്റിത്തീർക്കാൻ കഴിയുമെന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. ഗവൺമെന്റ് സഹായത്തോടുകൂടി കിഫ്ബി വഴി ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിക്കാനുള്ള പ്രവർത്തനം ആരംഭിക്കുകയാണ്. ഒരു മികച്ച ഷൂട്ടിംഗ് സെന്ററായി ചിത്രാഞ്ജലി സ്റ്റുഡിയോയെ മാറ്റാനും അവിടെ ഒ.ടി.ടി. പ്ലാറ്റ്ഫോം അടക്കമുള്ള സംവിധാനങ്ങൾ ആരംഭിക്കാനും പോകുകയാണ്. ആവശ്യമായ തിയേറ്ററുകൾ ഇപ്പോൾ നിർമ്മിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. കൊച്ചി ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നിലവാരം ഉയർത്തേണ്ടതായിട്ടുണ്ട്. സിനിമാരംഗം എന്നുപറയുന്നത് കടലുപോലെ കിടക്കുന്ന മേഖലയാണ്. ഒരുപാട് തൊഴിൽ സാധ്യതയുള്ള ഒരു മേഖല എന്ന നിലയിൽ ട്രെയിനിംഗ് കേന്ദ്രം കൊണ്ടുവരികയും അതിന്റെ പരിശീലന പരിപാടികൾ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, രാജ്യത്ത് ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം എന്റർടെയിൻമെന്റ് ടാക്സ് പിരിക്കാറുണ്ടായിരുന്നില്ല. എന്നാൽ സിനിമാ തിയേറ്ററുകളിൽനിന്ന് എന്റർടെയിൻമെന്റ് ടാക്സ് ഇപ്പോഴും പിരിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സിനിമാ സംഘടനയുടെ പ്രതിനിധികൾ സംസാരിക്കുകയും കോവിഡ് നിലനിന്ന സാഹചര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഒരിളവ് കൊടുക്കുകയും ചെയ്തു. എന്നാൽ വീണ്ടും ഈ പ്രതിസന്ധി തുടരുന്നതിനാൽ സിനിമാ തിയേറ്ററുകളിൽനിന്നും എന്റർടെയിൻമെന്റ് ടാക്സ് പിരിക്കുന്നത് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, സിനിമാ തിയേറ്റർ തുറക്കുന്നില്ലല്ലോ? അപ്പോൾ ആ വിഷയം ഇപ്പോഴില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എക്സംപ്ഷൻ കൊടുത്തു. ഇപ്പോൾ കോവിഡ് വന്നതിനുശേഷം അവരുടെ അപേക്ഷകൾ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അവർ കണ്ടിട്ടുമുണ്ട്. അത് ഗവൺമെന്റിന്റെ മുമ്പിലുള്ള ഒരു വിഷയമാണ്. പ്രമുഖ നേതാക്കളെ ആസ്പദമാക്കിയുള്ള ഡോക്യുമെന്ററി കെ.എസ്.എഫ്.ഡി.സി. മുഖേന നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്. സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ, ആർട്ടിസ്റ്റുകൾ തുടങ്ങിയവരുടെ ക്ഷേമം ലക്ഷ്യംവച്ചുകൊണ്ടുള്ള സഹായ പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. ഏറ്റവും വലിയ കഷ്ടമെന്നു പറയുന്നത്, ഈ കലാകാരന്മാർ പലരും പ്രായമായിക്കഴിഞ്ഞാൽ അനാഥരായി മാറുന്നു എന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് അവർക്കൊരു പുനരധിവാസകേന്ദ്രം കേരളത്തിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചുവരുന്നുണ്ട്. ഫിലിം ഫെസ്റ്റിവലിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കും. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ വിഷയമടക്കമുള്ള കാര്യങ്ങൾ സിനിമയുമായി ബന്ധപ്പെട്ട് ആലോചിക്കേണ്ടിവരും. പഴയ സിനിമകളുടെ സംരക്ഷണം, സ്കൂളുകളിൽ പണ്ടത്തെ രീതിയിൽ ഫിലിം ക്ലബ്ബുകൾ ഫലപ്രദമാക്കുന്നതിനെക്കുറിച്ചും കേരള കൾച്ചറൽ കോൺഗ്രസ് സംഘടിപ്പിച്ചുകൊണ്ട് കേരളത്തിന്റെ സാംസ്കാരിക മേഖലയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും മലയാളഭാഷാ പുസ്തകങ്ങൾ ലോകഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ചും അന്താരാഷ്ട്ര ഫോക് ഫെസ്റ്റിവൽ നടത്തുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, കുട്ടികളുടെ കലാകായിക പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സംസ്ഥാനത്തെ ബാലഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ പരിശോധന ഗവൺമെന്റ് നടത്തുന്നുണ്ട്. 5 ജില്ലകളിൽ മാത്രമാണ് ബാലഭവനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുമായും ഈ കാര്യങ്ങൾ ചർച്ച ചെയ്യുകയും നല്ല പിന്തുണ അക്കാര്യത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്. നാട്ടിൽ ജാതിയും മതവും വർഗ്ഗീയതയും തീവ്രവാദവുമെല്ലാം പ്രചരിപ്പിക്കുന്ന ഈ കാലത്ത് കുഞ്ഞുങ്ങൾക്ക് വളരെ പുരോഗമനപരമായി, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പൊരുതാൻ കരുത്തുള്ള

കേന്ദ്രങ്ങളുണ്ടാകണമെന്ന് ഗവൺമെന്റ് ആലോചിക്കുന്നു. അത് ഗവൺമെന്റിന്റെ നയമാണ്. ആദ്യഘട്ടം 14 ജില്ലകളിലും രണ്ടാം ഘട്ടത്തിൽ 140 നിയമസഭാ മണ്ഡലങ്ങളിലും മൂന്നാം ഘട്ടത്തിൽ കേരളത്തിലെ എല്ലാ ത്രിതല പഞ്ചായത്തുകളിലും കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലും ബാലഭവനുകൾ ആരംഭിച്ച് പതിനായിരക്കണക്കിന് കുഞ്ഞുങ്ങളുടെ കഴിവുകൾ ഉയർത്തിക്കൊണ്ടുവരിക എന്ന പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. സ്ത്രീ വിരുദ്ധ നിലപാടുകൾ നാട്ടിൽ നടക്കുന്നുണ്ട്. സ്ത്രീ വിരുദ്ധതയ്ക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഒരു വർഷംവരെ നീണ്ടുനിൽക്കുന്ന ഒരു ക്യാമ്പയിൻ സാംസ്കാരിക വകുപ്പ് ഏറ്റെടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സെപ്തംബർ 4-ന് അത് ഉദ്ഘാടനം ചെയ്യുകയുമാണ്. അതിന് എല്ലാ എം.എൽ.എ.-മാരുടെയും സഹായം വേണം. സാംസ്കാരിക വകുപ്പിന്റെ നാല്പതോളം സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ടാണ് ഈ പ്രവർത്തനം നടത്തുന്നത്. കേരളത്തിലെ സർക്കാർ അംഗീകൃതമായ എല്ലാ യുവജന പ്രസ്ഥാനങ്ങളെയും, സർക്കാരിന്റെ സംവിധാനത്തിൽ വരുന്ന എൻ.സി.സി., നെഹ്റു യുവ കേന്ദ്ര, ക്ലബ്ബുകൾ എന്നിവയടക്കമുള്ള സംവിധാനങ്ങൾ, ഉൾപ്പെടുത്തി വാർഡു തലത്തിൽ ഇതിന്റെ കമ്മിറ്റികൾ രൂപീകരിക്കുന്നതാണ്. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന 'സമം' എന്ന പരിപാടിയിലൂടെ സ്ത്രീ സംരക്ഷണവും സ്ത്രീകൾക്കെതിരായി നടക്കുന്ന ആക്രമണങ്ങളും ചെറുത്ത് സാമൂഹികമായ അവബോധം ജനങ്ങളിലെത്തിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു പദ്ധതിയാണിത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തിലെ പ്രമുഖനായിരുന്നു സഖാവ് ബിജു. അദ്ദേഹം യുവജന ക്ഷേമ ബോർഡിന്റെ ചെയർമാൻ ആയിരിക്കുമ്പോഴാണ് മരണപ്പെട്ടത്. അദ്ദേഹത്തിന്റെ പേരിൽ സ്മാരകം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബിജു യുവജന ക്ഷേമ ബോർഡിന്റെ ചെയർമാനായിരുന്നു. അദ്ദേഹത്തിന്റെ പേരിലൊരു പദ്ധതി ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. അതിലേയ്ക്കായി ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതാണ്; അതിനെത്തുടർന്ന് പദ്ധതി നടപ്പാക്കുന്നതാണ്. അതുപോലെ ഹരിപ്പാട് ദീപുവിന്റെ കാര്യവും പരിഗണിക്കുന്നതാണ്. ഇവിടെ നാടകങ്ങളെപ്പറ്റി പല അംഗങ്ങളും സൂചിപ്പിച്ചിരുന്നു. വളരെ അഭിമാനത്തോടുകൂടി ഒരു കാര്യം പറയുകയാണ്; 25 അമച്വർ നാടകങ്ങൾക്ക് 2 ലക്ഷം രൂപ വീതമുള്ള ധനസഹായവും പ്രൊഫഷണൽ നാടക സംഘങ്ങൾക്ക് 3 കോടി രൂപയുടെ സഹായവും ഈ വർഷം സംഗീത നാടക അക്കാദമി വഴി കൊടുക്കുന്നുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും സ്ഥിരം നാടകവേദി ഒരുക്കുന്നതിന്റെ ആദ്യഭാഗമായി തോപ്പിൽ ഭാസിയുടെ നാമധേയത്തിൽ

കെ.പി.എ.സി.-യുടെ പേരിൽ കായംകുളത്ത് സ്ഥിരം നാടകവേദി ആരംഭിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കാൻ പോകുകയാണ്. സംസ്ഥാനത്ത് 6 അക്കാദമി കളാണുള്ളത്. അതിന്റെ ഭാഗമായി 40 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ സ്ഥാപനങ്ങളെയും മെച്ചപ്പെടുത്താനുള്ള ചർച്ച ആരംഭിച്ചിട്ടുണ്ട്. ഓരോ സ്ഥാപനങ്ങളും ഒരേതരത്തിലുള്ള പ്രവർത്തനങ്ങളിൽനിന്നും മാറി വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യത്തോടുകൂടി ഈ സ്ഥാപനങ്ങളെയെല്ലാം മെച്ചപ്പെടുത്താനുള്ള പ്രൊപ്പോസൽ തയ്യാറാക്കാനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ നല്ലൊരു മാറ്റമുണ്ടാകുന്നതാണ്. അത്തരത്തിലൊരു പദ്ധതിയിലേയ്ക്ക് പോകാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. 1-1-1970-ലെ ഭൂപരിഷ്കരണ നിയമം രാഷ്ട്രപതി ഒപ്പുവച്ചിട്ട് അൻപത് വർഷം കഴിഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക മാറ്റങ്ങളിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കിയ കമ്മ്യൂണിസ്റ്റ് പാർട്ടി ഗവൺമെന്റിന്റെ തീരുമാന മായിരുന്നു അത്. രാഷ്ട്രീയത്തോടൊപ്പം കേരളത്തിന്റെ നവോത്ഥാന മേഖലയിൽ നിന്ന് ഉയർന്നുവന്ന ഒരുപാട് ആശയങ്ങളെ ഉൾക്കൊണ്ട് നടപ്പിലാക്കിയതാണ് മുണ്ടശ്ശേരി മാസ്റ്ററിന്റെ വിദ്യാഭ്യാസ പ്രവർത്തനവും അതിന്റെ പരിഷ്കരണ നടപടികളും. ഒന്നാം ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ കാലത്തെ പ്രവർത്തനത്തെ സംബന്ധിച്ച് പുതിയ തലമുറയ്ക്ക് പഠിക്കാൻ കഴിയുന്നൊരു അവസരം കേരളത്തിലില്ല. ഇതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ഭൂതകാല കേരളത്തിന്റെ സാമൂഹിക ജീവിത സാഹചര്യങ്ങൾ തിരിച്ചറിയാനും വർത്തമാന കാലത്തെ ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ പരിഷ്കരണ നിയമവും വഴിയുണ്ടായ നേട്ടങ്ങൾ വിലയിരുത്താനും കഴിയുന്ന ചരിത്ര പഠനകേന്ദ്രം കേരളത്തിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. ഗവൺമെന്റിന്റെ മുന്നിൽ ഒരുപാട് കാര്യങ്ങൾ വന്നിട്ടുള്ളതിൽ ചിലകാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുമുണ്ട്. ജ്ഞാനപീഠം ജേതാവായ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ പേരിൽ സ്മാരകമുണ്ടാക്കുമെന്ന് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിക്കുകയും അഞ്ച് കോടി രൂപ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി വയ്ക്കുകയും ചെയ്തു. ഇത് ഏറ്റെടുക്കുന്നതിനെക്കുറിച്ചും തൃത്താല മണ്ഡലത്തിൽ അത് സ്ഥാപിക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും വേഗം ഗവൺമെന്റിന്റെ പ്രഖ്യാപനം നടപ്പിലാക്കേണ്ട കാര്യമാണിത്. നാടകാചാര്യൻ തോപ്പിൽ ഭാസിയുടെ കാര്യം ഞാനിവിടെ പറഞ്ഞു. അടിച്ചമർത്തപ്പെട്ട അടിസ്ഥാന ജനവിഭാഗത്തിന്റെ സാമൂഹ്യമാറ്റത്തിനായി സാമൂഹ്യ നവോത്ഥാന സന്ദേശം കഥകളിലൂടെ ഉയർത്തിയ തെക്കൻ കളരി, നാടൻ പാട്ട് അടക്കമുള്ള ഒരുപാട് കലാരൂപങ്ങൾ കേരളത്തിലുണ്ട്. ആ കലാരൂപങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള മ്യൂസിയം കേരളത്തിൽ ആരംഭിക്കുന്ന

തിനെക്കുറിച്ച് ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുന്നു. അൻപതുവർഷം സിനിമാ ജീവിതം പൂർത്തീകരിച്ച ശ്രീ. മമ്മൂട്ടിയെ ആദരിക്കുന്ന പ്രത്യേക പരിപാടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സാംസ്കാരിക സർവ്വകലാശാല രൂപീകരിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം ഗൈഡ്‌ലൈനിൽ പറഞ്ഞിരിക്കുന്നപ്രകാരം പൂർത്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. വിശ്വ സംസ്കാരത്തിന്റെ തറവാടാണ് ഭാരതം. ഇടയ്ക്കിടെ വലിയ പ്രതാപത്തോടും ചിലപ്പോഴൊക്കെ ക്ഷയിച്ചും ആ സാംസ്കാരിക തറവാട് നിലനിൽക്കുന്നു. അത്യുന്നതമായ വിചാരഗതിയും കാര്യശേഷിയും പ്രകടമാക്കുന്ന ആ പ്രതാപത്തെ അപ്പാടെ നശിപ്പിക്കാൻതക്കവണ്ണം വിരുദ്ധ ശക്തികൾ ഇവിടെ പ്രവർത്തിച്ചിട്ടുണ്ട്. സാംസ്കാരിക തറവാടിന്റെ ഏറ്റവും വലിയ പ്രതാപം ഇവിടെ ഉത്ഭവിച്ച അമൂല്യമായ അറിവുകളാണ്. അറിവിന്റെ ഉന്നത ഭാവത്തെയാണ് ജ്ഞാനമെന്ന് വിളിക്കുന്നത്. ജ്ഞാനത്തിൽ എത്തിക്കാനുള്ള പ്രവർത്തനം ഗവൺമെന്റ് ലക്ഷ്യമിടുന്നു. ജാതിവ്യവസ്ഥ സംസ്കാരത്തിന്മേൽ ദുർഭ്രതമായി സ്വാധീനം ഉറപ്പിച്ചിരിക്കുന്നു. ഈ ജ്ഞാനം ഉന്നതകുലജാതരുടെ മാത്രമായി മാറി. നൂറ്റാണ്ടുകൾ താണ്ടിയ ദുരന്ത ഭരിതമായ മനുഷ്യ ജീവിതം സംസ്കാരത്തിന് കളങ്കമായി തീർന്നു. നാം നേടിയ അറിവ് കാലം കാണിക്കുന്ന സത്യത്തെയും അസത്യത്തെയും തിരിച്ചറിഞ്ഞു. നിലനിൽക്കുന്ന അന്ധകാരത്തിൽനിന്ന് ഒരു ജനതയെ ഉയർത്തെഴുന്നേൽപ്പിക്കുന്ന നവോത്ഥാനത്തിന്റെ വഴികളിലൂടെയും ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ വഴികളിലൂടെയും സഞ്ചരിച്ച് കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾ നടത്തിയ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോയ കാഴ്ചപ്പാടുയർത്തിയ പോരാട്ടത്തിന്റെയും സഹനത്തിന്റെയും വഴിയിലൂടെ വളർന്നുവന്ന നാടാണ് കേരളം. ജാതി-മത തീവ്രവാദ ശക്തികൾക്കും അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കു മെതിരെ മലയാള മണ്ണിൽ ഉയർന്നുവന്ന ഭാഷ, സാഹിത്യം, കല എന്നിവയെല്ലാം ഉപയോഗിച്ച് ചരിത്രമാറ്റത്തിന്റെ നാളുകൾക്ക് അഞ്ചുവർഷമായി നടന്നുവരുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയായി അടുത്ത അഞ്ചുവർഷം നടപ്പാക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ ഡിമാന്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യ ബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി ഒളിമ്പിക്സിൽ സ്വർണ്ണം നേടിയവരെ സ്വീകരിക്കാൻ പോയതുകൊണ്ട് അദ്ദേഹത്തിന് വേണ്ടി ഈ ഡിമാന്റ് അംഗീകരി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് ഒരു സ്വർണ്ണം, രണ്ട് വെള്ളി, നാല് വെങ്കലം എന്നിങ്ങനെ ഏഴ് മെഡലുകൾ ലഭിച്ചു. ഒളിമ്പിക്സിൽ രാജ്യത്തിന്റെ

എക്കാലത്തെയും മികച്ച പ്രകടനമാണിത്. അത്‌ലറ്റിക്സിൽ ആദ്യമായി രാജ്യത്തിനായി സ്വർണ്ണം നേടിയ നീരജ് ചോപ്രയുടെ പ്രകടനമാണ് ഏറ്റവും ശ്രദ്ധേയമായത്. അതിന് അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. മീരാഭായി ചാനുവിലൂടെ വെള്ളി മെഡൽ നേടി മികച്ച തുടക്കം കുറിക്കാൻ ഇന്ത്യക്ക് സാധിച്ചു. ഗുസ്തിയിൽ രവി കുമാർ ദഹിയ വെള്ളി മെഡൽ നേടി. നാലുപേർ വെങ്കലം മെഡലുകളും നേടി. ഈ നിലയിൽ കേരളത്തിന്റെയും ഇന്ത്യയുടെയും അഭിമാനമാകാൻ സാധിച്ചു. നിങ്ങളുടെ കാലത്ത് ഓട്ടുപോലും കിട്ടാതിരുന്നിട്ട് ഇവിടെയിരുന്ന് ആക്ഷേപിക്കുകയാണോ? വല്ലതും നേടിക്കൊണ്ട് വന്നതിനെക്കുറിച്ച് പറയൂ. നിങ്ങൾ പത്ത് അൻപത് വർഷം ഭരിച്ചില്ലേ; ഇതൊന്ന് അംഗീകരിക്കൂ.... (....ബഹളം....) രാജ്യത്തിനു വേണ്ടി ഒളിമ്പിക്സിൽ പോയി പോരാടി അവാർഡ് വാങ്ങിക്കൊണ്ട് വന്നവരുടെ പേര് പറയുമ്പോൾ എന്തിനാണിത്ര അസഹിഷ്ണുത? (....ബഹളം....) എനിക്കിത് പറയാൻ അവസരം നൽകണം.

<u>മി. സ്പീക്കർ</u>: അങ്ങ് ചെയറിനെ അഭിസംബോധന ചെയ്യൂ. പരസ്പരം സംസാരിക്കരുത്. അതൊക്കെ സ്പോർട്സ്മാൻ സ്പിരിറ്റിൽ എടുത്താൽമതി. അതിൽ വേറെ ആക്ഷേപമൊന്നുമില്ല.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരള ചരിത്രത്തിൽ ആദ്യമായി ഭരണത്തുടർച്ച ലഭിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ജനങ്ങളുടെ ഉറച്ച പിന്തുണയോടെ സജീവമായി മുന്നോട്ടുപോകുകയാണ്. ഒന്നാം ഊഴത്തിന്റെ ഗുണഫലങ്ങളെ ശക്തിപ്പെടുത്തിയും സമാഹരിച്ചും സൃഷ്ടിച്ച അടിത്തറയിൽ ഒരു നവകേരളം കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തിലേയ്ക്കാണ് ഈ മുന്നേറ്റം. മഹാമാരിയുടെ പ്രതിസന്ധികൾക്കിടയിലും കേരളത്തിന്റെ കരുത്തനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഗവൺമെന്റ് ഊർജ്ജസ്വലമായി പ്രവർത്തിക്കുകയാണ്. നാടിന് നന്മയും ക്ഷേമവും വികസനവും കൈവരിക്കണമെങ്കിൽ പുരോഗമന ജനാധിപത്യ മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സർക്കാർതന്നെ വേണമെന്ന് കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ഒറ്റക്കെട്ടായി തീരുമാനിച്ചു, അതാണ് ഈ തെരഞ്ഞെടുപ്പ് ഫലം. ആ തീരുമാനം പൂർണ്ണമായും ശരിയാണെന്ന് ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടുതന്നെ കേരള ജനത തിരിച്ചറിഞ്ഞുകഴിഞ്ഞു. ജനങ്ങളുടെ വിശ്വാസത്തിന് ഒരു പോറൽ പോലും ഏൽപ്പിക്കാൻ അനുവദിക്കില്ലെന്ന നിർബന്ധ ബുദ്ധിയോടെയാണ് ഗവൺമെന്റ് ഓരോ ഇടപെടലുകളും നടത്തുന്നത്. കോവിഡ് മഹാമാരിയുടെ നടുവിലാണ് നാം. സ്വാഭാവികമായും അതിനെ ചെറുക്കാനും ജനങ്ങളുടെ ജീവൻ സംരക്ഷിക്കാനുമാണ് ഇപ്പോൾ പ്രധാന്യം നൽകുന്നത്. കോവിഡ് പ്രതിരോധത്തിൽ ലോകത്തിന് മാതൃകയാകാൻ നമുക്ക് സാധിച്ചു. കോവിഡ് കാരണം പ്രതിസന്ധി

അനുഭവിക്കുന്ന മുഴുവൻ ജനങ്ങൾക്കും ആശ്വാസമേകാൻ കഴിയുന്ന നടപടി കൈക്കൊള്ളണമെന്നതിന് ഒരു വിട്ടുവീഴ്ചയുമില്ല. ഭക്ഷ്യക്കിറ്റ് വിതരണം പരാതിയില്ലാതെ നടപ്പാക്കിവരുന്നു. ഓണത്തിന് സ്പെഷ്യൽ കിറ്റ് വിതരണം ചെയ്യുകയാണ്. ഓണം പ്രമാണിച്ച് ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരുമിച്ച് വിതരണം ചെയ്യുന്നുണ്ട്. കായിക മേഖലയിൽ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ മുന്നേറ്റമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, കായിക താരങ്ങളുടെ ക്ഷേമം എന്നീ കാര്യങ്ങളിൽ സമാനതകളില്ലാത്ത മുന്നേറ്റമുണ്ടായി. കിഫ്ബിവഴി 1000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുടക്കം കുറിച്ചു. സ്പോർട്സ് ക്വാട്ടപ്രകാരം 580 കായികതാരങ്ങൾക്ക് നിയമനം നൽകി. 2011-15 കാലയളവിൽ ആകെ 110 പേർക്കാണ് നിയമനം നൽകിയത്. കേരള ചരിത്രത്തിലാദ്യമായി ജനാധിപത്യരീതിയിൽ സ്പോർട്സ് കൗൺസിൽ പുനഃസംഘടിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ച പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കുകയും പുതിയകാലത്തിനനുസരിച്ച് പ്രവർത്തനം ആവിഷ്കരിക്കുകയും ചെയ്യുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിന് നല്ല തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1750 കായിക വിദ്യാർത്ഥികൾക്ക് ഭക്ഷ്യകിറ്റ് കൊടുക്കുന്ന പദ്ധതി ആരംഭിച്ചു. അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ 1,300 രൂപയായി വർദ്ധിപ്പിച്ചു. ഒളിമ്പിക്സിൽ യോഗ്യത നേടിയവർക്ക് 5,00,000 രൂപ ഈ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തുകഴിഞ്ഞു. അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബി ഫണ്ടും കായികവകുപ്പിന്റെ തനത് ഫണ്ടും ഉപയോഗിച്ച് ആയിരം കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 58 പ്രവൃത്തികൾ നടപ്പിലാക്കിവരികയാണ്. അതിൽ നാലെണ്ണം പൂർത്തിയായി. എട്ട് പ്രവൃത്തികളുടെ ആദ്യഘട്ടം പൂർത്തിയായി, പതിനെട്ട് പ്രവൃത്തികളുടെ നിർമ്മാണം പുരോഗമിക്കുന്നു, ആറ് പ്രവൃത്തികൾ ടെൻഡർ ഘട്ടത്തിലാണ്. കേരള ചരിത്രത്തിൽ ആദ്യമായാണ് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് ഇത്രയും പണം മുടക്കുന്നത്. ജി. വി. രാജ സ്പോർട്സ് സ്കൂളിന് പത്ത് കോടി രൂപയുടേയും കണ്ണൂർ സ്പോർട്സ് സ്കൂളിനായി ആറ് കോടി രൂപയുടേയും വികസനപ്രവർത്തനങ്ങൾ നടപ്പാക്കി. മൂന്നാർ അന്താരാഷ്ട്ര കായിക സമുച്ചയം സജ്ജമാക്കാൻ പദ്ധതി തയ്യാറായിക്കൊണ്ടിരിക്കുന്നു. എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലുള്ളതുപോലെ കോഴിക്കോട്ടും അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്താനുള്ള നടപടി ആരംഭിച്ചു. ഈ പ്രവൃത്തികൾ സ്പോർട്സ് ലിമിറ്റഡ് കമ്പനി പൂർത്തിയാക്കുമ്പോൾ കായികമേഖലയിലെ അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ രാജ്യത്തെ ഒന്നാംകിട സംസ്ഥാനമായി കേരളം മാറും. ഈ സൗകര്യങ്ങൾ ഫലപ്രദമായി

പ്രയോജനപ്പെടുത്തുന്നതോടൊപ്പം അവയുടെ നല്ലനിലയിലുള്ള പരിപാലനവും പ്രധാനമാണ്. സ്റ്റേഡിയങ്ങളും കളിക്കളങ്ങളും മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കപ്പെടുന്നില്ലെന്ന പരാതി വ്യാപകമാണ്. ഇതിന് പരിഹാരമായി സ്പോർട്സ് കേരള ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം ആരംഭിക്കാൻ പോകുകയാണ്. കായിക ഡയറക്ടറേറ്റിന്റെയും സ്പോർട്സ് കൗൺസിലിന്റെയും പ്രവർത്തനങ്ങൾ പ്രധാനമായും ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'കായിക ഭവനം' നിർമ്മിക്കാനുദ്ദേശിക്കുന്നു. കായിക പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് ഈ സ്ഥാപനങ്ങളുടെ സഹകരണം പ്രധാനമാണ്. അതിനുള്ള നല്ല ഇടപെടലെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിൽ കായിക ഭവൻ നിർമ്മിക്കുകയാണ്. ഇതിന്റെ നിർമ്മാണം രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കി കായിക മേഖലയ്ക്ക് സമർപ്പിക്കുന്നതാണ്. കായിക ഡയറക്ടറേറ്റിനുവേണ്ടി കോഴിക്കോട്ടും എറണാകുളത്തും രണ്ട് മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിരിക്കുന്നു. പ്രസ്തുത ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ നൂറ് ദിനപരിപാടിയിൽ ഉൾപ്പെടുത്തും. സ്കൂൾ തലത്തിൽ കായിക പരിശീലന പദ്ധതികൾ ആരംഭിച്ചിരിക്കുന്നു. ഫുട്ബോളിനായി 'Kick off', ബാസ്കറ്റ് ബോളിനായി 'Hoops', അത്‌ലറ്റിക്സിനായി 'Sprint', ജൂഡോയ്ക്കായി 'judoka', ബോക്സിംഗിനായി 'punch' എന്നീ പരിശീലന പരിപാടികൾ പുതിയതായി ആരംഭിക്കാൻ പോകുന്നു. പ്രൈമറി, പ്രീ-പ്രൈമറി തലത്തിലെ കുട്ടികൾക്ക് ആരോഗ്യ-കായിക പ്രോത്സാഹനം നൽകാൻ കായികവകുപ്പുമായി ചേർന്ന് വിദ്യാഭ്യാസവകുപ്പ് പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. കായിക ഡയറക്ടറേറ്റിന്റെയും കൗൺസിലിന്റെയും നേതൃത്വത്തിൽ മൂന്ന് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കാൻ പോകുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്പോർട്സ് വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടാൽ ഇതിൽ ഒരെണ്ണം കോട്ടയം ജില്ലയ്ക്ക് കിട്ടാൻ സാധ്യതയുണ്ട്. സ്പോർട്സ് കൗൺസിലിന്റെ വനിതാ ഫുട്ബോൾ അക്കാഡമി എറണാകുളം ജില്ലയിൽ ഈ മാസം ആരംഭിക്കുന്നതാണ്. സ്പോർട്സ് ഹോസ്റ്റലുകളുടെ നിലവാരം ഉയർത്താനും കുട്ടികൾക്ക് മികച്ച സൗകര്യങ്ങൾ ലഭ്യമാക്കാനുമുള്ള അക്കാഡമികൾ ആരംഭിക്കുന്നതോടൊപ്പം കായിക പരിശീലനത്തിന്റെ നിലവാരം ഉയർത്താനുള്ള എല്ലാ സംവിധാനങ്ങളും ചെയ്യുന്നതാണ്. കേരളത്തിന്റെ സമഗ്ര കായിക വികസനത്തിന് രൂപീകരിക്കാനുദ്ദേശിക്കുന്ന പുതിയ കായിക നയത്തിന്റെ അടിസ്ഥാന തത്വം എല്ലാവർക്കും ആരോഗ്യം എന്നതായിരിക്കും. കമ്മ്യൂണിറ്റി സ്പോർട്സ് എന്ന ആശയം നടപ്പിലാക്കുന്നതോടെ മുഴുവൻ ജനങ്ങൾക്കും അതിന്റെ പ്രയോജനം ലഭിക്കും. കായികനയം രൂപീകരണത്തിന്റെ ഭാഗമായി എല്ലാവരുമായി കൂടിയാലോചിച്ച് വലിയ മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതാണ്. സ്പോർട്സ്

മെഡിസിൻ, സ്പോർട്സ് സൈക്കോളജി, സ്പോർട്സ് ഫിസിയോളജി, സ്പോർട്സ് ന്യൂട്രീഷൻ എന്നീ വിഭാഗങ്ങൾക്കെല്ലാം കായിക മേഖലയിൽ വലിയ പ്രാധാന്യമുണ്ട്. ഇതുമായി ബന്ധപ്പെട്ട് കണ്ണൂരും തൃശ്ശൂരും സ്പോർട്സ് മെഡിസിൻ കേന്ദ്രം ആരംഭിക്കാനും കായികമേഖലയുടെ ഡിജിറ്റലൈസേഷൻ നടപ്പാക്കാനും പോകുന്നു. സ്വകാര്യ കളിക്കളങ്ങൾ, അക്കാഡമികൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിക്കുന്നതോടൊപ്പം സ്പോർട്സ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതുമാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം നടത്തിയ അടിസ്ഥാന മേഖലയിൽ ഏറ്റവും കൂടുതൽ ഇൻവെസ്റ്റ്മെന്റ് നൽകിയ പ്രവർത്തനം അടുത്ത അഞ്ച് വർഷവും തുടരുന്നതാണ്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട മന്ത്രിക്കുവേണ്ടി പ്രസ്തുത ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇന്നിവിടെ ചർച്ചയിൽ പങ്കെടുത്ത ഇരുപത് ബഹുമാനപ്പെട്ട അംഗങ്ങളിൽ പതിമൂന്ന് അംഗങ്ങളാണ് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പിനെക്കുറിച്ച് സംസാരിച്ചത്. സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കേണ്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി പല അംഗങ്ങളും ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി. ആ നിർദ്ദേശങ്ങളെല്ലാം വകുപ്പ് സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തനങ്ങളിൽ മാറ്റം വരുത്താൻ ശ്രമിക്കുകയും ചെയ്യുമെന്നാണ് ആദ്യമായി പറയാനുള്ളത്. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് മുഴുവനും മറുപടി പറയാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നില്ല. സ്വാതന്ത്ര്യം ലഭിച്ച് എഴുപത്തിയഞ്ച് വർഷം തികയുമ്പോഴും ഇന്നും നമ്മൾ ചർച്ച ചെയ്യുന്നത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ദുരവസ്ഥയെക്കുറിച്ചാണ്. ഇന്ത്യയിലെ പൊതുസ്ഥിതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യയിലെ പൊതുസ്ഥിതിയിൽനിന്ന് വ്യത്യസ്തമായി സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ രംഗത്തെല്ലാം കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക ജനവിഭാഗങ്ങൾക്ക് ഉയർന്നുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റേതൊരു സംസ്ഥാനവുമായും താരതമ്യം ചെയ്യാൻ കഴിയാത്ത രീതിയിൽ നമ്മൾ മുന്നേറിയിട്ടുണ്ട്. പക്ഷെ കേരളീയ പൊതുസമൂഹം ഉയർന്ന് വരുന്നതനുസരിച്ച് ഈ ജനവിഭാഗങ്ങൾക്ക് ഉയർന്നുവരാൻ സാധിച്ചില്ലെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് അത് പരിഹരിക്കുന്നതിന് ക്രിയാത്മക നിലപാടുകളുമായി മുന്നോട്ടുപോകാൻ കഴിയണമെന്നാണ് വകുപ്പ് ലക്ഷ്യമിടുന്നത്. 2016 മുതൽ 2021 വരെ കേരളം ഭരിച്ചത് ദളിദ്, ആദിവാസി

വിരുദ്ധ ഗവൺമെന്റായിരുന്നുവെന്നാണ് ബഹുമാനപ്പെട്ട മുൻമന്ത്രി എ. പി. അനിൽ കുമാർ പറഞ്ഞത്. അതുകൊണ്ടാണോ 2021-ലെ അസംബ്ലി തെരഞ്ഞെടുപ്പിൽ കേരളത്തിലെ പതിനാറ് എസ്.സി./എസ്.ടി. മണ്ഡലങ്ങളിൽ പതിനാല് മണ്ഡലങ്ങളിലും ഇടതുപക്ഷ ജനാധിപത്യമുന്നണി വിജയിച്ചത്; ഈ ഗവൺമെന്റ് പട്ടികജാതി-പട്ടികവർഗ്ഗ വിരുദ്ധ ഗവൺമെന്റ് ആയിരുന്നെങ്കിൽ പതിനാറ് സീറ്റിൽ പതിനാല് സീറ്റിലും വിജയിക്കില്ലല്ലോ? തൊണ്ണൂറ്റിയൊൻപത് സീറ്റിൽ ഇടതുപക്ഷ ജനാധി പത്യമുന്നണിയെ വിജയിപ്പിച്ചത് ഈ വിഭാഗം ജനങ്ങളെല്ലാം കൂടിയല്ലേ? അതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ജനങ്ങളുമുണ്ടല്ലോ? 140 മണ്ഡലങ്ങളിൽ തൊണ്ണൂറ്റിയൊൻപത് സീറ്റിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി വിജയിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിരുദ്ധ നിലപാട് സ്വീകരിച്ച ഗവൺമെന്റാണെന്ന് അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. കുറവുകൾ ഉണ്ടാകാം. ആ കുറവുകൾ ചൂണ്ടി ക്കാണിച്ചാൽ തീർച്ചയായും തിരുത്താനുള്ള ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അദ്ദേഹം മറ്റൊരു പ്രധാനപ്പെട്ട കാര്യം പറഞ്ഞത് ദേവസ്വം ബോർഡുകളിലെ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും നിയമനങ്ങളിൽ റിസർവ്വേഷൻ നടപ്പിലാക്കുന്നത് സംബന്ധിച്ചാണ്. തീർച്ചയായും അക്കാര്യം ക്രിയാത്മകമായി ആലോചിക്കാം. 1957-ൽ അധികാരത്തിൽവന്ന ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേരളത്തിൽ കൊണ്ടുവന്ന വിദ്യാഭ്യാസ പരിഷ്കരണ നിയമത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമായി പറഞ്ഞത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങളിൽ റിസർവ്വേഷൻ വേണമെന്നാണ്. ഈ ഒറ്റക്കാരണത്തിന്റെ പേരിലാണ് കുപ്രസിദ്ധമായ വിമോചന സമരം സംഘടിപ്പിച്ചു കൊണ്ട് അന്നത്തെ ഗവൺമെന്റിനെ അട്ടിമറിച്ചത്. അന്ന് ഇത്തരം ജനവിഭാഗ ങ്ങൾക്ക് റിസർവ്വേഷൻ ലഭിച്ചിരുന്നെങ്കിൽ അങ്ങേയ്ക്ക് ഇന്ന് ഇതുപോലെ പറയേണ്ട അവസ്ഥയുണ്ടാകില്ലായിരുന്നു. അങ്ങ് പറഞ്ഞത് ശരിയാണ്. കഴിഞ്ഞ ഒരു വർഷക്കാലം (2020-21) എയ്ഡഡ് മേഖലയ്ക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്നും പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിതരണം ചെയ്ത ശമ്പളംമാത്രം 5740.85 കോടി രൂപയാണ്. ഇതിൽ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടുന്നില്ല. അതിന്റെ ഒരു വിഹിതം ഈ ജനവിഭാഗത്തിന് ലഭിക്കണ്ടേ; അത് അവർക്ക് വർഷങ്ങളായി ലഭിക്കുന്നില്ല. റിസർവേഷൻ സിസ്റ്റം വന്നതിനുശേഷം എയ്ഡഡ് മേഖലയിൽ റിസർവ്വേഷൻ നടപ്പായിരുന്നെങ്കിൽ കേരളത്തിലെ അധ:സ്ഥിത വർഗ്ഗത്തെക്കുറിച്ച് ഇത്ര വിലാപത്തോടെ സംസാരിക്കേണ്ട ഗതികേടുണ്ടാകില്ലാ യിരുന്നു. എത്രയോ കോടി രൂപയാണ് ഓരോ വർഷവും കൊടുക്കുന്നത്. ഇത് സ്കൂൾ തലത്തിലെ കണക്കുകളാണ്. കോളേജുകളിലും മറ്റ് മേഖലകളിലുമെല്ലാം എയ്ഡഡ്

സെക്ടറിലൂടെ റിസർവ്വേഷൻ നടപ്പിലാക്കപ്പെടുകയാണെങ്കിൽ തീർച്ചയായും ഈ സമൂഹത്തെക്കുറിച്ച് ഇപ്പോൾ ചർച്ച ചെയ്യുന്നതുപോലെ പത്ത് വർഷം കഴിയുമ്പോൾ ചർച്ച ചെയ്യേണ്ടിവരില്ല. പെൻഷനുവേണ്ടിയും മറ്റ് ആനുകൂല്യങ്ങൾക്കുമായി നമ്മുടെ ഖജനാവിൽനിന്നും കോടാനുകോടി രൂപയാണ് ചെലവഴിക്കുന്നത്. അതിന്റെ വിഹിതം ഈ വിഭാഗങ്ങൾക്കും കിട്ടേണ്ടതല്ലേ? സർക്കാരുകൾ മാറിമാറി ഭരിച്ചു. ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ചുനിന്ന് ഇക്കാര്യങ്ങളെ സംബന്ധിച്ച് ക്രിയാത്മക ചർച്ച നടത്തിയശേഷം ഇതിൽ തീരുമാനമെടുക്കാം. 2015-ൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചതിനുശേഷമാണ് അവിടെ നിയമനങ്ങൾ ആരംഭിച്ചത്. ക്ഷേത്രങ്ങളിലെ പൂജാരികളെ നിയമിക്കാൻ അന്ന് തീരുമാനിച്ചിരുന്നില്ല. കേരളത്തിലെ അമ്പലങ്ങളിൽ പൂജാരിമാരായി എസ്.സി/എസ്.ടി., ഒ.ബി.സി. ജനവിഭാഗങ്ങളിൽ നിന്നുള്ള ആളുകൾ വരണമെന്ന് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ആർജ്ജവ ത്തോടുകൂടി തീരുമാനിച്ചു. ആ നിലയിൽ ഇനിയും മാറ്റങ്ങൾ വരുത്താൻ വേണ്ടിയുള്ള ഇടപെടൽ നടത്തുന്നതാണ്. കിഫ്ബിയിൽ നിന്ന് കൂടുതൽ ഫണ്ട് ലഭിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത് ശരിയാണ്. കിഫ്ബിയിൽനിന്നും പട്ടികജാതി വികസന വകുപ്പിന്റെ 12 പ്രവൃത്തികൾക്കുവേണ്ടി ഈ വർഷം ആകെ 73.45 കോടി രൂപ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 4 പ്രവൃത്തികൾക്കായി 16.59 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആകെ 90.04 കോടി രൂപ കിഫ്ബിയിൽനിന്നും ഈ വർഷം ലഭിച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് നടപടി സ്വീകരിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഡ്ജറ്റിൽനിന്നുള്ള ഫണ്ട് അലോക്കേഷൻ നടക്കുമ്പോൾ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും 10 ശതമാനവും 2 ശതമാനവും കൃത്യമായി ലഭിക്കും. 100 കോടി രൂപ മുടക്കുന്നു ണ്ടെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് 12 കോടി രൂപ ലഭിക്കും. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള പണം തന്നെയാണ് കിഫ്ബിയുടെ കോർപ്പസ് ഫണ്ട് എന്നുപറയുന്നത്. അതായത് ബഡ്ജറ്റിൽ വരേണ്ട പണം തന്നെ യാണിത്. പ്രസ്തുത പണം ഉപയോഗിച്ച് കിഫ്ബിയിലൂടെ ഒരു അധിക ബഡ്ജറ്ററി സംവിധാനമൊരുക്കുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ പണം ലഭിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. അതാണ് പ്രോജക്ടും പ്ലാനും തമ്മിലുള്ള വ്യത്യാസം. പദ്ധതിയിൽ കൃത്യമായ അലോക്കേഷനാണുള്ളത്. പ്രോജക്ടിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിക്കാതെ പോകുന്നത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടിയുള്ള ഫണ്ടാണ്. ഇത് പ്രതിപക്ഷം പരാതിയായി തന്നെയാണ് ഉന്നയിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭരണഘടനാപരമായി അവകാശപ്പെട്ട പണം ലഭ്യമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നേരത്തെ സഭയിൽ ചൂണ്ടിക്കാണിച്ച ഒരു കാര്യമാണിത്. പ്രോജക്ടുകൾ വരുന്നതോടുകൂടി അവിടെ ജനസംഖ്യാനുപാതികമായി ഫണ്ട് മാറ്റി വയ്ക്കുന്നില്ലെന്നതാണ് കാര്യം. സംസ്ഥാന സർക്കാർ കഴിഞ്ഞ അഞ്ച് വർഷം, ജനസംഖ്യാനുപാതത്തിലധികമായി കൂടുതൽ ഫണ്ട് ബഡ്ജറ്റിൽത്തന്നെ അനുവദിക്കുകയാണ് ചെയ്തത്. പട്ടികജാതി വികസനത്തിനായി ഈ വർഷം ആകെ 2708.54 കോടി രൂപയും പട്ടികവർഗ്ഗ വികസനത്തിനായി 972.85 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. ജനസംഖ്യാനുപാതത്തിൽനിന്നും അധികമാണ് ഇവിടെ മാറ്റിവച്ചിരിക്കുന്ന പണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്, പ്രോജക്ടുകൾക്ക് അതിനേക്കാൾ കൂടുതൽ തുക വരും; പക്ഷെ പദ്ധതി ഇല്ലാതാകുന്നു. പദ്ധതി ഇല്ലാതാക്കുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. അങ്ങനെ വരുമ്പോൾ, ജനസംഖ്യാനുപാതികമായി ഫണ്ട് ഡിസ്ട്രിബ്യൂട്ട് ചെയ്യേണ്ടി വരില്ല. അത് ഭാവിയിൽ പ്ലാനിംഗിനെത്തന്നെ തകർക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. സംസ്ഥാന സർക്കാർ അക്കാര്യം മുന്നിൽക്കണ്ട് പ്രസ്തുത വിഭാഗത്തിന് മറ്റ് പ്രോജക്ടുകളിലടക്കം, നേട്ടമുണ്ടാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് കൃത്യമായി വിനിയോഗിക്കാൻ കഴിയുന്നില്ല. മാറ്റി വയ്ക്കുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതി പല ഘട്ടങ്ങളിലുമുണ്ടാകുന്നുണ്ട്. മുഴുവൻ ഫണ്ടും പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ട് അവരുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുകയെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഇവിടെ കിഫ്ബിയെക്കുറിച്ചും ലൈഫ് പദ്ധതിയെക്കുറിച്ചും പറയുകയുണ്ടായി. ലൈഫ് പദ്ധതിയിൽ മൂന്ന് ഘട്ടങ്ങളിലായി 23971 വീടുകളുടെ നിർമ്മാണത്തിന് ധനസഹായം നൽകുകയും പണി പൂർത്തീകരിക്കുകയും ചെയ്തുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ വർഷം പതിനായിരത്തോളം വീടുകൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചില വീടുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമില്ലാത്ത സാഹചര്യം കണക്കിലെടുത്ത് ഓരോ വീടിനോടും ചേർത്ത് പഠനമുറികൾ നിർമ്മിക്കുന്നതാണെന്ന കഴിഞ്ഞ സർക്കാരിന്റെ തീരുമാനത്തെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമായി കണക്കാക്കുന്നു. ഇത്തരത്തിൽ ഏകദേശം 30096 പഠനമുറികൾ നിർമ്മിക്കാൻ തീരുമാനിക്കുകയും 17643 പഠനമുറികളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പഠനമുറികൾ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്നു. പട്ടികജാതി വികസന വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമ, കുട്ടികൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകുക എന്നുള്ളതാണ്. ബഹുമാനപ്പെട്ട അംഗം വി. ശശി 1990-ൽ രണ്ട് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചതിനെക്കുറിച്ച് സൂചിപ്പിച്ചു. അത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലാണ്.

ആർട്ടിക്കിൾ 275 അനുസരിച്ച് ഇന്ത്യൻ പ്രസിഡന്റ് അനുവദിച്ച രണ്ട് സ്കൂളുകളാണ്. അതിൽ ഒന്ന് തിരുവനന്തപുരം ജില്ലയിലെ കട്ടേലയിലും മറ്റൊന്ന് വയനാട്ടിലെ നല്ലൂർനാടിലുമാണ്. അതിനുശേഷം 1996-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അഞ്ച് വർഷം കൊണ്ട് കേരളത്തിൽ 21 എം.ആർ.എസ്.-കളാണ് സ്ഥാപിച്ചത്. ഇപ്പോൾ അവയുടെ എണ്ണം 34 ആയി വർദ്ധിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടിയുള്ള നിരവധി പദ്ധതികളുണ്ട്. പ്രസ്തുത പദ്ധതികളുടെ പൂർണ്ണമായ നേട്ടം ലഭിച്ചിരുന്നെങ്കിൽ അവർക്ക് മികച്ച നേട്ടമുണ്ടാക്കാൻ സാധിക്കുമായിരുന്നു. പ്രസ്തുത എം.ആർ.എസ്.-കൾ ആരംഭിച്ചതിനുശേഷമുള്ള റിസൾട്ട് പരിശോധിച്ചാൽ വലിയ രീതിയിലുള്ള നേട്ടമാണ് ഉണ്ടായിരിക്കുന്നതെന്ന് കാണാൻ സാധിക്കും. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളുടെ റിസൾട്ട് പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. എല്ലാ സ്കൂളുകളിലേയും വിജയശതമാനം വലിയ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 276 കുട്ടികളിൽ 275 കുട്ടികളും പാസ്സായി, 48 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. എസ്. ടി. വിഭാഗത്തിൽപ്പെട്ട 648 വിദ്യാർത്ഥികളിൽ 647 കുട്ടികളും പാസ്സായി, 100 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. പ്ലസ് ടു പരീക്ഷ എഴുതിയ 229 എസ്. സി. വിദ്യാർത്ഥികളിൽ 206 കുട്ടികളാണ് ജയിച്ചത്, അതിൽ 11 പേർക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. പ്ലസ് ടു പരീക്ഷ എഴുതിയ 786 എസ്. ടി. വിദ്യാർത്ഥികളിൽ 717 പേർ പാസ്സായി. 14 പേർ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എം.ആർ.എസ്.-കളിലെ റിസൾട്ട് കൂടുതൽ മെച്ചപ്പെട്ടിട്ടുണ്ട്. എം.ആർ.എസ്.-കളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് തുടർന്നും ഇടപെടൽ നടത്തുന്നതാണ്. അതോടൊപ്പം ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് പ്രസ്തുത വിഭാഗത്തെ ഉയർത്തുന്നതിനും പ്രധാന പങ്ക് വഹിക്കേണ്ടതുണ്ട്.

പ്രീ മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ചാത്തന്നൂർ പ്രീ മെട്രിക് ഹോസ്റ്റലിൽ ആറ് ജീവനക്കാരും അഞ്ച് കുട്ടികളുമാണുള്ളത്. ഇത്തരത്തിലാണ് എസ്.സി. ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അണു കുടുംബങ്ങളായതുകൊണ്ട് കുട്ടികളെ ഹോസ്റ്റലിലേയ്ക്ക് വിടാത്ത സ്ഥിതിയുണ്ട്. കൂടുതൽ നേട്ടമുണ്ട് എന്ന് മനസ്സിലാക്കുന്നവർ ഇവിടേയ്ക്ക് കുട്ടികളെ അയയ്ക്കുന്നുമുണ്ട്. ട്രൈബൽ മേഖലയിൽനിന്നും കൂടുതൽ കുട്ടികളെ ഹോസ്റ്റലിലേയ്ക്ക് വിടുന്നുണ്ട്. പ്രീ മെട്രിക് ഹോസ്റ്റൽ, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, എം.ആർ.എസ്.-കൾ എന്നിവ

കൂടുതൽ മെച്ചപ്പെടുത്താനുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പട്ടികജാതി ജനവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിയിരുന്നു. 2013-ൽ ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ മന്ത്രിയായിരുന്ന സമയത്ത് പട്ടികജാതി വികസനവകുപ്പിന് കീഴിൽ 'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' എന്ന പദ്ധതി നടപ്പിലാക്കുകയും 216 പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്തിരുന്നു. ഓരോ ഗ്രാമത്തിനും ഓരോ കോടി രൂപ കൊടുത്തു കൊണ്ടുള്ള പദ്ധതി ഏറ്റെടുക്കുകയും ടി പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുകയും ചെയ്തു. പിന്നീടും മുൻകാലങ്ങളിൽ ചെയ്തതുപോലെ തന്നെയാണ് തുടർന്നുവന്നത്. നടപ്പിലാക്കിയ പദ്ധതിയിലെ പോരായ്മകൾ അതിൽനിന്നും മനസ്സിലാക്കാൻ സാധിക്കും. ഏറ്റെടുത്ത 216 പ്രവൃത്തികളിൽ 54 എണ്ണം മാത്രമാണ് 2016 വരെ പൂർത്തിയാക്കാൻ കഴിഞ്ഞത്. 162 പദ്ധതികളുടെ പണി പിന്നീടാണ് പൂർത്തീകരിച്ചത്. 2016-21 വരെ പട്ടികജാതി വികസനവകുപ്പിന് കീഴിൽ ഏകദേശം 392 അംബേദ്കർ ഗ്രാമവികസന പദ്ധതികൾ ഏറ്റെടുത്തെങ്കിലും 81 എണ്ണം മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത്. 311 പ്രവൃത്തികൾ പല ഘട്ടങ്ങളായി പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. ഇത്രയും പദ്ധതികൾ ഏറ്റെടുത്തെങ്കിലും അത് പൂർണ്ണതയിൽ എത്തിക്കാൻ കഴിയുന്നില്ല. ഇതിനായി കോടാനുകോടി രൂപ ചെലവഴിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് ഈ സഭയിൽ ചർച്ച ചെയ്തതാണ്. വിവിധ ഏജൻസികൾ ഏറ്റെടുത്ത ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് താല്പര്യമില്ലാത്ത സ്ഥിതിയുണ്ട്. അതുകൊണ്ടുതന്നെ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന ഏജൻസികൾ സബ്കോൺട്രാക്ട് കൊടുക്കുകയാണ്. സബ്കോൺട്രാക്ട് ഏറ്റെടുക്കുന്നവർ അവർക്ക് തോന്നിയതുപോലെ പ്രവൃത്തി ചെയ്യുകയാണ്. ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കാൻ അതാത് മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ കൂടുതൽ ജാഗ്രത കാണിക്കണം. നിലവിലുള്ള ഏജൻസികളെ മാറ്റിയിട്ടാണെങ്കിൽപ്പോലും പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താൻ കഴിയണം. തുടർന്നും ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കണോയെന്ന കാര്യവും നാം ചർച്ച ചെയ്യണം. ആവശ്യാനുസരണം ഓരോ സ്ഥലത്തെ പ്രവൃത്തിക്കുമുള്ള ഫണ്ട് നൽകുന്നതിനുപകരം നമ്മൾ ഒരുമിച്ച് ഫണ്ട് കൊടുക്കുകയാണ്. ചെരുപ്പിന് അനുസരിച്ച് കാല് മുറിക്കുകയെന്ന ഒരു സമീപനമാണ് സ്വീകരിച്ചത്; അത് മാറ്റണം. ഓരോ സ്ഥലത്തെയും ആവശ്യം എന്താണെന്ന് പരിശോധിച്ച് അതനുസരിച്ച് ഫണ്ട് നൽകുന്ന നിലപാട് സ്വീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, വളരെ ഗുരുതരമായ പ്രശ്നമാണിത്. എം.എൽ.എ.-മാരുടെ നിർദ്ദേശാനുസരണം ഏകദേശം അറുന്നൂറോളം പട്ടികജാതി കോളനികളിലെ പ്രവൃത്തി ഗവൺമെന്റ് ഏറ്റെടുത്തു. ഏകദേശം 70 ശതമാനത്തോളം

കോളനികളിൽ പ്രവർത്തനം നടന്നില്ലെന്നത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. മാത്രമല്ല, ഈ ഫണ്ട് മുഴുവൻ ഏജൻസികൾ കൊണ്ടുപോയി. ബഹുമാനപ്പെട്ട മന്ത്രി ഇത്ര ലാഘവത്തോടെ കാര്യങ്ങൾ പറയരുത്. ആ ഏജൻസികളുടെ പേരിൽ നടപടിയെടുക്കണം. ഈ പ്രവൃത്തി നടത്തുന്നതിനായി പണം കൊണ്ടുപോയ ആളുകൾ ഒരു പ്രവർത്തനവും നടത്തുന്നില്ലെന്ന് മാത്രമല്ല പട്ടികജാതി ഫണ്ട് വെട്ടിച്ചുവെന്നുള്ള ആരോപണവും സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ശക്തമായ നടപടി ഇക്കാര്യത്തിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു;

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> തീർച്ചയായും നടപടിയെടുക്കും. ഓരോ ഏജൻസികളും ഏറ്റെടുത്ത പദ്ധതികളെ സംബന്ധിച്ച് അവലോകനം നടത്തുകയും പ്രവൃത്തി പൂർത്തീകരിക്കാതെ തട്ടിപ്പുനടത്തിയ ഏജൻസികളെ അതിൽനിന്നും ഒഴിവാക്കി, റിസ്ക് ആൻഡ് കോസ്റ്റിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനുള്ള നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകുന്നതുമാണ്. ഓരോ സ്കീമുകളും അടിച്ചേൽപ്പിക്കുകയല്ല വേണ്ടത്. ഓരോ പ്രദേശത്തെയും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആവശ്യമെന്താണെന്ന് മനസ്സിലാക്കി അതനുസരിച്ചുള്ള പദ്ധതികൾ തയ്യാറാക്കാൻ കഴിയണം. അതിന് സാധിക്കുന്നതരത്തിൽ പി. കെ. കാളൻ പദ്ധതി ആലപ്പുഴ, കഞ്ഞിക്കുഴിയിൽ ആരംഭിച്ചിട്ടുണ്ട്. അന്തരിച്ച പി. കെ. കാളൻ എന്ന ആദിവാസി നേതാവിന്റെ നാമധേയത്തിൽ ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. ആ സൊസൈറ്റിയുടെ കീഴിൽ അവിടെ നടത്തിയ പ്രവർത്തനം കേരളത്തിൽ മുഴുവൻ പ്രാവർത്തികമാക്കാൻ കഴിയുന്ന കാര്യമാണ്. ഗ്രാസ്സ്റൂട്ട് ലെവലിലുള്ള പ്ലാനിംഗാണ് വേണ്ടത്; അവിടെ ഓരോ സ്ഥലത്തെയും ഓരോ വീടുകളിലെയും ആവശ്യമെന്താണെന്ന് കണ്ടെത്തി ഓരോ ചെറിയ കാര്യങ്ങളും മനസ്സിലാക്കി അതിനനുസരിച്ചുള്ള പ്ലാനിംഗ് നടത്തുകയാണ് വേണ്ടത്. അതിലേയ്ക്കായി മൈക്രോ ലെവൽ പ്ലാനിംഗ് നടത്തിക്കഴിഞ്ഞാൽ തീർച്ചയായും ഓരോ വീടുകളും ഓരോ വ്യക്തികളും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സാധിക്കും. മൈക്രോ ലെവൽ പ്ലാനിംഗും അതിന്റെ ഇംപ്ലിമെന്റേഷനും നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന സംവിധാനമുണ്ടാക്കണം. നമ്മൾ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുകയും ജനകീയാസൂത്രണം നടപ്പിലാക്കുകയും ചെയ്തതിന്റെ എക്സ്പീരിയൻസുണ്ട്. ഈ അനുഭവങ്ങൾ കൂട്ടിയോജിപ്പിച്ചുകൊണ്ട് കേരളീയ സമൂഹം ഒരുമിച്ചു നിന്നുകൊണ്ട് സമൂഹത്തിലെ ഏറ്റവും അടിച്ചമർത്തപ്പെട്ട ജനതയുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ ഇടപെടൽ നടത്തേണ്ടതുണ്ട്. ഈ സമൂഹത്തിലെ മുഴുവൻ ആളുകളുടെയും സഹായ സഹകരണത്തോടുകൂടിയും നിസ്വാർത്ഥമായ സേവനം ചെയ്തുകൊണ്ടുമാണ് നമ്മൾ സമ്പൂർണ്ണ സാക്ഷരത കൈവരിച്ചത്. അതുപോലുള്ള മോണിറ്ററിംഗ് സംവിധാനം കൊണ്ടുവരാൻ കഴിയേണ്ടതുണ്ട്. അതിനു സാധിച്ചാൽ പല വീഴ്ചകളും പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയും. അതിനുള്ള ഇടപെടൽ നടത്താൻ തീരുമാനമെടുക്കുന്നതാണ്.

ഈ വകുപ്പിൽ അഴിമതിയും കെടുകാര്യസ്ഥതയുമുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചു. ചില വ്യക്തികൾ അത്തരത്തിലുള്ള വീഴ്ചകൾ വരുത്തുന്നുണ്ട്. അത്തരക്കാർക്ക് യാതൊരുവിധ സഹായവും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ലെന്ന് മാത്രമല്ല ഈ ഗവൺമെന്റ് വന്നതിനുശേഷം ചില അഴിമതികൾ നടന്നതായി കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. അവിടെ കക്ഷിരാഷ്ട്രീയവും ആരുടെയും മുഖവും നോക്കുകയില്ല; എന്നുമാത്രമല്ല, ആരുടെയും തലയിൽ കെട്ടിവയ്ക്കാനും പോകുന്നില്ല. അഴിമതി നടത്തിയ ആളുകൾ ജയിലിലാണ് കിടക്കുന്നത്. അതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. ഒരാളെയും സംരക്ഷിക്കാൻ ഈ ഗവൺമെന്റ് കൂട്ടുനിൽക്കുകയില്ല. തീർച്ചയായും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ കാര്യം പൊതുസമൂഹത്തിലും മാധ്യമങ്ങളിലും വലിയ ചർച്ചയാകുകയാണ്. കേരളീയ സമൂഹത്തിന്റെ വളർച്ചയും പുരോഗതിയും അനുസരിച്ച് ഈ ജനവിഭാഗങ്ങളെ വളർത്തിയെടുക്കാനുള്ള കൂട്ടായ പ്രവർത്തനത്തിൽ എല്ലാവരുടെയും പങ്കാളിത്തമുണ്ടാകണം. വരാൻപോകുന്ന അഞ്ചുവർഷം കൊണ്ട് സമൂഹത്തിലെ ഈ വിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കണം. അവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കാനും വിദ്യാഭ്യാസം മെച്ചപ്പെടുത്താനും ആരോഗ്യവും തൊഴിലും മറ്റെല്ലാ ഭൗതിക സാഹചര്യങ്ങളും സംരക്ഷിക്കാനും കഴിയണം. ഏറ്റവും vulnerable ആയിട്ടുള്ള ആദിവാസി വിഭാഗത്തിന് എക്സൈസ് വകുപ്പിൽ ജോലി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ പറഞ്ഞു. അട്ടപ്പാടി ആദിവാസി മേഖലയെക്കുറിച്ച് കാലങ്ങളായി ചർച്ച ചെയ്യുന്നതാണ്. അവിടെയുള്ള ആദിവാസി ജനവിഭാഗങ്ങൾക്ക് തൊഴിലും വരുമാനവുമുണ്ടാക്കാൻ കഴിയുന്ന രീതിയിൽ അവരുടെ പഴയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞു. പ്രസ്തുത കൃഷി രീതി അവലംബിക്കുന്നതിലൂടെ അവരുടെ ഉൽപ്പന്നങ്ങൾ വ്യാപകമായി വിറ്റഴിക്കാനും കൂടുതൽ സാമ്പത്തിക വരുമാനമുണ്ടാക്കാനുമുള്ള ശ്രമമാണ് നടത്തുന്നത്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരായി 500 ആദിവാസി യുവാക്കളെ നിയമിക്കാൻ തീരുമാനിച്ച കാര്യം വനം-വന്യജീവി വകുപ്പുമന്ത്രി പറയുകയുണ്ടായി. വരുന്ന അഞ്ചുവർഷക്കാലംകൊണ്ട് ഓരോ ആദിവാസി കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിരവരുമാനമുണ്ടാക്കുന്ന ഒരു പദ്ധതി നടപ്പിലാക്കാൻ കഴിയണമെന്നാണ് ഈ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. അങ്ങനെ ആദിവാസി ജനവിഭാഗങ്ങളെ തൊഴിലും വരുമാനവുമുള്ളവരാക്കി മാറ്റാനും അവരുടെയിടയിലെ ദുശ്ശീലങ്ങൾ മാറ്റിയെടുക്കാനും കഴിയണം. ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ആദിവാസി ഊരിലുണ്ടായ പ്രശ്നത്തെക്കുറിച്ച് പറയുകയുണ്ടായി. അതിലുൾപ്പെട്ടവർ ബന്ധുക്കളാണ്. അവർ പശുവിനെ കെട്ടുന്നതിന്റെ പേരിലാണ് തർക്കമുണ്ടായത്. അത്തരത്തിലുള്ള

ചില പ്രശ്നങ്ങൾ അവരുടെ ഇടയിലുണ്ട്. ബോധവൽക്കരണത്തിലൂടെയും മറ്റ് പ്രവർത്തനത്തിലൂടെയും കുറേക്കൂടി മെച്ചപ്പെടുത്തിയെടുക്കുന്നതിനുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

പിന്നാക്ക വിഭാഗക്ഷേമത്തെ സംബന്ധിച്ച് അംഗങ്ങളാരും പരാമർശിച്ചില്ല. സംസ്ഥാനത്ത് പിന്നാക്ക ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ ജനങ്ങളിൽ ഏകദേശം 65 ശതമാനം പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ മുമ്പ് അവർക്കായി പ്രത്യേക വകുപ്പ് ഉണ്ടായിരുന്നില്ല. പിന്നാക്ക ക്ഷേമ വകുപ്പ് രൂപീകരിക്കുമെന്ന് 1996-ൽ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതാണ്. അതിനുശേഷം ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിരുന്നു. പിന്നാക്ക ക്ഷേമ വകുപ്പ് രൂപീകരിച്ചത് 2011-ലാണ്. ഇപ്പോൾ 2021 ആയി; എന്നാൽ ഇപ്പോഴും സംസ്ഥാനത്ത് മൂന്ന് റീജിയണൽ ഓഫീസുകൾ മാത്രമാണുള്ളത്. 65 ശതമാനത്തിലധികം വരുന്ന പിന്നാക്ക ജനവിഭാഗങ്ങളുടെ സംരക്ഷണത്തിനുള്ള വകുപ്പ് ഇപ്പോഴും മൂന്ന് റീജിയണൽ ഓഫീസുകളിലായി ചുരുങ്ങിനില്ക്കുകയാണ്. 14 ജില്ലകളിലും പിന്നാക്ക ക്ഷേമവകുപ്പിന്റെ ഓഫീസുകൾ വരികയാണ്. പിന്നാക്ക ക്ഷേമ പ്രവർത്തനം കേവലം lumpsum grant-ഉം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നതും മാത്രമല്ല, മറ്റ് വികസന പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്ത് നടപ്പി ലാക്കാനുള്ള പദ്ധതിയുമായി മുന്നോട്ടുപോകുന്നതാണ്. 14 ജില്ലകളിലും പിന്നാക്ക ക്ഷേമ വകുപ്പിന്റെ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ന്യൂനപക്ഷക്ഷേമത്തിനായി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനുണ്ട്. ന്യൂനപക്ഷങ്ങൾക്കു വേണ്ടി ഒന്നും ചെയ്യുന്നില്ലെന്ന് ശ്രീ. ടി. വി. ഇബ്രാഹിം പറയുകയുണ്ടായി. ന്യൂനപക്ഷങ്ങളുടെ താല്പര്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ഒട്ടേറെ പ്രവർത്തനത്തിലൂടെ തെളിയിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലൂടെയും ന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. എസ്.സി., എസ്.ടി. കോർപ്പറേഷന്റെയും പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവെർട്ട്സ് ഫ്രം ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ദി റെക്കമെന്റ്ഡ് കമ്മ്യൂണിറ്റീസ്; കോർപ്പറേഷന്റെ പ്രവർത്തനങ്ങളും കൂടുതൽ മെച്ചപ്പെടുത്തിയെടുക്കാനുള്ള നടപടി സ്വീകരിക്കും. നിലവിൽ ശൈശവാവസ്ഥയിൽ തുടരുന്ന പരമ്പരാഗത കളിമൺപാത്ര നിർമ്മാണ വിപണന കോർപ്പറേഷനെ മെച്ചപ്പെടുത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ വകുപ്പ് നടത്തുന്നതാണ്. ബോഗസ് കാസ്റ്റിന്റെ പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. കിർത്താഡ്സ് നരവംശ ശാസ്ത്രപഠന കേന്ദ്രമാണ്; അതിന്റെ പ്രവർത്തനവും കൂടുതൽ മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഈ വകുപ്പുകളുടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് ഈ സഭയുടെയും മുഴുവൻ ആളുകളുടെയും എല്ലാ സഹായസഹകരണവും പിന്തുണയുമുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

[5.00 P.M.]

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണ-ക്ഷീരവികസന മേഖല ചരിത്രാതീതകാലം മുതൽ മാനവീയ സമൂഹത്തിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചതാണ്. ഈ സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ ആകെ 347.38 കോടി രൂപയും ക്ഷീരവികസന വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ ആകെ 67.53 കോടി രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോവിഡ് ദുരന്ത പശ്ചാത്തലത്തിൽ മറ്റെല്ലാ മേഖലകളിലും തളർച്ച സംഭവിച്ചപ്പോൾ കർഷകർ ഏറ്റവും കൂടുതൽ ആശ്രയിച്ച മേഖലയാണ് മൃഗസംരക്ഷണ-ക്ഷീരമേഖല. ഉല്പാദനം വർദ്ധിപ്പിച്ചപ്പോൾ ആനുപാതികമായി വില താഴോട്ടുപോകാതെ കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുവാൻ സംസ്ഥാനത്തെ സഹകരണ മേഖലയിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ, മിൽമ എന്നിവയിലൂടെ സാധിച്ചിട്ടുണ്ട്. ലോക്ഡൗൺ കാരണം പാൽ വില്പനപോലും സാധ്യമാകാതെ വന്നപ്പോൾ ധാരാളം കർഷകർ സംഘങ്ങൾവഴി പാൽ വിപണനം ചെയ്തു. 2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21 കാലഘട്ടത്തിൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാലുല്പാദനത്തിൽ ദേശീയ വളർച്ച ശരാശരിയെക്കാളും വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16-ൽ പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ അന്യസംസ്ഥാനത്ത് എത്തിച്ച് സംസ്കരിച്ച് പാൽപ്പൊടിയാക്കി മാറ്റി. മിൽമയ്ക്ക് നഷ്ടമുണ്ടായെങ്കിലും കർഷകരുടെ പാൽ മുഴുവനായും സംഭരിച്ച് അവരെ സംരക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റെ ചെലവുകൾക്കായി പദ്ധതിയിനത്തിൽ 219.44 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 614.28 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. പ്രധാന പദ്ധതികൾ - 'ഗോസമൃദ്ധി' എന്ന പേരിൽ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി, ആകസ്മികമായുണ്ടാകുന്ന ദുരന്തങ്ങളുടെയും പകർച്ച വ്യാധികളുടെയും കാരണത്താൽ നഷ്ടം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം,

മാതൃകാ മൃഗസംരക്ഷണ ഗ്രാമം, വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ, മാംസാവശ്യത്തിനായി മുരിവളർത്തൽ, ആട് ഗ്രാമം പദ്ധതി, സ്കൂൾ കുട്ടികൾക്ക് കോഴി വളർത്തൽ പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ നടന്നുവരികയാണ്. ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർവൽക്കരണ നടപടിവഴി രേഖപ്പെടുത്താൻ കേന്ദ്ര സ്ഥാപനമായ എൻ.ഐ.സി.-യുടെ സാങ്കേതിക സഹായത്തോടെ ആരംഭിച്ചുകഴിഞ്ഞു. ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കുന്നതോടെ പാലുല്പാദനവും വിപണനവുമുൾപ്പെടെയുള്ള എല്ലാ ദൈനംദിന പ്രവർത്തനങ്ങളും കണക്കുകളും തത്സമയം നിരീക്ഷിക്കുവാൻ സാധിക്കുന്ന അവസ്ഥ സംജാതമാകും. വെറ്ററിനറി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ കോഴ്സുകൾ വെറ്ററിനറി സർവ്വകലാശാലയുടെ സഹായത്തോടെ ആരംഭിക്കണമെന്ന ലിഡ ജേക്കബ് കമ്മിറ്റി ശിപാർശ കണക്കിലെടുത്ത് നഴ്സിംഗ് കോഴ്സുകൾ തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. കന്നുകാലി വളർത്തലിന് മൂന്ന് പ്രധാന മന്ത്രങ്ങളാണുള്ളത്. ഒന്ന്, ഫീഡിംഗാണ്. ചെലവ് കുറഞ്ഞതും ഗുണനിലവാരം ഉയർന്നതുമായ കാലിത്തീറ്റ ലഭ്യമാക്കലാണ് കർഷകരുടെ വരുമാനം ഉയർത്താനുള്ള പ്രധാന മാർഗ്ഗം. പരമാവധി ഇടങ്ങളിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കും. വെറ്ററിനറി സർവ്വകലാശാലയെക്കൊണ്ട് നാട്ടിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി സമീകൃത കാലിത്തീറ്റ ഉൽപ്പാദനത്തിനുള്ള ഗവേഷണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും.

ബ്രീഡിംഗ് - അത്യുല്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളുടെ ശേഖരം വർദ്ധിപ്പിക്കുന്നതിന് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനെ പ്രാപ്തമാക്കും. സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്യും. ആഗോളതാപനം ഉയർത്തുന്ന ഭീഷണി ഒഴിവാക്കാൻ കന്നുകാലികളുടെ എണ്ണം കൂട്ടാതെ ഉല്പാദനശേഷി വർദ്ധിപ്പിക്കുക എന്നതാണ് പുതിയ നയം. 2018-ൽ പുറപ്പെടുവിച്ച പ്രജനന നയം ശക്തമായി നടപ്പിലാക്കും. മാനേജ്മെന്റ് ആൻഡ് മാർക്കറ്റിംഗ് - കർഷകർക്ക് മെച്ചപ്പെട്ട മൃഗാശുപത്രി സേവനം ലഭ്യമാക്കും. ഡോക്ടർമാർക്ക് സി.യു.ജി. (ക്ലോസ്ഡ് യൂസർ ഗ്രൂപ്പ്) മൊബൈൽ ഫോൺ സംവിധാനം ഏർപ്പെടുത്തും. വീഡിയോകളിലൂടെ കർഷകർക്ക് മൃഗഡോക്ടർമാരെ കാണാനും ചികിത്സ ലഭ്യമാക്കാനും സാധിക്കുംവിധം ഇ-സഞ്ജീവനി സംവിധാനം നടപ്പിലാക്കും. കേന്ദ്രീകൃത ഓൺലൈൻ പരാതി പരിഹാര സംവിധാനം ആരംഭിക്കും. സംസ്ഥാനത്ത് 156 കേന്ദ്രങ്ങളിൽ രാത്രികാല മൃഗചികിത്സാ സേവനം സജ്ജമാക്കും. അതിനാവശ്യമായ ഡോക്ടർമാരുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയോ ബ്ലോക്ക് പഞ്ചായത്തുവഴിയോ ലഭ്യമാക്കും. ജന്തുജന്യ രോഗങ്ങൾ പടരുന്ന

പശ്ചാത്തലത്തിൽ 'വൺ ഹെൽത്ത് ' ആശയത്തിന് പ്രസക്തിയേറുകയാണ്. സംസ്ഥാനത്ത് പാലോടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച പേവിഷ പ്രതിരോധ വാക്സിൻ ഉൽപ്പാദന കേന്ദ്രം, പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയും ക്ഷീരകർഷക ക്ഷേമനിധിയും മുഖേന ക്ഷീരകർഷകർക്ക് പെൻഷനുൾപ്പെടെയുള്ള സാമൂഹ്യ സാമ്പത്തിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പാലുല്പാദനത്തിന്റെ സ്വയംപര്യാപ്തതയ്ക്കുപുറമെ മാംസം, മുട്ട എന്നിവയ്ക്കുകൂടി സ്വയം പര്യാപ്തത എന്ന ലക്ഷ്യം സർക്കാരിനുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുൾപ്പെടെ ഗുണമേന്മയുള്ള കാലിത്തീറ്റ ആവശ്യത്തിന് കേരളാ ഫീഡ്സ് വഴി ഉൽപ്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കും. കോഴി ഇറച്ചിയുടെയും മുട്ടയുടെയും സ്വയം പര്യാപ്തത ലക്ഷ്യമാക്കി പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. ഇറച്ചിയുടെ ലഭ്യത ഉറപ്പാക്കുന്നതിന് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കും. സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സർക്കാർ നിയമനിർമ്മാണത്തിനുള്ള പ്രവർത്തനങ്ങളിലാണ്. ഇതുസംബന്ധിച്ച ഓർഡിനൻസ് ' The Kerala Livestock and Poultry feed and Mineral Mixture (Regulation of Manufacture and Sale) Ordinance, 2021' ഫെബ്രുവരിയിൽ നിലവിൽവന്നിട്ടുണ്ട്.

ആനകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ശ്രീ. കെ. ബി. ഗണേഷ് കുമാർ ഒരു വിഷയം ഉന്നയിച്ചിരുന്നു. നാട്ടാന പരിപാലന നിയമപ്രകാരം ആനകളുടെ പരിപാലനം വനം വകുപ്പാണ് നിർവ്വഹിക്കുന്നത്. എന്നാൽ State Institute for Animal Diseases (SIAD) ലാബിൽ ആനകളെ ബാധിക്കുന്ന രോഗങ്ങളുടെ ചികിത്സാനിർണ്ണയ സംവിധാനമുണ്ട്. സംസ്ഥാനത്ത് ആനകളുടെ ചികിത്സ നടത്തുന്നതിന് വനം വകുപ്പിൽ 14 വെറ്ററിനറി ഡോക്ടർമാരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്. പാപ്പാൻമാരുടെ ആരോഗ്യ പരിശോധനയ്ക്ക് ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാവുന്നതാണ്. മൃഗസംരക്ഷണ മേഖലയിൽ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ ധനാഭ്യർത്ഥന അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ ഭാഗമായാണ് വനിത-ശിശു വകുപ്പിന്റെ ധനാഭ്യർത്ഥനകളുള്ളത്. സംസ്ഥാനത്തെ വനിതകളുടെയും ശിശുക്കളുടെയും സമഗ്ര വികസനം സംബന്ധിച്ച പദ്ധതികളും ഇടപെടലുകളും നടത്തുന്ന വകുപ്പിന്റെ ഈ

ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ലിംഗനീതിയും ലിംഗസമത്വവും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ മുന്നിൽനിന്ന് പ്രവർത്തിക്കുന്ന വനിത-ശിശു വികസന വകുപ്പ് സുപ്രധാനമായ തീരുമാനങ്ങളെടുത്ത്, ഇടപെടലുകൾ നടത്തിയാണ് സർക്കാരിന്റെ തുടക്കകാലം മുതൽ മുന്നോട്ടുപോകുന്നത്. അതിൽ പ്രധാനപ്പെട്ട ഒരു കാര്യം ഈ സഭയിൽ സൂചിപ്പിക്കുകയുണ്ടായി. 2004-ലെ കേരള സ്ത്രീധന നിരോധന ചട്ടം ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസേഴ്സിനെ നിയോഗിച്ചുകൊണ്ട് അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് വകുപ്പ് രൂപീകൃതമായത്. അതിലെ വകുപ്പ് വിഭജന നടപടികൾ പൂർത്തിയായിട്ടുണ്ട്. അതിന്റെ സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും വിവിധ പദ്ധതികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുമുള്ള വകുപ്പിന്റെ 'കനൽ' എന്ന കർമ്മ പരിപാടി ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. ‘ 181’ എന്ന നമ്പരിൽ വിളിച്ചാൽ, ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം എന്ത് പരാതിയാണെങ്കിലും, ആ പരാതി സ്വീകരിക്കപ്പെടുകയും പോലീസിലേയ്ക്ക് ഡയറക്ട് ചെയ്യേണ്ടതാണെങ്കിൽ ഡയറക്ട് ചെയ്യുകയും ചെയ്യും. നിയമ സഹായമാണ് ആവശ്യമെങ്കിൽ അത് നൽകും. കരിയർ ഗൈഡൻസാണ് ആവശ്യമെങ്കിൽ അതും, ഒരു ഷെൽറ്ററാണ് ആവശ്യമെങ്കിൽ അതും നൽകുന്നതാണ്. ആ രീതിയിലുള്ള പ്രവർത്തനങ്ങളുമായി ഒരുകുടക്കീഴിലേയ്ക്ക് വിവിധ പദ്ധതികൾ കൊണ്ടുവരുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ഗാർഹിക ലൈംഗിക അതിക്രമം നേരിടുന്ന സ്ത്രീകൾക്കുള്ള നിയമസഹായത്തിനുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്റേഴ്സിന്റെ സേവനം അടുത്ത ഒരു വർഷത്തിനകം എല്ലാ ബ്ലോക്കുകളിലും കോർപ്പറേഷനുകളിലും ആരംഭിക്കാൻ പോകുകയാണ്. ഇപ്പോൾ കോവിഡിന്റെ കാലത്ത് ഓൺലൈൻ പഠനമാണ് നടക്കുന്നതെന്ന് നമുക്കറിയാം. ഏകദേശം 33115 അങ്കണവാടികളാണുള്ളത്. അങ്കണവാടികളിലെ കുഞ്ഞുങ്ങൾക്കുവേണ്ടി 'കിളിക്കൊഞ്ചൽ' എന്ന രീതിയിൽ പഠനപദ്ധതി ഷൂട്ട് ചെയ്ത്, വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുഞ്ഞുങ്ങൾ കേൾക്കുന്ന കഥകളിലും പാട്ടുകളിലുമൊക്കെ ഇതുസംബന്ധിച്ചുള്ള ഒരു ജെൻഡർ ഓഡിറ്റിംഗ് ഇപ്പോൾ വകുപ്പ് നടത്തുന്നുണ്ട്. അത് ഉടൻതന്നെ പൂർത്തിയാകും. കൂടാതെ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികൾ ആക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികൾക്കും തുടക്കമായിട്ടുണ്ട്. വനിതകളെ സംബന്ധിച്ച് ഒട്ടേറെ പദ്ധതികളുണ്ട്. ചെറുതോ വലുതോ ആയ ഒരു പട്ടണത്തിൽ എത്തിപ്പെടുന്ന വനിതകൾക്ക് കുറഞ്ഞ ചെലവിൽ ഹ്രസ്വകാല സ്റ്റേ സൗകര്യം 100 പട്ടണങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അത് ഷീ-ടാക്സിയുമായി ബന്ധിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്.

വനിത ഹോസ്റ്റലുകൾ കൂടുതൽ സ്ഥലങ്ങളിൽ നിർമ്മിക്കുകയാണ്. സംസ്ഥാനത്തെ വനിത-ശിശു സൗഹൃദ സംസ്ഥാനമായി മാറ്റുകയെന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. മാതൃ-ശിശു സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിൽ യൂണിസെഫിന്റെ സഹായം ലഭിക്കുന്നുണ്ട്. സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി കുഞ്ഞുങ്ങളുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ, കുട്ടികളുടെ സംരക്ഷണവും അവകാശങ്ങളുമായി ബന്ധപ്പെട്ട സമഗ്ര വിവരങ്ങൾ, മാതാപിതാക്കൾക്കും കുട്ടികൾക്കും ശിശുസംരക്ഷണ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും നൽകുന്നതിനായി ഒരു സമഗ്ര മൊബൈൽ ആപ്പും വികസിപ്പിക്കുകയാണ്. സമൂഹത്തിന്റെ ഒരു പൊതുബോധം ഇതുസംബന്ധിച്ച് ഉണരേണ്ടതിന് നിയമസഭാംഗങ്ങൾ എന്നുള്ള രീതിയിൽ പ്രവർത്തിക്കാം. അതിന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകണമെന്നും ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നും അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII

### വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

മി. സ്പീക്കർ: സർവ്വശ്രീ ടി. വി. ഇബ്രാഹിം, പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ, ഐ. സി. ബാലകൃഷ്ണൻ, എ. കെ. എം. അഷ്റഫ്, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, പി. കെ. ബഷീർ, സണ്ണി ജോസഫ്, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, പി. അബ്ദുൽ ഹമീദ്, അനൂപ് ജേക്കബ്, സനീഷ്കുമാർ ജോസഫ്, റോജി എം. ജോൺ, എം. വിൻസെന്റ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഷാഫി പറമ്പിൽ, ടി. ജെ. വിനോദ്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എം. എസ്. അരുൺ കുമാർ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. പി. ബാലചന്ദ്രൻ
9. ശ്രീ. കെ. എൻ. ബാലഗോപാൽ
10. ഡോ. ആർ. ബിന്ദു
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീമതി ജെ. ചിഞ്ചുറാണി
13. ശ്രീ. പി. പി. ചിത്തരഞ്ജൻ
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. മുഹമ്മദ് മുഹസിൻ
40. ശ്രീ. എം. മുകേഷ്
41. ശ്രീ. സി. സി. മുകുന്ദൻ
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി

44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. കെ. ഡി. പ്രസേനൻ
50. ശ്രീമതി യു. പ്രതിഭ
51. ശ്രീ. കെ. പ്രേംകുമാർ
52. ശ്രീ. കെ. രാധാകൃഷ്ണൻ
53. ശ്രീ. പി. ടി. എ. റഹീം
54. ശ്രീ. എ. രാജ
55. ശ്രീ. എം. രാജഗോപാലൻ
56. ശ്രീ. കെ. രാജൻ
57. ശ്രീ. പി. രാജീവ്
58. ശ്രീ. കെ. കെ. രാമചന്ദ്രൻ
59. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
60. ശ്രീ. ടി. പി. രാമകൃഷ്ണൻ
61. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
62. ശ്രീ. റോഷി അഗസ്റ്റിൻ
63. ശ്രീ. കെ. എം. സച്ചിൻദേവ്
64. ശ്രീ. സജി ചെറിയാൻ
65. ശ്രീ. എച്ച്. സലാം
66. ശ്രീമതി ശാന്തകുമാരി കെ.
67. ശ്രീ. എ. കെ. ശശീന്ദ്രൻ

68. ശ്രീ. വി. ശശി

69. ശ്രീ. ഐ. ബി. സതീഷ്

70. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

71. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

72. ശ്രീ. എ. എൻ. ഷംസീർ

73. ശ്രീ. വി. ശിവൻകുട്ടി

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. പിണറായി വിജയൻ

87. ശ്രീ. എം. വിജിൻ

88. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
10. ശ്രീ. യു, എ. ലത്തീഫ്
11. ശ്രീ. കെ. പി. എ. മജീദ്
12. ഡോ. മാത്യൂ കുഴൽനാടൻ
13. ശ്രീ. കുറുക്കോളി മൊയ്തീൻ
14. ശ്രീ. മോൻസ് ജോസഫ്
15. ഡോ. എം. കെ. മുനീർ
16. ശ്രീ. നജീബ് കാന്തപുരം
17. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീമതി കെ. കെ. രമ
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. എൻ. ഷംസുദ്ദീൻ
23. ശ്രീ. സനീഷ്കുമാർ ജോസഫ്
24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. ടി. സിദ്ദിഖ്
26. ശ്രീ. സണ്ണി ജോസഫ്

27. ശ്രീ. പി. ടി. തോമസ്

28. ശ്രീ. പി. ഉബൈദുള്ള

29. ശ്രീ. എം. വിൻസെന്റ്

30. ശ്രീ. ടി. ജെ. വിനോദ്

31. ശ്രീ. പി.സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 88

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV

### തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

മി. സ്പീക്കർ: സർവ്വശ്രീ എൻ. ഷംസുദ്ദീൻ, ഷാഫി പറമ്പിൽ, പി. ഉബൈദുള്ള, ടി. ജെ. വിനോദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, പി. കെ. ബഷീർ, എ. കെ. എം. അഷ്റഫ്, നജീബ് കാന്തപുരം, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്, അനൂപ് ജേക്കബ്, കെ. ബാബു (തൃപ്പൂണിത്തുറ), ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, റോജി എം. ജോൺ, സനീഷ്കുമാർ ജോസഫ്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എം. എസ്. അരുൺ കുമാർ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. പി. ബാലചന്ദ്രൻ
9. ശ്രീ. കെ. എൻ. ബാലഗോപാൽ
10. ഡോ. ആർ. ബിന്ദു
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീമതി ജെ. ചിഞ്ചുറാണി
13. ശ്രീ. പി. പി. ചിത്തരഞ്ജൻ
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. മുഹമ്മദ് മുഹസിൻ
40. ശ്രീ. എം. മുകേഷ്
41. ശ്രീ. സി. സി. മുകുന്ദൻ
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി

44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. കെ. ഡി. പ്രസേനൻ
50. ശ്രീമതി യു. പ്രതിഭ
51. ശ്രീ. കെ. പ്രേംകുമാർ
52. ശ്രീ. കെ. രാധാകൃഷ്ണൻ
53. ശ്രീ. പി. ടി. എ. റഹീം
54. ശ്രീ. എ. രാജ
55. ശ്രീ. എം. രാജഗോപാലൻ
56. ശ്രീ. കെ. രാജൻ
57. ശ്രീ. പി. രാജീവ്
58. ശ്രീ. കെ. കെ. രാമചന്ദ്രൻ
59. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
60. ശ്രീ. ടി. പി. രാമകൃഷ്ണൻ
61. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
62. ശ്രീ. റോഷി അഗസ്റ്റിൻ
63. ശ്രീ. കെ. എം. സച്ചിൻദേവ്
64. ശ്രീ. സജി ചെറിയാൻ
65. ശ്രീ. എച്ച്. സലാം
66. ശ്രീമതി ശാന്തകുമാരി കെ.
67. ശ്രീ. എ. കെ. ശശീന്ദ്രൻ

68. ശ്രീ. വി. ശശി

69. ശ്രീ. ഐ. ബി. സതീഷ്

70. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

71. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

72. ശ്രീ. എ. എൻ. ഷംസീർ

73. ശ്രീ. വി. ശിവൻകുട്ടി

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. പിണറായി വിജയൻ

87. ശ്രീ. എം. വിജിൻ

88. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
13. ശ്രീ. യു. എ. ലത്തീഫ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. സനീഷ്കുമാർ ജോസഫ്

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. ടി. സിദ്ദിഖ്

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. വിൻസെന്റ്

33. ശ്രീ. ടി. ജെ. വിനോദ്

34. ശ്രീ. പി.സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 88

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXV**

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

മി. സ്പീക്കർ: സർവ്വശ്രീ ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, നജീബ് കാന്തപുരം, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, ഐ. സി. ബാലകൃഷ്ണൻ, എ. കെ. എം. അഷ്റഫ്, യു. എ. ലത്തീഫ്, സനീഷ്കുമാർ ജോസഫ്, പി. അബ്ദുൽ ഹമീദ്, കുറുക്കോളി മൊയ്തീൻ, പി. കെ. ബഷീർ, കെ. ബാബു (തൃപ്പൂണിത്തുറ), ടി. ജെ. വിനോദ്, ഷാഫി പറമ്പിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സണ്ണി ജോസഫ്, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, റോജി എം. ജോൺ, ഡോ. എം.കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എം. എസ്. അരുൺ കുമാർ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. പി. ബാലചന്ദ്രൻ
9. ശ്രീ. കെ. എൻ. ബാലഗോപാൽ
10. ഡോ. ആർ. ബിന്ദു
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീമതി ജെ. ചിഞ്ചുറാണി
13. ശ്രീ. പി. പി. ചിത്തരഞ്ജൻ
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ

15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. മുഹമ്മദ് മുഹസിൻ
40. ശ്രീ. എം. മുകേഷ്
41. ശ്രീ. സി. സി. മുകുന്ദൻ
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. കെ. ഡി. പ്രസേനൻ
50. ശ്രീമതി യു. പ്രതിഭ
51. ശ്രീ. കെ. പ്രേംകുമാർ
52. ശ്രീ. കെ. രാധാകൃഷ്ണൻ
53. ശ്രീ. പി. ടി. എ. റഹീം
54. ശ്രീ. എ. രാജ
55. ശ്രീ. എം. രാജഗോപാലൻ
56. ശ്രീ. കെ. രാജൻ
57. ശ്രീ. പി. രാജീവ്
58. ശ്രീ. കെ. കെ. രാമചന്ദ്രൻ
59. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
60. ശ്രീ. ടി. പി. രാമകൃഷ്ണൻ
61. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
62. ശ്രീ. റോഷി അഗസ്റ്റിൻ

63. ശ്രീ. കെ. എം. സച്ചിൻദേവ്
64. ശ്രീ. സജി ചെറിയാൻ
65. ശ്രീ. എച്ച്. സലാം
66. ശ്രീമതി ശാന്തകുമാരി കെ.
67. ശ്രീ. എ. കെ. ശശീന്ദ്രൻ
68. ശ്രീ. വി. ശശി
69. ശ്രീ. ഐ. ബി. സതീഷ്
70. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
71. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
72. ശ്രീ. എ. എൻ. ഷംസീർ
73. ശ്രീ. വി. ശിവൻകുട്ടി
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. പിണറായി വിജയൻ

87. ശ്രീ. എം. വിജിൻ

88. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
13. ശ്രീ. യു. എ. ലത്തീഫ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. എൻ. ഷംസുദ്ദീൻ

26. ശ്രീ. സനീഷ്കുമാർ ജോസഫ്

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. ടി. സിദ്ദിഖ്

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. വിൻസെന്റ്

33. ശ്രീ. ടി. ജെ. വിനോദ്

34. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 88

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXI**

<u>മൃഗസംരക്ഷണം</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, ടി. വി. ഇബ്രാഹിം, യു. എ. ലത്തീഫ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, കുറുക്കോളി മൊയ്തീൻ, പി. ഉബൈദുള്ള, എ. കെ. എം. അഷ്റഫ്, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, സണ്ണി ജോസഫ്, ഷാഫി പറമ്പിൽ, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, റോജി എം. ജോൺ, ഡോ. എം. കെ. മുനീർ, ഡോ. മാത്യൂ

കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXI ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എം. എസ്. അരുൺ കുമാർ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. പി. ബാലചന്ദ്രൻ
9. ശ്രീ. കെ. എൻ. ബാലഗോപാൽ
10. ഡോ. ആർ. ബിന്ദു

11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീമതി ജെ. ചിഞ്ചുറാണി
13. ശ്രീ. പി. പി. ചിത്തരഞ്ജൻ
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്

35. ശ്രീ. കെ. ജെ. മാക്സി

36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

37. ശ്രീ. കെ. പി. മോഹനൻ

38. ശ്രീ. എ. സി. മൊയ്തീൻ

39. ശ്രീ. മുഹമ്മദ് മുഹസിൻ

40. ശ്രീ. എം. മുകേഷ്

41. ശ്രീ. സി. സി. മുകുന്ദൻ

42. ശ്രീ. ഡി. കെ. മുരളി

43. ശ്രീ. മുരളി പെരുനെല്ലി

44. ശ്രീ. പി. നന്ദകുമാർ

45. ശ്രീ. എം. നൗഷാദ്

46. ശ്രീ. എ. പ്രഭാകരൻ

47. ശ്രീ. പ്രമോദ് നാരായൺ

48. ശ്രീ. പി. പ്രസാദ്

49. ശ്രീ. കെ. ഡി. പ്രസേനൻ

50. ശ്രീമതി യു. പ്രതിഭ

51. ശ്രീ. കെ. പ്രേംകുമാർ

52. ശ്രീ. കെ. രാധാകൃഷ്ണൻ

53. ശ്രീ. പി. ടി. എ. റഹീം

54. ശ്രീ. എ. രാജ

55. ശ്രീ. എം. രാജഗോപാലൻ

56. ശ്രീ. കെ. രാജൻ

57. ശ്രീ. പി. രാജീവ്

58. ശ്രീ. കെ. കെ. രാമചന്ദ്രൻ

59. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
60. ശ്രീ. ടി. പി. രാമകൃഷ്ണൻ
61. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
62. ശ്രീ. റോഷി അഗസ്റ്റിൻ
63. ശ്രീ. കെ. എം. സച്ചിൻദേവ്
64. ശ്രീ. സജി ചെറിയാൻ
65. ശ്രീ. എച്ച്. സലാം
66. ശ്രീമതി ശാന്തകുമാരി കെ.
67. ശ്രീ. എ. കെ. ശശീന്ദ്രൻ
68. ശ്രീ. വി. ശശി
69. ശ്രീ. ഐ. ബി. സതീഷ്
70. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
71. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
72. ശ്രീ. എ. എൻ. ഷംസീർ
73. ശ്രീ. വി. ശിവൻകുട്ടി
74. ശ്രീ. ജി. സ്റ്റീഫൻ
75. ഡോ. സുജിത് വിജയൻപിള്ള
76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. പിണറായി വിജയൻ
87. ശ്രീ. എം. വിജിൻ
88. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
13. ശ്രീ. യു. എ. ലത്തീഫ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്

18. ഡോ. എം. കെ. മുനീർ

19. ശ്രീ. നജീബ് കാന്തപുരം

20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. എൻ. ഷംസുദ്ദീൻ

26. ശ്രീ. സനീഷ്കുമാർ ജോസഫ്

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. ടി. സിദ്ദിഖ്

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. വിൻസെന്റ്

33. ശ്രീ. ടി. ജെ. വിനോദ്

34. ശ്രീ. പി.സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 88

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII

ക്ഷീരവികസനം

മി. സ്പീക്കർ: സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, അനൂപ് ജേക്കബ്, പി. ഉബൈദുള്ള, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, യു. എ. ലത്തീഫ്, പി. അബ്ദുൽ ഹമീദ്, നജീബ് കാന്തപുരം, ഐ. സി. ബാലകൃഷ്ണൻ, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, റോജി എം. ജോൺ, ഷാഫി പറമ്പിൽ, എ. പി. അനിൽകുമാർ, ടി. ജെ. വിനോദ്, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, പി. ടി. തോമസ്, കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. കെ. ആൻസലൻ

5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. എം. എസ്. അരുൺ കുമാർ

7. ശ്രീമതി സി. കെ. ആശ

8. ശ്രീ. പി. ബാലചന്ദ്രൻ

9. ശ്രീ. കെ. എൻ. ബാലഗോപാൽ

10. ഡോ. ആർ. ബിന്ദു

11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീമതി ജെ. ചിഞ്ചുറാണി

13. ശ്രീ. പി. പി. ചിത്തരഞ്ജൻ

14. ശ്രീ. കെ. ബി. ഗണേഷ് കുമാർ

15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ

21. ഡോ. എൻ. ജയരാജ്

22. ശ്രീ. കെ. യു. ജനീഷ് കുമാർ

23. ശ്രീ. ജോബ് മൈക്കിൾ

24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. മുഹമ്മദ് മുഹസിൻ
40. ശ്രീ. എം. മുകേഷ്
41. ശ്രീ. സി. സി. മുകുന്ദൻ
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ
48. ശ്രീ. പി. പ്രസാദ്
49. ശ്രീ. കെ. ഡി. പ്രസേനൻ
50. ശ്രീമതി യു. പ്രതിഭ
51. ശ്രീ. കെ. പ്രേംകുമാർ

52. ശ്രീ. കെ. രാധാകൃഷ്ണൻ

53. ശ്രീ. പി. ടി. എ. റഹീം

54. ശ്രീ. എ. രാജ

55. ശ്രീ. എം. രാജഗോപാലൻ

56. ശ്രീ. കെ. രാജൻ

57. ശ്രീ. പി. രാജീവ്

58. ശ്രീ. കെ. കെ. രാമചന്ദ്രൻ

59. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

60. ശ്രീ. ടി. പി. രാമകൃഷ്ണൻ

61. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

62. ശ്രീ. റോഷി അഗസ്റ്റിൻ

63. ശ്രീ. കെ. എം. സച്ചിൻദേവ്

64. ശ്രീ. സജി ചെറിയാൻ

65. ശ്രീ. എച്ച്. സലാം

66. ശ്രീമതി ശാന്തകുമാരി കെ.

67. ശ്രീ. എ. കെ. ശശീന്ദ്രൻ

68. ശ്രീ. വി. ശശി

69. ശ്രീ. ഐ. ബി. സതീഷ്

70. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

71. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

72. ശ്രീ. എ. എൻ. ഷംസീർ

73. ശ്രീ. വി. ശിവൻകുട്ടി

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്
77. ശ്രീ. പി. പി. സുമോദ്
78. ശ്രീ. വി. ആർ. സുനിൽ കുമാർ
79. ശ്രീ. പി. എസ്. സുപാൽ
80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
81. ശ്രീ. തോമസ് കെ. തോമസ്
82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
83. ശ്രീ. വി. എൻ. വാസവൻ
84. ശ്രീമതി വീണാ ജോർജ്ജ്
85. ശ്രീ. ഇ. കെ. വിജയൻ
86. ശ്രീ. പിണറായി വിജയൻ
87. ശ്രീ. എം. വിജിൻ
88. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

13. ശ്രീ. യു. എ. ലത്തീഫ്

14. ശ്രീ. കെ. പി. എ. മജീദ്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. കുറുക്കോളി മൊയ്തീൻ

17. ശ്രീ. മോൻസ് ജോസഫ്

18. ഡോ. എം. കെ. മുനീർ

19. ശ്രീ. നജീബ് കാന്തപുരം

20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. എൻ. ഷംസുദ്ദീൻ

26. ശ്രീ. സനീഷ്കുമാർ ജോസഫ്

27. ശ്രീ. വി. ഡി. സതീശൻ

28. ശ്രീ. ടി. സിദ്ദിഖ്

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. വിൻസെന്റ്

33. ശ്രീ. ടി. ജെ. വിനോദ്

34. ശ്രീ. പി.സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 88

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XLVI**

<u>സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ പി. ഉബൈദുള്ള, യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, ടി. വി. ഇബ്രാഹിം, റോജി എം. ജോൺ, സജീവ് ജോസഫ്, എ. കെ. എം. അഷ്റഫ്, മഞ്ഞളാംകുഴി അലി, കുറുക്കോളി മൊയ്തീൻ, എം. വിൻസെന്റ്, അനൂപ് ജേക്കബ്, നജീബ് കാന്തപുരം, സണ്ണി ജോസഫ്, ഷാഫി പറമ്പിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽകുമാർ, ഐ. സി. ബാലകൃഷ്ണൻ, പി. സി. വിഷ്ണുനാഥ്, പി. ടി. തോമസ്, സനീഷ്കുമാർ ജോസഫ്, ടി. ജെ. വിനോദ്, കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XLVI ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എം. എസ്. അരുൺ കുമാർ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. പി. ബാലചന്ദ്രൻ
9. ശ്രീ. കെ. എൻ. ബാലഗോപാൽ
10. ഡോ. ആർ. ബിന്ദു
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീമതി ജെ. ചിഞ്ചുറാണി
13. ശ്രീ. പി. പി. ചിത്തരഞ്ജൻ
14. ശ്രീ. കെ. ബി. ഗണേഷ് കുമാർ
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീമതി കാനത്തിൽ ജമീല
20. ശ്രീ. ജി. എസ്. ജയലാൽ
21. ഡോ. എൻ. ജയരാജ്
22. ശ്രീ. കെ. യു. ജനീഷ് കുമാർ
23. ശ്രീ. ജോബ് മൈക്കിൾ

24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. പി. മമ്മിക്കുട്ടി
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. എ. സി. മൊയ്തീൻ
39. ശ്രീ. മുഹമ്മദ് മുഹസിൻ
40. ശ്രീ. എം. മുകേഷ്
41. ശ്രീ. സി. സി. മുകുന്ദൻ
42. ശ്രീ. ഡി. കെ. മുരളി
43. ശ്രീ. മുരളി പെരുനെല്ലി
44. ശ്രീ. പി. നന്ദകുമാർ
45. ശ്രീ. എം. നൗഷാദ്
46. ശ്രീ. എ. പ്രഭാകരൻ
47. ശ്രീ. പ്രമോദ് നാരായൺ

48. ശ്രീ. പി. പ്രസാദ്

49. ശ്രീ. കെ. ഡി. പ്രസേനൻ

50. ശ്രീമതി യു. പ്രതിഭ

51. ശ്രീ. കെ. പ്രേംകുമാർ

52. ശ്രീ. കെ. രാധാകൃഷ്ണൻ

53. ശ്രീ. പി. ടി. എ. റഹീം

54. ശ്രീ. എ. രാജ

55. ശ്രീ. എം. രാജഗോപാലൻ

56. ശ്രീ. കെ. രാജൻ

57. ശ്രീ. പി. രാജീവ്

58. ശ്രീ. കെ. കെ. രാമചന്ദ്രൻ

59. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

60. ശ്രീ. ടി. പി. രാമകൃഷ്ണൻ

61. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

62. ശ്രീ. റോഷി അഗസ്റ്റിൻ

63. ശ്രീ. കെ. എം. സച്ചിൻദേവ്

64. ശ്രീ. സജി ചെറിയാൻ

65. ശ്രീ. എച്ച്. സലാം

66. ശ്രീമതി ശാന്തകുമാരി കെ.

67. ശ്രീ. എ. കെ. ശശീന്ദ്രൻ

68. ശ്രീ. വി. ശശി

69. ശ്രീ. ഐ. ബി. സതീഷ്

70. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

71. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

72. ശ്രീ. എ. എൻ. ഷംസീർ

73. ശ്രീ. വി. ശിവൻകുട്ടി

74. ശ്രീ. ജി. സ്റ്റീഫൻ

75. ഡോ. സുജിത് വിജയൻപിള്ള

76. ശ്രീ. കെ. വി. സുമേഷ്

77. ശ്രീ. പി. പി. സുമോദ്

78. ശ്രീ. വി. ആർ. സുനിൽ കുമാർ

79. ശ്രീ. പി. എസ്. സുപാൽ

80. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

81. ശ്രീ. തോമസ് കെ. തോമസ്

82. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

83. ശ്രീ. വി. എൻ. വാസവൻ

84. ശ്രീമതി വീണാ ജോർജ്ജ്

85. ശ്രീ. ഇ. കെ. വിജയൻ

86. ശ്രീ. പിണറായി വിജയൻ

87. ശ്രീ. എം. വിജിൻ

88. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
13. ശ്രീ. യു. എ. ലത്തീഫ്
14. ശ്രീ. കെ. പി. എ. മജീദ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. കുറുക്കോളി മൊയ്തീൻ
17. ശ്രീ. മോൻസ് ജോസഫ്
18. ഡോ. എം. കെ. മുനീർ
19. ശ്രീ. നജീബ് കാന്തപുരം
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. സനീഷ്കുമാർ ജോസഫ്
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. ടി. സിദ്ദിഖ്
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. പി. ടി. തോമസ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീ. എം. വിൻസെന്റ്

33. ശ്രീ. ടി. ജെ. വിനോദ്

34. ശ്രീ. പി.സി. വിഷ്ണുനാഥ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 88

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രിക്ക് IV, VII, X, XVI, XLIII, XLV എന്നീ നമ്പർ ധനാഭ്യർത്ഥനകളിന്മേലുള്ള സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VIII അറിയിപ്പ്

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷം

മി. സ്പീക്കർ: ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75 വർഷങ്ങൾ ആഘോഷിക്കുന്ന 'ആസാദി കാ അമൃത് മഹോത്സവ് ' എന്ന ദേശീയ പരിപാടിയുടെ ഭാഗമായി കേരളനിയമസഭ നടത്തുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനവും നിയമസഭാംഗങ്ങൾക്കായി നിയോജകമണ്ഡല വികസന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ പരിചയപ്പെടുത്തുന്ന പരിപാടിയും ഇന്ന് സഭാസമ്മേളനം കഴിഞ്ഞയുടൻ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നടക്കുന്നതാണ്. തുടർന്ന് ബഹുമാനപ്പെട്ട സാമാജികരും നിയമസഭാ സെക്രട്ടേറിയറ്റ് ഗായകസംഘവും അവതരിപ്പിക്കുന്ന ദേശഭക്തിഗാനങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരുക്കുന്ന അത്താഴവിരുന്ന് എന്നിവയും ഉണ്ടായിരിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നടത്തുന്നതും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സന്ദേശം നൽകുന്നതുമായ പ്രസ്തുത പരിപാടിയിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് 11-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.21-ന് പിരിഞ്ഞു.)

## അനുബന്ധം 1

### നക്ഷത്രചിഹ്നമിട്ട 2 (*392)-ാം നമ്പർ ചോദ്യത്തിന് ബഹു. കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിലെ (സി), (ഡി) പിരിവുകളുടെ ഉത്തരം

(സി) നാളികേരത്തിന്റെ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീടബാധ നിയന്ത്രിക്കുന്നതിന്, ക്യാമ്പയിൻ അടിസ്ഥാനത്തിൽ പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗ സാന്നിദ്ധ്യത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച്, സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീട-രോഗനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു ഹെക്ടറിന് മരുന്നുതളി കൂലിച്ചെലവും മരുന്നു വിലയും ചേർത്ത് തെങ്ങ് ഒന്നിന് 100 രൂപ പ്രകാരം 17,500 രൂപ ധനസഹായം നൽകികൊണ്ട് 270 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിലേയ്ക്കായി 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുവാനും തെരഞ്ഞെടുക്കുവാനും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനായി, വർക്ക്ഷോപ്പ് ഒന്നിന് 10,000/- രൂപ നിരക്കിൽ 7 വർക്ക്ഷോപ്പുകൾക്കായി 0.7 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000 രൂപ വീതം നൽകിക്കൊണ്ട് 7 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും 1.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചിലവുകൾ എന്നിവയ്ക്കായി 30,000 രൂപയും നീക്കി വച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്.

(ഡി) ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഇളനീരിനും, കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 2021-22 വർഷത്തിൽ 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ തീരപ്രദേശങ്ങൾ, ഇടനാട് എന്നീ പ്രദേശങ്ങൾ തെങ്ങ് കൃഷിക്ക് അനുയോജ്യമാണ്. കടൽ കായലോരങ്ങളിലെ ഉപ്പുരസമുള്ള മണ്ണ്, ഇടനാട്ടിലെ എക്കൽ കലർന്ന പശിമരാശി മണ്ണ്, മൃദുവായ ചെങ്കൽ മണ്ണ് എന്നീ വിവിധതരം മണ്ണുകളും തെങ്ങുകൃഷിക്ക്

അനുയോജ്യമാണ്. സമുദ്രനിരപ്പിൽ നിന്ന് 600 മീറ്റർ മുതൽ 1000 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങളിൽ തെങ്ങു കൃഷി ചെയ്യാവുന്നതാണ്. ജലസേചന സൗകര്യമുള്ള സ്ഥലങ്ങളാണ് കൂടുതൽ ഉചിതം. കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിൽനിന്നും കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽനിന്നും വികസിപ്പിച്ച സങ്കരയിനം തെങ്ങുകളും കേരളത്തിന്റെ തനത് നാടൻ ഇനങ്ങളായ പശ്ചിമതീര നെടിയ ഇനം (WCT), കുള്ളൻ ഇനങ്ങളായ ചാവക്കാട് പച്ച/ഓറഞ്ച് എന്നിവയെല്ലാം മേൽപ്പറഞ്ഞ സ്ഥലങ്ങൾക്ക് അനുയോജ്യമാണ്. കർഷകർക്ക് വിതരണത്തിനായി കാർഷിക സർവകലാശാല എല്ലാ വർഷവും ഈ തെങ്ങിനങ്ങളുടെ തൈകൾ നൽകുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഫാമുകളിലും നെടിയ ഇനങ്ങളും കുള്ളൻ ഇനങ്ങളും ഹൈബ്രിഡ് ഇനങ്ങളും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പീലിക്കോട് പ്രാദേശിക കാർഷിക കേന്ദ്രത്തിലും തോട്ടവിള ഗവേഷണ കേന്ദ്രത്തിലും വിവിധ ഇനം തെങ്ങുകളുടെ സ്വഭാവഗുണം പഠിക്കുകയും അവയെ സംരക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കാസർഗോഡ് ഹെഡ്ക്വാർട്ടേഴ്സിലും പ്രസ്തുത കേന്ദ്രത്തിന്റെ കിടുവിലെ റിസർച്ച് സെന്ററിലും വിത്തുബാങ്കുകളിൽ തെങ്ങിന്റെ 455 ജേംപ്ലാസങ്ങൾ സംരക്ഷിച്ചു വരികയാണ്. ഈ ജേംപ്ലാസം വിവിധ കാർഷിക പരിസ്ഥിതി മേഖലകൾക്ക് അനുയോജ്യമായ മെച്ചപ്പെട്ട തെങ്ങിനങ്ങൾ ഉല്പാദിപ്പിക്കുവാൻ ഉപയോഗിക്കുന്നു.

## അനുബന്ധം 2

നക്ഷത്രചിഹ്നമിട്ട 4 (*394)-ാം നമ്പർ ചോദ്യത്തിന് ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ എ-സി പിരിവിന്റെ വിശദാംശങ്ങൾ

ബി.ആർക്ക് കോഴ്സിന് 480, B.Des. കോഴ്സിന് 120, BHMCT കോഴ്സിന് 330 എന്നിങ്ങനെ സീറ്റുകളാണ് ഈ യൂണിവേഴ്സിറ്റിക്ക് കീഴിൽ ഹയർ സെക്കണ്ടറി പാസ്സായ കുട്ടികൾക്ക് അഡ്മിഷൻ എടുക്കാവുന്ന തരത്തിലുള്ളത്. സി.സി.ഇ.കെ.-യുടെ കീഴിലുള്ള മൂന്നാർ എഞ്ചിനീയറിംഗ് കോളേജിൽ വിവിധ കോഴ്സുകളായ കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഇവയിൽ ചേർന്ന് പഠിക്കാവുന്നതാണ്. ഹയർ സെക്കണ്ടറി മാർക്കിന്റെയും എൻട്രൻസ് റാങ്കിന്റെയും അടിസ്ഥാനത്തിൽ മെറിറ്റ് സീറ്റും മാനേജ്മെന്റ് സീറ്റും എൻ.ആർ.ഐ സീറ്റുമാണ് ഇവിടെയുള്ളത്. മിടുക്കരായ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യവും കൂടാതെ ഗ്രാന്റുകളും ലഭ്യമാക്കുന്നുണ്ട്. എൽ.ബി.എസ്-ന് കീഴിൽ തിരുവനന്തപുരത്ത് വനിതകൾക്കായി ഒരു എഞ്ചിനീയറിംഗ് കോളേജും (LBSITW Poojappura, Thiruvananthapuram) Kasargod LBS College of Engineering-ഉം പ്രവർത്തിക്കുന്നു. ഇവയിലും ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജി, സിവിൽ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളുണ്ട്. രണ്ട് കോളേജുകളിലുമായി 750 ബി.ടെക് സീറ്റുകൾ നിലവിലുണ്ട്. കൂടാതെ പരപ്പനങ്ങാടിയിൽ ഒരു മോഡൽ ഡിഗ്രി കോളേജും പ്രവർത്തിക്കുന്നുണ്ട്. BA, B.Sc Computer Science and B.Com with Computer Application എന്നീ ഡിഗ്രി കോഴ്സുകളിലായി 208 സീറ്റും നിലവിലുണ്ട്. ഹയർ സെക്കണ്ടറി പരീക്ഷകളിൽ മികച്ചനേട്ടം കൈവരിച്ച വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ഐ.എച്ച്.ആർ.ഡി.-യുടെ എഞ്ചിനീയറിംഗ് കോളേജുകൾ, അപ്ലൈഡ് സയൻസ് കോളേജുകൾ എന്നിവയിൽ കാലാനുസൃതമായ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. വിവിധ തൊഴിലധിഷ്ഠിത ഡിപ്ലോമ കോഴ്സുകളും നിലവിലുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾക്കനുസൃതമായി പര്യാപ്തമായ സീറ്റുകൾ നിലവിലുണ്ട്. സർക്കാർ ലോ കോളേജിൽ പഞ്ചവത്സര ബി.എ, എൽ.എൽ.ബി.-ക്ക് 120 സീറ്റുകളും കൂടാതെ മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി 12 സീറ്റുകളും നിലവിലുണ്ട്. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2021-22 അക്കാദമിക വർഷം കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ സീറ്റ് വർദ്ധനവ് അനുവദിച്ചുകൊണ്ട് 5-8-2021-ലെ സ.ഉ. (സാധാ)നമ്പർ 1011/2021/ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.